
# വിദ്യാഭ്യാസ സമരം കേരളത്തിൽ



ജോൺ കച്ചിറമറ്റം

www.malankaralibrary.com

# വിദ്യാഭ്യാസ സമരം കേരളത്തിൽ

ജോൺ കച്ചിറമറ്റം

പ്രസിദ്ധീകരണം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686651
ഫോൺ 04822 260434, 261102, 260071
Mob: 9447662076

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

(Malayalam)

# VIDYABHYASA SAMARAM KERALATHIL

By

JOHN KACHIRAMATTAM

First Edition
30-12-2013

Copy right
Dr. Kachiramattam Foundation

Published by
Dr. Kachiramattam Foundation

DTP setting
C-CAD Graphics, Erattupetta Ph: 272852

Cover design
Joseph Francies Pala Ph:9447137342

Printed at
Penta offset, Kottayam

Price Rs. 150/-

Distributor
Dr. Kachiramattam Foundation
Pizhak P.O.
686651

www.malankaralibrary.com

# ഡോ.കച്ചിറമററം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. വിദ്യാഭ്യാസ സമരം കേരളത്തിൽ - ജോൺ കച്ചിറമറ്റം
2. ചരന്ദായിലെ പൗലോസ് അപ്പസ്തോലൻ - ജോൺ കച്ചിറമറ്റം
3. ലക്ഷ്യം തെറ്റുന്ന പൊതുപ്രവർത്തനം - ജോൺ കച്ചിറമറ്റം
4. എം.എം. ജേക്കബ്ബ് (ജീവചരിത്രം) - ജോൺ കച്ചിറമറ്റം
5. ഹൈന്ദോ - ഇന്ത്യയിലെ സഭ - ജോൺ കച്ചിറമറ്റം
6. ബാരിസ്റ്റർ ജോർജ്ജ് ജോസഫ് - ജോൺ കച്ചിറമറ്റം
7. സത്യത്തിന് നേരെ കണ്ണടയ്ക്കരുത് - ജോൺ കച്ചിറമറ്റം
8. സമുദായ സ്നേഹികളേ ഉണരൂ - ജോൺ കച്ചിറമറ്റം
9. എം.ഒ. ജോസഫ് നെടുങ്കുന്നം (ജീവചരിത്രം) - ജോൺ കച്ചിറമറ്റം
10. കേരളസഭാപ്രതിഭകൾ ഒന്നാംഭാഗം - ജോൺ കച്ചിറമറ്റം
11. കേരളസഭാരത്നങ്ങൾ ഒന്നാംഭാഗം - ജോൺ കച്ചിറമറ്റം
12. കേരളസഭാരത്നങ്ങൾ രണ്ടാംഭാഗം - ജോൺ കച്ചിറമറ്റം
13. ഷെവ.കുഞ്ഞിത്തൊമ്മൻ (ജീവചരിത്രം) - ജോൺ കച്ചിറമറ്റം
14. തച്ചിൽ മാത്തുത്തരകൻ(ജീവചരിത്രം) - ജോൺ കച്ചിറമറ്റം
15. ബി. വെല്ലിംഗ്ടൺ (ജീവചരിത്രം) - ജോൺ കച്ചിറമറ്റം
16. വലിയകപ്പിത്താനും ദേവസഹായം പിള്ളയും - ജോൺ കച്ചിറമറ്റം
17. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും - ജോൺ കച്ചിറമറ്റം
18. അണികളെ ആവശ്യമുണ്ട് - ജോൺ കച്ചിറമറ്റം
19. കേരളം ചുവന്നതെങ്ങനെ? - ജോൺ കച്ചിറമറ്റം
20. വേലുത്തമ്പി ദളവായും കുണ്ടറവിളംബരവും - ജോൺ കച്ചിറമറ്റം
21. തടവറയിലെ വടക്കനച്ചൻ - ജോൺ കച്ചിറമറ്റം
22. കാത്തലിക് ഗ്രിവൻസസ് - ജോൺ കച്ചിറമറ്റം
23. ജാതൈക്യസംഘം - ജോൺ കച്ചിറമറ്റം
24. പ്രസിഡന്റിന്റെ കത്തുകൾ - ജോൺ കച്ചിറമറ്റം
25. തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ - ജോൺ കച്ചിറമറ്റം
26. നായർ ഈഴവ ഐക്യം - ജോൺ കച്ചിറമറ്റം
27. പാപ്പായുടെ നാട്ടിൽ (യാത്രാവിവരണം) - ജോൺ കച്ചിറമറ്റം
28. ഇടിമുഴക്കം കേട്ടതെപ്പോൾ - ജോൺ കച്ചിറമറ്റം
29. ഓശാന ഗവേഷണങ്ങളുടെ തനിനിറം - ജോൺ കച്ചിറമറ്റം
30. വിമോചനസമരം ഒരു ആമുഖം - ജോൺ കച്ചിറമറ്റം
31. യേശുക്രിസ്തുമോസ്കോവിലോ? - ജോൺ കച്ചിറമറ്റം
32. അൽമായരും കാലികപ്രശ്നങ്ങളും - ജോൺ കച്ചിറമറ്റം
33. പനമ്പള്ളി പദ്ധതി - സത്യമെന്ത്? - ജോൺ കച്ചിറമറ്റം
34. ചവിട്ടുകൊട്ടയിൽനിന്നും സത്യം ഉയിർത്തെഴുന്നേൽക്കും - ജോൺ കച്ചിറമറ്റം
35. എം.എം. വർക്കി (ജീവചരിത്രം) - ജോൺ കച്ചിറമറ്റം
36. അവിസ്മരണീയ വ്യക്തികളും സംഭവങ്ങളും - ജോൺ കച്ചിറമറ്റം
37. ഡോ. കച്ചിറമറ്റം ചരിത്രസ്മൃതികൾ - ജോൺ കച്ചിറമറ്റം
38. സാർവ്വത്രിക സുനഹദോസുകൾ - ജോൺ കച്ചിറമറ്റം
39. അവിസ്മരണീയ വ്യക്തികൾ രണ്ടാം ഭാഗം - ജോൺ കച്ചിറമറ്റം
40. വചനപ്രകാശം - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
41. കുരിശിന്റെ വഴി - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
42. Homilies and Reflections (Part I) - Rev.Dr.A.Kachiramattam
43. Homilies and Reflections (Part II) - Rev.Dr.A.Kachiramattam
44. Why American youth Turn to Budha - Rev.Dr.A.Kachiramattam
45. Evolution in the human concept of God - Rev.Dr.A.Kachiramattam
46. Re-discovery of India - Rev.Dr.A.Kachiramattam.
47. Catholic Eastern Churches - Rev.Dr.A.Kachiramattam
48. Prepare the way of the Lord - Rev.Dr.A.Kachiramattam

www.malankaralibrary.com

## ജോൺ കച്ചിറമറ്റം

രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരുപതാ കോർപ്പറേററ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.

കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാ സമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.

1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും ശ്രീലങ്കയിലും, 2007-ലും 2009 ലും വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും പര്യടനം നടത്തി.

1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം – വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്). 2006-ൽ ചങ്ങനാശ്ശേരി അതിരൂപതയുടെ കനക ജൂബിലി അവാർഡും, കെ.സി.വൈ. എം-ന്റെ അൽമായരത്നം അവാർഡും, തിരുവല്ല അതിരൂപതയുടെ പ്രത്യേക പുരസ്കാരവും 2007-ൽ അമേരിക്കയിലെ സീറോ മലബാർ കൂട്ടായ്മയുടെ പുരസ്കാരവും, 2008-ൽ മാർ കരിയാറ്റി അവാർഡും, മേരിവിജയം മാസികയുടെ ദർശനാ അവാർഡും, മേരി ബനീഞ്ഞാ ഫൗണ്ടേഷന്റെ ബനീഞ്ഞാ അവാർഡും, കേരള കാത്തലിക് ഫെഡറേഷന്റെ കേരളസഭാരത്നം അവാർഡും, കൊല്ലത്തെ ഫാ. വടക്കൻ വെല്ലിംഗ്ടൻ സാംസ്കാരിക സമിതിയുടെ എന്റെ ഗ്രാമം എന്റെ ജനത പുരസ്കാരവും ഉൾപ്പെടെ 19 അവാർഡുകൾ കച്ചിറമറ്റത്തിന് ലഭിക്കുകയുണ്ടായി. സീറോ-മലബാർ സഭ ഏർപ്പെടുത്തിയിരിക്കുന്ന ഏറ്റവും വലിയ ബഹുമതിയായ സഭാതാരം അവാർഡ് 2013-ൽ കച്ചിറമറ്റത്തിന് ലഭിച്ചു.

തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ.

www.malankaralibrary.com

# സമർപ്പണം



എന്റെ പ്രിയ പിതൃസഹോദരൻ
തോമസ് കച്ചിറമറ്റത്തിന്റെ (അറക്കുളം) മകൾ
ആരാധനാ മഠാംഗമായ
സി. മേരി കച്ചിറമറ്റത്തിന്റെ
സഭാവസ്ത്ര സ്വീകരണത്തിന്റെ
സുവർണ്ണ ജൂബിലി സ്മാരകമായി
ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

www.malankaralibrary.com

# ഉള്ളടക്കം

പുറം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
ആമുഖം
അവതാരിക-ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ
ആശംസ - ശ്രീ. മാത്യു മടുക്കക്കുഴി

1. വിദ്യാഭ്യാസ വിപ്ലവം ....... 17
2. ഒരു പള്ളിക്കൊരു പള്ളിക്കൂടം- ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ. ... 22
3. ന്യൂനപക്ഷാവകാശവും കത്തോലിക്കാ കോൺഗ്രസ്സും ....... 27
4. വിദ്യാഭ്യാസ പ്രക്ഷോഭണങ്ങളിലേക്ക് ഒരെത്തിനോട്ടം ....... 29
5. ആദ്യസമരം തൃശൂർ രൂപതയിൽ ....... 32
6. വിദ്യാഭ്യാസ സ്വാതന്ത്ര്യ സംരക്ഷണം-മെത്രാന്മാരുടെ ഇടയലേഖനം ....... 34
7. മാർ കാളാശ്ശേരിയുടെ 123-ാം നമ്പർ ഇടയലേഖനം ....... 40
8. കത്തോലിക്കാ കോൺഗ്രസ്സ് സമർപ്പിച്ച ഭീമഹർജി ....... 48
9. 124-ാം നമ്പർ ഇടയലേഖനം ....... 51
10. മാർജയിംസ് കാളാശ്ശേരിയുടെ ധീരമായ മറുപടി ....... 53
11. ഷെവ. കുഞ്ഞിത്തൊമ്മന് ഗംഭീര വരവേൽപ്പ് ....... 57
12. വിദ്യാഭ്യാസ പ്രക്ഷോഭണം കൊച്ചിയിൽ ....... 61
13. പനമ്പള്ളി പദ്ധതിയ്ക്കെതിരായ പ്രക്ഷോഭണം ....... 63
14. The New Educational Policy and fundamentals rights ....... 68
15. 1957-ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ....... 79
16. കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ് തയ്യാറാക്കിയ പാഠപുസ്തകങ്ങൾ ....... 88
17. പാഠപുസ്തകങ്ങളെപ്പറ്റി സമർപ്പിച്ച മെമ്മോറാണ്ടം ....... 96
18. വിദ്യാഭ്യാസ പ്രക്ഷോഭണം ....... 101
19. 1972-ലെ കോളേജ് പ്രക്ഷോഭണം ....... 105
20. കത്തോലിക്കാ കോൺഗ്രസ്സും പാഠപുസ്തകങ്ങളും ....... 110
21. അങ്കമാലി ലിറ്റിൽഫ്ളവർ ആശുപത്രി ....... 116
22. സ്വാശ്രയ കോളേജ് സമരം ....... 118
23. എ.കെ.സി.സി. ന്യൂനപക്ഷ വർഷാചരണം ....... 121
24. മാർ പവ്വത്തിലിന്റെ പ്രഖ്യാപനം ....... 123
25. യു.ഡി.എഫ്. സർക്കാരിന് തിരിച്ചടി ....... 129
26. മുഖ്യമന്ത്രി ആന്റണിക്ക് ഒരു തുറന്ന കത്ത് ....... 137
27. ന്യൂനപക്ഷാവകാശ പ്രഖ്യാപന കൺവൻഷൻ ....... 141
28. സ്വാശ്രയ നിയമം സമരപ്രഖ്യാപനം ....... 151
29. അഭിവന്ദ്യ മെത്രാന്മാർക്ക് സമർപ്പിച്ച നിവേദനം ....... 156
30. കത്തോലിക്കാ നേതൃസമ്മേളനം ....... 160
31. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചരിത്രം ....... 173
32. ഉപസംഹാരം ....... 195

www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 -ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 -ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ. ബി. യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള

www.malankaralibrary.com

കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിററരിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനി യുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവന സ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ. 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം 47 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. വിദ്യാഭ്യാസ സമരം കേരളത്തിൽ എന്ന ഗ്രന്ഥം 48-ാമത്തെയാണ്. ഇതുകൂടാതെ നിരവധി ലഘുലേഖകളും അച്ചടിച്ച് പ്രസദ്ധീകരിച്ചിട്ടുണ്ട്. ദീപിക സുഹൃത്തുക്കളെ ഉണരുക എന്ന ലഘുലേഖയുടെ 70000 കോപ്പികളാണ് 1966-ൽ അച്ചടിച്ചത്.

www.malankaralibrary.com

# ആമുഖം

ഭാരതത്തിൽ സാക്ഷരതയിൽ ഏറ്റം മുന്നിട്ടു നിൽക്കുന്ന സംസ്ഥാന മാണ് കേരളം. വിദ്യാഭ്യാസരംഗത്ത് കേരളത്തെ ഈ പദവിയിലെത്തിച്ചത് വിദേശ ക്രൈസ്തവ മിഷനറിമാരും അവരെത്തുടർന്ന് കേരളത്തിലെ ക്രൈസ്തവരുമാണ്. എല്ലാ പള്ളികളോടും അനുബന്ധിച്ച് പള്ളിക്കൂടങ്ങൾ ആരംഭിക്കണമെന്ന് കാണിച്ച് അന്നത്തെ വികാരി ജനറാളായിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ കൽപ്പന പുറപ്പെടുവിച്ചിട്ട് 150 വർഷം കഴിഞ്ഞിരിക്കുന്നു.

ചാവറ കുര്യാക്കോസ് ഏലിയാസച്ചനും വിദേശ ക്രൈസ്തവമിഷനറിമാരും തിരുവിതാംകൂറിലും കൊച്ചിയിലും ഒരു വിദ്യാഭ്യാസ വിപ്ലവത്തിന് നേതൃത്വം നൽകി. അവർണ്ണരും അധഃകൃതരും വിദ്യയഭ്യസിക്കുവാൻ നിയമം അനുവദിക്കാതിരുന്ന ഒരു കാലഘട്ടത്തിലാണ് വിദേശമിഷനറിമാരും ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ഒരു വിദ്യാഭ്യാസ വിപ്ലവത്തിന് നേതൃത്വം നൽകിയത്. അധഃകൃതരെയും മറ്റും വിദ്യയഭ്യസിക്കുന്നതിൽ താൽപര്യമുള്ളവരാക്കി തീർക്കാൻ പല പദ്ധതികളും അവർ ആസൂത്രണം ചെയ്യുകയും ചെയ്തിരുന്നു. വിദ്യാഭ്യാസം ലഭിച്ച അധഃകൃതർക്ക് ഉണ്ടായ സാമൂഹ്യ പുരോഗതി മനസ്സിലാക്കിയവർ എല്ലാവരെയും വിദ്യയഭ്യസിക്കുവാൻ ആഗ്രഹിക്കുകയും ചെയ്തു. തൽഫലമായി ഇവിടെ എല്ലാവരുടെയിടയിലും വിദ്യാഭ്യാസത്തിന് പ്രോത്സാഹനവും പ്രചോദനവും ലഭിച്ചു.

ആദ്യകാലങ്ങളിൽ തിരുവിതാംകൂറിലും കൊച്ചിയിലും സ്കൂളുകൾ സ്വകാര്യമേഖലയിൽ നടത്തുന്നതിനെ പ്രോത്സാഹിപ്പിച്ചു. തൽഫലമായി സ്കൂളുകൾ കൂടുതലായി ക്രൈസ്തവർ ആരംഭിക്കുകയും ചെയ്തു. എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും വിദ്യാഭ്യാസം നൽകി. അതിന് വളരെ കൊല്ലങ്ങൾക്കുശേഷമാണ് സാമൂഹ്യ അനീതിക്കെതിരെ പോരാടാൻ ശ്രീനാരായണഗുരു രംഗത്ത് വന്നത്.

ഗ്രാന്റ് സ്കൂളുകൾ തിരുവിതാംകൂറിലും കൊച്ചിയിലും നിരവധിയുണ്ടായി. ആ ഗ്രാന്റ് സ്കൂളുകളിൽ ബഹുഭൂരിപക്ഷവും ക്രൈസ്തവരുടേതായിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിന് ക്രൈസ്തവർ നിർലോഭം പണം ചിലവഴിക്കുകയും ചെയ്തിരുന്നു. സ്കൂളുകളിൽ ബഹുഭൂരിപക്ഷവും ക്രൈസ്തവരുടേതായിരുന്നതിനാൽ വിദ്യാഭ്യാസരംഗത്തെ ക്രൈസ്തവ മേൽക്കോയ്മ അവസാനിപ്പിക്കണമെന്ന് തിരുവിതാംകൂറിൽ ദിവാൻ സർ സി.പി. രാമസ്വാമിക്ക് തോന്നുകയുണ്ടായി. കൊച്ചിദിവാനും അതേവഴി ചിന്തിച്ചു. അവർ പ്രൈമറി വിദ്യാലയങ്ങൾ ദേശസാൽക്കരിക്കാ

www.malankaralibrary.com

നാണ് ശ്രമിച്ചത്. അതിനെതിരെ തിരുവിതാംകൂറിൽ നടന്ന വിദ്യാഭ്യാസ പ്രക്ഷോഭണം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി മാറി. സർ സി.പി. തുടങ്ങി എം.എ. ബേബി വരെയുള്ള ഭരണകർത്താക്കൾ ഇതേവഴിക്കാണ് ചിന്തിച്ചത്. അതിനെ നേരിടുവാൻ ക്രൈസ്തവരും തയ്യാറായി. വിദ്യാഭ്യാസ സ്വാതന്ത്ര്യവും ന്യൂനപക്ഷാവകാശ സ്വാതന്ത്ര്യവും സംരക്ഷിക്കാൻ കഴിഞ്ഞ 80 വർഷമായി നടന്ന സമരങ്ങളുടെ കഥയാണ് ഈ പുസ്തകത്തിലെ പ്രതിപാദ്യം. ഇവിടുത്തെ രണ്ടു പ്രബല സമുദായങ്ങളായ എൻ.എസ്സ്.എസ്സും., എസ്.എൻ.ഡി.പി.യും എന്നും ക്രൈസ്തവരുടെ നിലപാടിനെതിരായിരുന്നു.

തിരുവിതാംകൂറിൽ വിദ്യാഭ്യാസ പ്രക്ഷോഭണം തുടങ്ങുന്നതിന് മുൻപ് 10 വർഷം മുൻപ് ബ്രിട്ടീഷ് പ്രവിശ്യയിലെ ഒരു ഭാഗമായ തൃശൂർ രൂപതയിലെ ഏതാനും സ്കൂളുകളിൽ ഏർപ്പെടുത്താൻ ശ്രമിച്ച ചാമ്പ്യൻ സ്കീമിനെതിരെ നടന്ന പ്രക്ഷോഭണം ഇന്ന് ആരുംതന്നെ ഓർമ്മിക്കുന്നില്ല. ചാമ്പ്യൻ സ്കീമിനെതിരായി നടന്ന പ്രക്ഷോഭണത്തിന്റെ ഒരു ചെറുചരിത്രവും ഇതിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. അതു സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു തന്നത് പ്രമുഖ ചരിത്രകാരനായ എ.ജെ. ബെൻസ് ആളൂക്കാരൻ (തൃശൂർ) ആണെന്നത് നന്ദിപൂർവ്വം സ്മരിക്കുന്നു.

വിദ്യാഭ്യാസ സമരചരിത്രം സ്പെഷ്യൽ ആയി എ.കെ.സി.സി. ബുള്ളറ്റിൻ 2003-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അന്ന് എ.കെ.സി.സി. ബുള്ളറ്റിന്റെ ചീഫ് എഡിറ്റർ ഈ ലേഖകനായിരുന്നു. അതിന്റെ പശ്ചാത്തലത്തിലാണ് ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്.

സർ. സി.പി.യുടെ വിദ്യാഭ്യാസ പദ്ധതിക്കെതിരെ മാർ ജെയിംസ് കാളാശ്ശേരി എഴുതിയ ഇടയ ലേഖനത്തെപ്പറ്റി പ്രശംസിച്ച് പലരും പറയുന്നത് കേൾക്കാനിടയായിട്ടുണ്ട്. ആ പ്രശംസ നടത്തുന്നവർ പോലും ആ ഇടയലേഖനം വായിച്ചിട്ടുണ്ടാവുകയില്ല.

ഈ ഗ്രന്ഥത്തിന് പണ്ഡിതോചിതമായ അവതാരിക എഴുതി അനുഗ്രഹിച്ച മാർ ജോസഫ് പൗവ്വത്തിൽ തിരുമേനിയോടുള്ള നന്ദി പ്രകാശിപ്പിക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ സമരചരിത്രത്തിൽ മാർ പൗവ്വത്തിലിന്റെ സേവനം തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടുന്നതാണ്. ഈ ഗ്രന്ഥത്തിന് ആശംസ എഴുതിയ മാത്യു മടുക്കക്കുഴി അവർകളോടും ഉള്ള നന്ദിയും രേഖപ്പെടുത്തുന്നു.

1933 മുതൽ നാളിതുവരെയുള്ള വിദ്യാഭ്യാസ സമരങ്ങളുടെ ചരിത്രമടങ്ങിയ ഈ ഗ്രന്ഥം ഒരു ചരിത്രരേഖയെന്ന നിലയിൽ ബഹുജനസമക്ഷം അവതരിപ്പിച്ചുകൊണ്ട്.

**ജോൺ കച്ചിറമറ്റം**

രാമപുരം
പിഴക്
30-12-2013

www.malankaralibrary.com

# അവതാരിക





കേരളത്തിലെ വിദ്യാഭ്യാസചരിത്രം ഓരോരുത്തരും അവരവരുടെ ഭാവനയ്ക്കനുസരിച്ചും പ്രത്യയശാസ്ത്രങ്ങൾക്കുപകരണമായും മാറ്റിയെടുക്കുവാൻ തീവ്രപരിശ്രമത്തിലാണല്ലോ. സത്യം മറയ്ക്കപ്പെടാതിരിക്കുവാൻ സത്യസന്ധരായ ആളുകൾ അറിയാവുന്നതു കുറിച്ചുവയ്ക്കേണ്ടത് അത്യാവശ്യമാണ്. അത് യഥാർത്ഥ ചരിത്രസംരക്ഷണത്തിന് കൂടിയേ തീരു. ഇന്ന് ദൃശ്യമാദ്ധ്യമങ്ങളുടെ വരവോടെ പുതിയപുതിയ വാർത്തകളുടെ തള്ളലിൽ ഓർമ്മകൾ പെട്ടെന്ന് മാഞ്ഞുപോവുകയാണ്. അതുകൊണ്ട് ചരിത്രസത്യങ്ങൾ തെറ്റുകൂടാതെ രേഖപ്പെടുത്തുവാൻ സത്യത്തോട് പ്രതിബദ്ധതയുള്ളവർ ശ്രദ്ധിച്ചേ മതിയാവു. അല്ലെങ്കിൽ ഭാവിയിൽ തല്പരകക്ഷികൾ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ മെനഞ്ഞെടുക്കുന്ന ചരിത്രം മാത്രം നാം വിഴുങ്ങേണ്ടിവരും.

വിദ്യാഭ്യാസം ഇന്ന് വ്യാപകമായി ചർച്ചാ വിഷയമായിരിക്കുകയാണ്. കേരളത്തിൽ ആധുനിക കാലത്തുണ്ടായ വിദ്യാഭ്യാസമുന്നേറ്റത്തിനും തൽഫലമായി ഉണ്ടായ നേട്ടങ്ങൾക്കും ആരാണിടയാക്കിയത് എന്നതാണ് പ്രത്യേക ചർച്ചാവിഷയം. കഴിഞ്ഞ നൂറ്റാണ്ടിന്റെ മദ്ധ്യഭാഗത്തുമാത്രം രംഗത്തെത്തിയ മാർക്സിസ്റ്റ് പാർട്ടി തന്നെ തങ്ങളാണ് വിദ്യാഭ്യാസ മുന്നേറ്റത്തിന് കാരണക്കാരെന്ന് അവകാശപ്പെ

www.malankaralibrary.com

ടുന്ന കാലമാണിത്. അതിനാൽ ചരിത്രസത്യങ്ങൾ വ്യക്തമാക്കേണ്ടത് ഈ കാലഘട്ടത്തിന്റെയും ആവശ്യമാണ്.

വിദ്യാഭ്യാസ രംഗത്തെ പുരോഗതി പോരാട്ടങ്ങളിലൂടെ നേടിയെടുത്തതാണെന്നു കൂടി ഓർമ്മിക്കേണ്ടതുണ്ട്. ആദ്യകാലത്ത് വളരെ ക്ലേശിച്ചും ത്യാഗം സഹിച്ചും വളർത്തിയെടുത്ത വിദ്യാലയങ്ങൾ പിടിച്ചെടുക്കാനാണ് കഴിഞ്ഞ നൂറ്റാണ്ടിന്റെ പകുതി മുതൽ സർക്കാരുകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ പ്രധാനമായും പോരാടിയത് ക്രൈസ്തവ സമൂഹങ്ങളാണ്. വിദ്യാലയങ്ങളെയെല്ലാം കൈപ്പിടിയിലാക്കിയാൽ അത് സർക്കാരുടെകളുടെ സർവ്വാധിപത്യത്തിനുള്ള കളമൊരുക്കൽ മാത്രമായിരിക്കും. സുപ്രസിദ്ധ വിദ്യാഭ്യാസ വിചക്ഷണനായിരുന്ന നമ്മുടെ മുൻ പ്രസിഡന്റ് ഡോ. രാധാകൃഷ്ണൻ ഈക്കാര്യം ശക്തമായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അദ്ദേഹം സർവ്വകലാശാലകളെക്കുറിച്ചാണ് ഇത് പറഞ്ഞതെങ്കിലും മറ്റ് വിദ്യാലയങ്ങളെക്കുറിച്ചും ഇത് പ്രസക്തമാണ്. അദ്ദേഹം സമർപ്പിച്ച യൂണിവേഴ്സിറ്റി കമ്മീഷൻ റിപ്പോർട്ടിൽ ഇങ്ങനെയാണ് പറഞ്ഞുവച്ചത്. "Freedom of individual development is the basis of democracy. Exclusive control of education by the State has been an important factor in facilitating the maintenance of totalitarian tyrannies. In such States, institutions of higher learning, controlled and managed by Governmental agencies, act like mercenaries promote the political purposes of the State, make them acceptable to an increasing number of their population and supply them with the weapons they need; We must resist, in the interests of our own democracy, the trend towards the govermental domination of the educational process" (University Commission Report: Dr. Radhakrishnan and Other spara 29).

സർക്കാർ സഹായം ലഭിക്കുന്നു എന്ന പേരിലും വിദ്യാലയങ്ങളെ സർക്കാരിന്റെ വരുതിയിലാക്കുന്നതു ശരിയല്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. "State aid is not to be cofused with State control over academic policies and practices. Intellectual progress demands the spirit of free enquiry (Ibid., 31). കഴിഞ്ഞനൂറ്റാണ്ടിൽ സർക്കാർ മേധാവിത്വത്തിനെതിരായി നടന്ന പോരാട്ടങ്ങൾ ആ കാലഘട്ടത്തിലെ വിദ്യാഭ്യാസചരിത്രത്തിന്റെ ഭാഗമാണ്. അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ

www.malankaralibrary.com

ചില ന്യൂനപക്ഷങ്ങൾ ജാഗ്രതകാട്ടിയതുകൊണ്ടും സുപ്രീംകോടതി ഈ കാര്യത്തിൽ ഉറച്ച നിലപാടുകൾ എടുത്തതുകൊണ്ടും കൂടിയാണ് ആ സ്വാതന്ത്ര്യം ഒട്ടോക്കെ സംരക്ഷിക്കുവാൻ കഴിഞ്ഞതെന്ന് അഹമ്മദബാദിലെ St. Xavire's College കേസിൽ സുപ്രീം കോടതി തന്നെ ചൂണ്ടികാട്ടിയിട്ടുണ്ട്.

നമ്മുടെ നാട്ടിലെ ഭരണഘടന, സ്വയം സംരക്ഷിക്കാൻ സാധിക്കാത്ത ഭാഷാ, മതന്യൂനപക്ഷങ്ങൾക്ക്, തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനുമുള്ള സ്വാതന്ത്ര്യം മൗലികാവകാശമായി പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ അതിനുശേഷവും സർക്കാരുകൾ ഈ അവകാശം നിഷേധിച്ച് വിദ്യാലയങ്ങളെ കൈപ്പിടിയിലൊതുക്കാനാണ്. ശ്രമിച്ചിട്ടുള്ളത്. ഇതിനെതിരായി ക്രൈസ്തവസമൂഹം കാലാകാലങ്ങളിൽ പ്രതികരിച്ചിട്ടുണ്ട്. പക്ഷേ ആ പ്രതികരണം ബലഹീനമായപ്പോൾ കയ്യേറ്റം കുറെ നടന്നിട്ടുമുണ്ട്. ഉദാഹരണമായി സ്വാശ്രയകോളേജുകളിൽ അടിച്ചേൽപ്പിച്ചിരിക്കുന്ന വിദ്യാർത്ഥി പ്രവേശനത്തിലെ സർക്കാരിന്റെ കയ്യേറ്റം തെറ്റാണെന്ന് വിദ്യാഭ്യാസത്തിനുള്ള ന്യൂനപക്ഷ കമ്മീഷന്റെ അദ്ധ്യക്ഷൻ തന്നെ ഈയിടെ ചൂണ്ടികാട്ടിയിട്ടുണ്ടല്ലോ. ജാഗ്രതയും പോരാടാനുള്ള കെല്പും ഉണ്ടെങ്കിലെ പിടിച്ചു നില്ക്കാനാവൂ.

കേളത്തിലെ വിദ്യാഭ്യാസ രംഗത്തെ പോരാട്ടത്തിന്റെ ചരിത്രം സത്യസന്ധതയോടെ രേഖപ്പെടുത്താനാണ് ശ്രീ. കച്ചിറമറ്റം ഈ ഗ്രന്ഥത്തിൽ ശ്രമിക്കുന്നത്. ചരിത്രം നേരെയാക്കാൻ അശ്രാന്തപരിശ്രമം ചെയ്യുന്ന വ്യക്തിയാണ് ജോൺ കച്ചിറമറ്റം. അദ്ദേഹത്തിന്റെ "വിദ്യാഭ്യാസ സമരം കേരളത്തിൽ" എന്ന ഗ്രന്ഥം ചരിത്രത്തിൽ സത്യം കണ്ടെത്താൻ ശ്രമിക്കുന്നവർക്ക് വലിയൊരു മുതൽക്കൂട്ടാകും. ശരിയായ ഓർമ്മകളുടെ അടിസ്ഥാനത്തിൽ ഭാവിയെ നേരിടാൻ ഈ ഗ്രന്ഥം സഹായിക്കുമെന്നതിൽ സംശയമില്ല. ഇത് കഴിയുന്നത്ര ആളുകളുടെ കയ്യിൽ എത്തിക്കേണ്ടതാണ് എന്ന് പറയേണ്ടിരിക്കുന്നു.

ഗ്രന്ഥകർത്താവിന് എല്ലാ അഭിനന്ദനങ്ങളും! ഈ ഗ്രന്ഥം അനേകർക്ക് പ്രചോദനമാകട്ടെ എന്നാശംസിക്കുന്നു.

ചങ്ങനാശ്ശേരി
30/12/2013

**ആർച്ച് ബിഷപ്പ് ജോസഫ് പവ്വത്തിൽ**

www.malankaralibrary.com

# ആശംസ



ശ്രീ. ജോൺ കച്ചിറമറ്റം രചിച്ച വിദ്യാഭ്യാസസമരം കേരളത്തിൽ എന്ന ഗ്രന്ഥം വളരെയധികം പ്രാധാന്യമർഹിക്കുന്നതാണ്. പഴയകാല സംഭവങ്ങൾ ശേഖരിച്ച് ചരിത്രത്തിന്റെ ഭാഗമാക്കുവാൻ ശ്രമിക്കുന്ന കച്ചിറമറ്റത്തിന്റെ സേവനം ശ്ലാഘനീയമാണ്. വർഷങ്ങൾക്കുമുമ്പ് നടന്ന സംഭവങ്ങളെ പിൽക്കാലത്ത് പലവിധത്തിൽ വ്യാഖ്യാനിച്ച് ഓരോരുത്തരും തങ്ങളുടെ അഭിപ്രായങ്ങൾ ചരിത്രത്തിൽ ചാലിച്ച് ചേർക്കുവാൻ ശ്രമിക്കാറുണ്ട്. ആ വ്യാഖ്യാനങ്ങൾ പലതും പരിത്രപരമായി നിലനിൽക്കുന്നതായിരിക്കുകയില്ല. ഈ യാഥാർത്ഥ്യം മനസ്സിലാക്കികൊണ്ടാണ് കഴിഞ്ഞ 80 വർഷത്തിനിടയിൽ കേരളത്തിൽ നടന്ന വിദ്യാഭ്യാസ സമരങ്ങളുടെ സമ്പൂർണ്ണ ചരിത്രം കച്ചിറമറ്റം തയ്യാറാക്കിയിരിക്കുന്നത്. ഈ ഗ്രന്ഥം വായിക്കുമ്പോൾ നാം വിസ്മരിക്കപ്പെട്ട പല സമരങ്ങളും നമ്മുടെ ഓർമ്മയിൽ കടന്നു വരും.

തൃശ്ശൂർ രൂപത നേതൃത്വം നൽകി നടത്തിയ ചാമ്പ്യൻ സ്കീമിനെതിരായി നടത്തിയ സമരം അതിലൊന്നാണ്. ഇങ്ങനെയൊരു സമരത്തെപ്പറ്റിയോ അതിന്റെ പിന്നിൽ പ്രവർത്തിച്ചവരെപ്പറ്റിയോ ഇന്നത്തെ തലമുറയ്ക്ക് ഒരു നിശ്ച

www.malankaralibrary.com

യവുമില്ല. സർ സി.പി.യുടെ കാലത്തു നടന്ന വിദ്യാഭ്യാസസമരമാണ് കേരളത്തിൽ നടന്ന പ്രഥമ സമരമെന്നാണ് നമ്മിൽ പലരും ധരിച്ചിരുന്നത്. എന്നാൽ അതിന് പത്തുവർഷം മുൻപ് നടന്ന സമരത്തെപ്പറ്റി വേണ്ടത്ര വിവരം ലഭിക്കുന്നത് ഈ ഗ്രന്ഥത്തിൽ നിന്നാണ്. പനമ്പള്ളി പദ്ധതിക്കെതിരായി നടന്ന സമരത്തെപ്പറ്റി ഇന്ന് പലരും പല വിധത്തിൽ വ്യാഖ്യാനിക്കാറുണ്ട്. കോൺഗ്രസ്സുകാരായ രാഷ്ട്രീയക്കാർ പനമ്പള്ളി പദ്ധതിയെ വെള്ളപൂശാൻ ശ്രമിക്കുന്നുണ്ട്. അത് ശരിയല്ലെന്ന് ഈ ഗ്രന്ഥത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനുവേണ്ടയും പാഠ്യപുസ്തകങ്ങളിൽ കാലാകാലങ്ങളിൽ ചേർക്കപ്പെട്ട തെറ്റായ വിവരങ്ങൾക്കെതിരെയും ക്രൈസ്തവ സമുദായം സ്വീകരിച്ച നിലപാടുകൾ വിശദീകരിക്കുന്നതാണ് ഈ പുസ്തകം. കത്തോലിക്കാ കോൺഗ്രസ്സ് വിദ്യാഭ്യാസ വിഷയത്തിൽ സ്വീകരിച്ച നിലപാടുകളാണ് ഈ ഗ്രന്ഥത്തിൽ തെളിഞ്ഞുകാണുന്നത്. ആ വസ്തുതകൾ ഇന്ന് കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർ പോലും ശരിയായി മനസ്സിലാക്കിയിട്ടില്ല. കേരളത്തിലെ വിദ്യാഭ്യാസ സമരത്തിന് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് നൽകിയ സംഭാവനകളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം എന്നുപറയാം. കത്തോലിക്കാ കോൺഗ്രസ്സിന്റെ ചരിത്രത്തിന്റെ ഒരു ഭാഗം തന്നെയാണ് ഈ ഗ്രന്ഥം. കണ്ണിലെകൃഷ്ണമണി പോലെ വിദ്യാഭ്യാസ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് കത്തോലിക്കാ കോൺഗ്രസ്സ് എന്നും ശ്രമിച്ചിട്ടുണ്ട്.

സർ സി.പി.യുടെ കാലത്തു നടന്ന വിദ്യാഭ്യാസ സ്വാതന്ത്ര്യസമരത്തെപ്പറ്റിയും മാർ കാളാശ്ശേരിയെ അറസ്റ്റുചെയ്യാൻ നടത്തിയ ശ്രമങ്ങളെപ്പറ്റിയും മാർകാളാശ്ശേരിയുടെ ഇടയലേഖനത്തെപ്പറ്റിയും സമുദായാംഗങ്ങൾ പലപ്പോഴും അഭിമാനപൂർവ്വം സ്മരിക്കാറുണ്ട്. അവരിൽ ഒരു ശതമാനം ആളുകൾപോലും ആ ഇടയലേഖനങ്ങൾപോലും വായിച്ചിട്ടുണ്ടാവില്ല. ധീരനായ കാളാശ്ശേരിയുടെ ധീരമായ എഡിറ്റോറിയലുകൾ പലതും ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. അതുപോലെ തന്നെ കത്തോലിക്കാ കോൺഗ്രസ്സ് മഹാരാജാവിന് രണ്ടരലക്ഷം പേർ ഒപ്പിട്ട് സമർപ്പിച്ച മെമ്മോറാണ്ടവും കത്തോലിക്കാ കോൺഗ്രസ്സ് പ്രസി

www.malankaralibrary.com

ഡന്റ് ഷെവ. ഇലഞ്ഞിക്കൽ തര്യത് കുഞ്ഞിത്തൊമ്മൻ അറസ്റ്റ് ചെയ്യ പ്പെട്ട കാര്യവും എല്ലാം ഈ ഗ്രന്ഥത്തിൽ നിന്നു വായിക്കുമ്പോൾ ഓരോ കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകനും അഭിമാനം കൊള്ളുക തന്നെ ചെയ്യും.

പാഠപുസ്തകങ്ങളിൽ ക്രൈസ്തവ വിരുദ്ധമായ ഭാഗങ്ങളും കമ്മ്യൂണിസ്റ്റാശയങ്ങൾ പ്രചരിപ്പിക്കുന്നതിനുതുകുന്ന ഭാഗങ്ങളും ചേർത്തപ്പോൾ അത് നീക്കിക്കളയുവാൻ വേണ്ടി കത്തോലിക്കാ കോൺഗ്രസ്സിനോളും മറ്റ് ഒരു സംഘടനയും സജീവമായി രംഗത്ത് വന്നില്ല. കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ നടപടി സ്വീകരിക്കു ന്നതിന് മുൻപ് കത്തോലിക്കാ കോൺഗ്രസ്സാണ് ഈ രംഗത്ത് പ്രവേ ശിച്ചത്. ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നവും ഈ ഗ്രന്ഥകർത്താവ് ജോൺ കച്ചിറമറ്റവും ഈ രംഗത്ത് അനുഷ്ഠിച്ച സേവനങ്ങൾ പ്രശം സാർഹമാണ്.

ന്യൂനപക്ഷാവകാശങ്ങളും വിദ്യാഭ്യാസ സ്വാന്ത്ര്യവും സരംക്ഷി ക്കപ്പെടുന്നതിന് എ.കെ.സി.സി. കഴിഞ്ഞകാലങ്ങളിൽ തുടർച്ചയായി നടത്തിയ സേവനങ്ങൾ കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർ അറിഞ്ഞിരിക്കേണ്ടതാണ്. അതിൽ അഭിമാനം കൊണ്ടുവേണം ഇന്ന് സംഘടനാപ്രവർത്തകർ മുന്നോട്ടു നീങ്ങേണ്ടത്.

വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനുവേണ്ടി നടന്ന പോരാട്ടങ്ങളിൽ പലതിലും സജീവമായി പങ്കെടുക്കുകയും നേതൃത്വം നൽകുകയും ചെയ്ത കച്ചിറമറ്റത്തിന്റെ ഈ ഗ്രന്ഥത്തിന് എല്ലാവിധ ആശംസകളും നേരുന്നു. കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർക്ക് ഈ ഗ്രന്ഥം ഒരു കൈത്താങ്ങ് ആയി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കാഞ്ഞിരപ്പള്ളി **മാത്യു മടുക്കക്കുഴി**
28.12.2013

www.malankaralibrary.com

# 1. വിദ്യാഭ്യാസ വിപ്ലവം

അതിപുരാതനവും മഹനീയവുമായ ഒരു സംസ്കാരത്തിന്റെ അവകാശികളാണ് ഭാരതീയർ. ലോകസംസ്കാരങ്ങളിൽ ഏറ്റം പഴക്കമുള്ളതാണ് ഭാരതസംസ്കാരം. എല്ലാ മതങ്ങളെയും ആദരിക്കുകയും എല്ലാ സംസ്കാരങ്ങളെയും സ്വീകരിക്കുകയും എല്ലാവിധ ആചാരങ്ങൾക്കും ബഹുമാനം നൽകുകയും ചെയ്തു പോന്നിട്ടുള്ളതാണ് ഭാരതീയ സംസ്കാരം.

ഇന്ത്യയുടെ പ്രാചീനമായ സമ്പൽസമൃദ്ധിയേയും സംസ്കാര പാരമ്പര്യത്തെയും കുറിച്ച് നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. പാശ്ചാത്യ രാജ്യങ്ങൾ ലോക വ്യവസായ കേന്ദ്രങ്ങളായി മാറുന്നതിന് മുൻപ് ലോകത്തിലെ സമൃദ്ധമായ രാജ്യം ഇന്ത്യയായിരുന്നു. ഇവിടെ സ്വർണ്ണവും രത്നവും കുമിഞ്ഞുകൂടി. ലോകത്തിലെ പ്രധാന വ്യാപാരകേന്ദ്രം ഇന്ത്യയായി മാറി. അറബികളും റോമാക്കാരും ഫിനിഷ്യരും ചൈനാക്കാരും ഇന്ത്യൻ തുറമുഖങ്ങളിൽ കച്ചവടത്തിനായി മത്സരിച്ചു. ഇന്ത്യയെപ്പറ്റി ഇന്ത്യയുടെ സമ്പൽസമൃദ്ധിയെപ്പറ്റി, ഇവിടെ വിളയുന്ന സ്വർണ്ണത്തെയും രത്നങ്ങളെയുംപറ്റി കേട്ടിരുന്ന പാശ്ചാത്യർ ഇന്ത്യയിലേക്ക് വ്യാവസായിക മാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ മത്സരിച്ചു.

പാശ്ചാത്യ നാടുകളിലെ ചരിത്രകാരന്മാർ എന്തുപറഞ്ഞാലും ഇന്ത്യൻ സംസ്കാരം പോലെ വളർന്ന ഒരു സംസ്കാരം ലോകത്തുണ്ടായിരുന്നില്ല. മനഃശ്ശാസ്ത്രത്തിന്റെ, ദാർശനിക സിദ്ധാന്തങ്ങളിൽ, വൈദ്യശാസ്ത്രരംഗത്ത്, ജ്യോതിഷത്തിൽ, കലയിൽ എന്നുവേണ്ട മനുഷ്യജീവിതത്തിന്റെ നാനാമുഖസ്പർശികളായ എല്ലാവശങ്ങളിലും അത് വളരാവുന്നതിന്റെ പാരമ്യത്തിൽ ഇന്ത്യൻ സംസ്കാരം വളർന്നു കഴിഞ്ഞിരുന്നു. മനഃശാസ്ത്രത്തിൽ ഇന്ത്യയുടെ വളർച്ചയുടെ ഒരംശംപോലും ഇന്നു പാശ്ചാത്യർക്ക് കിട്ടിയിട്ടില്ല. ഇന്ത്യയിലെ തക്ഷശിലയും നളന്ദയും ലോകത്തിന്റെ മുഴുവൻ ആദരവ് പിടിച്ചുപറ്റിയ വിദ്യാകേന്ദ്രങ്ങളായിരുന്നു.

വിദ്യാഭ്യാസരംഗത്ത് ലോകത്തിന് മാതൃകയായി നിലകൊണ്ട ഭാരതം, പിൽക്കാലത്ത് ജാതിവ്യവസ്ഥയുടെ ഫലമായി, നാം കെട്ടിപ്പെടുത്ത സാംസ്കാരിക പൈതൃകം നാമാവശേഷമായിത്തീർന്നു. ചാതുർവർണ്യത്തിന്റെയടിസ്ഥാനത്തിൽ കെട്ടിപ്പടുത്ത ജാതി വ്യവസ്ഥയുടെ ഭീകര രൂപം ദൃശ്യമാകുന്നത് കേരളത്തിലാണ്. ഇവിടുത്തെ ജാതിവ്യവസ്ഥ ഇവിടുത്തെ ജന്മിത്വത്തെയും നാടുവാഴിത്തത്തെയും അരക്കിട്ടുറപ്പിച്ചു. ജാതി വ്യവസ്ഥ നിലനിർത്താൻ ശ്രമിച്ചത് ഫ്യൂഡൽ സംവിധാനത്തിന്റെ താങ്ങും തണലും ജാതിവ്യവസ്ഥയാണെന്നറിയാവുന്നതുകൊണ്ടായിരുന്നു. ഹീനജാതിക്കാരായ

www.malankaralibrary.com

അവർണ്ണരുടെ ആചാരാനുഷ്ഠാനങ്ങൾ നിർണ്ണയിച്ചിരുന്നത് സവർണ്ണരാണ്. ഓരോ ജാതിയ്ക്കും പ്രത്യേകമായ ആചാരങ്ങൾ ഏർപ്പെടുത്തിയും അന്ധവിശ്വാസങ്ങൾ പ്രചരിപ്പിച്ചും ഒരുകാലത്തും ഐക്യപ്പെടാനാവാത്തവിധം അവർണ്ണരെ തിരിച്ചു നിർത്താൻ അവർക്ക് കഴിഞ്ഞിരുന്നു. ഒപ്പം തന്നെ അവരെ അയിത്തക്കാർ, തൊട്ടുകൂടാത്തവരും, തീണ്ടിക്കൂടാത്തവരുമായി കണക്കാക്കി പൊതുസമൂഹത്തിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്തിരുന്നു. പൊതു നിരത്തുകളിലൂടെ സഞ്ചരിക്കാൻ പോലും അവരെ അനുവദിച്ചിരുന്നില്ല. അവർണ്ണർ സ്വന്തമായി വസ്തു വകകൾ സമ്പാദിക്കുന്നത് കുറ്റകരമാക്കിയിരുന്നു. മേലാളന്മാർ കനിഞ്ഞു നൽകിയിരുന്ന കൂലികൊണ്ട് മാത്രം കഴിഞ്ഞുകൊള്ളണമെന്നായിരുന്നു നിയമം അനുശാസിച്ചിരുന്നത്. അടിമകളും ദാസന്മാരുമായ അവർണ്ണർ വിദ്യയഭ്യസിക്കുന്നതിനു നിയമം അനുകൂലമായിരുന്നില്ല. സവർണ്ണനായ ശൂദ്രനെപ്പോലും വിദ്യയഭ്യസിക്കുവാൻ അനുവദിച്ചിരുന്നില്ല. ശൂദ്രനും ദാസനാണത്രേ. ദാസനെന്തിന് വിദ്യ എന്നാണ് നിയമദാതാക്കൾക്കും ചോദിക്കാനുണ്ടായിരുന്നത്. വിദ്യയഭ്യസിക്കുന്ന ശൂദ്രന്റെ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കണമെന്നായിരുന്നു അന്നത്തെ വ്യവസ്ഥ.

## പാശ്ചാത്യമിഷനറിമാരുടെ ആഗമനം

ഇന്ത്യയിൽ നിലനിന്ന സാമൂഹികമായ അനീതിക്കെതിരെയുള്ള പോരാട്ടത്തിന് തുടക്കം കുറിച്ചത് പാശ്ചാത്യ നാടുകളിൽ നിന്നും ഇവിടെ എത്തിച്ചേർന്ന എൽ.എം.എസ്സ്, സി.എം.എസ്സ്. തുടങ്ങിയ ക്രൈസ്തവ വിഭാഗങ്ങളിലെ മിഷനറിമാരായിരുന്നു. അവർ ആരംഭം കുറിച്ച ഈ സമരത്തോട് ഏതദ്ദേശീയരായ ക്രിസ്ത്യാനികളും പങ്കുചേർന്നു. വിദേശ മിഷനറിമാരും സുറിയാനി ക്രിസ്ത്യാനികളും പരസ്പരം കൈകോർത്ത് മുന്നോട്ടു നീങ്ങി. അന്ന് നിലവിലിരുന്ന വിദ്യാഭ്യാസ രീതിയുടെ ഫലമായി പിന്നോക്ക ജനവിഭാഗങ്ങൾക്ക് വിദ്യയഭ്യസിക്കുവാൻ സാദ്ധ്യമായിരുന്നില്ല. അന്നത്തെ ഗുരുക്കന്മാർ പ്രായേണ സവർണ്ണ വിഭാഗത്തിൽപ്പെട്ടവരായിരുന്നു. ആ ഗുരുക്കന്മാരുടെ മുമ്പിൽ ചെന്നിരുന്ന് വിദ്യയഭ്യസിക്കുവാൻ അവർണ്ണ ഹിന്ദുക്കൾക്കും അധഃകൃത ഹിന്ദുക്കൾക്കും അനുവാദമില്ലായിരുന്നു. ഈ നിലയ്ക്ക് ഒരു മാറ്റം വരുത്തുവാൻ ഗ്രാമവിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ മിഷനറിമാർ ശ്രമിച്ചു. ജാതിയും മതവും നോക്കാതെ എല്ലാ ജനവിഭാഗങ്ങളെയും ഇങ്ങനെ സ്ഥാപിച്ച ഗ്രാമവിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിച്ച് വിജ്ഞാനവിതരണം നടത്തി. 1806-ൽ സി.എം.എസ്സ് മിഷനറിമാരും 1816-ൽ ബാബൽ മിഷൻകാരും കേരളത്തിൽ എത്തി നിരവധി വിദ്യാലയങ്ങൾ സ്ഥാപിച്ചു. ഇതേ തുടർന്ന് ഇവിടുത്തെ സുറിയാനി ക്രിസ്ത്യാനികളും പള്ളികളോടനുബന്ധിച്ച് വിദ്യാലയങ്ങൾ സ്ഥാപിച്ചു. നാനാജാതി മതസ്ഥരായ വിദ്യാർത്ഥികൾ ഒന്നിച്ചിരുന്ന് പഠിക്കുന്ന ഒരു സാഹചര്യം സൃഷ്ടിച്ചത് ക്രൈസ്തവരായിരുന്നു. സാമൂ

www.malankaralibrary.com

ഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുകയും ഫീസ് നൽകുന്നതിൽ നിന്ന് അവരെ ഒഴിവാക്കുകയും ചെയ്തു. എന്നു തന്നെയുമല്ല പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഭക്ഷണം നൽകി. അവരുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചു. വിദ്യാസമ്പന്നരായ ജനങ്ങൾക്ക് സമൂഹത്തിൽ ലഭിച്ച മാന്യമായ സ്ഥാനവും അവർക്ക് ലഭിച്ച ഉദ്യോഗങ്ങളും കൂടുതൽ ആളുകളെ വിദ്യാലയങ്ങളിലേയ്ക്ക് ആകർഷിച്ചു. അങ്ങനെ കേരളത്തിലെ അവർണ്ണ സമുദായങ്ങളുടെ വിദ്യാഭ്യാസത്തിന് ക്രിസ്ത്യൻ മിഷനറിമാർ അടിത്തറ പാകി. നാട്ടുകാരായ ക്രിസ്ത്യാനികളും ആ വഴിയേ മുന്നോട്ടു നീങ്ങി. വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വമായ വളർച്ചയ്ക്ക് ഇത് ഇട നൽകി.

ആൺകുട്ടികൾ വിദ്യാഭ്യാസത്തിൽ താൽപര്യം പ്രകടിപ്പിച്ചിരുന്നുവെങ്കിലും പെൺകുട്ടികളെ വിദ്യയഭ്യസിപ്പിക്കുക ഒരു ആവശ്യമായി സമൂഹം അന്ന് കണക്കാക്കിയിരുന്നില്ല. ആ രംഗത്തും വിപ്ലവകരമായ ഒരു മാറ്റം വരുത്തിയതും ക്രൈസ്തവ മിഷനറിമാരായിരുന്നു. 1819-ൽ മിസ്സ് മീഡ് നാഗർകോവിലിൽ ഒരു പെൺപള്ളിക്കൂടം സ്ഥാപിച്ചു. അവിടെ പഠിക്കുന്ന പെൺകുട്ടികളുടെ സകല ചിലവും മിഷനറിമാർ തന്നെ വഹിക്കുകയും ചെയ്തു. സാധാരണ പാഠ്യവിഷയങ്ങൾക്കു പുറമേ ചിത്രത്തയ്യിലും, റേന്ത തയ്യിലും, തുന്നലും മറ്റും പഠിപ്പിച്ചിരുന്നു. ഇവിടുത്തെ റേന്ത തയ്യലുകൾ ലണ്ടൻ, പാരീസ്, ചിക്കാഗോ തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന പ്രദർശനങ്ങളിൽ സമ്മാനാർഹമായതോടെ നല്ല വ്യവസായമായി തയ്യിൽ രംഗം വളർന്നു. സർക്കാർ സ്ത്രീ വിദ്യാഭ്യാസത്തിന് യാതൊരു ശ്രദ്ധയും ചെലുത്തിയിരുന്നില്ല. സ്വകാര്യ വിദ്യാലയങ്ങൾക്ക് ഗ്രാന്റ് നൽകി തിരുവിതാംകൂർ സർക്കാർ സഹായിച്ചിരുന്നു.

കൊച്ചിയിലും വിദ്യാഭ്യാസരംഗത്ത് സജീവമായി പ്രവർത്തിച്ചത് ക്രൈസ്തവരായിരുന്നു. സ്വകാര്യ വിദ്യാലയങ്ങളെ ഏറ്റം കൂടുതൽ പ്രോത്സാഹിപ്പിച്ചത് കൊച്ചി ദിവാൻ സർ അൽബിയാൻ ബാനർജിയായിരുന്നു.

അവർണ്ണർക്കും അധഃകൃതർക്കും വിദ്യാഭ്യാസം നൽകാൻ സർക്കാർ തലത്തിൽ പോലും വിമുഖത കാണിച്ച സന്ദർഭത്തിൽ വിദ്യാഭ്യാസ രംഗത്ത് ഒരു വിപ്ലവം നടത്തിയത് ക്രൈസ്തവരായിരുന്നു. എന്നാൽ പിൽക്കാലത്ത് ഗ്രാന്റ് നൽകുന്നുവെന്ന് പറഞ്ഞ് സ്വകാര്യസ്കൂളുകളെ കൂടുതൽ നിയന്ത്രണങ്ങൾക്ക് വിധേയമാക്കുവാൻ സർക്കാർ ശ്രമിച്ചു. ആ നീക്കത്തിന് തിരുവിതാംകൂറിൽ സർ. സി.പി. രാമസ്വാമി അയ്യരും കൊച്ചിയിൽ ഐ.എൻ. മേനോനും ആയിരുന്നു നേതൃത്വം നൽകിയത്. ക്രൈസ്തവർ നേതൃത്വം നൽകിയ വിദ്യാഭ്യാസ വിപ്ലവത്തെ തകർക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അതിനെതിരെ നടന്ന സമരങ്ങളുടെ ചരിത്രമാണ് ഈ ഗ്രന്ഥം.

ക്രൈസ്തവർ നടത്തിയ വിദ്യാഭ്യാസ വിപ്ലവത്തിന്റെ ഗൗരവം മന

www.malankaralibrary.com

സ്സിലാക്കണമെങ്കിൽ ഈഴവനേതാവായ പൽപ്പുവിന്റെ കഥ മനസ്സിലാക്കണം. 2012 മാർച്ച് 5 മരുപ്പച്ച പ്രസിദ്ധീകരണത്തിൽ നവോത്ഥാന കേരളം എന്ന ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "മിഷനറിമാരുടെ സുവിശേഷീകരണം വിദ്യാഭ്യാസ പ്രവർത്തനങ്ങളും കേരളത്തിന്റെ നവോത്ഥാനത്തിന് എത്രത്തോളം വഴിയൊരുക്കിയെന്നുള്ള അന്വേഷണ പഠനത്തിൽ നിന്ന് ഡോ.പൽപ്പുവിന്റെയും അദ്ദേഹത്തിന്റെ പിതാവായ തച്ചക്കുടി പപ്പുവെന്ന ഭഗവതി പത്മനാഭനെയും ഒഴിവാക്കാനാവില്ല. ഈഴവരുടെ ഇടയിൽ നിന്നും ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ആദ്യവ്യക്തി ഡോ. പൽപ്പുവിന്റെ പിതാവായിരുന്നു. ഈഴവർക്ക് സ്കൂളിൽ പ്രവേശനമില്ലാതിരുന്ന കാലത്ത് ക്രിസ്ത്യാനികളായ ഉപദേശിമാർ അദ്ദേഹത്തിന്റെ വീട്ടിൽപോയി ഇംഗ്ലീഷ് പഠിപ്പിച്ചു. കോടതികളിൽ വക്കീലായി വ്യവഹരിക്കുവാൻ യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കുന്നതിനായുള്ള സർക്കാർ പരസ്യം കണ്ട് ഇദ്ദേഹം അപേക്ഷിക്കുകയും ഫീസ് അടയ്ക്കുകയും ചെയ്തു. എന്നാൽ സവർണ്ണ ഹിന്ദുക്കൾ ദിവാന് പരാതി അയച്ചതിനെ തുടർന്ന് താണജാതിക്കാരനെന്ന് ചൂണ്ടിക്കാട്ടി പരീക്ഷയിൽ പങ്കെടുപ്പിച്ചില്ല. ഫീസ് മടക്കി കൊടുത്തുമില്ല. ഇദ്ദേഹത്തിന്റെ മകൻ പൽപ്പു സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത് ഹെഡ്മാസ്റ്റർ ക്രിസ്ത്യാനിയായ ബ്രിട്ടീഷുകാരൻ ആയിരുന്നതുകൊണ്ടു മാത്രമാണ്. എങ്കിലും സവർണ്ണ വിദ്യാർത്ഥികൾ പൽപ്പുവിനെ പുറകിലെ ബഞ്ചിൽ ഒറ്റക്കിരുത്തി ഒറ്റപ്പെടുത്തി. പിന്നീട് ലോക്കൽ പരീക്ഷ ഒന്നാമനായി പാസ്സായി വന്നു. ജോലിയ്ക്കപേക്ഷിച്ചപ്പോൾ ഈഴവർ കുലത്തൊഴിൽ ചെയ്താൽ മതിയെന്ന് തിരുവിതാംകൂർ മഹാരാജാവ് കൽപ്പിച്ചത് പ്രസിദ്ധമാണല്ലോ. ഒടുവിൽ മൈസൂർ മഹാരാജാവ് പൽപ്പുവിന് ഡോക്ടറായി ജോലി നൽകി. മൈസൂർ മഹാരാജാവിന്റെ അതിഥിയായി സ്വാമിവിവേകാനന്ദൻ വന്നപ്പോൾ അദ്ദേഹത്തിന്റെ ആരോഗ്യ പരിപാലന മേൽനോട്ടം ഡോ. പൽപ്പുവിനായി. കേരളത്തിലെ വ്യവസ്ഥയെക്കുറിച്ച് ഡോ. പൽപ്പു വിവേകാനന്ദസ്വാമിയോട് പറഞ്ഞു. ഏതെങ്കിലും ഒരു സ്വാമിയെ കണ്ടെത്തി ഡോ. പൽപ്പുവിന്റെ പുരോഗമനാശയങ്ങൾ സ്വാമിയിലൂടെ പ്രചരിപ്പിക്കുവാൻ വിവേകാനന്ദൻ ഉപദേശിച്ചു. അങ്ങനെ ഡോ. പൽപ്പുവിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുവാൻ അദ്ദേഹം കണ്ടെത്തിയ സ്വാമിയാണ് നാരായണ ഗുരു. 1903-മെയ് 15 ന് എസ്.എൻ.ഡി.പി. സ്ഥാപിതമായി. ഡോ. പൽപ്പു ആദ്യത്തെ പ്രസിഡണ്ടും കുമാരനാശാൻ ആദ്യത്തെ സെക്രട്ടറിയും. ഡോ. പൽപ്പു മൈസൂറിൽവച്ച് സ്വാമിവിവേകാനന്ദനെ കണ്ടുമുട്ടിയില്ലായിരുന്നുവെങ്കിൽ കേരള നവോത്ഥാന ചരിത്രംതന്നെ മറ്റൊരു ദിശയിൽ ചലിക്കുമായിരുന്നു എന്ന് തെളിയിക്കുന്ന സംഭവം ശ്രീനാരായണഗുരു സമാധിയായി 8 കൊല്ലം തികഞ്ഞപ്പോൾ എസ്.എൻ.ഡി.പി. യോഗത്തിലുണ്ടായി. ഈഴവർ ഒന്നടങ്കം ഹിന്ദുമതം ഉപേക്ഷിക്കണം എന്ന ആലോചന യോഗത്തിൽ ചർച്ച

www.malankaralibrary.com

ചെയ്തു. ഈഴവർ ഒന്നടങ്കം ക്രിസ്തുമതം സ്വീകരിക്കുകയാണ് നല്ലതെന്ന് സി.വി. കുഞ്ഞുരാമൻ അഭിപ്രായപ്പെട്ടു. ഈഴവരുടെ മതപരിവർത്തനം എന്ന പുസ്തകം ഇദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചു. ഇതേ ആവശ്യത്തിനായി ഇദ്ദേഹം മാരമൺ കൺവെൻഷനിൽ പ്രസംഗിച്ചത് നവോത്ഥാന ചരിത്രത്തിലെ ഒരു പ്രധാന അദ്ധ്യായമാണ്. അയ്യായിരം ഈഴവർ പമ്പാനദിയിൽ സ്നാനം സ്വീകരിച്ച് ക്രൈസ്തവരാകാൻ പോകുന്നുവെന്ന വാർത്തയാണ് ക്ഷേത്രപ്രവേശനവിളംബരം വേഗത്തിലാക്കിയതെന്നത് ചരിത്രവസ്തുതയാണ്. അയ്യായിരം ഈഴവർ ഒന്നിച്ച് സ്നാനപ്പെട്ടില്ലെങ്കിലും അതിലധികം ഈഴവർ പല കാരണങ്ങളിലായി ക്രൈസ്തവമതം സ്വീകരിക്കുകയുണ്ടായി. ക്രൈസ്തവ വിശ്വാസം സ്വീകരിച്ച ഈഴവർ, മിഷനറി സ്കൂളിൽ പഠിച്ച് സർക്കാർ ജോലി നേടി പുരോഗമിക്കുന്നത് കണ്ടപ്പോഴാണ് "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്ന് ഗുരു പറഞ്ഞത്. എസ്.എൻ.ഡി.പി. മഹാപ്രസ്ഥാനം നവോത്ഥാന ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലുതന്നെയാണ്. അതിലേക്ക് ഡോ. പൽപ്പുവിനെ നയിച്ചത് ബ്രാഹ്മണരുടെ ദേവഭാഷയല്ല ക്രിസ്തീയ മിഷനറിമാരുടെ ഇംഗ്ലീഷ് ഭാഷയാണ് എന്നത് തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ടതാണ്.

വിദ്യാഭ്യാസരംഗത്തെ വിപ്ലവത്തിന് മിഷനറിമാരോടൊപ്പം തിരികൊളുത്തിയ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സേവനങ്ങളെ ഈയവസരത്തിൽ സ്മരിക്കേണ്ടതു തന്നെയാണ്.

ഫാ. തോമസ് പന്തപ്ലാക്കൽ ദീപികയിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനം അടുത്ത താളിൽ

★

www.malankaralibrary.com

# 2. ഒരു പള്ളിക്കൊരു പള്ളിക്കൂടം സർക്കുലറിന് 150 തികയുന്നു

## ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ. ദീപിക പത്രത്തിലെഴുതിയ ലേഖനം

വാഴ്ത്തപ്പെട്ട കുര്യാക്കോസ് ഏലിയാസ് ചാവറയച്ചൻ കേരള കത്തോലിക്കാ സുറിയാനി സഭയുടെ വികാരി ജനറൽ ആയിരുന്നപ്പോൾ 1864-ൽ പള്ളികളോടു ചേർത്ത് പള്ളിക്കൂടങ്ങൾ സ്ഥാപിക്കണമെന്നറിയിച്ചു കൊണ്ട് നൽകിയ സർക്കുലർ പുറപ്പെടുവിച്ചിട്ട് 2014-ൽ നൂറ്റി അൻപതു വർഷം ആകുകയാണ്. കഴിഞ്ഞ നൂറ്റിഅൻപതു വർഷങ്ങൾക്കിടിയിൽ കേരളത്തിൽ വിദ്യാഭ്യാസ രംഗത്തുവന്ന അത്ഭുതകരമായ മാറ്റങ്ങൾ തിരിച്ചറിയുമ്പോഴാണ്, ഇൻഡ്യയിൽ സാക്ഷരതയ്ക്ക് കേരളമാണ് ഒന്നാം സ്ഥാനത്തു നിൽക്കുന്നതു എന്നു പട്ടികയിൽ കാണുമ്പോഴാണ്, കേരളത്തിൽ പൊതുവിദ്യാഭ്യാസം എല്ലാവർക്കും സംലഭ്യമാണ് എന്നു മനസ്സിലാക്കുമ്പോഴാണ് ചാവറയച്ചൻ കർക്കശ്ശ നിലപാടോടുക്കൂടി നടപ്പിലാക്കാൻ നിർദ്ദേശിച്ച ഈ സർക്കുലറിന്റെ പ്രസക്തി നമുക്കു മനസ്സിലാകുക.

പ്രാർത്ഥനയുടെ ഉൾബലത്തോടെ പൊതു സമുഹത്തിന്റെ അനിവാര്യമായ ആവശ്യം എന്തെന്നു തിരിച്ചറിഞ്ഞു കഴിഞ്ഞാൽ പിന്നെ ചാവറയച്ചൻ പുറകോട്ടു നിൽക്കാറില്ല. ലക്ഷ്യം നേടുന്നതുവരെ സംഘടിപ്പിക്കുക, സഹകരിപ്പിക്കുക, നേടിയെടുക്കുക ഇതാണ് അദ്ദേഹത്തിന്റെ പ്രവർത്തനരീതി. പൊതു വിദ്യാഭ്യാസം എല്ലാവർക്കും ലഭിച്ചിരിക്കണം. ഇതിനുവേണ്ടി ഇരുപത്തഞ്ചോളം വർഷങ്ങൾ അദ്ദേഹം സന്ദർഭോചിതമായി നടത്തിയ ഇടപെടലുകളുടെ ചരിത്രപരമായ ഒരന്വേഷണം കൂടിയാണ് ഈ ലേഖനം.

19-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിവരെ അന്നത്തെ തിരുവിതാംകുർ, കൊച്ചി, മലബാർ ഉൾപ്പെടുന്ന ഇന്നത്തെ കേരളത്തിലെ വിദ്യാഭ്യാസ സാദ്ധ്യതകൾ വളരെ പരിമിതമായിരുന്നു എന്ന് ചരിത്രരേഖകൾ സാക്ഷിക്കുന്നു. ആരംഭത്തിൽ ആശാൻ കളരികൾ മാത്രമെ വിദ്യാഭ്യാസരംഗത്തു ഉണ്ടായിരുന്നുള്ളു. കുടിപ്പള്ളിക്കുടം എന്നും ഇതറിയപ്പെട്ടിരുന്നു. ഈ കളരി വിദ്യാഭ്യാസംതന്നെ ആൺകുട്ടികൾക്കു മാത്രമെ ലഭിച്ചിരുന്നുള്ളു. അതും ബ്രാഹ്മണർ ഒഴിച്ചുള്ള ഹിന്ദു കുട്ടികൾക്കാണ് പ്രധാനമായും. ഉയർന്ന ജാതിക്കാർക്ക് അമ്പലങ്ങളോടു ചേർന്നുള്ള സഭാമഠം ആയിരുന്നു പ്രധാന പഠനവേദി. ക്രിസ്ത്യൻ കുട്ടികൾക്ക് കളരിയും ആശാനുമായിരുന്നു അഭയകേ

www.malankaralibrary.com

ന്ദ്രം. മുസ്ലീം കുട്ടികൾക്ക് മദ്രസയിലായിരുന്നു പഠനം.

കളരിയിൽ ആദ്യത്തെ രണ്ടുവർഷം കൊണ്ടു മിക്കവാറും കുട്ടികളുടെയും പഠനം അവസാനിക്കും. ഈ സമയത്തിനുള്ളിൽ മലയാളം അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണക്കു കൂട്ടുവാനും കുറക്കുവാനും ഗുണിക്കുവാനും പഠിക്കും. തുടർപഠനം പരമാവധി മൂന്നു വർഷം കൂടിയുണ്ട്. ഈ സമയത്ത് അത്യാവശ്യം സംസ്കൃതവും ശ്ലോകങ്ങൾ ചൊല്ലുവാനും കീർത്തനങ്ങൾ ആലപിക്കുവാനുമൊക്കെ പഠിക്കും. ഈ കാലത്ത് ഭാഷയിൽ അൽപ്പം കൂടി വ്യുൽപ്പത്തി നേടും. ചാവറയച്ചൻ അഞ്ചു വർഷം കളരിയിൽ പഠിച്ചിട്ടുണ്ട് എന്നു ചരിത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പെൺകുട്ടികൾക്ക് അമ്മമാരോടൊപ്പം അടുക്കളജോലികൾ പഠിക്കുക എന്നതായിരുന്നു പഠനസാദ്ധ്യത.

സുറിയാനി സഭയുടെ വികാരി ജനറാളായ ചാവറയച്ചൻ മാന്നാനത്തു താമസിച്ചാൽ മെത്രാപ്പോലിത്തായ്ക്ക് ഇടക്കിടക്ക് എന്തെങ്കിലും ആലോചന ചോദിക്കുവാൻ എളുപ്പമല്ലാതിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം വരാപ്പുഴ അടുത്തുണ്ടായിരുന്ന കൂനമ്മാവ് ആശ്രമത്തിലേക്ക് 1864-ൽ അദ്ദേഹം താമസം മാറ്റി. റോക്കോസ് ശിശ്മ കെട്ടടങ്ങിയിരുന്നതുകൊണ്ടും സുറിയാനിസഭയിലെ പല പള്ളികളെ ചേർത്തു നാലു യൂണിറ്റുകൾ ഉണ്ടാക്കുകയും  അവയുടെ ഡെപ്യൂട്ടികളായി ആശ്രമവൈദികരെ ചുമതലപ്പെടുത്തി പള്ളികളുടെ ഭരണകാര്യങ്ങളും മറ്റും ക്രമീകരിച്ചിരുന്നതുകൊണ്ടും കേരള സഭയിൽ പൊതുവേ ശാന്തത അനുഭവപ്പെട്ടിരുന്ന കാലമായിരുന്നു അത്.

1846 മുതൽ കേരള സമൂഹത്തെ വിദ്യാഭ്യാസത്തിൽ ഉയർത്തുവാൻ താൻ നടത്തിവന്നിരുന്ന പരിശ്രമങ്ങളെ ത്വരിതപ്പെടുത്തുവാൻ ചാവറയച്ചൻ തീരുമാനിച്ചു. തന്നെ വികാരി ജനറലായി നിയമിച്ചപ്പോൾ സുറിയാനി സഭയുടെ മേൽ പല പ്രത്യേക അധികാരങ്ങളും ഏല്പിച്ചിരുന്നു. വരാപ്പുഴ വികാരി അപ്പസ്തോലിക്ക ബർണർഡിൻ മെത്രാപ്പോലിത്ത നൽകിയ നിയമനപത്രത്തിലെ പ്രസക്ത വാചകം ഇവിടെ ചേർക്കുന്നു: "... നമ്മുടെ കീഴിൽ മലയാളത്തിലെ സുറിയാനിപ്പള്ളികളിൽപ്പെട്ട വൈദികരുടെയും അൽമായരുടെയും ആത്മ പരിപാലനം നടത്തി ഭരിക്കുന്നതിന് വികാരി ജനറാളായി തന്നെ നാം കല്പിച്ച്, ശുദ്ധമാന പള്ളി അനുവദിച്ചിട്ടുള്ള അധികാരങ്ങളും അനുവാദങ്ങളും കൂടാതെ പ്രത്യേകമായിട്ട് എഴുത്താലെ  നാം തരുന്ന അധികാര പത്രത്തിൽ നാം നൽകുന്ന അധികാരങ്ങളും അനുവാദങ്ങളും കൂടി തനിക്കു നാം തന്നിരിക്കുന്നു..."

സുറിയാനി സഭയുടെ മേൽ തനിക്കു ലഭിച്ചിരിക്കുന്ന വിപുലമായ അധികാരം സഭയുടെ ആരാധനക്രമത്തിലും വിദ്യാഭ്യാസമേഖലയിലുമാണ് ചാവറയച്ചൻ കൂടുതലായി ഉപയോഗിച്ചത്. ആരാധനാ നവീകരണരംഗത്ത് കുർബാന കലണ്ടർ മുതൽ കുർബാന ക്രമംവരെയും, മാതാവിന്റെ ഒപ്പീസുകളും മരിച്ചവരുടെ ഒപ്പീസുകൾ വരെയും വൈദികരുടെ കാനോന

www.malankaralibrary.com

നമസ്കാരവും സഭയുടെ പാരമ്പര്യമനുസരിച്ചു നവീകരിക്കുവാൻ ചാവറയച്ചൻ നേതൃത്വമെടുത്തിരുന്നു. എന്നാൽ വിദ്യാഭ്യാസ രംഗത്തു അദ്ദേഹം എടുത്ത നടപടികൾ നാടിന്റെ മൊത്തം നവോത്ഥാനത്തിനു കാരണമായി.

1864 സെപ്തംബർ പത്തിന് വാഴക്കുളം കൊവേന്തയിലെ സുപ്പിരിയറും കിഴക്കൻ പള്ളികളുടെ ഡെപ്യൂട്ടിയുമായ ജേക്കബ്ബ് കാനാട്ടച്ചന് തന്റെ കീഴിൽ വരുന്ന പള്ളികളിൽ സ്ക്കുളുകൾ നടത്തുന്നതിനെ കുറിച്ച് ലഭിച്ച എഴുത്തിലെ സൂചനപ്രകാരം ഒരു പള്ളിക്കു ഒരു പള്ളിക്കുടം എന്ന സർക്കുലർ പുറപ്പെടുവിച്ചിരിക്കുന്നത് 1864 ജൂലായ് മാസത്തിലായിരിക്കണം. സർക്കുലർ എഴുതിയതിനു ശേഷം രണ്ടുമാസം കഴിഞ്ഞാണ് ഈ കത്തെഴുതുന്നത് എന്ന സൂചനയാണ് ഇതിന് ആധാരം. ചാവറയച്ചൻ തന്നെയാണ് സുറിയാനി പള്ളികൾക്കുവേണ്ടി തയ്യാറാക്കിയ ഈ സർക്കുലർ അയച്ചത് എന്നു ആദ്യകാലചരിത്രകാരന്മരെല്ലാരും സ്ഥാപിച്ചു പറയുകയും നാമകരണനടപടികൾക്കുള്ള പൊസ്സിസ്സിയോയിൽ റോമിൽനിന്നും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 1846-ൽ സംസ്കൃതസ്ക്കുളിന്റെ സ്ഥാപനം മുതലുള്ള ചാവറയച്ചന്റെ നിതാന്ത ശ്രമത്തിന്റെ തുടർച്ചയായിരുന്നു ഈ സർക്കുലർ. ഇപ്രകാരം ഒരു സർക്കുലറിലുടെ മാതാപിതാക്കൾക്ക് മക്കളെ പഠിപ്പിക്കേണ്ടതിന്റെ ആവശ്യകതയും വൈദികർക്ക് സ്ക്കുളുകൾ തുടങ്ങേണ്ടതിന്റെ ഉത്തരവാദിത്വവും വ്യക്തമായി. അങ്ങനെ നാട്ടിൽ മുഴുവൻ വിദ്യാഭ്യാസ കൊണ്ടു വരുത്തിയ മാറ്റങ്ങളുടെ കഥയും കൂടിയാണ് 150വർഷം മുമ്പ് എഴുതിയ ഈ സർക്കുലർ കേരളജനതയെ പ്രത്യേകിച്ചും ഓർപ്പിക്കുന്നത്.

പള്ളികളോടു ചേർന്ന് പള്ളിക്കുടം എന്നത് അമ്പലങ്ങളോടും മദ്രസകളോടും ചേർന്നുള്ള സ്ക്കുളുകളോട് സമാനത തോന്നിക്കാമെങ്കിലും മതപഠനത്തിനോ സംസ്കൃതം പഠിക്കുന്നതിനോ ഇവിടങ്ങളിൽ പ്രധാന്യം കൊടുത്തിരുന്നതുപോലെയല്ലായിരുന്നു പള്ളിക്കൂടങ്ങളുടെ ലക്ഷ്യം. ഇവിടെ ഭാഷാപഠനത്തിലുടെയും വിവിധ വിഷയങ്ങളുടെ പഠനത്തിലുടെയും ജാതി മതങ്ങൾക്കുപരിയായി എല്ലാവർക്കും വിജ്ഞാന സമ്പാദനത്തിനുള്ള വേദിയൊരുക്കുകയാണ് ചെയ്തത്.

കേരളചരിത്രത്തിലേക്ക് പിന്തിരിഞ്ഞു നോക്കുമ്പോൾ ബ്രിട്ടിഷുകാർ നാടു പിടിച്ചടക്കി അവരുടെ കോളനികളാക്കി തുടങ്ങിയശേഷമാണ് വിദ്യാഭ്യാസ രംഗത്തു മറ്റൊരു മാറ്റം ഉണ്ടായിത്തുടങ്ങിയത് എന്നു കാണാം. ബിസ്സിനസ്സിനായി വന്നവരാണെങ്കിലും അവരോടുകൂടി പ്രോട്ടസ്റ്റൻരു മിഷനറിമാരും കടന്നുവന്നു. ഇവർ അവിടെയും ഇവിടെയുമായി ഇംഗ്ലീഷു വിദ്യാഭ്യാസം നടപ്പിലാക്കിത്തുടങ്ങി. രാജാവിന്റെ സർക്കാരും ചില പ്രാഥമിക വിദ്യാകേന്ദ്രങ്ങൾ ആരംഭിച്ചു. ഇതായിരുന്നു കേരളത്തിലെ സ്കുൾ പ്രസ്ഥാനത്തിന്റെ തുടക്കം എന്നു പറയാം. കത്തോലിക്കാ വിശ്വാസം ജനങ്ങളുടെയിടയിൽ നഷ്ടപ്പെടുമോ എന്നു ഭയപ്പെട്ടു കത്തോലിക്കരായ ആളുകളെ ഇംഗ്ലീഷു വിദ്യാഭ്യാസത്തിനു സഭാധികാരികൾ അനുവദിച്ചതുമില്ല.

www.malankaralibrary.com

വിദ്യാഭ്യാസ രംഗത്തു ചാവറയച്ചന്റെ ഇതര സംഭാവനകളെകുറിച്ച് ഇവിടെ ഒരു പുനർവായന നല്ലതാണെന്നു തോന്നുന്നു. ഒരു വശത്തു വിദ്യാഭ്യാസ സാദ്ധ്യതകൾ തെളിഞ്ഞു വന്നു. കത്തോലിക്കർ ഇംഗ്ലീഷു വിദ്യഭ്യാസത്തിനു പോകണ്ടാ എന്നു സഭാധികാരികൾ നിർദ്ദേശിച്ചതോടെ മറുവശത്തു അവരുടെ വിദ്യാഭ്യാസ സാദ്ധ്യത ഇരുളടഞ്ഞതായി. ഈ സാഹചര്യത്തിലാണ് 1846-ൽ ചാവറയച്ചൻ സംസ്കൃത സ്കൂൾ മാന്നാനത്താരംഭിച്ചത്. യൂറോപ്യൻ ഭാഷയുടെ വെല്ലുവിളി നാട്ടിലുണ്ടായപ്പോഴാണ് നാടിന്റെ ഭാഷയുമായി അദ്ദേഹം മുന്നോട്ടു വന്നത്. ഭാരതസംസ്കാരത്തിന്റെ ആത്മാവിലേക്കിറങ്ങാൻ സംസ്കൃത വിദ്യാഭ്യാസം സഹായിക്കും എന്ന ചിന്തയും കൂടിയാണ് ഇതിനദ്ദേഹത്തെ പ്രേരിപ്പിച്ചത്. സംസ്കൃത വിദ്യാഭ്യാസം ആഢ്യരായ ഹിന്ദുക്കൾക്കു മാത്രമുള്ളതാണ് എന്ന നിലപാടിൽനിന്നും എല്ലാ ഭാരതിയന്റെയും അവകാശമാണ് എന്ന ബോദ്ധ്യവും അദ്ദേഹത്തിലുണ്ടായതുകൊണ്ടാണ് ജാതി വർണ വർഗ വിത്യാസമില്ലാതെ ആർക്കും പഠിക്കുവാനുള്ള സാദ്ധ്യതയോടെ ഇൻഡ്യയിലെ ആദ്യത്തെ ഹൈന്തവതേര സംസ്കൃത സ്ക്കുൾ മാന്നാനനത്താരംഭിച്ചത്. തൃശൂരിൽ നിന്നും കൊണ്ടുവന്ന ഒരു വാര്യരായിരുന്നു ഇവിടുത്തെ പ്രധാന അദ്ധ്യാപകൻ. സെമിനാരിക്കാരും അയൽ പ്രദേശത്തുനിന്നുള്ള കുട്ടികളും ഒരുമിച്ചിരുന്നാണ് ഇവിടെ സംസ്കൃതം പഠിച്ചത്. ഇതു ഒരു വിധത്തിൽ സാമൂഹ്യ മാറ്റങ്ങൾക്കുള്ള തുടക്കമായിരുന്നു.

ചാവറയച്ചന്റെ മറ്റൊരു സംരഭമായിരുന്നു ഒരു പൊതുവിദ്യാഭ്യാസ സ്ഥാപനം ഉണ്ടാക്കുക എന്നത്. ഒരു കോളേജിനെയോ, ഭാവിയിൽ അതിനപ്പുറത്തെ ഒരു യൂണിവേഴ്സിറ്റിയോ സ്വപ്നം കണ്ടുകൊണ്ടായിരിക്കാം മെത്രാനച്ചനും മറ്റുള്ളവർക്കും ഇഷ്ടപ്പെടുന്ന ഒരു സ്ഥലത്ത് ഒരു പൊതു വിദ്യാകേന്ദ്രം ഉണ്ടാകണമെന്നദ്ദേഹം ആഗ്രഹിച്ചത്. ഈ വിദ്യാകേന്ദ്രത്തിന് അദ്ദേഹത്തിന്റെ ചിന്തയിൽ രണ്ടു തലങ്ങൾ ഉണ്ടായിരുന്നു. ആദ്യത്തേത് ഭാഷാ പഠനത്തിനുള്ളതാണ്. ഇവിടെ മലയാളം, തമിഴ്, ലത്തീൻ, സുറിയാനി എന്നിങ്ങനെ യുള്ള വ്യത്യസ്ഥ ഭാഷകൾ പഠിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം. രണ്ടാം ഘട്ടത്തിലുള്ള തുടർപഠനത്തിൽ വിവിധ വിഷയങ്ങളും തൊഴിൽ പരിശീലനവും പെട്ടതായിരുന്നു.ഇതു വഴി ഭാവിയിൽ അവരവരുടെ ജീവിതാവശ്യങ്ങൾക്കനുസരിച്ച് ജീവിതമാർഗ്ഗങ്ങൾ കണ്ടത്തുവാൻ കഴിവുള്ളവരാകണം എന്നതായിരുന്നു ചാവറയച്ചൻ ഉദ്ദേശിച്ചിരുന്ന വിദ്യാകേന്ദ്രങ്ങളിലൂടെ നടപ്പിലാക്കേണ്ടിയിരുന്നത്.

ഈ പ്രേരണ കൊടുത്ത് ഇതിന്റെ നടത്തിപ്പിനാവശ്യമായ ഫണ്ടു പിരിക്കുന്നതിന് ഇടവക വൈദികർക്ക് 1850 മാർച്ച് 25ന് അദ്ദേഹം ഒരു സർക്കുലർ അയച്ചു. അതിൽ അദ്ദേഹം ഇപ്രകാരം എഴുതി: "കണ്ണിനു കാഴ്ചയില്ലാത്തവന് ഈ ലോകത്തിലുള്ള വസ്തുക്കൾ കാണാൻ കഴിയാത്തതുപോലെ പഠനം എന്ന വെളിച്ചമില്ലാത്തവന് ഈ ലോകത്തെപോലെ പരലോക

www.malankaralibrary.com

ത്തെയും അതിൽ വസിക്കുന്ന ദൈവത്തെയും കാണാൻ കഴിയുകയില്ല. കണ്ണി ല്ലാത്തവൻ കുരുടനാകുന്നു എന്നതുപോലെ പഠനമില്ലാത്തവൻ ജ്ഞാനക്കു രുടനാകുന്നു". അതുകൊണ്ടു മുകളിൽ പറഞ്ഞ തരത്തിലുള്ള ഒരു വിദ്യാ കേന്ദ്രം ഉണ്ടാക്കുന്നതിനും അതിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന വരുടെ ചെലവുകൾ വഹിക്കുന്നതിനും ശംബളം കൊടുക്കുന്നതിനും ആവ ശ്യമായ ഫണ്ടിനുവേണ്ടി പള്ളികളുടെ വരുമാനത്തിന്റെ പത്തിലൊന്നു മാറ്റി വെക്കുന്നതിനും ഒരു നിശ്ചിതതുക മാസപ്പടിയായിട്ടു നൽകണം എന്നതുമാ യിരിന്നു സർക്കുലറിന്റെ കാതൽ. ഇപ്രകാരം ചാവറയച്ചൻ ജനങ്ങളെയും വൈദികരെയും പ്രേരിപ്പിച്ചു എങ്കിലും അദ്ദേഹത്തിന്റെ ജീവിതകാലത്തു അപ്ര കാരം ഒരു പൊതു വിദ്യാഭ്യാസ കേന്ദ്രം ഉണ്ടായി കാണുവാൻ ഇടവന്നില്ല.

വിദ്യാഭ്യാസ രംഗത്തു ചാവറയച്ചന്റെ മറ്റൊരു വലിയ സംഭാവനയാ യിരുന്നു സ്ത്രീ വിദ്യാഭ്യാസം. ഇതിനായി സ്ത്രീകളെത്തന്നെ ശക്തിപ്പെടു ത്തിക്കൊണ്ടാണ് അദ്ദേഹം നടപടികൾ സ്വീകരിച്ചത്. സ്ത്രീകൾക്കുള്ള സന്യാസിനി മഠം 1866-ൽ കൂനമ്മാവിൽ സ്ഥാപിച്ചുകൊണ്ടാണ് ഈക്കാര്യം അദ്ദേഹം സാധിതമാക്കിയത്. മഠത്തിൽ ചേർന്ന ആദ്യ അംഗങ്ങളെ അദ്ദേ ഹംതന്നെ പലതും പഠിപ്പിച്ചു. മഠത്തോടു ചേർന്ന് ഒരു ബോർഡിംങ്ങ് ഹൗസാണ് ആദ്യം അദ്ദേഹം സ്ഥാപിച്ചത്. ഇവിടെ പെൺകുട്ടികളെ താമ സിപ്പിച്ച് കുറെപ്പേരെ പരിശീലിപ്പിച്ചെടുക്കുക അവരിലൂടെ സമൂഹത്തെയും ഇതായിരുന്നു അദ്ദേഹത്തിന്റെ പോളിസി.

ബോർഡിംങ്ങ് ഹൗസിൽ ചേർന്ന കുട്ടികളെ കൈത്തൊഴിൽ പഠിപ്പി ക്കുകയായിരുന്നു ആദ്യനടപടി. അതിനായി തിരുവനന്തപുരത്തിനടുത്തുള്ള അഞ്ചുതെങ്ങിൽ നിന്നും ഒരു സ്ത്രീയെ കൊണ്ടുവന്നു അവർക്കറിയാവുന്ന കൈത്തൊഴിലുകളായ കൊന്തകെട്ടൽ, ഉത്തരീയ നിർമ്മാണം, ദേവാലയാ ലങ്കാരത്തിനുള്ള അലങ്കാരവസ്തുക്കൾ ഉണ്ടാക്കുക തുടങ്ങിയ കൈത്തൊ ഴിലുകൾ പഠിപ്പിച്ചുതുടങ്ങി. അതിനൊടൊപ്പം എഴുതുവാനും വായിക്കുവാനും പഠിപ്പിച്ചു. 1868 ജനുവരി 2-ന് വിദ്യാഭ്യാസ മേഖലയിലെ വലിയൊരു കാൽ വെയ്പാണ് ചാവറയച്ചൻ തുടങ്ങിയത്. പെൺകുട്ടികൾക്കുവേണ്ടിയുള്ള സ്ക്കൂൾ സ്ഥാപിച്ചുകൊണ്ട്. ഇതായിരുന്നു സ്ത്രീവിദ്യാഭ്യാസരംഗത്തെ ആദ്യ സ്ഥാപനം. ഈ കാര്യങ്ങളിലെല്ലാം ഇറ്റാലിയൻ മിഷനറിയായിരുന്ന ലെയോ പ്പോൾഡ് അച്ചന്റെ സഹകരണം എടുത്തു പറയേണ്ടതാണ്. അദ്ദേഹം സന്യാ സിനിസഭയുടെ സഹസ്ഥാപകനും കൂടിയായിരുന്നു.

ഇപ്രകാരം 1846-മുതൽ ഏതാണ്ട് 25 വർഷക്കാലത്തോളം നടത്തിയ വിദ്യാഭ്യാസ പ്രവർത്തനങ്ങളെയും അദ്ദേഹം ഈ കാര്യത്തിൽ എടുത്ത തീരുമാനങ്ങളെയും നടപടികളെയും ഒരുമിച്ചു വിലയിരുത്തണം. അങ്ങനെ ഒരുമിച്ച് വിലയിരുത്തുന്നവർ കേരളസമൂഹത്തിൽ അദ്ദേഹത്തിന് അർഹ മായ അംഗീകാരം നൽകും.

★

www.malankaralibrary.com

# 3. ന്യൂനപക്ഷാവകാശവും കത്തോലിക്കാ കോൺഗ്രസ്സും

ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവരുടെ ഭാഷാപരവും മതസാംസ്ക്കാരികവുമായ മൂല്യങ്ങൾ സംരക്ഷിക്കാനും പരിപോഷിപ്പിക്കുവാനും ചില വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ക്രൈസ്തവർക്ക് സംവരണമോ മറ്റ് ആനുകൂല്യങ്ങളോ വേണ്ടെന്നും പകരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യം മതിയെന്നുമുള്ള ക്രൈസ്തവ പ്രതിനിധികളുടെ അഭ്യർത്ഥന ഭരണഘടനാ ശിൽപികൾ അംഗീകരിക്കുകയുണ്ടായി. അതനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ക്രൈസ്തവർ നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

എന്നാൽ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുവാനും പ്രവർത്തന സ്വാതന്ത്ര്യം ഇല്ലാതാക്കുവാനുമുള്ള നീക്കങ്ങളാണ് മാറിമാറി വരുന്ന സർക്കാരുകൾ നടത്തിയിട്ടുള്ളത്. ഇതിനെ എക്കാലവും ക്രൈസ്തവ സമുദായം എതിർക്കുകയും അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംരംഭത്തിന് എന്നും എക്കാലവും നേതൃത്വം നൽകിയിട്ടുള്ളത് കത്തോലിക്കാ കോൺഗ്രസ്സാണ്. ഏതെങ്കിലും രാഷ്ട്രീയ കക്ഷികൾ ക്രൈസ്തവ സമുദായത്തിന്റെ വിദ്യാഭ്യാസ സ്വാതന്ത്ര്യ പോരാട്ടത്തിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ അന്നവർ പ്രതിപക്ഷത്തായിരുന്നതുകൊണ്ട് മാത്രമാണ്. അതിന് ഉദാഹരണമാണ് മുണ്ടശ്ശേരി പദ്ധതിയെ എതിർക്കുവാൻ കോൺഗ്രസ്സ് പി. എസ്സ്. ലീഗ് കക്ഷികൾ തയ്യാറായി മുന്നോട്ടു വന്നത്.1972-ലെ സർവ്വകലാശാലാ നിയമത്തിനെതിരെ നടന്ന പോരാട്ടത്തിൽ കേരളാ കോൺഗ്രസ്സ് സഹകരിച്ചത് മറ്റൊരുദാഹരണവുമാണ്. ഈ രണ്ടുസമരത്തിനും പശ്ചാത്തലമൊരുക്കിയത് എ.കെ. സി.സി.യാണ്. പ്രതിപക്ഷത്തായിരുന്നിട്ടുപോലും വളരെ വൈകിയാണ് രാഷ്ട്രീയ പാർട്ടികൾ രംഗത്തെത്തിയത്. വൈകി എത്തിയാതാണെങ്കിൽ പോലും അവരെ സമരത്തിന്റെ മുൻനിരയിലേക്ക് എ.കെ. സി. സി. സ്വാഗതം ചെയ്തു.

കത്തോലിക്കാ കോൺഗ്രസ്സ് ഒരു സ്കൂളോ, കോളേജോ സ്ഥാപിച്ചു നടത്തുന്നില്ല. എന്തിന് ഒരു നഴ്സറി സ്കൂൾപോലും നടത്തുന്നില്ല. സമുദായം നടത്തുന്ന, ഹൈരാർക്കിയും സന്യാസസഭകളുമൊക്കെ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ തങ്ങളുടേതാണെന്നുള്ള ഉറച്ച വിശ്വാസം കൊണ്ടാണ് ഈ നിലപാട് കത്തോലിക്കാ കോണ്ഗ്രസ്സ് എന്നും

www.malankaralibrary.com

സ്വീകരിച്ചിട്ടുള്ളത്. ഈ വസ്തുത സമുദായം പൂർണ്ണമായി മനസ്സിലാക്കിയിട്ടുണ്ടോയെന്ന് ഞങ്ങൾ സംശയിക്കുന്നു.

ന്യൂനപക്ഷദ്രോഹം എന്നും നടത്തുന്ന രാഷ്ട്രീയക്കാർ അഡ്മിഷനും നിയമനത്തിനും വേണ്ടി മാനേജുമെന്റുകളെ സമീപിക്കുമ്പോൾ അവരുടെ താൽപര്യങ്ങൾക്ക് വഴങ്ങി പ്രവർത്തിക്കുന്നതും ന്യൂനപക്ഷ താൽപര്യങ്ങൾക്കുവേണ്ടി എന്നും നിലകൊണ്ടിട്ടുള്ളവരുടെ അഭിപ്രായങ്ങൾക്ക് വേണ്ടത്ര വിലകൽപിക്കാത്തതും കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർക്ക് കാണേണ്ടി വന്നിട്ടുണ്ട്. അതൊന്നും ഒരു വിലപേശലിന് വേണ്ടി കോൺഗ്രസ്സ് വിനിയോഗിച്ചിട്ടില്ല.

വിദ്യാഭ്യാസദേശസാൽക്കരണമാണ് മിക്ക രാഷ്ട്രീയ പാർട്ടികളുടെയും ലക്ഷ്യം. എന്നാൽ പ്രതിപക്ഷത്തായിരിക്കുമ്പോൾ രാഷ്ട്രീയമുതലെടുപ്പിനു വേണ്ടി ഭരണകക്ഷി കൊണ്ടുവരുന്ന വിദ്യാഭ്യാസ ദേശസൽക്കരണ പദ്ധതിയെ എതിർക്കും. അവർ ഭരണകക്ഷിയാകുമ്പോൾ ദേശസൽക്കരണനീക്കങ്ങളെ പിൻതുണയ്ക്കും ഇക്കാര്യം തിരിച്ചറിയാനുള്ള ബോധം സമുദായത്തിനില്ലന്നാണ് അവർ ധരിച്ചിരിക്കുന്നത്. സി.പി. മുതൽ എം. എ. ബേബിവരെയുള്ള ഭരണകർത്താക്കൾ വരെ കൊണ്ടുവന്ന വിദ്യാഭ്യാസ പദ്ധതികളെ ആദ്യം തുടങ്ങി എതിർത്തത് കത്തോലിക്കാ കോൺഗ്രസ്സാണ്. അവസാനനിമിഷം രാഷ്ട്രീയലക്ഷ്യത്തിനുവേണ്ടി സമരരംഗത്തേക്ക് വന്ന രാഷ്ട്രീയപാർട്ടികളെ സമരഭൂമിയിലേക്ക് സ്വാഗതം ചെയ്ത ചരിത്രമാണ് കത്തോലിക്കാ കോൺഗ്രസ്സിനുള്ളത്. കത്തോലിക്കാ കോൺഗ്രസ്സാണ് എന്നും എക്കാലവും വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയിട്ടുള്ളത്. ആ പോരാട്ടത്തിന്റെ ചരിത്രമാണ് ഈ ഗ്രന്ഥം.

★

www.malankaralibrary.com

# 4. വിദ്യാഭ്യാസ പ്രക്ഷോഭണങ്ങളിലേക്ക് ഒരെത്തിനോട്ടം

തിരുവിതാംകൂറിലും കൊച്ചിയിലും, തിരുകൊച്ചിയിലും കേരളത്തിലും വിദ്യാഭ്യാസരംഗത്തെ ക്രൈസ്തവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പല സമരങ്ങളും നടന്നിട്ടുണ്ട്. ആ സമരത്തിന് നേതൃത്വം നൽകിയവരെ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല. തിരുവിതാംകൂറിൽ ദിവാൻ സർ സി. പി. രാമസ്വാമി അയ്യരും, കൊച്ചിയിൽ വിദ്യാഭ്യാസ ഡയറക്ടാറായിരുന്ന ഐ. എൻ. മേനോനും, തിരുകൊച്ചിയിൽ പനമ്പിള്ളി ഗോവിന്ദമേനോനും കേരളത്തിൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുമാണ് സ്വകാര്യ വിദ്യാലയങ്ങളുടെ സ്വതന്ത്രപ്രവർത്തനത്തെ നിയന്ത്രിക്കാനുള്ള നടപടികളുമായി മുന്നോട്ടു വന്നത്. ഈ വിദ്യാഭ്യാസ പദ്ധതികൾക്ക് മുൻപ് തൃശൂർ രൂപതയിലെ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽ 1933-ൽ ചാമ്പ്യൻസ്കീം എന്ന ഒരു പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചു. മദരാശി സംസ്ഥാനത്തിൽപ്പെട്ട ഈ പ്രദേശങ്ങൾ ബ്രിട്ടീഷ് മലബാർ പ്രദേശങ്ങൾ എന്നാണ് അറിയപ്പെട്ടിരുന്നത്. അദ്ധ്യാപകരുടെയും മാനേജുമെന്റുകളുടെയും താല്പര്യങ്ങൾ അവഗണിച്ചുകൊണ്ടും മതപഠനം സ്കൂളുകളിൽ നടത്തുന്നതിനെ എതിർക്കുന്നതുമായ ഒരു പദ്ധതിയായിരുന്നു അത്. അതിനെതിരായി തൃശൂർ അതിരൂപത കേന്ദ്രമായി നടത്തിയ സമരമായിരുന്നു കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സമരം. സർ. സി. പി. യുടെ പ്രൈമറി വിദ്യാലയ ദേശസാൽക്കരണത്തിനെതിരായി നടന്ന പ്രക്ഷോഭണം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി മാറി. ആ പ്രക്ഷോഭണത്തിൽ പങ്കെടുത്ത നിരവധിയാളുകളെ സി. പി. കൽത്തുറങ്കിൽ അടക്കപ്പെടുകയും മർദ്ദിക്കുകയും അവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുകയും ചെയ്തു. എന്തുത്യാഗം അനുഭവിക്കേണ്ടി വന്നാലും കഷ്ടതകൾ സഹിക്കേണ്ടിവന്നാലും വിദ്യാഭ്യാസ സ്വാതന്ത്ര്യം നിലനിർത്തുമെന്ന ഉഗ്രപ്രതിജ്ഞ എടുത്തുകൊണ്ടാണ് അവർ സമരരംഗത്തെത്തിയത്. അവർ വിജയിച്ചു.

കൊച്ചിയിൽ വിദ്യാഭ്യാസ ഡയറക്ടർ ആയിരുന്ന ഐ.എൻ. മേനോന്റെ വിദ്യാഭ്യാസ നയത്തിനെതിരായി നടന്ന പ്രക്ഷോഭണത്തിലും ജനങ്ങൾ സജീവമായി പങ്കുകൊണ്ടു. കേരളത്തിലേതുപോലെ മർദ്ദനമോ ജയിൽ വാസമോ അവർഅനുഭവിക്കേണ്ടി വന്നില്ല.

തിരുകൊച്ചിയിൽ പനമ്പള്ളി ഗോവിന്ദമേനോൻ കൊണ്ടുവന്ന വിദ്യാഭ്യാസപദ്ധതിക്കെതിരെ ശക്തമായ പ്രതിഷേധം രാജ്യമാസകലം നടന്നു. എന്നാൽ കോൺഗ്രസ്സുകാരായ ക്രൈസ്തവ എം.എൽ.എ. മാർ എല്ലാവരും

www.malankaralibrary.com

സഭയുടെ താൽപര്യങ്ങൾക്കെതിരായ നിലപാട് ആണ് സ്വീകരിച്ചത്. എങ്കിലും സമുദായം പനമ്പിള്ളി പദ്ധതിക്കെതിരായി അണിനിരന്നു. രാഷ്ട്രീയക്കാരായ ക്രൈസ്തവർ, ക്രൈസ്തവ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിലധികമായി തങ്ങളുടെ വ്യക്തിപരമായ രാഷ്ട്രീയ ഉന്നതി ലക്ഷ്യമാക്കി പ്രവർത്തിച്ചു. ആ മന്ത്രിസഭയുടെ പതനത്തോടെ പനമ്പിള്ളി പദ്ധതിയും തകർന്നു.

1957-ൽ മുണ്ടശ്ശേരി പദ്ധതിക്കെതിരായി നടന്ന പ്രക്ഷോഭണത്തിൽ ആദ്യം രാഷ്ട്രീയത്തിൽ ഇറങ്ങാൻ മടിച്ചുനിന്നവർ പോലും പ്രക്ഷോഭണത്തിൽ പങ്കുചേർന്നു. പനമ്പിള്ളി പദ്ധതിയെ അന്ന് അനുകൂലിച്ച ക്രൈസ്തവ എം.എൽ.എ മാർ സമരത്തിന്റെ മുൻപന്തിയിൽ ചാടിവീണു. അവർ അന്ന് പ്രതിപക്ഷത്തായിരുന്നു.

സി. പി. യുടെ കാലത്തെ വിദ്യാഭ്യാസ പ്രക്ഷോഭണത്തിനും 1957 ലെ മുണ്ടശ്ശേരിയുടെ കാലത്തെ വിദ്യാഭ്യാസ പ്രക്ഷോഭണത്തിനും ചില സാമ്യങ്ങൾ ഉണ്ട്. സി.പി. യുടെ കാലത്ത് ഇവിടുത്തെ രണ്ടു പ്രബല സമുദായ സംഘടനകളായ എൻ. എസ്സ്.എസ്സും, എസ്സ്. എൻ. ഡി.പി. യും സി. പി. യുടെ പ്രൈമറി വിദ്യാലയങ്ങൾ ദേശസത്ക്കരണത്തെ അനുകൂലിക്കുകയും തങ്ങളുടെ വിദ്യാലയങ്ങൾ സർക്കാരിലേക്ക് സറണ്ടർ ചെയ്ത് കൊടുക്കയും ചെയ്തു. ക്രൈസ്തവരുടെ വിദ്യാലയങ്ങൾ ദേശസാൽക്കാരിക്കുന്നതിന് ശക്തി പകരുന്നതിനാണ് അവർ അങ്ങനെ ചെയ്തത്. മന്നം സ്വാതന്ത്ര്യം കിട്ടുമെന്ന് ഉറപ്പായപ്പോൾ സി.പി.യ്ക്കെതിരായി.

1957-ൽ ശ്രീ. മന്നത്തുപത്മനാഭൻ ആദ്യം മുണ്ടശ്ശേരി പദ്ധതിയെ അനുകൂലിക്കുകയാണ് ചെയ്തത്. ക്രൈസ്തവർ ഒറ്റയ്ക്കുനിന്ന് വിദ്യാഭ്യാസ ബില്ലിനെതിരെ സമരം ചെയ്തു. അവർ സംഘടിപ്പിച്ച യോഗങ്ങളും പ്രകടനങ്ങളും കേരളത്തെ പ്രകമ്പനം കൊള്ളിച്ചു. ആ സമയത്താണ് കെ. ആർ. ഗൗരി കാർഷികബന്ധബിൽ അവതരിപ്പിച്ചത്. ആ ബിൽ സാധാരണക്കാർക്ക് അനുകൂലമായിരുന്നു; ജന്മിത്വം അവസാനിപ്പിക്കുന്നതുമായിരുന്നു. എൻ. എസ്സ്. എസ്സിന് അത് സ്വീകാര്യമല്ലായിരുന്നു. കാർഷികബന്ധുബില്ലിനെ തകർക്കാൻ മന്നത്തു പത്മനാഭൻ തീരുമാനിച്ചു. മുണ്ടശ്ശേരി പദ്ധതിക്ക് അനുകൂലമായി പ്രസ്താവനയിറിക്കിയ മന്നം, മുണ്ടശ്ശേരിയുടെ വിദ്യാഭാസ ബില്ല് വായിക്കാതെയാണ് ഞാൻ പിന്താങ്ങിയതൊന്നും ഇപ്പോൾ വായിച്ചപ്പോഴാണ് അതിന്റെ അപകടം മനസ്സിലാക്കിയതെന്നും അതിനാൽ ബില്ലിനെ എതിർക്കുകയാണെന്നും യാതൊരും മറയുമില്ലാതെ പ്രസ്താവിച്ചു. കാർഷികബന്ധ ബില്ലിന് എതിരായിട്ടുള്ള സമരത്തിന് ക്രൈസ്തവരുടെ പിന്തുണ ആർജ്ജിക്കുവാൻ വേണ്ടിയുള്ള മന്നത്തിന്റെ ഒരടവുനയമായിരുന്നു. മുണ്ടശ്ശേരി പദ്ധതിക്കെതിരായ പ്രക്ഷോഭണം വിമോചനസമരമായി മാറി. അവസാനം ആ മന്ത്രിസഭയുടെ പതനത്തിൽ കാര്യങ്ങൾ കൊണ്ടുപോയി എത്തിച്ചു. വിമോചനസമരം വിജയിച്ചു.

www.malankaralibrary.com

1972-ൽ അവതരിപ്പിച്ച സർവ്വകലാശാല ബില്ലിനെതിരെ നടന്ന പ്രക്ഷോഭണമാണ് പിന്നീടു നടന്ന വലിയ പ്രക്ഷോഭണം. സർ സി. പി. യുടെ പ്രൈമറി വിദ്യാഭ്യാസ ദേശസാൽക്കരണത്തെയും മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ദേശസാൽക്കരണ സംരംഭത്തെയും എതിർത്ത കോൺഗ്രസ്സുകാരാണ് ഈ ബില്ലിന്റെ പിന്നിൽ പ്രവർത്തിച്ചത്. സമരത്തിന് നേതൃത്വം നൽകിയ അവർ ഷെഡുകൾ കെട്ടി കോളേജുകൾ നടത്താൻ തീരമാനിച്ചു. പിന്നീട് മുഖ്യമന്ത്രിയായ എ. കെ. ആന്റണിയും യൂത്ത് കോൺഗ്രസ്സുകാരുമാണ് രാജ്യമാസകലം സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ സംഘടിതമായി നീങ്ങിയത്.

മൂന്നു ദശാബ്ദങ്ങൾ ഇതേരീതിയിൽ കടന്നുപോയി. കർണ്ണാടാകയിലും തമിഴ്നാട്ടിലുമൊക്കെ പോയി കേരള വിദ്യാർത്ഥികൾ വൻതുകകൾ കോഴകൊടുത്ത് സാങ്കേതിക വിദ്യാലയങ്ങളിൽ പഠിച്ചു. പ്രതിവർഷം അന്യസംസ്ഥാനങ്ങളിലേക്ക് 900 കോടി രൂപ ഒഴുകിയെന്നാണ് കണക്ക്. ഈ സാഹചര്യം സൃഷ്ടിച്ചതിൽ ഒരു പക്ഷേ ഇന്നത്തെ കേരള മുഖ്യമന്ത്രിക്ക് ദുഃഖമുണ്ടാകാം. അതുകൊണ്ടാണ് ചില സിദ്ധാന്തങ്ങളുടെ തടവറയിൽ നിന്നും മോചിതരായി സ്വാശ്രയ വിദ്യാലയങ്ങൾ സ്ഥാപിക്കാൻ ഞങ്ങൾ തീരുമാനിച്ചതെന്ന് മുഖ്യമന്ത്രി വെട്ടിതുറന്ന് പ്രസ്താവിച്ചത്. അങ്ങനെ പ്രസ്താവിച്ചെങ്കിലും സ്വാശ്രയ മെഡിക്കൽ, എൻജിനീയറിംഗ് കോളേജുകളെ ദ്രോഹിക്കാനുള്ള നടപടികളാണ് ആന്റണി സർക്കാർ തുടർന്നത്. കോടതിവിധികളെപോലും ധിക്കരിക്കുകയാണ് കേരള സർക്കാർ. എൻ.ഒ.സി. തിരിച്ചേൽപ്പിച്ചിട്ട് നാടുവിട്ടുകൊള്ളാൻ ഭീക്ഷണിപ്പെടുത്തുകയാണ്. തുടർന്നുള്ള വിവരങ്ങൾ വിശദീകരിക്കുന്നില്ല. 1972 ലെ കോളേജ് സമരത്തിൽ സജീവമായി പങ്കെടുത്ത കേരളാ കോൺഗ്രസ്സുകൾ ഈസമയം ഭരണത്തിൽ തുടരുകയാണ്. ശ്രീ. ആന്റണിയുടെ നിലപാടിനെതിരെ ചെറുവിരൽ പോലും അനക്കുവാൻ കേരള കോൺഗ്രസ്സ് മന്ത്രിമാർ തയ്യാറായില്ല. അധികാരമാണ് വലുത്. പ്രതിപക്ഷത്താണെങ്കിൽ മാത്രമെ വിദ്യാഭ്യാസ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ ശ്രമിക്കുകയുള്ളുവെന്ന് അവർ നമ്മോട് മൗനമായി പറയുകയാണ്.

രാഷ്ട്രീയക്കാരുടെ ന്യൂനപക്ഷ പ്രേമവും സ്വകാര്യ വിദ്യാലയങ്ങളോടുള്ള സ്നേഹവും ഒക്കെ പ്രതിപക്ഷത്തിരിക്കുമ്പോൾ മാത്രമുള്ളതാണെന്ന തിരിച്ചറിവ് സമൂഹത്തിനുണ്ടാകണം. ഈ സത്യം മനസ്സിലാക്കി സമുദായത്തിന്റെ താൽപര്യം സംരക്ഷിക്കുവാൻ ദൃഢപ്രതിജ്ഞയെടുക്കുവാൻ തയ്യാറുള്ള ഒരു ശക്തിയെ നാം വളർത്തിക്കൊണ്ടുവരികതന്നെ വേണം. ഒരു രാഷ്ട്രീയക്കാരനെയും ആശ്രയിച്ചുകൊണ്ട് പ്രയോജനമില്ലെന്ന് കഴിഞ്ഞ കാലാനുഭവങ്ങൾ തെളിയിച്ചുകഴിഞ്ഞു. രാഷ്ട്രീയത്തിനതീതമായി സമുദായ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ തയ്യാറുള്ള ഒരു വിഭാഗം ഇവിടെയുണ്ടായിരുന്നു. അങ്ങനെയുള്ളവരെയാണ് നമ്മുക്കാവശ്യം. ★

www.malankaralibrary.com

# 5. ആദ്യ സമരം തൃശൂർ രൂപതയിൽ

ഭാരതം സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് മുൻപ് തിരുവിതാംകൂറും കൊച്ചിയും മലബാറും പ്രത്യേക ഭരണത്തിൻകീഴിലായിരുന്നു. തിരുവിതാം കൂറിലും കൊച്ചിയിലും രാജഭരണം നിലനിന്നിരുന്നു. മലബാറാകട്ടെ മദി രാശി സംസ്ഥാനത്തിൽപ്പെട്ട പ്രദേശവുമായിരുന്നു. തൃശ്ശൂർ രൂപതയുടെ വടക്കു പടിഞ്ഞാറൻ മേഖലകൾ മദിരാശി സംസ്ഥാനത്തിൽപ്പെട്ട പ്രദേശ ങ്ങളായിരുന്നു. ആ പ്രദേശങ്ങൾ ബ്രിട്ടീഷ് മലബാർ പ്രദേശങ്ങൾ എന്നാണ് അറിയപ്പെട്ടിരുന്നത്. ഈ പ്രദേശങ്ങളിലെ സ്വകാര്യസ്കൂളുകളിൽ 1933-ൽ നടപ്പാക്കിയ 'ചാമ്പ്യൻസ്കീം' എന്ന വിദ്യാഭ്യാസ പരിഷ്ക്കാരമാണ് പൊതു സമൂഹത്തിന്റെയും രൂപതയുടെയും എതിർപ്പിനിടയാക്കിയത്.

## ചാമ്പ്യൻസ്കീം

1933 മാർച്ച് ഒന്നിന് മാതൃഭൂമിയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഒരു സ്കൂളുകളിലെ അദ്ധ്യാപകരെ മറ്റു സ്കൂളുകളിലേയ്ക്ക് മാറ്റി ബുദ്ധി മുട്ടിക്കുന്ന നടപടിയാണ് പൊതുസമൂഹത്തിന്റെയും അദ്ധ്യാപക സമൂഹ ത്തിന്റെയും പ്രതിഷേധത്തിനിടയാക്കിയത്." എന്നാൽ ഇതുമാത്രമല്ല ചാമ്പ്യൻ സ്കീമിനെ എതിർക്കാൻ കാരണം. ക്രൈസ്തവർക്ക് മതപര മായ വിദ്യാഭ്യാസത്തിനും പരിശീലനത്തിനും സൗകര്യം നിഷേധിക്കുന്ന വകുപ്പുകൾ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തിയിരുന്നുവെന്നതാണ്. തന്നെ യുമല്ല തങ്ങൾക്ക് താൽപര്യമില്ലാത്ത അദ്ധ്യാപകരെ തങ്ങളുടെ സ്കൂളുക ളിൽ ഉൾക്കൊള്ളിക്കേണ്ടിവരുമെന്ന സ്ഥിതിയും ഈ സ്കീമിലൂടെവന്നുചേ രുന്നു. തൃശൂർ രൂപത കത്തോലിക്കാ സ്കൂൾ മാനേജർമാരുടെ പ്രതിഷേധ ത്തിന് ഈ വ്യവസ്ഥകൾ കാരണമാക്കി.

1934 ലെ നവജീവിക (തൃശൂർ രൂപതവക മാസാന്തപത്രിക) യിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ചാമ്പ്യൻസ്കീം എന്ന നവീന പ്രസ്ഥാനം പ്രായോഗികമല്ലെന്നും, ദുർഭരണ ചിലവിന് കാരണമാകുമെന്നും വാദിച്ച് കത്തോലിക്കരും കത്തോലിക്കരല്ലാത്തവരുമായ ജനങ്ങൾ പ്രക്ഷോ ഭണം നടത്തി വരുന്നുണ്ട്. കത്തോലിക്കരെ സംബന്ധിച്ചു പറയുകയാണെ ങ്കിൽ നവീകരണം പൊതുവായി ഉത്തമരീതിയിൽ കാര്യക്ഷമമായി നടത്തി വരുന്ന അനേകം വിദ്യാലയങ്ങൾ നാമാവശേഷമാകുമെന്നും, മാത്രമല്ല മത പരമായ വിദ്യാഭ്യാസത്തിനും പരിശീലനത്തിനും സൗകര്യം തീരെ ഇല്ലാ താകുമെന്നും, ആയതിനാൽ സംസ്ഥാനത്തിന്റെ മറ്റുഭാഗങ്ങളിൽ എന്ന

www.malankaralibrary.com

പോലെ ബ്രിട്ടീഷ് മലബാറിലുള്ള (തൃശൂർ അതിരൂപതയുടെ വടക്കുപടിഞ്ഞാറൻ മേഖലകൾ) കത്തോലിക്കാ വിദ്യാഭ്യാസ പ്രവർത്തകരും മറ്റ് സഹൃദയരും സഹകരിച്ച് പ്രതിഷേധയോഗംകൂടി ചാമ്പ്യൻസ്കീമിൽ അന്തർഭവിച്ചുകിടക്കുന്ന വിപത്തുകളെപറ്റി ശക്തിമത്തായി പ്രമേയങ്ങൾ പാസ്സാക്കുകയും അവയെ അധികൃത സ്ഥാനങ്ങളിലേയ്ക്ക് അയച്ചു കൊടുക്കുകയും ചെയ്യേണ്ടതാകുന്നു."

26-01-1934 തൃശൂർ മെത്രാൻ തിരുമേനി ചാമ്പ്യൻ സ്കീം പദ്ധതിക്കെതിരായ നീക്കങ്ങൾ നടത്തുന്നതിന് ബഹു. ചെറുനിലത്ത് മത്തായി അച്ചനെ നിയമിക്കുകയുണ്ടായി. മത്തായിയച്ചനെ കത്തോലിക്കാ വിദ്യാലയങ്ങളുടെ ഇൻസ്പെക്ടർ ആയി നിയമിക്കുകയും ചെയ്തിരുന്നു.

ബ്രിട്ടീഷ് മലബാർ സിറിയൻ കത്തോലിക്ക സ്കൂൾ മാനേജർമാരുടെ ഒരുയോഗം 1934 ഫെബ്രുവരി 28-ന് സമ്മേളിച്ച് "ബ്രിട്ടീഷ് മലബാർ സിറിയൻ കാത്തലിക് അസോസിയേഷൻ രൂപീകരിച്ചു. ആ സംഘത്തിന്റെ നേതൃത്വത്തിൽ നിരവധിസ്ഥലങ്ങളിൽ ചാമ്പ്യൻസ്കീമിനെതിരായി യോഗങ്ങൾ നടന്നു. പ്രക്ഷോഭണം ശക്തമായതിനെ തുടർന്ന് ചാമ്പ്യൻസ്കീമിലെ വിമർശനവിധേയമായ ഭാഗങ്ങൾ സർക്കാർ മാറ്റുവാൻ തയ്യാറായി. 21-03-1993 ൽ മാതൃഭൂമിയിൽ ചാമ്പ്യൻസ്കീമിനെപ്പറ്റിവന്ന ഒരു കുറുപ്പ് താഴെ ചേർക്കുന്നു.

## ഇതാണോ ചാമ്പിയൻസ്കീം

എലിമണ്ടറി സ്കൂൾ മാസ്റ്റർമാർ കണ്ണീർ പൊഴിച്ച് സങ്കടം പറയുന്നു. ട്രെയിനിങ്ങ് കഴിച്ചുവന്നു ഒരുവിധം ഭഗീരഥപ്രയത്നം എടുത്തു ബോർഡ് സർവീസിൽ ശമ്പളം നോക്കാതെ ചേർന്നുകൂടുമ്പോഴേക്കു പുതിയ മെമ്പർമാരും പ്രസിഡന്റുമായി 'ചാമ്പിയൻ സ്കീം' എന്ന പേരും പറഞ്ഞു അവരെ കരുണയന്യെ പരിച്ചയയ്ക്കുകയും മറ്റു ചിലരെ കണ്ണെത്താത്തതും കേൾക്കാത്തതുമായ ദിക്കുകളിലേക്കു മാറ്റുകയും ശമ്പളം ചുരുക്കുകയും മറ്റും ചെയ്യുന്നു. പ്രസവം കഴിഞ്ഞ് തൊണ്ണൂറു കഴിയാത്ത മിസ്ട്രസ്മാർക്കും ഉണ്ടത്രെ അന്യദിക്കുകളിലേക്കു പെട്ടെന്നുള്ള മാറ്റം. അവർ കുട്ടികളെയുമെടുത്തു വീടന്വേഷിച്ചു അപരിചിതമായ ദിക്കുകളിൽ നടക്കേണ്ടി വരുന്നു. സങ്കടം പറയാൻ ചെന്നാൽ ശമ്പളം ഒന്നുകൂടി ചുരുക്കുകയോ കുറെക്കൂടി അകലേക്കു മാറ്റുകയോ ചെയ്തുവെങ്കിലോ എന്നുകൂടി സംശയിക്കേണ്ടതായും ഇരിക്കുന്നു. വിദ്യാർത്ഥികളാണെങ്കിൽ അംശങ്ങളിൽ വല്ല മൂലയ്ക്കുമുള്ള സെൻട്രൽ സ്കൂളിൽ ചേർത്തിക്കിട്ടുമോ? എന്നന്വേഷിച്ചു നടക്കുകയുണ്ടായി. ബാലികാ ബാലന്മാർ വ്യത്യാസംകൂടാതെ കഷ്ടപ്പെടേണ്ടതായും വരുന്നു. ഇങ്ങനെയാണോ 'ചാമ്പിയൻ സ്കീം'.

★

www.malankaralibrary.com

# 6. വിദ്യാഭ്യാസ സ്വാതന്ത്ര്യ സംരക്ഷണത്തിനുവേണ്ടിയുള്ള മെത്രാന്മാരുടെ സംയുക്ത ഇടയലേഖനം

(മാർ കാളാശ്ശേരി തിരുമേനി അധികാരമേറ്റയുടനെ തന്നെ കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെപ്പറ്റി ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുകയുണ്ടായി. സർ സി. പി. രാമസ്വാമി അയ്യർ പ്രൈമറി വിദ്യാലയങ്ങൾ ദേശസാൽക്കരിക്കാനുള്ള ശ്രമത്തെ അദ്ദേഹം മുൻകൂട്ടി കണ്ടിരുന്നുവെന്നതാണ് സത്യം. സി. പി. യുടെ വിദ്യാഭ്യാസദേശസാൽക്കണ ശ്രമങ്ങൾ ആരംഭിച്ചപ്പോൾ തിരുവിതാംകൂറിലെയും കൊച്ചിയിലെയും കത്തോലിക്കാ മെത്രാന്മാർ ചേർന്ന് പുറപ്പെടുവിച്ച സംയുക്ത ഇടയലേഖനം സഭാചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ്. പ്രസ്തുത ഇടയ ലേഖനത്തെപ്പറ്റി പ്രമുഖ ദൈവശാസ്ത്രജ്ഞനും വിദ്യാഭ്യാസ പ്രവർത്തകനുമായ പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ" മാർ ജെയിംസ് കാളാശ്ശേരിയുടെ ഇടയലേഖനങ്ങൾ -ഒരു പഠനം" എന്ന ഗ്രന്ഥത്തിൽ എഴുതിയ ലേഖനത്തിലെ പ്രസക്തഭാഗങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.)

കണ്ണിലെ കൃഷ്ണമണിപോലെ നമ്മുടെ പിതാമഹന്മാർ കാത്തുസൂക്ഷിച്ചുപോന്ന വിദ്യാഭ്യാസ സ്വാതന്ത്ര്യം എടുത്തു കളയുവാൻ തിരുവിതാംകൂർ ദിവാനായി വന്ന സർ സി. പി. രാമസ്വാമി അയ്യർ അന്നത്തെ സ്റ്റേറ്റ് കൗൺസിലിന്റെയും ഗവൺമെന്റിന്റെയും പേരിൽ തീരുമാനമെടുത്തപ്പോൾ ഇതിലടങ്ങിയിരിക്കുന്ന അപകടം അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കുവാനും അർത്ഥശങ്ക കൂടാതെ അതിനെ എതിർക്കുവാനും കാളാശ്ശേരി പിതാവിനു സാധിച്ചു എന്നതിലാണ് അദ്ദേഹത്തിന്റെ മഹത്വം നാം കാണേണ്ടത്. വിദ്യാഭ്യാസ സ്വാതന്ത്ര്യം നഷ്ടപ്പെടുമ്പോൾ നഷ്ടമാകുന്നത് മതസ്വാതന്ത്ര്യം തന്നെയാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു എന്നത് വരും തലമുറകൾക്ക് ഒരു പാഠമാകേണ്ടതാണ്. സർ സി. പി. യുമായി വിദ്യാഭ്യാസ പ്രശ്നത്തിലുണ്ടായ ഏറ്റുമുട്ടൽ പെട്ടെന്നുണ്ടായ വികാരക്ഷോഭത്തിന്റെ ഫലമായിരുന്നില്ല. മറിച്ച് ക്രൈസ്തവ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉൾക്കാഴ്ചകളിൽനിന്ന് ഉരുത്തിരിഞ്ഞ ബോധ്യങ്ങളാണ് സർ സി. പി. രാമസ്വാമി അയ്യർ എന്ന ഉഗ്രപ്രതാപവാന്റെ വിദ്യാഭ്യാസ നയത്തെ എതിർക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. രൂപാതാഭരണം ഏറ്റെടുത്ത് ഒരു വർഷം പൂർത്തിയാക്കിയ 1928– ൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ 5-ാം നമ്പർ ഇടയലേഖ

www.malankaralibrary.com

നവും 1934-ലെ 26-ാം നമ്പർ ഇടയലേഖനവും കത്തോലിക്കാ വിദ്യഭ്യാസ ത്തെക്കുറിച്ചായിരുന്നു. കുട്ടികളുടെ വിദ്യാഭ്യാസ പരിശീലനത്തിൽ കത്തോലിക്കാ വിദ്യാലയങ്ങൾക്കുള്ള പങ്കും പ്രാധാന്യവും രണ്ട് ഇടയലേഖനങ്ങളിലും എടുത്തുപറയുന്നുണ്ട്.

കാളാശ്ശേരി പിതാവിന്റെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച ശരിക്കും മനസ്സിലാക്കണമെങ്കിൽ തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങളിലെ കത്തോലിക്കാ മെത്രന്മാരുടേതായി 1943 ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ച സംയുക്ത ഇടയലേഖനം നാം ശ്രദ്ധയോടുംകൂടി പഠിക്കേണ്ടതുണ്ട്. എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിൽ, തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഇവാനിയോസ്, വരാപ്പുഴ മെത്രാപ്പോലീത്താ മാർ ജോസഫ് അട്ടിപ്പേറ്റി, കോട്ടയം മെത്രാൻ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ, ചങ്ങനാശ്ശേരി മെത്രാൻ മാർ ജെയിംസ് കാളാശ്ശേരി, ഉൾപ്പെടെ അന്ന് തിരുവിതാംകൂർ - കൊച്ചി ഭാഗത്തുണ്ടായിരുന്ന 11 മെത്രാൻമാർ സംയുക്തമായി പുറപ്പെടുവിച്ചതാണത്. ഇങ്ങനെയൊരു സംയുക്ത ഇടയലേഖനമുണ്ടാകുന്നത് കേരള സഭയിൽ ആദ്യമായിട്ടായിരുന്നു എന്നതിൽ നിന്നു തന്നെ കത്തോലിക്കാ വിദ്യാഭ്യാസത്തിന് നമ്മുടെ പിതാക്കന്മാർ നൽകിപ്പോന്ന പ്രാധാന്യം വ്യക്തമാണല്ലോ. പ്രസ്തുത ഇടയ ലേഖനം വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സഭയുടെ നയമെന്താണെന്ന് വ്യക്തമാക്കുകയും പിതാക്കന്മാർ അതിനെ ശരിവയ്ക്കുകയും ചെയ്തു. 13-ാം ലെയോ, പതിനൊന്നാം പീയൂസ് എന്നീ മാർപാപ്പമാരുടെ പ്രബോധനങ്ങളുടെയും കത്തോലിക്കാ വിദ്യാഭ്യാസത്തെക്കുറിച്ച് അന്നുനിലവിലുണ്ടായിരുന്ന കാനോൻ നിയമങ്ങളുടെയും അടിസ്ഥാനത്തിൽ എഴുതപ്പെട്ട ഈ സംയുക്ത ഇടയലേഖനത്തെ കത്തോലിക്കാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഒരു പ്രഖ്യാപനമെന്നോ അവകാശ പത്രികയെന്നോ (Charter of Rights) വിശേഷിപ്പിക്കാവുന്നതാണ്. അപ്പോസ്തോലന്മാരുടെ പിൻഗാമികളെന്ന നിലയിലുള്ള പ്രബോധനധികാരം ഉപയോഗിച്ച് പുറപ്പെടുവിച്ച ആധികാരികമായ ഒരു പ്രബോധന രേഖയായിരുന്നു ഇത്. കാളാശ്ശേരി പിതാവിന് വിദ്യാഭ്യാസവിഷയത്തിൽ മാർഗ്ഗദർശ്ശനം നൽകിയത് ഈ സമയത്തെ ഇടയലേഖനമായിരുന്നുവെന്ന് വേണം കരുതുവാൻ. മാത്രമല്ല ഇതിന്റെ പ്രയോക്താക്കളിൽ ഒരാളെന്ന നിലയിൽ പിതാവിന് ഇതിലെ ആശയങ്ങളോട് ഏറെ പ്രതിബദ്ധത ഉണ്ടായിരുന്നു. കാളാശ്ശേരി പിതാവിന്റെ വിദ്യാഭ്യാസ ദർശനത്തിന് അടിസ്ഥാനമായി തീർന്ന ഒരു രേഖയെന്ന നിലയിൽ ഇത് നമ്മുടെ പരിചിന്തനത്തിന് വിഷയമാകേണ്ടതാണ്. സംയുക്ത ഇടയലേഖനം കാളാശ്ശേരി പിതാവ് പള്ളികളിലേക്ക് അയച്ചുകൊടുക്കുന്നത് താഴെ പറയുന്ന ഒരു ചെറുകുറിപ്പോടുകൂടിയാണ്. "വിദ്യാഭ്യാസത്തെപ്പറ്റിയുള്ള തിരുസഭയുടെ പ്രബോധനങ്ങളും മാതാപിതാക്കന്മാരും രക്ഷകർത്താക്കളും തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ വിഷയത്തിലുള്ള

www.malankaralibrary.com

അവകാശങ്ങളും കടമകളും ശരിയാംവണ്ണം മനസ്സിലാക്കി സർവ്വപ്രധാനമായ ഇക്കാര്യത്തിൽ പൂർവ്വാധികം ശ്രദ്ധപതിക്കണമെന്ന് ഏവരെയും നാം പ്രത്യേകം ഉദ്ബോധിപ്പിക്കുന്നു." സംയുക്ത ഇടയലേഖനം പിതാവ് പ്രസിദ്ധീകരിച്ചിരിക്കുന്നത് അദ്ദേഹത്തിന്റെ തന്നെ 108-ാം നമ്പർ ഇടയലേഖനമായിട്ടാണ്. ഇടയലേഖനത്തിലെ മുഖ്യ ആശയങ്ങൾ താഴെ പറയുന്നവയാണ്.

കത്തോലിക്കാ വിദ്യാഭ്യാസത്തിന് സഭ എക്കാലത്തും ഏറെ പ്രാധാന്യം നൽകിപ്പോന്നിരുന്നു. വിദ്യാഭ്യാസ അവകാശം സഭയ്ക്ക് ദൈവദത്തമായി ലഭിച്ചിട്ടുള്ളതാണ്. കത്തോലിക്കാ സഭ ലോകചരിത്രത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസ ഏജൻസിയാണെന്ന് പറഞ്ഞുകൊണ്ട് ഈ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും സ്വഭാവവും പിതാക്കന്മാർ വ്യക്തമാക്കുന്നു. മനുഷ്യനെ അവന്റെ പൂർണ്ണതയിൽ കണ്ടുകൊണ്ട് നൽകുന്ന ഒരു സമഗ്ര വിദ്യാഭ്യാസ രീതിയാണ് കത്തോലിക്കാസഭ മുന്നോട്ട് വയ്ക്കുന്നത്. അതിന്റെ അന്തിമ ലക്ഷ്യം ജീവിതത്തിന്റെ തന്നെ അന്തിമലക്ഷ്യമായി ഈശ്വരനെ പ്രാപിക്കുക എന്നതായിരിക്കണം. കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ പ്രധാന ഉദ്ദേശ്യം മതബോധനവും മതപരിശീലനവും ആയതുകൊണ്ട് സ്വന്തമായി വിദ്യാലയങ്ങൾ നടത്തിക്കൊണ്ടുപോകുവാനുള്ള അവകാശം കത്തോലിക്കാ സഭയ്ക്കുണ്ട്. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ സ്വാതന്ത്ര്യം എന്നത് അവരുടെ മതസ്വാതന്ത്ര്യത്തിന്റെ തന്നെ ഭാഗമാണ്. കത്തോലിക്കാ കുട്ടകളെ കത്തോലിക്കാ വിദ്യാലയങ്ങളിൽ തന്നെ അയച്ച് കത്തോലിക്കാ വിദ്യാഭ്യാസം നൽകുവാൻ മാതാപിതാക്കൾക്ക് ചുമതലയുണ്ട്. മതത്തിനും രാഷ്ട്രത്തിനും പ്രത്യേകമായ പ്രവർത്തന മേഖലകളുണ്ട്. ഈ മേഖലകൾ വ്യത്യസ്തമാണെങ്കിലും അവയ്ക്കു തമ്മിൽ വൈരുദ്ധ്യമുണ്ടാകുവാൻ പാടില്ല. പരസ്പരം കൈ കടത്തുവാനും പാടുള്ളതല്ല. ദൈവത്തിനുള്ളത് ദൈവത്തിനും സീസറിനുള്ളത് സീസറിനും എന്നുള്ള വേദവാക്യം ആയിരിക്കണം, ഇക്കാര്യത്തിൽ നമുക്ക് മാർഗ്ഗനിർദ്ദേശമായിരിക്കേണ്ടത്. വിദ്യാഭ്യാസ കാര്യത്തിൽ സഭയും രാഷ്ട്രവും തമ്മിൽ മല്ലടിക്കുകയല്ല, സഹകരിക്കുകയാണ് വേണ്ടത്. ക്രൈസ്തവ ഏജൻസികളുടെ ഉടമസ്ഥതയിലുള്ള വിദ്യാലയങ്ങളെ സഹായിക്കുവാൻ സർക്കാരിന് ചുമതലയുണ്ട് - എന്നിങ്ങനെ പോകുന്നു സംയുക്ത ഇടയലേഖനത്തിലെ ആശയങ്ങൾ. അവസാനമായി കേരളത്തിൽ നടക്കുവാൻ പോകുന്ന വിദ്യാലയ ദേശവത്ക്കരണ സംരംഭത്തെ മുൻകൂട്ടി കണ്ടുകൊണ്ടെന്നപോലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ രാഷ്ട്രത്തിന്റെ കുത്തകയാക്കുന്നതിന് എതിരായ ഒരു മുന്നറിയിപ്പു കൂടി പിതാക്കന്മാർ നൽകുന്നുണ്ട്. സർ സി. പി. ദേശവത്ക്കരിക്കാനുദ്ദേശിച്ചിരുന്ന പ്രാഥമികവിദ്യാലയങ്ങളുടെ പ്രാധാന്യം ഇടയലേഖനത്തിൽ എടുത്തുപറയുന്നുണ്ട്. ആ ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ. "പ്രാഥമിക വിദ്യാഭ്യാസപ്രവർത്തനത്തെ കുത്തകയാക്കി വെക്കാൻ ഗവൺ

www.malankaralibrary.com

മെന്റുകൾ ചെയ്യുന്ന ഏതുശ്രമവും കത്തോലിക്കർ ന്യായമായി അർഹിക്കുന്ന അവകാശങ്ങളോടുള്ള ഒരു വലിയ കയ്യേറ്റമായിരിക്കുന്നതാണ്. അതു കത്തോലിക്കർക്കു വരുത്തിവയ്ക്കുന്ന ഉപദ്രവത്തിനുപുറമെ, അകത്തോലിക്കരുടെ ഭാവി തലമുറകളിൽ തന്നെയും അതിന്റെ നാശകരമായ ഫലങ്ങൾ പുറപ്പെടുവിക്കും. അത് വിദ്യാഭ്യാസ പ്രവർത്തനത്തിൽ പ്രശസ്തമായ ജോലിചെയ്യുന്നതിന് കഴിവുള്ളവരായ- ഗവൺമെന്റുകളെക്കാൾ കൂടുതൽ കാര്യക്ഷമമായും അതേസമയം തന്നെ ചുരുങ്ങിയ ചെലവിലും ആ ജോലി നിർവ്വഹിക്കുവാൻ കഴിവുള്ളവരായ - പ്രൈവറ്റ് ഏജൻസികളെ രംഗത്തു നിന്ന് ബഹിഷ്ക്കരിച്ചുകൊണ്ട് വിദ്യാഭ്യാസത്തിന്റെ പുരോഗതിയെ നിരോധിക്കുകയും ചെയ്യും." സംയുക്ത ഇടയലേഖനത്തിന്റെ ആശയങ്ങൾ പ്രത്യേകിച്ച് പ്രാഥമിക വിദ്യാഭ്യാസത്തെ സർക്കാരിന്റെ കുത്തകയാക്കുന്നതിന് എതിരായ മുന്നറിയിപ്പ് കാളശ്ശേരി പിതാവ് ഗൗരവമായി തന്നെ എടുത്തിട്ടുണ്ടാവണം.

ആയിരത്തിതൊള്ളായിരത്തി നാൽപത്തിമൂന്നാമാണ്ടിൽ ഈശോയുടെ എത്രയും പരിശുദ്ധഹൃദയത്തിന്റെ തിരുനാളായ ജൂലൈ രണ്ടാം തീയതി നൽകപ്പെട്ടതും തിരുവിതാംകൂറിലെയും കൊച്ചിയിലെയയും വൈദീകദ്ധ്യക്ഷൻമാരെല്ലാവരും ഒപ്പുവെച്ചിരിക്കുന്നതുമായ ഈ ലിഖിതം കൈപ്പറ്റിയാൽ മൂന്നു ഞായറാഴ്ചകളിൽ തുടർച്ചയായി കുർബാന സമയത്ത് സുവിശേഷം കഴിഞ്ഞ് പരസ്യമായി വായിച്ചുകൊള്ളണം.

സംയുക്ത ഇടയ ലേഖനത്തിൽ ഒപ്പുവച്ചത് താഴെ പറയുന്ന പിതാക്കന്മാരാണ്.

- മാർ അഗസ്റ്റിൻ കണ്ടത്തിൽ - എറണാകുളം മെത്രാപ്പോലീത്താ
- മാർ ഇവാനിയോസ് - തിരുവനന്തപുരം മെത്രാപ്പോലിത്താ
- അലക്സാണ്ടർ ചൂളപ്പറമ്പിൽ - കോട്ടയം മെത്രാൻ
- ജോസഫ് അട്ടിപ്പേറ്റി - വരാപ്പുഴ മെത്രാപ്പോലീത്താ
- ജെയിംസ് കാളാശ്ശേരി - ചങ്ങനാശ്ശേരി മെത്രാൻ
- ഫാ. ബൊൻവൻതൂരാ അരാനാ - ഒ. സി. ഡി., വിജയപുരം മെത്രാൻ
- ഫാ. വിൻസെന്റ് ഡിറേയിരാ ഒ. സി. ഡി, തിരുവനന്തപുരം മെത്രാൻ
- ജെറോം ഫെർണാണ്ടസ് - കൊല്ലം മെത്രാൻ
- റോക്ക് അഗ്നിസ്വാമി എസ്. ജെ. - കോട്ടാർ മെത്രാൻ
- ജോസ് അൽവേർന്നസ് - കൊച്ചി മെത്രാൻ
- മാർ ജോസഫ് സെവേരിയൂസ് - തിരുവല്ല അഡ്മിനിസ്ട്രേറ്റർ
- മാത്യു എടക്കളത്തൂർ - തൃശ്ശൂർ അഡ്മിനിസ്ട്രേറ്റർ

സംയുക്ത ഇടയലേഖനം പ്രസിദ്ധപ്പെടുത്തി രണ്ടു വർഷങ്ങൾക്കുശേഷം കാളാശ്ശേരി പിതാവ് കമ്മ്യൂണിസത്തെ വിമർശിച്ചുകൊണ്ടും അതിനെതിരായി ജനങ്ങൾക്ക് മുന്നറിയിപ്പു നൽകിക്കൊണ്ടും രണ്ടു ലേഖ

www.malankaralibrary.com

നങ്ങൾകൂടി പ്രസിദ്ധപ്പെടുത്തി. കമ്മ്യൂണിസത്തിനെതിരായ മുന്നറിയിപ്പ് 119 -ാം നമ്പർ ആയി " കത്തോലിക്കരും കമ്മ്യൂണിസവും " എന്ന ലേഖനം 1945 മെയ്‌ലും 121 -ാം നമ്പർ ആയി " കമ്മ്യൂണിസമെന്ന ശ്യൂന്യദേവി" എന്ന പേരിലുള്ള രണ്ടാമത്തെ ലേഖനം 1945 ഓഗസ്റ്റിലും പ്രസിദ്ധീകരിച്ചു. ഈ രണ്ടു ലേഖനങ്ങളിലും പിതാവ് കമ്മ്യൂണിത്തെ ശക്തമായി എതിർക്കുകയും അതിനെതിരായി മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. ജനപ്രതിനിധികൾ കമ്മ്യൂണിസത്തിനെതിരായി സ്വരമുയർത്താത്തതിലുള്ള ദുഃഖവും പിതാവ് പ്രകടിപ്പിക്കുന്നുണ്ട്. നിരീശ്വര കമ്മ്യൂണിസം സർവ്വാധിപത്യത്തിലേക്ക് വഴിതുറക്കുമെന്നും അങ്ങനെ എന്തെങ്കിലും സംഭവിച്ചാൽ ആദ്യമായി നഷ്ടപ്പെടാൻ പോകുന്നതും മതസ്വാതന്ത്ര്യമാണെന്നും പിതാവിന് അറിയാമായിരുന്നു. മതസ്വാതന്ത്ര്യത്തിന്റെ ആവശ്യഘടകമായ വിദ്യാഭ്യാസ സ്വാതന്ത്ര്യവും യാതൊരു വിധത്തിലും നഷ്ടമാകാൻ പാടില്ലെന്ന് കാളാശ്ശേരി പിതാവ് നിശ്ചയിച്ചുറച്ചിരുന്നുവെന്നുവേണം അനന്തര സംഭവ വികാസങ്ങളിൽനിന്നും നാം മനസ്സിലാക്കേണ്ടത്. പിതാവ് ഭയപ്പെട്ടിരുന്നതുപോലെ അധികകാലം കഴിയുന്നതിനുമുമ്പുതന്നെ കമ്മ്യൂണിസ്റ്റു പാർട്ടി ഇവിടെ അധികാരത്തിൽ വരുകയും സഭയുടെ ഉൾപ്പെടെയുള്ള സ്വകാര്യ സ്കൂളുകളുടെ നടത്തിപ്പിൽ അനാവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ഇതിനെതിരായ ജനകീയ പ്രക്ഷോഭണമാണ് ചരിത്രപ്രസിദ്ധമായ വിമോചന സമരമായി മാറിയത്.

## സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി മാറിയ ധർമ്മ സമരം

ദിവാൻ സർ സി. പി. ക്രിസ്ത്യൻ വിദ്യാലയങ്ങൾക്കും കാളാശ്ശേരി ബിഷപ്പിനുമെതിരായി തുടങ്ങിവച്ച പ്രകോപനപരമായ നടപടികൾ എങ്ങനെ അവസാനിച്ചുവെന്ന് നമുക്കറിയാം. ക്രിസ്ത്യൻ വിദ്യാലയങ്ങൾ കൈവശപ്പെടുത്തുകയോ കാളാശ്ശേരി പിതാവിനെ അറസ്റ്റുചെയ്യുകയോ ചെയ്താൽ ഉണ്ടാകുന്ന ഭവിഷ്യത്തിനെക്കുറിച്ച് ബോധവാനാകുവാൻ അദ്ദേഹത്തിനേറെ നാളുകൾ വേണ്ടിവന്നില്ല. അതിനകംതന്നെ കാളാശ്ശേരി പിതാവ് നേതൃത്വം നൽകിയ ചെറുത്തുനിൽപ് ഒരു കൊടുങ്കാറ്റായി മാറുകയായിരുന്നു. അതിവിടത്തെ സ്വാതന്ത്ര്യസമരത്തിന്റെ തന്നെ ഒരു ഭാഗമായി മാറുവാൻ അധിക നാളുകൾ വേണ്ടിവന്നില്ല. അതിന്റെ പ്രതിഫലനങ്ങൾ ഭാരതമൊട്ടുക്കുമുണ്ടായി. ഭാരതസഭ ഒറ്റകെട്ടായി. കാളാശ്ശേരി പിതാവിന് പിന്തുണ നൽകി. വിദ്യാഭ്യാസ ദേശസൽക്കരണത്തിനും സി. പി. യുടെ ക്രൈസ്തവ വിരുദ്ധ നടപടികൾക്കും എതിരായി സമരപരിപാടികൾക്ക് നേതൃത്വം നൽകുവാൻ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് മുന്നോട്ട് വന്നത് സമര ചരിത്രത്തിലെ വഴത്തിരിവായി മാറി. ഏതാനും നാളുകൾക്കകം തന്നെ ക്രിസ്തീയ

www.malankaralibrary.com

സഭയിലെ എല്ലാ വിഭാഗങ്ങളുടെയും പിന്തുണ കാളാശ്ശേരി പിതാവിന് നേടുവാൻ സാധിച്ചു. 1945 ഒക്ടോബർ 6-ാം തീയതി കോട്ടയത്ത് ആംഗ്ലിക്കൻ മെത്രാസന അരമനയിൽ ചേർന്ന വിവിധ സഭാ മേലദ്ധ്യക്ഷൻമാരുടെ സമ്മേളനം വിദ്യാഭ്യാസവിഷയത്തിൽ കാളാശ്ശേരി പിതാവ് സ്വീകരിച്ച നിലപാടിനെ അംഗീകരിക്കുകയും പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. കോട്ടയത്തു നടന്ന ഈ സമ്മേളനം കേരളത്തിലെ ആദ്യത്തെ സഭൈക്യ സമ്മേളനം കൂടിയായിരുന്നുവെന്ന് പറയട്ടെ.

കാളാശ്ശേരി പിതാവിനെ അറസ്റ്റുചെയ്യുകയോ ക്രിസ്തീയ വിദ്യാലയങ്ങൾ പിടിച്ചെടുക്കുകയോ ചെയ്താൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കുമെന്ന് മനസ്സിലാക്കിയ സർ സി. പി. തനിക്കെതിരായി ഉരുണ്ടുകൂടിയ ജനകീയ പ്രക്ഷോഭണത്തെ മർദ്ദനമുറകൾകൊണ്ട് അടിച്ചമർത്താൻ നോക്കിയെങ്കിലും അധികനാൾ പിടിച്ചുനിൽക്കുവാൻ സാധിച്ചില്ല. 1945 ഒക്ടോബറിൽ തന്നെ വിവാദപരമായ വിദ്യാഭ്യാസ ആക്ടിൽ മഹാരാജാവിനെക്കൊണ്ട് ഒപ്പുവെപ്പിച്ചെങ്കിലും അതിലെ വ്യവസ്ഥകൾ നടപ്പിലാക്കുവാൻ സി. പി. യുടെ ഗവൺമെന്റിന് സാധിച്ചില്ല. 1947 – ൽ തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷം കൂടുതൽ പ്രക്ഷുബ്ധമാവുകയായിരുന്നു. ഈ അവസരത്തിൽ മെത്രാന്മാരുമായി ഒത്തുതീർപ്പുണ്ടാകുവാൻ ദിവാൻജി ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതിയുടെ സഹായം തേടുകയുണ്ടായി. ഇതേ തുടർന്ന് മെത്രാന്മാരുടെ പ്രതിനിധികളും അന്നത്തെ വിദ്യാഭ്യാസ ഡയറ്ടറായിരുന്ന ശ്രീ. എ.എൻ. തമ്പിയുമായി നടന്ന ചർച്ചകളുടെ അവസാനം ഒരു ഒത്തുതീർപ്പു ഫോർമുലയുണ്ടായി. ആരുടെയും സമ്മതം കൂടാതെ ഒരു വിദ്യാലയവും ഏറ്റെടുക്കുന്നതല്ലെന്നുള്ളതായിരുന്നു. ഒത്തുതീർപ്പു ഫോർമുലായിലെ ഏറ്റവും പ്രധാന വ്യവസ്ഥ. അങ്ങനെ ആ പ്രതിസന്ധി അവസാനിച്ചു.

★

www.malankaralibrary.com

# 7. മാർ ജെയിംസ് കാളാശ്ശേരി തിരുമേനിയുടെ ചരിത്രപ്രസിദ്ധമായ 123-ാം നമ്പർ ഇടയ ലേഖനം

സർ സി. പി. രാമസ്വാമി അയ്യരുടെ പ്രൈമറി വിദ്യലയ ദേശവത്കരണത്തിനെതിരെ കാളാശ്ശേരി പിതാവ് 1945 ആഗസ്റ്റ് 15 ന് പുറപ്പെടുവിച്ച 123-ാം നമ്പർ ഇടയലേഖനം ഭാരതസഭാചരിത്രത്തിൽ ഒരു സുവർണ്ണാദ്ധ്യായമായി തീർന്നിരിക്കുന്നു. ഇത്ര ശക്തമായ ഒരിടയ ലേഖനം മറ്റാരും ഇതിനു മുൻപോ പിൻപോ എഴുതിയിട്ടില്ല. സുപ്രസിദ്ധമായ ഈ ഇടയലേഖനം വളരെയധികം കോളിളക്കം സൃഷ്ടിച്ചു. ഈ ലേഖനം പിൻവലിച്ച് ക്ഷമാപണം ചെയ്യണമെന്ന് സർക്കാർ ആവശ്യപ്പെട്ടു. കോളിളക്കം സൃഷ്ടിച്ച ഇടയ ലേഖനം താഴെ ചേർക്കുന്നു.

## സ്കൂൾ സർക്കാർ സമിതീകരണം

ദൈവകൃപയാലും
പരിശുദ്ധ സിംഹാസനത്തിന്റെ മനോഗുണത്താലും
ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായ നാം
**കാളാശ്ശേരി ജെയിംസ് മെത്രാൻ**

നമ്മുടെ അധികാരത്തിൻ കീഴിലുള്ള പള്ളികളിലെ ബഹു. വികാരിമാർക്കും അസിസ്റ്റന്റുമാർക്കും ഇടവക പട്ടക്കാർക്കും സന്യാസിനിമാർക്കും കന്യാസ്ത്രീകൾക്കും വിശ്വാസികൾ ഏവർക്കും നമ്മുടെ കർത്താവീശോമിശിഹായിൽ സമാധാനവും വാഴ്വും.

അവൻ അവരോട് അരുൾചെയ്യുന്നു; " ഇപ്പോൾ മുതൽ മടിശീലയുള്ളവൻ അതെടുക്കട്ടെ, വാളില്ലാത്തവൻ അവന്റെ കുപ്പായം വിറ്റ് തനിക്കായി വാൾ വാങ്ങിക്കട്ടെ. അവരോ അവനോട്; ഞങ്ങളുടെ കർത്താവേ, ഇതാ ഇവിടെ രണ്ടു വാളുകൾ ഉണ്ട് എന്ന് പറയുന്നു. അവൻ അവരോട് മതി.. മതി.. എന്നരുൾചെയ്യുന്നു."(വി. ലൂക്ക.22:36-38)

വന്ദ്യ സഹോദരരേ, വാത്സല്യമക്കളേ,

മേലുദ്ധരിച്ച വേദവാക്യങ്ങളുടെ വിധിപ്രകാരം ക്രിസ്തുവിന്റെ ഒരു വിനീത അപ്പസ്തോലനായ നാം നമ്മുടെ കൈവശം സൂക്ഷിച്ചു വച്ചിരുന്ന രണ്ടുവാളുകളിൽ ഒന്നിനെ നിരീശ്വരപ്രസ്താനത്തിനെതിരായി നമ്മുടെ കൈവശം സൂക്ഷിച്ചു വച്ചിരുന്ന രണ്ടുവാളുകളിൽ ഒന്നിനെ നിരീശ്വര

www.malankaralibrary.com

പ്രസ്ഥാനത്തിനെതിരായി നമ്മുടെ മുൻലേഖനത്തിൽ ഊരിവീശിക്കഴിഞ്ഞു. ഇനി നമ്മുക്ക് ശേഷിച്ചിരിക്കുന്ന രണ്ടാമത്തെ ആദ്ധ്യാത്മിക ഖഡ്ഗത്തെ ആദ്ധ്യാത്മിക അണുബോംബിനെ പ്രയോഗിക്കേണ്ടതായ ആവശ്യമിതാ കൈവന്നിരിക്കുന്നു. മടിശീലയുള്ളവർ അതെടുത്തുകൊള്ളുന്നതിനുള്ള അവസരവും സമീപിച്ചിരിക്കുന്നു.

എങ്കിലും നാം ഉടനെ ആ വാളൂരുന്നില്ല. ആ ആദ്ധ്യാത്മിക അണുബോംബ് തൽക്ഷണം പൊട്ടിക്കുന്നുമില്ല. എന്തെന്നാൽ ശാന്തശീലമുള്ളവർ ഭാഗ്യവാന്മാർ എന്നാണല്ലോ. ആകയാൽ നിയന്ത്രിക്കുന്നതിനു ഇത്തരണത്തിൽ വളരെ വൈഷമ്യമുള്ള നമ്മുടെ ക്ഷമ കൈവിടാതെ നമുക്ക് നമ്മുടെ നിർമ്മല സഭയ്ക്കും മഹനീയ സമുദായത്തിനും താമസംവിനാ ഭവിക്കാനിരിക്കുന്ന വിപത്തുകളെ നിങ്ങളെയും സുബുദ്ധിയും ഈശ്വര വിശ്വാസവുമുള്ള സകല മഹാജനങ്ങളെയും വിശദമായി മനസ്സിലാക്കണമെന്നു മാത്രമെ നമ്മുടെ ഈ ലേഖനത്താൽ നാം ഉദ്ദേശിക്കുന്നുള്ളൂ.

നമ്മുടെ മുൻലേഖനത്തിൽ കമ്മ്യൂണിസത്തിൽ സമുദായത്തിനെന്തെങ്കിലും നന്മ ചെയ്യുന്നതിനുള്ള വൈഭവം വെറും 'പൂജ്യ'മാണെന്നു നാം പ്രസ്താവിച്ചിരുന്നുവല്ലോ. എന്നാൽ കണക്കു ശാസ്ത്രത്തിലെ '0' പൂജ്യത്തിനു അതിരറ്റ ശക്തിയുണ്ടെന്നു അണുബോംബും മറ്റും കണ്ടു പിടിക്കുന്നതിനു വളരെ മുമ്പുതന്നെ ഗണിതശാസ്ത്രജ്ഞന്മാർ മനസ്സിലാക്കിയിട്ടുണ്ടെനുള്ളത് നാം വിസ്മരിക്കുന്നില്ല. തത്തുല്യമായ ഒരു ശക്തി 'പൂജ്യ'ത്തിനുണ്ടാകുന്നതു പ്രബലന്മാരായ 1, 2, 3...9 അക്കങ്ങൾ പൂജ്യങ്ങളുടെ വലംകൈയ്യായി, പ്രശാന്തഗംഭീരമായി (100000പോലെ) അതന്നു നിന്നാൽ പൂജ്യങ്ങൾക്കു യാതൊരു വിലയുമില്ലാതാകുമെന്നുള്ളത് അവിതർക്കിതമാണ്. കമ്മ്യൂണിസത്തിനു റഷ്യയിലും, നാസിസത്തിനു ജർമ്മനിയിലും, ഫാസിസത്തിന് ഇറ്റലിയിലും അനന്യ സാധാരണമായ കൈയൂക്ക് ഉണ്ടായത് ലനിൻ, ഹിറ്റ്ലർ മുസോളനി മുതലായ രാഷ്ട്രപതികൾ ആ 'പൂജ്യ' പ്രസ്ഥാനങ്ങൾക്കു വലംകൈയ്യായി നിലകൊണ്ടതിനാലത്രേ.

നമ്മുടെ രാജ്യത്തു കമ്മ്യൂണിസം അഥവാ സമത്വകാരണമെന്ന പ്രസ്ഥാനത്തിനു അതുദ്ദേശിക്കുന്ന വിധമുള്ള ശക്തിയുണ്ടാകാത്തത് അതിന്റെ 'തലതൊട്ടപ്പനായി' രാഷ്ട്രം നിലകൊള്ളാത്തതുകൊണ്ടുമാത്രമാണ്. എന്നാൽ ആ പ്രസ്ഥാനത്തോടു വളരെ സാമ്യമുള്ളതും എന്നാൽ യഥാർത്ഥത്തിൽ വളരെ വിഭിന്നവുമായിരിക്കുന്ന (Socialism) സമതീകരണം എന്ന കാരണത്തിനു രാഷ്ട്രം കൈബലം കൊടുക്കുന്നില്ലയോ എന്നു സംശയിക്കുവാൻ നമുക്കു ന്യായങ്ങളില്ലാതില്ല.

സമത്വീകരണ പ്രസ്ഥാനംസമിതീകരണമെന്നതിൽ നിന്നും വിഭിന്നമായിട്ടുള്ളതാണെന്നു നാം പറഞ്ഞുവല്ലോ. അതിന്റെ കാരണം സമത്വീകരണമെന്നതു മുതലാളികളുടെ സ്വത്തെല്ലാം നിർബന്ധമായി പിടി

www.malankaralibrary.com

ച്ചെടുത്തു ഒരു രാഷ്ട്രത്തിൻ കീഴിലുള്ള സകല വ്യക്തികൾക്കും സമമായി ഭാഗിച്ച് എല്ലാവരും ഒരു പോലെ ഭുജിച്ചു സുഖിച്ചു ജീവിക്കണമെന്നും, അന്യന്റെ വസ്തുക്കൾ അപഹരിക്കരുതെന്നു നിർബന്ധമുള്ള ഈശ്വരനെ ഒരു നിഷ്ഠൂര മുതലാളി മാത്രമായി കണക്കാക്കി, ഈശ്വരന്റെ അഥവാ ദേവസ്വം സ്വത്തുക്കളും സമമായി ഭാഗിച്ചെടുത്തു നിരീശ്വരവാദത്തെ മുറിക്കിപ്പിടിക്കണമെന്നും സിദ്ധാന്തിക്കുന്നു. സമതീകരണക്കാരാകട്ടെ, (Socialism). സമതീകരണം എന്ന പ്രസ്ഥാനം കേവലം അന്യായം തന്നെയാണെന്നും, എന്നാൽ പ്രത്യേക കാരണങ്ങളുള്ളപ്പോൾ മുതലാളികളുടെയും മറ്റും സ്വത്തുക്കൾ സുശക്തവും സംഘടിതവുമായ ഒരു മഹനീയ സമിതി, ന്യായമായ പ്രതിഫലം കൊടുത്തു കൈവശപ്പെടുത്തി ബഹുലങ്ങളായ ലൗകീക നന്മകൾ ആ സമിതിയുടെ കൊടിക്കീഴിൽ നാടൊട്ടുക്കു വ്യാപിപ്പിക്കണമെന്നു ശഠിക്കുന്നു.

ഇവരുടെ ഈ ശാഠ്യം ഏതാനും പ്രത്യേകസന്ദർഭങ്ങളിലും, സംഗതികളിലും വെറും ദുശ്ശാഠ്യമായി പരിഗണിക്കാവുന്നതല്ല. "പഞ്ഞം, പട, വസന്ത" മൂലം ഒരു രാജ്യത്തിലെ ജനതയൊന്നാകെ തീർച്ചയായ മരണാപകടത്തിലാകുമ്പോൾ, രാജ്യത്തിലുള്ള സ്വകാര്യ ഉടമസ്ഥന്മാരുടെ വയലുകളും തോട്ടങ്ങളും വ്യവസായങ്ങളും കെട്ടിടങ്ങളും മറ്റും സർക്കാർ വലംകൈയ്യായിനിന്ന് അത്യാവശ്യപ്പെട്ട കാലയളവിൽ സമിതീകരിക്കാവുന്നതും, അങ്ങനെയുള്ള സർക്കാർ സമിതീകരണം ചിലപ്പോഴൊക്കെ ആവശ്യവും അഭിനന്ദനീയവുമാണ്. എന്നാലപ്പോഴൊക്കെയും വ്യക്തികളുടെ ന്യായമായ മൗലീകാവകാശങ്ങൾ അഭേദ്യമായി പരിപാലിക്കുന്നതിനു സർക്കാർ സമതീകരണം സന്നദ്ധമായിരിക്കണമെന്നുള്ളതു സമിതീകരണപ്രസ്ഥാനക്കാർക്കു സമ്മതമായ കാര്യം തന്നെയാണ് എന്നുള്ള വസ്തുത ആ പ്രസ്ഥാനത്തിന്റെ മികച്ചുനിൽക്കുന്ന ഗുണവശമാകുന്നു.

എന്നാൽ സർക്കാർ സമിതീകരണം അത്യാന്താപേക്ഷിതമല്ലാത്ത സമയങ്ങളിലും കാര്യങ്ങളിലും രംഗപ്രവേശം ചെയ്തുവെന്നു വന്നാൽ അതു രാജ്യവാസികൾക്കു സഹിക്കാവുന്നതല്ല. വ്യക്തികൾക്കു തങ്ങളുടെ സമ്പാദ്യങ്ങളിന്മേലുള്ള പൂർണ്ണാവകാശം പ്രകൃതിദത്തമായിട്ടുള്ളതാണ്. പ്രകൃതി തന്നെ ആവശ്യപ്പെടുമ്പോഴല്ലാതെ ആ അവകാശം യാതൊരു ഭുജങ്ങൾക്കും ഭംഞ്ജിക്കുന്നതിന് അർഹതയില്ലാത്തതാകുന്നു. മാത്രമല്ല, സർക്കാർ, സമിതീകരണം നിർബന്ധമായി വരുമ്പോൾ വ്യക്തികളുടെ മൗലീകവകാശങ്ങൾക്കു എത്ര നിസ്സാരമായ തോതിൽപ്പോലും ഭംഗം വരുത്തുന്നതായാൽ, പ്രകൃതി സർക്കാരിനോടു കോപിക്കുകയും സൂര്യന്റെ കീഴിലുള്ള സകലമാന ശക്തികളെയും ഇളക്കിവിട്ട അക്രമമായ സർക്കാർ സമിതീകരണ നാഥന്മാരെ ഭൂമുഖത്തുനിന്ന് നിഷ്ക്കാസനം ചെയ്യുവാൻ പ്രകൃതി തന്നെ രംഗപ്രവേശംചെയ്യുന്നതുമാണ്. ഹിറ്റ്ലറിസം, ഫാസിസം

www.malankaralibrary.com

പോലുള്ള അന്യായസർക്കാർ സമിതീകരണ ദുർഗ്ഗങ്ങളെ നിലംപരിശാക്കികള യുമെന്നുള്ള വസ്തുത ലോകത്തിനിപ്പോൾ നല്ല പാഠമായിട്ടുണ്ട്. ഹിറ്റ്ലർ, മുസോളിനി, മിക്കാഡോ എന്നിവർ ഒരു അക്രമമായ സർവരാജ്യ സമിതീ കരണ പ്രസ്ഥാനത്തിലേക്കാണ് കാലുവച്ചത്. എന്നാൽ പ്രകൃതി തന്നി മിത്തം അതികുപിതയായി അവളുടെ ഏറ്റം വലിയ രഹസ്യശക്തികളായ അണുബോംബുകളെപ്പോലും അവളുടെ ഭക്തർക്കുമാത്രം വെളിപ്പെടു ത്തിക്കൊണ്ടു വിജയകരമായി അവരെ എതിർത്ത്അവളുടെ പാദത്തിന് കീഴ് ചവിട്ടി പൊടിയാക്കി വരുന്ന കാഴ്ച മർമ്മഭേദമെങ്കിലും അക്രമമായി ഭൂമുഖത്തു കിളിർത്തുവരുന്ന മറ്റുചില സമിതീകരണ പ്രസ്ഥാനക്കാർക്കു ഗുണപാഠമായി ഭവിക്കട്ടെ എന്നു നാം പ്രാർത്ഥിച്ചുകൊള്ളുന്നു.

ഇത്രയൊക്കെ പറയുവാനിടയായതു നമ്മുടെ ജനപ്രതിനിധികൾ, നമ്മുടെ രാജ്യത്തിലെ സ്വകാര്യസമിതികളാൽ നടത്തപ്പെടുന്ന പ്രാഥമിക വിദ്യാഭ്യാസങ്ങളെല്ലാം സർക്കാർ സമിതി ഏറ്റുവാങ്ങിക്കൊള്ളണമെന്നു ഭൂരിപക്ഷാഭിപ്രായപ്രകാരം പ്രമേയം പാസാക്കിയിരിക്കുന്നതായി പത്രങ്ങളിൽ കണ്ടതുകൊണ്ടാണ്. ഇതു നാം വായിച്ചപ്പോഴുണ്ടായ നമ്മുടെ മനോവ്യഥയുടെ ആഴം ദൈവം മാത്രമെ സ്പർശിച്ചു അറിഞ്ഞിട്ടുള്ളു. എങ്കിലും നാം ഭഗ്നാശനായിട്ടില്ല. നമ്മുടെ സ്ക്കൂളുകളുടെ സർക്കാർ സമിതീകരണം ഇപ്പോൾ യാതൊരു കാരണത്താലുമാവശ്യമില്ലാത്തതിനാൽ നമ്മുടെ സമ്മതം കൂടാതെ ഒരിക്കലും സംഭവ്യമാകുകയില്ലെന്നു തന്നെയാണു നമ്മുടെ ദൃഢമായ അഭിപ്രായം.

അതെന്തന്നാൽ, നമ്മുടെ പള്ളിക്കൂടങ്ങളുടെ സർക്കാർ സമിതീകരണം നമ്മുടെ സഭയുടെ സമ്മതികൂടാതെ നടപ്പിൽ വരുത്തുന്ന പക്ഷം സർക്കാർ സമിതീകരണ പ്രസ്ഥാനക്കാരായ ജനപ്രതിനിധികൾ ദൈവദ്രോഹം, മാതൃദ്രോഹം, ശിശുദ്രേഹം, ഗുരുഹത്യ എന്ന നാലുതരം പാതകങ്ങൾക്കു ഉത്തരവാദികളായിത്തീർന്നേക്കും.

1. 'ദൈവദ്രോഹം' നേരിടുന്നതെങ്ങനെയെന്നു ആദ്യം തന്നെ ചിന്തി ക്കാം. നമ്മുടെ സഭയുടെ പള്ളിക്കൂടങ്ങൾ നമ്മുടെ ദൈവാലയങ്ങളുടെ അംശങ്ങളായി നാം പരിഗണിക്കുന്നു. അവകൾ നമ്മുടെ കുട്ടികളെ ഉത്തമന്മാരായ ദൈവാരാധകന്മാരാക്കിത്തീർക്കണമെന്നുള്ള പരിശുദ്ധ ഉദ്ദേശത്തോടുകൂടി ദൈവത്തിനു പൂജ, നേർച്ചകൾ വഴിയായിവരുന്ന പണംകൊണ്ടു പണിയിക്കപ്പെട്ടിട്ടുള്ളതും നമ്മുടെ ദിവ്യകൂടാരത്തി ലേയ്ക്കുള്ള പ്രവേശനഗോപുരങ്ങളായി സകലരാലും പരിഗണിക്കപ്പെട്ടു പോരുന്നതുമാകുന്നു. കത്തോലിക്കർക്കും മെത്രാന്റെ കല്പനകൂടാതെ യാതൊരു പള്ളിക്കൂടവും തുറന്നു കൂടാത്തതാകുന്നുവെന്ന വസ്തുതയിൽ നിന്നുതന്നെ മെത്രാൻ ഏതൊരുവന്റെ പ്രതിനിധിയാകുന്നുവോ ആ ദൈവ ത്തിന്റെ പ്രതിഷ്ഠകളാകുന്നു നമ്മുടെ പള്ളിക്കൂടങ്ങൾ എന്നു

www.malankaralibrary.com

വിശദമാകുന്നുണ്ടല്ലോ. ആകയാൽ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന സംപൂജ്യവസ്തുക്കളാകുന്ന നമ്മുടെ പള്ളിക്കൂടങ്ങളും അവകളിലെ ആരാധകന്മാരാകുന്ന കുട്ടികളും, ദൈവാലയാധികാരത്തിൽ നിന്നും നിർബന്ധമായി വിഛേദിക്കപ്പെടുമെന്ന ദിവസങ്ങൾ സമാഗതമാകാതിരിക്കട്ടെ, എന്നു ദൈവകോപത്തെ ഭയന്നു നാം പ്രാർത്ഥിച്ചുകൊള്ളുന്നു. ദൈവാരാധനയ്ക്ക് ഉപയോഗിച്ച പൂജാ പാത്രങ്ങൾ വെറും ലൗകീക കാര്യങ്ങൾക്കായി വിനിയോഗിച്ച 'ബൽത്താസർ'വേദ പുസ്തകത്തിൽ പറയും പ്രകാരം ഏതൊരു വാക്യങ്ങൾ തന്റെ വിരുന്ന് ശാലയുടെ ഭിത്തികളിൽ എഴുതപ്പെട്ടിരുന്നതായി കണ്ടുവോ അതേ വാക്യങ്ങൾ'Mane, Takel, Phares', 'എണ്ണി, തൂക്കി, തിട്ടമാക്കപ്പെട്ടിരിക്കുന്നു' എന്ന ശാപവചനങ്ങൾ നമ്മുടെ രാജ്യത്തിലെ സമിതീകരണ ഭിത്തികളിൽ എഴുതപ്പെടുമെന്നു' കണ്ണുള്ളവൻ കണ്ടുകൊള്ളണം''ചെവിയുള്ളവൻ കേട്ടുകൊള്ളണം.'

2. ഇനി മാതൃദ്രോഹവും ശിശുദ്രോഹവും എപ്രകാരമാണ് സ്കൂളുകളുടെ സമിതീകരണത്തിൽ ഭവിക്കുവാൻ പോകുന്നതെന്നു നമുക്കു പരിശോധിക്കാം. നമ്മുടെ കുട്ടികൾ ഇന്നേവരെ നമ്മുടെ സഭാമാതാവിന്റെ മാർവ്വിൽനിന്നുള്ള ആദ്ധ്യാത്മികക്ഷീരം പാനംചെയ്തു വളർന്നു വരുവാൻ സ്വഭാവികമായ താൽപര്യമുള്ളവരും, സഭാമാതാവിനു സ്വസന്താനങ്ങൾക്കു സ്വന്തം ക്ഷീരം കൊടുത്തു വളർത്തണമെന്നു നിർബന്ധമുള്ളതുമാകുന്നു. ആ താൽപര്യവും നിർബന്ധവും പ്രകൃതിയിൽ നിന്നുളവായിട്ടുള്ളതാകുന്നു. അങ്ങനെയിരിക്കെ സമിതീകരണ പ്രസ്ഥാനക്കാർ തള്ളയുടെ മാർവിൽ നിന്നും, ലജ്ജാവഹമായും ക്രൂരമായും സ്വശിശുക്കളെ വലിച്ചുപറിച്ചു കൊണ്ടുപോകുന്ന പക്ഷം തള്ളയും കുഞ്ഞും ഒരുപോലെ ദുഃഖിച്ചു നിര്യാതരായിത്തീരുമെന്നു പറയേണ്ടിയിരിക്കുന്നു. അപ്രകാരം നിര്യാതരാകുന്നതിനുമുമ്പ് ബഹുവിധ മരണഗോഷ്ടികൾ തള്ളയും കുഞ്ഞുങ്ങളും കാണിച്ചുപോകുവാനും പാടുള്ളതാണ്. ആകയാലത്രെ ഇത്തരം ഗോഷ്ടികൾക്കും മാതൃദ്രോഹം, ശിശുദ്രോഹം എന്നീ പാതകങ്ങൾക്കും സർക്കാർ സമിതീകരണപ്രസ്ഥാനക്കാരായ ജനപ്രതിനിധികൾ ഉത്തരവാദികളാകുമെന്നു നാം അനുമാനിച്ചിരിക്കുന്നു.

3. കടശിയായി 'ഗുരുഹത്യ'എങ്ങനെ സംഭവിക്കുമെന്നാണ് പരിശോധിപ്പാൻ ശേഷിച്ചിരിക്കുന്നത്. കത്തോലിക്കാ ശിശുക്കളെ കത്തോലിക്കാഗുരുക്കന്മാർതന്നെ നമ്മുടെ സ്ക്കൂളുകളുടെ സർക്കാർ സമിതീകരണത്തിനുശേഷം പഠിപ്പിക്കുമെന്നുള്ളതിനു എന്തുറപ്പാണുള്ളത്.? ഇപ്പോൾ പഠിപ്പിക്കുന്ന വാദ്ധ്യാന്മാർക്കു മാറ്റമുണ്ടാകയില്ലെന്നുറപ്പു കിട്ടിയാലും ഇവരുടെ മക്കൾക്കു സ്വാതാതന്മാർ പെൻഷൻ പറ്റിപിരിയുമ്പോൾ ഗുരുവുദ്യോഗമെങ്കിലും ലഭിക്കുമോ ഇല്ലയോ എന്നു ആർക്കറിയാം. മാത്രമല്ല, സമിതീകരണ പ്രസ്ഥാനത്തിൽ ആഹ്ളാദിച്ചിരിക്കുന്ന ഏതാനും ഗുരുക്ക

www.malankaralibrary.com

ന്മാർക്ക് കൊഴുത്ത ശമ്പളം ആരംഭകാലത്തു ലഭിക്കുമെന്നിരുന്നാൽ തന്നെയും, ആ ശമ്പളമെത്രമാത്രം എത്രനാളത്തേക്കു, കൈക്കൂലി മുതലായ അപമര്യാദകൾ നീതി കോടതികളിൽപോലും കയറിപറ്റിയിട്ടുണ്ടെന്ന് ജനപ്രതിനിധികൾ ഉച്ചത്തിൽ പ്രതിഷേധസ്വരം ഉയർത്തിക്കൊണ്ടിരിക്കുന്ന ഈ രാജ്യത്തു, ലഭിക്കുമെന്നു കണ്ടറിയണം. അവരുടെ ക്ഷണികമായിരുന്ന ആഹ്ലാദം ഇതുകൊണ്ട് അവസാനിക്കുന്നില്ലെങ്കിൽ ' അവരുടെ ദൈവം അവരുടെ ഉദരമാണെന്ന്' വി. പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ നാം ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

ഹാ; നിർഭാഗ്യമെ; സർക്കാർ സമിതീകരണമെന്ന പ്രസ്ഥാനം പ്രയോഗത്തിൽ വരുന്ന പക്ഷം തൽഫലമായി ഭവിക്കാവുന്ന ദൈവദ്രോഹം, മാതൃദ്രോഹം, ശിശുദ്രോഹം ഗുരുഹത്യ എന്നീ പാതകങ്ങളുടെ ഉത്തരവാദിത്വത്തിന്റെ ഒരു വലിയ പങ്കു നമ്മുടെ ജനപ്രതിനിധികളുടെ ഭൂരിപക്ഷത്തിന്മേൽ കെട്ടിവെയ്ക്കേണ്ടിവന്നതിൽ പൊതുജനങ്ങളുടെ ഉറ്റസ്നേഹിതനായ നാം അത്യന്തം വ്യസനക്കുന്നു. ശേഷമുള്ള ചെറിയപങ്കു നമ്മുടെ ബ. സർക്കാർ സഹിക്കേണ്ടി വരുകയില്ലയോ എന്നു നാം ഭയപ്പെടുന്നു. വാസ്തവം തുറന്നുപറഞ്ഞാൽ ജനപ്രതിനിധികൾ ബ. സർക്കാരിനെ ഒരു ദുർഘടസന്ധിയിൽ ചാടിച്ചിരിക്കയാണെന്നാണു നമുക്ക് തോന്നുന്നത്.

സ്കൂളുകളുടെ സർക്കാർ സമിതീകരണം പ്രായോഗത്തിൽ വരുത്താതിരുന്നാൽ ബ. സർക്കാരിനെ ജനപ്രതിനിധികൾ ജനഹിതത്തെ അവഗണിക്കുന്ന ഒരു സ്വേഛാധിപതി എന്നുപഴിക്കും. എന്നാൽ അതു നടപ്പിൽ വരുത്തുന്ന പക്ഷം ജനതതിയുടെ മൂകലക്ഷങ്ങളും ബ. സർക്കാരിന്റെ മേൽ കുറ്റമാരോപിക്കും. അതുമാത്രമല്ല വഞ്ചി ഭൂമിയെ ക്രിസ്തുമതാരംഭം മുതൽ മതസഹിഷ്ണതയോടെ ഭരിച്ചുപോന്ന ഏറ്റവും പുരാതനവും മഹനീയവുമായ ഒരു രാജകുടുംബത്തിന്റെ അനന്തരാവകാശിയായി പ്രഭയോടെ വാണരുളുന്ന കരുണാനിധിയായ യുവമഹാരാജാവിന്റെ പൊൻമുടിയിൽ കളങ്കം പറ്റിക്കാൻ മുതിരുന്ന ജനപ്രതിനിധികളുടെ ഈ സംരംഭം എത്രയോ ശോചനീയമാകുന്നു. അതിനാൽ നമ്മുടെ മഹാരാജാവിന്റെ സൽപേരിനു കളങ്കം വരുത്തിയേക്കാവുന്ന ദൂഷിച്ച ഈ പ്രസ്ഥാനത്തിന്റെ ഉന്മൂലനത്തിനായി വ്യവസ്ഥാപിതമായ പ്രക്ഷോഭണങ്ങൾക്കു നിങ്ങൾ യാതൊരു കുറവും വരുത്തുകയില്ലെന്നു ദൈവത്തിൽ നാം വിശ്വസിക്കുന്നു. തന്നെയുമല്ല, ലോകത്തിലുള്ള അന്യായമായ സകലമാന സർക്കാർ സമിതീകരണക്കാരെ വിറപ്പിച്ചു പറപ്പിച്ചുകൊണ്ടിരിക്കുന്നതും, മതസ്വാതന്ത്ര്യത്തെ പ്രസിദ്ധിയേറിയ വിക്ടോറിയാ വിളംബരംമൂലം അക്ഷരംപ്രതി ഭാരതത്തിൽ എവിടെയും അദ്യാപി കാത്തുപരിപാലിച്ചു കൊണ്ടുവരുന്നതുമായ നമ്മുടെ അതിപ്രബല ബ്രിട്ടീഷ് മേൽക്കോയ്മയുടെ എത്രയും സ്തുത്യർഹമായ നയത്തിനു വിപരീതമായി നമ്മുടെ പള്ളിക്കൂടങ്ങളുടെ

www.malankaralibrary.com

സമിതീകരണ പ്രസ്ഥാനക്കാർ പ്രവർത്തിച്ച് ദുഷ്കീർത്തി നേടുവാൻ ഇടയായയേക്കുമെന്ന് നമുക്ക് വലിയ ആശങ്കയുണ്ട്. സർവ്വോപരി പ്രകൃതിയുടെ കർത്താവും. നമ്മുടെ എല്ലാം സ്വർഗ്ഗസ്ഥപിതാവുമായ ദൈവം നമ്മുടെ സ്ക്കൂളുകളുടെ സമിതീകരണപ്രസ്ഥാനത്തിൽ ഒളിഞ്ഞിരിക്കുന്ന ദൈവദ്രോഹം, മാതൃദ്രോഹം, ശിശുദ്രോഹം, ഗുരുഹത്യ എന്ന ഈ അധർമ്മങ്ങൾ അധികകാലം കണ്ടുനിന്നു ക്ഷമിക്കുമെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല. അപ്രകാരമുള്ള പ്രസ്ഥാനക്കാർ വേദപുസ്തകത്തിൽ പറയുന്ന ശാപവർഷങ്ങൾ അനുഭവിച്ചറിയുമെന്ന കാലം അകന്നകന്നു പോകട്ടെ.

ഒരു പക്ഷെ, ബ. സർക്കാർ നമ്മുടെ സ്ക്കൂളുകളുടെ സമിതീകരണ പ്രസ്ഥാനമുപേക്ഷിച്ചുകൊണ്ട് ക്രിസ്തിയ സമിതികളാൽ നടത്തപ്പെടുന്ന സ്ക്കൂളുകളെ സ്വതന്ത്രമാക്കുകയും, എന്നാൽ ഗ്രാന്റ് അവകൾക്ക് കൊടുക്കാതിരിക്കുകയും, സർക്കാർ വിദ്യാലയങ്ങളിലെ ഗുരുക്കൻമാർക്ക് ലഭിക്കുന്ന ശമ്പളം നമ്മുടെ സ്ക്കൂളദ്ധ്യാപന്മാർക്കും നമ്മൾ കൊടുത്തുകൊള്ളണമെന്ന് നിഷ്ക്കർഷിക്കുകയും ചെയ്തേക്കാം. അങ്ങനെ വരുന്ന പക്ഷം, നമ്മുടെ സ്ക്കൂളുകൾ പട്ടിണികൊണ്ട് താനേ നശിച്ചുകൊള്ളുമെന്നതിനാൽ മുൻപറഞ്ഞ നാലുദ്രോഹങ്ങൾക്ക് ഉത്തരവാദിത്വം, സ്ക്കൂളുകൾ സ്വമനസ്സാലെ നിറുത്തിക്കളയാമെന്നു നിശ്ചയിക്കുന്നവരായ നമ്മളിൽ തന്നെ കെട്ടിവയ്ക്കാമെന്ന് ആരെങ്കിലും വ്യാമോഹിക്കുന്നുവെങ്കിൽ അതിൽപരം അബദ്ധം മറ്റൊന്നുമില്ല. ഈ നയം സ്ക്കൂളുകളെ പട്ടിണിയിട്ടു കൊല്ലുമെന്നുള്ളതിനാൽ മുകളിൽ പ്രസ്താവിച്ച നാലുവിധ ദ്രോഹങ്ങളുടെ മാറ്റ് ആയിരം മടങ്ങ് കൂട്ടുന്നതിനും പുറമെ പട്ടിണികിടത്തി കൊല്ലുക എന്ന വേറൊരു ദ്രോഹവും സ്വയനാശത്തിനു പ്രേരണ നൽകുക എന്ന മറ്റൊരു പാതകവും കൂടെ വരുത്തിക്കൂട്ടുമെന്നോ പറയേണ്ടതുള്ളു.

കാര്യങ്ങളുടെ വാസ്തവാസ്ഥ ഇപ്രകാരമിരിക്കെ, ഇസ്രായേലിന്റെ ഒരു കാവൽക്കാരനായ നാം ഇപ്രകാരമൊക്കെയും പ്രസ്താവിക്കുന്നതു നമ്മുടെ നാഥനായ ക്രിസ്തുരാജനോടുള്ള വിശ്വസ്തതകൊണ്ടു മാത്രമല്ല, പിന്നെയോ നമ്മുടെ നേരെ പാഞ്ഞുവന്നേക്കുമെന്ന ചങ്ങനാശ്ശേരി, മീനച്ചൽ, അമ്പലപ്പുഴ, കോട്ടയം മുതലായ-10 ൽ പരം മദ്ധ്യതിരുവിതാംകൂറിലെ താലൂക്കുകളിലുള്ള നമ്മടെ 4 ലക്ഷം അജഗണങ്ങളെ സ്മരിച്ചിട്ടുമാണ്.

അതുകൊണ്ട് ബ. സർക്കാർ ദൈവത്തെ പ്രതിയും ദൈവികാധികാരധിഷ്ഠാപിതമായിരിക്കുന്ന നമ്മുടെ പൊന്നുതമ്പുരാന്റെ മഹിമാവിനെ പ്രതിയും സമിതീകരണ പ്രസ്ഥാനക്കാരായ ജനപ്രതിനിധികളുടെ പ്രമേയം തിരസ്ക്കരിക്കുമെന്നു നാം പ്രത്യാശിക്കുന്നു.

ആകയാൽ വന്ദ്യ സഹോദരരേ, വാത്സല്യ മക്കളെ,

നിങ്ങളാരും 'Noil timer' ഭയപ്പെടേണ്ട, നമ്മുടെ പള്ളിക്കൂടങ്ങളുടെ സർക്കാർ സമിതീകരണം നമ്മുടെ സമ്മതം കൂടാതെ നടപ്പിലാകുകയില്ലെന്ന്

www.malankaralibrary.com

തന്നെ വിശ്വസിച്ചുകൊള്ളുവിൻ. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിതിരുനാളായ സെപ്റ്റംബർ 8 ന് സഭാ മാതാവിന്റെ മാർവിടത്തിൽ നിന്നൊഴുകി വരുന്ന പരിശുദ്ധ കൂദാശകൾ കൈക്കൊണ്ടു കന്യകാമാതാവിന്റെ വിമല ഹൃദയത്തോട് നമ്മുടെ രാജ്യത്തിനും, സഭയ്ക്കും വേണ്ടി മുട്ടിപ്പായി പ്രാർത്ഥിപ്പിൻ. അപ്പോൾ ഉഷർകാല നക്ഷത്രം ഉദിച്ചു പൊങ്ങി നമ്മുടെ അന്തരീക്ഷത്തിലെ അന്ധകാരമൊക്കെയും നീക്കികളയും. ഉഷർകാല നക്ഷത്രത്തിന്റെ പിറകേ വരുന്ന ക്രിസ്തുരാജന്റെ സ്യൂര്യപ്രഭ ക്രൈസ്തവസംസ്ക്കാരത്തിന്റെ തിളക്കത്തെ ലോകസമക്ഷം പ്രത്യക്ഷമാക്കും, നിശ്ചയം. അതുകൊണ്ടു (SoGaudate in Domini 'കർത്താവിൽ നിങ്ങളേവരും സന്തോഷിപ്പിൻ' ഈ ദിവ്യ സന്തോഷം പ്രതിദിനം നിങ്ങളിൽ വർദ്ധമാനമാക്കുന്നതിനു ദൈവം നിങ്ങളെ സഹായിക്കട്ടെയെന്നുള്ള പ്രാർത്ഥനയോടുകൂടി നമ്മുടെ പള്ളിക്കൂടങ്ങളുടെ സർക്കാർ സമിതീകരണ പ്രസ്ഥാനം നമ്മുടെ സമ്മതം കൂടാതെ നടപ്പിൽ വരുത്താതിരിപ്പാൻ ശക്തിയുള്ള സർവലോകനിയന്താവായ അനന്തത്രിസമിതിയാകുന്ന ബാവാ.........പ്രുത്രൻ....റൂഹാക്കുദിശായുടെ നാമത്തിൽ നിങ്ങൾക്കും, നിങ്ങളോട് ഈശ്വരവിശ്വാസത്താലൈക്യപ്പെട്ടിരിക്കുന്നവരും സമിതീകരണ പ്രസ്ഥാനങ്ങളിൽ നിന്നകന്നു നിൽക്കുന്നവരുമായ സകല മാനകൈരളി സന്താനങ്ങൾക്കും, നാമിപ്പോൾ നൽകുന്ന അപ്പസ്തോലികാശ്ലിസ്സുകളാലേവരും അനുഗ്രഹീതരായി ഭവിക്കുമാറാകട്ടെ.

എന്ന്,

ജെയിംസ് കാളാശ്ശേരി

ന. അരമനയിൽ നിന്നും 1945 ആഗസ്റ്റ് 15-ാം തീയതി പ.ക. മറിയത്തിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ.

ഒപ്പ് ച. രൂ. മെത്രാൻ

★

www.malankaralibrary.com

# 8. കത്തോലിക്കാ കോൺഗ്രസ്സ് സമർപ്പിച്ച രണ്ടരലക്ഷത്തിന്റെ ഭീമഹർജി

സർ സി. പി. രാമസ്വാമി അയ്യരുടെ പ്രൈമറി വിദ്യാലയങ്ങൾ ദേശസാൽക്കരിക്കുന്നതിനെതിരെ നടന്ന ബഹുജന പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയത് അഖിലകേരള കത്തോലിക്ക കോൺഗ്രസ്സാണ്. തിരുവിതാംകൂർ മഹാരാജാവിന് വിദ്യാഭ്യാസ പ്രശ്നം സംബന്ധിച്ച് ഒരു മെമ്മോറാണ്ഡം സമർപ്പിച്ചു. ആ മെമ്മോറാണ്ടത്തിൽ രണ്ടരലക്ഷംപേർ ഒപ്പിട്ടു. പ്രസ്തുത മെമ്മോറാണ്ടം മഹാരാജാവിന്റെ കൈയിൽ നേരിട്ടുകൊടുക്കുവാൻ അനുവദം ലഭിച്ചില്ല. പ്രസ്തുത മെമ്മോറാണ്ടം പോസ്റ്റുവഴി അയച്ചുകൊടുത്തു. ഈ മെമ്മോറിയലിന്റെ ഒരു കോപ്പി കോട്ടയത്ത് കത്തോലിക്കാ കോൺഗ്രസ്സ് ഓഫീസിലും ഒരു കോപ്പി വത്തിക്കാൻ ഗ്രന്ഥാലയത്തിലും സൂക്ഷിച്ചുവച്ചിട്ടുണ്ട്.

ഇന്നത്തെതുപോലെയാത്രാസൗകര്യങ്ങളൊന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ രണ്ടരലക്ഷം ആളുകളുടെ ഒപ്പു ശേഖരിക്കാൻ കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർ വളരെയധികം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു. ആ സമുദായ സ്നേഹികളുടെ പാവന സ്മരണയ്ക്കു മുൻപിൽ ആദാരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ആ ഭീമഹർജിയിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന ഹർജിയുടെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

## രണ്ടരലക്ഷത്തിന്റെ ഭീമഹർജി

ശ്രീ. പത്മനാഭദാസ, വഞ്ചിപാല, കുലശേഖര, കിരീടപതി മന്നേസുൽത്താൻ, മഹാരാജ രാജെ, രാമരാജ ബഹദൂർ, ഷംഷർ ജംഗ്, നൈറ്റ് ഗ്രാന്റ് കമാൻഡർ ആഫ് ദി മോസ്റ്റ് എമിനെന്റ് ആർഡർ ആഫ് ദി ഇൻഡ്യൻ എമ്പയർ, ലഫ്റ്റനന്റ് കർണൽ, ശ്രീ. ചിത്തിര തിരുനാൾ ബാലരാമവർമ്മ തിരുമനസ്സിലെ സന്നിധിയിൽ തുരുമനസ്സിലെ കത്തോലിക്ക പ്രജകളായ താഴെ കൈഒപ്പിട്ടിരിക്കുന്ന അടിയങ്ങൾ സമർപ്പിക്കുന്ന

## മെമ്മോറിയൽ

ദയാനിധിയായ തിരുമേനി,

തിരുമനസ്സിലെ നേർക്ക്, അടിയങ്ങൾക്കുള്ള ഭക്ത്യാദരങ്ങളെ തിരുമനസ്സുണർത്തിക്കുകയും, താഴെ വിവരിക്കുന്ന അടിയങ്ങളുടെ സങ്കടങ്ങളെ

www.malankaralibrary.com

കരുണാനിധിയായ തിരുമനസ്സിലെ സന്നിധിയിൽ സമർപ്പിക്കുകയും ചെയ്തു കൊള്ളുന്നു.

1. വിദ്യാഭ്യാസത്തെ അധികരിച്ച് കത്തോലിക്കാസഭ സ്വീകരിച്ചിട്ടുള്ള സിദ്ധാന്തങ്ങളെയും, നിയമങ്ങളെയും ഇതോടനുബന്ധമായി ചേർത്തിരിക്കുന്ന മെമ്മോറാണ്ടത്തിൽ വിശദമാക്കിയിട്ടുണ്ട്. ഒരു കത്തോലിക്കനും ഇവയിൽ നിന്ന് വ്യതിചലിക്കാവുന്നതല്ല.

2. ഈ സിദ്ധാന്തങ്ങൾക്കും നിയമങ്ങൾക്കും വിപരീതമായി എന്തെങ്കിലും ചെയ്യുവാൻ അടിയങ്ങൾ നിർബന്ധരായാൽ അതു അടിയങ്ങളുടെ മതസ്വാതന്ത്ര്യത്തെ സാരമായി ബാധിക്കുന്നതും, അടിയങ്ങൾക്കു വളരെ സങ്കടമുണ്ടാകുന്നതുമാകുന്നു.

3. മതാഭ്യാസനം വിദ്യാഭ്യാസത്തിന്റെ പ്രാധാനവും അഭേദ്യവുമായ ഒരു ഭാഗമാണെന്നും, ശരിയായി രൂപവൽക്കരിച്ചിട്ടുള്ള മത ബോധനം ഓരോരുത്തരുടെയും വിദ്യാഭ്യാസത്തിന്റെ അംശമായിരിക്കണമെന്നും വിദഗ്ദ്ധന്മാർ കൂടി ഉൾപ്പെട്ടിരുന്ന വിദ്യാഭ്യാസ പുനഃസംയോജനക്കമ്മിറ്റി ഏകകണ്ഠമായി അഭിപ്രായപ്പെടുകയും ഗ്രാന്റ് സ്കൂളുകൾക്ക് കൂടുതൽ പ്രോത്സാഹനം നൽകേണ്ടതാണെന്ന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കമ്മറ്റിയെക്കാൾ നിയമപ്രകാരം ഉയർന്ന പദവി ഉള്ളവയെങ്കിലും വിദ്യാഭ്യാസ കാര്യത്തിൽ വിദഗ്ദ്ധസംഘങ്ങളല്ലാത്ത നിയമസഭയുടെ ഇരുമണ്ഡലങ്ങളും കമ്മിറ്റിയുടെ ഈ ശുപാർശകൾക്ക് വിപരീതമായി തീരുമാനങ്ങൾ ചെയ്തു.

4. ദിവാൻജിയുടെ പ്രസ്താവനകളിൽ നിന്നും 1945 ഓഗസ്റ്റ് 31-ാം തീയതിയിലെ പ്രസ് കമ്മ്യൂണിക്ക്വേഷനിൽ നിന്നും, ക്രിസ്ത്യാനികളുടെ പ്രതിഷേധങ്ങളെ അവഗണിച്ച് നിയമസമിതികളുടെ തീരുമാനങ്ങൾ നടപ്പിൽ വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതായി അടിയങ്ങൾക്കു ഭയം തോന്നി. അതിനാൽ അടിയങ്ങളുടെ സങ്കടങ്ങൾ വിവരിച്ചും പരിഹാരങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചും ഒരു പൊതുജനമെമ്മോറിയൽ തിരുമനസ്സിലെ സന്നിധിയിൽ സമർപ്പിക്കുവാൻ, 1945 സെപ്റ്റംബർ 9-ാം തീയതി അഖില കേരള കത്തോലിക്ക കോൺഗ്രസ്സിന്റെ വിദ്യാഭ്യാസക്കമ്മിറ്റി തീരുമാനിച്ചു.

5. ഈ വാർത്ത പത്രങ്ങളിൽ കണ്ട ഉടനെതന്നെ മെമ്മോറിയൽ തയ്യാറാക്കി തിരുമനസ്സുണർത്തിക്കുന്നതിന് അടിയങ്ങൾക്ക് സമയം കിട്ടുന്നതിനു മുമ്പായി നിയമസമിതികളുടെ നിശ്ചയങ്ങൾ സ്വീകരിച്ചുകൊണ്ട് ഗവൺമെന്റിൽ നിന്ന് Dis.1324/45/Edn., നമ്പരായി 1945 - സെപ്റ്റംബർ 12-ാം തീയതി പ്രൊസീഡിംഗ്സ് പാസാക്കുകയും ഈ ഉത്തരവ് നടപ്പിൽ വരുത്തുന്നതിലേക്കായി വിശദമായ പരിപാടികൾ രൂപവൽക്കരിക്കുന്നതിന് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

6. എല്ലാ വിപത്തുകളിൽ നിന്നും അടിയങ്ങളെ രക്ഷിക്കുന്നതിന് തിരുമനസ്സിലെ സന്നിധാനത്തിൽ സങ്കടങ്ങൾ ഉണർത്തിക്കുന്നതിന് സമയം കിട്ടുന്നതിനുമുമ്പായി ഗവൺമെന്റിൽ നിന്നും ഗൗരവാവഹമായ ഈ നടപടി

www.malankaralibrary.com

കൈകൊണ്ടത് അടിയങ്ങൾക്ക് കൂടുതൽ സങ്കടത്തിന് കാരണമായിട്ടുണ്ട്.

7. ഇപ്രകാരംതന്നെ അടിയങ്ങളെ വേദനിപ്പിക്കുന്ന മറ്റുപല സങ്കടങ്ങളും അടിയങ്ങൾ അനുഭവിക്കുന്നുണ്ടെങ്കിലും ഈ കാര്യത്തിന്റെ ഗൗരവത്തെ പരിഗണിച്ച് ഇതിനെപ്പറ്റിമാത്രമെ ഉടനെ തിരുമനസ്സുണർത്തിക്കുവാൻ ഇടയായിട്ടുള്ളതാകുന്നു.

അതിനാൽ താഴെ വിവരിക്കുന്ന അപേക്ഷകൾ ഏറ്റവും വിനയത്തോടും ഭക്തിയോടുംകൂടി തിരുമനസ്സുണർത്തിച്ചുകൊള്ളുന്നു.

എ. അടിയങ്ങളുടെ സങ്കടങ്ങൾക്കു പരിഹാരം വരത്തക്കവണ്ണം മേൽവരിച്ചിട്ടുള്ള ഗവൺമെന്റ് പ്രൊസീഡിംഗ്സ് കൽപിച്ചു ഭേദപ്പെടുത്തുമാറാകണം.

ബി. അടിയങ്ങളുടെ വിദ്യാലയങ്ങളിൽ അടിയങ്ങളുടെ കുട്ടികൾക്കു മതബോധനം നൽകുന്നതിനുള്ള അവകാശം അടിയങ്ങൾ തുടർന്ന് അനുഭവിക്കുന്നതിന് കൽപിച്ചനുവദിക്കുമാറാകണം.

സി. അടിയങ്ങളുടെ വിദ്യാലയങ്ങളിലെ അധ്യാപകർക്ക് അവരുടെ മുഴുവൻ ശമ്പളവും സഹായധനമായി നൽകുന്നതിന് കൽപിച്ചനുവദിക്കുമാറാകണം.

25 സെപ്റ്റംബർ 1945

എന്ന്,

തിരുമനസ്സിലെ ഭക്തരും വിനീതരുമായ

കത്തോലിക്കാ പ്രജകൾ

★

www.malankaralibrary.com

# 9. 124-ാം നമ്പർ ഇടയലേഖനം

(സഭയുടെ താൽപര്യങ്ങൾക്കുവേണ്ടി എന്തുത്യാഗവും സഹിക്കുന്നതിന് താൻ തയ്യാറാണെന്നും താൻ എഴുതിയ 123-ാം നമ്പർ പരസ്യകൽപ്പന പിൻവലിച്ച് ക്ഷമായാചനം ചെയ്യുന്ന പ്രശ്നമില്ലെന്ന് വ്യക്തമാക്കികൊണ്ടും മാർ ജെയിംസ് കാളാശ്ശേരി പുറപ്പെടുവിച്ച 124-ാം നമ്പർ ഇടയലേഖനമാണ് ചുവടെ ചേർക്കുന്നത്.)

" ആകാശവും ഭൂമിയും കടന്നുപോകും"( Mt.24:35)

വന്ദ്യ സഹോദരരേ, വാത്സല്യമക്കളേ,

നമ്മുടെ 123-ാം നമ്പർ പരസ്യക്കൽപ്പനയിൽ നമ്മുടെ സഭയ്ക്കും സമുദായത്തിനും ഭവിക്കാവുന്ന വിപത്തുകളെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിരുന്നുവല്ലോ. ആ ലേഖനം പിൻവലിച്ച് ക്ഷമായാചനം ചെയ്യണമെന്ന് നമ്മോട് ഒരാഴ്ചയ്ക്ക് മുമ്പ്, ബ. സർക്കാർ ആവശ്യപ്പെട്ടിട്ടുള്ള വിവരം ഇതിനോടകം നിങ്ങളേവരും അറിഞ്ഞുകാണുമെന്നു നാം വിചാരിക്കുന്നു. ആ 'നോട്ടീസ്' നമ്മുക്കു ലഭിച്ചപ്പോൾ "നിങ്ങൾ എന്നിൽ നിന്നു പഠിപ്പിൻ, എന്തെന്നാൽ ഞാൻ എളിമയും ഹൃദയശാന്തതയുള്ളവനാകുന്നു." എന്നുള്ള നമ്മുടെ ദിവ്യരക്ഷകന്റെ ദിവ്യോപദേശമാണ് നമ്മുടെ മനസ്സിൽ പ്രതിധ്വനിച്ചത്. വിധികർത്താക്കളുടെ മുമ്പിൽ നമ്മുടെ കർത്താവീശോമിശിഹാ എപ്രകാരം അധികമൊന്നുമുച്ചരിക്കാതിരുന്നുവോ അപ്രകാരം തന്നെ ആ സ്നേഹനാഥന്റെ അയോഗ്യദാസനായ നാം, ബ. സർക്കാരിന്റെ മുമ്പിൽ ഒന്നുരണ്ടു വാക്കുകൾ മാത്രം മറുപടിയായി ബോധിപ്പിക്കണമെന്നത്രെ തീരുമാനിച്ചിരിക്കുന്നത്.

ഏതായാലും വന്ദ്യസഹോദരരേ, വാത്സല്യമക്കളെ; നിങ്ങളൊട്ടും തന്നെ വ്യസനിക്കേണ്ട. നിങ്ങളാരും Noli flere കരയുകയും വേണ്ട. എന്തെന്നാൽ " ആകാശവും ഭൂമിയും കടന്നുപോകും. എന്റെ വചനങ്ങളോ കടന്നുപോകുകയില്ല." എന്നരുൾചെയ്ത ദൈവപുത്രന്റെ ഒരു വിനീത അപ്പസ്തോലനല്ലയോ നാം.? പീലാത്തോസുപോലും താൻ മരണത്തിനു വിധിച്ച 'കുറ്റപ്പുള്ളി' കുരിശിൽ തറയ്ക്കപ്പെട്ടു കൊല്ലപ്പെട്ടശേഷം, അതിന്റെ മുകളിൽ എഴുതപ്പെട്ടിരുന്ന വാക്യങ്ങൾക്കു ഭേദഗതി വരുത്തണമെന്നു യൂദന്മാർ ആവശ്യപ്പെട്ടപ്പോൾ "ഞാനെഴുതിയത് എഴുതി."a(quod seripsi, seripsi.st. John 19:22) എന്നു ധൈര്യസമേതം ഉത്തരം പറഞ്ഞുവെങ്കിൽ, നാമെത്ര ന്യായത്തിൽ നമ്മുടെ സഭയുടെ ജീവനെപ്രതി ധീരതയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com

നിങ്ങളോ എന്നാൽ ക്രമം കടന്ന യാതൊരു പ്രക്ഷോഭണവും നടത്തിപ്പോകരുതെന്നു നാം ആജ്ഞാപിക്കുന്നു. ബ. സർക്കാർ ദൈവത്തിന്റെ നാമത്തിലാണ് നമ്മെ ഭരിക്കുന്നത്. അതുകൊണ്ടു സർക്കാരിനോടു നാം ബഹുആദരവോടെ വർത്തിക്കണം. മാന്യമായും സൗഹാർദ്ദമായും നമ്മുടെ സങ്കടത്തെപ്പറ്റി ബഹു. സർക്കാർ അനുഭവപൂർവ്വം ചിന്തിക്കാതിരിക്കുകയില്ല "Fear god, honour the king" "ദൈവത്തെ ഭയപ്പെടുക, രാജാവിനെ ബഹുമാനിക്കുക" എന്ന വി. പത്രോസിന്റെ വാക്യങ്ങൾക്കു നിങ്ങളുടെ എല്ലാ പ്രക്ഷോഭണങ്ങളിലും, നിങ്ങൾ മുൻഗണന കൊടുത്തു കൊള്ളണമെന്ന് നാം നിങ്ങളെ വീണ്ടും വീണ്ടും ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

സഭയുടെ താൽപര്യങ്ങൾക്കുവേണ്ടി എന്തുത്യാഗവും സഹിക്കുന്നതിന് നാം തയ്യാറാണ്. എത്ര എത്ര മെത്രാന്മാരും ഗുരുക്കന്മാരും കന്യാസ്ത്രീകളും വിശ്വാസികളും സഭയ്ക്കുവേണ്ടി ത്യാഗങ്ങൾ സഹിച്ചിട്ടുണ്ട്. അവർക്കു ധൈര്യവും വിശ്വാസവും നൽകിയ ദൈവത്തെ നമുക്ക് പൂർണ്ണമായി ആശ്രയിക്കാം.

നമ്മുടെ സ്ക്കൂളുകളേയും മതത്തേയും സംരക്ഷിക്കുകയാണ് നമ്മുടെ ഏറ്റം പ്രധാനഉദ്ദേശ്യമെന്നു നിങ്ങൾ വിസ്മരിക്കയില്ലെന്ന് നാം വിശ്വസിക്കുന്നു. അതിനുപ്രക്ഷോഭണത്തെക്കാൾ കൂടുതൽ സഹായകമായിരിക്കുന്നത്, ദൈവത്തോടുള്ള ആത്മാർത്ഥമായ പ്രാർത്ഥനയാണെന്ന് ഒരിക്കൽ കൂടി നാം നിങ്ങളെ ഓർപ്പിച്ചുകൊള്ളുന്നു. നാം നിർദ്ദേശിക്കുന്ന ക്രൂശിതരൂപത്തോടുള്ള പ്രാർത്ഥന നിങ്ങൾ ദിവസേന കൂട്ടമായി ചൊല്ലിക്കൊള്ളണം.

എന്നാൽ പ്രാർത്ഥനയും പോരാ, ഉപവാസമാവശ്യമാണ് എന്തുകൊണ്ടെന്നാൽ പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ വൻകാര്യങ്ങളൊന്നും സാധിക്കുകയില്ലെന്നു നിങ്ങൾ ഓർത്തിരിക്കണം. ആശ്രമവാസികൾ മാത്രം ഉപവസിച്ചാൽ പോരാ, ലോകത്തിൽ ജീവിക്കുന്ന ജനങ്ങളും ഉപവസിക്കണം. അപ്പോൾ പ്രക്ഷോഭണങ്ങളിൽ അക്രമം കടന്നുകൂടുകയില്ല.; ദൈവം പ്രസാദിക്കും; കുടുംബങ്ങൾ സന്തോഷിക്കും; സമുദായം അഭിവൃദ്ധിപ്പെടും; നമ്മുടെ സഭ വിജയിക്കുകയും ചെയ്യും എന്നുള്ള ശരണത്തോടു കൂടി ബാവായുടെയും പുത്രന്റെയും റൂഹാദക്കുദ്ശായുടെയും നാമത്തിൽ നാം നിങ്ങളേവരേയും സ്നേഹപൂർവ്വം ആശീർവ്വദിക്കുന്നു.

എന്ന്

ജെയിംസ് കാളാശ്ശേരി

ച. നമ്മുടെ അരമനയിൽനിന്നും വി. കുരിശ്ശിന്റെ പുകഴ്ചയുടെ തിരുനാൾ 1915 സെപ്റ്റംബർ 14-ാംനു

ച. രൂ. മെത്രാൻ

★

www.malankaralibrary.com

# 10. സർക്കാരിന്റെ താക്കീതും മാർ ജെയിംസ് കാളാശ്ശേരിയുടെ ധീരമായ മറുപടിയും

(അഭിവന്ദ്യപിതാവിന്റെ 123-ാം നമ്പർ ഇടയലേഖനത്തെ പരാമർശിച്ചുകൊണ്ട് ഗവൺമെന്റുസെക്രട്ടറി അയച്ച കത്തും പിതാവിന്റെ മറുപടിയും, പ്രസ്തുത ഇടയലേഖനം പിൻവലിച്ച് ക്ഷമാപണം ചെയ്യണമെന്നുള്ള സർക്കാർ ആവശ്യവും കാര്യകാരണസഹിതം അഭിവന്ദ്യപിതാവ് തള്ളിക്കളഞ്ഞു. കൂർമ്മ ബുദ്ധിയും ഉറച്ചദൈവവിശ്വാസവും സഭാസ്നേഹവും ധീരതയും വ്യക്തമാക്കുന്നതാണ് അഭിവന്ദ്യപിതാവിന്റെ മറുപടി കത്ത്. 1945 ആഗസ്റ്റ് 15ന് താൻ പ്രസിദ്ധപ്പെടുത്തിയ 123-ാം നമ്പർ ഇടയലേഖനം അപ്പസ്തോലന്മാരുടെ മാതൃകയെ അനുകരിച്ചാണെന്നും, ഇടയലേനത്തിൽ വിവരിക്കുന്ന വാളും അണുബോംബും ആദ്ധ്യാത്മിക വാളിനേയും ആദ്ധ്യാത്മികബോംബനേയുമാണ് സൂചിപ്പിക്കുന്നതെന്നും ഇടയലേഖനം തന്നെ ആദ്ധ്യാത്മികമായ ഒരുൽബോധനവും പ്രാർത്ഥനയ്ക്കുള്ള ഒരാഹ്വാനമാണെന്നും അതിൽ ഗവൺമെന്റിന്റെ നേരെ പ്രത്യക്ഷമോ പരോക്ഷമോ ആയ എതിർപ്പില്ലെന്നും ഉദ്ബോധിപ്പിച്ചിട്ടുള്ളതെന്നും രാജ്യത്ത് ശാന്തിക്കോ സമാധാനത്തിനോ കോട്ടം വരുത്തുവാൻ ഇടയുള്ള എതിർ പ്രസ്ഥാനങ്ങൾക്കെല്ലാം എതിരായി എപ്പോഴും നിലകൊണ്ടിട്ടുണ്ടെന്നും ആയതിനാൽ മേൽ സൂചിപ്പിച്ച ഇടയലേഖനം പിൻവലിക്കാനും അതു പ്രസിദ്ധീകരിച്ചതിൽ ഖേദം പ്രകടിപ്പിക്കാനും കാരണം കാണുന്നില്ല. എന്നും അഭിവന്ദ്യപിതാവ് ഈ മറുപടികത്തിൽ ശക്തമായി സമർത്ഥിക്കുന്നു.)

## Notice and Reply

R.O.C.No. 3824/45Edn.

Government of Travancore
Huzur Cutcherry Trivandrum
6th Sept. 1945

From

The Secretary to Government

To

The Rt. Rev. Mar James Kalacherry Ph.D., D. D.,
Bishop of Changnacherry.

www.malankaralibrary.com

Rt. Reverend Sir,

In the September and October issue of the Vedapracharamadhyastan Book 18, Leks. 3-4, a pastoral letter No. 123 is published as having been issued on August by the 15, 1945, under your Signature. The letter is published at pages 25to 33 of the above magazine. You have also issued a command in that letter that it should be read in every Church after service on the next two Sundays.

This letter is prefaced with a quotation from the Holy Scriptures (St. Luke XXII, 36-38). It is stated that you have yourself unsheathed one sword and that the necessity to use the remaining spiritual sword- atomic bomb- in your possession has arisen as also the occasion for those who have purses to take them out. The letter goes on to state that if the primary rights of the individual are affected even to the slightest extent as a result of the socialistic policy of Government, nature will grow angry with the Government, rouse up all the forces under the sun, and enter the arena to wipe out from the face of the earth the unjust authors of nationalization, You attack the Government both explicitly and implicity and compare the Government's alleged policy of nationalizing the schools of the State with Hitlerism, Nazism and Fazism.

The policy of the Government has been made absolutely clear more than once both on the floor of Legislature and elsewhere. That policy has been deliberately misinterpreted in letter under reference. There is a bitter attack on the members of the Legislature and imprecations on their heads for doing their duty. The name of the Soverign has been needlessly brought into the discussion in a most improper manner.

Government are advised that the whole of this objectionable letter is subversive and seditious, is calculated to bring into hatred the duly constituted Government of this State and to cause communal bitterness and strife leading to violence. Government therefore are constrained to ask you to withdraw this publication and to express open regret for having published it. If you do not so within a fortnight after the receipt of this communication Government will have no alternative but to take such as they may be advised to adopt in the circumstances.

Yours faithfully Government (sd.)
Secretary to Government.

www.malankaralibrary.com

**Reply**

Bishop's Palace Changancherry
17th Sep. 1945

From

The Rt. Rev. Mar James Kalacherry Ph.D., D.D.,
Bishop of Changancherry

To,

The Secretary to Government.
Ref.- R.O.C.No. 3824/45/Edn. Dated Trivandrum
Huzur Cutcherry, 6-9-45

Sir,

I have the honour to acknowledge receipt of your letter quoted above, referring to my pastoral,No 123.

Following the Apostles example, Bishops send letters called pastorals to their flock, and those pastorals are always read to the faithful in all the churches of their respective Dioceses. I have issued on several occasions pastoral letters to my people, and I am bound to do so when necessity arises. The pastoral letter No. 123, of August 15, 1945, which is referred to in your letter cited above, is one of such pastorals issued by me as Bishop of Changancherry to the faithful of my diocese.

I am amazed at the interpretation given to the words in my pastoral, and I reject such interpretation as wrong and fallacious. An unbiased reading of my pastoral letter will show that I speak of Spiritual armoury, spiritual sword, spiritual atomic bomb, and that the letter is a spiritual exhortation to prayer so that the dangers threatened may be warded off.

A perusal of the letter will show that there is absolutely no attack either explicltly or implicity on the Government. If my observations are suggested by the resolutions passed by the people's repersentatives in the Legislatur, that dose not mean that they are suggested by the Government. It is the right of every individual to express his own opinion about the actions of popular representatives, and the reference to them in my letter is nothing but an honest evaluation, of those actions.

www.malankaralibrary.com

The name of His Highness the Maharaja had to be mentioned as I sincerely believe that the suggestions of the people will be a stain on His Highness's good name glorious reign and traditional policy of religious tolerance. Your observation that the name of the Sovereign has been needlessly brought into the discussion in an improper manner indicates that Government have failed to understand the spirit of the pastoral or the significance of the points discussed therein. I vehemently protest against your bringing in the name of the sovereign as a handle for the unwarranted stand you have taken.

I take this opportunity t o state that the advisors of Government are entirely mistaken if they have thought that the pastoral is objectionable, subversive or seditious. It is neither calculated to bring into hatred the duly constituted Government of the State nor to cause communal bitterness or strife leading to violence. I repudiate the charges mentioned in your letter. I may also point out that in pursuance of the principles of the Catholic Church. I have always inculcated in my pastorals respect for constituted authority and have always stood against all movements tending towards disturbance of peace or tranquility of the State.

I do not find any reason either for withdrawing my pastoral under reference or for expressing any regret for having issued the same.

Yours faithfully,

(sd.)

Bishop of Changancherry

★

www.malankaralibrary.com

# 11. ഷെവലിയർ തര്യത് കുഞ്ഞിതൊമ്മന് ഗംഭീര വരവേൽപ്

## ഫാ. ജേക്കബ് ഏറത്തയിൽ രചിച്ച കാഞ്ഞിരപ്പള്ളി നൂറ്റാണ്ടുകളുടെ എന്ന ഗ്രന്ഥത്തിൽ നിന്ന്

തന്ത്രശാലിയായ സർ സി. പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ ഗവൺമെന്റിന്റെ 1945 സെപ്റ്റംബർ 12-ാം തീയതിയിലെ വിദ്യാഭ്യാസനയ പ്രൊസീഡിംഗ്സ് തയ്യാറാക്കി നിയമസഭയിൽ അവതരിപ്പിച്ചു. പല കെണികളും ഇണക്കിയാണ് പ്രൊസീഡിംഗ്സ് തയ്യാറാക്കി നിയമസഭയിൽ അവതരിപ്പിച്ചത്. തിരുവിതാംകൂറിൽ പ്രാഥമിക വിദ്യാഭ്യാസം ദേശസാൽക്കരിക്കണമെന്നായിരുന്നു പ്രൊസീഡിംഗ്സിലെ നിർദ്ദേശം.

ഫലത്തിൽ അത് പ്രാഥമിക വിദ്യാഭ്യാസം ഗവൺമെന്റ് കുത്തകയിലാക്കുന്നതും പ്രാഥമിക വിദ്യാഭ്യാസ രംഗത്തെ ഭൂരിപക്ഷം പ്രൈവറ്റ് ഏജൻസികളെ ദോഷകരമായി ബാധിക്കുന്നതുമായിരുന്നു. ക്രാന്തദർശിയായ ചങ്ങനാശ്ശേരി മെത്രാൻ കാളാശ്ശേരിൽ തിരുമേനി പ്രസ്തുത സംരംഭത്തെ പ്രതിഷേധിച്ചുകൊണ്ട് ഒരു ചെറിയ ഇടയലേഖനം രൂപതയുടെ ഔദ്യോഗിക നാവായ മദ്ധ്യസ്ഥനിൽ പ്രസിദ്ധം ചെയ്തത് അസംബ്ളിയിൽ കോളിളക്കവും സി. പി. പക്ഷക്കാരുടെയിടയിൽ കലിതുള്ളലും സൃഷ്ടിച്ചു. (മദ്ധ്യസ്ഥൻ - ഇടയലേഖനം 121/10-8-1945) ഗവൺമെന്റ് നീക്കങ്ങളുടെ ഗൗരവം ശരിക്കും മനസിലാക്കിയ കാളാശ്ശേരി തിരുമേനി സുചിന്തിതവും യുക്തിയുക്തവുമായ ഭാഷയിലും പുതിയ നീക്കത്തിന്റെ ദുഷ്ഫലങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു സുദീർഘമായ മറ്റൊരു ഇടയലേഖനം പ്രസിദ്ധപ്പെടുത്തി (മദ്ധ്യസ്ഥൻ-സെപ്റ്റ- ഒക്ടോ. 1945- ഇടയലേഖനം 123/15-8-1945).

ഇത് രാജ്യത്തൊട്ടാകെ ഒരു കൊടുങ്കാറ്റ് സൃഷ്ടിച്ചു. വിദ്യാഭ്യാസം ദേശസാൽക്കരിക്കുകയെന്നാൽ അതിന്റെ ഫലം വിദ്യാഭ്യാസ രംഗമാകെ ഗവൺമെന്റ് കയ്യടക്കി അവിടെ കുത്തക ഉറപ്പിക്കലാണെന്നും അത് രാജ്യശ്രേയസ്സിനു വിരുദ്ധവും ന്യൂനപക്ഷ താൽപര്യങ്ങളെ ധ്വംസിക്കുന്നതുമാണെന്നും ജനങ്ങൾക്കു ബോധ്യമായി. അത് ഗവൺമെന്റിനു ഭീമമായ ചെലവിനിടയാക്കി. രാജ്യത്തിന്റെ സാമ്പത്തികനിലവാരം ഇടിച്ചു തകർക്കുമെന്നു ഗ്രഹിച്ച ജനങ്ങൾ ഒന്നാകെ ഇളകിവശായി. അനേകം തലങ്ങളിലും സ്ഥലങ്ങളിലും പൗരജനങ്ങൾ സമ്മേളിച്ച് ശക്തമായ എതിർപ്പ് പ്രകടിപ്പിക്കുകയും ഗവൺമെന്റിനു മെമ്മോറാണ്ടങ്ങൾ സമർപ്പിക്കുകയും

www.malankaralibrary.com

ചെയ്തു. എല്ലാ മതവിഭാഗങ്ങളും ഒന്നിച്ചു പ്രതിഷേധസ്വരമുയർത്തി. പത്രങ്ങൾ കാര്യകാരണസഹിതം മുഖ്യപ്രസംഗങ്ങളിലൂടെ ഗവൺമെന്റിനെ കാര്യങ്ങളുടെ ഗൗരവം ഉദ്ബോധിപ്പിച്ചു.

ഉന്നത ശീർഷരായ വ്യക്തികൾ - ഷെവ. സി. ജെ വർക്കി, റിട്ട. ചീഫ് ജസ്റ്റിസ് ജോസഫ് തളിയത്ത്, ഷെവ. ഐ. സി. ചാക്കോ മുതലായവർ ഗവൺമെന്റ് നയത്തെ യുക്തിയുക്തം പ്രതിഷേധിച്ച് ലഘുലേഖകളിറക്കി. ധർമ്മധീരനായ പി.റ്റി. ചാക്കോ സർ സി. പി. ക്ക്'ഒരു തുറന്ന കത്ത്' എന്ന ശീർഷകത്തിൽ പ്രസ്തുത പ്രശ്നത്തെക്കുറിച്ചു ഒരു ലഘുഗ്രന്ഥം അച്ചടിപ്പിച്ചു പ്രചരിപ്പിക്കുകയും ഒരു കോപ്പി സർ സി. പി. ക്ക് അയച്ചുകൊടുക്കയും ചെയ്തു.

പ്രക്ഷോഭണത്തിന്റെ നേതൃത്വം കത്തോലിക്കാ കോൺഗ്രസ്സ് ഏറ്റെടുത്തു. സർ സി. പി. അടിയേറ്റ സർപ്പത്തെപ്പോലെ ഫണമുയർത്തി. ഉദ്യോഗസ്ഥവൃന്ദം മുഴുവൻ സി. പി. യെ ഭയപ്പെട്ട് ആജ്ഞാനുവർത്തികളായി. ഗവൺമെന്റിന്റെ സി. ഐ. ഡി. കൾ നാടുനീളെ പരക്കംപാഞ്ഞു നടന്നു. കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് തര്യത് കുഞ്ഞുതൊമ്മനും, പി. റ്റി. ചാക്കോയും അറസ്റ്റു ചെയ്യപ്പെട്ടു കൽത്തുറുങ്കുകളിലായി.

കാളാശ്ശേരി പിതാവിന്റെ പേരിൽ രാജ്യദ്രോഹക്കുറ്റം ആരോപിച്ചു ഇടയലേഖനം നിരുപാധികം പിൻവലിച്ച് ക്ഷമാപണം ചെയ്യാത്തപക്ഷം അറസ്റ്റുചെയ്തു ശിക്ഷിക്കുമെന്നു ഭീഷണിപ്പെടുത്തിയും സി. പി. നോട്ടീസയച്ചു. പിതാവിനെ ആരുമറിയാതെ അറസ്റ്റു ചെയ്യാനുള്ള ആലോചനകൾ അണിയറയിൽ നടന്നു. എന്നാൽ സർക്കാർ ജനരോഷത്തെ ഭയപ്പെട്ടു. ചങ്ങനാശ്ശേരി അരമന വളപ്പ് ഉണർന്നുവശായ ജനങ്ങളെക്കൊണ്ടു രാപകൽ നിറഞ്ഞു നിന്നു. ഉന്നതരായ അഭിഭാഷകർ ഉപദേശ സഹായത്തിനെത്തി. ഇടയലേഖനം പിൻവലിക്കയില്ലെന്നും ക്ഷമാപണം ആവശ്യമില്ലെന്നും സർക്കാർ നടപടി തീർത്തും നിയമസാധുത്വമില്ലാത്തതാണെന്നും കാണിച്ച് ശക്തിയുക്തം തയ്യാറാക്കിയ മറുപടി സർക്കാരിനയച്ചു കൊടുത്തു. സർ സി. പി. യും ഗവൺമെന്റും കുഴങ്ങി.

കാഞ്ഞിരപ്പള്ളിയുലെയും അയൽപ്രദേശങ്ങളിലെയും പതിനായിരക്കണക്കിനു ജനങ്ങൾ പങ്കെടുത്ത ഒരു പ്രതിഷേധ മഹായോഗം പള്ളി മൈതാനത്തിൽ ബാംഗ്ലൂർ ബിഷപ്പ് പി. തോമസ് പോത്തക്കാമുറിയുടെ അധ്യക്ഷതയിൽ ചേർന്നു. പല ഉന്നത വ്യക്തികളും പ്രസംഗിക്കുകയും പ്രതിഷേധപ്രമേയങ്ങൾ പാസാക്കി ഗവൺമെന്റിന് അയച്ചുകൊടുക്കുകയും ചെയ്തു. പാലായിൽ നടന്ന പ്രതിഷേധമഹായോഗം ചരിത്രം സൃഷ്ടിച്ച ഒന്നുതന്നെയാണ്.

രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നു ജനലക്ഷങ്ങൾ പാലായിലേക്ക് ഒഴുകി. പാലാ വലിയപള്ളി മൈതാനം മനുഷ്യമഹാസമുദ്രമായി മാറി. മദ്രാസിൽ നിന്നെത്തിയ മേയർ ചെങ്കൽവരായന്റെ അദ്ധ്യക്ഷതയിൽ നടന്ന മഹാസമ്മേളനത്തിൽ പല ഉജ്ജ്വലവാഗ്മികളും പ്രസംഗിച്ചു. പ്രതിഷേധ പ്രമേ

www.malankaralibrary.com

യങ്ങൾ പാസാക്കി. ജനരോഷം ശമിപ്പിക്കാനെന്നവണ്ണം ജയിൽ വിമുക്തനാക്കപ്പെട്ട തര്യത് കുഞ്ഞിത്തൊമ്മൻ പാലാ സമ്മേളനത്തിലെത്തിച്ചേർന്നു.

കുഞ്ഞിത്തൊമ്മനെക്കണ്ടു മനുഷ്യമഹാസമുദ്രം അന്തരീക്ഷം ഭേദിക്കുമാറ് ജയഭേരി മുഴക്കി അദ്ദേഹത്തെ സ്വീകരിച്ച രംഗം രോമാഞ്ചജനകമായിരുന്നു. താൻ വ്യവസ്ഥകൾക്കൊന്നും വഴങ്ങാതെ നിരുപാധികമായിട്ടാണു ജയിൽ വിമുക്തനായതെന്ന് ആ സമുദായനേതാവ് അർത്ഥശങ്കക്കിടം നൽകാതെ പ്രഖ്യാപിച്ചു. താമസിയാതെ പി. റ്റി. ചാക്കോയും ജയിൽ വിമുക്തനായി. സർ സി. പി. യുടെ വിദ്യാഭ്യാസ ദേശസാൽക്കശ്രമങ്ങൾ പരാജയപ്പെട്ടു.

പത്തനംതിട്ട സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചതും പ്രകടനത്തിന് നേതൃത്വം നല്കിയതും മഹാത്മജിയുടെ ഉറ്റമിത്രമായിരുന്ന ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ ഭാര്യ സൂസൻ ജോസഫാണ്. മാർ ഇവാനിയോസും എം.എം. വർക്കിയുമെല്ലാം ബ്രിട്ടീഷ് പാർലമെന്റിൽ തിരുവിതാംകൂർപ്രശ്നം ഉന്നയിക്കാൻ വേണ്ട ഇടപാടുകൾ രഹസ്യമായി ചെയ്തു. പാർലമെന്റിൽ ഈ പ്രശ്നം പരാമർശിക്കപ്പെട്ടു.

കാളാശ്ശേരി തിരുമേനിയെ അറസ്റ്റുചെയ്യുവാൻ സി.പി. നിർദ്ദേശം നല്കി. എന്നാൽ വിവേകശാലികളായ ചില ഡിസ്ട്രിക്ട് മജിസ്ട്രേറ്റുമാരും പേഷ്കാരന്മാരും വിനയപൂർവ്വം സി.പി.യെ അറിയിച്ചു. അനേകം ശവശരീരങ്ങൾ ചവുട്ടികടന്നേ ബിഷപ്പിന്റെ അരമനയിലേക്ക് അറസ്റ്റുവാറണ്ടുമായി പ്രവേശിക്കാനാവൂവെന്ന്. വിവേകം വീണ്ടുകിട്ടിയ സി.പി. ബിഷപ്പിനെ അറസ്റ്റുചെയ്യുവാനുള്ള നീക്കം ഉപേക്ഷിച്ചു. കേരളത്തിലെ ക്രൈസ്തവ സഭയുടെ ചരിത്രത്തിൽ ആദ്യമായി എല്ലാ ക്രൈസ്തവ വിഭാഗങ്ങളിലെയും മേലദ്ധ്യക്ഷന്മാർ കോട്ടയം ബിഷപ്പിന്റെ അരമനയിൽ ഒന്നിച്ചുചേർന്ന് സി.പി.യുടെ വിദ്യാഭ്യാസ നയത്തെ ഏകസ്വരത്തിൽ പ്രതിഷേധിച്ചു മദ്രാസിലെ ആംഗ്ലിക്കൻ ബിഷപ്പ് റവ. ഡോ. ഗിൽമുറാൺ അദ്ധ്യക്ഷനായിരുന്നു. ഈ സമ്മേളനം പ്രക്ഷോഭത്തിന് ആക്കം കൂട്ടി.

## ഒത്തു തീർപ്പിന്

അലതല്ലി തടം തകർത്തുയരുന്ന പ്രക്ഷോഭതിരമാലകളെ അധികാരത്തിന്റെ ഉരുക്കുദണ്ഡുപയോഗിച്ച് തല്ലിതകർക്കാമെന്ന വ്യാമോഹം ദിവാൻ വെടിഞ്ഞു. ഏതെങ്കിലും പ്രകാരത്തിൽ നാണക്കേട് കൂടാതെ ഒത്തുതീർപ്പിന് കളമൊരുക്കണമെന്ന് ദിവാൻ അന്നത്തെ പേപ്പർ പ്രതിനിധിയോടഭ്യർത്ഥിച്ചു. തൽഫലമായി ദിവാൻ ബിഷപ്പുമായി ഒത്തുതീർപ്പുണ്ടാക്കി Modus Vivendi എന്ന പേരിലാണ് ആ ഒത്തുതീർപ്പറിയപ്പെടുന്നത്. ആരുടെയും സമ്മതംകൂടാതെ വിദ്യാലയങ്ങൾ സർക്കാർ ഏറ്റെടുക്കുകയില്ലെന്നായിരുന്നു ഒത്തുതീർപ്പു വ്യവസ്ഥ.

കത്തോലിക്കാ കോൺഗ്രസ്സിന്റെ തത്തംപള്ളി സമ്മേളനം തിര-

www.malankaralibrary.com

ഞ്ഞെടുത്തു 350 പേരടങ്ങിയ കമ്മറ്റിയാണ് വിദ്യാഭ്യാസ സമരം നടത്തിയത്. സമരത്തിന് നേതൃത്വം നല്കിയതും ക്ലേശങ്ങൾ സഹിച്ചതും അന്ന് കത്തോലിക്കാ കോൺഗ്രസ്സായിരുന്നു. എന്നാൽ ഒത്തുതീർപ്പിന് പോയപ്പോൾ പിതാക്കന്മാർ അക്കാര്യം വിസ്മരിച്ചു. എ.കെ.സി.സി.യുടെ യാതൊരു പ്രതിനിധിക്കും ഒത്തുതീർപ്പാലോചനയിൽ സ്ഥാനം ഇല്ലായിരുന്നുവെന്നു മാത്രമല്ല, ജയിലിൽ കിടക്കുന്ന കത്തോലിക്കാ കോൺഗ്രസ്സ് അംഗങ്ങളെ മോചിപ്പിച്ചിട്ട് ഒത്തുതീർപ്പാലോചനയാകാമെന്ന വ്യവസ്ഥപോലും വയ്ക്കുവാൻ പിതാക്കന്മാർ കൂട്ടാക്കിയില്ല. ഒത്തുതീർപ്പുണ്ടായതിനെ തുടർന്ന് കത്തോലിക്കാ കോൺഗ്രസ്സ് നിയമിച്ച സമരസമിതി എ.കെ.സി.സിക്ക് സമർപ്പിച്ച റിപ്പോർട്ടിലെ ഒരുഭാഗം താഴെചേർക്കുന്നു " വിദ്യാഭ്യാസ വിഷയത്തിൽ ഒരു ഒത്തുതീർപ്പിന് എത്തിച്ചേരുന്നതിന്, തിരുവിതാംകൂർ ഗവണ്മെന്റും കത്തോലിക്കാ വൈദികമേലദ്ധ്യക്ഷന്മാരും തമ്മിൽ ഇതിനിടയിൽ എന്തൊക്കെയോ ആലോചന നടക്കുന്നുണ്ടായിരുന്നു. എന്നാൽ വിദ്യാഭ്യാസ പ്രക്ഷോഭണത്തിന്റെ സകലഭാരവും ഏറ്റെടുത്ത് അത് സമർത്ഥമായും ത്യാഗപൂർവ്വവും നടത്തിക്കൊണ്ടിരുന്ന ഈ കമ്മിറ്റിയുമായി ആ കാര്യം സംബന്ധിച്ച് ആരും ആലോചിച്ചിരുന്നില്ല. ഏതായാലും അങ്ങനെ നടന്ന ആലോചനകളുടെ ഫലമായി ഉണ്ടായതാണെന്ന ഭാവേന, തിരുവിതാംകൂർ ഗവണ്മെന്റിൽ നിന്നും 1947 മാർച്ച് 10-ാം തീയതി ഒരു പ്രസ് കമ്മ്യൂണിക്കേ പ്രസിദ്ധപ്പെടുത്തി. പ്രസ്തുത കമ്മ്യൂണിക്കയെപ്പറ്റി 1947 മാർച്ച് 22-ാം തീയതി കമ്മിറ്റി കൂടി ആലോചിച്ചു. വിദ്യാഭ്യാസ വിഷയത്തിൽ ക്രിസ്ത്യാനികൾ പൊതുവിലും കത്തോലിക്കർ പ്രത്യേകിച്ചും നടത്തിക്കൊണ്ടിരുന്ന അവകാശവാദങ്ങളെ തൃപ്തിപ്പെടുത്തത്തക്ക ഒന്നായിരുന്നില്ല പ്രസ്തുത കമ്മ്യൂണിക്ക. വൈദിക മേലദ്ധ്യക്ഷന്മാർ ഒരു ഇടക്കാല വ്യവസ്ഥയായി സമ്മതിച്ചിരുന്ന ചില വ്യവസ്ഥകളും കൂടിയാലോചനയിൽ ഉന്നയിക്കുക പോലും ചെയ്യാത്ത മറ്റുചില വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുള്ളതായിരുന്നു ആ കമ്മ്യൂണിക്കേ. ഇതുസംബന്ധിച്ച് കമ്മറ്റിയുടെ അഭിപ്രായം അഭിവന്ദ്യവൈദിക മേലദ്ധ്യക്ഷന്മാരെ അറിയിക്കുകയും ചെയ്തു.

കാളാശ്ശേരി തിരുമേനി തന്റെ ഇടയലേഖനത്തിൽ ഒരു മുന്നറിയിപ്പു നൽകിയിരുന്നു. ജനങ്ങളുടെ ജന്മാവകാശത്തിൻമേൽ കൈവച്ചു വിദ്യാഭ്യാസം രാഷ്ട്രസാൽക്കരിക്കുന്നത് ദൈവദ്രോഹമാണെന്നും അങ്ങനെ പ്രവർത്തിക്കുന്ന ഏത് വൻശക്തിയും നിലനിൽക്കാതെ തകരുമെന്നും ഈ പ്രവചനം അന്വർത്ഥമാകുമാറ് 1947 ജൂലൈ 25 നു കാളാശ്ശേരി തിരുമേനിയുടെ നാമഹേതുകത്തിരുനാൾ ദിനം രാത്രി സർ സി. പി. മുക്കിനു വെട്ടേറ്റ് ആശുപത്രിയെ അഭയം പ്രാപിച്ചു. ഭാഗ്യവശാൽ രക്ഷപ്പെട്ട അദ്ദേഹം താമസിയാതെ ഇങ്ങിനി വരാത്തവിധം മദ്രാസിലേക്കു കെട്ടുകെട്ടിപ്പോയി.

★

www.malankaralibrary.com

# 12. വിദ്യാഭ്യാസ പ്രക്ഷോഭണം-കൊച്ചിയിൽ

വിദ്യാഭ്യാസരംഗത്ത് എവിടെയും മഹത്തായ സേവനം അനുഷ്ഠിച്ചിട്ടുള്ള ഒരു വിഭാഗമാണ് ക്രൈസ്തവർ. പള്ളികളോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതിൽ ക്രൈസ്തവർ പ്രത്യേക താൽപര്യം എടുത്തിരുന്നു. ഇടവക ജനങ്ങളിൽ നിന്നും പിരിവെടുത്തും പൊന്നും കുരിശും പൊന്നരുളിക്കുകയും വിറ്റുമാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി പണമുണ്ടാക്കിയത്. ഗവൺമെന്റ് യാതൊരു സഹായവും വിദ്യാഭ്യാസത്തിനുവേണ്ടി ചെയ്യാതിരുന്ന കാലത്താണ് ക്രൈസ്തവർ ഭീമമായ തുക ഇക്കാര്യത്തിനുവേണ്ടി ചിലവാക്കിയത്.

കൊച്ചിയിൽ അക്കാലത്തു വിദ്യാഭ്യാസ രംഗത്ത് പ്രൈവറ്റ് ഏജൻസികളെ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ ആവുന്നതു ശ്രമിച്ചു. ഷെവ. ജോസഫ് പെട്ട ദീപികയുടെ 80 -ാം വാർഷിക സ്മരണയിൽ എഴുതിയ ഏതാനും ഭാഗം ഉദ്ധരിക്കട്ടെ.

''അങ്ങനെയിരിക്കുമ്പോഴാണ് സർ അൽബിയൻ ബാനർജി കൊച്ചിയിൽ ദിവാനായി വന്നത്. കുശാഗ്രബുദ്ധിയും വിശാലമനസ്ക്കനുമായ അദ്ദേഹം ഇവിടുത്തെ വിദ്യാഭ്യാസ പുരോഗതി ഒന്നുകൂടി ത്വരിതപ്പെടുത്തുന്നതിനുള്ള ഒരു എളുപ്പമാർഗ്ഗം കണ്ടെത്തി. സർക്കാർ സ്ക്കൂളുകളുടെ എണ്ണം കഴിയുന്നത്ര ചുരുക്കി അവയ്ക്കു പകരം ഉദാരമായ ധനസഹായവും മറ്റു പ്രോത്സാഹനങ്ങളും നൽകി, പ്രൈവറ്റ് സ്ക്കൂളുകളുടെ സംഖ്യ വർദ്ധിപ്പിക്കുക എന്നതായിരുന്നു ബാനർജിയുടെ പദ്ധതി. അതിന്റെ ഫലമായി കൊച്ചിയിൽ വിദ്യാലയങ്ങൾ അചിരേണ എണ്ണത്തിലും വണ്ണത്തിലും വർദ്ധിക്കുവാൻ തുടങ്ങി. തിരുവിതാംകൂറിലെ ധനസഹായ പദ്ധതി അത്ര തന്നെ ഉദാരമായിരുന്നില്ല. എങ്കിലും അവിടെയും ജനങ്ങൾ പ്രത്യേകിച്ചു ക്രൈസ്തവ ജനതതി, അപാരമായ ക്ലേശങ്ങൾ സഹിച്ച് വിദ്യാലയങ്ങളുടെ സംഖ്യ കുറെയൊക്കെ വർദ്ധിപ്പിച്ചു.

അക്കാലത്തുതന്നെയാണ് ഇരുസംസ്ഥാനങ്ങളിലെയും ക്രൈസ്തവ സന്യാസിനി സംഘങ്ങൾ വിദ്യാഭ്യാസരംഗത്തു പ്രശ്തമായ സേവനമാരംഭിച്ചത്. മഠങ്ങളുടെ സുരക്ഷിതമായ പരിസരങ്ങളിൽ ഉയർന്നു വന്ന നിരവധി സ്ക്കൂളുകൾ ഇന്നാട്ടിലെ സ്ത്രീവിദ്യാഭ്യാസത്തിനു വലുതായ ഒരുണർവു വരുത്തി. മറ്റു വിദ്യാലയങ്ങളിൽ തങ്ങളുടെ ഓമനസന്താനങ്ങളെ അയക്കുന്നതിനു അതീവ തല്പരത പ്രത്യക്ഷപ്പെടുത്തി." അങ്ങനെയാണ് കൊച്ചി, തിരുവിതാംകൂർ, സംസ്ഥാനങ്ങൾക്കു ഭാരതത്തിലെ വിദ്യാഭ്യാസ

www.malankaralibrary.com

മണ്ഡലത്തിൽ അസൂയവഹമായ മഹോന്നതസ്ഥാനം കരസ്ഥമാക്കുവാൻ സാധിച്ചത്. ചരിത്രപരമായ ഈ വസ്തുത പിൽക്കാലങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാർ ശരിയായി ഗ്രഹിച്ചിരിക്കാൻ ഇടയില്ല.

ബാനർജിയുടെ പദ്ധതി ഗവൺമെന്റിനും ജനങ്ങൾക്കും ഒരു പോലെ ഉപകാരപ്രദമായിരുന്നു. ഏറ്റവും കുറഞ്ഞ ചെലവുകൊണ്ട് ഏറ്റവുമധികം ഫലം നേടുന്നതിന് അതു പര്യാപ്തവുമായിരുന്നു. അന്നത്തെ നിരക്കിന നുസരിച്ച് സർക്കാർ സെക്കൻണ്ടറി സ്ക്കൂളുകളിലെ ഓരോ കുട്ടിക്കും ശരാ ശരി 18 ക. വീതം ഗവൺമെന്റ് ചിലവിടേണ്ടി വന്നപ്പോൾ പ്രൈവറ്റ് വിദ്യാല യങ്ങളിലെ അതേ ഗ്രെയ്ഡിലുള്ള ഓരോ കുട്ടിക്കും 5 ക. മാത്രമെ ഗവൺ മെന്റ് വഹിക്കേണ്ടതായി വന്നൊള്ളു. അതേ സമയം തന്നെ, പരീക്ഷാഫല ങ്ങൾ, കായികാഭ്യാസങ്ങൾ, സന്മാർഗ്ഗനിഷ്ഠ, സാമാന്യസംസ്ക്കാരം എന്നിവ യിൽ സ്വകാര്യവിദ്യാലയങ്ങളാണ് മുൻപന്തി കരസ്ഥമാക്കിയിരുന്നതും.

ബാനർജിയുടെ പദ്ധതി നാട്ടിലെ വിദ്യാഭ്യാസ പുരോഗതിക്ക് ഏറ്റവും ഉപകാരപ്രദമായിരുന്നു. പ്രൈവറ്റ് സ്കൂളുകളുടെ സ്വാതന്ത്ര്യത്തെ ക്ഷത പ്പെടുത്താതെ അവയ്ക്കു വേണ്ടത്ര സഹായധനം നൽകി പ്രോത്സാ ഹിപ്പിക്കുക എന്നതായിരുന്നു ആ മഹാമനസ്സന്റെ നയം. ഗവൺമെന്റ് പിരിക്കുന്ന നികുതിയിൽ നിന്നും വിദ്യാഭ്യാസാർത്ഥം ജനങ്ങൾക്കു ന്യായമായി ചെല്ലേണ്ട ഒരു വീതമായിട്ടാണ് സ്ക്കൂൾ ഗ്രാന്റിനെ അദ്ദേഹം വീക്ഷിച്ചത്. പക്ഷേ, കാലാന്തരത്തിൽ നീതിയുക്തവും വിശാലവുമായ ഈ നയത്തിന് കോട്ടം ഭവിച്ചു. ഗവൺമെന്റിൽ നിന്നും സഹായധനം നൽകുന്നു എന്നകാരണത്തിന്മേൽ സ്വേഛാപ്രഭുക്കളായ ഭരണാധികാരികൾ ജനങ്ങ ളുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിൽ അന്യായമായി കൈകടത്തിത്തുടങ്ങി. പരിതാപകരമായ ഈ നയവൈകല്യം തിരുവിതാംകൂറിൽ സർ സി. പി. യുടെ കാലത്തും കൊച്ചിയിൽ മി. ഐ.എൻ. മേനോന്റെ ഡയറക്ടർ ഉദ്യോഗദശയിലും ആണ് മൂർദ്ധന്യത്തിൽ എത്തിച്ചേർന്നത്. രണ്ടുദിക്കിലും പ്രൈവറ്റ് സ്ക്കൂളുകളെ അടിച്ചമർത്തുന്നതിനുള്ള വലിയൊരു ശ്രമം നടന്നു. സംഹാരമൂർത്തിയായ സി. പി. യുടെ വജ്രായുധങ്ങൾ നാലുപാടും വീശി ജനങ്ങളെ ഭയവിഹ്വലരാക്കിത്തീർത്തു. എങ്കിലും ദൈവാധീനം കൊണ്ടും ഇരുസംസ്ഥാനങ്ങളിലെയും രാജഭക്തരായ ജനസഞ്ചയങ്ങളുടെ ധർമ്മധീ രമായ പൗരുഷ പ്രകടനംകൊണ്ടും ആ വിഷമസന്ധി വിജയപൂർവ്വം തരണം ചെയ്യുന്നതിന് സാധിച്ചു.

'കൊച്ചിയിലെ ഐ. എൻ. മേനോന്റെ വിദ്യാഭ്യാസ നയത്തിനെതിരെ നടന്ന പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയത് ക്രൈസ്തവ സമൂഹം തന്നെയായിരുന്നു. ആ സമരവും വിജയമകുടം ചാർത്തി. തിരുവിതാം കൂറിലെ പോലെ ഭീകരപ്രവർത്തനങ്ങൾ കൊച്ചിയിൽ നടന്നില്ല. എങ്കിലും ജനങ്ങളിൽ ഭയാശങ്കകൾ സൃഷ്ടിക്കുവാൻ സാധിച്ചു.'

★

www.malankaralibrary.com

# 13. പനമ്പിള്ളി പദ്ധതിക്കെതിരായ പ്രക്ഷോഭണം

തിരുവിതാംകൂറിൽ സർ സി. പി. രാമസ്വാമി അയ്യരും കൊച്ചിയിൽ ഐ. എൻ. മേനോനും കൊണ്ടുവന്ന വിദ്യാലയ ദേശസാൽക്കരണ സംരംഭത്തെ എതിർത്തു പരാജയപ്പെടുത്തുവാൻ അതതു പ്രദേശത്തെ ജനങ്ങൾക്കു സാധിച്ചു. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം സ്വാകാര്യ വിദ്യാലയങ്ങളുടെ മേൽ കടുത്ത നിയന്ത്രണം ഏർപ്പെടുത്തുവാനാണ് പട്ടം താണുപിള്ളയും പനമ്പിള്ളി ഗോവിന്ദ മേനോനും ശ്രമിച്ചത്.

സർ സി. പി. യുടെ വിദ്യാലയ ദേശസാൽക്കരണശ്രമങ്ങളോട് യാഥാർത്ഥത്തിൽ പട്ടത്തിന് അനുകൂലമായിരുന്നു. അന്നത്തെ പ്രത്യേക സാഹചര്യത്തിൽ മനസ്സില്ലാമനസ്സോടെയാണ് സ്റ്റേറ്റ് കോൺഗ്രസ്സ് പ്രവർത്തനങ്ങളോട് പട്ടംതാണുപിള്ള സഹകരിച്ചത്. സ്വകാര്യ സ്ക്കൂൾ അദ്ധ്യാപകർ, തുല്യജോലിക്ക് തുല്യവേതനമെന്ന ആവശ്യവുമായി പട്ടത്തെ സമീപിച്ചപ്പോൾ സർ സി. പി.യുടെ കാലംമുതൽ പട്ടം സ്വീകരിച്ച് "ദേശസാൽക്കരണ" നയം വീണ്ടും ഒന്നും കൂടി ആവർത്തിച്ചു. ഇതിനെതിരെ ഒരു വിഭാഗം കോൺഗ്രസ്സുകാരും ക്രൈസ്തവരും സ്വരമുയർത്തി. പട്ടം ആ ലക്ഷ്യത്തിൽനിന്നു പിന്മാറി.

ഷെവലിയർ ജോസഫ് പെട്ട ഇപ്രകാരം എഴുതിയിക്കുന്നു;"പക്ഷെ അന്ധകാര ശക്തികളുടെ ആക്രമണം അവിടംകൊണ്ടും അവസാനിച്ചില്ല. തിരുകൊച്ചി സംയോജനത്തിനു ശേഷം പ്രതീക്ഷകൾക്കൊക്കെ വിപരീതമായി 'ജനകീയ മന്ത്രിമാർ'തന്നെ ജനതതിയുടെ വിദ്യാഭ്യാസസ്വാതന്ത്ര്യത്തിന്മേൽ കയ്യേറ്റം ആരംഭിച്ചു. അങ്ങനെ ഒരു പുതിയ വിദ്യാഭ്യാസ പദ്ധതി ഉടലെടുത്തു. പനമ്പിള്ളി ഗോവിന്ദമേനോനായിരുന്നു അതിന്റെ സൂത്രധാരകൻ. ഗവൺമെന്റ് തയ്യാറാക്കുന്ന ഒരു ലിസ്റ്റിൽ നിന്നു മാത്രമേ അദ്ധ്യാപകരെ നിയമിക്കാവും. ഹെഡ്മാസ്റ്ററെ സീനിയോറട്ടി അടിസ്ഥാനത്തിൽ നിയമിച്ചുകൊള്ളണം ഫീസ് പിരിവിന്റെ 80 ശതമാനം ഖജനാവിൽ അടയ്ക്കണം. എന്നാൽ അതേ സമയം തന്നെ സ്ക്കൂൾ കെട്ടിടങ്ങൾ, അദ്ധ്യായപനത്തിന് ആവശ്യമായ ഗ്രന്ഥശേഖരങ്ങൾ, ശാസ്ത്രീയോപകരണങ്ങൾ, കായികാഭ്യാസക്കളരികൾ, കളിസ്ഥലങ്ങൾ ആദിയായവയ്ക്കുവേണ്ടി വരുന്ന ഭാരിച്ച ചിലവുകൾ മാനേജർമാർ തന്നെ വഹിക്കുകയും വേണം. അങ്ങനെയൊക്കെ സമ്മതിച്ചാൽ അദ്ധ്യാപകരുടെ ശമ്പളം മുഴുവൻ ഗവൺമെന്റിൽ

www.malankaralibrary.com

നിന്നും കൊടുത്തുകൊള്ളും, ഇതായിരുന്നു പുതിയ പദ്ധതിയുടെ സാരം. അദ്ധ്യാപകരെ മുഴുവൻ കൈയിലെടുത്ത് മാനേജുമെന്റിന്റെ അവകാശങ്ങൾ കവർന്നെടുക്കുകയെന്നതായിരുന്നു പനമ്പിള്ളി പദ്ധതിയുടെ ലക്ഷ്യം.

ഈ പദ്ധതിക്കെതിരെ ജനങ്ങൾ സ്വരമുയർത്തി. അദ്ധ്യാപക സംഘടനകൾ പനമ്പിള്ളി പദ്ധതിയെ അനുകൂലിച്ചു. എന്നാൽ അന്നത്തെ ക്രൈസ്തവ എം.എൽ.എ. മാർ മുഴുവൻ സഭയുടെ നിലപാടിനെതിരെ നില കൊള്ളുകയും പനമ്പിള്ളിയുടെ വിദ്യാഭ്യാസ നയത്തെ അനുകൂലിക്കുകയും ചെയ്തു. അവരിൽ പലരും 1957-ലെ മുണ്ടശ്ശേരി പദ്ധതിയെ എതിർക്കുക യുണ്ടായിയെന്നതു മറ്റൊരു കാര്യം.

ഈ സന്ദർഭത്തിൽ 1950 ഡിസംബർ 30-ാം തീയതി ചേർന്ന എ.കെ. സി.സി. പ്രതിനിധി സമ്മേളനം പാസ്സാക്കിയ പ്രമേയത്തിലെ ഏതാനും ഭാഗം താഴെ ചേർക്കുന്നു.

"തിരു-കൊച്ചി ഗവൺമെന്റിന്റെ ആപൽക്കരമായ പുതിയ സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസ പദ്ധതിയെ ശക്തമായി എതിർക്കേണ്ടത് നിയമസഭയിലെ ക്രിസ്ത്യൻ എം.എൽ.എ.മാരുടെ ചുമതലയായിരുന്നു. അവർ അങ്ങനെ ചെയ്തുകൊള്ളുമെന്ന പ്രതീക്ഷയിലുമായിരുന്നു. രാഷ്ട്രീയ പരിപാടികൾ ഉപേക്ഷിച്ച കത്തോലിക്ക കോൺഗ്രസ്സ് അതിന്റെ അതിരമ്പുഴ സമ്മേളനത്തിൽ കോൺഗ്രസ്സിനെ ഉദാരമായി സഹായിക്കുവാൻ സമുദായംഗങ്ങളെ ഉദ്ബോധിപ്പിച്ചത്. എന്നാൽ കത്തോലിക്കാ സമുദായത്തെ സർവ്വപ്രധാനമായി സ്പർശിക്കുന്ന ഈ വിദ്യാഭ്യാസ കാര്യത്തിൽ നിയമസഭയിലെ കത്തോലിക്കാ മെമ്പർമാർ കത്തോലിക്കാ താല്പര്യങ്ങൾക്കെതിരായ നിലപാടായിരുന്നു സ്വീകരിച്ചതെന്ന് വ്യസനപൂർവ്വം രേഖപ്പെടുത്തേണ്ടി വന്നിരിക്കുന്നു. മേലിലും ഇത്തരം അനുഭവങ്ങൾ ഉണ്ടായേക്കാവുന്നതാണ്. എന്നാൽ ക്രൈസ്തവ വിദ്യാഭ്യാസ ദർശനങ്ങളെ അഭംഗമായി സംരക്ഷിക്കേണ്ട അനുപേക്ഷണീയമായ ചുമതല കത്തോലിക്കാ കോൺഗ്രസ്സിനുണ്ട്. ആകയാൽ കത്തോലിക്കാ തത്വങ്ങളുടെയും അവകാശങ്ങളുടെയും ഫലപ്രദമായ സംരക്ഷണത്തിന് യുക്തമാണെന്ന് തോന്നുന്ന പ്രവർത്തനങ്ങൾ ആവശ്യമെന്ന് തോന്നുന്ന ഘട്ടങ്ങളിൽ സ്വീകരിക്കുന്നതിന് ഈ സമ്മേളനം എ.കെ.സി.സി. വർക്കിംഗ് കമ്മറ്റിയെ ചുമതലപ്പെടുത്തുന്നു." പനമ്പിള്ളി പദ്ധതിക്കെതിരായി എ.കെ.സി.സി. സ്വീകരിച്ച നടപടികൾ വളരെയേറെ ശ്രദ്ധയാകർഷിച്ചു.

(ഈ സമരം നടന്നുകൊണ്ടിരിക്കവേ പനമ്പിള്ളിയുടെ മന്ത്രിസഭയും തകർന്നു. അതോടെ പനമ്പിള്ളി പദ്ധതിയും തകർന്നു.)

## പനമ്പിള്ളി പദ്ധതിയിൽ

പനമ്പിള്ളി പദ്ധതിയിൽ മാനേജർമാരുടെ മേൽ ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ വകുപ്പുകൾ ചേർത്തിരുന്നു. കുട്ടികളിൽ നിന്നും

www.malankaralibrary.com

പിരിക്കുന്ന ഫീസിന്റെ 80 ശതമാനം ട്രഷറിയിൽ കെട്ടിവയ്ക്കുക അദ്ധ്യാപക നിയമനം സർക്കാർ തയ്യാറാക്കുന്ന ഒരു ലിസ്റ്റിൽ നിന്ന് മാത്രമായിരിക്കണം എന്നൊക്കെയായിരുന്നു വ്യവസ്ഥകൾ. അതിനെയാണ് ക്രൈസ്തവ സമൂഹം ഒറ്റക്കെട്ടായി എതിർത്തത്. എന്നാൽ ഇന്ന് ചില കോൺഗ്രസ്സ് ബുദ്ധിജീവികൾ പറയുന്നത് പനമ്പള്ളിയുടെ വിദ്യാഭ്യാസ പദ്ധതിയിൽ ഒരു അപകടവും ഉണ്ടായിരുന്നില്ല. അദ്ധ്യാപകരുടെ ശമ്പളം ഏകീകരിക്കുക മാത്രമായിരുന്നു ലക്ഷ്യം. ഈ പ്രചരണം ശരിയാണോയെന്ന് ഒന്നു പരിശോധിക്കാം. അതിന് പ്രധാനമായും അക്കാലത്തെ പത്രങ്ങളിൽ വന്ന വാർത്തകളും ലേഖനങ്ങളുമാണ് ആശ്രയിക്കുന്നത്.

## ചരിത്രം

1950-ലെ ടി.കെ. നാരായണപിള്ളയുടെ മന്ത്രിസഭയിൽ വിദ്യാഭ്യാസ മന്ത്രിയായിരുന്ന പനമ്പള്ളി ഗോവിന്ദമേനോൻ 1950 സെപ്റ്റംബർ 23-ന് തിരുവല്ലായിൽ ചേർന്ന പ്രൈവറ്റ് സെക്കണ്ടറി സ്കൂൾ അദ്ധ്യാപകസംഘം തിരുവല്ലാശാഖയുടെ വാർഷികത്തിൽ വച്ചാണ് പുതിയ ഒരു വിദ്യാഭ്യാസബിൽ ഉടൻ തന്നെ കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചത്. ഇഷ്ടംപോലെ കാര്യങ്ങൾ നടത്താൻ മാനേജുമെന്റിനെ അനുവദിക്കാൻ നിവൃത്തിയില്ലെന്നും മാനേജർമാർ പിരിക്കുന്ന ഫീസിന്റെ 80 ശതമാനം സർക്കാർ ട്രഷറിയിൽ അടയ്ക്കണമെന്നും മന്ത്രി പ്രസ്താവിച്ചു. അദ്ധ്യാപകരുടെ സേവനസ്ഥിരത ഉറപ്പുവരുത്താനും മാന്യമായ ശമ്പളം അവർക്കു നൽകുവാനുമാണ് ഈ നിയമം കൊണ്ടുവരുന്നതെന്നും ഇതിനെ ആര് എതിർത്താലും സർക്കാർ മുന്നോട്ടു പോകുമെന്നും മന്ത്രി അർത്ഥശങ്കക്കിടയില്ലാത്ത വിധം പ്രസ്താവിച്ചു. (1950 സെപ്റ്റംബർ 26-ാം തീയതിയിലെ മലബാർ മെയിൽ പത്രത്തിൽ മന്ത്രിയുടെ പ്രസ്താവന ചേർത്തിട്ടുണ്ട്.)

## പനമ്പിള്ളി പദ്ധതിപ്രസ്നോട്ട് രൂപത്തിൽ

ജനങ്ങൾ ആകാംക്ഷപൂർവ്വം കാത്തിരുന്ന പനമ്പള്ളിയുടെ വിദ്യാഭ്യാസ ബിൽ നവംബർ 1-ാം തീയതി പുറത്തുവിട്ടു. അതിലെ ഉള്ളടക്കം താഴെ ചേർക്കുന്നു. ടൈപ്പ് ചെയ്ത് പുറത്തുവിട്ട പ്രസ്നോട്ട് ഫുൾസ്കാപ്പ് നാലരപേജുണ്ട്. പ്രസ്നോട്ടിലിങ്ങനെ പറയുന്നു:-

പ്രൈവറ്റു മാനേജുമെന്റിലുള്ള സെക്കണ്ടറിസ്കൂൾ അദ്ധ്യാപകന്മാരുടെ നില ഉയർത്തുന്നതിനെപ്പററി ഗവണ്മെന്റു കഴിഞ്ഞ കുറെ നാളുകളായി ആലോചിച്ചു വരികയായിരുന്നു. പ്രശ്നത്തിന്റെ വിവിധ വശങ്ങളെ വിശിഷ്യ അതിന്റെ സാമ്പത്തികമായ പ്രത്യാഘാതങ്ങളെയും സാദ്ധ്യതകളെയും പറ്റി ഗവണ്മെന്റ് പരിശോധിച്ചു പോന്നു. അഖില തിരുവിതാംകൂർ സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷന്റെ അവകാശവാദങ്ങളും പരിഗണിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് വേണ്ടതായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ

www.malankaralibrary.com

വിദ്യാഭ്യാസഡയറക്ടറോടു ആജ്ഞാപിക്കുകയും ചെയ്തു. ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങൾ ഗവണ്മെന്റു പരിശോധിച്ചു. അദ്ധ്യാപകന്മാരുടെയും മാനേജ്മെന്റുകളുടെയും പ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെ ഫലമായി ചില തീരുമാനങ്ങളിൽ (CONCLUSIONS) എത്തിച്ചേർന്നു. ഗവണ്മെന്റു ഈ തീരുമാനങ്ങൾ സ്വീകരിക്കുകയും താഴെപ്പറയുന്നവിധം ഉത്തരവാകുകയും ചെയ്തു.

## ഉദ്യോഗസുരക്ഷിതത്വം

അദ്ധ്യാപകന്മാർക്ക് ഉദ്യോഗസ്ഥിരതയും ആവശ്യമായ സേവന വ്യവസ്ഥകളും ഉറപ്പു നൽകേണ്ടത് ആവശ്യമാണ്. ഇതു സംബന്ധിച്ച് വിദ്യാഭ്യാസ കോഡിലുള്ള വ്യവസ്ഥകൾ നടപ്പിൽ വരുത്തേണ്ടതും നിബന്ധനകൾ വിപുലപ്പെടുത്തുകയും ചെയ്യേണ്ടത് ആവശ്യമായിട്ടുണ്ട്. വിപുലീകൃതമായ നിബന്ധനകൾ നേരത്തെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ശമ്പളഗ്രേഡും ക്ഷാമബത്തയുടെ നിരക്കും മറ്റും നേരത്തെ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. അവയ്ക്കു വ്യത്യാസമൊന്നുമില്ല. നിയമനം ഗവണ്മെന്റു അംഗീകരിച്ചിട്ടുള്ള ഹെഡ്മാസ്റ്റർമാരുടെ കാര്യത്തിൽ ഒരു പ്രത്യേക കെയിസായി നിർദ്ദിഷ്ട സ്കെയിലിൽ പെടുത്തുന്നതല്ല എന്നാൽ ചെറുതരം വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർമാർക്കു പ്രതിമാസം 20 കയും വലിയ സ്ഥാപനങ്ങളുടെ കാര്യത്തിൽ 30 കയും അലവൻസ് മാത്രം നൽകും. കൂടുതൽ പരീക്ഷായോഗ്യതയേയും പ്രത്യേക കാര്യക്ഷമതയേയും ആസ്പദമാക്കി നിയമിച്ചിട്ടുള്ള അദ്ധ്യാപകന്മാർക്കു ഈ വ്യവസ്ഥ ബാധകമാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതല്ല. ഹെഡ്മാസ്റ്ററായി നിയമിക്കപ്പെടേണ്ട ആൾക്ക് ഒരു ഗ്രാഡുവേറ്റ് അദ്ധ്യാപകനെന്ന നിലയിൽ കുറഞ്ഞത് ഏഴുകൊല്ലത്തെ സർവ്വീസെങ്കിലുമുണ്ടായിരിക്കണം.

## ശമ്പളവിതരണം

മാനേജർമാർ ശമ്പളത്തുക വാങ്ങി ഉടനെ അദ്ധ്യാപകനു കൊടുക്കണം അതിനു വിലോപം വരുത്തിയാൽ ഗവണ്മെന്റു പണം അപഹരിക്കപ്പെട്ടതായി കണക്കാക്കുന്നതും അങ്ങനെ ക്രമക്കേടുണ്ടാകുന്ന സ്ഥാപനങ്ങളിൽ ശമ്പളം നേരിട്ടുകൊടുക്കുവാൻ ഡിപ്പാർട്ടുമെന്റു തീരുമാനിക്കുന്നതും ശമ്പളം വിതരണാർത്ഥം മാനേജുമെന്റുകളുടെ കൈയ്യിലേക്കു പോകുന്നതല്ലാത്തതുമാണ്.

## 80 ശതമാനം ട്രഷറിയിൽ

ഫീസ്പിരിവിൽ 20 ശതമാനം സ്കൂൾ ചെലവിനും അദ്ധ്യാപകരല്ലാത്ത മറ്റു ജീവനക്കാർക്കും ശമ്പളത്തിനുമായി നീക്കിവച്ച് ബാക്കി 80 ശതമാനം ട്രഷറിയിൽ അടയ്ക്കണം. പ്രോവിഡന്റുഫണ്ടിലേക്ക് മാനേജരും അദ്ധ്യാപകനും ഗവണ്മെന്റും രൂപയ്ക്ക് 9 പൈ. വീതം അടയ്ക്കണം.

www.malankaralibrary.com

ഈ വ്യവസ്ഥകളെല്ലാം ട്രെയിനിംഗ് സ്കൂളുകൾക്കും ബാധകമാണ്. എന്നാൽ ട്രെയിനിംഗ് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരെ ഹൈസ്കൂളുകളിലെ ഗ്രാഡ് വേറ്റ് അദ്ധ്യാപകന്മാർക്കു തുല്യമായിട്ടേ പരിഗണിക്കയുള്ളു. ഈ പദ്ധതിയനുസരിച്ചു ഓരോ അദ്ധ്യാപകന്റെയും ശമ്പളം സർവ്വീസ് നോക്കി തിട്ടപ്പെടുത്തുന്നുണ്ട്. ഇപ്പോൾ ലഭിക്കുന്ന തുക ശമ്പളം വകയിൽ മുൻകൂറായി കണക്കാക്കിയാൽ മതിയാകും. പുതിയ ശമ്പളം തിട്ടപ്പെടുത്തിക്കഴിഞ്ഞതിനുശേഷം ഏതെങ്കിലും അദ്ധ്യാപകനു ആക്ഷേപം ഉണ്ടെങ്കിൽ ഡയറക്ടറുടെ പക്കൽ ആക്ഷേപം ബോധിപ്പിക്കാവുന്നതും അദ്ദേഹം സൂക്ഷ്മമായി പരിശോധിച്ചു നീതി ചെയ്യേണ്ടതുമാണ്. ഈ പദ്ധതി ഒക്ടോബർ മുതൽ കൊച്ചിയിലും നടപ്പിൽ വരുന്നു.

ഈ പദ്ധതിയനുസരിച്ചു 317 വിദ്യാലയങ്ങൾ പണം ട്രഷറിയിൽ അടച്ചിട്ടുണ്ടെന്നും 227 വിദ്യാലയങ്ങളിൽ ശമ്പളം കൊടുത്തുകഴിഞ്ഞുവെന്നും പ്രസ്നോട്ടിൽ പറയുന്നു.

## നിയമനരീതി

പബ്ലിക് സർവ്വീസ് കമ്മീഷനും ഡയറക്ടറും ചേർന്നു തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നുവേണം നിയമനം. മിനിമം യോഗ്യതയുള്ള അപേക്ഷിക്കുന്നവർക്കെല്ലാം ലിസ്റ്റിൽ സ്ഥാനം നൽകും. എന്നാൽ ട്രെയിനിംഗ് ഉള്ളവർക്കു മുൻഗണന നൽകും.

## സമുദായ പ്രാതിനിദ്ധ്യം

സമുദായ പ്രാതിനിദ്ധ്യം നിലവിലിരിക്കുന്നിടത്തോളംകാലം പ്രൈവറ്റ് സ്കൂളുകളിലെ നിയമനങ്ങൾകൂടി ഉൾപ്പെടുത്തിയായിരിക്കും സർക്കാർസ്കൂളുകളിലെ നിയമനങ്ങൾ പരിഗണിക്കുന്നത്.

വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി കൂടാതെ അച്ചടക്കലംഘനത്തിന് അദ്ധ്യാപകന്റെ പേരിൽ നടപടിയെടുക്കാവുന്നതല്ല. കോർപ്പറേറ്റു മാനേജുമെന്റുകളെ സംബന്ധിച്ചിടത്തോളം ഈ സംസ്ഥാനത്തെ മുഴുവനും അടിസ്ഥാനപ്പെടുത്തിയുള്ള സീനിയോറിട്ടി ലിസ്റ്റ് തയ്യാറാക്കും. പ്രൊമോഷനും ഹെഡ്മാസ്റ്റർമാരുടെ നിയമനവും സീനിയോറിട്ടിയനുസരിച്ചായിരിക്കും.

ഫീസ് നിയമപ്രകാരം പിരിച്ച് 80 ശതമാനം ഹെഡ്മാസ്റ്റർ ഖജനാവിൽ അടയ്ക്കേണ്ടതും വരവുചെലവു കണക്കു സൂക്ഷിക്കേണ്ട ചുമതല ഹെഡ്മാസ്റ്റർക്കായിരിക്കുന്നതുമാണ്.

★

www.malankaralibrary.com

# 14. The New Educational Policy and fundamental Rights

**Report of the Sub -Committe of the All Kerala Catholic Congress**

Report of the Committee appointed by the Council of the Catholic Congress to study and obtain legal opinion on the Proceedings of the Government of Travacore, Cochin, Education Department-order Ed. 7.1202149 dated 19-8-50 regarding the "Service Condition of Private Secondary School Teachers- Improvement of"

The Council of the All Kerala Catholic Congress which met on 3rd September 1950 to consider the implications of the said Proceedings passed a resolution expressing apprehension that the provisions of the Proceedings especially that 80% of the fee income of all private secondary schools shall be deposited in the Government Treasuries to the credit of the Education Department and that appointment of Head masters in these schools shall be according to seniority are in Contravention of the Fundamental Rights guaranted under the Constitution of India.

A committee was appointed to report on the legality of these and other provisions of the proceedings with reference to the Fundamental Rights.

The Committee reported as follows on 3rd November 1950 and the Working Committee considered the Report at its meeting on 5th November 1950 and passed the resolutions which have already appeared in the papers.

The question for consideration is whether any of the provisions of the Government Proceedings under reference takes away or abridges any of the Fundamental Rights conferred by Part III (Aprticles 12 to 35) of the constitution of India . Article 13 (2) lays down that "The state shall not make any law which takes away or abridges the rights conferred by this part"

It cannot be said that this Government Proceedings is not a "Law"

www.malankaralibrary.com

and therefore does not come within Article 13 of the Constitution Act. Law as defined in sub-section (3)of the Article "includes any Ordinance, order bye -law. rule, regulation, notification, custom or usage having in the territory of India the force of Law" It may be true that this order is ultravires of the constitution, it take away or abridges the rights conferred by Part III, Fundamental Rights and is therefore void and need not be obeyed or carried out But the question for consideration is whether it is in contravention of the Fundamental Rights conferred by the Constitution.

We wish also to state that no further clarification by Government explaining their position is necessary to enable the Managers of Private Schools to seek their remedy in a Court of Law. This proceedings so far as it goes is sufficient to give the Christians or Catholics a religious minority, a cause of action to move the Supreme Court by appropriate proceedings i-c, to file a petition for the enforcement of rights conferred by Part III of the Constitution by the issue of directions on orders or writs" as provided in Article 32 (1) & (2). Moreover now the Press Note of 2-11-50 has made the position of Government very clear. We consider it advisable to move the Supreme Court direct.

Although the Government Proceedings taken as a whole is an encroachment on the cultural and educational rights conferred to a religious minority like the Christians, we shall first deal with certain specific provisions of the Proceedings as most of the general objections will be covered in the course of that consideration.

Objection has primarily been taken to the provision regarding the collection and disbursement of the fee income of the private schools. It is stipulated that " a margin of 20% of the fee income will be allowed to the Management for incurring expenditure under contingencees" and "the balance amount will be remitted into Government Treasuries to the credit of the Education Department The money so remitted will come into a common pool intended as a fund for the payment of salaries to teachers. The deficit if any will be met by the department". The resolutions of the Working Committee and the council of the Catholic Congress state that they apprehend that this provision and the provision that " appointment of Headmasters shall be according to seniority" are infringements of the Fundamental Rights conferred by the Constitution.

www.malankaralibrary.com

A fundamental error which the Government have committed is that the Proceedings do not make any distinction between educational institutions established and administered by a religious minority of the state and by others. The proceedings purpart to apply to all private secondary schools irrespective of the fact that they are under the management of a religious minority like the Christians or not. The constitution distinguishes the educatonal institutions under the management of religious and linguistic minorities from other private schools and confers certain special rights on the religious and lingustic minorities in the matter of establishing and administering educational institutions. Article 29 confers on the minorities the right to conserve their own language, script and culture it any. Article 30(1) confers on the Iinguistic and religious minorities "the right to establish and administer educational institutions of their choice". This is no doubt, a right in addition to the ordinary right every citizen of India has in the matter of education. The constitution while granting this special right to establishing and administaring educational institutions of their choice to the religious and linguistie minorities under article 30 (1) safeguards by article 30 (2) the possibility of the state diseriminating against these educational institutions in granting aid. Therefore in imposing condition for obtaining grants -in -aid to the educational institutions of a religious minority like the Christians. the Government cannot stipulate anything that will take away or abridge the right guaranteed to them under Article 30 (1) that is the right to establish and administer educational institutions of their choice.

**II**

"Establish" means "to found, to create, to regulate" (vide Blackie's Law Lexicon) Blackie"s Law Lexicon also States that ordinarily it means to settle certainly or to fix permanently what was before uncertain, doubtful or disputed". Webster's dictionary gives also the meaning to bring aid and supplies". Thus to establish an educational institution does not mean merely to erect a building and furnish it. It means "to bring aid and supplies, to put the institution up on a permanent footing that is to appoint teachers and to keep it in a working condition.

"Administer" according to Blackie's Law Lexicon means "to discharge duties of an office; to manage affairs to - serve in the conduct of

www.malankaralibrary.com

affairs, in the application of things to their uses".According to Webstars dictionary it means "to direct or superintend the execution of"

In Article 28 (2) the word "administered" is used with reference to "educational institution which is administered by the State." This gives a correct clue as to the meaning of the word "administer" when used with reference to educational institution elsewhere in the constitution eg.,in Article 30 (1). In educational institutions administered by the State, the teachers are appointed by the state, the fee income goes into the State exchequer and is disbursed as the state likes. The institution is in the absolute control of the state. Similarly when a minority administers an educational institution it shall be fully under its control. The sauce to the gander is sauce to the goose.

By using both the words "establish" and "administer" in the same Article30 (1) the Legislature has placed beyond any doubt the complete freedom of the management in the conduct of their schools. There cannot be any establishement or administration worth the name without the control of the finances. If the fee income of the school is either partly or fully to be disbursed under the direction of the government, the right of the manager to administer is abridged. Already the fee income is controlled and limited by government. Now the disbursement of it also is sought to be controlled by the provision that 80% shall be deposited in the Government Treasury to the credit of the Education Department. It may be said that there is no compulsion and that it is only optional. But a penalty is attached to the refusal to remit, that is non-payment of grant to meet the deficit of the teacher's salaries enhanced at the instance of the Government under the same proceedings. Few schools can afford to pay the teachers as per the scale fixed in the proceedings without grants from government or without the freedom to raise the school fees. In thus regulating the school fees and the salaries of teachers, the Government is interfering with the freedom to establish and administer educational institutions granted to minorities like the Christians. Government is driving the management to a corner wherein it has no other go but to accept the condition and secure the grant. Accepting the condition is to abridge the right to establish and administer educational institutions of our choice. So, in giving grant on this condition the Government is indirectly and in

www.malankaralibrary.com

effect discriminating against the educational institutions of the religious minority. We cannot secure the grant without sacrificing our Fundamental Rights to "establish and administre" guaranteed under Article 30 (1) Hence it is that we state that the provision to deposit 80% of the fee income of our schools in the Government Treasury is in contravention of our Fundamental Right. The majority community cannot claim any such right as we can under Article30 (1). Therefore this condition for securing grant is not in contravention of the Fundamental Right so far as their schools are concerned. But our schools have this additional fundamental right and it is this right which has to be bartered for securing grant. Therefore this condition precedent for grant from Government is in contravention of the Fundamental Right guaranted under Article30 (1).

The state while fixing the maximum of the tution fee of each student and the strength in each class stipulates the salaries of teachers at a rate higher than that could be covered by the fee income . Therefore it stands to reason and equity that State shall meet the deficit for the salaries of the teachers unconditionally. Instead the Government make the Sate aid to meet such deficits conditional, and the conditions are such that affect the rights of the religious minorities like the Christians who are at the same time the biggest educational agency in the state.

This interference with the teacher's salaries and the disbursement of the fee income are sought by some to the justified on grounds of public policy. It has to be noted that Article 30(1) has no reservations as public order etc. as in Articles 19, 25 and 26 regarding the freedom of speech etc. and the freedom of religion respectively. It is an unqualified and absolute right guaranteed to the minoriities. So no rules as in the case of labour legislation fixing minimum wages etc., can be imported in to the educational institution of the minorities.

The words "of their choice" in the Article are sought by some to refer to special institutions failling outside the general system of education in the state or to the denominational schools. This cannot be as the right to conserve the culture of a minority cannot be properly secured through special schools. It is not expected that a child of a religious minority is to attend one school for the purpose of failling in line with the State scheme and another for preserving the culture, language etc. of the minority. It is absurd to impute such intentions to the Legislature.

www.malankaralibrary.com

Moreover in granting the minorities a right the legislature will not be imposing a disability on them but will only be conferring a privilege. Further under Article 30(2) such special institutions cannot be refused grants by Government. Article 29 (2) prohibits refusal of admission in institutions receiving state aid to any student on the ground of religion etc. Thus when these articles are read together these special and denominational institutions shall cease to be so when they admit therein all castes and creeds. Thus the interpretation sought for will land us in many absurdities.

## III

We are of opinion that the provision that 80% of the fee income of our schools shall be deposited in the Govenment Treasury to the credit of the departement and that it shall go into the common pool as a condition precedent to the obtaining of grants to meet the increased scale of the teacher's salaries is an abridgement of the right " to establish and administer educational institutions" granted under Articel30 (1) to a religious minority like us.

This provsion for deposit in government Treasurey can be said to contravene also the provisions regarding the rght to property laid down in Article 31 (1) (2) and (3) which prohibit acquisition of property movable or immovable without compensation under a law assented to by the President. Therefore it is expropriatory.

The provision to audit by Government the accounts of the private schools is an unwaranted intrusion of the state into the private ownership of property. If the State were to give any grant to meet the deficit without the said deposit of 80% but relying on the financial statements of Managers it may be justifiable. But according to the Government Proceedings even the 20% left with the Management for contingencies are to be audited. So far as the utilisation of the amount of grant from state funds, if such grant were issued to the management, audit may be justifiable.But according to the Government Proceedings even the 20% left with the Management for contingencies are to be audited. So far as the utilisation of the amount of grant from state funds. if such grant were issued to the management, audit may be justifiable. But this provision to audit the accounts of a private institution which does not receive any amount from Government in so far as the grant amount does not come

www.malankaralibrary.com

into the manager's hand is against the Fundamental Rights of a citizen.

We have next to consider whether our schools have a fundamental right to grants-in-aid from State funds. Under the constitution it may be contended that ordinarily we have not. But if the state in granting aid to schools lays down such rules as to place the schools of the religious or linguistic minorities incapable of receiving the grant without surrendering the fundamental rights under Article30 (1) we will be entitled to claim grant the moment the state gives grant to educational institutions of the majority who can without any such surrender of Fundamental Rights receive it. or to even institutions of the minorities who receive the grant by surrendering the Right. This is a claim which can be enforced in the courts on the ground that in granting aid to educational institutions the State is virtually discriminating againts our institutions on the ground that it is under the management of a religious minority.

There is another method of securing the grant open to us except by petition in the Supreme Court. We may appeal to the President under Article 371 to direct the State to give our schools grants-in-aid without such conditions as these. especially with refernce to the Directive Principles of State Policy such as in Article.41. Article 41 direct that " The states shall within the limits of its economic capacity and development make effective provision for securing the right to work, to education" etc. Out state has clearly admitted that it is within its economic capacity to give grants to educational institutions. Effective provision for the right of the citizen to education cannot be made without such grants to meet deficit for the salaries of teachers. Article 371 places the States like ours (in B Schedule) under the general control of the President for 10 years and enjoins that the state shall comply with the directions given by the president from time to time. So the Prsident can be approached to give a direction to our Government to give us such grants as to enable us to make effective provision for the education of our children too.

The depsosit of 80% of the fee income will not in any way lighten the burden of the State regarding the amount of grants. Eighty percent of the fee income of hardly any school will be enough to meet the salaries of the teachers. Therefore the insistence on the deposit of 80% and the pooling of it are evidently not for relieving the financial burden of the State in any manner. In the case of schools with excess income it is

www.malankaralibrary.com

definitely expropriatory. The purpose must be something else. It is the begining of the nationalisation of educational institutions. As it cannot be done directly in the face of the Fundamental Rights to the religious minorities such indirect methods are resorted to .

The provision that the Headmaster shall collect and remit the school fees is also an unjustifiable intervention in the management of private schools. The fee income is the return to the management for the services rendered by the institution. In fact it is the only remuneration that the management has from a school. It is not a public property although the institution may be rendering a service to the public Certain reasonable amenities may be insisted upon by the State as the custodian of the public welfare. But to direct that the Headmaster who is only a paid servant of management shall collect and disburse the income of the Manager's institution is not adding to the amenities. No man can collect and disburse the income of another's property except under the orders of a court of law. Here the Executive is arrogaiting to itself such powers.

The provision to pool the fee income in the Government Treasury may be justifiable if India were a Socialistic Republic Our constitutin does not warrant any such inference and any state of India which introduces measures in contravention of the Constitution violates the constitution. Such cases have to be brought to the notice of the Union Government so as to enable them to act under Article 355 where in it is laid down that "It shall be the duty of the union to ensure that the Government of every state is carried on in accordance with the provisions of this Constitutions".

## IV

The Headmaster's post is a key position in the administration of a school. It is a selective post. Therefore the management shall have full freedom in the choice of the person. The Government may prescribe the minimum educational qualification for a teacher's ; but cannot go further and lay down restrictions affecting the freedom of a citizen under Article19(g) "to practise any profession, or to carry on any occupation, trade or business" It is a fundamental right subject only to the resonable restrictions in regard to exercise there of falling within the scope of Article 19 (6) where in the Sate may exercise the authority "to prescribe, the professional or technical qualifications necessary for practising any

www.malankaralibrary.com

profession or carrying on any occupation, trade or business" The provision that the "appointment of the Headmasters shall be according to seniority is not prescribing a professional or technical qualification. I t is only service regulation. The same argument applies to the preparation of a list from which alone the teachers can be selected.

The problem of the increment of salaries to the Secondary School Teachers could have been solved without all this controversy if only the Government had considered it proper to restore the fee in middle schools in Travancore to at least what it was before Sir.C.P Ramaswamy Aiyar reduced it, besides raising the school fees in the Secondary Schools proportionate to the increase of the cost of living and wages. This would also avoid the possibility of an education cess which may not be long in being imposed by the Government. Fixing the maximum fees to be collected at a law rate is not a reasonble restriction within Article 19 (6).

In conclusion we wish to emphasise that the whole proceedings is a devise calculated to nationalise private educational institutions slowly but surely. It is also mischievous in so far as it canvasses the sympathy of the teachers as against the management by prescribing a higher scale of pay to the teachers without placing the resources for such enhanced payment at the liberty of the management. The managements of religious minorities are placed between the Scyila of the teacher's strike and the Charybdis of the surrender of their Fundamental Right " to establish and administer educational institutions of their choice".

Even disinterested and impartial opinion outside the State has disapproved of such interference in the management of private institutions. Educationalist of the position of Sir Lakshmanswamy Mudaliar, the Vice Chancelor of the Madras University, has recently condemned such interferences with private managements. Papaers like the mail and the Hindu of Madras, the Times of India of Bombay have criticiesed the Governmental interference in the Management of educational institutions by private agencies.

Although not within the reference to our committee we wish to add a word about the purport of insistence on the unfettered freedom of management of schools by Catholics. Our schools are the nurseries of our " "Faith and Morals". Although the state as the custodian of the welfare of the citizens has the duty to see that effective provision is

www.malankaralibrary.com

made for securing the right to education for its citizens. it has wisely in our constitution provided for the religious minorities "the right to establish and administer educational institutions of their choice" so that the minorities may preserve their culture even in the face of an opposition by the majority. The freedom "to profess. practise and propagate" one's religion under Article 25 will be meaningless without this right to conserve the culture of the religious minorities through educational institutions. In this connection the memorable words of the late Pontiff H. H. Pius XI of revered memory are worth quoting. In that great Encyclical "Divine Magistri" or "The Christian Education of Youth" the great Pontiff says. In order to obtain perfect education it is of the utmost importance to see that all those conditions which surround the child during the period of his formation in other words the combination of circumstances which we call environment, correspond exactly to the end proposed". His Holiness says in the same Encyclical. " In fact since education consists essentially in preparing man for what he must be and for what he must do here below, in order to attain the sublime end for which he was created, it is clear that there can be no true education which is not wholly directed to man's last end....." The purport of Catholic schools can be better put in the words of Mr. H.Q. Evenett in his book on " Catholic Schools in England and Wales" published by Sir Ernest Barker at the Cambridge University Press: "In so far as education is the building up of character and the developement of the moral sense in all its applications. in so far as it is a general initiation into life and into a view of life seen as a whole as well as in Particular aspects the church as supreme spiritual authority asserts her right to exercise appropriate educational control over her own children in co-operation both with that parental authority which she esteems so highly and with the legitimate authority of organised civil society. The catholic school in all its multitudinous forms through out history and through out the globe, exists primarily in order that children born of Catholic parents may be prepared for life and through life for death also -according to the Catholic religion. Because it is an integrating all pervading factor, it cannot be taught solely as one of a number of autonomous un-correlated class - room subjects, more solemn perhaps than others, but capable of being dealt with by outside specialists like the violin-master or the dancing -mistress. Because it is indsoluble bound up

www.malankaralibrary.com

with the organic of the life of the Catholic Church its teaching cannot step short at class - room exposition but must find vital expression in an experience of the Churches sacraemental and corporate life, lived in common and shared in common by pupils and teachers alike. It means equally an habituation into the regular practice of Catholicsm and a fostering of the full Christian view of life, processos which cannot be allowed to stand divorced from the purely intellectual side of ecudcation if the magedy of divided minds and divided personalities is to be avoided. These requirements plainly demand that Catholic schools be staffed with catholic teachers conscious of the apostolic side of their work, and that a catholic atmosphere, religious, social and intellectual be fully and continuously maintained".

We wish to conclude with a note of warning to our Catholic brothren. In the words of the same writer " All secularism, all under dominationalism plays inevitably, if unwittingly into the hands of the Total State".

## സമാപനം

തിരുകൊച്ചിയെ മുഴുവൻ പ്രക്ഷുബ്ദമാക്കിയ ഒരു സമരമായിരുന്നു പനമ്പിള്ളി പദ്ധതിക്കെതിരായി നടന്ന സമരം. കേരളത്തിലെ ക്രൈസ്തവ നേതാക്കളെല്ലാം ഈ സമരത്തെ പിന്താങ്ങി. ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ്, ആർച്ച് ബിഷപ്പ് മാർ അഗസ്റ്റിൻ കണ്ടത്തിൽ മാർ യോഹന്നാൻ മാർത്തോമ്മാ മെത്രാപ്പോലീത്ത, വരാപ്പുഴ മെത്രാപ്പോലീത്താ, എം.ഒ. ജോസഫ് നെടുംകുന്നം, ഇ.പി. വർഗീസ് ഷെവ. ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മൻ തുടങ്ങിയവർ ഇടയലേഖനങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും പ്രസ്താവനകളിലൂടെയും വിദ്യാഭ്യാസ പദ്ധതിയെ എതിർത്തു.

റവ. ഫാ. വില്യം പനമ്പിള്ളി പദ്ധതിയിലെ ഒരു വകുപ്പിന്റെ 80 ശതമാനം ഫീസ് ട്രഷറിയിൽ അടക്കണമെന്ന നിർദ്ദേശത്തെ പിന്താങ്ങി. അതിന്റെ പേരിൽ വില്യമച്ചൻ പനമ്പള്ളിപദ്ധതിക്കനുകൂലമായിരുന്നുവെന്ന് ഒരു പ്രചരണം നടന്നു. അതു ശരിയല്ല. ഷെവ. ഐ.സി. ചാക്കോ മാത്രമാണ് പനമ്പിള്ളി പദ്ധതിയെ പിന്താങ്ങിയത് ഏതായാലും മന്ത്രിസഭാ തകർച്ചയെത്തുടർന്ന് പനമ്പിള്ളി പദ്ധതിയും തകർന്നു.

★

www.malankaralibrary.com

# 15. 1957-ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ

## വിദ്യാഭ്യാസ ബിൽ

ഏകാധിപതിയായ സർ സി.പി. രാമസ്വാമി അയ്യരും ജനകീയ മന്ത്രിയായ പനമ്പിള്ളി ഗോവിന്ദമേനോനും സ്വകാര്യവിദ്യാലയങ്ങൾ ദേശസാൽക്കരിക്കാനും അവയുടെമേൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനും ശ്രമിച്ചു. അതിനെതിരായി ബഹുജനരോഷം ആളിക്കത്തി. ആ രണ്ട് ഭരണാധികാരികളുടെയും ശ്രമങ്ങൾ ജനങ്ങൾ പരാജയപ്പെടുത്തി.

1957-ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ അംഗമായിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി ഒരു വിദ്യാഭ്യാസ ബിൽ അവതരിപ്പിക്കുകയുണ്ടായി. അതിനെതിരായ ആർത്തിരമ്പിയ ജനകീയശക്തിയെ നേരിടുവാൻ സർക്കാരിന് സാധിച്ചില്ല. ഒരു പ്രൈമറി സ്കൂളോ നഴ്സറി സ്കൂളോ പോലും സ്ഥാപിച്ചു നടത്താൻ ശ്രമിക്കാതിരുന്ന കത്തോലിക്കാ കോൺഗ്രസ്സ് ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി അണിനിരന്നു. ധീരോത്തമായ ഈ നടപടിയെപ്പറ്റി ജോൺകച്ചിറമറ്റം രചിച്ച ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലേറിയിട്ടുള്ളിടത്തെല്ലാം വിദ്യാഭ്യാസരംഗം കൈയടക്കാനുള്ള പരിപാടികളാണ് ആദ്യമേ തയ്യാറാക്കുക. അതിനു സഹായകരമായ വിധത്തിൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി ഒരു വിദ്യാഭ്യാസ ബില്ലിന് രൂപംകൊടുത്തു. ക്രൈസ്തവരുടെ വിദ്യാഭ്യാസ കാര്യത്തിലുള്ള പ്രത്യേക താല്പര്യം എടുത്തു കാട്ടിക്കൊണ്ടും ധൃതഗതിയിലുള്ള നിയമനിർമ്മാണത്തിനുള്ള നീക്കം അപകടകരമാണെന്നും, ഗവണ്മെന്റ് നിയമസഭയിൽ ഹാജരാക്കാൻ ഉദ്ദേശിക്കുന്ന വിദ്യാഭ്യാസ ബിൽ പ്രസിദ്ധപ്പെടുത്തി പൊതുജനാഭിപ്രായം പ്രകടിപ്പിക്കുന്നതിന് ആവശ്യമായ സാവകാശം നല്കിയതിനുശേഷം മാത്രമേ ബിൽ നിയമസഭയിൽ അവതരിപ്പിക്കാവൂ എന്നും കത്തോലിക്കാ കോൺഗ്രസ്സ് ഗവണ്മെന്റിനോടഭ്യർത്ഥിച്ചു. പക്ഷെ ആ അഭ്യർത്ഥന സ്വീകരിക്കുവാൻ ഗവണ്മെന്റ് തയ്യാറായില്ല. ഈ സന്ദർഭത്തിൽ 1957 സെപ്റ്റംബർ 15-ന് എ.കെ.സി. സി. വർക്കിംഗ് കമ്മിറ്റികൂടി താഴെ കാണുന്ന പ്രമേയം അംഗീകരിച്ചു.

www.malankaralibrary.com

"ഈ രാജ്യത്ത് ഒരറ്റം മുതൽ മറ്റേ അറ്റംവരെ തുടർച്ചയായ ബഹുജന പ്രതിഷേധം ഉയരുകയും ലക്ഷക്കണക്കിനാളുകൾ ഒപ്പിട്ട മെമ്മോറാണ്ടം വഴി ബിൽ പിൻവലിക്കണമെന്ന് നിവേദനം നടത്തുകയും ചെയ്തിട്ടും അവയൊന്നും വകവയ്ക്കാതെ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ് കേരള വിദ്യാഭ്യാസ ബിൽ കേവലം രണ്ട് വോട്ടിന്റെ ഭൂരിപക്ഷത്തെ ആശ്രയിച്ച് നിയമസഭയിൽ പാസ്സാക്കിയിരുന്നു. ആദ്യം ബില്ലിലെ വ്യവസ്ഥകളിൽ സിലക്റ്റ് കമ്മിറ്റി ചില ഭേദഗതികൾ വരുത്തിയിട്ടുണ്ടെങ്കിലും അതുകൊണ്ട് ഈ ബില്ലിന്റെ അപകട സ്വഭാവത്തിന് യാതൊരു മാറ്റവും വന്നിട്ടില്ലെന്നും ഭേദപ്പെടുത്തപ്പെട്ട രൂപത്തിലും ഈ ബിൽ തീർത്തും അസ്വീകാര്യമായിരുന്നുവെന്നും ചൂണ്ടിക്കാണിക്കുവാൻ ഈ കമ്മിറ്റി ആഗ്രഹിക്കുന്നു. ബില്ലിൽ പുതിയതായി വരുത്തിയ ഒരു ഭേദഗതി പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള അദ്ധ്യാപക നിയമനം-പ്രൈവറ്റ് വിദ്യാലയങ്ങളുടെ ലക്ഷ്യത്തെ പാടെ നശിപ്പിക്കുന്നതിന് പര്യാപ്തമാണെന്നും ആ അസ്തിത്വത്തെ തന്നെ ചോദ്യം ചെയ്യത്തക്ക സാമൂഹ്യവിരുദ്ധ ശക്തികളുടെ നുഴഞ്ഞുകയറ്റത്തിന് അതുവഴി തെളിക്കുമെന്നും ഈ കമ്മിറ്റി പൂർണ്ണമായി വിശ്വസിക്കുന്നു.

ഈ ചുറ്റുപാടിൽ നിയമസഭ പാസ്സാക്കിയ രൂപത്തിലുള്ള ബില്ലിനെ ഈ കമ്മിറ്റി അതിശക്തമായി പ്രതിഷേധിക്കുകയും ഇതിന് അംഗീകാരം നൽകരുതെന്ന് കേരള ഗവർണ്ണറോടും ഇന്ത്യൻ പ്രസിഡന്റിനോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. മൗലീകാവകാശ ധ്വംസനവും കുട്ടികളുടെ വിദ്യാഭ്യാസം കമ്മ്യൂണിസ്റ്റുമയമാക്കി തീർക്കുന്നതുമായ ഈ ബില്ലിനെ പ്രതിഷേധിച്ചും ഇതിന് അംഗീകാരം നൽകരുതെന്ന് ഇന്ത്യൻ പ്രസിഡന്റിനോടും കേരള ഗവർണ്ണറോടും അഭ്യർത്ഥിച്ചുകൊണ്ടുള്ള പ്രതിഷേധ നിശ്ചയങ്ങൾ പാസ്സാക്കി അധികാരസ്ഥാനങ്ങളിൽ അയച്ചുകൊടുക്കുവാൻ ശാഖകളെയും ഈ കമ്മിറ്റി ഉദ്ബോധിപ്പിക്കുന്നു.

രക്ഷകർത്താക്കളുടെ അവകാശത്തെ അവഗണിച്ചും കുഞ്ഞുങ്ങൾ രാഷ്ട്രത്തിന്റെ വകയാണെന്ന കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തിന് അനുയോജ്യമാംവിധം കരുപിടിപ്പിച്ചിരിക്കുന്നതുമായ വിദ്യാഭ്യാസബിൽ നിയമമായി നടപ്പിൽ വരാതിരിക്കുന്നതിന് ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുവാനും അതിലേക്ക് വേണ്ടിവരുന്ന എല്ലാവിധ ത്യാഗങ്ങളും സഹിപ്പാനും തയ്യാറായിരിക്കണമെന്ന് രക്ഷകർത്താക്കളെയും ഈ കമ്മിറ്റി അനുസ്മരിപ്പിച്ചുകൊള്ളുന്നു."

വിദ്യാഭ്യാസ ബില്ലിനെതിരായ പ്രതിഷേധം കേരളമാകെ പടർന്നു പിടിച്ചു. വിദ്യാഭ്യാസ ബിൽ മുണ്ടശ്ശേരി പദ്ധതിയെന്നാണ് അറിയപ്പെട്ടത്. ബിഷപ്സ് കോൺഫറൻസ് നിയമിച്ച വിദ്യാഭ്യാസ കമ്മിറ്റി, ചങ്ങനാശ്ശേരി അതിമെത്രാസന മന്ദിരത്തിൽ കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി അംഗങ്ങളെ വിളിച്ചുകൂട്ടുകയും അവരുമായി ആലോചിച്ച് എ.കെ.സി.സി. പ്രസിഡന്റ് ശ്രീ.

www.malankaralibrary.com

പി.ജെ. സെബാസ്റ്റ്യൻ അദ്ധ്യക്ഷനായി പ്രൈവറ്റ് സ്കൂൾ ഡിഫൻസ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. വിദ്യാഭ്യാസം സംബന്ധിച്ച് കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് രൂപീകരിച്ച അനാശാസ്യവും അനീതിപരവും ഭരണഘടനാ വിരുദ്ധവുമായ നടപടികളെപ്പറ്റി കേന്ദ്രഗവൺമെന്റിന് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു.

കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് സ്കൂൾ മാനേജർമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും ഒരു സമ്മേളനം കോട്ടയം ബി.സി.എം. കോളേജിൽ വിളിച്ചുകൂട്ടി. താഴെ പറയുന്ന വിഷയങ്ങളെപ്പറ്റി യോഗം ചർച്ച ചെയ്തു (1) മതനിഷേധവും കമ്മ്യൂണിസ്റ്റാദർശങ്ങൾ അടിച്ചേൽപ്പിക്കുന്ന തരത്തിലുള്ള തുമായ ഇന്നത്തെ പാഠപുസ്തകങ്ങൾ (2) ഫീസ് പിരിവ് ഹെഡ്മാസ്റ്റർ, ട്രഷറിയിൽ അടയ്ക്കണമെന്നും അദ്ധ്യാപക ശമ്പളം ഹെഡ്മാസ്റ്റർ വാങ്ങി നല്കണമെന്നും അനുശാസിക്കുന്ന ഗവൺമെന്റിന്റെ പുതിയ ഉത്തരവ് (3) അവകാശങ്ങൾ സുരക്ഷിതമല്ലെങ്കിൽ വിദ്യാലയങ്ങൾ തുടർന്ന് നടത്തണമോ അടച്ചുപൂട്ടണമോ എന്ന പ്രശ്നം (4) മാനേജർമാരുടെയും അദ്ധ്യാപക രുടെയും പ്രതിനിധികൾ അടങ്ങിയ കത്തോലിക്കാ എഡ്യൂക്കേഷൻ കൗൺസിലുകളുടെ രൂപവൽക്കരണം.

വിദ്യാഭ്യാസ ബില്ലിനെതിരെ ചർച്ച ചെയ്യുവാൻ എ.കെ.സി.സി. കോട്ടയത്ത് ബി.സി.എം. കോളേജിൽ വിളിച്ചുകൂട്ടിയ യോഗമാണ് 1959-ലെ വിമോചനസമരത്തിനടിസ്ഥാനം, കോട്ടയം സമ്മേളന തീരുമാനമനുസരിച്ച് വിദ്യാഭ്യാസ ബില്ലിനെതിരായ നീക്കങ്ങൾ ശക്തമാക്കി. രാജ്യത്തെമ്പാടും പ്രതിഷേധ യോഗങ്ങൾ നടന്നു.

ഈ രാജ്യത്തെ പ്രതിപക്ഷ കക്ഷികളോ എൻ.എസ്.എസ്., എസ്.എൻ.ഡി.പി. തുടങ്ങിയ സമുദായ സംഘടനകളോ മുണ്ടശ്ശേരി പദ്ധതി ക്കെതിരായി ഗർജ്ജിച്ചില്ല. എ.കെ.സി.സി.യുടെ നേതൃത്വത്തിലുള്ള ബഹുജനപ്രക്ഷോഭണം ശക്തമായപ്പോൾ രാഷ്ട്രീയ കക്ഷികൾക്ക് മൗനമായിരിക്കുവാൻ സാധിച്ചില്ല. എൻ.എസ്.എസും. മന്നത്തുപത്മനാഭനും യഥാർത്ഥത്തിൽ വിദ്യാഭ്യാസ ബില്ലിനെ അനുകൂലിക്കുകയായിരുന്നു. ഈ സന്ദർഭത്തിലാണ് കാർഷികബന്ധബിൽ കമ്മ്യൂണിസ്റ്റ് സർക്കാർ അവതരിപ്പിച്ചത്. ഇത് നായർ സമുദായത്തെ അതൃപ്തരാക്കി. ഗവൺമെന്റി നെതിരായി നായർ സമുദായവും അണിനിരന്നു.

കോട്ടയം സമ്മേളനം മുണ്ടശ്ശേരി പദ്ധതിക്കെതിരായി ഒരു വലിയ പ്രതിഷേധ പ്രകടനം തിരുവനന്തപുരത്തു നടത്തുവാൻ തീരുമാനിച്ചു. പ്രതിപക്ഷകക്ഷികളുമായി ഈ കാര്യത്തെപ്പറ്റി ആലോചിച്ചു. ആ പ്രകടനം അക്ഷരാർത്ഥത്തിൽ കേരളത്തെ പ്രകമ്പനം കൊള്ളിച്ചു. പാലാ കേന്ദ്രമാക്കി രൂപീകരിച്ച ക്രിസ്റ്റഫർ സേനയുടെ ഒരു ലക്ഷം അംഗങ്ങൾ തിരുവനന്തപുരം പ്രകടനത്തിൽ പങ്കെടുത്തു. ആ പ്രകടനത്തിന് നേതൃത്വം നല്കുവാൻ മൂന്ന്

www.malankaralibrary.com

വോളന്റിയർ ക്യാപ്റ്റന്മാരെയും തെരഞ്ഞെടുത്തു. ചന്ദ്രോത്ത് കുഞ്ഞിരാമൻനായർ, ചെറിയാൻ കാപ്പൻ, ബി. വെല്ലിംഗ്ടൺ എന്നിവരായിരുന്നു ക്യാപ്റ്റന്മാർ. ജാഥയെ പല സ്ഥലത്തുംവച്ച് കമ്മ്യൂണിസ്റ്റുകാർ അക്രമിക്കുകയുണ്ടായി. പോലീസ് നിഷ്ക്രിയരായി വർത്തിച്ചു. ഗുണ്ടകളുടെ തള്ളിക്കയറ്റവും അക്രമപ്രവർത്തനങ്ങളും മുഖാന്തിരം പഴവങ്ങാടിയിൽ ചേരാൻ നിശ്ചയിച്ച യോഗം പെട്ടെന്ന് പിരിച്ചു വിട്ടു. യോഗാനന്തരം സെന്റ് ജോസഫ് സ്കൂളിലേക്ക് പോവുകയായിരുന്ന ശ്രീ. ബി. വെല്ലിംഗ്ടണെ നടുറോഡിൽവച്ച് കമ്മ്യൂണിസ്റ്റുകാർ വെട്ടിപ്പരിക്കേൽപ്പിച്ചു. ജനറൽ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട വെല്ലിംഗ്ടണ് വേണ്ട പരിചരണം ലഭിക്കായ്കയാൽ കൊട്ടിയം ആശുപത്രിയിലേക്ക് മാറ്റുകയുണ്ടായി. ആ പ്രകടനത്തിൽ പങ്കെടുത്ത നിരവധി ആളുകൾ കമ്മ്യൂണിസ്റ്റുകളുടെ അക്രമണത്തിന് വിധേയരായി.

കമ്മ്യൂണിസ്റ്റ് നേതാക്കളുടെ നിർദ്ദേശമനുസരിച്ചാണെങ്കിലും അല്ലെങ്കിലും കമ്മ്യൂണിസ്റ്റ് അനുഭാവികളും കമ്മ്യൂണിസ്റ്റ് പ്രവർത്തകരും തിരുവനന്തപുരത്ത് ആ പ്രകടനദിവസം അഴിച്ചുവിട്ട അരാജകത്വം ആരെയും ഇരുത്തിച്ചിന്തിപ്പിക്കത്തക്കതായിരുന്നു. കേരളത്തിലെ ക്രമസമാധാന നില കൂടുതൽ വഷളാവുകയും ചെയ്തു.

## സിലബസ് കമ്മിറ്റി

1957 നവംബർ 21-ാം തീയതി പ്രസിദ്ധം ചെയ്തിട്ടുള്ള സിലബസ് കമ്മിറ്റികളിലെ പേരുകൾ പരിശോധിച്ചാൽ, ഈ സംസ്ഥാനത്ത് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംവിധാനം ചെയ്യുകയും ചിരകാലമായി പ്രശസ്തമാംവിധം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ക്രിസ്ത്യൻ വിദ്യാഭ്യാസ പ്രവർത്തകരുടെ പേരുകൾ അവയിൽ ഇല്ലെന്ന് സ്പഷ്ടമാകും. ക്ലാസ്സുകളിലെ പാഠപദ്ധതിയും പാഠപുസ്തകങ്ങളും വിദ്യാഭ്യാസത്തിലെ അടിസ്ഥാനഘടകവും പരമപ്രാധാന്യം അർഹിക്കുന്ന സംഗതിയും ആണ്. പ്രൈമറി വിഭാഗത്തിലെ പാഠപദ്ധതിയും 1 മുതൽ 12 വരെ ക്ലാസ്സുകളിലെ മലയാള പാഠപുസ്തകങ്ങളും 6 മുതൽ 12 വരെ ക്ലാസ്സുകളിലെ ഇംഗ്ലീഷ് പാഠപുസ്തകങ്ങളും തയ്യാറാക്കുന്നതിന് നിയുക്തമായിരിക്കുന്ന കമ്മിറ്റികളുടെ ഘടന ഗവൺമെന്റിന്റെ നയത്തെ പ്രസ്പഷ്ടമാക്കുന്നതിന് പര്യാപ്തമാണെന്ന് എ. കെ. സി. സി. വർക്കിംഗ് കമ്മിറ്റി അഭിപ്രായപ്പെട്ടു. പുനഃസംഘടിപ്പിച്ച കമ്മിറ്റികളിൽ കത്തോലിക്കർക്ക് അർഹമായ പ്രാതിനിധ്യം നൽകണമെന്നും കമ്മിറ്റി ആവശ്യപ്പെട്ടു.

കോൺഗ്രസ്സിന്റെ ഈ ആവശ്യത്തെ അംഗീകരിച്ചില്ലെന്ന് മാത്രമല്ല, സമുദായം നോക്കിയല്ല, പ്രാഗത്ഭ്യം നോക്കിയാണ് കമ്മിറ്റികളിലേക്ക് ആളുകളെ തെരഞ്ഞെടുത്തതെന്ന് സമർത്ഥിച്ചുകൊണ്ട് സർക്കാർ ഒരു പ്രസ്റിലീസ് പുറപ്പെടുവിച്ചു. ഗവൺമെന്റിനു കത്തോലിക്ക കോൺഗ്രസ്

www.malankaralibrary.com

ജനറൽ സെക്രട്ടറി നൽകിയ മറുപടിയിൽ ഇപ്രകാരം എഴുതി.

"വിദ്യാഭ്യാസ രംഗത്ത് മുന്നണിയിൽ നിന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്രിസ്ത്യാനികളായ പ്രത്യേകിച്ച്, കത്തോലിക്കരായ വിദ്യാഭ്യാസ പ്രവർത്തകരെ ഇപ്പോഴത്തെ ഗവൺമെന്റ് സംഘടിപ്പിച്ചിട്ടുള്ള സിലബസ് കമ്മിറ്റിയിൽ നിന്നും ഇംഗ്ലീഷ്, മലയാളം ഭാഷാ ടെക്സ്റ്റ്ബുക്ക് കമ്മിറ്റികളിൽ നിന്നും ഒഴിച്ചുനിർത്തിയിരിക്കുന്നതിനെ പ്രതിഷേധിച്ച് കത്തോലിക്കകോൺഗ്രസ്സ് കൗൺസിൽ പാസാക്കിയ പ്രമേയത്തെപ്പറ്റി സമാധാനം പറയുന്നതിന് കേരളഗവൺമെന്റ് പുറപ്പെടുവിച്ച പ്രസ് റിലീസ് എന്റെ ദൃഷ്ടിയിൽ പെടുകയുണ്ടായി. സമുദായം നോക്കി മനഃപൂർവ്വം യാതൊരു വിദഗ്ദ്ധരെയും ഒഴിച്ചുനിർത്തിയിട്ടില്ലെന്നും, ഈ കമ്മിറ്റികളിൽ ഇന്നുവരെ സമുദായ പ്രാതിനിധ്യത്തെ അടിസ്ഥാന തത്വമായി കരുതിയില്ലെന്നും അതത് വിഷയങ്ങളിൽ പ്രാമണ്യം സമ്പാദിച്ചിട്ടുള്ള അധ്യാപകരെയും സാഹിത്യകാരൻമാരെയും മറ്റും ഉൾപ്പെടുത്തി കമ്മിറ്റികൾ സംഘടിപ്പിക്കുന്ന നയമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്നുമത്രേ കമ്യൂണിസ്റ്റ് സർക്കാരിന്റെ സമാധാനം. പാഠ്യപദ്ധതിയും ഇംഗ്ലീഷ്, മലയാളം പാഠപുസ്തകങ്ങളും തയ്യാറാക്കുന്ന കമ്മിറ്റികളുടെ ഘടനയെപ്പറ്റിയാണ് കത്തോലിക്ക കോൺഗ്രസ്സിന്റെ പ്രമേയമെന്ന് ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ടെന്ന് പ്രസ്റിലീസിലെ ആദ്യവാചകംതന്നെ തെളിയിക്കുന്നു. ആ സ്ഥിതിക്ക് ഗാർഹികശാസ്ത്രം, രസതന്ത്രം തുടങ്ങിയ മറ്റു വിഷയങ്ങളുടെ ടെക്സ്റ്റ് ബുക്കുകൾ തയ്യാറാക്കുന്നതിനുള്ള കമ്മിറ്റികളിൽ ക്രിസ്ത്യാനികൾ- കത്തോലിക്കർ ഉൾപ്പെടെ-ഉണ്ടെന്ന് പറയുന്നത് ഞങ്ങളുടെ ആക്ഷേപത്തിന് സമാധാനമാകുകയില്ലല്ലോ....

സിലബസ് കമ്മിറ്റിയിൽ ആകെ 15 പേരാണുള്ളത്. അവരിൽ ടി. സി. പോൾ വർഗ്ഗീസ് (തൃശ്ശൂർ) മാത്രമാണ് ഒരു ക്രിസ്ത്യാനിയായുള്ളത്. അദ്ദേഹം കത്തോലിക്കനാണെന്ന് ഞങ്ങൾക്കറിവില്ല. 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലേക്കുള്ള ഇംഗ്ലീഷ് പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനുള്ള കമ്മിറ്റിയിൽ 6 പേരുള്ളതിൽ എം. സി. തോമസും (തിരുവനന്തപുരം) മിസ് ബ്രൂക്ക് സ്മിക്കും ക്രിസ്ത്യാനികളായുണ്ടെന്ന് ഞങ്ങൾക്കറിയാം. ഇവരിൽ ആരെങ്കിലും കത്തോലിക്കരാണോ? 1 മുതൽ 12 വരെ ക്ലാസ്സുകളിലെ മലയാള പാഠപുസ്തകങ്ങളും 10, 11, 12 ക്ലാസ്സുകളിലെ മലയാളം ഇലക്ടീവ് പാഠപുസ്തകങ്ങളും തയ്യാറാക്കുന്നതിനുള്ള കമ്മിറ്റിയിൽ ആകെ പതിനൊന്ന് പേരുള്ളതിൽ ക്രിസ്ത്യാനിയായ ഒരൊറ്റ വിദ്യാഭ്യാസ പ്രവർത്തകനോ സാഹിത്യകാരനോ ഒരു 'മറ്റോ' ഇല്ല. വസ്തുതകൾ ഇങ്ങനെയിരിക്കെ പ്രസ്റിലീസിലെ തത്സബന്ധമായ പ്രസ്താവന എത്രകണ്ട് നിലനിൽക്കുമെന്ന് ജനങ്ങൾ നിശ്ചയിക്കട്ടെ.

മലയാള ഭാഷയെ സംബന്ധിച്ചിടത്തോളം പ്രാവണ്യം സമ്പാദി

www.malankaralibrary.com

ച്ചിട്ടുള്ള അധ്യാപകരോ, സാഹിത്യകാരൻമാരോ, അനേക വർഷങ്ങളായി നിരവധി കോളേജുകളും ഹൈസ്ക്കൂളുകളും മറ്റും പ്രശസ്തമായി നടത്തി അഭിനന്ദനീയമായ പരീക്ഷാഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന, ക്രിസ്ത്യാനികളുടെയിടയിൽ പ്രത്യേകിച്ചു കത്തോലിക്കരുടെ ഇടയിൽ, ഉള്ളതായി ഇപ്പോഴത്തെ ഗവൺമെന്റ് അറിഞ്ഞിട്ടില്ലെന്നും തോന്നുന്നും. പ്രാദേശികമായി നോക്കിയാൽ കോട്ടയം ഡിസ്ട്രിക്ടിൽ അങ്ങനെയുള്ളവർ ക്രിസ്ത്യേതരരുടെ ഇടയിലും ഉള്ളതായി ഗവൺമെന്റ് അറിയുന്നില്ല! അധ്യാപകരോടും സാഹിത്യകാരൻമാരോടും ചേർന്നു പ്രവർത്തിക്കാൻ കഴിവുള്ള 'മറ്റും' ഗ്രൂപ്പിലും ചേർക്കാൻ കൊള്ളാവുന്ന ഒരു കത്തോലിക്കനെയും ഗവൺമെന്റ് കണ്ടുപിടിച്ചില്ലത്രെ.

വിദ്യാഭ്യസത്തിലെ അടിസ്ഥാനഘടകവും പരമപ്രാധാന്യമർഹിക്കുന്നതുമായ സംഗതികൾ പാഠപദ്ധതിയും പാഠഗ്രന്ഥങ്ങളുമാകുന്നു. പിഞ്ചുകുഞ്ഞുങ്ങളുടെ സംസ്കാരം കരുപ്പിടിക്കുന്ന പ്രാരംഭഘട്ടങ്ങളിൽ ഒരേ ആദർശത്തിൽ അവരെ വാർത്തെടുക്കണമെന്ന് വ്യഗ്രതയുള്ളവർക്കും മാത്രമേ ഇതര ആദർശങ്ങൾ അരോചകരമായിരിക്കുകയുള്ളൂ. അല്ലെങ്കിൽ സിലബസും ഇംഗ്ലീഷ് മലയാള പാഠപുസ്തകങ്ങളും തയ്യാറാക്കുന്നതിന് നിയുക്തമായ കമ്മിറ്റികളിൽ കത്തോലിക്കരായ അധ്യാപകൻമാരെയും സാഹിത്യകാരൻമാരെയും മറ്റും ബോധപൂർവ്വം ഉൾപ്പെടുത്താതിരിക്കുമോ? ഈദൃശങ്ങളായ അകറ്റിനിറുത്തൽ നടപടികളെത്രെ സമുദായ പ്രാതിനിധ്യവാദത്തിന് മൂർച്ചകൂട്ടുന്നത്.

പാഠപുസ്തക കമ്മിറ്റികളുടെയും സിലബസ് കമ്മിറ്റികളുടെയും ഘടനയിൽനിന്നും അതിന്റെ പ്രവർത്തനം എങ്ങനെയായിരിക്കുമെന്ന് ഊഹിക്കുവാൻ ആർക്കും സാധിക്കുമായിരുന്നു. കമ്യൂണിസ്റ്റ് ഗവൺമെന്റ് കത്തോലിക്കരെ ബോധപൂർവ്വം അകറ്റിനിർത്തികൊണ്ട് സംഘടിപ്പിച്ചിരിക്കുന്ന പാഠപുസ്തക കമ്മിറ്റികൾ തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ നിരീശ്വരപരവും ക്രൈസ്തവ ധാർമ്മിക സിദ്ധാന്തങ്ങളെ അവഹേളിക്കയോ തെറ്റായി ചിത്രീകരിക്കുകയോ ചെയ്യുന്ന തരത്തിലുള്ളതുമായിരിക്കുമെന്ന് എ. കെ. സി. സി. വർക്കിംഗ് കമ്മിറ്റി അഭിപ്രായപ്പെട്ടു. കുട്ടികളിൽ അബദ്ധാശയങ്ങൾ കടന്നുകൂടാതിരിക്കുവാനും അധ്യാപകർക്ക് ശരിയായ മാർഗദർശനം നൽകാനും, പാഠപുസ്തകങ്ങളിൽ കടന്നുകൂടുന്ന തെറ്റുകൾ ചൂണ്ടിക്കാട്ടുവാനും, അബദ്ധാശയങ്ങളെ കൃത്യമായും നിശിതമായും വിമർശിച്ച് ബഹുജനശ്രദ്ധയാകർഷിക്കാനും വേണ്ട പരിപാടികൾ സ്വീകരിക്കുവാൻ ശ്രീ. എം. ഒ. ജോസഫ് നെടുങ്കുന്നം കൺവീനറായി ഒരു കമ്മിറ്റിയെ യോഗം തെരഞ്ഞെടുത്തു.

മേൽപറഞ്ഞ കമ്മിറ്റി പബ്ലിസിറ്റി ബ്യൂറോ എന്ന പേരിലാണ് അറിയപ്പെട്ടത്. പുതിയ പാഠപുസ്തകങ്ങളെപ്പറ്റി സവിസ്താരം പഠനം

www.malankaralibrary.com

നടത്തി. സാമൂഹ്യപാഠങ്ങൾ, ഉപപാഠപുസ്തകങ്ങൾ, പദ്യപാഠാവലികൾ, കേരള മലയാളപാഠാവലികൾ, ജനറൽ സയൻസ് തുടങ്ങിയ പുസ്തകങ്ങൾ പ്രത്യേകം കമ്മിറ്റി പഠനം നടത്തി റിപ്പോർട്ട് വർക്കുംഗ് കമ്മിറ്റിക്ക് സമർപ്പിച്ചു. പാഠപുസ്തകങ്ങളിലെ ന്യൂനതകളും മറ്റും ചൂണ്ടിക്കാണിച്ച് പാഠപുസ്തകങ്ങളുടെ തനി നിറം, എന്ന പുസ്തകം പ്രസദ്ധീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രതിഷേധാർഹങ്ങളായ പാഠപുസ്തകങ്ങൾ പിൻവലിക്കുകയും പാഠങ്ങൾ നീക്കം ചെയ്യുകയും ചെയ്യുകയും വേണമെന്നു കത്തോലിക്കാമേലധ്യക്ഷന്മാർ സംയുക്ത പ്രസ്താവന പുറപ്പെടുവിച്ചു.

## സ്ക്കൂൾ ഡിഫൻസ് കമ്മിറ്റി

മുണ്ടശ്ശേരി പദ്ധതിയെന്ന പേരിൽ അറിയപ്പെട്ട വിദ്യാഭ്യാസ ബില്ലിനെതിരായി രാജ്യമാസകലം പ്രക്ഷോഭണം കൊടുമ്പിരിക്കൊണ്ടു. ബിഷപ്സ് കോൺഫറൻസ് നിയമിച്ച വിദ്യാഭ്യാസ കമ്മിറ്റി, ചങ്ങാനാശ്ശേരി അതിമെത്രാസന മന്ദിരത്തിൽ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയംഗങ്ങളെ വിളിച്ചുകൂട്ടുകയും അവരുമായി ആലോചിച്ച് എ. കെ. സി. സി. പ്രസിഡന്റ് പി. ജെ. സെബാസ്റ്റ്യൻ അധ്യക്ഷനായി പ്രൈവറ്റ് സ്ക്കൂൾ ഡിഫൻസ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. വിദ്യാഭ്യാസം സംബന്ധിച്ച് കമ്യൂണിസ്റ്റ് ഗവൺമെന്റ് സ്വീകരിച്ച അനാശാസ്യവും അനീതിപരവും ഭരണഘടനാവിരുദ്ധവുമായ നടപടികളെപ്പറ്റി കേന്ദ്രഗവൺമെന്റിന് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. പാഠപുസ്തകങ്ങളെപ്പറ്റി കേരളഗവൺമെന്റിനു വിശദമായ ഒരു മെമ്മോറാണ്ടവും സമർപ്പിച്ചു.

## മാനേജർ, ഹെഡ്മാസ്റ്റർ യോഗം

കത്തോലിക്ക കോൺഗ്രസ് പ്രസിഡണ്ടിന്റെ ക്ഷണമനുസരിച്ച് മാനേജർമാരും ഹെഡ്മാസ്റ്റർമാരും കോട്ടയം ബി. സി. എം. കോളേജിൽ ചേർന്ന് താഴെ പറയുന്ന വിഷയങ്ങളെപ്പറ്റി ചർച്ചചെയ്തു.

1. മതനിഷേധവും കമ്യൂണിസ്റ്റാദർശങ്ങൾ അടിച്ചേൽപ്പിക്കുന്ന തരത്തിലുള്ളതുമായ ഇന്നത്തെ പാഠപുസ്തകങ്ങൾ.
2. ഫീസ് പിരിവ് ഹെഡ്മാസ്റ്റർ, ട്രഷറിയിൽ അടയ്ക്കണമെന്നും അദ്ധ്യാപക ശമ്പളം ഹെഡ്മാസ്റ്റർ വാങ്ങി നൽകണമെന്നും അനുശാസിക്കുന്ന ഗവൺമെന്റിന്റെ പുതിയ ഉത്തരവ്.
3. അവകാശങ്ങൾ സുരക്ഷിതമല്ലെങ്കിൽ വിദ്യാലയങ്ങൾ തുടർന്നു നടത്തണമോ അടച്ചുപൂട്ടണമോയെന്ന പ്രശ്നം.
4. മാനേജർമാരുടെയും, രക്ഷാകർത്താക്കളുടെയും, അധ്യാപകരുടെയും പ്രതിനിധികൾ അടങ്ങിയ കത്തോലിക്ക എഡ്യൂക്കേഷൻ കൗൺസിലുകളുടെ രൂപവൽക്കരണം.

വിദ്യാഭ്യാസബില്ലിനെതിരായ നീക്കങ്ങൾക്ക് കോൺഗ്രസ് ശക്തി

www.malankaralibrary.com

കൂട്ടി. രാജ്യത്തെമ്പാടും പ്രതിഷേധയോഗങ്ങൾ നടന്നു.

ഈ സന്ദർഭത്തിലാണ് കർഷികബന്ധബിൽ കമ്മ്യൂണിസ്റ്റ് സർക്കാർ അവതരിപ്പിച്ചത്. ഇത് നായർ സമുദായത്തെ അതൃപ്തരാക്കി. ഗവൺമെന്റിനെതിരെ നായർ സമുദായവും അണിനിരന്നു.

ഗവൺമെന്റിനെതിരായി ബഹുജനമുന്നേറ്റം ആരംഭിച്ചപ്പോൾ അന്നത്തെ പ്രതിപക്ഷകക്ഷികൾക്കും അവരുടെ നേതാക്കൾക്കും മൗനമായിരിക്കുവാൻ സാധിച്ചില്ല. എ. കെ. സി. സി. ഒരു നേതൃസമ്മേളനം വിളിച്ചുകൂട്ടി. ആ സമ്മേളനമാണ് വിമോചനസമരത്തിന് കളമൊരുക്കിയത്. കോൺഗ്രസ് പി. എസ്. പി. - ലീഗ് - ആർ . എസ്. പി. കെ. എസ്. പി. കക്ഷികൾ വിമോചനസമരത്തിന്റെ മുൻപന്തിയിൽ അണിനിരന്നു. പ്രക്ഷോഭണത്തെ അടിച്ചമർത്തുവാൻ നടത്തിയ എല്ലാ നീക്കങ്ങളെയും സമരനേതാക്കൾ നേരിട്ടു. പതിനായിരങ്ങൾ ജയിലിൽ അടയ്ക്കപ്പെട്ടു. അങ്കമാലിയിലും കേരളത്തിന്റെ കടലോരപ്രദേശങ്ങളിലും മനുഷ്യ ജീവിതങ്ങൾ വെടിയേറ്റു വീണു. കേരളത്തിൽ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സൽഭരണം അവസാനിപ്പിക്കുവാൻ, കമ്യൂ. ഏകാധിപത്യഭരണം അവസാനിപ്പിക്കുവാൻ നടത്തിയ ശ്രമങ്ങൾ ചരിത്രം കുറിക്കുന്നവയായിരുന്നു. ജനാധിപത്യമൂല്യങ്ങൾ സംരംക്ഷിക്കപ്പെടുന്നതിനുവേണ്ടി നടന്ന ആ സമരത്തിന് ജീവൻ ബലിയർപ്പിക്കപ്പെട്ടത് എല്ലാം തന്നെ കത്തോലിക്കരിൽ നിന്നാണ്.

ആ ദുർഭരണം, ഭീകരണം അവസാനിപ്പിക്കുവാൻ കേന്ദ്രസർക്കാർ ഇടപെടേണ്ടിവന്നു. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ദുർഭരണം അവസാനപ്പിക്കുന്നതിന് ഏറ്റം വലിയ സംഭാവന നൽകിയത് കത്തോലിക്ക കോൺഗ്രസാണ്. കമ്മ്യൂ. ഗവൺമെന്റിനെ താഴെയിറക്കാൻ വിവിധ സമുദായങ്ങളുടെ സഹകരണത്തോടെ നടത്തിയ വിമോചനസമരത്തിനു ആരംഭം കുറിച്ചത് കത്തോലിക്ക കോൺഗ്രസാണ്.

കമ്മ്യൂണിസ്റ്റു ഗവൺമെന്റിന്റെ ഡിസ്മിസലിനുശേഷം പ്രസിഡിന്റ് ഭരണം കേരളത്തിൽ നിലവിൽ വന്നു. 1960- ൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധകക്ഷികൾ ചേർന്നുണ്ടാക്കിയ ഐക്യ മുന്നണി ഗവൺമെന്റ് വൻപിച്ച പൂരിപക്ഷത്തോടെ അധികാരമേറ്റെടുത്തു. ഐക്യമുന്നണി ഗവൺമെന്റിൽ നിന്നും ജനോപകാര്യപ്രദമായ പല നടപടികളും ഉണ്ടാകുമെന്ന് ജനങ്ങൾ വിശ്വസിച്ചു. പക്ഷേ, ജനഹിതത്തിന് വിപരീതമായ പല നടപടികളും ആ ഗവൺമെന്റ് തുടങ്ങിവച്ചു. ജനങ്ങളുടെ ആശയാഭിലാഷങ്ങളുമായി രൂപംകൊണ്ട ഐക്യമുന്നണി ഗവൺമെന്റിലെ ഘടകകക്ഷികളെ ഒന്നൊന്നായി പുറത്തുനിറുത്തുവാനും ഓരോരോ സന്ദർഭങ്ങളിൽ ഓരോരോ കക്ഷികൾക്ക് അയിത്തം കൽപിക്കുവാനും പ്രബലകക്ഷികൾ തയ്യാറായി.

www.malankaralibrary.com

ജനങ്ങളുടെ പ്രതീക്ഷകൾമുഴുവൻ അസ്ഥാനത്താക്കിക്കൊണ്ട് ഭീകരദുർഭരണ് ഐക്യമുന്നണി ഭരണക്കാലത്ത് ആരംഭിച്ചത്. കമ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ദുർമരണം അവസാനിപ്പിക്കുവാൻ കാരാഗൃഹങ്ങളിൽ കിടന്ന് മർദ്ദനങ്ങൾ അനുഭവിച്ചവരും നിരവധി യാതനകൾ അനുഭവിച്ചവരും ആകെ അമ്പരന്നുപോയി. കേരളത്തിലെ കിഴക്കൻ കലയോരങ്ങളിലും മലബാറിലെ സ്വകാര്യവനപ്രദേശങ്ങളിലും അധിവസിക്കുന്ന ഏതാണ്ട് 25 ലക്ഷത്തോളം മലയോര കർഷകരുടെ അവകാശങ്ങൾ നിഷേധിക്കുവാൻ ഐക്യമുന്നണി ഗവൺമെന്റ് തയ്യാറായപ്പോൾ അതിനോട് പ്രതികരിക്കുവാൻ അധികമാരും രംഗത്തുവന്നില്ല. അതിന്റെ പ്രധാന കാരണം ഈ ഗവൺമെന്റ് നിലംപതിച്ചാൽ കമ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വരുമെന്ന ഭയം ഒന്നുകൊണ്ടു മാത്രം. എങ്കിലും പ്രശ്നത്തിന്റെ ഗൗരവം ശരിക്കും മനസ്സിലാക്കിക്കൊണ്ട് കത്തോലിക്കകോൺഗ്രസ് പ്രവർത്തന പരിപാടികൾക്കു രൂപം കൊടുത്തു.

★

## വിദ്യാഭ്യാസ സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകിയ ദിവംഗതരായ 80 സമരനേതാക്കൾ

ആർച്ച് ബിഷപ്പ്, മാർ ഇവാനിയോസ്
ആർച്ച് ബിഷപ്പ്, മാർ ജോസഫ് പാറേക്കാട്ടിൽ
ബിഷപ്പ് ഫ്രാൻസിസ് വാഴപ്പള്ളി
ആർച്ച് ബിഷപ്പ് മാർ മാത്യു, കാവുകാട്ട്
ബിഷപ്പ് ഡോ. ജറോം ഫെർണാണ്ടസ്
ബിഷപ്പ് മാർ ജെയിംസ് കാളാശ്ശേരി
ബിഷപ്പ് മാർജോർജ്ജ് ആലപ്പാട്ട്
ബിഷപ്പ് മാർ തോമസ് തറയിൽ
ബിഷപ്പ് മാർ മാത്യു പോത്തനാംകുഴി
ബിഷപ്പ് മാർ അഗസ്റ്റിൻ കണ്ടത്തിൽ
ബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിൽ
ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി
ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്
ബിഷപ്പ് മാർ അലക്സാണ്ടർ, ചൂളപറമ്പിൽ
ബിഷപ്പ് മാർ ജോസഫ്, കുണ്ടുകുളം
ബിഷപ്പ്, ഡോ. ജോസഫ് അട്ടിപ്പേടി

(ലിസ്റ്റ് 95-ാം പേജിൽ തുടരുന്നു)

www.malankaralibrary.com

# 16. കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തയ്യാറാക്കിയ പാഠപുസ്തകങ്ങൾ

കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് 1957-ൽ അധികാരമേറ്റയുടനെ രൂപീകരിച്ച പാഠപുസ്തക കമ്മറ്റികളുടെയും സിലബസ് കമ്മറ്റികളുടെയും രൂപീകരണം പല സംശയങ്ങൾക്കും ഇടനൽകുന്നതായിരുന്നു. അവർ തയ്യാറാക്കിയ പാഠപുസ്തകങ്ങളെപ്പറ്റി വിശദമായ പഠനം നടത്തുവാൻ കത്തോലിക്കാ കോൺഗ്രസ്സും ഒരു കമ്മറ്റിയെ രൂപീകരിച്ചു. പബ്ലിസിറ്റി ബ്യൂറോ എന്നായിരുന്നു ആ കമ്മറ്റിയുടെ പേര്. ആ കമ്മറ്റി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് നൽകിയത്. പാഠപുസ്തകങ്ങൾ നിരീശ്വരപരവും ക്രൈസ്തവ ധാർമ്മിക സിദ്ധാന്തങ്ങളെ അവഹേളിക്കുകയോ തെറ്റായി ചിത്രീകരിക്കുകയും ചെയ്യുന്നതായിരിക്കുമെന്നുള്ള എ.കെ.സി.സി.യുടെ നിഗമനം നൂറുശതമാനം ശരിയായിരുന്നുവെന്ന് ആ റിപ്പോർട്ട് വ്യക്തമാക്കി. പബ്ലിസിറ്റി റിപ്പോർട്ട് തയ്യാറാക്കിയ റിപ്പോർട്ട് 'പാഠപുസ്തകങ്ങളുടെ തനിനിറം' എന്ന പേരിൽ ഒരു പുസ്തകമായി എ.കെ.സി.സി. പ്രസിദ്ധീകരിച്ചു. ആ റിപ്പോർട്ടിനെപ്പറ്റി 'ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും' എന്ന ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത് താഴെ ചേർക്കുന്നു.

"ബാലറ്റ് പെട്ടിയിലൂടെ ലോകത്ത് ആദ്യമായി അധികാരത്തിലേറിയ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് രൂപീകരിച്ച പാഠപുസ്തക കമ്മറ്റികളുടെയും സിലബസ് കമ്മിറ്റിയുടെയും ഘടനയിൽനിന്നും അതിന്റെ പ്രവർത്തനം എങ്ങനെയായിരിക്കുമെന്ന് കത്തോലിക്കാ കോൺഗ്രസ്സ് മുൻകൂട്ടിത്തന്നെ പ്രവചിച്ചു. പാഠപുസ്തക കമ്മിറ്റികളിൽനിന്നും കത്തോലിക്കരെ ബോധപൂർവ്വം അകറ്റിനിർത്തിക്കൊണ്ട് രൂപീകരിച്ച കമ്മറ്റി തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ നിരീശ്വരപരവും ക്രൈസ്തവ ധാർമ്മിക സിദ്ധാന്തങ്ങളെ അവഹേളിക്കുകയോ തെറ്റായി ചിത്രീകരിക്കുകയോ ചെയ്യുന്ന തരത്തിലുള്ളതായിരിക്കുമെന്നും എ.കെ.സി.സി. അഭിപ്രായപ്പെട്ടു. അതെല്ലാം യാഥാർത്ഥ്യമായിത്തീർന്നു.

കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് നിലവിലിരുന്ന പാഠപുസ്തകങ്ങൾ എല്ലാം ഒന്നടങ്കം മാറ്റി പുതിയ പ്രസിദ്ധീകരണങ്ങൾ പ്രതിഷ്ഠിക്കപ്പെടുകയുണ്ടായി. എല്ലാ പുസ്തകങ്ങളും ഒന്നായി മാറ്റിക്കളയുന്ന ചരിത്രം നമ്മുടെ വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായിട്ടായിരുന്നു. എ.കെ.സി.സി. ജനറൽ സെക്രട്ടറി പാഠ്യപുസ്തകങ്ങളുടെ തനിനിറം എന്ന പുസ്തകത്തിൽ ആമുഖമായി

www.malankaralibrary.com

ഇപ്രകാരം എഴുതിയിരിക്കുന്നു. "അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് അതിന്റെ പബ്ലിസിറ്റി ബ്യൂറോയെ, പുതിയ പാഠപുസ്തകങ്ങളെപ്പറ്റി പഠനം നടത്തുവാൻ നിയോഗിച്ചിരുന്നു. പ്രസ്തുത ബ്യൂറോ, സാമൂഹ്യപാഠങ്ങൾ, ഉപപാഠപുസ്തകങ്ങൾ, പദ്യപാഠാവലി, കേരള മലയാള പാഠാവലികൾ, ജനറൽ സയൻസ് എന്നീ വിഭാഗങ്ങൾ പ്രത്യേകം പ്രത്യേകം പരിശോധിച്ച് നിരൂപണങ്ങൽ തയ്യാറാക്കുവാൻ ഉപസമിതികൾ രൂപീകരിക്കുകയുണ്ടായി. അവഗാഢമായ പഠനത്തിന്റെയും സമഗ്ര ചർച്ചകളുടെയും ഫലമായി പ്രസ്തുത ഉപസമിതികൾ ബ്യൂറോയ്ക്ക് സമർപ്പിച്ച പുസ്തക വിമർശനങ്ങളുടെ സമാഹാരമാണ് ഈ പുസ്തകങ്ങളുടെ തനിനിറം എന്ന പ്രസിദ്ധീകരണം.

ഗവൺമെന്റിന്റെ പുതിയ പാഠപുസ്തകനയം കരുതിക്കൂട്ടിയുള്ള ഒരടവാണെന്നും ബാലമനസ്സുകളെ പാർട്ടിയന്ത്രത്തിന് കീഴടക്കാനുള്ള കമ്മ്യൂണിസത്തിന്റെ തന്ത്രപരമായ പ്രവണതകൾ മുഴുവൻ അവയിലുടനീളം വ്യാപരിച്ചിട്ടുണ്ടെന്നും വ്യക്തമാണ്. ആ യാഥാർത്ഥ്യങ്ങളുടെ ഉള്ളറകളിലേക്ക് അനുവാചകർക്ക് ആഞ്ഞിറങ്ങുവാൻ ഈ നിരൂപണങ്ങൾ വേണ്ടുവോളം വെളിച്ചം വീശുന്നുണ്ട്."

പബ്ലിസിറ്റി ബ്യൂറോ എങ്ങനെയാണ് പാഠ്യപുസ്തകങ്ങളുടെ തനിനിറം കണ്ടെത്തിയതെന്ന് ഉള്ളതിന് ഏതാനും ഉദാഹരണങ്ങൾ കൊണ്ടു തന്നെ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. പുസ്തകം രണ്ട് സാമൂഹ്യപാഠം, ആറാം സ്റ്റാൻഡേർഡിലേക്കുള്ളതാണ്. ആറാം സ്റ്റാൻഡേർഡിലെ പുസ്തകത്തെപ്പറ്റി പാഠ്യപുസ്തകങ്ങളുടെ തനിനിറത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഈ പുസ്തകത്തിൽ 45 മുതൽ 47 വരെ വശങ്ങളിൽ കാറൽ മാർക്സിന്റെ ഒരു ലഘുജീവചരിത്രം ഉണ്ട്. അതിന്റെ അവസാനത്തെ ഖണ്ഡികയിൽ "മാർക്സിന്റെ സമത്വവാദ സിദ്ധാന്തത്തിന്റെ ആദ്യവിജയമാണ് റഷ്യൻ വിപ്ലവം" എന്നൊരു വാചകമുണ്ട്. ഇതുകൊണ്ട് റഷ്യയിൽ പരിപൂർണ്ണ സമത്വം സ്ഥാപിതമായിക്കഴിഞ്ഞുവെന്ന് വ്യഞ്ജിപ്പിക്കുന്നു. ഇത് അടിസ്ഥാനരഹിതമാണെന്നു മാത്രമല്ല, കൊച്ചുകുട്ടികളെ തെറ്റിദ്ധരിപ്പിക്കുന്നതിന് കരുതിക്കൂട്ടി പ്രയോഗിച്ചിട്ടുള്ളതുമാണ്. റഷ്യൻ വിപ്ലവം എന്തെങ്കിലുമാണെങ്കിൽ മാർക്സിന്റെ സമത്വവാദസിദ്ധാന്തത്തിന്റെ ആദ്യത്തെ മഹാപരാജയമാണ്. റഷ്യൻ വിപ്ലവത്തിനുശേഷം വത്സരങ്ങൾ 40 കടന്നുപോയിട്ടും, എല്ലാ തൊഴിലാളികളുടെയും എന്നു പറയാവുന്ന ഒരു ഏകാധിപത്യഭരണംപോലും അവിടെ ഉണ്ടായിട്ടില്ല. നേരെമറിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു ഏകാധിപത്യം മാത്രമാണ് നാം അവിടെ കാണുന്നത്. അതിനെയാണ് സമത്വവാദ സിദ്ധാന്തത്തിന്റെ വിജയമായി ഉദ്ഘോഷിച്ചിരിക്കുന്നത്. ഈ കമ്മ്യൂണിസ്റ്റ് ഏകാധിപത്യം മാർക്സ് ഉദ്ദേശിച്ച വർഗ്ഗരഹിതമായ ഒരു സമുദായത്തിന്റെ ഉദയത്തിന് വഴിതെളിക്കുന്നതായി ഒട്ടും അനുഭവപ്പെടുന്നില്ല.

www.malankaralibrary.com

വസ്തുതകൾക്കെതിരായ ഈ പ്രസ്താവന പാഠപുസ്തകത്തിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

എട്ടാം സ്റ്റാൻഡേർഡിലേക്കുള്ള സാമൂഹ്യപാഠത്തിലെ പ്രതിപാദ്യത്തെപ്പറ്റി പബ്ലിസിറ്റി ബ്യൂറോ തയ്യാറാക്കിയിരിക്കുന്നത് താഴെ ചേർക്കുന്നു. "ഈ പുസ്തകത്തിലെ 6 മുതൽ 9 വരെയുള്ള അദ്ധ്യായങ്ങൾ ലോകചരിത്രത്തിലുണ്ടായിട്ടുള്ള പ്രധാന വിപ്ലവങ്ങളുടെ ഒരു വിവരണമാണ്. അവ പാഠ്യപദ്ധതിയുടെ അഞ്ചാം വകുപ്പനുസരിച്ച് തയ്യാറാക്കിയിട്ടുള്ളതാണ്. പാഠ്യപദ്ധതി നാലാം വകുപ്പു ബ്രിട്ടനിലെ പാർലമെന്ററി ഭരണക്രമത്തിന്റെ പുരോഗതിയാണ്. വിപുലങ്ങളായ ലോകചരിത്രഗ്രന്ഥങ്ങളിലെല്ലാം അതിനെത്തുടർന്ന് പ്രതിപാദിക്കുന്നത് ആ കാലഘട്ടത്തിൽ ഇതരയൂറോപ്യൻ രാജ്യങ്ങളിൽ സ്വേച്ഛാധിപത്യത്തിനുണ്ടായ വികാസത്തെയും, തന്മൂലം പരിണാമമാർഗ്ഗത്തിൽക്കൂടി ജനാധിപത്യത്തിലെത്തിക്കാൻ ആ രാജ്യങ്ങൾക്ക് സാധിക്കാതെ വന്ന പരിതസ്ഥിതിയെയും പറ്റിയാണ്. അതിനെ തുടർന്നാണ് വിപ്ലവങ്ങളെ പറ്റിയുള്ള അദ്ധ്യായം. ആ വിപ്ലവങ്ങളുടെ ഫലമായി ജനകീയ ഭരണസമ്പ്രദായങ്ങൾ നടപ്പിൽ വന്നത് വിശദീകരിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ആ സ്ഥിതിക്ക് റഷ്യൻ വിപ്ലവം പാഠ്യപദ്ധതിയിലൂടെ ആ ഭാഗത്ത് ചേർക്കേണ്ടതേ അല്ല. റഷ്യൻ വിപ്ലവത്തിന്റെ ഫലമായി പാർലമെന്ററി ഭരണക്രമം അവിടെ ഒരിക്കലും നടപ്പിൽ വന്നിട്ടില്ല. അതിനാൽ സിലബസ്സുതന്നെ ദുരുദ്ദേശപൂർവ്വം തയ്യാറാക്കിയതല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പുസ്തകത്തിലെ വിഷയ വിശദീകരണം ആ സന്ദേഹത്തെ ദൃഢീകരിക്കുകയത്രേ ചെയ്യുന്നത്."

അദ്ധ്യായം 8-ൽ റഷ്യൻ വിപ്ലവത്തെപ്പറ്റി ബ്യൂറോ തയ്യാറാക്കിയിരിക്കുന്നത് താഴെ ചേർക്കുന്നു.

ഒന്നാം ഖണ്ഡികയിൽ "അവിടെ അവർ ഒരു ജനകീയ റിപ്പബ്ലിക്കു സ്ഥാപിച്ചു" എന്നു കാണുന്നു. ഇതുകൊണ്ട് റഷ്യയിലെ ഭരണം ഇംഗ്ലണ്ടിലയോ ഇൻഡ്യയിലെയോ പോലെയുള്ള ജനപ്രതിനിധികളുടെ ഒരു ഭരണമാണെന്ന് വിദ്യാർത്ഥികളെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്യുന്നത്. വീണ്ടും അതേ ഖണ്ഡികയിൽ "തൊഴിലാളികളുടെയും കർഷകരുടെയും പട്ടാളക്കാരുടെയും പ്രതിനിധികൾ കൂടിച്ചേർന്ന സോവിയറ്റുകളാണ് ഭരണം നടത്തിയിരുന്നത് എന്ന് ചേർത്തിരിക്കുന്നു. ഈ പ്രാതിനിദ്ധ്യം സ്വതന്ത്രമായ ഒരു തെരഞ്ഞെടുപ്പുമൂലം ലഭിച്ചതായിരുന്നില്ലെന്നുള്ള വസ്തുത മറച്ചുവച്ചുകൊണ്ട് റഷ്യയ്ക്ക് പൂച്ചുകൊടുത്ത് മിനുക്കിയിരിക്കുകയാണ്.

119-ാം വശത്ത് "അയൽ രാജ്യങ്ങളിലെ മുതലാളി ഗവണ്മെന്റുകൾ ഈ പിന്തിരിപ്പൻ ശക്തികളെ സഹായിച്ചു" എന്നൊരു വാചകമുണ്ട്. ഇതിലെ "മുതലാളി" എന്നും "പിൻതിരിപ്പൻ" എന്നുമുള്ള പദങ്ങൾ വ്യംഗ്യ പ്രധാനമായ ഭാഷാശൈലിയുടെ മകുടോദാഹരണങ്ങളാണ്. സ്വകാര്യ സ്വത്തു മുഴുവൻ കണ്ടുകെട്ടി ഏറ്റവും വലിയ മുതലാളി ഗവണ്മെന്റായിത്തീർന്നിരുന്ന

www.malankaralibrary.com

റഷ്യയാണെന്നുള്ള വസ്തുഗോപനം ചെയ്തിട്ട്, മറ്റു ഗവണ്മെന്റുകളെയെല്ലാം മുതലാളികളെയെല്ലാം മുതലാളികളായി ചിത്രീകരിച്ച അവജ്ഞയ്ക്ക് വിഷയീഭവിപ്പിക്കുകയാണ് ചെയ്യുന്നത്. അതുപോലെ തന്നെ തങ്ങളുടെ സ്വാതന്ത്ര്യത്തിനും സമ്പത്തിനുംവേണ്ടി പടപൊരുതിയ ജനങ്ങളെല്ലാം പിൻതിരിപ്പൻമാരാണുപോലും. ചുരുക്കത്തിൽ, കമ്മ്യൂണിസ്റ്റല്ലാത്തതെല്ലാം പിൻതിരിപ്പനാണെന്ന് കുട്ടികൾ മനസ്സിലാക്കിക്കൊള്ളണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. പക്ഷെ ഇവിടെയല്ല ഇതു പറയേണ്ടത്, റഷ്യയിലോ ചൈനയിലോ ആണ്.

120-ാം വശത്ത്, സ്റ്റാലിൻ-ട്രോട്സ്കി സമരത്തെപ്പറ്റി ട്രോട്സ്കിയും സ്റ്റാലിനും തമ്മിൽ മത്സരമുണ്ടായി. "സ്റ്റാലിൻ വിജയിച്ചു" എന്നു പറഞ്ഞിരിക്കുന്നു. കമ്മ്യൂണിസ്റ്റ് ഏകാധിപത്യത്തിന്റെ ഏറ്റം വലിയ ദോഷം നേതൃത്വത്തിനുവേണ്ടിയുള്ള വടംവലിയും അതിന്റെ ഫലമായി നടന്നുകൊണ്ടിരിക്കുന്ന വധങ്ങളുമാണെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പക്ഷെ അത് റഷ്യയ്ക്ക് ഭൂഷണമല്ല. അതുകൊണ്ട് ആഭാഗം ഒറ്റവാക്കിൽ സംഗ്രഹിച്ചിരിക്കുകയാണ്. 118-ാം പേജിൽ ലെനിന്റെ പരിഷ്ക്കാരങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതിനിടയ്ക്ക് അദ്ദേഹത്തിന്റെ "നവീന സാമ്പത്തിക നയത്തെപ്പറ്റി ഒറ്റവാക്കുപോലും പറയാനില്ല. അത് പറഞ്ഞാൽ മാർക്സിസത്തിന്റെ അപ്രായോഗികത ലെനിൻതന്നെ അംഗീകരിച്ചതായി വരും. അതുകൊണ്ട് അതു പറയാതെ വിട്ടിരിക്കുകയാണ്.

120-ാം പേജിന്റെ അവസാനിത്തിലും 121-ാം പേജിന്റെ ആരംഭത്തിലും റഷ്യയെ വാനോളം പുകഴ്ത്തിയിരിക്കുന്നു. രണ്ടാംലോകമഹായുദ്ധത്തിന്റെ ആരംഭഘട്ടത്തിൽ റഷ്യയ്ക്കുണ്ടായ അപജയങ്ങളെപ്പറ്റിയോ അവസാനം വിജയം വരിക്കുന്നതിന് പ്രാപ്തയാകത്തക്കവിധം ബ്രിട്ടനും അമേരിക്കയും റഷ്യയ്ക്കു നല്കിയ ആയുധവിഭവ സംഭരണങ്ങളെപ്പറ്റിയോ ഒരക്ഷരം പോലും പറഞ്ഞിട്ടില്ല. വസ്തുതകളുടെ ഭാഗികമായ പ്രതിപാദനരീതി ഏറ്റം സമർത്ഥമായി ഇവിടെ പ്രതിപാദിച്ചിരിക്കുന്നു. 121-ാം വശം മുതലുള്ള "പ്രാധാന്യം" എന്ന ഉപവിഭാഗത്തിലെ പല വാചകങ്ങളും ഈ തരത്തിലുള്ളവയാണ്.

(എ) "ഒരു പുതിയ സാമ്പത്തികനീതിയും അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു നൂതനസാമൂഹ്യ വ്യവസ്ഥിതിയും ഈ വിപ്ലവംമൂലം സംജാതമായി". ഇതുകേട്ടാൽ വ്യക്തിയെ രാഷ്ട്രത്തിന്റെ അടിമയാക്കുന്ന ഒരു വ്യവസ്ഥിതിയാണിതെന്ന് ആർക്കെങ്കിലും തോന്നുമോ?

(ബി) സമ്പത്തെല്ലാം സമുദായത്തിന്റേതാണെന്നും സമുദായത്തിലെ എല്ലാ അംഗങ്ങളുടെ വളർച്ചയ്ക്കും അഭിവൃദ്ധിയ്ക്കും അത് ഉപയോഗിക്കേണ്ടതാണെന്നുള്ള ഒരു നവീനാശയമാണ് റഷ്യൻ വിപ്ലവം പ്രദാനം ചെയ്തത്." യഥാർത്ഥത്തിൽ സമ്പത്തെല്ലാം ഗവണ്മെന്റിന്റേതാണെന്നും ഗവണ്മെന്റിൽ ഉന്നതാധികാരം വഹിക്കുന്നവരുടെ ഇഷ്ടാനുസാരം

www.malankaralibrary.com

വിനിയോഗിക്കാവുന്നതാണെന്നുമുള്ള ആശയമല്ലേ റഷ്യൻ വിപ്ലവം പ്രദാനം ചെയ്തത്. പ്രസ്തുത വാചകത്തിൽനിന്നും ഏതെങ്കിലും ഒരു വിദ്യാർത്ഥി അങ്ങനെ ഊഹിക്കുമോ? ചുരുക്കത്തിൽ, എങ്ങനെയും വിദ്യാർത്ഥികൾ മനസ്സിലാക്കണം റഷ്യ ഭൂഗോളത്തിലെ സ്വർഗ്ഗമാണെന്ന്. ഒരു പാഠപുസ്തകത്തിൽ വേണ്ടത് വസ്തുതകളാണ്. അഭിപ്രായങ്ങളോ അനുമാനങ്ങളോ പ്രകീർത്തനങ്ങളോ ചേർക്കുന്നുവെങ്കിൽ അത് അഭിപ്രായാന്തരത്തിന് വകയുള്ളവയായിരിക്കരുത്. റഷ്യയെപ്പറ്റിയുള്ള ഈ എട്ടാം അദ്ധ്യായം ഇതിനെല്ലാം കടകവിരുദ്ധമാണ്. ഈ അദ്ധ്യായം വസ്തുനിഷ്ഠമായ രീതിയിൽ എഴുതാതെ നമ്മുടെ വിദ്യാലയങ്ങളിലോ, വിദ്യാർത്ഥികളെയോ ഒരിക്കലും പഠിപ്പിക്കാവുന്നതല്ല.

## ചൈനയിലെ വിപ്ലവം

ഒൻപതാം അദ്ധ്യായത്തിൽ ചൈനയിലെ വിപ്ലവം ആണ് പ്രതിപാദിച്ചിരിക്കുന്നത്. അതേപ്പറ്റി പബ്ലിസിറ്റി ബ്യൂറോ തയ്യാറാക്കിയിരിക്കുന്ന റിപ്പോർട്ട് വായിക്കുക. "വിപ്ലവങ്ങൾക്കെല്ലാം ഓരോ പ്രത്യേക അദ്ധ്യായമാണ് നല്കിയിരിക്കുന്നത്. കാരണം ഇങ്കിലാബ് സിന്ദാബാദ് എന്നുള്ള ആശയഗതിയാണ് ഗ്രന്ഥനിർമ്മാതാവിനുള്ളത് പാഠ്യപദ്ധതിയിൽ അമേരിക്കൻ, ഫ്രഞ്ച്, റഷ്യൻ, ചീന വിപ്ലവങ്ങൾക്കെല്ലാംകൂടി ഒരു തലക്കെട്ടാണ്. അതുപോലെ അടുത്ത തലക്കെട്ടാണ് ഏഷ്യയുടെയും ആഫ്രിക്കയുടെയും നവോത്ഥാനമെന്നത്. അതിൽ രണ്ടോ, മൂന്നോ വാചകങ്ങളിൽ കൂടാത്ത ഒരു ഖണ്ഡിക മാത്രമാണ് ഭാരതത്തെയും അതിന്റെ യുദ്ധാനന്തര ചരിത്രത്തെയുംപ്പറ്റി പ്രതിപാദിക്കാൻ ഉപയോഗിച്ചിരിക്കുന്നത്. വിപ്ലവങ്ങളെല്ലാംകൂടി ആ നിലയ്ക്ക് ഒരദ്ധ്യായത്തിലെ രണ്ടോ നാലോ ഖണ്ഡികകളായി എന്തുകൊണ്ട് എഴുതിയില്ല എന്നുള്ളത് പ്രത്യേകം ചിന്തിക്കേണ്ടതാണ്. യഥാർത്ഥത്തിൽ ചൈനയിലെ വിപ്ലവം ഏഷ്യയുടെ നവോത്ഥാനത്തിന്റെ ഒരുഭാഗം മാത്രമാണ്. അതെത്ര വലുതായിരുന്നാലും ഭാരതത്തിന്റെ സ്വാതന്ത്ര്യപുരോഗതിയെക്കാൾ, ഒരു ഭാരതീയനും പ്രാധാന്യമുണ്ടെന്നു തോന്നുന്നില്ല.

127-ാം പേജിൽ "സോവിയറ്റു റഷ്യ ചൈനയെ ആത്മാർത്ഥമായി സഹായിച്ചു" എന്നുണ്ട്. യാതൊരു സ്വാർത്ഥോദ്ദേശവും കൂടാതെ റഷ്യ ചൈനയെ സഹായിച്ചുവെന്ന് പ്രത്യക്ഷമായും, അമേരിക്ക ചിയാങ്ങിനെ സഹായിച്ചത് ഏതോ സ്വാർത്ഥോദ്ദേശത്തോടുകൂടിയായിരുന്നുവെന്ന് ധ്വനിമൂലവും പ്രകാശിപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്. 128-ാം പേജിൽ കമ്മ്യൂണിസ്റ്റുകാരെ വേട്ടയാടി നശിപ്പിക്കുവാൻ ശ്രമിച്ചു എന്നൊരു പ്രയോഗമുണ്ട്. യുദ്ധത്തിൽ പരസ്പരം കൊല്ലുകയല്ലാതെ താലോലിക്കാറില്ലല്ലോ. "വേട്ടയാടി" എന്ന പദംകൊണ്ട് ചിയാങ്ങിന്റെ പ്രവർത്തി ക്രൂരവും നിർദ്ദയ

www.malankaralibrary.com

വുമായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. മറുവശത്തെപ്പറ്റി യാതൊരു കുറ്റവും പറയാനുമില്ല.

അതേവശത്തുതന്നെ "കമ്മ്യൂണിസ്റ്റുകാർ ചൈനയുടെ സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനുവേണ്ടി ചിയാങ്ങുമായി സഹകരിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ ചിയാങ്ങ് അതുകൂട്ടാക്കിയില്ല" എന്നു എഴുതിക്കാണുന്നു. ഇതുകേട്ടാൽ മാതൃരാജ്യസ്നേഹത്താൽ മാത്രം പ്രചോദിതമായ ഒരാഗ്രഹം എത്ര നിഷ്ക്കരുണമായി ചിയാങ്ങ് അവഗണിച്ചുവെന്ന് തോന്നും. പക്ഷെ, സഹകരണത്തിന് പ്രതിഫലമായി കമ്മ്യൂണിസ്റ്റുകാർ ആവശ്യപ്പെട്ടത് സൈന്യങ്ങളുടെ നേതൃത്വമായിരുന്നുവെന്നുള്ളത് മറ്റു പുസ്തകങ്ങൾ വായിച്ചിട്ടുള്ളവർക്കല്ലാതെ, ഈ പുസ്തകം മാത്രം പഠിക്കുന്ന കുട്ടികൾക്ക് അറിയാൻ കഴിയുമോ?

130-ാം പേജിൽ "അഴിമതിയും സ്വജനപക്ഷപാതവും നിറഞ്ഞ നാഷണലിസ്റ്റ് ഗവണ്മെന്റിന് തുടരെത്തുടരെ പരാജയങ്ങളുണ്ടായി" എന്ന് ചേർത്തിരിക്കുന്നു. അവരുടെ പരാജയം ഒരു ധാർമ്മിക ശിക്ഷയാണെന്നാണ് ധ്വനി. യാഥാർത്ഥ്യം എന്താണ്? മഞ്ചൂറിയായിലും മംഗോളിയായിലും കീഴടങ്ങിയ ജപ്പാൻകാരുടെ നവീനയുദ്ധോപകരണങ്ങൾ റഷ്യ, കമ്മ്യൂണിസ്റ്റുകാർക്കു നല്കിയതുകൊണ്ടാണ് ചിയാങ്ങ് പരാജയപ്പെടാനിടയായത്. അത് ഈ പുസ്തകത്തിലില്ല. ഈ അദ്ധ്യായത്തിന്റെ അവസാനഭാഗം കമ്മ്യൂണിസ്റ്റ് ചൈനയെപ്പറ്റിയുള്ള ഒരു കീർത്തനമാലയാണ്. അതനുസരിച്ച് ചൈന ഭൂമിയിലെ സ്വർഗ്ഗമാണ്. പക്ഷെ, ഇതെല്ലാം ഭാവനയല്ലാതെ യാഥാർത്ഥ്യമല്ല. ഈ അദ്ധ്യായം പാടെ നിഷിദ്ധമാണ്. അത് മാറി എഴുതാതെ കുട്ടികളെ പഠിപ്പിക്കുന്നതായാൽ തെറ്റായ ധാരണകൾ അവർക്കുണ്ടാകും.

അദ്ധ്യായം പത്തിൽ ഏഷ്യൻ രാജ്യങ്ങളിൽ ഉണ്ടായ ഉയർച്ചയെപ്പറ്റിയും പുരോഗതിയെപ്പറ്റിയും പ്രസ്താവിച്ചിട്ടുണ്ട്. ഇതിൽ ജപ്പാനെപ്പറ്റി കാര്യമായി പ്രതിപാദിക്കാതെയും, ഫോർമോസായിലെ ചീന ഗവൺമെന്റിനെ യു.എൻ.ഒ.യിൽ വാഴിച്ചിരിക്കുന്നതിനെ ഒരു മഹാപരാധമായി ചിത്രീകരിച്ചുകൊണ്ടും എഴുതിയിരിക്കുന്ന പാഠഭാഗവും അത്യന്തം പ്രതിഷേധാർഹമാണെന്ന് പബ്ലിസിറ്റി ബ്യൂറോ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ബ്യൂറോ എഴുതിയിരിക്കുന്നു. ഈ അദ്ധ്യായത്തിൽ ഇന്ത്യയെപ്പറ്റി പ്രതിപാദിക്കുന്ന ഭാഗം പ്രത്യേകം ശ്രദ്ധേയമാണ്. ഏകീകരണം, വികസന പദ്ധതികൾ മുതലായി 1947-നു ശേഷം ഇന്ത്യയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങളെപ്പറ്റി ഈ പുസ്തകത്തിൽ യാതൊന്നുമില്ല. എല്ലാ പുസ്തകങ്ങളിലും തന്നെ ഭാരതത്തിന്റെ ആഭ്യന്തരചരിത്രം ഇരുമ്പുയവനികൊണ്ട് മൂടിയിരിക്കുകയാണ്. ഗ്രന്ഥകർത്താവിന്റെയും കേരള ഗവണ്മെന്റിന്റെയും ദൃഷ്ടിയിൽ ഇന്ത്യയുടെ വിദേശനയമല്ലാതെ ഗണ്യമായി യാതൊന്നും ഉള്ളതായി തോന്നുന്നില്ല. ഈ അദ്ധ്യായവും മാറി എഴുതിയേ മതിയാവൂ."

www.malankaralibrary.com

പതിനൊന്നാം സ്റ്റാൻഡാർഡിലെ സാമൂഹ്യ പാഠ്യപുസ്തകത്തിൽ അഞ്ചാംഅദ്ധ്യായത്തിൽ പൗരാണിക ചൈനയെപ്പറ്റിയുള്ള പ്രതിപാദനത്തിൽ ചീനസംസ്ക്കാരത്തിന്റെ ആദിപിതാക്കളായ "ലയോസെ" യെപ്പറ്റിയോ കൺഫ്യൂഷസിനെപ്പറ്റിയോ യാതൊന്നും പറയാതെയിരുന്നതും ഏഷ്യയുടെ നവോത്ഥാനത്തിൽ ഇന്ത്യയേപ്പറ്റി ഒന്നും പറയാത്തതിനെപ്പറ്റിയും പബ്ലിസിറ്റി ബ്യൂറോ വിമർശിച്ചിട്ടുണ്ട്. ഒൻപതാമദ്ധ്യായത്തിൽ റഷ്യയെ മാതൃകയാക്കി ചിത്രീകരിക്കുന്നതിന് നടത്തിയിട്ടുള്ള ഭഗീരഥ ശ്രമങ്ങളെപ്പറ്റിയും സ്ഥിതി സമത്വത്തിൽ അധിഷ്ഠിതമായ ഒരു നവലോകം റഷ്യയിൽ അവതീർണ്ണമായി എന്നു രേഖപ്പെടുത്തിയതിനെപ്പറ്റിയും ശക്തമായി എതിർത്തിട്ടുണ്ട്. അദ്ധ്യായം 13-ൽ ഏഷ്യൻ രാജ്യങ്ങളുടെ ചരിത്രത്തിൽ ഇന്ത്യയ്ക്ക് ഒരു ഖണ്ഡികയും ചൈനയ്ക്ക് മൂന്നു ഖണ്ഡികകളുമാണ് നൽകിയിരിക്കുന്നത്.

ഇതുപോലെ ഉപപാഠപുസ്തകങ്ങളിലെയും പദ്യപാഠാവലികളെപ്പറ്റിയും, മലയാള പാഠാവലികളെപ്പറ്റിയും, ജനറൽ സയൻസിനെപ്പറ്റിയും എല്ലാം സമഗ്രമായ പഠനം നടത്തി ഒരു റിപ്പോർട്ട് തയ്യാറാക്കിയതാണ് പാഠ്യപുസ്തകങ്ങളുടെ തനിനിറം എന്ന 82 പേജുള്ള പുസ്തകം. അന്ന് മോൺ. എൽ.ജെ. ചിറ്റൂർ, ജെയിംസ് കെ.സി. മണിമല, പ്രൊഫ. മാത്യു ഉലകംതറ, ജയിംസ് കണ്ടത്തിൽ തുടങ്ങിയവരായിരുന്നു ഈ പബ്ലിസിറ്റി ബ്യൂറോയിലെ അംഗങ്ങൾ. എം.ഒ. ജോസഫ് നെടുംകുന്നം കൺവീനറും.

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് പ്രസിദ്ധീകരിച്ച പാഠ്യപുസ്തകങ്ങളുടെ തനിനിറം എന്ന ഗ്രന്ഥത്തെപ്പറ്റി ഇത്രയും ദീർഘമായി പ്രതിപാദിച്ചത് എന്തുകൊണ്ടാണെന്ന് ചിലപ്പോൾ സംശയമുണ്ടാകാം. ഇതിന് രണ്ടു കാരണങ്ങളുണ്ട്.

കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ് അധികാരമേറ്റെടുത്ത അന്നുമുതൽ അവരുടെ പ്രവർത്തനം എങ്ങനെയായിരിക്കുമെന്ന് എ.കെ.സി.സി. കണക്കാക്കിയിരുന്നു. പാഠപുസ്തക കമ്മിറ്റി രൂപീകരണം, സിലബസ് കമ്മിറ്റി രൂപീകരണം മുതലായ വിഷയങ്ങളിൽ ഗവണ്മെന്റ് സ്വീകരിച്ച നയം, കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ് കമ്മ്യൂണിസ്റ്റാശയങ്ങൾ കുട്ടികളിൽ കുത്തിവയ്ക്കുവാൻ ശ്രമിക്കുമെന്ന് എ.കെ.സി.സി. മുൻകൂട്ടി കണ്ടു. ഈ ലക്ഷ്യത്തിൽ നിന്നുകൊണ്ട് സർക്കാർ സ്വീകരിച്ച മാർഗ്ഗങ്ങൾ കേരള ജനതയെ ബോദ്ധ്യപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യം. അത് ഫലിച്ചു. പിന്നീട് മുണ്ടശ്ശേരി കൊണ്ടുവന്ന വിദ്യാഭ്യാസ പദ്ധതിയെ എതിർക്കുവാൻ കത്തോലിക്കാ സമുദായത്തിന് ആവേശം പകർന്നു നല്കിയത് എ.കെ.സി.സി.യുടെ ഈ വിധ പ്രവർത്തനങ്ങളായിരുന്നുവെന്ന് തറപ്പിച്ചു പറയാൻ സാധിക്കും. കത്തോലിക്കാ കോൺഗ്രസ്സ് എന്നും എക്കാലവും ഈ ദൗത്യം വിജയകരമായി നിർവ്വഹിച്ചിട്ടുണ്ട്. അത് സമുദായം വേണ്ടവിധത്തിൽ ധരിച്ചിട്ടുണ്ടോ

www.malankaralibrary.com

എന്ന് ഒന്ന് ചിന്തിക്കുവാൻ ഇത് സഹായകമാകട്ടെ.

(2) കത്തോലിക്കാ കോൺഗ്രസ്സ് ഒരു കോളേജോ സ്കൂളോ എന്തിന് ഒരു നേഴ്സറി സ്കൂൾപോലുമോ സ്ഥാപിച്ചു നടത്തിയിട്ടില്ല. സമുദായത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന എല്ലാ വിദ്യാലയങ്ങളും തങ്ങളുടേതാണെന്ന ബോദ്ധ്യത്തിൽ ആണ് അവർ പ്രവർത്തിക്കുന്നത്. ഒരു നഴ്സറി സ്കൂളുപോലും നടത്താത്ത എ.കെ.സി.സി.യാണ് സ്വകാര്യ വിദ്യാലയങ്ങളുടെ അവകാശ സംരക്ഷണത്തിനും ന്യൂനപക്ഷാവകാശ സംരക്ഷണത്തിനുമായി എന്നും എക്കാലവും നിലനിന്നിട്ടുള്ളത്. പാഠ്യപുസ്തകങ്ങളിലെ തെറ്റുകളും ആക്ഷേപാർഹങ്ങളായ ഭാഗങ്ങളും നീക്കം ചെയ്യണമെന്ന് എന്നും എക്കാലവും ആവശ്യപ്പെട്ടിട്ടുള്ളതും എ.കെ.സി.സി.യാണ്. ഈ സത്യം ജനങ്ങൾ ഗ്രഹിക്കുക തന്നെ വേണം. ആ ലക്ഷ്യംകൂടി കണക്കിലെടുത്താണ് ഈ ഭാഗം ഇത്രയും ദീർഘമായി എഴുതിയത്.

പാഠ്യപുസ്തകങ്ങളുടെ തനിനിറം എന്ന പ്രസിദ്ധീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രതിഷേധാർഹങ്ങളായ പാഠഭാഗങ്ങൾ നീക്കം ചെയ്യണമെന്ന് കത്തോലിക്കാ മതമേലദ്ധ്യക്ഷന്മാർ സംയുക്ത പ്രസ്താവന പുറപ്പെടുവിക്കുകയും ചെയ്തു.

★

**ലിസ്റ്റ് തുടർച്ച ...**

ഫാ. വിൻസന്റ് ഡിറേയിര ഒ.സി.ഡി. തിരുവനന്തപുരം
ഫാ. ബെൻവന്തൂരാ അരാനാ ഒ.സി.ഡി. വിജയപുരം
ബിഷപ്പ് മാർ ജോസഫ് സെവേറിയോസ്
ബിഷപ്പ് ഡോ. റോക്ക് അഗ്നിസ്വാമി എസ്.ജെ. കോട്ടാർ മെത്രാൻ
ബിഷപ്പ് ഡോ. ജോസ് അൽവേർനസ് - കൊച്ചി
ഫാ. മാത്യു, എടക്കളവർ- തൃശൂർ
ഫാ. മാത്യു, ചെറുനിലം, രാമപുരം
മോൺ എമ്മാനുവൽ, മേച്ചേരിക്കുന്നേൽ
മോൺ എൽ. ജെ., ചിറ്റൂർ
മോൺ തോമസ്, മുത്തേടൻ
ഫാ. തോമസ് വെളുത്തേടത്ത്
ഫാ. ലേത്തുസ് സി.എം.സി.
ഫാ. ജെ. സി. ടിലാർ
ഫാ. കൊളംബിയോർ സി.എം.ഐ.

(ലിസ്റ്റ് 115-ാം പേജിൽ തുടരുന്നു)

www.malankaralibrary.com

# 17. MEMORIAL

**Submitted to the Hon'ble Chief Minister of Kerala**
**By**
**THE KERALA CATHOLIC CONGRESS**
**on the Present School Texts of Kerala**

Sir,

1. We submit for your immediate consideration and necessary action the following facts about the text books published and issued by your Government for use in the schools of this State during the academic year 1958-59
2. The All Kerala Catholic Congress is the accredited organization of the Catholics of Kerala. One of its fundamental aims is to protect, preserve and promote the distinctive culture of the Community. It represents a religious group with an educational tradition going down the centuries, which has made in the past and is now continuing to make a much greater contribution to education in this State than any other community. So we consider it our right to bring to your notice and to seek redress from any change in the educational set up of the country which in our opinion militates against the progress of our culture or against the liberalism of the Indian democracy which guarantees to the minorities their cultural, religious and linguistic heritage. We wish to draw your attention to the fact that through the Government monopoly of the text books, your Government is working against the freedom of thought and freedom of propaganda allowed to all by the constitution of India. After a detailed study and elaborate discussion of the prescribed books we are constrained to observe that most of them are objectionable to us and that some have perforce to be rejected as they run counter to many of the religious and cultural values held dear by the Catholic Community.

www.malankaralibrary.com

3. We do not find it possible to believe that the Government have fallen into this mess quite unwittingly. On 24-11-1957 the Council of the All Kerala Catholic Congress adopted a resolution about the new Text Book Committee. It observed that the various committees appointed by the Government on 21-11-1957 to prepare the new text books failed to give proper representation to the various educational interests in the State and that the Christian Community, (Particularly the Catholics) was largely ignored by the Government, and that the text Book Committee should be reconstituted so as to include Catholic educationists also.
4. But this demand of the Catholic Congress was wholly ignored by the Government and it was pointed out in answer that only experts, irrespective of any communal consideration, were selected for the Committees. Though this explanation was unconvincing, we thought we would give the so called experts of the Government a fair rather than point out the lack of logic in the statement of the Minister. And the trial has proved our worst fears to be true. May we bring it to your notice at least now. That communalism and community interests are not one and the same; that while the former may be objectionable the latter is not; and that no Government, Communist or non-Communist, working under Articles 25, 26 and 29 of the Indian Constitution, ought to overlook the claims and interests of communities even when they are organized on a religious basis.
5. We have to point out sir, that we run our educational institutions at great sacrifice, to keep intact and to promote our religion and spirituality. We regret to state that the new text books are calculated to undermine the religion and culture of the Catholic as well as of the vast majority of Indian citizens. These books contain numerous instances of direct attack on religion and priesthood. They tend to wean off the young from religious faith and moral conduct based on it by indirectly instilling into their minds a materialistic philosophy of life. We would like to point out that when religion or religious teachers are to be dealt with in school texts it should be done in the historically

www.malankaralibrary.com

acceptable form. The Christianity of the Christian and the Hinduism of the Hindu should be presented and not that of the non or anti Christian or the non or anti Hindu.

6. An expert Committee set up by us has made a critical estimate of the new text books and report of that Committee has been printed and published in the form of a booklet entitled "The New Text Books in Their True Colour". That booklet in Malayalam is appended to this Memorial for favour of your kind perusal. We do not claim it to be exhaustive, only a few glaring mistakes of commission and omission have been brought to light in it.

7. The main criticisms leveled against the new text books are the following :-

   a) They have deliberately made an assault on religion and priesthood with a view to bring them into contempt in the impressionable minds of school going children;

   b) They belittle religious and moral values of life and enthrone in their place the canons of a materialistic Hedonism.

   c) They under – estimate India's achievements and culture and this create in the minds of the young an idea that India has no history and culture worth mentioning. This disregard of our glorious national heritage will inevitably de-nationalize the rising generation of the country.

   d) These books glorify the actual and imaginary achievements of Communist countries like Russia and China and at the same time, black out the vile spots in the theory and practice of Communism.

With all nationalist ideals and aspirations deliberately pumped out of the mind of the Kerala youth, this idealized and glorified picture of Communist countries is brought into stuff them. The dangers involved in such a propaganda through the text books are enormous.

8. We wish also to point out that in democratic countries the party in power does not and should not endeavour to inculcate its particular doctrines through the text books used in educational institutions.

www.malankaralibrary.com

The monopoly of text books by the government is considered a challenge to democracy. The attempt of the Kerala Government at indoctrination through compulsory text books is highly undemocratic and as such thoroughly objectionable.

9. The contention that the new text books are modeled on those in use under the Congress Ministry does not stand. First, the Government had no monopoly of the text books at that time and in the case of books there was the possibility of choice as several books were approved for the same standard. Secondly, even where the new texts are alleged to be modeled on the previous ones, all objectionable and critical references to Communism and Communist ones, all objectionable and critical references to Communism and Communist states are studiously deleted. To cite only one example, the reference to the want of civil liberties in Communist China found in the Social Studies of 1957 for Standard X is carefully avoided in the new text book, although almost the same matter is reproduced.

10. So, we are forced to the conclusion that the Communist Government is making a deliberate attempt to indoctrinate the rising generation. All the text books have been directly or indirectly impregnated with Communist ideas, and the scared precincts of the class room are turned into a platform for Communist propaganda.

11. Therefore, believing in the avowal of your Government to conform to the democratic pattern envisaged by the Constitution of India, we request you, Sir to favour us with the redress we enumerate below:-

i a) delete chapters VI to X of Book III and chapters V, VI and IX to XVII of Book VI in the Social Studies series and replace them with chapters acceptable to all, or

b) At least do no consider those chapters as prescribes for study

c) delete from padyapatavali Book (i) "Mayabhramam" of Mahakavi Ulloor, (ii) "Kaviyodu" of Olappamanna, (iii) "Kadthukaran" of T.N. Gopinathan Nair, from Padyapatavali Book (i) "Assam Panickaar" of Vailoppilly (ii) "Chowwara T.B. yil" of N.V. Krishna Varrier, (iii) "Vaikom Kayalil" of Vayalar Rama Varma, (iv) "Inquilab" of K.M. Panicker; from Padyapatavali Book III (i) "Kalidasa Kavitha" of N. Gopala Pillai, (ii) "Karutha Chettichikal" of Edasserry, (iii) "Snehaduthan" of G. Kumara Pillai.

www.malankaralibrary.com

d) cancel the Malayalam non-detailed book of Muhammed Bashier prescribed for Standard XI and to prescribe instead another book more fir for language teaching.
e) delete lessons 9 and 10 in Kerala Malayala Patavali Book X;
f) delete the portion "Life and Living" (PP 132-141) of General Science Book VI.

II. Give directions to the teacher and school authorities in the State to make necessary corrections and alterations in the portions allowed to stand.

III. Restore to us the inalienable right of all democratic communities to have and use text books of their choice prepared according to a given syllabus by educationists of a comprehensive outlook.

Yours faithfully

Chev. V.J. Joseph, K.S.S.M.A. (President)
E.P. Varghese, M.A., B.L. (Ex.President)
K.C. Chandy, B.A.B.L. (Treasurer)
T.A. Thommen, B.A., B.L., M.L.A. (Member, Working Committee)
K.J. Jacob, M.A., M.Litt.
M.O. Joseph, Nedumcunnam (Ex. General Secretary)
E.M. Joseph, B.A.B.L. (General Secretary)

**For and on behalf of**
**The all Kerala Catholic Congress**

★

www.malankaralibrary.com

# 18. വിമോചന സമരമായി മാറിയ വിദ്യാഭ്യാസ പ്രക്ഷോഭണം

മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ പദ്ധതികൾക്കെതിരായി നടന്ന പ്രക്ഷോഭണത്തെ സർക്കാർ അടിച്ചമർത്താനാണ് ശ്രമിച്ചത്. പക്ഷെ വിദ്യാഭ്യാസ പ്രക്ഷോഭണം ഒരു വിമോചന സമരമായി. ആ പ്രക്ഷോഭണം കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ ഡിസ്മിസിലാണ് ചെന്നെത്തിയത്. ആ വിമോചന സമരത്തെപ്പറ്റി ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"സർ സി.പി.യുടെ പ്രൈമറി വിദ്യാലയ ദേശസാൽക്കരണത്തെ സ്വാഗതം ചെയ്യുകയും എൻ.എസ്.എസിന്റെ വിദ്യാലയങ്ങൾ സ്വമനസ്സാലെ സർക്കാരിലേക്ക് വിട്ടുകൊടുക്കുകയും ചെയ്ത മന്നത്ത് പത്മനാഭൻ മുണ്ടശ്ശേരി പദ്ധതിയെ ആദ്യം അനുകൂലിച്ചതിൽ അതിശയിക്കേണ്ട കാര്യമില്ല. കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിന്റെ ഭരണകാലത്ത് കെ.ആർ. ഗൗരി കാർഷികബന്ധബിൽ നിയമസഭയിൽ അവതരിപ്പിച്ചു. മണ്ണിൽ പണിയെടുക്കുന്ന കർഷകർക്കും കർഷകതൊഴിലാളികൾക്കും കുടികിടപ്പുകാർക്കും ആശ്വാസം നല്കുന്ന ഒരു നിയമമായിരുന്നു കാർഷിക ബന്ധബിൽ. ഈ ബിൽ പാസായാൽ നായർ സമുദായത്തിലെ സമ്പന്നന്മാരുടെ ശക്തിയ്ക്ക് കോട്ടം തട്ടുമെന്ന് മന്നം മനസ്സിലാക്കി. എങ്ങനെയെങ്കിലും ഈ ബില്ലിനെ പരാജയപ്പെടുത്തണമെന്നുതന്നെ മന്നം തീരുമാനിച്ചു. മന്നം നായർ എം.എൽ.എ.മാരുടെ യോഗം വിളിച്ചുകൂട്ടി സമരകാഹളം മുഴക്കി. കേരളം അനങ്ങിയില്ല. കാർഷികബന്ധബില്ലിലെ പല വകുപ്പുകളോടും കത്തോലിക്കർക്ക് അനുകൂലമനോഭാവമായിരുന്നു. കാർഷികബന്ധ ബില്ലിനെ തച്ചുടക്കാൻ കേരളത്തിലെ ക്രൈസ്തവരുടെ സഹായം ആവശ്യമാണെന്ന് മന്നം മനസ്സിലാക്കി. മുണ്ടശ്ശേരി പദ്ധതിയെ അനുകൂലിച്ച മന്നം എങ്ങിനെ ക്രൈസ്തവരുടെ സഹായം തേടും? 1946വരെ സ്റ്റേറ്റ് കോൺഗ്രസ്സ് പ്രവർത്തകരെ തല്ലിച്ചതയ്ക്കാൻ സർ, സി. പി.യോട് ഒത്തുചേർന്ന് പ്രവർത്തിച്ച് ക്രൈസ്തവരുടെ വിദ്യാലയങ്ങൾ ദേശസാൽക്കരിക്കുന്നതിന് പശ്ചാത്തലമൊരുക്കുവാൻ എൻ.എസ്. എസിന്റെ വിദ്യാലയങ്ങൾ സർക്കാരിലേക്ക് സറണ്ടർ ചെയ്ത മന്നം ഒരു സുപ്രഭാതത്തിൽ സ്വാതന്ത്ര്യസമര യോദ്ധാവായി മാറി. സ്വാതന്ത്ര്യസമര സേനാനി പട്ടം

www.malankaralibrary.com

കരസ്ഥമാക്കിയ അനുഭവം വച്ചുകൊണ്ട് കരുക്കൾ നീക്കി.

താൻ മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലിനെ അനുകൂലിച്ചത് ആ ബിൽ വായിച്ചുനോക്കാതെയായിരുന്നുവെന്നും ഇപ്പോഴാണ് ആ ബിൽ താൻ വായിക്കുന്നതെന്നും ഇപ്പോഴാണ് ബില്ലിലെ അപകടവശങ്ങൾ കാണുവാൻ സാധിച്ചതെന്നും മന്നം പ്രസ്താവന പുറപ്പെടുവിച്ചു. മന്നം വിദ്യാഭ്യാസ ബില്ലിനെ എതിർക്കുവാൻ തയ്യാറായി മുന്നോട്ടുവന്നു. ക്രൈസ്തവ മേലദ്ധ്യക്ഷന്മാരും ക്രൈസ്തവ നേതാക്കളും മന്നം ഉൾപ്പെടെയുള്ള നായർ നേതാക്കളും സമരരംഗത്തേക്ക് ഇറങ്ങി. ജനശക്തിക്ക് നേതൃത്വം നൽകിയപ്പോൾ കേരളത്തിലെ പ്രതിപക്ഷ കക്ഷികൾ ഒന്നടങ്കം സമരരംഗത്തേക്ക് വന്നു. അല്ലാതെ നിവർത്തിയില്ലാതെയായി. കെ.പി. സി. സി. ഒരു നേതൃസമ്മേളനം വീണ്ടും വിളിച്ചുകൂട്ടി.

കേരളത്തിൽ ക്രമസമാധാനനില അനുദിനം തകർന്നു കൊണ്ടിരുന്നു. സെൽഭരണം കമ്മ്യൂണിസ്റ്റ് പാർട്ടി നടപ്പിലാക്കി. കേരളത്തിലെ ക്രമസമാധാന നിലയെപ്പറ്റി പഠിച്ച് വിശദമായ ഒരു മെമ്മോറാണ്ടം കേരളാ ഗവർണ്ണർക്കും ഇന്ത്യൻ പ്രധാനമന്ത്രിക്കും ആഭ്യന്തര മന്ത്രിയ്ക്കും രാഷ്ട്രപതിയ്ക്കും സമർപ്പിച്ചു.

രാജ്യമെമ്പാടും പ്രതിഷേധയോഗങ്ങളും പ്രകടനങ്ങളും കേരള ഭരണത്തിനെതിരായി നടന്നുകൊണ്ടിരുന്നു. പാലാ കേന്ദ്രമായി രൂപീകരിച്ച് പ്രവർത്തിച്ച് ക്രിസ്റ്റഫർ സേനയുടെ ധീരോത്തമായ പ്രവർത്തികൾ കേരള ജനതയ്ക്ക് ആവേശം നൽകി. ഒരു ലക്ഷം യൂണിഫോം ധരിച്ച ക്രിസ്റ്റഫർ സേനാംഗങ്ങളുടെ തിരുവന്തപുരം മാർച്ച് കേരളത്തന്റെ ചരിത്രത്തിലെ ഒരു വലിയ സംഭവമായിരുന്നു. ക്രസ്റ്റഫർ സേനയുടെ രൂപീകരണത്തിന്റെ മുഖ്യ പ്രേരകശക്തി ബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയായിരുന്നു.

നാടാകെ ഉയർന്നുവരുന്ന ഈ ജനരോഷത്തിന് നേതൃത്വം നൽകാൻ കോൺഗ്രസ്സ്, പി. എസ്. പി., ലീഗ്, ആർ.എസ്.പി. കെ. എസ്. പി. കക്ഷികളും മന്നം ഉൾപ്പെടെയുള്ള നേതാക്കളും മന്നം – പട്ടം– ചാക്കോ കൂട്ടുകെട്ടിൽ ഒന്നിച്ചണിനിരന്നു. ആ സമരം ആണ് വിമോചനമായി മാറിയത്.

ഫാദർ വടക്കൻ തന്റെ ആത്മകഥയിൽ എഴുതിയിരിക്കുന്നു; “വിദ്യാഭ്യാസ ബില്ലിനെ പിന്താങ്ങുകയാണ് ആദ്യം മന്നം ചെയ്തത്. കാർഷിക ബന്ധബിൽ പുറത്തുവന്നപ്പോഴാണ് ജന്മിതാൽപര്യങ്ങൾ ഇളകിവശായതും മന്നത്ത് പത്മനാഭൻ രംഗത്ത് വന്നതും. വിദ്യാഭ്യാസ പ്രക്ഷോഭണത്തെ ക്രസ്ത്യാനികളുടെ പ്രക്ഷോഭണമായി ചിത്രികരിക്കാനുള്ള കരുനീക്കങ്ങൾ നടന്നിരുന്നു. കോൺഗ്രസ്സിന് ഔദ്യോഗികമായി വിദ്യാഭ്യാസ പ്രക്ഷോഭണം ഏറ്റെടുക്കാൻ വിഷമം തോന്നിയിരുന്നു.”

കാർഷികബന്ധബില്ലിനെതിരായി പ്രതിഷേധിക്കാൻ മന്നവുംകൂടി രംഗത്തുവന്നപ്പോൾ വിമോചനസമരം സജീവമായി. രാഷ്ട്രീയകക്ഷികൾ

www.malankaralibrary.com

സമരത്തിന്റെ മുൻപന്തിയിൽ തന്നെ സ്ഥാനം പിടിച്ചു. പ്രക്ഷോഭണത്തെ അടിച്ചമർത്താൻ നടത്തിയ എല്ലാനീക്കങ്ങളെയും സമരനേതാക്കൾ നേരിട്ടു. പതിനായിരങ്ങൾ ജയിലിൽ അടയ്ക്കപ്പെട്ടു. വരന്തരപള്ളിയിൽ സർക്കാർ കൂട്ടക്കൊല നടത്തി. അങ്കമാലിയിലും ചെറിയ തുറയിലും വെട്ടുകാട്ടിലും മനുഷ്യജീവിതങ്ങൾ വെടിയേറ്റു വീണു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെൽഭരണം അവസാനിപ്പിക്കുവാൻ, കമ്മ്യൂണിസ്റ്റ് ഏകാധിപത്യ ഭരണം അവസാനിപ്പിക്കുവാൻ നടത്തിയ ശ്രമങ്ങൾ ചരിത്രം കുറിക്കുന്നവയായിരുന്നു. ജനാധിപത്യമൂല്യങ്ങൾ സംരംക്ഷിക്കപ്പെടുന്നതിന് വേണ്ടി നടത്തപ്പെട്ട ഈ സമരത്തിൽ ജീവൻ ബലിയർപ്പിക്കപ്പെട്ടവരെല്ലാം ക്രൈസ്തവർ തന്നെയായിരുന്നു. 1967 ജനുവരി 26-ാം തീയതി ഈ ലേഖകൻ ദീപികയിൽ എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. "കോൺഗ്രസ്സിനോടുള്ള ജനങ്ങളുടെ കടുത്ത അമർഷം കോൺഗ്രസ്സിനെ തെരഞ്ഞെടുപ്പിൽ തറപ്പറ്റിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയെ അധികാരത്തിലേറ്റുന്നതിനാണ് സഹായിച്ചത്. ലോകചരിത്രത്തിൽ ആദ്യമായിട്ടാണ് കമ്മ്യൂണിസ്റ്റ് പാർട്ടി തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ കയറുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തത്വങ്ങളോടുള്ള സ്നേഹമല്ലായിരുന്നു, കേരളത്തിലെ വോട്ടർമാരെ അതിന് പ്രേരിപ്പിച്ചത് പ്രസ്തുത കോൺഗ്രസ്സിന്റെ അഴിമതികളും സ്വാർത്ഥതാൽപര്യത്തോടു കൂടിയതുമായ പ്രവർത്തനം മാത്രമായിരുന്നു. പാവങ്ങൾക്കും നിർദ്ധനർക്കും വേണ്ടി പണിപ്പെടുന്ന സർക്കാരായിരിക്കും കമ്മ്യൂണിസ്റ്റ് സർക്കാർ എന്നവർ പ്രതീക്ഷിച്ചു.

ഇരുപത്തിയെട്ട് മാസക്കാലത്തെ കമ്മ്യൂണിസ്റ്റ് ഭരണം പ്രതീക്ഷകൾക്കെതിരായിരുന്നു. വെയിലത്തുനിന്ന തീയിലേക്ക് എന്ന മട്ടായി കേരളീയർ. കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ കാർഷികബന്ധബില്ല് നീക്കി മറ്റെല്ലാനടപടികളും കർഷകതാൽപര്യങ്ങൾക്കും ജനാധിപത്യത്തിന്റെ നിലനിൽപ്പിനും ഹാനികരമായിരുന്നു. കേരളത്തിലങ്ങോളമിങ്ങോളം നടന്ന തൊഴിലാളി മർദ്ദനങ്ങളും വെടിവയ്പ്പ്, കൊലപാതകങ്ങൾ, കുംഭകോണങ്ങൾ, കുടിയിറക്ക് മുതലായ നടപടികളും കേരളീയരെ ഞെട്ടിപ്പിക്കുകയുണ്ടായി. കേരളീയരുടെ സാമ്പത്തികപ്രശനങ്ങൾക്ക് പരിഹാരം കാണുവാൻ ഗവൺമെന്റിനെക്കൊണ്ട് കഴിഞ്ഞില്ല. മനുഷ്യത്യം യാതൊരു കരുണയുമില്ലാതെ മർദ്ദിക്കപ്പെടുകയും വേദനയുടെയും യാതനയുടെയും രോദനങ്ങൾ അന്തരീക്ഷത്തിൽ അലയടിച്ചുയരുകയും ചെയ്തു. മനുഷ്യർ പരസ്പരം ഹിംസിക്കപ്പെടുകയും ഹിംസിക്കുയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയാണ് ഈ രാജ്യത്ത് സംജാതമായത്. നീതിക്കുവേണ്ടി ദാഹിക്കുന്ന മനുഷ്യരെ തച്ചുടച്ച് കൊല്ലുകയും കൂലി ചോദിക്കുന്ന തൊഴിലാളിയെ വെടിയുണ്ടയ്ക്കിരയാക്കുകയും ചെയ്യുന്ന ഒരു പരിപാടിയാണ് കമ്മ്യൂണിസിറ്റ് സർക്കാർ നടപ്പാക്കിയത്. നമ്മളുകൊയ്യും വയലെല്ലാം നമ്മുടേതാകും കൺമണിയെ,

www.malankaralibrary.com

എന്ന് പാടിയ ഒറ്റ പെൺകിടാവിനും ആ വ്യവസ്ഥയെപ്പറ്റി ചിന്തിക്കുവാൻ പോലും കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് സാധിച്ചില്ല. കമ്മ്യൂണിസ്റ്റുകാർക്ക് സകലവിധ സഹായങ്ങളും ചെയ്തുകൊടുക്കുവാൻ തയ്യാറായ സർക്കാർ കമ്മ്യൂണിസ്റ്റിതരർ ചോരചീന്തി മരിച്ചാൽ പോലും നോക്കുകയില്ലെന്നമട്ടായി. എന്തിനധികം പറയുന്നു. വെടിവയ്ക്കുകയില്ലെന്നും തൊഴിൽ പ്രശ്നം പരിഹരിക്കുമെന്നും കർഷകരെ രക്ഷിക്കുമെന്നും പറഞ്ഞ് അധികാരത്തിലെത്തിയ സർക്കാരിന്റെ ചുരുങ്ങിയ കാലഘട്ടത്തിലെ അതിനിഷ്ഠൂരമായ പ്രവർത്തനങ്ങളിലേക്ക് ഒന്ന് തിരിഞ്ഞുനോക്കാം.

28 മാസത്തെ ഭരണത്തിനിടയിൽ ഏഴ് വെയിവയ്പ്പ് നടത്തുകയും 19 പേർ കൊല്ലപ്പെടുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് 757 തൊഴിൽ സമരങ്ങൾ ഉണ്ടാവുകയും 87 വ്യവസായ ശാലകൾ പൂട്ടിയുടുകയും 16735 ആളുകൾ തൊഴിൽ രഹിതരായിത്തീരുകയും ചെയ്തു. നാലായിരം കുടുംബങ്ങളിലായി അധിവസിക്കുന്ന ഏതാണ്ട് ഇരുപതിനായിരത്തിൽ പരം കർഷകരെ കുടിയിറക്ക് നടപടികൾക്ക് വിധേയരാക്കി. കമ്മ്യൂണിസ്റ്റുകാരുടെ ഭൂമികൈയേറ്റങ്ങൾ ആയിരത്തിലധികമാണ്. കമ്മ്യൂണിസ്റ്റുകാരുടെ പേരിലുണ്ടായിരുന്ന 2050- പരം ക്രിമിനൽ കേസുകൾ പിൻവലിക്കപ്പെടുകയും രാജ്യത്ത് അസമാധാനമഴിച്ചുവിടുകയും ചെയ്തു. 523 കൊലപാതകങ്ങളും 3913 ഭവനഭേദങ്ങളും നടന്നു. ഇത് മുൻവർഷത്തേതിന് 50% വരെ കൂടുതലാണ്. രാഷ്ട്രീയപകമൂലം 912 സ്ഥലമാറ്റങ്ങൾ നടത്തി. രാഷ്ട്രീയ പകമൂലം 196 പേരെ കൊലപ്പെടുത്തി. രാഷ്ട്രീയവധശ്രമങ്ങളും കയ്യേറ്റങ്ങളും 193 ആണ്. 326 പ്രാവശ്യം ലാത്തിചാർജ്ജ് നടത്തുകയും 149847 പേരെ അറസ്റ്റ് ചെയ്ത് ഇരുമ്പഴിക്കുള്ളിലാക്കുകയും അടയ്ക്കുകയും ചെയ്തു. 60000 – ൽപരം സ്ത്രികളെ അറസ്റ്റുചെയ്തു. സ്വന്തക്കാർക്കായി 300 രൂപക്കുമേൽ ശമ്പളമുള്ള 255 ഉദ്യോഗങ്ങൾ സൃഷ്ടിച്ചു. സർക്കാർ നിയമിച്ച കമ്മറ്റികളിലെ മൊത്തം എണ്ണം 9000 ആയിരുന്നു. അതിൽ 7013 പേർ കമ്മ്യൂണിസ്റ്റുകാരായിരുന്നു.

രണ്ടുമാസക്കാലം നീണ്ടുനിന്ന ചരിത്രപ്രസിദ്ധമായ വിമോചന സമരത്തിന്റെ ഫലമായി 1959 ജൂലൈ 31- ന് കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ കേന്ദ്രം ഡിസ്മിസ് ചെയ്തു. പിന്നീട് പ്രസിഡന്റ് ഭരണം ഏർപ്പെടുത്തി. മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ല് അങ്ങനെ തകർന്നു.

★

www.malankaralibrary.com

# 19. 1972- ലെ കോളേജ് പ്രക്ഷോഭണം

1967-ൽ അധികാരമേറ്റെടുത്ത ഇ. എം. എസ്സ്. മന്ത്രിസഭയുടെ അവസാന കാലത്ത് ഒരു സർവ്വകലാശ്ശാല നിയമം നടപ്പാക്കാനുള്ള ശ്രമത്തിന് ഒരുതിരിച്ചടിയായി. പിന്നീട് സി. പി. ഐ. നേതാവ് സി. അച്ച്യുതമേനോന്റെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ രൂപംകൊണ്ടു. കെ. കരുണാകരനായിരുന്നു ആഭ്യന്തരമന്ത്രി. ഭരണകക്ഷിയിലെ ഏറ്റം ശക്തമായ കക്ഷി കോൺഗ്രസ്സായിരുന്നു. കോൺഗ്രസ്സിന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. കെ. വിശ്വനാഥനും സെക്രട്ടറി ഇന്നത്തെ രാജ്യരക്ഷാമന്ത്രി ശ്രീ. ഏ.കെ. ആന്റണിയുമായിരുന്നു. 1972-ലെ സർവ്വകലാശാല നിയമത്തിന് രൂപം കൊടുക്കുന്നതിൽ കോൺഗ്രസ്സാണ് മുഖ്യപങ്കുവഹിച്ചത്. ഘടകകക്ഷികൾ എല്ലാംതന്നെ സോഷ്യലിസ്റ്റ് ചിന്താഗതിയോടെ നീങ്ങുകയായിരുന്നു. സ്വകാര്യവിദ്യാലയങ്ങളോടും ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളോടും കടുത്ത എതിർപ്പാണ് ഭരണകക്ഷികൾക്കെല്ലാമുണ്ടായിരുന്നത്.

കേരളസർക്കാർ കൊണ്ടുവന്ന സർവ്വകലാശാല നിയമത്തിന്റെ രൂപരേഖ പുറത്തുവന്നതോടെ ഇതിനെതിരെയുള്ള പ്രചരണവും സംഘടിതമായി മുന്നോട്ടുനീങ്ങി. ആ നീക്കത്തിന് ആദ്യം തന്നെ നേതൃത്വം നൽകിയത് അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സായിരുന്നു. ശ്രീ. ജോൺ കച്ചിറമറ്റം സർവ്വകലാശാല നിയമത്തിന്റെ അപകടവശങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട് ഒരു ലേഖനം പത്രത്തിൽ എഴുതി. അന്നത്തെ എ. കെ. സി. പ്രസിഡന്റ് അഡ്വ. ഇ. എം. ജോസഫ് സർവ്വകാലാശാലാ നിയമത്തിന്റെ ഉള്ളടക്കങ്ങൾ വിലയിരിത്തിക്കൊണ്ടും പ്രസ്തുത നിയമത്തെ എതിർത്തുപരാജയപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ഒരു ലേഖനം പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു. എ. കെ. സി. വർക്കിംഗ് കമ്മറ്റി, എൻ. എസ്സ്. എസ്സ്. തുടങ്ങിയ സാമുദായിക സംഘടനയുമായി ബന്ധപ്പെട്ട് കൂടിയാലോചനകൾ നടത്തി. എസ്സ്. എൻ. ഡി. പി. മുൻകാലങ്ങളിലേതുപോലെ സർക്കാർ പക്ഷത്ത് അടിയുറച്ചുനിന്ന് ക്രൈസ്തവസഭകളുടെ നിലപാടിനെ എതിർത്തു. പക്ഷെ രാഷ്ട്രീയ കക്ഷികൾ എല്ലാം സർക്കാരിന്റെ പക്ഷത്ത് ഉറച്ചുനിന്നു. ഈ സന്ദർഭത്തിൽ ക്രൈസ്തവരുടെ സംഘടിത ശക്തിയെ തട്ടിയുണർത്തുകയെന്ന ലക്ഷ്യത്തോടെ കത്തോലിക്കാ നേതൃസമ്മേളനം എറണാകുളത്ത് മാസ് ഓഡിറ്റോറിയത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് വിളിച്ചുകൂട്ടി. എ. കെ.സി.സി. പ്രസിഡന്റ് അഡ്വ. ഇ. എം. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രസ്തുത സമ്മേളനം മോൺ. മാത്യു വെള്ളാങ്കൽ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ

www.malankaralibrary.com

എല്ലാ രൂപതകളിൽനിന്നുമുള്ള 500-ൽ പരം പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കുകയും കത്തോലിക്കരുടെ വിദ്യാഭ്യാസ രംഗത്തെ താൽപര്യങ്ങൾ സംരംക്ഷിക്കുന്നതിനുവേണ്ടി ധീരമായി പോരാടുവാൻ ഒരു കമ്മറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തു. ആ കമ്മറ്റി എൻ. എസ്സ്. എസ്സു. മായി സഹകരിച്ച് നീങ്ങുവാനുള്ള ശ്രമം നടത്തി. അത് പൂർണ്ണമായി വിജയിക്കുകയും ചെയ്തു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിഷേധങ്ങൾ നടന്നു. ആ ജനമുന്നേറ്റം കണ്ട് സർക്കാർ കുലുങ്ങിയില്ല. സ്വകാര്യ കോളേജുകൾ പിടിച്ചെടുക്കാൻ തന്നെ തീരുമാനിച്ചു.

ഇതിനിടയിൽ കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ചില സന്ധിസംഭാഷണങ്ങളുമായി രംഗത്തുവന്നു. മാനേജ്മെന്റിന്റെ അവകാശങ്ങളെ മുഴുവൻ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി സർക്കാരിന്റെ പാവയായി പ്രവർത്തിച്ച വൈസ്ചാൻസലറുടെ നിർദ്ദേശങ്ങളെ പെരുന്നയിൽ എൻ. എസ്സ്. എസ്സ്. ഹാളിൽ ചേർന്ന നായർ ക്രിസ്ത്യൻ നേതാക്കൾ തള്ളിക്കളയുകയുണ്ടായി. വലിയ ഒരു ജനരോഷം രൂപംകൊള്ളുന്നതായി സർക്കാരിന് ബോദ്ധ്യപ്പെട്ടു.

മാസങ്ങളുടെ തയ്യാറെടുപ്പാണ് ഈ ബില്ല് പാസാക്കിയെടുക്കുവാൻ കോൺഗ്രസ്സ് നടത്തിയത്. അടിയന്തിരമായി എറണാകുളത്തു വിളിച്ചുകൂട്ടിയ കെ. പി. സി. സി. സംസ്ഥാനസമ്മേളനം ഐക്യകണ്ഠേന ഒരു പ്രമേയം പാസ്സാക്കി. അത് സ്വകാര്യ മാനേജ്മെന്റുകളോടുള്ള ഒരു യുദ്ധ പ്രഖ്യാപനമായിരുന്നു. കെ. പി. സി.സി. യുടെ പ്രമേയത്തിലെ ഏതാനും ഭാഗം താഴെ ചേർക്കുന്നു. "സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കുന്നതിന് പ്രധാന പങ്കു വഹിക്കേണ്ട വിദ്യാഭ്യാസരംഗത്ത് സ്വകാര്യ ഏജൻസികൾ ഇനിയും തുടരാൻ അനുവദിക്കണമോയെന്ന പ്രശ്നം കോൺഗ്രസ്സിന്റെ മുമ്പിൽ സജീവമായി വന്നിരിക്കുകയാണ്. സോഷ്യലിസ്റ്റ് ക്രമത്തിലേക്ക് സമൂഹത്തെ നയിക്കാൻ വിദ്യാഭ്യാസം പൂർണ്ണമായും ദേശസാൽക്കരിക്കണം.... വിദ്യാഭ്യാസം പൂർണ്ണമായും പൊതുമേഖലയിൽ ആയിരിക്കേണ്ടതാണ്. ന്യൂനപക്ഷങ്ങൾക്ക് നൽകിയിരിക്കുന്ന പ്രത്യേക അവകാശങ്ങൾ നിയന്ത്രിക്കുക തന്നെ വേണം."

തുടർന്ന് കെ. പി. സി. സി. പ്രസിഡന്റ് ശ്രീ. വിശ്വനാഥനും സെക്രട്ടറി എ. കെ. ആന്റണിയും ആഭ്യന്തര മന്ത്രി കരുണാകരനും യൂത്ത് കോൺഗ്രസ്സ് കെ.എസ്. യു. നേതാക്കന്മാരും നടത്തിയ പ്രസ്സ് കോൺഫറൻസുകളും പരസ്യപ്രസ്താവനകളും പ്രശ്നത്തിന്റെ ഉള്ളറകളിലേക്ക് വെളിച്ചം വീശുന്നവയായിരുന്നു. മാനേജുമെന്റുകൾക്ക് എതിരായി യുദ്ധം പ്രഖ്യാപിക്കുവാനും ആധുനികവും അത്യാധുനികവുമായ എല്ലാ ആയുധങ്ങളും എടുത്തു പ്രയോഗിക്കുവാനും ഗവൺമെന്റിന് കരുത്തു നൽകിയ നയപ്രഖ്യാപനങ്ങളെന്ന നിലയിൽ അവയിൽ ചിലതുകൂടി ഉദ്ധരിക്കുകയാണ്.

www.malankaralibrary.com

"കോളേജുകൾ ഏറ്റെടുക്കാൻ ഓർഡിനൻസ് പുറപ്പെടുവിക്കും(കെ. കെ. വിശ്വനാഥൻ 1972 ജൂൺ 25, കോഴിക്കോട്) ന്യൂനപക്ഷാവകാശങ്ങൾ മാത്ര മല്ല മറ്റുപല അവകാശങ്ങളും മാറേണ്ടിവരും. (കെ. കെ. വിശ്വനാഥൻ, കണ്ണൂർ ജൂൺ 27) അടുത്ത വിദ്യാലയ വർഷം ആരംഭിക്കുന്നതിന് മുൻപുതന്നെ സ്വാകാര്യ കോളേജുകളത്രയും പിടിച്ചടുക്കും.....സ്വകാര്യ ഏജൻസികളെ തുടച്ചുമാറ്റും.(കെ. പി. സി. സി. സെക്രട്ടറി, ഏ. കെ. ആന്റണി, കോട്ടയം) ന്യൂനപക്ഷാവകാശങ്ങൾ എടുത്തുകളയാനുള്ള കോൺഗ്രസ്സിന്റെ തീരുമാനം അചഞ്ചലമാണ്. എതിർക്കുന്നവരെ കുരുക്ഷേത്രത്തിൽ വെച്ച് കണ്ടു കൊള്ളാം."(ഏ. കെ. ആന്റണി) ന്യൂനപക്ഷാവകാശങ്ങൾ നിയന്ത്രിക്കാൻ ഭരണഘടന ഭേദഗതി ചെയ്യും. (ആഭ്യന്തരമന്ത്രി കരുണാകരൻ) കോളേ ജുകൾ നിയമ നിർമ്മാണം വഴി ഏറ്റെടുക്കും (മന്ത്രി കരുണാകരൻ, കൊച്ചി)

കത്തോലിക്കാ സമുദായവും നായർ സർവ്വീസ് സൊസൈറ്റിയും കേരള രാഷ്ട്രീയത്തിലെ ശക്തി ദുർഗ്ഗങ്ങളാണ്. ഞങ്ങൾ അവയെ തകർത്തു തരിപ്പണമാക്കും. (കെ. കെ. വിശ്വനാഥൻ, പാലക്കാട് ജൂൺ 25) പ്രൈവറ്റ് കോളേജുകൾ തുറപ്പിക്കുവാനുള്ള സമരത്തിന് പിമ്പിൽ കേന്ദ്ര നേതൃത്വമുണ്ട്. അവരുടെ ആശീർവാദത്തോടുകൂടിയാണ് ഞങ്ങൾ സമരത്തിനിറങ്ങിയിരിക്കുന്നത്. (വയലാർ രവി, ജൂലൈ 4 തൃശ്ശൂർ) ശ്രീ. ഗോഖലെ തുടങ്ങിയ കേന്ദ്രനേതാക്കളും ഇതുപോലെയുള്ള പ്രസ്താവനകൾ പരസ്യമായി പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമെ കേരള സർവ്വകലാശാല സിൻഡിക്കേറ്റും സെനറ്റും കോളേജുകൾ ദേശസാൽക്കരിക്കണമെന്ന് പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്.

സ്വകാര്യ കോളേജുകൾക്കെതിരായി സമര പ്രഖ്യാപനങ്ങൾ നടത്തിയത് കോൺഗ്രസ്സ് നേതാക്കളായിരുന്നു. മറ്റുഘടകകക്ഷികൾ ആരും ഇതുപോലെയുള്ള പ്രസ്താവനകൾ പരസ്യമായി പ്രകടിപ്പിച്ചിട്ടില്ല.

ഘടകകക്ഷികൾ വിദ്യാലയങ്ങൾ ദേശസാൽക്കരിക്കുന്നതിന് അനുകൂലമായിരുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ കോൺഗ്രസ്സാണ് സമുദായ നേതാക്കൾക്കും ന്യൂനപക്ഷങ്ങൾക്കുമെതിരായി പരസ്യയുദ്ധപ്രഖ്യാപനങ്ങൾ നടത്തിയത്.

അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും താൽപര്യങ്ങൾ സംരക്ഷിക്കാനെന്ന വ്യാജേന മാനേജുമെന്റുകൾക്ക് മൂക്കുകയറിടാൻ വേണ്ടി ഏകപക്ഷീയമായി പാസ്സാക്കിയെടുത്ത സർവ്വകലാശാല നിയമം ഭരണാഘടനാ വിരുദ്ധവും മൗലീകാവകാശധ്വംസനവുമാണെന്ന കാര്യത്താൽ അതിനെ മാനേജുമെന്റ് കോടതിയിൽ ചോദ്യംചെയ്തു. ആ മാനേജുമെന്റിനെ തകർക്കുവാൻ ഭരണക്ഷി വിദ്യാർത്ഥികളെക്കൊണ്ട് ഫീസ് ഏകീകരണം എന്ന ആശയം ഉന്നയിപ്പിക്കുകയാണ് ചെയ്തത്. ഭരണകക്ഷി തന്നെയാണ് ഫീസ് ഏകീകരണമെന്ന ആയുധം ഇഷ്ടം പോലെ പ്രയോഗി

www.malankaralibrary.com

ക്കുവാനുള്ള സ്വാതന്ത്ര്യത്തോടുകൂടി വിദ്യാർത്ഥികളുടെ കയ്യിൽ വച്ചുകൊടുത്തത്. പ്രൈവറ്റുകോളേജുകളിലെ ഫീസ് നിരക്ക് കുറവ് ചെയ്ത് ഗവൺമെന്റ് കോളേജുകളിലേതിനോട് തുല്യമാക്കുക എന്ന ഡിമാന്റ് ആണ് വിദ്യാർത്ഥികൾ മുന്നോട്ടുവച്ചത്. തങ്ങളുടെ ശമ്പളം ഗവൺമെന്റിൽ നിന്നും നേരിട്ടുകിട്ടണമെന്ന ആവശ്യത്തിനുവേണ്ടി സമരം ചെയ്യുവാൻ അദ്ധ്യാപകരെയും സർക്കാർ പ്രേരിപ്പിച്ചു ഫീസ് ഏകീകരണം അദ്ധ്യാപകർക്ക് നേരിട്ടുള്ള ശമ്പള വിതരണവും എന്ന ആശയുമായി വിദ്യാർത്ഥികളും അദ്ധ്യാപകരും രംഗത്തുവന്നപ്പോൾ കേരളത്തിലെ സ്വകാര്യ കോളേജുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ മാനേജുമെന്റ് തയ്യാറായില്ല. കോളേജുകൾ അടച്ചിടുവാൻ തന്നെ തീരുമാനിച്ചു.

അടച്ചിടുന്ന കോളേജുകൾ പിടിച്ചെടുക്കുമെന്ന് കെ. പി. സി. സി. സെക്രട്ടറി എ. കെ. ആന്റണി പ്രഖ്യാപിച്ചു. പിടിച്ചെടുക്കുന്ന തീയതി മാറി മാറി പ്രഖ്യാപിച്ചതല്ലാതെ കോളേജുകൾ പിടിച്ചെടുക്കുവാൻ സർക്കാരിനോ ആന്റണിക്കോ സാധിച്ചില്ല.

മുണ്ടശ്ശേരി പദ്ധതിക്കെതിരായി അന്ന് പ്രതിപക്ഷകക്ഷികൾ വളരെ വൈകിയാണെങ്കിലും രംഗത്തുവന്നു. ഈ കാലഘട്ടത്തിൽ കേരളാ കോൺഗ്രസ്സായിരുന്നു പ്രതിപക്ഷത്തുണ്ടായിരുന്ന ഏകകക്ഷി. ഈ സമരത്തിന് ബഹുജന പിന്തുണ വർദ്ധിക്കുന്നുവെന്ന് മനസ്സിലാക്കിയ കേരളാ കോൺഗ്രസ്സ് സമരനേതൃത്വത്തിലേക്കു കടന്നു വന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വൻസമരങ്ങൾ നടന്നു. തൃശ്ശൂർ മാർ ജോസഫ് കുണ്ടുകളവും പാലായിൽ മാർ സെബാസ്റ്റ്യൻ വയലിലും ചങ്ങനാശ്ശേരിയിൽ മാർ ജോസഫ് പൗവ്വത്തിലുമെല്ലാം ശക്തമായ നേതൃത്വം നൽകിയപ്പോൾ കേരളാ കോൺഗ്രസ്സിന് മാറി നിൽക്കുവാൻ സാധിച്ചില്ല. കോൺഗ്രസ്സ് എം. എൽ . എ. മാർ വൈദീക മേലദ്ധ്യക്ഷന്മാരെ ചാട്ടവാറുകൊണ്ടടിക്കണമെന്ന് പരസ്യപ്രസ്താവന ചെയ്തു.

സ്വകാര്യകോളേജുകൾ പിടിച്ചെടുക്കുമെന്ന് പ്രഖ്യാപിച്ചത് നടപ്പിലാക്കുവാൻ കോൺഗ്രസ്സ് നേതാക്കൾക്ക് സാധിച്ചില്ല. രാജ്യത്ത് എമ്പാടും ഷെഡുകൾ കെട്ടി കോളേജുകൾ നടത്തുമെന്നായി ആന്റണി. കോട്ടയത്ത് ഒരു ഷെഡ് കെട്ടിയതല്ലാതെ മറ്റൊരിടത്തും ഒരു ഷെഡ് കെട്ടുവാൻ ആന്റണിക്ക് സാധിച്ചില്ല.

ഫീസ് നിരക്ക് ഏകീകരിക്കുകയും അദ്ധ്യാപകശമ്പളം സർക്കാർ കൊടുക്കയും ചെയ്യേണ്ടിവന്നാൽ സർക്കാരിന് വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടിവരുമെന്നുള്ള തിരിച്ചറിവ് അവസാനമാണ് സർക്കാരിന് ഉണ്ടായത്. അദ്ധ്യാപകരെ പ്രക്ഷോഭണത്തിനിറക്കിയ സർക്കാർ തന്നെ അദ്ധ്യപകരുടെ ഡിമാന്റുകൾക്കെതിരായി പ്രവർത്തിക്കേണ്ടി വന്നു. ഏറ്റം വലിയ വിദ്യാർത്ഥി സംഘടനയായ കെ.എസ്.യു. വിനൊപ്പം ഫീസ്

www.malankaralibrary.com

ഏകീകരണ ആശയുമായി കെ. എസ്സ്. സി.യും നിൽക്കാൻ ബാദ്ധ്യസ്ഥമായി.

രണ്ടുമാസം നീണ്ടുനിന്ന സമരം ഒത്തുതീർപ്പിലെത്തി. എന്താണ് സംഭവിച്ചത്? കോളേജുകൾ പിടിച്ചെടുക്കുവാൻ സാധിച്ചില്ല. പ്രൈവറ്റ് കോളേജുകളുടെമേൽ സമ്പൂർണ്ണ നിയന്ത്രണം എന്ന ആശയവും കോൺഗ്രസ്സ് പാർട്ടിക്ക് ഉപേക്ഷിക്കേണ്ടിവന്നു. അദ്ധ്യാപക നിയമത്തിന് ഒരു കമ്മറ്റിയെ വയ്ക്കാൻ മാനേജുമെന്റ് സമ്മതിച്ചു. ആ കമ്മറ്റിയുടെ ഘടന, അദ്ധ്യാപക നിയമനം നടക്കുമ്പോൾ കണ്ടിരിപ്പാണ് അവരുടെ തൊഴിലെന്ന് ബോദ്ധ്യമായി. നിശ്ചിത പരീക്ഷായോഗ്യതയുള്ള അപേക്ഷകരിൽ നിന്ന് മാനേജ്മെന്റുകൾ തങ്ങൾക്കിഷ്ടമുള്ളവരെ തെരെഞ്ഞെടുത്ത് അദ്ധ്യാപകരായി നിയമിക്കുന്നത് നോക്കിയിരിക്കുവാൻ വേണ്ടി മാത്രം ഉള്ള ഒരു കമ്മറ്റിയായിരുന്നു അത്. ആ സത്യം ആന്റണിക്ക് മനസ്സിലായിരുന്നു. എങ്ങനെയെങ്കിലും തലയൂരാനുള്ള ശ്രമത്തിൽ താൻ പറഞ്ഞ വാക്കുകൾ മുഴുവൻ ആന്റണി വിഴുങ്ങേണ്ടി വന്നു.

കോളേജു പ്രവേശനത്തിന് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിച്ചിരുന്ന ആനുകൂല്യം മുഴുവൻ നഷ്ടപ്പെടുത്തി. മെറിറ്റിനുള്ള പ്രാധാന്യം ഇല്ലാതാക്കി. സമർത്ഥരായ കുട്ടികൾക്ക് ലഭിച്ചിരുന്ന അവകാശം 50 ശതമാനമായി കുറവുചെയ്യുകയും ചെയ്തു.

കളത്തിൽ വേലായുധൻ നായർ, അഡ്വ. ഇ. എം. ജോസഫ്, ഇ. പി. ആന്റണി മുതൽ പേരായിരുന്നു പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയത്. സമരത്തിന്റെ അന്ത്യഘട്ടത്തിൽ കേരളാ കോൺഗ്രസ്സുകൂടി സമരരംഗത്തു വന്നതുകൊണ്ട് വിജയം എളുപ്പമായി. 1972 - ലെ സർവ്വകലാശാലാ നിയമത്തിനെതിരെ പോരാടിയ കേരളാ കോൺഗ്രസ്സിലെ നാലുനേതാക്കൾ പിന്നീട് മന്ത്രിസഭയിലുണ്ടായിരുന്നു. സ്വാശ്രയ കോളേജ് പ്രശ്നത്തിൽ മുഖ്യമന്ത്രി ആന്റണി നടത്തിയ വികലമായ പ്രസ്താവനകളെ എതിർക്കുവാൻ ആ നാലുമന്ത്രിമാരും തയ്യാറായില്ല. പ്രതിപക്ഷത്തിരുന്നാൽ മാത്രമെ ന്യൂനപക്ഷാവകാശങ്ങൾക്കുവേണ്ടി വാദിക്കുകയുള്ളുവെന്ന നിലപാടായിരിക്കും അവർക്കുള്ളത്. എ, കെ. സി. സി. ജനറൽ സെക്രട്ടറി അഡ്വ. ഇ. എം. ജോസഫായിരുന്നു സമുദായത്തിനു വേണ്ടി ഒത്തു തീർപ്പുരേഖയിൽ ഒപ്പു വച്ചത്.

★

www.malankaralibrary.com

# 20. കത്തോലിക്കാ കോൺഗ്രസ്സും പാഠപുസ്തകങ്ങളും

കേരള കത്തോലിക്കരുടെ പൊതുസംഘടനയാണ് കത്തോലിക്കാ കോൺഗ്രസ്സ്. സമുദായത്തിന്റെ പൊതുതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കഴിഞ്ഞ കാലങ്ങളിൽ കോൺഗ്രസ്സ് അനുഷ്ഠിച്ച സേവനങ്ങൾ പ്രശംസനീയമാണ്. ജനസംഖ്യാനുപാതികമായ പ്രതിനിധ്യവും കത്തോലിക്കർക്കും അവരെപ്പോലെ അവഗണിക്കപ്പെട്ട ഇതരസമുദായങ്ങൾക്കും ലഭിക്കുന്നതിനുവേണ്ടി കോൺഗ്രസ്സ് മുന്നിൽ നിന്ന് നടത്തിയ സമരങ്ങൾ ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ്.

ക്രൈസ്തവരുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനുവേണ്ടി, തിരുവിതാംകൂറിലും കൊച്ചിയിലും, കേരളത്തിലും നടന്ന എല്ലാ പ്രക്ഷോഭണങ്ങൾക്കും ആരംഭം കുറിച്ചത് എ. കെ. സി. സി. യാണ്. വിദ്യാഭ്യാസ പ്രക്ഷോഭണങ്ങളിൽ ചേരാൻ മടിച്ചു നിന്ന രാഷ്ട്രീയ സംഘടനകളെ പ്രക്ഷോഭണത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിന് കോൺഗ്രസ്സ് നിർണ്ണായകമായി പങ്കുവഹിച്ചു. വിദ്യഭ്യാസ രംഗത്തെ ക്രൈസ്തവരുടെ അവകാശസംരക്ഷണത്തിനുവേണ്ടി പോരാടിയ കത്തോലിക്കാ കോൺഗ്രസ്സ് ഒരു വിദ്യാഭ്യാസ സ്ഥാപനം പോലും നടത്തുനില്ലന്നുള്ളത് ഒരു വസ്തുതയാണ്. എങ്കിലും സമുദായം നടത്തുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും തങ്ങളുടേതാണെന്ന ബോധ്യത്തോടു കൂടിയാണ് കോൺഗ്രസ്സ് സമരം നടത്തിയിട്ടുള്ളത്.

വിദ്യാഭ്യാസ മേഖലയിൽ മാനേജ്മെന്റിന്റെ അധികാരം ഉറപ്പിക്കുന്നതിനുവേണ്ടി മാത്രമല്ല കോൺഗ്രസ്സ് ശ്രമിച്ചിട്ടുള്ളത്. നമ്മുടെ വിദ്യാലയങ്ങളിൽ പഠിക്കുവാനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള പാഠഭാഗങ്ങളെപ്പറ്റി പഠിക്കുകയും തെറ്റായതും ക്രൈസ്തവർക്ക് അസ്വീകാര്യവുമായ പാഠഭാഗങ്ങൾ പാഠപദ്ധതിയിൽനിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതും കത്തോലിക്കാ കോൺഗ്രസ്സ് മാത്രമാണ്. വിദ്യാഭ്യാസ രംഗത്തുപ്രവർത്തിക്കുന്ന മറ്റൊരു ഏജൻസിയും ശ്രദ്ധിക്കാത്ത ഈ രംഗം കഴിഞ്ഞ കാലങ്ങളിൽ എ. കെ. സി. സി. വിദഗ്ദ്ധമായി കൈകാര്യം ചെയ്തിട്ടുണ്ടെന്നുള്ളത് അഭിമാനത്തോടെ ഓർമ്മിക്കുന്നു. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ഭരണകാലത്ത് പാഠപുസ്തകങ്ങളിൽ വന്ന ഗുരുതരമായ പ്രശ്നങ്ങളെപ്പറ്റി ഒരു പ്രത്യേക കമ്മറ്റിയെവച്ച് പഠിച്ചതും ആ കമ്മറ്റി പ്രസിദ്ധീകരിച്ച പാഠപുസ്തകങ്ങളുടെ തനിനിറം എന്ന ഗ്രന്ഥത്തെപ്പറ്റിയും അന്യത്ര പ്രസീദ്ധീകരിച്ചിട്ടുണ്ട്.

www.malankaralibrary.com

1986 - ൽ പുതിയതായി പ്രസിദ്ധീകരിച്ച പാഠപുസ്തകങ്ങളിൽ ഗുരുതരമായ പലതെറ്റുകളും കടന്നുകൂടിയത് ചൂണ്ടികാണിച്ചത് കത്തോലിക്കാ കോൺഗ്രസ്സ് ആണ്. കത്തോലിക്കാ കോൺഗ്രസ്സ് ഈ വിഷയത്തിൽ എന്നും എക്കാലവും പ്രകടിപ്പിച്ചിട്ടുള്ള താൽപര്യം അഭിനന്ദനീയമാണ്. കത്തോലിക്കാ സ്ക്കൂളുകളിൽ പഠിപ്പിക്കുന്ന ക്രൈസ്തവ നേതാക്കൾ പോലും ശ്രദ്ധിക്കാത്ത കാര്യങ്ങൾ എ. കെ. സി. സി. യാണ് സമുദായത്തിന്റെ മുൻപിൽ അവതരിപ്പിച്ചതെന്ന് നമുക്ക് മനസ്സിലാക്കാം. 1986 ഒക്ടോബർ 10 - ാം തീയതി എ. കെ. സി. സി. പ്രസിഡന്റ് എം. ഡി. ജോസഫ് മണ്ണിപ്പറമ്പിൽ, ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം, ട്രഷറർ ആന്റണി വള്ളമറ്റം, ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് ജനറൽ സെക്രട്ടറി ബാബു ചാഴി കാടൻ, ജോൺ പെല്ലിശ്ശേരി എന്നിവർ തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ എത്തി സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

## 1. കത്തോലിക്കാ സഭയുടെ ആരംഭം :

പത്താം ക്ലാസ്സിലെ സാമൂഹ്യപാഠപുസ്തകത്തിൽ 5 -ാം പേജിൽ ഇപ്രകാരം അച്ചടിച്ചിരിക്കുന്നു. 'കത്തോലിക്കാ സഭയ്ക്ക് ഇന്ത്യയിലെ ക്രിസ്ത്യാനികളെ അവരുടെ സഭയിലേക്ക് മാറ്റുവാൻ കഴിഞ്ഞു. അവർ 1599 -ൽ ഉദയം പേരൂർ (ഡയംപർ) സുനഹദോസ് നടത്തി മലബാറിലെ അനേകം ക്രിസ്ത്യാനികളെ (ഇന്ത്യയിലെ ഏറ്റം പഴക്കമുള്ള ക്രിസ്ത്യൻ വിഭാഗം) കത്തോലിക്കാ സഭയുടെ കീഴിൽ കൊണ്ടു വന്നു.' ഈ പാഠഭാഗം വായിക്കുന്ന ഏതൊരു വ്യക്തിയും ആദിനൂറ്റാണ്ടു മുതൽ ഇവിടെയുണ്ടായിരുന്ന ക്രിസ്ത്യനികൾ കത്തോലിക്കർ അല്ലായിരുന്നുവെന്നും പോർട്ടുഗീസുകാരുടെ വരവിനുശേഷമാണ് ഇവിടെ കത്തോലിക്കാ സഭ സ്ഥാപിതമായതെന്നും ധരിക്കാം.

ഇന്ത്യയിൽ വിശിഷ്യ കേരളത്തിൽ ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹാ എ. ഡി. 52 -ൽ എത്തുകയും ക്രൈസ്തവസഭ സ്ഥാപിക്കുകയും ചെയ്തു. ഇവിടുത്തെ ക്രിസ്ത്യാനികൾ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നാണ് അറിയപ്പെടുന്നത്. ക്രിസ്തുമതത്തിന്റെ ആരംഭത്തിൽ തന്നെ ഭാരതത്തിലും ക്രിസ്തുമതം ആരംഭിച്ചു. ആദിനൂറ്റാണ്ടിലെ ക്രൈസ്തവ സമൂഹം കത്തോലിക്കാസഭയുടെ ഒരു അഭിവാജ്യഘടകം തന്നെയായിരുന്നു. കേരളസഭയും പേർഷ്യൻസഭയും തമ്മിലുള്ള ബന്ധം അതാണ് വിളിച്ചറിയിക്കുന്നത്. ഭാരതത്തിൽ കത്തോലിക്കാ സഭ ആദിമനൂറ്റാണ്ടിൽ തന്നെ സ്ഥാപിതമായി എന്നതിനെപ്പറ്റി ഇതുവരെ യാതൊരു തർക്കവും ഉണ്ടായിട്ടില്ല. സത്യം ഇതായിരിക്കെ 10-ാം സ്റ്റാൻഡേർഡിലെ പാഠപുസ്തകത്തിൽ ചേർത്തിരിക്കുന്ന മേലുദ്ധരിച്ച പാഠഭാഗം സത്യവിരുദ്ധമാണ്.

www.malankaralibrary.com

ചരിത്രത്തിനോടുള്ള ഒരു വെല്ലുവിളിയുമാണ്. കത്തോലിക്കാ സഭയുടെ ചരിത്രത്തെയും പാരമ്പര്യത്തെയും ആക്ഷേപിക്കുന്ന വിധത്തിലുള്ള പാഠഭാഗമാണിത് എന്ന് ചൂണ്ടികാണിക്കാട്ടുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

## 2. തച്ചിൻ മാത്തുത്തരകൻ

ഏഴാം സ്റ്റാൻഡേർഡിലെ സാമൂഹ്യപാഠ പുസ്തകത്തിൽ 126-ാം പേജിൽ ചേർത്തിരിക്കുന്ന ഭാഗം താഴെ ചേർക്കുന്നു. ' ആയിരക്കണക്കിനു അനുയായികളെയുംകൂട്ടി ജയന്തൻ ശങ്കരൻ നമ്പൂതിരി, ശങ്കരനാരായണൻ ചെട്ടി, മാത്തുത്തരകൻ എന്നീ മന്ത്രിമാർ നടത്തിയിരുന്ന ദുർഭരണത്തിനെതിരെ വേലുത്തമ്പി ശബ്ദമുയർത്തി.'

തച്ചിൽ മാത്തുത്തരകൻ മന്ത്രിയായിരുന്നിട്ടില്ല. അദ്ദേഹം സർക്കാരിൽ നിന്നും ശമ്പളം പറ്റിയ ഒരു ഉദ്യോഗസ്ഥനുമായിരുന്നില്ല. സമുദായാഭിമാനിയും, രാജ്യസേവകനുമായിരുന്നു തച്ചിൽ മാത്തുത്തരകൻ. 943 മുതൽ 973 വരെ 30 വർഷക്കാലം തിരുവിതാംകൂർ മഹാരാജാവിനെയും രാജ്യത്തെയും വിശ്വസ്തതയോടെ സേവിച്ച മഹാപുരുഷനായിരുന്നു അദ്ദേഹം. രാജ്യം ദുർവഹമായ ഋണഭാരത്തിലായിരുന്ന അക്കാലത്ത് 15 ലക്ഷം രൂപ കയ്യിൽ നിന്നെടുത്ത് സർക്കാരിനെ സഹായിച്ചത് മാത്തുത്തരകനാണ്. കൊടുങ്ങല്ലൂർ, കോട്ടയം, മുനമ്പത്തു അതിനോടു ചേർന്ന ഉല്പത്തിപ്പറമ്പുകളും കമ്പനിക്കാരിൽ നിന്നും തിരുവിതാംകൂറിന് കൈമാറുന്നതിന് കാരണക്കാരൻ തരകൻ ആയിരുന്നു. തിരുവിതാംകൂറിലെ കച്ചവടാഭിവൃദ്ധിക്ക് മുൻകൈയെടുത്തു പ്രവർത്തിച്ച മാത്തുത്തരകൻ ആലപ്പുഴയെ കൊച്ചിക്കു സമാനമായ തുറമുഖമാക്കി വളർത്തിയെടുത്തു. കാഞ്ഞൂരിന് കിഴക്ക്ഭാഗത്ത് അന്നത്തെ കൊച്ചി സംസ്ഥാനത്തിൽ 40 കാതം നീളത്തിൽ ഭൂമി തരകന്റെ കുടുംബത്തിലേക്ക് കിട്ടിയത് തിരുവിതാംകൂറിന് മാത്തുതരകൻ ദാനം ചെയ്തു. തിരുവന്തപുരത്തു ചെല്ലുമ്പോൾ തരകന്റെ ഉപയോഗത്തിനായി മഹാരാജാവ് പേട്ടയിൽ ഒരു ദേവാലയം നിർമ്മിച്ചു കൊടുത്തു. ക്രൈസ്തവ സമുദായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയും മാത്തുത്തരകൻ വളരെ ശ്രമിച്ചിട്ടുണ്ട്. ഇങ്ങനെ രാജ്യത്തെയും സമുദായത്തെയും വിശ്വാസ്തതാപൂർവ്വം സേവിച്ച മാത്തുത്തരകന്റെ യഥാർത്ഥചിത്രം ചരിത്രപുസ്തകങ്ങളിൽ ചേർക്കപ്പെടേണ്ടതാണ്. എന്നാൽ തച്ചിൽ മാത്തുത്തരകനെപ്പറ്റിയുള്ള യഥാർത്ഥ ചരിത്രം രേഖപ്പെടുത്തേണ്ടതിനു പകരം അദ്ദേഹത്തെ അക്ഷേപിക്കുന്ന വിധത്തിലുള്ള ഭാഗം പാഠപുസ്തകത്തിൽ ചേർത്തത് അങ്ങേയറ്റം ഉൽകണ്ഠയോടെ ഞങ്ങൾ വീക്ഷിക്കുന്നു.

## 3. നിവർത്തന പ്രക്ഷോഭണം

ഏഴാം സ്റ്റാൻഡേർഡിലെ സാമൂഹ്യപാഠ പുസ്തകത്തിൽ 127 -ാം പേജിൽ നിവർത്തന പ്രക്ഷോഭണത്തെപ്പറ്റി ഇപ്രകാരം ചേർത്തിരിക്കുന്നു.

www.malankaralibrary.com

"ജനസംഖ്യാനുപാതികമായി നിയമസഭയിൽ തങ്ങൾക്കും പ്രാതിനിധ്യം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈഴവരും മുസ്ലീങ്ങളും ചില ക്രിസ്ത്യാനികളും ചേർന്നു സംഘടിപ്പിച്ചതായിരുന്നു ഈ പ്രക്ഷോഭണം."

നിവർത്തന പ്രക്ഷോഭണത്തിന് നേതൃത്വം നൽകുകയും അതിന്റെ സർവ്വഭാരവും വഹിക്കുകയും ചെയ്തത് ക്രിസ്ത്യാനികളായിരുന്നുവെന്നത് അഭിമാനപൂർവ്വം ഞങ്ങൾ സ്മരിക്കുന്നു. പക്ഷേ ഏഴാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ ചേർത്തിരിക്കുന്ന ഭാഗം വായിച്ചാൽ ഈ പ്രക്ഷോഭ ണത്തിൽ ക്രിസ്ത്യാനികളുടെ പങ്കാളിത്തം വളരെ ലഘുവായിരുന്നുവെന്നു തോന്നിപ്പോകും.

ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ജനപ്രതിനിധി സഭകളിൽ ലഭിക്കുന്നതിനുവേണ്ടി കേരളത്തിലെ ക്രൈസ്തവ- ഈഴവ - മുസ്ലീം സമുദായങ്ങൾ ഒന്നിച്ചുനിന്ന് നടത്തിയ സമരമാണ് നിവർത്തനപ്രക്ഷോഭ ണം. 1933 - ലാണ് നിവർത്തന പ്രക്ഷോഭണം ആരംഭിക്കുന്നത്. 1921 - ലെ നിയമസഭാ പരിഷ്ക്കാരവും വോട്ടവകാശവ വ്യവസ്ഥകളും നിയോജക മണ്ഡല വിഭജനവും മുഖാന്തിരം ജനപ്രതിനിധി സഭകളിൽ മേൽപറഞ്ഞ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിരുന്നില്ല. ഈ സ്ഥിതി വിശേഷം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1932 ഒക്ടോബർ 15-ാം തീയതി അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് സംസ്ഥാന ഘടകം തിരുവിതാംകൂർ മഹാരാജാവിന് ഒരു നിവേദനം നൽകി. ഈ നിവേദനത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. അന്നേവരെ നിയമസഭാ പ്രാതിനിധ്യത്തിനായി തിരുവിതാംകൂറിലെ പല സമുദായങ്ങളും നിവേദനങ്ങളും മെമ്മോറിയലുകളും സമർപ്പിക്കുകയുണ്ടായി. എങ്കിലും അവയെല്ലാം അവരവരുടെ സമുദായ പ്രാതിനിധ്യം മാത്രമാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ കത്തോലിക്കാ കോൺഗ്രസ്സാണ് ഗണനീയ സമുദായങ്ങൾക്ക് എല്ലാംതന്നെ സംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകണമെന്ന വാദം ആദ്യമായി ഉന്നയിച്ചത്. ഇതുവഴി യാതൊരു സമുദായത്തിനും അമിതവും അനർഹവുമായ വലിയ പ്രാതിനിധ്യം ലഭിക്കുന്നതിന് ഇടയാകാതെ സമുദായനീതി പാലിക്കുന്നതിന് സാധിക്കുമെന്നതാണ് ഈ വാദത്തിന്റെ രാഷ്ട്രീയപ്രാധാന്യം. 1922-25-28-31 വർഷങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ ഓരോ സമുദായക്കാർക്കും ലഭിച്ച സീറ്റുകളുടെ എണ്ണവും ഓരോ സമുദായത്തിന്റെ ജനസംഖ്യയും പ്രത്യേകം എടുത്തുകാണിച്ചിരിക്കുന്നു. തിരുവിതാംകൂർ ചരിത്രത്തിലെ ഒരു മഹാസം ഭവമായിരുന്നു ഈ നിവേദനം. ആ നിവേദനത്തിന് ഫലമുണ്ടായില്ല. ആ പ്രത്യേക സാഹചര്യത്തിൽ അവഗണിക്കപ്പെട്ട സമുദായങ്ങളുടെ ഒരു പ്രത്യേക യോഗം കത്തോലിക്കാ കോൺഗ്രസ്സ് മുൻനിന്ന് തിരുവനന്തപുരത്ത് എൽ.എം.എസ്. ഹാളിൽ വിളിച്ചുകൂട്ടി. ആ യോഗം നിവർത്തന പ്രക്ഷോഭണം

www.malankaralibrary.com

അംഗീകരിക്കുകയും സംയുക്ത രാഷ്ട്രീയ കോൺഗ്രസ്സ് രൂപീകരിക്കുകയും ചെയ്തു. അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് തിരുവിതാംകൂർ സാംസ്ഥാനിക കത്തോലിക്കാ കോൺഗ്രസ്സാണ് നിവർത്തന പ്രക്ഷോഭണ ത്തിന്റെ പ്രധാന നേതൃത്വം വഹിച്ചത്. ശ്രീ. എൻ.വി. ജോസഫായിരുന്നു നിവർത്തന പ്രക്ഷോഭണത്തിന്റെ പ്രമുഖ നേതാവ്. ഈ വസ്തുതകളെല്ലാം വിസ്മരിച്ചുകൊണ്ട് ക്രിസ്ത്യാനികളുടെ പങ്കാളിത്തം വളരെ ലഘുവായി ചിത്രീ കരിച്ചുകൊണ്ട് തയ്യാറാക്കിയ പാഠഭാഗം അങ്ങേയറ്റം ചരിത്രവസ്തുതകൾക്ക് നിരക്കാത്തതാണെന്ന് ചൂണ്ടിക്കാട്ടുവാൻ ആഗ്രഹിക്കുന്നു.

## 4. ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം:

കോഴിക്കോട് സർവ്വകലാശാല പ്രീഡിഗ്രിക്ക് മലയാളം ഉപപാഠപു സ്തകമായി തെരഞ്ഞെടുത്തിരിക്കുന്ന ശ്രീ.പി.എ. വാര്യരുടെ 'അനുഭവങ്ങൾ' എന്ന പുസ്തകത്തിലെ ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം എന്ന അദ്ധ്യായത്തിലെ ചില പരാമർശങ്ങൾ യേശുക്രിസ്തുവിനെ അവഹേളി ക്കുന്ന തരത്തിലാണ്. കസ്സാൻസാക്കിസിന്റെ ദി ലാസ്റ്റ് ടെംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ് എന്ന നോവലിനെക്കുറിച്ചുള്ള പഠനമാണ് പ്രസ്തുത ലേഖനം.

പ്രസ്തുത ലേഖനത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു. 'ശൈശവ ബാല്യനാളിലെ കൂട്ടുകാരിയും, പിന്നീടു കാമുകിയുമായ മഗ്ദലനമറിയ ത്തിനെ താൻ ഭാര്യയായി കൈക്കൊള്ളുന്നു. പുണ്യമാർഗ്ഗക്കാർ അവളെ പാപത്തിന്റെ പേരിൽ കല്ലേറിഞ്ഞ് കൊന്നതിനു ശേഷം രക്ഷക മാലാഖ യുടെ നേതൃത്വത്തിൽത്തന്നെ താൻ മേരി, മാർത്ത സഹോദരിമാരെ വേൾക്കു ന്നു. അവർ ഇരുവരും മത്സരിച്ച് പ്രസവിക്കുകയും തന്നെ ശുശ്രൂഷിക്കുക യുമാണ്. സമ്പന്നവും സമ്പുഷ്ടവും സമഗ്രവുമായ കുടുംബജീവിതം, മക്കളും പേരക്കുട്ടികളുമായി പടർന്ന് പന്തലിച്ച ജീവിതത്തിന്റെ ഹറാൻ വള്ളി ക്കുടിൽ അതാവരുന്നു. പഴയ ശിഷ്യന്മാർ - പീറ്ററും മാത്യുവും ജൂഡാസും എല്ലാവരുമുണ്ട്. ശാശ്വതാനന്ദത്തിന്റെ മാർഗ്ഗമെന്ന് പറഞ്ഞ് തങ്ങളെ ദുർഘട മാർഗ്ഗത്തിലേക്കു തള്ളിവിട്ട് സ്വയം ലളിതസുഖജീവിതം കൈവരിച്ച റാബിയെ അവരെല്ലാവരും അധിക്ഷേപിക്കുന്നു. റാബിയും (ക്രിസ്തു) പ്രലോഭനങ്ങൾക്ക് വിധേയനായതിനെപ്പറ്റി പശ്ചാത്തപിക്കാൻ തുടങ്ങുന്നു.'

ക്രിസ്തുവിന്റെ കാമുകിയായി മഗ്ദലനമറിയത്തെ ചിത്രീകരിച്ചുകൊ ണ്ടുള്ള ലേഖനത്തിലെ പരാമർശങ്ങൾ കുട്ടികളിൽ തെറ്റിദ്ധാരണയും ചിന്താ ക്കുഴപ്പവും സൃഷ്ടിക്കുന്നതിന് ഇടനൽകുന്നതാണ്. കസാന്റ്സാകിസ്സിന്റെ ലാസ്റ്റ് ടെംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ് എന്ന ഗ്രന്ഥത്തെപ്പറ്റി ശ്രീ. വാരിയർ തന്നെ ഇപ്രകാരം എഴുതിയിരിക്കുന്നു. "വെറുതെയല്ല ഈ കൃതിക്ക് പല രാജ്യങ്ങ ളിലും പ്രവേശനാനുമതി നിഷേധിക്കപ്പെട്ടിരിക്കുന്നത്, പലരാലും ശക്തിയായി അധിക്ഷേപിക്കപ്പെട്ടത്."

ക്രൈസ്തവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന വിധത്തിലുള്ള

www.malankaralibrary.com

ലേഖനങ്ങൾ പാഠപുസ്തകങ്ങളിൽ ചേർക്കുന്നതിന് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിനുള്ള ശക്തിയായ പ്രതിഷേധം അറിയിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ക്രൈസ്തവരുടെ ചരിത്രത്തെയും പാരമ്പര്യത്തെയും വിശ്വാസത്തെയും ആക്ഷേപിക്കുന്ന വിധത്തിലുള്ള മേൽചൂണ്ടിക്കാണിച്ച പാഠഭാഗങ്ങളും ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം എന്ന അദ്ധ്യായവും നീക്കം ചെയ്ത് ക്രൈസ്തവരുടെ വികാരങ്ങളെ മാനിക്കുവാൻ ബഹു. കേരളാ ഗവൺമെന്റ് അടിയന്തിരവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കണമെന്ന് ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ കാലങ്ങളിൽ ഒരു വിജിലൻസ് ഗ്രൂപ്പുപോലെ കത്തോലിക്കാ കോൺഗ്രസ്സ് ഈ രംഗത്ത് പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളത് ഈ നിവേദന സമർപ്പണത്തിൽ നിന്നും വ്യക്തമാകും. പാഠപുസ്തകങ്ങളെപ്പറ്റി പഠിക്കുവാൻ, നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ മറ്റൊരു വേദിയും നമ്മുടെ സമൂഹത്തിലില്ലായെന്ന കാര്യവും ഇവിടെ പ്രസക്തമാണ്. കത്തോലിക്കാ കോൺഗ്രസ്സ് മാത്രമാണ് ഈ രംഗത്ത് പ്രവർത്തിച്ചിട്ടുള്ളത്. ★

**ലിസ്റ്റ് തുടർച്ച ...**

| | |
|---|---|
| ഫാ. ജേക്കബ്ബ്, മണ്ണനാൽ | കെ.സി. ചാണ്ടി കോട്ടവാതുക്കൽ |
| ഫാ. ജോസഫ് വടക്കൻ | പി. ജെ. സെബാസ്റ്റ്യൻ |
| ആനിമസ്ക്രീൻ | മാത്യു, മണിയങ്ങാടൻ |
| അക്കാമ്മ ചെറിയാൻ | അഡ്വ. ജോസഫ് മാളിയേക്കൽ |
| ആനി തയ്യിൽ | ചെറിയാൻ കാപ്പൻ |
| ത്രേസ്യാമ്മ കോര | അഡ്വ. ഇ. എം. ജോസഫ് |
| സി.ആർ. ഇയ്യുണ്ണി | ജോസഫ്, ചാഴികാടൻ |
| എ. ജെ. ജോൺ | എം. സി. ഏബ്രഹാം |
| സി. എ. ഔസേഫ് | ഷെവ. ഇ. പി. വർഗീസ് |
| പി. ടി. ചാക്കോ | ഷെവ. ജോസഫ്, വിതയ്ക്കൽ |
| കെ. എം. കോര | ജോർജ്ജ് ജോസഫ്, വിതയത്തിൽ |
| കെ. എം. ജോർജ്ജ് | ഏബ്രഹാം, അമ്പലത്തുങ്കൽ |
| റ്റി. എ. തൊമ്മൻ | സി. ജി. വർഗീസ്, ആലപ്പുഴ |
| പ്രൊഫ. കെ. എം. ചാണ്ടി | ഏ. ഒ. ജോസഫ് |
| ഗ്രിഗറി കണ്ടങ്കരി | എം. ഒ. ജോസഫ് നെടുങ്കുന്നം |
| തോമസ് ജോൺ | സിറിയക് കണ്ടത്തിൽ |
| ആർ. വി. തോമസ് | എൻ. എക്സ് ചെറിയാൻ |
| എ. സി. കുര്യാക്കോസ് | ഷെവ. ടി. ജെ. മാത്യു |

(ലിസ്റ്റ് 120-ാം പേജിൽ തുടരുന്നു)

www.malankaralibrary.com

# 21. അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയും നേത്രചികിത്സാ ബിരുദാനന്തര കോഴ്സും

അങ്കമാലി ലിറ്റിൽഫ്ളവർ ആശുപത്രിയിൽ നേത്രചികിത്സയുടെ ബിരുദാനന്തര കോഴ്സ് 1984-ൽ ആരംഭിച്ചപ്പോൾ അതിനെതിരെ മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ ആരംഭിച്ച സമരം അക്രമത്തിലേയ്ക്ക് നീങ്ങിയപ്പോൾ സർക്കാർ നൽകിയ അനുവാദം ചില സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച് ഇല്ലാതാക്കി. വിദ്യാർത്ഥി യുവജനപ്രസ്ഥാനങ്ങളും രാഷ്ട്രീയ കക്ഷികളും ലിറ്റിൽ ഫ്ളവർ ആശുപത്രിക്ക് എതിരായിരുന്നു. കേരളത്തിൽ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ 30 വർഷക്കാലം പുറകോട്ടടിച്ചതിന്റെ കാരണം ഈ സമീപനമാണ്. മറ്റു സംസ്ഥാനങ്ങൾ ഇതിൽ നിന്ന് മുതലെടുക്കുകയും നമ്മുടെ വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിന് അവർക്ക് അവസരമൊരുക്കി കൊടുക്കുകയും ചെയ്തു. "കുടിക്കാത്തവൻ കുടിച്ചപ്പോൾ കുടത്തോടെ" എന്നുപറഞ്ഞതുപോലെ ഇപ്പോൾ ഭരണകക്ഷികൾ സ്വാശ്രയ കോളേജുകൾ ആരംഭിക്കുവാൻ സമ്മതിച്ചു. എന്നാൽ അവരുടെ സ്വാശ്രയ കോളേജുകളോടുള്ള സമീപനം പഴയതുതന്നെ എന്നതിന് തെളിവാണ് ഈയടുത്ത കാലത്ത് നടന്ന സംഭവവികാസങ്ങൾ. അങ്കമാലി പ്രശ്നം വന്നപ്പോൾ 1984 സെപ്റ്റംബർ ലക്കം എ.കെ.സി.സി. ബുള്ളറ്റിനിൽ പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗത്തിലെ പ്രസക്തഭാഗം താഴെ ചേർക്കുന്നു.

"ഇന്ത്യയിലെ ഏറ്റവും സുസജ്ജമായ നേത്രാശുപത്രിയാണ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എല്ലാ രാഷ്ട്രീയ കക്ഷികളിലുംപെട്ട, എല്ലാ ജാതിയിലുംപെട്ട ആളുകൾ ഈ ആശുപത്രിയിൽവന്ന് നേത്രരോഗ ചികിത്സ നടത്തുന്നുണ്ട്. സോഷ്യലിസ്റ്റുകളും, മാർക്സിസ്റ്റുകളും, ദേശസാൽക്കരവാദികളും എല്ലാം അതിൽപ്പെടും. അങ്കമാലി ആശുപത്രിയിൽ ഇന്നുള്ള സൗകര്യം കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ട് നേത്രചികിത്സയുടെ ബിരുദാനന്തര കോഴ്സ് നടത്താൻ അധികൃതർ തയ്യാറായി. മറ്റുപല ആശുപത്രികളും ഇതിന് തയ്യാറായി. മെഡിക്കൽ കൗൺസിൽ വേണ്ടത്ര പഠനം നടത്തിയശേഷം അങ്കമാലി ആശുപത്രിയിൽ ബിരുദാനന്തര കോഴ്സ് നടത്തുവാൻ മാത്രം അനുവാദം നൽകി. കേരളാ ഗവൺമെന്റും അതിന് പച്ചക്കൊടി കാട്ടി. ഇതിനെതിരെ മെഡിക്കൽ വിദ്യാർത്ഥികൾ ആരംഭിച്ച സമരം കേരളത്തിൽ വ്യാപകമായി പടർന്നു പിടിച്ചു. മിക്ക രാഷ്ട്രീയകക്ഷികളുടെയും

www.malankaralibrary.com

വിദ്യാർത്ഥി യുവജനവിഭാഗങ്ങൾ സമരരംഗത്ത് എത്തി. മെഡിക്കൽ കോളേജുകൾ അടച്ചിടേണ്ടിയും വന്നു. ഗവൺമെന്റ് ചില സാങ്കേതിക തടസ്സങ്ങൾ പറഞ്ഞ് നേത്രചികിത്സാ ബിരുദാനന്തര കോഴ്സ് ആരംഭിക്കുവാനുള്ള സാഹചര്യം ഇല്ലാതാക്കുകയും ചെയ്തു.

തമിഴ്നാട്ടിലും കർണ്ണാടകത്തിലും ആന്ധ്രായിലും മെഡിക്കൽ കോളേജുകളും എൻജിനീയറിംഗ് കോളേജുകളും സ്വകാര്യമേഖലയിൽ ധാരാളം അനുവദിക്കുന്നുണ്ട്. അതിനെതിരെ പോരാടുവാൻ രാഷ്ട്രീയ പാർട്ടികളുടെ വിദ്യാർത്ഥി യുവജനവിഭാഗങ്ങളും തയ്യാറാകാതെ കേരളത്തിൽ മാത്രം പ്രതിഷേധശബ്ദം പുറപ്പെടുവിക്കുന്നതിന്റെ അർത്ഥം എന്താണ്. തൃശ്ശൂർ സ്വകാര്യമേഖലയിൽ എങ്കിലും ഒരു മെഡിക്കൽ കോളേജ് അനുവദിക്കുവാൻ മെമ്മോറാണ്ടം സമർപ്പിച്ചവരും ഇന്ന് അങ്കമാലിയിൽ നേത്രചികിത്സാ ബിരുദാനന്തര കോഴ്സ് അനുവദിച്ചതിനെ എതിർക്കുന്നുണ്ടെന്നുള്ളതാണ് പരമാർത്ഥം.

ലോകത്തിലെ അന്ധരിൽ മൂന്നിൽ ഒന്നുഭാഗവും ഇന്ത്യയിലാണ്. ശരിയായ സാങ്കേതിക ജ്ഞാനവും സൗകര്യവും ഉണ്ടെങ്കിൽ ഇവിടുത്തെ അന്ധരിൽ ബഹുഭൂരിപക്ഷം പേർക്കും കാഴ്ച തിരിച്ചുകിട്ടും. എന്നാൽ നമ്മുടെ ആരോഗ്യ വകുപ്പിന് അതിനുള്ള ശേഷിയില്ല. ഈ സാഹചര്യത്തിൽ സ്വകാര്യമേഖലയെ ആശ്രയിക്കുക മാത്രമാണ് ഏക പോംവഴി.

അങ്കമാലി ആശുപത്രിയിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നേത്രചികിത്സാരംഗത്ത് കൂടുതൽ വിദഗ്ദ്ധന്മാരെ സൃഷ്ടിക്കുവാൻ ഗവൺമെന്റ് മുൻകൈയ്യെടുക്കണം. അപ്രകാരം ഒരു നിലപാടെടുക്കാൻ ഗവൺമെന്റിൽ ജനങ്ങൾ സമ്മർദ്ദം ചെലുത്തണം."

കേരളത്തിന്റെ വിഭവശേഷി പ്രയോജനപ്പെടുത്തി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി ആരോഗ്യരംഗം ഫലപ്രദമാക്കുവാൻ ശ്രമിക്കുന്നതിനു പകരം എല്ലാം തച്ചുടക്കുവാനുള്ള നീക്കമാണ് കേരളത്തിൽ എന്നും നടക്കുന്നത്. ഇതിൽ കമ്മ്യൂണിസ്റ്റുകാരും കോൺഗ്രസ്സുകാരുമെല്ലാം ഒരേ വഴിയിലൂടെയാണ് നടക്കുന്നത്. രാജ്യനന്മ ലക്ഷ്യമാക്കിയല്ല രാഷ്ട്രീയതാല്പര്യം മുൻനിർത്തിയാണ് എല്ലാവരും പ്രവർത്തിക്കുന്നത്. ഇത് ഖേദകരമാണ്.

★

www.malankaralibrary.com

# 22. സ്വാശ്രയകോളേജ് സമരം

## സ്വാശ്രയ കോളേജുകൾ - തെറ്റ് തിരുത്തൽ

1972 ലാണ് കേരളത്തെ പിടിച്ചുകുലുക്കിയ കോളേജ് വിദ്യാഭ്യാസപ്രക്ഷോഭണ നടന്നത്. സ്വകാര്യ കോളേജുകളെ നിലയ്ക്കു നിർത്തുവാൻ ഷെഡുകൾ കെട്ടി കോളേജുകൾ നടത്താൻ സർക്കാർ ശ്രമിച്ചു. സ്വകാര്യ ഏജൻസികൾ എന്നു കേൾക്കുന്നതുതന്നെ പലർക്കും അസഹ്യമായിരുന്നു. ഷെഡ് കോളേജുകളുടെ യഥാർത്ഥ ഉപജ്ഞാതാവ് 2003-ലെ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി ആയിരുന്നു. 1972 – ലെ ആന്റണിയല്ല ഇന്നത്തെ ആന്റണി എന്ന് തോന്നിക്കത്തക്കവിധത്തിലായിരുന്നു മുഖ്യമന്ത്രി ആന്റണിയുടെ പ്രസ്താവനകൾ. സ്വകാര്യ കോളേജുകളും സ്വാശ്രയ കോളേജുകളും ചോദിച്ചിടത്തോളം കൊടുത്തപ്പോൾ ആന്റണിയുടെ നയത്തിൽ വലിയ മാറ്റം വന്നുവെന്ന് ജനം വിചാരിച്ചു.

നാടുനീളെ സ്വാശ്രയ കോളേജുകൾ ഉദ്ഘാടനം ചെയ്തുകൊണ്ട് ആന്റണി പറഞ്ഞു. “മറ്റ് സംസ്ഥാനങ്ങളിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വൻതോതിൽ ആരംഭിച്ചപ്പോൾ കേരളത്തിനുണ്ടാകുന്ന നഷ്ടം കണക്കിലെടുത്താണ് സംസ്ഥാനത്ത് സ്വാശ്രയ കോളേജ് ആരംഭിക്കാൻ തീരുമാനിച്ചത്. പഴയ സിദ്ധാന്തങ്ങളുടെ തടവറയിൽ നിന്നും മോചിതരായിട്ടാണ് സ്വാശ്രയ കോളേജുകൾ അനുവദിയ്ക്കുന്നതിന് തീരുമാനിച്ചത്. കഴിഞ്ഞ കാലങ്ങളിൽ നാം സ്വീകരിച്ച നയം നമ്മുടെ സംസ്ഥാനം വിദ്യാഭ്യാസ രംഗത്ത് മൂന്ന് ദശാബ്ദം പിന്നോട്ടു നീങ്ങുന്നതിനിട നൽകി. ഇത് മാറ്റത്തിന്റെ കാലഘട്ടമാണ്. ആന്റണിയുടെ ഈ വാക്കുകൾ കേട്ടപ്പോൾ ജനം കൈയ്യടിച്ചു മുഖ്യമന്ത്രിയുടെ ഈ വാക്കുകൾ ഒരിക്കലും ആത്മാർത്ഥതയോടുകൂടിയായിരുന്നില്ലെന്നും അവസരവാദപരമായിരുന്നുവെന്നും തെളിഞ്ഞു. കഴിഞ്ഞു.

സ്വാശ്രയ കോളേജുകൾ ആരംഭിച്ച് പ്രവർത്തനം തുടങ്ങുന്നതിനുമുമ്പുതന്നെ ആന്റണിയുടെ തനിനിറം വ്യക്തമാക്കി. സ്വാശ്രയ കോളേജിൽ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കൊടുക്കുമ്പോൾ 50 ശതമാനം വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുവാനുള്ള അനുവാദം സർക്കാരിന് നൽകണം എന്ന് ആന്റണി ആവശ്യപ്പെട്ടു. ചുരുക്കിപ്പറഞ്ഞാൽ 50% സീറ്റിലേക്ക് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുവാൻ സർക്കാരിനെ ഏൽപ്പിക്കണം. ഇതിനെ മാനേജ്മെന്റ് എതിർത്തു.

www.malankaralibrary.com

ഈ സന്ദർഭത്തിൽ ഇന്റർചർച്ച് കൗൺസിലിന്റെ ഔദ്യോഗിക വക്താവ് പുറപ്പെടുവിച്ച പ്രസ്താവനയിലെ ഏതാനും ഭാഗങ്ങൾ താഴെ ചേർക്കുന്നു. ഭരണഘടന ഉറപ്പുതരുന്ന അവകാശങ്ങൾക്കും ഭാരതത്തിലെ പരമോന്നത കോടതികളുടെ വിധിതീർപ്പുകൾക്കും വിരുദ്ധമായ നിലപാടകൾ സ്വീകരിക്കുന്നത് ഒരു ജനാധിപത്യസർക്കാരിന് ഭൂഷണമല്ല. കോടതി വിധികളുടെ അടിസ്ഥാനവിശകലനങ്ങൾ വായിക്കാനും മനസ്സിലാക്കാനുമുള്ള ഒരു സൗമനസ്യമെങ്കിലും സർക്കാരിന്റെ ഉന്നതതലത്തിലുള്ളവർ കാട്ടണം. ഒപ്പം മറ്റു സർക്കാരുകൾ സ്വീകരിക്കുന്ന നിലപാടുകൾ മനസ്സിലാക്കാനും തയ്യാറാകണം. അതിനുപകരം ഭീഷണിയുടെയും പ്രതികാരനടപടികളുടെയും വഴി സ്വീകരിച്ചാൽ അതിന്റെ പ്രത്യാഘാതം ഗുരുതമായിരിക്കും.

50 ശതമാനം സീറ്റ് പിടിച്ചുവാങ്ങാനുള്ള നീക്കത്തെ ഒരു വിധിയിലൂടെ തകർത്തു. അതുകൊണ്ട് ക്രൂദ്ധരായ ഗവണ്മെന്റ് പല സമ്മർദ്ദങ്ങളിലൂടെ അത് അട്ടിമറിക്കാൻ ശ്രമിച്ചു. ഇങ്ങനെ നിയമ വാഴ്ചക്കെതിരെ ഭരണാധികാരികൾ തന്നെ നീങ്ങുന്നത് ജനാധിപത്യവിശ്വാസികളെ ആശങ്കാകുലരാക്കി.

മുഖ്യമന്ത്രി എ,.കെ. ആന്റണി, സർക്കാരിന്റെ നിലപാട് അംഗീകരിക്കാത്തവർ എൻ.ഒ.സി. തിരിച്ചു നൽകി പൊയ്ക്കൊള്ളാനാണ് പറഞ്ഞത്. ഗവണ്മെന്റിന് 50 ശതമാനം സീറ്റ് വിട്ടുകൊടുത്താൽ വൻ തുക ഫീസിനത്തിൽ നഷ്ടം വരുമെന്ന് കണക്കനുസരിച്ച് സർക്കാരിനെ അറിയിച്ചു. വേണമെങ്കിൽ മറ്റു സംസ്ഥാനത്തുപോയി കോളേജ് തുടങ്ങിക്കൊള്ളനാണ് ക്ഷുബിതനായ മുഖ്യമന്ത്രി പ്രസ്താവിച്ചത്. മുഖ്യമന്ത്രിയുടെ അഹന്ത നിറഞ്ഞ ഈ വാക്കുകൾ കേട്ടാൽ കേരളം ആന്റണിയുടേതാണെന്ന് തോന്നിപ്പോകും. 1972-ൽ ഷെഡുകെട്ടാൻ തുടങ്ങിയ എ.കെ. ആന്റണി മെഡിക്കൽ കോളേജിനും, എൻജിനീയറിംഗ് കേളേജും ഷെഡ്കെട്ടി പഠിപ്പിക്കുമെന്ന് തോന്നി. കുറേകൂടി മാന്യമായി പെരുമാറാനുള്ള മനസ്ഥിതി ആന്റണിക്കുണ്ടായില്ല.

സർക്കാർ പറയുന്നത് കേട്ടില്ലെങ്കിൽ ജനങ്ങൾ ചോദിക്കുമെന്ന് ഒരു ഭീഷണിയും ആന്റണി മുഴക്കി. ഈ സന്ദർഭത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് എന്ന നിലയിൽ ഈ ലേഖകൻ പുറപ്പെടുവിച്ച പ്രസ്താവനയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

“അമ്പത് ശതമാനം മെറിറ്റ് സീറ്റ് നൽകാനാവാത്തവർ നഷ്ടവും ത്യാഗവും സഹിച്ച് സ്വാശ്രയ കോളേജുകൾ നടത്തേണ്ടതില്ലെന്ന് മുഖ്യമന്ത്രിയുടെ പ്രസ്താവന സുപ്രിം കോടതിയോടുള്ള അനാദരവാണെന്നും പഴയ സിദ്ധാന്തങ്ങളുടെ തടവറയിൽ നിന്നും മോചിതരായിട്ടാണ് സ്വാശ്രയ മെഡിക്കൽ കോളേജുകൾ അനുവദിക്കുന്നതെന്ന് നാടുനീളെ പറഞ്ഞു നടന്ന് കൈയടി വാങ്ങിയ മുഖ്യമന്ത്രി ഇപ്പോൾ ചുവടു മാറി ചുവുട്ടുന്നത് അവസരവാദപരമാണെന്നും പുഷ്പഗിരി മെഡിക്കൽ കോളേജ് മാനേജുമെന്റിന്

www.malankaralibrary.com

പിന്നിൽ സമുദായം ഉറച്ചുനിൽക്കുമെന്നും കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് ജോൺകച്ചിറമറ്റം പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

1972-ൽ ഷെഡ് കോളേജുകൾ കെട്ടി സ്വകാര്യ മേഖലയെ വിദ്യാഭ്യാസത്തിൽ നിന്നും തൂത്തെറിയാൻ ശ്രമിച്ച ആന്റണിയും കൂട്ടരും കേരളത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് 30 വർഷം പിന്നോട്ട് ഓടിക്കുകയാണ് ചെയ്തതെന്നും സമീപ സ്റ്റേറ്റുകളിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി നമ്മുടെ വിദ്യാർത്ഥികൾ പഠിക്കേണ്ടി വന്നതുമൂലം തൊള്ളായിരം കോടി രൂപായുടെ നഷ്ടമാണ് ഓരോ വർഷവും കേരളത്തിനുണ്ടാകുന്നതെന്നും കച്ചിറമറ്റം ചൂണ്ടിക്കാട്ടി.

മറ്റു സംസ്ഥാനങ്ങൾ സ്വാശ്രയ മെഡിക്കൽ കോളേജുകൾ വൻതോതിൽ ആരംഭിച്ചപ്പോൾ കേരളത്തിനുണ്ടാവുന്ന നഷ്ടം കണക്കിലെടുത്താണ് സംസ്ഥാനത്ത് സ്വാശ്രയകോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചതെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. അദ്ദേഹം ആത്മാർത്ഥതയോടെയാണ് ഇക്കാര്യം പറഞ്ഞതെങ്കിൽ സുപ്രീംകോടതിയുടെ വിധിയെമാനിക്കാൻ ആന്റണി തയ്യാറാകണം. പുഷ്പഗിരി മാനേജുമെന്റിനെ ഒറ്റപ്പെടുത്തുവാൻ സമുദായം തയ്യാറാവുകയില്ല. മാനേജുമെന്റിന് പിന്നിൽ ഉറച്ചു നിന്നുകൊണ്ട് അവകാശങ്ങൾ സംരക്ഷിക്കുമെന്ന് കച്ചിറമറ്റം പറഞ്ഞു. (ദീപികയിൽ വന്ന റിപ്പോർട്ട്)

★

**ലിസ്റ്റ് തുടർച്ച ...**

എൽ. സി. ഐസക്ക്
കെ. എം. ജോസഫ്, ദീപിക
ജെയിംസ് കെ. സി. മണിമല
ഉലഹന്നാൻ തോപ്പിൽ
ഷെവ. ജോസ് പെട്ട
കെ. ജെ. ജേക്കബ്
ബി. സി. വർഗ്ഗീസ്
വർക്കി വടക്കൻ
എം. എം. വർക്കി
ബി. വെല്ലിംഗ്ടൻ
കെ. ജെ. ചാണ്ടി
തോമസ് കാനപ്പള്ളി
കെ.റ്റി. തോമസ് കടപ്പൂരാൻ
പി.സി. എബ്രാഹം പല്ലാട്ട്കുന്നേൽ

www.malankaralibrary.com

# 23. എ.കെ.സി.യുടെ ന്യൂനപക്ഷ വർഷാചരണം

എക്കാലവും വിദ്യാഭ്യാസ അവകാശസംരക്ഷണത്തിനു വേണ്ടി പോരാടിയിട്ടുള്ള കത്തോലിക്കാ കോൺഗ്രസ്സ് സ്വാശ്രയകോളേജ് സമരത്തിലും സ്വതന്ത്രവും ധീരവുമായ നിലപാട് സ്വീകരിക്കുകയുണ്ടായി.

കോട്ടയത്തു ചേർന്ന എ.കെ.സി.സി. വർക്കിംഗ് കമ്മറ്റി 2003 ന്യൂനപക്ഷാവകാശ വർഷ.മായി ആചരിക്കുവാൻ തീരുമാനിച്ചു. അതു സംബന്ധിച്ച് അംഗീകരിച്ച പ്രമേയത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവരുടെ മതപരവും ഭാഷാപരവും മത സാംസ്ക്കാരികവുമായ മൂല്യങ്ങൾ സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും ഇന്ത്യൻ ഭരണഘടന 30-ാം വകുപ്പ് നൽകുന്ന പരിരക്ഷകളുമാണ് ന്യൂനപക്ഷാവകാശങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. തങ്ങൾക്ക് സംവരണമോ മറ്റ് ആനുകൂല്യങ്ങളെ വേണ്ടെന്നും പകരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യം മതിയെന്നുമുള്ള ക്രൈസ്തവ പ്രതിനിധികളുടെ അഭ്യർത്ഥന മാനിച്ചുകൊണ്ടാണ് ഭരണഘടനാശില്പികൾ അവർക്കുവേണ്ടി ന്യൂനപക്ഷാവകാശങ്ങൾ എഴുതിച്ചേർത്തത്. ഈ അവകാശങ്ങൾ മാറിമാറിവരുന്ന ഭരണകൂടങ്ങളുടെ താലപര്യാനുസൃതം എളുപ്പം മാറ്റിമറിക്കപ്പെടാതിരിക്കാൻ ഈ അവകാശങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ മൗലീകാവകാശങ്ങളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ന്യൂനപക്ഷവിഭാഗങ്ങളുടെ മക്കളെ അവരുടേതായ മതസാംസ്ക്കാരിക പശ്ചാത്തലത്തിൽ വളർത്താൻ വിദ്യാലയങ്ങൾ സ്ഥാപിക്കാനും അവ നടത്താനും അദ്ധ്യാപക നിയമനത്തിനും വിദ്യാർത്ഥി പ്രവേശനത്തിനുമുള്ള സമ്പൂർണ്ണ .സ്വാതന്ത്ര്യം ഉറപ്പുവരുത്തുവാനും ഭരണഘടന നൽകുന്ന പരിരക്ഷയാണ് ഈ അവകാശങ്ങൾ. ഈ അവകാശങ്ങൾ കവർന്നെടുക്കാൻ പല സന്ദർഭങ്ങളിലും സർക്കാർ ശ്രമിച്ചിട്ടുണ്ട്. ന്യൂനപക്ഷാവകാശങ്ങളുടെ അന്തഃസത്ത മനുഷ്യാവകാശങ്ങളിലും സാമൂഹിക നീതിയിലും മാനവ സമത്വത്തിലുമാണ് അടങ്ങിയിരിക്കുന്നത് എന്ന് സത്യം വിസ്മരിച്ചുകൊണ്ടാണ് ഭരണാധികാരികൾ പ്രവർത്തിക്കുന്നത്.

ഈ സാഹചര്യത്തിൽ ന്യൂനപക്ഷാവകാശങ്ങളുടെ പ്രസക്തി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനും ന്യൂനപക്ഷാവകാശങ്ങളുടെ നേർക്കുള്ള വെല്ലുവിളിയെ ഫലപ്രദമായി നേരിടുന്നതിന് ജനങ്ങളെ വിശിഷ്യ ന്യൂനപക്ഷങ്ങളെ സജ്ജമാക്കുന്നതിനുമായി 2003 ന്യൂനപക്ഷാവകാശ വർഷമായി ആചരിക്കാൻ കത്തോലിക്കാ കോൺഗ്രസ്സ് തീരുമാനിക്കുന്നു.

www.malankaralibrary.com

## ന്യൂനപക്ഷ സമുദായങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളോടുള്ള സർക്കാർ നയം അപലനീയം - ചരിത്ര സെമിനാർ

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷാവകാശങ്ങളെയും ഇന്ത്യയിലെ പരമോന്നത നീതിപീഠത്തിന്റെ കാലാകാലങ്ങളിലെ വിധിതീർപ്പുകളെയും ബോധപൂർവ്വം അവഗണിക്കുകയും ന്യൂനപക്ഷ സമുദായങ്ങളുടെ കലാലയങ്ങളുടെ പ്രവർത്തനത്തിൽ അനധികൃതമായി കൈകടത്തുവാൻ ശ്രമിക്കുകയും സ്വാതന്ത്ര്യനിഷേധങ്ങൾ നടത്തുകയും ചെയ്യുന്ന സംസ്ഥാന സർക്കാരിന്റെ പുതിയ നയപരിപാടികളിലും എസ്.ബി. കോളേജ് സെമിനാർ ഹാളിൽ (മാർ ജെയിംസ് കാളാശ്ശേരി നഗർ) എ.കെ.സി.സി.യും സെന്റർ ഫോർ സോഷ്യൽ ആക്ഷന്റെയും സംയുക്താഭിമുഖ്യത്തിൽ ചേർന്ന ചരിത്ര സെമിനാർ ഉൽക്കണ്ഠ രേഖപ്പെടുത്തി. സർക്കാരിന്റെ ഇത്തരം ശ്രമങ്ങളെ ന്യൂനപക്ഷങ്ങളുടെ ഐക്യവേദിയുണ്ടാക്കി ശക്തമായി എതിർക്കുമെന്നും യോഗം മുന്നറിയിപ്പു നൽകി. രാജ്യത്താകമാനം ന്യൂനപക്ഷങ്ങൾക്കെതിരായി നടക്കുന്ന പീഢനങ്ങളിലും ഭരണഘടന വിരുദ്ധനീക്കങ്ങളിലും യോഗം പ്രതിഷേധിച്ചു.

★

## മോൺ ഫിലിപ് ഞരളക്കാട്ട് രചിച്ച ദശവത്സര സ്മരണകളെപ്പറ്റി മാർ ജോസഫ് കല്ലറങ്ങാട്

മോൺ ഫിലിപ് ഞരളക്കാട്ട് രചിച്ച ദശവത്സര സ്മരണകൾ എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഇപ്രകാരം എഴുതിയിരിക്കുന്നു.

"സത്യത്തിന്റെ ആവിഷ്കാരമാണ് ചരിത്രം എന്ന് ഈ ഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. സത്യസന്ധമായ രീതിയിൽ ചരിത്രം രചിക്കുകയും പഠിപ്പിക്കുകയും ചെയ്യുമ്പോഴാണ് സംസ്കാരം ജനിക്കുന്നത്. തേച്ചു മിനുക്കിയെടുത്താൽ ഇന്ത്യയിലെ കല്ലുകൾ രത്നങ്ങളാവും എന്നൊരു പഴമൊഴിയുണ്ട്. സംഭവങ്ങളുടെയും വ്യക്തികളുടെയും നേർക്കുള്ള നേർക്കാഴ്ചകളിലൂടെ ഈ ഗ്രന്ഥം ഒരു രത്നാകരമായിട്ടുണ്ട്. ചരിത്രം കണക്കുകൂട്ടലിനെക്കാൾ കാഴ്ചപ്പാടുകളാണ്..... ഈ കാലഘട്ടത്തിൽ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ അനുഭവപ്പെട്ട പ്രതിസന്ധികളിലേയ്ക്ക് വലിയ വെളിച്ചം വീശുന്ന ഈ ഗ്രന്ഥം മൂല്യാധിഷ്ഠിത ചിന്തകൾകൊണ്ട് നിറഞ്ഞതത്രെ! യഥാർത്ഥ ചരിത്രത്തിൽ ഭാവിയുടെ കാലൊച്ച കേൾക്കാം. മൂല്യചിന്തകളുടെ പ്രവാചക സ്വരം കേൾക്കാം.

www.malankaralibrary.com

# 24. 2003 എ.കെ.സി.സി. ന്യൂനപക്ഷാവകാശ വർഷം ആർച്ചു ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിലിന്റെ പ്രഖ്യാപനം

സുപ്രീം കോടതിയുടെ തീരുമാനം അപ്രസക്തമാക്കാനും ഭരണ ഘടനാപരമായ ദൗത്യം മറക്കാനുമുള്ള കേരള ഗവണ്മെന്റിന്റെ തീരുമാനം പ്രതിഷേധാർഹം. ന്യൂനപക്ഷ സമൂഹങ്ങൾ ഒറ്റക്കെട്ടായി അവകാശ സംരക്ഷണത്തിനായി യത്നിക്കണം.

ചങ്ങനാശ്ശേരി ജൂൺ 27

ന്യൂനപക്ഷാവകാശങ്ങളുടെ പ്രസക്തിയെപ്പറ്റിയും ആ അവകാശം സംരക്ഷിക്കപ്പെടുന്നതിന് സമൂഹം ഒറ്റക്കെട്ടായി നിലനിൽക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ജനങ്ങളെ ബോദ്ധ്യപ്പെടുത്താനായി 2003 എ.കെ.സി.സി. ന്യൂനപക്ഷാവകാശ വർഷമായി ആചരിക്കുവാൻ തീരുമാനിച്ചത് സമുചിമാണെന്നും 2003-എ.കെ.സി.സി. ന്യൂനപക്ഷാവകാശ വർഷമായി പ്രഖ്യാപിക്കുവാൻ തിനിക്കതിയായ സന്തോഷവും അഭിമാനവുമുണ്ടെന്നും ഇന്റർ ചർച്ച് കൗൺസിൽഫോർ എഡ്യൂക്കേഷന്റെ ചെയർമാനും ചങ്ങനാശ്ശേരി അതിരൂപതാ അദ്ധ്യക്ഷനുമായ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ ഇന്നിവിടെ വച്ച് പ്രസ്താവിച്ചിരിക്കുന്നു.

അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെയും എസ്സ്.ബി. കോളേജ് സെന്റർ ഫോർ സോഷ്യൽ ആക്ഷന്റെയും ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരി എസ്സ്.ബി. കോളേജിൽ മാർ കാളാശ്ശേരി നഗറിൽ നടന്ന ചരിത്ര സെമിനാറിൽവെച്ച് 2003 എ.കെ.സി.സി. ന്യൂനപക്ഷാവകാശ വർഷമായി പ്രഖ്യാപിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു തിരുമേനി. ഈയടുത്ത കാലത്ത് കേരളത്തിന്റെ ഭരണാധികാരികളും രാഷ്ട്രീയ നേതാക്കളും വിദ്യാഭ്യാസ രംഗത്തെപ്പറ്റി നടത്തുന്ന പ്രസ്താവനകൾ ഖേദകരമാണെന്നും ന്യൂനപക്ഷങ്ങളിൽ ഏറെ ആശങ്ക സൃഷ്ടിക്കുന്നതാണ് പ്രസ്തുത പ്രസ്താവനകളെന്നും ആർച്ച് ബിഷപ്പ് മാർ പൗവ്വത്തിൽ അഭിപ്രായപ്പെട്ടു. അദ്ദേഹം തുടർന്നു : ഇവിടെ ഭരണത്തിൽ വരുന്ന സർക്കാരുകളെല്ലാം ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കും എന്നുപറയുന്നവരാണ്. പക്ഷെ ഫലത്തിൽ എല്ലാവരും വിദ്യാഭ്യാസ രംഗത്ത് ന്യൂനപക്ഷാവകാശങ്ങൾ അവഗണിച്ചും എപ്പോഴും നിയന്ത്രിക്കണമെന്ന താൽപര്യത്തോടെയുമാണ് പ്രവർത്തിച്ചിട്ടുള്ളത്. വൻപാർട്ടികൾ എല്ലാംതന്നെ ഇപ്പോഴും കാലാഹരണപ്പെട്ട സിദ്ധാ

www.malankaralibrary.com

ന്തങ്ങളാണ് അവരുടെ നയരൂപീകരണത്തിന് അടിസ്ഥാനമാക്കുന്നത്. മനോഭാവത്തിൽ മാറ്റം വരുത്തണമെന്ന് പറയുന്നവരും വിദ്യാഭ്യാസ മേഖലയിൽ പഴയ ആശയങ്ങൾ തന്നെയാണ് ഉറപ്പിച്ചിരിക്കുന്നത്. ഇത്തരമൊരു വിഷമവൃത്തത്തിൽ നിന്നും രക്ഷപെടാൻ സാധിക്കാത്തത് ഖേദകരമാണ്. ഭാഷാമത ന്യൂനപക്ഷങ്ങൾക്കാണ് ഭരണഘടന ഇവിടെ ന്യായമായ പരിരക്ഷ നൽകിയിരിക്കുന്നത്. പരിരക്ഷ എന്നുവച്ചാൽ മറ്റുള്ളവർക്ക് ഇല്ലാത്ത അവകാശങ്ങൾ എന്നല്ല, പ്രത്യുത ന്യൂനപക്ഷങ്ങൾ ഭൂരിപക്ഷാഭിപ്രായത്തിന്റെ ഗതിവിഗതികൾക്കടിപ്പെട്ട് ഞെരുക്കപ്പെടരുതെന്നാണ് അർത്ഥമാക്കുന്നത്. ഭൂരിപക്ഷത്തിന് സ്വേഛപോലെ നിയമങ്ങളുണ്ടാക്കാം. സംവിധാനങ്ങൾ രൂപപ്പെടുത്താം. ന്യൂനപക്ഷങ്ങളുടെ നിലനിൽപ്പിനെ കണക്കിലെടുക്കാതെ അവർ പ്രവർത്തിച്ചുവെന്നുവരാം. അത് സംഭവിക്കാതിരിക്കുന്നതിനാണ് ന്യൂനപക്ഷാവകാശങ്ങളിൽ കൈകടത്തരുതെന്ന് ഭരണഘടന വ്യവസ്ഥ ചെയ്യുന്നത്. ഇത് എല്ലാ വിഭാഗങ്ങൾക്കും തുല്യത നൽകുവാനും അവസരമത്വം ഉണ്ടാക്കുവാനുമാണ്.

ഭാഷാന്യൂനപക്ഷങ്ങളുടെ കാര്യമെടുത്തുകാണിച്ചുകൊണ്ട് മാർ പൗവ്വത്തിൽ വിശദീകരിച്ചു. കേരളത്തിൽ ചില ഭാഗങ്ങളിൽ മാത്രമാണ് തമിഴ് ന്യൂനപക്ഷങ്ങളുള്ളത്. അവരുടെ കാര്യം പാടെ അവഗണിച്ചുകൊണ്ട് സർക്കാർ മുന്നോട്ടുപോയെന്നുവരാം. അത് സംഭവിക്കാതിരിക്കുന്നതിനാണ് കുട്ടികൾക്കുവേണ്ടി വിദ്യാലയങ്ങൾ സ്ഥാപിക്കാനും നടത്താനുമുള്ള അവകാശം അവർക്കുനൽകുന്നത്. അതില്ലെങ്കിൽ അവർ നിർബന്ധമായും തമിഴ് ഉപേക്ഷിച്ച് മലയാളം ഉപയോഗിക്കുന്നവർ മാത്രമാകും. അത് എല്ലാ വിഭാഗങ്ങൾക്കുമുള്ള തുല്യനീതിയാണ്. ഭൂരിപക്ഷത്തിനില്ലാത്ത ഒരവകാശം തമിഴർക്കു നൽകുന്നതല്ല. ഭാഷാധിഷ്ഠിത സംസ്ഥാനങ്ങളിൽ പോലും മറ്റു ഭാഷാവിഭാഗങ്ങളിൽപ്പെട്ടവർ ചിതറി കിടപ്പുണ്ട്. അവരെയെല്ലാം ഒരേ ഭാഷാസംസ്ഥാനത്തിൽ ഒതുക്കി നിറുത്തുവാൻ സാധിക്കുകയില്ല. അതുകൊണ്ട് അവർ ജീവിക്കുന്ന സംസ്ഥാനങ്ങളിൽ അവർക്ക് സ്വാതന്ത്ര്യമുണ്ടാകണം. സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണം. അല്ലാതെയുള്ള ദേശീയത ഫാസിസമാണ്.

മതന്യൂനപക്ഷങ്ങൾക്ക് അവരുടേതായിട്ടുള്ള പ്രത്യേകതകളുണ്ടെന്നും അതുകൂടാതെ അവർക്ക് നിലനിൽപ്പില്ലെന്നും, വിശ്വാസം ധാർമ്മികത തുടങ്ങിയ കാര്യങ്ങൾ ജീവിതത്തെ മുഴുവൻ ബാധിക്കുന്നവയാണെന്നും ഇത്തരം കാര്യങ്ങളിൽ താല്പര്യമില്ലാത്തവർക്ക് അവ അപ്രധാനമായിരിക്കാമെന്നും മാർ പൗവ്വത്തിൽ തുടർന്നു പ്രസ്താവിച്ചു. പക്ഷെ മതവിശ്വാസികളെ പ്രത്യേകിച്ചും മുസ്ലിംങ്ങളെയും ക്രിസ്ത്യാനുകളെയും സംബന്ധിച്ചിടത്തോളം അവരുടെ വിശ്വാസ സംഹിതയും ധാർമ്മിക നിയമങ്ങളും വളർന്നു വരുന്ന തലമുറയ്ക്ക് ഈ പ്രത്യേകതകൾക്ക് കെടുതി വരാത്തരീതിയിൽ വിദ്യാഭ്യാസം

www.malankaralibrary.com

നൽകുവാനുള്ള കടമയും അതോടൊപ്പം അവകാശവും മതന്യൂനപക്ഷങ്ങളെ സംബന്ധിച്ച സുപ്രധാനമാണെന്ന കാര്യം തിരുമേനി ഓർമ്മിച്ചു.

ശാസ്ത്ര സാങ്കേതിക പഠനങ്ങളിലും ഈ കാര്യങ്ങൾക്ക് പ്രാധാന്യമുണ്ടെന്ന സത്യം ഗുജറാത്തിൽ സെന്റ് സേവിയേഴ്സ് കോളേജ് കേസിൽ സുപ്രീം കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്. ഭൂരിപക്ഷത്തിന്റെ ജീവിത ദർശനവും ധാരണകളുമായിരിക്കും പൊതുവിൽ സമൂഹത്തിൽ നിലനിൽക്കുക. അതുകൊണ്ടാണ് ഉന്നതവിദ്യാഭ്യാസ രംഗത്തും ന്യൂനപക്ഷങ്ങൾക്കുള്ള പരിരക്ഷ നിലനിൽക്കേണ്ടതാണെന്ന് സുപ്രീംകോടതി പ്രഖ്യാപിച്ചത്. വിദ്യാലയനടത്തിപ്പിനുള്ള ന്യൂനപക്ഷാവകാശങ്ങളുടെ പരിരക്ഷ രണ്ടുമൂന്നു സുപ്രധാന കാര്യങ്ങൾ ഉൾക്കൊള്ളേണ്ടതാണ്. (1) വിദ്യാലയങ്ങൾ സ്ഥാപിക്കാനും നടത്താനുമുള്ള അവകാശം (2) കുട്ടികളുടെ പ്രവേശനം (3) അദ്ധ്യാപക നിയമനം. ഇതിൽ വിദ്യാലയങ്ങൾ സ്ഥാപിക്കാനുള്ള അവകാശം നിഷേധിക്കുക നഗ്നമായ ഭരണഘടനാലംഘനമാകുമെന്നുള്ളതുകൊണ്ടാണ് പല പാർട്ടികളും അതിനുമുതിരാത്തതെന്ന് തോന്നിപ്പോകുന്നു. പക്ഷെ പല ന്യായങ്ങൾ പറഞ്ഞ്, വിദ്യാലയങ്ങൾ സ്ഥാപിക്കാനുള്ള അവകാശങ്ങൾ കടുത്ത വ്യവസ്ഥകൾക്ക് വിധേയമാക്കി നടത്തിപ്പുകൾക്ക് അസാധ്യമാക്കി തീർക്കുന്ന സമീപനമാണ് പല അധികാരികളും കൈക്കൊണ്ടിരിക്കുന്നത്. ഫീസിന്റെ കാര്യത്തിലും മറ്റും വക്കുന്ന നിബന്ധനകൾ ഈ മനോഭാവത്തിൽ നിന്നു വരുന്നതാണ്. രണ്ടാമത് കുട്ടികളുടെ പ്രവേശനത്തിലുള്ള സ്വാതന്ത്ര്യമാണ്. ന്യൂനപക്ഷവിഭാഗത്തിലെ അർഹരായ എല്ലാ കുട്ടികൾക്കും പ്രവേശനം നൽകുവാൻ ന്യൂനപക്ഷവിദ്യാലയങ്ങൾക്ക് കഴിയേണ്ടതാണ്. മെരിറ്റ് അടിസ്ഥാനം മാത്രമെടുത്താൽ ഇത് സാദ്ധ്യമായി എന്നുവരില്ല. ഒരു മിനിമം മാർക്ക് അടിസ്ഥാനമാക്കാവുന്നതാണ്. പക്ഷെ ന്യൂനപക്ഷവിഭാഗക്കാർക്ക് തങ്ങൾ സ്ഥാപിച്ചുനടത്തുന്ന വിദ്യാലയങ്ങളിൽ പ്രവേശനം നൽകാൻ കഴിയുന്നില്ലെങ്കിൽ വിദ്യാലയ നടത്തിപ്പ് അർത്ഥമില്ലാത്തതായി തീരും.

കേവലം മാർക്കിന്റെ അടിസ്ഥാനം സാമൂഹ്യനീതി ഉറപ്പിക്കാൻ മതിയാവുകയില്ല. മറ്റുമാനദണ്ഡങ്ങളും കണക്കിലെടുത്താലേ അതു സാധിക്കുകയുള്ളു. അതിനാൽ വ്യക്തമായ മാനദണ്ഡങ്ങൾ ന്യൂനപക്ഷ വിദ്യാലയങ്ങൾക്കുണ്ടാക്കാവുന്നതാണ് എന്ന കാര്യവും സുപ്രീംകോടതി അംഗീകരിച്ചുള്ളതാണ്. സാമൂഹ്യനീതി സാധ്യമാക്കാൻ ആവശ്യമായ ഇത്തരം മാനദണ്ഡങ്ങൾ രൂപപ്പെടുത്താൻ തന്നെയാണ് ഇവിടെ ന്യൂനപക്ഷങ്ങൾ തീരുമാനിച്ചിട്ടുള്ളത്.

സർക്കാർ വിദ്യാലയങ്ങൾ പൊതുമുതൽമുടക്കി എല്ലാവർക്കുമായി നടത്തുന്ന വിദ്യാലയങ്ങളാണ്. അവയിൽ ഇപ്പറഞ്ഞ ശതമാനമൊക്കെവെക്കുന്നതിൽ ന്യായമുണ്ട്. പക്ഷെ അതിലേറെ അവിടെ സൗകര്യങ്ങൾ ഉണ്ടാക്കാനും പഠനനിലവാരവും കാര്യക്ഷമതയും ഉയർത്തുവാനും സർക്കാർ

www.malankaralibrary.com

ശ്രമിക്കേണ്ടതാണ്. നിയന്ത്രണം മാത്രം ലക്ഷ്യമാക്കുമ്പോൾ നേരിടുന്ന പരാജയമാണ് ഇന്ന് സർക്കാർ നേരിടുന്നത്.

എയ്ഡഡ് വിദ്യാലയങ്ങളാണ് മൊത്തം സ്ഥാപനങ്ങളിൽ ഗണ്യമായ ഒരു വിഭാഗം. അധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതുകൊണ്ട് ഈ മേഖലയും തങ്ങളുടെ കൈയിൽ ഒതുങ്ങണമെന്ന വാശിയിലാണ്. പല പാർട്ടികളും. അധ്യാപകർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ നിശ്ചയിക്കുകയും സേവന വേതന വ്യവസ്ഥകൾ ക്രമീകരിക്കുകയും പാഠ്യപദ്ധതി രൂപപ്പെടുത്തുകയുമെല്ലാം ചെയ്യുന്നതിനു നീതികരണമുണ്ട്. എന്നാൽ ഭീമമായ മുതൽമുടക്കിയാണ് ഈ സ്ഥാപനങ്ങൾ ചില വിഭാഗങ്ങളും വ്യക്തികളും നടത്തുന്നത്. അതവർ ചെയ്യുന്നത് തങ്ങളുടെ വിഭാഗത്തിന്റെ പ്രത്യേകതകൾ സംരക്ഷിക്കുന്നതിനും നിലനൽപ്പിനുമെല്ലാമായിട്ടാണ്. അതെല്ലാം പാടേ അവഗണിച്ചുകൊണ്ട് ഇത്തരം വിദ്യാലയങ്ങൾക്ക് ഭരണഘടന നൽകുന്ന പരിരക്ഷ മറികടക്കാനുള്ള ശ്രമം നിർഭാഗ്യകരമാണ്.

എയ്ഡഡ് സ്ഥാപനങ്ങളാകുന്നതുകൊണ്ട് ന്യൂനപക്ഷാവകാശം ഇല്ലാതാകുന്നില്ല. ന്യൂനപക്ഷവിഭാഗത്തിലെ കുട്ടികളെ പ്രവേശിപ്പിക്കാനുള്ള അവകാശം നഷ്ടപ്പെടുന്നില്ല എന്ന് നാലാം ചോദ്യത്തിനുത്തരമായി കോടതി പ്രഖ്യാപിച്ചിട്ടുണ്ട്. ന്യൂനപക്ഷാവകാശത്തിനു കേടില്ലാതെ മറ്റു മതവിഭാഗങ്ങളിൽ നിന്നും വരുന്നവർക്ക് ന്യായമായ ഒരു പങ്കു നൽകണമെന്നു പറയുന്നുണ്ട്. പക്ഷേ അത് ഒരു നിശ്ചിത ശതമാനം വ്യത്യസ്തമായിരിക്കുമെന്നതാണ് കോടതി പറഞ്ഞുവച്ചിട്ടുള്ളത്. അതുകൊണ്ട് സംസ്ഥാനത്തിനു മുഴുവൻ ഒരു വ്യവസ്ഥ ന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങൾ അവഗണിച്ചുകൊണ്ട് പൊതുവായി നിശ്ചയിച്ചിരിക്കുന്നതു ശരിയല്ല, അനീതിയുമാണ്. പ്രവേശനപരീക്ഷയുടെ മാനദണ്ഡം പ്രവേശനത്തിനു ബാധകമായേക്കാമെങ്കിലും ന്യൂനപക്ഷവിദ്യാലയങ്ങൾക്ക് അവരുടേതായ പ്രവേശനക്രമം പാലിക്കാമെന്നുമാണ് കോടതിയുടെ തീരുമാനം.

സ്വാശ്രയരീതിയിൽ നടത്തുന്ന വിദ്യാലയങ്ങളാണ് ഇന്ന് ഏറെ ചർച്ചയ്ക്ക് വിഷയമാകുന്നത്. ഇക്കാര്യത്തിൽ സുപ്രീംകോടതി വളരെ വ്യക്തമായ മാർഗനിർദ്ദേശം നൽകുന്നുണ്ട്. ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ നിയന്ത്രണം കഴിയുന്നത്ര കുറഞ്ഞിരിക്കണമെന്നുതന്നെയാണ് കോടതിയുടെ ഖണ്ഡിതമായ നിർദ്ദേശം. സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാലയപ്രവേശനത്തെ സംബന്ധിച്ച് സുപ്രീംകോടതിയുടെ വളരെ വ്യക്തമായ തീരുമാനമുണ്ട്. ഈ വിഭാഗത്തിൽ കൈവയ്ക്കരുതെന്നാണ് നരിമാൻ, കേളുനായർ തുടങ്ങിയ അഭിഭാഷകർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

ഈ അവകാശം ന്യൂനപക്ഷവിദ്യാലയങ്ങൾക്കുള്ളതുകൊണ്ട് മറ്റു സമുദായക്കാർക്ക് പ്രവേശനം നിഷേധിക്കുന്ന അനുഭവം കേരളത്തിലില്ല. നൂറു ശമാനവും ന്യൂനപക്ഷ വിദ്യാർത്ഥികൾ മാത്രം പഠിക്കുന്ന ഏതു വിദ്യാലയ

www.malankaralibrary.com

മാണ് നമ്മുടെ നാട്ടിൽ? അതുകൊണ്ട് അഡ്മിഷൻ നൽകാനുള്ള അവകാശം എടുത്തുകളയണമെന്നു പറയുന്നതിനു പിന്നിൽ മറ്റുദുരുദ്ദേശങ്ങൾ ഉണ്ടാവാം. രാഷ്ട്രീയ സാമുദായിക താൽപര്യങ്ങളുമുണ്ടായിരിക്കാം. ഒരു ഗവണ്മെന്റും വിദ്യാലയത്തിനു പകരം രണ്ടു സ്വാശ്രയ വിദ്യാലയങ്ങൾ ഉപകരിക്കണമെന്നും പറയുന്നത് വിവേക ശൂന്യമാണ്, അടിച്ചേൽപ്പിക്കലാണ്. ന്യൂനപക്ഷവിദ്യാലയങ്ങൾ മറ്റുള്ളവരെയെല്ലാം പഠിപ്പിക്കണമെന്നു പറയുന്നതിൽ യുക്തിഭംഗവുമുണ്ട്.

വിദ്യാഭ്യാസ രംഗത്ത് എന്നും താല്പര്യമെടുക്കുകയും ഏറെ ത്യാഗം സഹിച്ച് വിദ്യാലയങ്ങൾ കെട്ടിപ്പെടുക്കാൻ ശ്രമിക്കുകയും ചെയ്ത ന്യൂനപക്ഷങ്ങൾ തീർച്ചയായും സർക്കാരിനു സഹായകമായിട്ടുണ്ട്. പക്ഷേ അതിനു മാത്രമാണ് ന്യൂനപക്ഷവിദ്യാലയങ്ങൾ സ്ഥാപിക്കുന്നത് എന്നു പറയുന്നതു ശരിയല്ല. അങ്ങനെയൊരു നയം അടിച്ചേൽപ്പിക്കുന്നത് ന്യൂനപക്ഷ സംരക്ഷണവുമല്ല.

ഫ്രീ സീറ്റ്, കമ്മ്യൂണിറ്റി സീറ്റ് എന്നെല്ലാമുള്ള തരംതിരിവിന്റെ കാര്യമില്ല. ഫ്രീ സീറ്റിൽ നാമമാത്രമായ ഫീസ് വാങ്ങിയിട്ട് മറ്റുള്ള ന്യൂനപക്ഷ വിദ്യാർത്ഥികളിൽനിന്ന് ദുർവഹമായ ഫീസു വാങ്ങണമെന്നു നിശ്ചയിച്ചാൽ പല വിദ്യാലയങ്ങളും നിർത്തേണ്ടതായി വരും. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ലോൺ, സബ്സിഡി മുതലായവ നൽകുവാൻ സർക്കാരിന് ചുമതലയുണ്ട് എന്ന കാര്യംവിസ്മരിക്കരുത്. സാമ്പത്തികവും സാമുദായികവുമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകേണ്ടത് പൊതുമുതലിൽ നിന്നാണ്. സർക്കാരിൽ നിന്നാണ്. എല്ലാവർക്കും ഫീസ് കുറച്ചു നൽകാൻ സർക്കാർ വിദ്യാലയങ്ങൾക്കേ കഴിയൂ. സ്വാശ്രയവിദ്യാലയങ്ങൾ നടത്തിക്കൊണ്ടുപോകുവാനുള്ള ഫീസുപോലും വയ്ക്കാതെ ഭാരമെല്ലാം മാനേജുമെന്റുകൾ വഹിക്കണമെന്നു പറയുന്നത് ദുരുപദിഷ്ടമാണെന്ന് പറയേണ്ടിയിരിക്കുന്നു. ഇതിനുവേണ്ടി ചില സംഘടനകൾ സമരരംഗത്തിറങ്ങിയിരിക്കുന്നത് തീർത്തും നിർഭാഗ്യകരമാണ്.

അദ്ധ്യാപക നിയമനമാണ് മൂന്നാമത്തെ ഘടകം ഇതേക്കുറിച്ച് ഏറെ ചർച്ച ചെയ്യപ്പെട്ടതായതുകൊണ്ട് വളരെ ഹ്രസ്വമായ ഒരു പരാമർശനമേ നടത്തുന്നുള്ളു. ന്യൂനപക്ഷ വിദ്യാലയങ്ങളുടെ ലക്ഷ്യപ്രാപ്തിക്ക് അദ്ധ്യാപകരെ തിരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യമില്ലെങ്കിൽ വിദ്യാലയങ്ങൾ നടത്തുന്നതിൽ അർത്ഥമില്ല. തമിഴ് ന്യൂനപക്ഷത്തെ പഠിപ്പിക്കുവാനുള്ള വിദ്യാലയങ്ങളിൽ തമിഴ് ഭാഷയേയും തമിഴിന്റെ സവിശേഷതകളെയും പറ്റി അറിവില്ലാത്തവരെ വച്ചാൽ ആ വിദ്യാലയങ്ങൾകൊണ്ട് തമിഴ് ഭാഷക്കാർക്ക് എന്ത് പ്രയോജനമാണുള്ളത്? ഇതിനു സമാന്തമായ സ്ഥിതിവിശേഷമാണ് മത ന്യൂനപക്ഷങ്ങളുടെ വിശ്വാസമറിയാത്തവരെയും അവരുടെ പ്രത്യേകമായ സംസ്ക്കാരത്തെയും കുറിച്ച് വിവേകമില്ലാത്തവരെയും വച്ചാൽ ഉണ്ടാകുന്ന

www.malankaralibrary.com

ത്. അദ്ധ്യാപകരുടെ യോഗ്യതകളും മറ്റും നിശ്ചയിക്കാൻ സർക്കാരിനവകാശമുണ്ടായിരിക്കാം. പക്ഷെ നിയമനസ്വാതന്ത്ര്യത്തിൽ കൈകടത്തുന്നത് ഭരണഘടനാവിരുദ്ധമാണെന്നുമാത്രം ചുരുക്കത്തിൽ പറയട്ടേ.

ന്യൂനപക്ഷാവകാശങ്ങൾ പരിരക്ഷിക്കുകയെന്ന ഭരണഘടനാപരമായ ദൗത്യത്തിനു ചേരാത്ത രീതിയിൽ പല രാഷ്ട്രീയ നേതാക്കളും പാർട്ടികളും ചിന്തിക്കുന്നത് ന്യൂനപക്ഷങ്ങളിൽ സംഭീതി ഉളവാക്കുക തന്നെ ചെയ്യും. റിസർവേഷൻ തുടങ്ങിയ പ്രത്യേകവകാശങ്ങളൊന്നും ഉന്നയിക്കാതെ എല്ലാവർക്കുമുള്ള വിദ്യാഭ്യാസ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണമെന്നും ചിന്തിച്ച ക്രൈസ്തവ സമൂഹത്തിന് ഇത് ഏറെ ബുദ്ധിമുട്ടുളവാക്കുകയാണ്. ന്യൂനപക്ഷത്തിന്റെ ഭദ്രത രാജ്യത്തിന്റെ സുസ്ഥിതിക്ക് ആവശ്യമാണെന്നകാര്യം എല്ലാവരും വിസ്മരിച്ചിരിക്കുകയാണോ?

വളരെ ഗാഢമായി ചിന്തിച്ചശേഷം സുപ്രിംകോടതി നൽകിയ വിധി തീർപ്പും അപ്രസക്തമാക്കാനാണോ ഇവിടുത്തെ രാഷ്ട്രീയ പാർട്ടികളുടെ ശ്രമം. കേവലം താൽക്കാലിക രാഷ്ട്രീയനേട്ടങ്ങൾക്കതീതമായി കൂടുതൽ ജനായത്തപരമായ മനോഭാവം രാഷ്ട്രീനേതാക്കന്മാർക്കുണ്ടാകുമെന്നു പ്രത്യാശിക്കട്ടെ.

★

## ദശവത്സര സ്മരണകളെപ്പറ്റി
## മാർ ജേക്കബ്ബ് മുരിക്കൻ

ഈ ഗ്രന്ഥം വെറും ചരിത്രപരമായ പ്രതിപാദ്യം മാത്രമല്ല. കാലാകാലങ്ങളിൽ കേരളത്തിലെ വിദ്യാഭ്യാസ മേഖല നേരിട്ട പ്രശ്നങ്ങളും വിശദമായി പ്രതിപാദിക്കുന്നതിനാൽ ഇതിന്റെ സാമൂഹ്യമൂല്യം പ്രത്യേകിച്ച് സ്വാശ്രയ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടത് എന്ന കാരണത്താൽ സുപ്രധാനമായിരിക്കുന്നു. ഈ കാലങ്ങളിലെല്ലാം ഈ മേഖലയിൽ ഏറ്റവും പരിചിതനും സ്വാശ്രയ വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്ന വ്യക്തിയും എന്ന നിലയിലും ആധികാരികമായ ഈ വിഷയങ്ങൾ അവതരിപ്പിക്കുന്നതിലും ബഹു. അച്ചന് വിജയിക്കുവാനായി എന്നതും ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

www.malankaralibrary.com

# 25. യു.ഡി.എഫ്. സർക്കാരിന് തിരിച്ചടി

സ്വാശ്രയകോളേജ് പ്രശ്നത്തിൽ ന്യൂനപക്ഷങ്ങളും സർക്കാരും തമ്മിൽ ഏറ്റുമുട്ടികൊണ്ടിരുന്ന സന്ദർഭത്തിലാണ് എറണാകുളം പാർലമെന്റ് തിരഞ്ഞെടുപ്പ് നടന്നത്. അതിദയനീയമായി കോൺഗ്രസ്സ് സ്ഥാനാർത്ഥി അവിടെ പരാജയപ്പെട്ടു. അതിന്റെ കാരണത്തെപ്പറ്റി ആലോചിക്കാതെയാണ് വീണ്ടും കോൺഗ്രസ്സ് പ്രചരണം നടത്തുന്നത്. ഈ തിരഞ്ഞെടുപ്പ് പരാജയത്തെപ്പറ്റി എ.കെ.സി.സി. പ്രസഡന്റ് എന്ന നിലയിൽ ഈ ലേഖകൻ ഒരു വിശകലനം നടത്തി. അത് ദീപിക പത്രം താഴെ കാണുന്നവിധം വിലയിരുത്തി.

"എറണാകുളം പാർലമെന്റ് തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. സ്ഥാനാർത്ഥി പരാജയപ്പെടുവാനുള്ള കാരണങ്ങൾ മാറാടും മുഖ്യമന്ത്രിയുടെ ന്യൂനപക്ഷവിരുദ്ധ പ്രസ്താവനയും മാത്രമല്ലന്നും സ്വാശ്രയ കോളേജുകളോടുള്ള യു.ഡി.എഫിന്റെ സമീപനവും മദ്യനയവും പ്രധാനഘടകങ്ങളാണെന്നും കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് ജോൺ കച്ചിറമറ്റം"

ന്യൂനപക്ഷവിദ്യാഭ്യാസ സ്ഥാപനങ്ങളോടും സ്വാശ്രയ കോളേജുകളോടും എ.കെ. ആന്റണി കഴിഞ്ഞ മൂന്നു ദശാബ്ദകാലമായി സ്വീകരിച്ചുവരുന്ന നടപടിയോടും കേരളം ഒരു മദ്യാലയമാക്കാനുള്ള യു.ഡി.എഫ്. സർക്കാരിന്റെ നീക്കത്തോടും കടുത്ത അമർഷമുള്ളവർ നിരവധിയാണെന്നും അവരുടെ വികാരം മനസ്സിലാക്കാൻ മുഖ്യമന്ത്രിക്ക് സാധിക്കാതെ പോയത് പരാജയകാരണമാണെന്നും എ.കെ.സി.സി. പ്രസിഡന്റ് ജോൺ കച്ചറിമറ്റം പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. കോടതി വിധികളെപ്പോലും ധിക്കരിച്ചുകൊണ്ട് സർക്കാർ നടത്തിയ നീക്കങ്ങളും എൻ.ഒ.സി. തിരിച്ചേൽപ്പിച്ച് മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പൊയ്ക്കൊള്ളുവാൻ നടത്തിയ പ്രസ്താവനയും സ്വാശ്രയകോളേജുകളിലെ ഫീസുകളെ സംബന്ധിച്ച് ഏകപക്ഷിയമായി സർക്കാർ സ്വീകരിച്ച നടപടികളും ജനങ്ങളിൽ ഉളവാക്കിയ അമർഷം ഈ പാർലമെന്റ് തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചു."

## വിദ്യാഭ്യാസ സമരചരിത്രം

വിദ്യാഭ്യാസ വർഷാചരണത്തിന്റെ ഭാഗമായി കേരളത്തിൽ നടന്ന വിദ്യാഭ്യാസ സമരത്തിന്റെ ചരിത്രം, എ.കെ.സി.സി. പ്രസിദ്ധീകരിച്ചു. അതിന് നല്ല പ്രശസ്തി ലഭിച്ചു. ഈ ഗ്രന്ഥത്തിന് ആശംസകൾ അർപ്പിച്ചുകൊണ്ട് അഭിവന്ദ്യ പിതാക്കന്മാർ അയച്ച സന്ദേശങ്ങൾ താഴെ ചേർക്കുന്നു.

www.malankaralibrary.com

## ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിലിന്റെ ആശംസ

വിദ്യാഭ്യാസ രംഗത്ത് നിസ്തുലമായ സേവനം അനുഷ്ഠിച്ച ഒരു സമുദായമാണ് ക്രൈസ്തവ സമുദായം. കേരളത്തെ സാക്ഷരതയിൽ മറ്റിതര സംസ്ഥാനങ്ങളുടെ മുൻപിലെത്തിച്ചത് ക്രൈസ്തവരാണ്. സർക്കാർ, വിദ്യാലയങ്ങൾ സ്ഥാപിക്കാതിരുന്ന കാലഘട്ടത്തിലാണ് ക്രൈസ്തവരുടെ പള്ളികളോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് എല്ലാജാതിയിലും മതത്തിലും പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസം നൽകിയത്. പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക സംരക്ഷണവും സാമ്പത്തിക ആനുകൂല്യവും നൽകിയാണ് വിദ്യാലയങ്ങളിൽ പഠിപ്പിച്ചത്. കാലം കുറെ കഴിഞ്ഞപ്പോൾ വിദ്യാലയം ദേശസാൽക്കരിക്കണമെന്നും വിദ്യാഭ്യാസം രാഷ്ട്രത്തിന്റെ കുത്തകയാക്കണമെന്നും ഭരണാധികാരികൾ അഭിപ്രായപ്പെട്ടു. ആ നയത്തോട് യോജിക്കാൻ ക്രൈസ്തവ സമുദായത്തിന് സാധിച്ചില്ല.

കഴിഞ്ഞ 60 വർഷമായി വിദ്യാഭ്യാസ സ്വാതന്ത്ര്യം സംരക്ഷിക്കാൻ സഭ നടത്തിയിട്ടുള്ള സമരങ്ങൾ നിരവധിയാണ്. വിദ്യാഭ്യാസ സ്വാതന്ത്ര്യം സംരക്ഷിക്കാൻ വേണ്ടി നിരവധിയാളുകൾ ത്യാഗപൂർണ്ണമായ സേവനം അനുഷ്ഠിച്ചു. സമരത്തിന്റെ സമ്പൂർണ്ണ ചരിത്രം രചിക്കുവാനോ ആ സമരത്തിൽ പങ്കെടുത്ത മഹാത്മക്കളെ അനുസ്മരിക്കുവാനോ നാം ശ്രമിച്ചില്ല. ആ ദൗത്യവും കത്തോലിക്കാ കോൺഗ്രസ്സ് ഏറ്റെടുത്ത് ഭംഗിയായി നിർവ്വഹിച്ചുവെന്നത് അഭിമാനകരമാണ്.

ഈ ചരിത്രഗ്രന്ഥം, അവകാശങ്ങൾ സംരക്ഷിക്കുവാൻ ഉണർന്ന് പ്രവർത്തിക്കുന്നതിന് സമുദായാംഗങ്ങൾക്ക് പ്രചോദനം നൽകുമെന്ന് പ്രത്യാശിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചിട്ടുള്ളവരാണ് ന്യൂനപക്ഷമാനേജുമെന്റുകളുടെ സ്ഥാപനങ്ങൾ. മാതൃകാപരമായ പ്രവർത്തനശൈലി പിൻതുടർന്നിട്ടും നിയന്ത്രണങ്ങളുടെ വലയത്തിലേക്കാണ് സ്ഥാപനങ്ങളെ വലിച്ചിഴക്കുന്നത്. ഈത് വിദ്യാഭ്യാസ വളർച്ചയെ ദോഷകരമായി ബാധിക്കും.

കത്തോലിക്കാ കോൺഗ്രസ്സിന്റെ ഈ സംരംഭത്തിൽ വിജയം ആശംസിക്കുന്നു. അഭിനന്ദനങ്ങൾ നേരുന്നു.

## മാർ ജോർജ്ജ് പുന്നക്കോട്ടിൽ

കേരളത്തിൽ വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തിയ സമരങ്ങൾ വരും തലമുറയ്ക്ക് ആവേശം പകരുന്നതും അവരുടെ ചുമതലാബോധം ഉണർത്തുന്നതുമാണ്. ഈ സമരങ്ങളിൽ നെടുനായകത്വം വഹിച്ചത് ഇവിടുത്തെ ക്രിസ്തീയ സമുദായങ്ങളായിരുന്നുവെന്നത് ശ്രദ്ധേയമാണ്. കേരളത്തിൽ വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനുവേണ്ടി നടന്ന സമരങ്ങ

www.malankaralibrary.com

ളുടെ സമ്പൂർണ്ണ ചരിത്രം അവതരിപ്പിച്ച എ.കെ.സി.സി.യെ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ ചരിത്രത്തിന്റെ ഏടുകളിൽ നിന്ന് അവകാശബോധവും ആവേശവും സ്വീകരിച്ച് കർത്തവ്യനിരതരാകാൻ അനുവാചകർക്കാകട്ടെയെന്ന പ്രാർത്ഥനയോടെ രണ്ടാംപതിപ്പിന് ആശംകൾ നേരുന്നു.

## മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് ന്യൂനപക്ഷാവകാശ വർഷാചരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ വിദ്യാഭ്യാസ സമരചരിത്രം - ന്യൂനപക്ഷ വിദ്യാഭ്യാസാവകാശ വർഷാചരണ സ്പെഷ്യൽ ശ്രദ്ധേയമായ ഒരു പ്രസിദ്ധീകരണമാണ്. അതിന് ഒരു രണ്ടാംപതിപ്പ് വേണ്ടിവന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു. കഴിഞ്ഞ അറുപതു വർഷത്തിനുള്ളിൽ വിദ്യാഭ്യാസ സ്വാതന്ത്ര്യ സംരക്ഷണത്തിനുവേണ്ടി ക്രൈസ്തവസമുദായം നടത്തിയ സമരങ്ങളുടെ ഒരു സമ്പൂർണ്ണ ചരിത്രമാണ് ഈ ഗ്രന്ഥം.

സുറിയാനി സഭയ്ക്കുവേണ്ടി നിസ്തുലമായ സേവനം അനുഷ്ഠിച്ച ഷെവ. തര്യതുകുഞ്ഞത്തൊമ്മനെപ്പറ്റി അധികമൊന്നും ഇന്നത്തെ തലമുറയ്ക്ക് അറിഞ്ഞുകൂടാ. എല്ലാവരാലും അവഗണിക്കപ്പെട്ടിരുന്ന ഒരു സമൂഹമായിരുന്നു സുറിയാനി കത്തോലിക്കർ. ഇങ്ങനെയൊരു സമുദായം നാട്ടിൽ ഉണ്ടെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയത് കോതമംഗലം സ്വദേശിയായ ഷെവലിയർ കുഞ്ഞിത്തൊമ്മനാണ്. നിയമസഭയ്ക്കുള്ളിലും പുറമേയും ആ സിംഹഗർജ്ജനം മുഴങ്ങി. തിരുവിതാംകൂറിലെ ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ പ്രത്യക്ഷവും പരോക്ഷവുമായ പീഢനങ്ങൾക്ക് സുറിയാനി കത്തോലിക്കർ വിധേയരായിരുന്നു. ക്രൈസ്തവരുടെ വിദ്യാലയങ്ങൾ ഗവൺമെന്റ് കൈയ്യടക്കുവാൻ തീരുമാനിച്ചപ്പോൾ ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷനായിരുന്ന മാർ ജെയിംസ് കാളാശ്ശേരി തിരുമേനിയോടൊപ്പം നിന്ന് ശക്തിയായി എതിർത്തതും ഒടുവിൽ വിജയശ്രീലാളിതനായതും ചരിത്രസംഭവങ്ങളാണ്. മാർ കാളാശ്ശേരിയുടെ ചരിത്രപ്രസിദ്ധമായ ഇടയലേഖനങ്ങളും കഴിഞ്ഞ കാലങ്ങളിൽ നടന്ന സമരങ്ങളിൽ പങ്കെടുത്ത 61 മഹാത്മക്കളെപ്പറ്റി ഈ ഗ്രന്ഥത്തിൽ അനുസ്മരിച്ചിരിക്കുന്നത് തികച്ചും സമുചിതമാണ്. ഇങ്ങനെയൊരു ചരിത്രഗ്രന്ഥം - ന്യൂനപക്ഷാവകാശ വർഷാചരണ സ്പെഷ്യൽ - എ.കെ.സി.സി. പ്രസിഡന്റ് ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയതിൽ പ്രവർത്തകരെ ഞാൻ അഭിനന്ദിക്കുന്നു.

നമ്മുടെ മലബാറിൽ എ.കെ.സി.സി.യുടെ പ്രവർത്തനം മന്ദഗതിയിലാണ്. സമൂഹത്തെ സമുദായത്തെ സംബന്ധിക്കുന്ന പ്രശ്നം ഉണ്ടാകുമ്പോൾ എപ്പോഴും രംഗത്തു പ്രവർത്തിച്ചിട്ടുള്ള എ.കെ.സി.സി. മലബാറിലും ഊർജ്ജിതമായി പ്രവർത്തിക്കുവാൻ എല്ലാവർക്കും പ്രയത്നിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

www.malankaralibrary.com

## മോൺ. ജോർജ്ജ് ഞരളക്കാട്ട്

ന്യൂനപക്ഷങ്ങൾ സമർദ്ദതന്ത്രം ഉപയോഗപ്പെടുത്തി അവകാശങ്ങൾ കൈപ്പറ്റുന്നുവെന്നും, അതുമൂലം ഭൂരിപക്ഷങ്ങൾ ചവിട്ടിമെതിക്കപ്പെടുന്നുവെന്നുള്ള സാംസ്കാരിക നായകന്മാരുടെ പ്രൗഢമല്ലാത്ത അഭിപ്രായപ്രഖ ടനങ്ങളും, അതിന് മറുമരുന്നായി ന്യൂനപക്ഷങ്ങളുടെ പ്രതികരണ വിശേഷങ്ങളും പത്രമാദ്ധ്യമങ്ങളിലൂടെ അറിഞ്ഞ ജനങ്ങൾക്ക് അവർ അറിയേണ്ടത് വെളിപ്പെടുത്താൻ നമുക്ക് അവകാശമുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾ ഇന്ത്യൻ ഭരണഘടന അവർക്ക് അവകാശമായി നൽകിയ സാദ്ധ്യതകളിലൂടെ പരിശ്രമത്തിന്റെ നേർവഴിയിൽ സഞ്ചരിച്ച് ഉയർച്ചയിൽ എത്തിയപ്പോൾ അലസരായി നോക്കിനിന്നവരാണ് ഭൂരിപക്ഷമെന്ന് വിമർശിച്ചാൽ അത് അസ്ഥാനത്താകാൻ വഴിയില്ല. അവകാശങ്ങളെയും അവസരങ്ങളെയും പ്രയോജനപ്പെടുത്തുന്നവർക്കാണ് വികസനത്തിന്റെ പാതതുറന്നുകിട്ടുന്നത്. വിദ്യാഭ്യാസത്തിനും വികസനത്തിനും മാനവികതയ്ക്കും ന്യൂനപക്ഷങ്ങൾ നൽകിയ നിസ്തുലമായ സംഭാവനകളുടെ ഫലം അനുഭവിച്ചത് ഇവിടെ എല്ലാവരുമാണ്. അവിടെ മതസംസ്കാര വേർതിരിവുകൾ അതിർവരമ്പുകൾ സൃഷ്ടിച്ചിട്ടില്ല. ഭാരതത്തിലെ ന്യൂനപക്ഷമായ ക്രൈസ്തവർ ഇന്നിന്റെ സാംസ്കാരിക വിദ്യാഭ്യാസപരമായ വികസനത്തിന് നൽകിയ സംഭാവനകളെ നോക്കി അസൂയപൂണ്ട് അതിനെ വിമർശിക്കുന്നതിൽ ന്യയമില്ല. വിദ്യാഭ്യാസം നാടിന്റെ വികസനത്തിന്റെ നട്ടെല്ലാണ്. അതുകൊണ്ടാണ് ക്രൈസ്തവർ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം നൽകുന്നതും. നാടിന്റെ നവോത്ഥാനം സ്വപ്നം കാണുന്നവർക്ക് പുതിയ വിദ്യാഭ്യാസ പ്രവണതകളെ അടച്ചാക്ഷേപിക്കാനും കഴിയില്ല. ന്യൂനപക്ഷ സമുദായങ്ങൾ വച്ചുനീട്ടിയ വികസന മാർഗ്ഗങ്ങളെ കൈനീട്ടി വാങ്ങിയശേഷം അതിനെ തച്ചുടയ്ക്കാൻ പരിശ്രമിക്കുന്നവർ ഏതുതരക്കാരണെന്ന് പരാമർശിക്കുവാൻ പ്രയാസമുണ്ട്.

സമൂഹത്തിലെ എല്ലാതലങ്ങളിലും ന്യൂനപക്ഷങ്ങൾ ഞെരുക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ അവകാശസമരത്തിനുള്ള മുറവിളികൾ ഇവിടെ ഇനിയും മുഴങ്ങേണ്ടതാണ്. അതോടൊപ്പം ചരിത്രപുസ്തകത്തിന്റെ അകംതാളുകളിൽ ചിതലരിക്കുന്ന ന്യൂനപക്ഷ സമുദായങ്ങളുടെ സമരകഥകളും, സാസംക്കാരികനായകന്മാരും മതനേതാക്കളും സേവനരംഗങ്ങളും പുതിയ തലവമുറയ്ക്ക് അറിവിന്റെ വെളിച്ചം നൽകേണ്ടതാണ്. കേരള സഭയുടെ ചരിത്രത്തിൽ ന്യൂനപക്ഷങ്ങളുടെ അവകാശ സമരത്തിനായി പടപൊരുതിയ മുൻനിര പടയാളികളെയും അവരുടെ സമരമുറകളെയുംപ്പറ്റി പറയുന്ന ഈ ഗ്രന്ഥം എന്തുകൊണ്ടും വിലമതിക്കത്തക്കതാണ്. എ.കെ.സി.സി. പ്രസിദ്ധീകരിച്ച ന്യൂനപക്ഷാവകാശ വർഷാചരണ സ്പെഷ്യലിന്റെ ആദ്യപതിപ്പ് ഞാൻ വായിച്ചു. അഭിനന്ദാർഹമായ ഈ രചനയുടെ രണ്ടാമത്തെ പതിപ്പ് ഉടനെ പുറത്തിറക്കുന്നുവെന്ന് അറിഞ്ഞതിൽ വളരെ സന്തോഷം. പ്രതിഭാ

www.malankaralibrary.com

തനയരായ രചയിതാക്കളുടെ അന്വേഷണ വിചിന്തനങ്ങളുടെ ഫലമായ ഈ ഗ്രന്ഥത്തിന് ഊടുംപാവും നൽകിയ ശ്രീ. ജോൺ കച്ചിറമറ്റത്തിനും എ.കെ. സി.സി. സംഘടനയ്ക്കും എന്റെ ആശംസകളും വിജയങ്ങളും!

മോൺസിഞ്ഞോർ ജോർജ്ജ് ഞരളക്കാട്ട്
അഡ്മിനിസ്ട്രേറ്റർ, മാനന്തവാടി രൂപതാ

## പ്രകടനങ്ങൾ പൊതുയോഗങ്ങൾ

സ്വാശ്രയ നിയമത്തിനെതിരെ രാജ്യമാസകലം പ്രതിഷേധ യോഗങ്ങളും പ്രകടനങ്ങളും നടന്നു. എ.കെ.സി.സി.യുടെ പ്രവർത്തനങ്ങൾ പൊതു തിരഞ്ഞെടുപ്പിനെ തുടർന്ന് ചില കാരണങ്ങളാൽ മന്ദീഭവിക്കുകയുണ്ടായി സ്വാശ്രയ സമരം സജീവമാക്കുകയെന്ന ലക്ഷ്യത്തോടെ അതിനുവേണ്ടി പ്രവർത്തിക്കാൻ വിദ്യാഭ്യാസ അവകാശസംരക്ഷണ സമതിക്ക് രൂപം കൊടുത്തു.

2004 ജൂൺ 6-ന് റവ. ഡോ. ആന്റണി നിരപ്പേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനമാണ് വിദ്യാഭ്യാസ അവകാശ സംരക്ഷണ സമിതിക്ക് രൂപം കൊടുത്തത്. പ്രസ്തുത സമ്മേളനത്തിൽ ക്രൈസ്തവനേതാക്കളും വിദ്യാഭ്യാസ പ്രവർത്തകരും പങ്കെടുത്തു. ആ സമ്മേളനത്തിന്റെ ഒരു റിപ്പോർട്ട് താഴെ ചേർക്കുന്നു.

സർക്കാർ വിദ്യാഭ്യാസരംഗത്ത് ഏർപ്പെടാതിരുന്ന ഒരു കാലഘട്ടത്തിലാണ് ക്രൈസ്തവർ വിദ്യാലയങ്ങൾ സ്ഥാപിച്ച് സാമൂഹ്യപ്രവർത്തനം ആരംഭിച്ചതെന്ന് സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ ചൂണ്ടിക്കാട്ടി. എന്നാൽ കഴിഞ്ഞ 50 വർഷമായി മാറിമാറി വന്ന ഭരണകൂടങ്ങൾ ക്രൈസ്തവവിദ്യാലയങ്ങളോട് ശത്രുതാമനോഭാവത്തോടെയാണ് പെരുമാറിയത്. സർക്കാരിന്റെ വികലനയങ്ങൾമൂലം സാങ്കേതിക വിദ്യാഭ്യാസരംഗത്ത് കേരളം പിന്നോക്കം പോയി. തൽഫലമായി വർഷം തോറും ആയിരക്കണക്കിനു കോടി രൂപ അയൽസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്ന സ്ഥിതി വന്നു.

ഏതാനും വർഷം മുൻപ് കേരളസർക്കാർ സ്വാശ്രയകോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചതോടെ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് ഇവിടെ മുന്നേറ്റമുണ്ടായി. എന്നാൽ ആ മുന്നേറ്റത്തെ തടയുന്ന സമീപനമാണ് സർക്കാർ പിന്നീട് സ്വീകരിച്ചത്. സുപ്രീംകോടതി വിധികളെപ്പോലും അവഗണിച്ചുകൊണ്ട്, സ്വാശ്രയകോളേജുകളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുവാനും നിശ്ചലമാക്കാനുമാണ് ഇപ്പോൾ ശ്രമിക്കുന്നത്.

മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്നവരിൽ നിന്ന് സർക്കാർ കോളേജുകളിലെ ഫീസ് മാത്രമേ ഈടാക്കാവൂ എന്ന നിർദ്ദേശം സ്വാശ്രയകോളേജുകളുടെ പ്രവർത്തനം അവതാളത്തിലാക്കും. മെരിറ്റ് ലിസ്റ്റിൽ പ്രവേശനം ലഭിക്കുന്നവരിൽ ബഹുഭൂരിപക്ഷവും സമ്പന്നരുടെ മക്കളാണെന്നത് യാഥാർത്ഥ്യമാണ്. മാനേജ്മെന്റ് ക്വോട്ടായിൽ പ്രവേശനം

www.malankaralibrary.com

ലഭിക്കുന്നവർ ഭൂരിപക്ഷവും ഇടത്തരക്കാരുമാണ്. അവരിൽനിന്ന് കൂടുതൽ ഫീസ് പിരിച്ച് സമ്പന്നരുടെ മക്കളെ പഠിപ്പിക്കണമെന്ന വാദം ശരിയല്ല. കോടതിവിധികളെ അവഗണിച്ചുകൊണ്ടും ന്യൂനപക്ഷാവകാശങ്ങളെ ധ്വംസിച്ചുകൊണ്ടും ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള നീക്കം പ്രതിഷേധാർഹമാണ്. സർക്കാർ നീക്കത്തിനെതിരെ ശക്തമായി പ്രതികരിക്കാനും സർക്കാരിന്റെ വാദഗതികളുടെ പൊള്ളത്തരം ജനങ്ങളെ ബോധ്യപ്പെടുത്താനും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് യോഗം തീരുമാനിച്ചു.

സമിതിയുടെ പ്രസിഡന്റായി എം.ഡി. ജോസഫ് മണ്ണിപ്പറമ്പിലും വൈസ് പ്രസിഡന്റായി എബ്രാഹം ഇട്ടിച്ചെറിയയും ജനറൽ സെക്രട്ടറിയായി ജോൺ കച്ചിറമറ്റവും ജോയിന്റ് സെക്രട്ടറിമാരായി അഡ്വ. വി.സി. സെബാസ്റ്റ്യൻ, അഡ്വ. ജോസ് ഫിലിപ്പ് എന്നിവരും അഡ്വൈസറി കൗൺസിൽ ചെയർമാനായി റവ. ഡോ. ആന്റണി നിരപ്പേലും വൈസ് ചെയർമാനായി റവ. ഡോ. നാഗരൂരും തെരഞ്ഞെടുക്കപ്പെട്ടു.

സ്വാശ്രയകോളേജ് പ്രശ്നം സംബന്ധിച്ച് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാനാണ് മുഖ്യമന്ത്രി എ.കെ. ആന്റണിയും മന്ത്രിസഭയും തീരുമാനിച്ചത്. ഉടൻതന്നെ വിദ്യാഭ്യാസ അവകാശ സംരക്ഷണസമിതിയോഗം ചേർന്ന് പാസ്സാക്കിയ പ്രമേയവും യോഗ റിപ്പോർട്ടും താഴെ ചേർക്കുന്നു.

## സ്വാശ്രയകോളേജ് ഓർഡിനൻസിന് ഗവർണ്ണർ അംഗീകാരം നല്കരുത്

കോട്ടയം 2004 ജൂൺ 18

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് ഇട നല്കുന്നതും സുപ്രീംകോടതി വിധിയെപ്പോലും മറികടന്ന്സംസ്ഥാന സർക്കാർ രൂപം കൊടുത്തതുമായ ഓർഡിനൻസിന് അംഗീകാരം നല്കരുതെന്ന് ക്രൈസ്തവ വിദ്യാഭ്യാസ അവകാശ സംരക്ഷണ സമിതി കേരളാ ഗവർണ്ണറോടഭ്യർത്ഥിച്ചു. സർക്കാരിന്റെ സ്വാശ്രയ കോളേജുകളോടുള്ള ശത്രുതാ മനോഭാവത്തെപ്പറ്റി ചർച്ച ചെയ്യുവാനും ഭാവിപരിപാടികൾക്ക് രൂപം നല്കുവാനുമായി ജൂലൈ ആദ്യം ക്രൈസ്തവ നേതൃകൺവൻഷൻ വിളിച്ചുകൂട്ടുവാനും സമിതി തീരുമാനിച്ചു. ജോൺ കച്ചിറമറ്റം അവതരിപ്പിച്ച പ്രമേയത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് ഏറ്റം മുൻപന്തിയിൽ നിന്ന സംസ്ഥാനമാണ് കേരളം. എന്നാൽ കഴിഞ്ഞ മൂന്നു ദശാബ്ദക്കാലമായി സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കേരളം വളരെ പിന്നോക്കം പോയി. തൽഫലമായി കേരളീയ വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിൽപോയി വർഷംതോറും അനേകായിരം കോടിരൂപാ ചെലവഴിക്കേണ്ടിവന്നു. കേരളത്തിൽ ചിലവിടേണ്ടതായിരുന്നു ഈ തുകയത്രയും. പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത്

www.malankaralibrary.com

സ്വാശ്രയകോളേജുകൾ ആരംഭിക്കുവാൻ സർക്കാർ തയ്യാറായത് വിദ്യാർത്ഥികൾക്ക് ആശ്വാസമേകി. സ്വാശ്രയകോളേജുകൾ ആരംഭിക്കുവാൻ തയ്യാറായി മുന്നോട്ടു വന്നതിൽ ക്രൈസ്തവ മാനേജുമെന്റുകളാണ് മുൻപന്തിയിൽ.

സ്വാശ്രയകോളേജുകളുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാൻ തയ്യാറാകേണ്ട സർക്കാർ, അതിന്റെ പ്രവർത്തനത്തെ നിർവീര്യമാക്കാനാണ് ശ്രമിച്ചത്. അഡ്മിഷന്റെ കാര്യത്തിലും ഫീസിന്റെ കാര്യത്തിലും സർക്കാർ സ്വീകരിച്ച നിലപാട് കോടതിവിധികളെപ്പോലും മറികടന്നുള്ളതാണ്. മെറിറ്റ് സീറ്റിലും മാനേജുമെന്റ് സീറ്റിലും ഒരേ രീതിയിൽ ഫീസ് പിരിക്കാൻ കെ.ടി.. തോമസ് കമ്മീഷൻ നിർദ്ദേശിച്ചത് സുപ്രീംകോടതി വിധി അംഗീകരിച്ചാണ്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടുന്ന കുട്ടികളോട് സർക്കാർ കോളേജിലെ ഫീസ് മാത്രമേ വാങ്ങാവു എന്ന സർക്കാർ തീരുമാനം കോടതിവിധിക്ക് എതിരാണ്. സർക്കാർ കോളേജിലെ ഫീസ് നിരക്ക് വളരെ താഴ്ന്നതാണ്. ഫീസ് കൊണ്ടാണ് സ്വകാര്യകോളേജുകൾ നടക്കുന്നത്. ജനങ്ങൾ നല്കുന്ന നികുതിയിൽ നിന്നും അനേകം കോടികൾ മുടക്കിയാണ് ഗവണ്മെന്റ് കോളേജുകൾ പ്രവർത്തിക്കുന്നത്. മെറിറ്റ് സീറ്റിലെ കുട്ടികളോട് സർക്കാർ കോളേജിലെ ഫീസ് മാത്രം കൊടുക്കാൻ നിർദ്ദേശിക്കുന്ന സർക്കാർ, അധികതുക സ്കോളർഷിപ്പായി കുട്ടികൾക്കു നല്കുകയാണ് വേണ്ടത്. അല്ലാതെ മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ കിട്ടുന്നവരോട് ഇരട്ടിയോ അതിൽ കുടുതലോ ഫീസ് വാങ്ങിക്കൊള്ളുവാൻ നിർദ്ദേശിക്കുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കിടനൽകും. വിദ്യാഭ്യാസ കച്ചവടത്തെ ശക്തിയായി എതിർക്കുന്ന സർക്കാരും രാഷ്ട്രീയ പാർട്ടികളും, ഈ നയം സ്വീകരിക്കുന്നതുമൂലം വിപുലമായ തോതിൽ കച്ചവടം നടത്തുവാൻ വഴി ഒരുക്കുകയാണ് ചെയുന്നത്.

രണ്ടു സ്വാശ്രയകോളേജുകൾ സമം ഒരു സർക്കാർ കോളേജ് എന്ന നയം ആരുടേതാണ്? ആരാണ്അത് അംഗീകരിച്ചത്. സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി ചിലവിടുന്ന പണം രണ്ടു സ്വാശ്രയ കോളേജിലെ കുട്ടികൾക്കുകൂടി നൽകുവാൻ സർക്കാർ തയ്യാറാകണം. ഖജനാവ് ആരുടെയും കുത്തകയല്ല. സ്വകാര്യ കോളേജുകളിൽ പഠിക്കുന്നവരും, ഈ രാജ്യത്തെ പൗരന്മാരാണ്. നാമമാത്രമായി ഫീസ് നൽകി അല്ലെങ്കിൽ ഫീസ് ഒന്നുമില്ലാതെ പഠിപ്പിക്കണമെന്നു പറഞ്ഞാൽ കുറെ വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും പിന്തുണ ലഭിക്കുമായിരിക്കും. ആ പിന്തുണ ഉപയോഗിച്ച് മാനേജ്മെന്റിനെ മര്യാദ പഠിപ്പിക്കാമെന്നാണ് സർക്കാരിന്റെ വ്യാമോഹം. മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിക്കുന്നതിൽ 80 ശതമാനം പേരും സമ്പന്നരുടെ മക്കളാണ്. ആ സമ്പന്നന്മാർക്കു വേണ്ടിയാണ് എല്ലാ കക്ഷികളും വാദിക്കുന്നത്. സ്വാശ്രയ കോളേജുകൾക്കെതിരെ സ്വരമുയർത്തുന്ന രാഷ്ട്രീയ കക്ഷികൾ ഒരു

www.malankaralibrary.com

മാതൃകയെന്ന നിലയിൽ ഒരു സ്വാശ്രയ കോളേജ് ആരംഭിക്കുവാൻ തയ്യാറാവുകയാണ് വേണ്ടത്. കോടതി വിധികളെപ്പോലും മറികടന്ന് സംസ്ഥാനസർക്കാർ തയ്യാറാക്കിയ ഓർഡിനൻസ് ഒപ്പുവയ്ക്കരുതെന്ന് ബഹു. കേരള ഗവർണ്ണറോടഭ്യർത്ഥിക്കുന്നു.

സ്വാശ്രയ കോളേജുകൾ നേരിടുന്ന വെല്ലുവിളികളെപ്പറ്റി ചർച്ച ചെയ്യുവാൻ ജൂലൈ ആദ്യം കോട്ടയത്ത് ഒരു ക്രൈസ്തവകൺവെൻഷൻ വിളിച്ചുകൂട്ടുവാനും യോഗം തീരുമാനിച്ചു.

അഡ്മിഷന്റെ കാര്യത്തിൽ മെറിറ്റ് ആണ് പ്രധാനമായി കണക്കാക്കുന്നത്. അത് സ്വാഗതാർഹമാണ്. അങ്ങനെയെങ്കിൽ ഫീസിന്റെ കാര്യത്തിൽ സാമ്പത്തിക മാനദണ്ഡമാണ് കണക്കാക്കേണ്ടത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കാണ് ഫീസ് കുറക്കേണ്ടത്.

ഈ തീരുമാനമനുസരിച്ച് ക്രൈസ്തവ നേതൃസമ്മേളനം വിളിച്ചുകൂട്ടുവാൻ ഉള്ള നടപടികൾ വിദ്യാഭ്യാസ അവകാശസംരക്ഷണസമിതി സ്വീകരിച്ചു. അതേസമയം 2004 ഫെബ്രു.23ന് മുഖ്യമന്ത്രി എ.കെ. ആന്റണിക്ക് ഒരു തുറന്ന കത്ത് വിദ്യാഭ്യാസ അവകാശ സംരക്ഷണസമിതി എഴുതി പ്രസിദ്ധീകരിച്ചു. ആ തുറന്ന കത്ത് താഴെ ചേർക്കുന്നു.

★

## ദശവത്സര സ്മരണകളെപ്പറ്റി
## മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ

വളരെ ലളിതമായ ഭാഷയിൽ ഒരു നോവലിന്റെ മനോഹാരിതയോടെ വിരചിച്ച ഈ ഓർമ്മക്കുറിപ്പുകൾക്ക് പ്രത്യേകമായ അവതാരികയോ അനുഗ്രഹാശിസ്സുകളോ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. സ്വാശ്രയകോളേജുകളുടെ ആരംഭത്തെ സംബന്ധിച്ചും കേരളത്തിൽ അത് തുടങ്ങുന്നതിനുണ്ടായിരുന്ന പ്രാരംഭ പ്രതിബന്ധങ്ങളെക്കുറിച്ചുമൊക്കെ വിശദമായി തന്നെ അച്ചൻ ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്.

www.malankaralibrary.com

# 26. കേരള മുഖ്യമന്ത്രി എ.കെ. ആന്റണിക്ക് ഒരു തുറന്ന കത്ത്

ബഹുമാനപ്പെട്ട സർ,

വ്യക്തിജീവിതത്തിലും ഭരണരംഗത്തും സംശുദ്ധിയും ആദർശ നിഷ്ഠയും കാത്തു സൂക്ഷിക്കുവാൻ അങ്ങ് നടത്തുന്ന പരിശ്രമം ശ്ലാഘ നീയമാണ്. എന്നാൽ നിർഭാഗ്യവശാൽ സംസ്ഥാനഭരണം ഒട്ടും കാര്യക്ഷമ മല്ലെന്ന് ചൂണ്ടിക്കാണിക്കേണ്ടി വന്നതിൽ ഖേദമുണ്ട്.

1. സംസ്ഥാനത്തിന്റെ വികസനത്തിനായുള്ള അങ്ങയുടെ സ്വപ്ന ങ്ങളും പദ്ധതികളും അഭിനന്ദനാർഹമാണ്. പക്ഷേ അവ സാക്ഷാത്ക്ക രിക്കുന്നതിൽ അങ്ങേയ്ക്ക് വിജയിക്കാനാവുന്നില്ല. പ്രതിപക്ഷവും ഭരണപക്ഷവും മത്സരബുദ്ധിയോടെ തടസ്സങ്ങൾ സൃഷ്ടിക്കുകയാണ്. വികസനവണ്ടി ഒരടി മുന്നോട്ടു പോകുവാൻ അവർ സമ്മതിക്കാത്തത് രാജ്യദ്രോഹപരംതന്നെ, സംശയമില്ല. അതുകൊണ്ടൊന്നും മനസ്സ് മടുത്ത് പിന്മാറരുത്. അടിപതറാതെ ധീരമായി മുന്നോട്ടു പോകുക.

2. ഭരണമുന്നണിയിലെ അനൈക്യവും കുതികാൽവെട്ടും എല്ലാ സീമകളും അതിലംഘിച്ചിരിക്കുന്നു. ഘടക കക്ഷികൾ തന്നിഷ്ടംപോലെ വകുപ്പുകൾ ഭരിച്ചുവാഴുകയാണ്, മുടിച്ചുതേച്ചുകഴുകുകയാണ്. മുഖ്യമന്ത്രിയായ അങ്ങേയ്ക്ക് ഫലപ്രദമായ യാതൊരു നിയന്ത്രണവും ചെലുത്തുവാന് കഴിയുന്നില്ല. സങ്കടകരം തന്നെ. ഓരോ വകുപ്പിന്റെയും നടത്തിപ്പ് അങ്ങ് സസൂക്ഷ്മം വിലയിരുത്തണം. നിയമവിരുദ്ധമായ പ്രവർ ത്തനങ്ങൾ തടയണം. ധൂർത്തും ആർഭാടവും പാഴ്ചെലവും പാടെ നിയന്ത്രി ക്കണം. വൻവികസനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നിർദ്ദേശം നൽകണം.

3. അഴിമതി കൊടികുത്തി വാഴുകയാണ്. രാഷ്ട്രീയപാർട്ടിക്കാരും, മന്ത്രിമാരും, ഉദ്യോഗസ്ഥരും പട്ടാപ്പകൽ തീവെട്ടിക്കൊള്ളയാണ് നടത്തുന്നത്. ആദർശനിഷ്ഠനായ അങ്ങ് നിസ്സഹായനായി നെടുവീർപ്പിട്ട് നോക്കിനിൽ ക്കുന്ന കാഴ്ചക്കാരൻ മാത്രമാണ്.

4. ഉദ്യോഗസ്ഥന്മാർ പറ്റുന്ന ശമ്പളത്തിന് അനുസൃതമായി ജോലി ചെയ്യുന്നില്ല. തോന്നുമ്പോൾ വരുന്നു, തോന്നുമ്പോൾ പോകുന്നു, തോന്നി യത് തോന്നിയതുപോലെ ചെയ്യുന്നു. നിയമവും ചട്ടവും അവർക്ക് പ്രശ്നമല്ല. എപ്പോൾ വേണമെങ്കിലും അവർപുറത്തുപോകും, തോന്നുമ്പോൾ മാത്രം തിരിച്ചെത്തും. ചോദിക്കാനും പറയാനും ആരുമില്ലാത്ത അവസ്ഥ. വർക്ക്

www.malankaralibrary.com

കൾച്ചറോ മര്യാദയോ, മനുഷ്യത്വമോ മനഃസാക്ഷിയോ ഇല്ല. അവരെ അങ്ങനെ വിടാൻ പാടില്ല. ശരിക്കു നിയന്ത്രിക്കണം, പണി എടുപ്പിക്കണം, മേൽനോട്ടക്കാരെ വെക്കണം. പണി എടുക്കാത്തവന് പണം കൊടുക്കരുത്. തമിഴ്നാട് മുഖ്യമന്ത്രി ജയലളിതയെ മാതൃകയാക്കാം. അവിടെ ജീവനക്കാർക്ക് ജോലിയ്ക്കിടയ്ക്ക് ചായ കുടിക്കുവാൻ പോലും പുറത്തുപോകാൻ പാടില്ല. ചായ ഓഫീസിൽ എത്തിച്ചുകൊടുക്കുകയാണത്രേ!

5. കഴിഞ്ഞ നായനാർ മന്ത്രിസഭയുടെ കാലത്ത് ശ്രീ. പി.ജെ. ജോസഫ് വിദ്യാഭ്യാസമന്ത്രിയും അങ്ങ് പ്രതിപക്ഷ നേതാവുമായിരുന്നല്ലോ. പ്രതിപക്ഷ നേതാവ് എന്ന നിലയിൽ ഭരണകക്ഷിയുടെ തെറ്റുകളേയും വീഴ്ചകളേയും ചൂണ്ടിക്കാണിക്കുവാനും നിശിതമായി വിമർശിക്കുവാനും കുറ്റപ്പെടുത്തുവാനും തിരുത്തിക്കുവാനും അങ്ങേയ്ക്കു കടമയുണ്ടായിരുന്നു. ആ കടമ അങ്ങ് സ്തുത്യർഹമായും സത്യസന്ധമായും നിർവ്വഹിച്ചു. എന്നാൽ സത്യസന്ധനും നീതിമാനും അങ്ങയെപ്പോലെ തന്നെ സംശുദ്ധനും സമർത്ഥനും രാജ്യസ്നേഹിയുമായ ശ്രീ. പി.ജെ. ജോസഫിനെ അഴിമതിക്കാരനായി ചിത്രീകരിച്ച് അദ്ദേഹത്തിനെതിരെ അങ്ങ് പട നയിച്ചതു വലിയ തെറ്റായിപ്പോയി.

ശ്രീ. പി.ജെ. ജോസഫിന്റെ നിശ്ചയദാർഢ്യവും ഭരണപാടവുംകൊണ്ട് വിദ്യാഭ്യാസ രംഗത്തും നിർമ്മാണരംഗത്തും സംസ്ഥാനത്തിനു വൻപുരോഗതിയുണ്ടായി.

എ) കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപെടുത്തിയതും സ്കൂളുകളിൽ പ്ലസ്ടു ആരംഭിച്ചതും ശ്രീ. പി.ജെ. ജോസഫിന്റെ കഴിവും നിശ്ചയദാർഢ്യവും കൊണ്ടുമാത്രമാണ്.

ബി) യു.ഡി.എഫ്.ന്റെ നേട്ടമായി അങ്ങും അങ്ങയുടെ ഗവണ്മെന്റും കൊട്ടിഘോഷിക്കുന്ന സ്വാശ്രയപ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചതിന്റെ ക്രെഡിറ്റ് ശ്രീ. പി.ജെ. ജോസഫിനുമാത്രം അവകാശപ്പെട്ടതാണ്. അദ്ദേഹം മലർക്കെ തുറന്നിട്ട കവാടത്തിലൂടെ നിങ്ങൾ സ്വച്ഛന്ദമായി മുന്നോട്ടുപോയി അത്രമാത്രം. കൂടാതെ ഭരണമുന്നണിയിൽപ്പെട്ട ചില മന്ത്രിമാരും അവരുടെ പാർട്ടിക്കാരും യാതൊരു തത്ത്വദീക്ഷയുമില്ലാതെ സ്ഥാപനങ്ങൾ തട്ടിയെടുത്തു, വാരികൊടുത്തു. കണക്കില്ലാതെ പണം സമ്പാദിക്കുകയും ചെയ്തു.

സി) സ്വാശ്രയസ്ഥാപനങ്ങളും അൺഎയ്ഡഡ് സ്കൂളുകളും അനുവദിക്കുന്നത് അത്ര വലിയ കാര്യമാണോ? വൻതുക ഫീസായി ഈടാക്കുന്ന സ്വാശ്രയ/അൺഎയ്ഡഡ് സ്ഥാപനങ്ങൾ പാവപ്പെട്ടവരുടെയും സാധാരണക്കാരന്റെയുംമേൽ അടിച്ചേൽപ്പിക്കുന്ന ഭാരം അവർക്ക് താങ്ങാനാവാത്തതാണ്. പാവപ്പെട്ടവരോട് കരുണയുള്ള ഒരു ഗവണ്മെന്റും ഇത്തരം ഒരു ദ്രോഹത്തിന് മുതിരില്ല. അങ്ങേയ്ക്കു മുൻപേ ഭരണം നടത്തിയ നായനാർ ഗവണ്മെന്റ് പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും

www.malankaralibrary.com

പക്ഷത്തായിരുന്നു. സ്കൂളുകളിൽ എയ്ഡഡ് പ്ലസ്ടു കോഴ്സും കോളേജുകളിൽ എയ്ഡഡ് കോഴ്സുകളുമാണ് അവർ അനുവദിച്ചത്. അത് പാവപ്പെട്ട കുട്ടികൾക്ക് എത്ര വലിയ അനുഗ്രഹമായിരുന്നു. അഭ്യസ്തവിദ്യരായ എത്രയെത്ര ചെറുപ്പക്കാർക്ക് ജോലി കിട്ടി. അങ്ങ് ഭരണത്തിലേറിയ ഉടൻ ഒരു കോളേജിന് ഒരു കോഴ്സ് എന്ന കണക്കിൽ നായനാർ സർക്കാർ അനുവദിച്ച 191 എയ്ഡഡ് കോഴ്സുകൾ മരവിപ്പിച്ചു കളഞ്ഞു. അതിനുവേണ്ടി വരുമായിരുന്ന വാർഷികച്ചെലവ് 2 കോടി രൂപ മാത്രമായിരുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്ത് അധികമായി 2 കോടി രൂപ മുടക്കുക അത്ര വല്യ ഭാരമായിരുന്നോ?

6. "ന്യൂനപക്ഷ"ങ്ങളെപ്പറ്റി അങ്ങുചെയ്ത പ്രസ്താവനയിൽ മുസ്ലീം സമുദായം മാത്രം പ്രത്യക്ഷമായി പ്രതികരിക്കുകയും വലിയ കോലാഹലം ഉണ്ടാക്കുകയും ചെയ്തത് അങ്ങയെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്. ഇവിടെ ക്രിസ്ത്യാനികൾ ന്യൂനപക്ഷമല്ലേ? എന്തുകൊണ്ട് അവർ പ്രതിഷേധിച്ചില്ല? പണ്ടൊരുത്തൻ കിണ്ണം കട്ടു വസ്ത്രത്തിനിടയിൽ ഒളിപ്പിച്ചുവച്ചിട്ട് അമ്മാവനോടും ചോദിച്ചു. "അമ്മാവാ, എന്നെക്കണ്ടാൽ കിണ്ണം കട്ടതാണെന്നു തോന്നുമോ?" ഇതുതന്നെ ഇന്നത്തെ സ്ഥിതി? കൂട്ടായ വിലപേശലിലൂടെ ആനുകൂല്യങ്ങൾ മാത്രമല്ല അതിൽക്കൂടുതലും തട്ടിയെടുത്തിട്ട് വീണ്ടും അങ്ങയുടെ ഒരു റാത്തൽ മാംസത്തിനായി മുറവിളികൂട്ടുന്നത് പരമകഷ്ടമാണ്. അങ്ങ് സൂക്ഷിക്കണം. ആത്മാഭിമാനമുണ്ടെങ്കിൽ ആ പ്രസ്താവന പിൻവലിക്കരുത്, ഖേദം പ്രകടിപ്പിക്കരുത്, മാപ്പുപറയുവാൻ പാണക്കാട്ടേയ്ക്കുപോവുകയുമരുത്.

7. ഇവിടെ ക്രിസ്ത്യാനിക്കുവേണ്ടി മാത്രം ശബ്ദിക്കാൻ ആരുമില്ല. ക്രിസ്ത്യാനിയായ അങ്ങ് ആ സഭയിലെ അംഗമാണെന്ന് ഏറ്റുപറയാൻ ഭയപ്പെടുന്നു. ഹിലയർ ബെല്ലക്ക്, തോമസ് മൂർ, തച്ചിൽമാത്തൂത്തരകൻ, എ.ജെ. ജോൺ തുടങ്ങി സൂര്യസമാനം ശോഭിച്ച കത്തോലിക്കാ രാഷ്ട്രീയ നേതാക്കന്മാരെ അങ്ങു കേട്ടിട്ടില്ലേ? ക്രിസ്തീയസഭാ നേതാക്കന്മാരെ കാണാൻ അങ്ങെന്തിനു ഭയപ്പെടുന്നു. അവർക്ക് അവിഹിതമായ ഒരാനുകൂല്യവും വേണ്ട. അങ്ങയെ മുൾമുനയിൽ നിറുത്തി വിഷമിപ്പിച്ച് അർഹമായതുപോലും നേടുകയില്ല. സമുദായം അങ്ങയെ സ്നേഹിക്കുന്നു, ആദരിക്കുന്നു, അങ്ങിൽ അഭിമാനം കൊള്ളുന്നു, അങ്ങു ജയിച്ചു കാണാനായി ആഗ്രഹിക്കുന്നു, സമർപ്പിച്ചു പ്രാർത്ഥിക്കുകയുംചെയ്യുന്നു.

8. നരേന്ദ്ര കമ്മീഷൻ റിപ്പോർട്ട് : മുസ്ലീം സമുദായവും, എസ്.എൻ.ഡി.പി.യും, എൻ.എസ്.എസും തർക്കഭൂമിയിലാണ്. ക്രിസ്ത്യാനി മാത്രം തർക്കത്തിനിറങ്ങിയിട്ടില്ല. അവർ രംഗത്തുവരാത്തത് അവർക്ക് നിലപാടില്ലാത്തതുകൊണ്ടാണോ അഥവാ അവരെല്ലാം സമ്പന്നരായതുകൊണ്ടാണോ? അവർക്കാർക്കും ജോലിയും ആനുകൂല്യങ്ങളും വേണ്ടാത്തതുകൊണ്ടാണോ? സമുദായസൗഹാർദ്ദം നശിപ്പിക്കാതിരിക്കാൻ വേണ്ടി മാത്രമാണ് അവർ മുന്നോട്ടിറങ്ങാത്തത്. ഈ പ്രശ്നം സംബന്ധിച്ച് ക്രൈസ്തവ സമുദാ

www.malankaralibrary.com

യവുമായി ആലോചിച്ച് മാത്രമേ തീരുമാനം എടുക്കാവൂ എന്നഭ്യർത്ഥിക്കുന്നു.

9. അങ്ങ് സ്വന്തമായി കാണുന്നില്ലെങ്കിലും അങ്ങയെ സ്വന്തമായി കണക്കാക്കുകയും സ്നേഹിക്കുകയുംചെയ്യുന്ന ക്രിസ്തീയ സമുദായം എത്ര സംയമനത്തോടും അന്തസ്സോടുംകൂടിയാണ് ദേശീയവും പ്രാദേശികവുമായ ഓരോ പ്രശ്നങ്ങളോടും പ്രതികരിക്കുന്നതെന്ന് അങ്ങ് ആലോചിക്കണം. ഗ്രഹാംസ്റ്റെയിൻസിനെയും മക്കളെയും ചുട്ടുകൊന്നു. സി. റാണി മരിയായെ കുത്തിക്കൊന്നു. നൂറുകണക്കിന് മിഷനറിമാരും ക്രിസ്ത്യാനികളും പള്ളികളും സ്ഥാപനങ്ങളും ആക്രമിക്കപ്പെട്ടു. കള്ളക്കേസുകളുണ്ടാക്കി, വൈദികരെയും സിസ്റ്റേഴ്സിനെയും അപമാനിച്ചു. ബലാത്സംഗം ചെയ്തു. എന്നിട്ടും നമ്മൾ ആത്മസംയമനം പാലിച്ച്, ക്ഷമിച്ച്, സഹിച്ച്, മാപ്പുനൽകി, സ്നേഹിച്ചു സഹായിച്ചു വരികയും ചെയ്യുന്നു. ദ്വേഷിച്ചില്ല, തിരിച്ചടിച്ചില്ല, പ്രതികാരം ചെയ്തില്ല, തീവെയ്പും ബോംബ്സ്ഫോടനവും നടത്തിയില്ല. അങ്ങ് വളരെയേറെ ആദരിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന ഹൈന്ദവരിലും മുസ്ലീംങ്ങളിലും തീവ്രവാദികൾ ധാരാളമായുണ്ട്, സ്ഫോടനപരമ്പര നടത്തുന്നവരുമുണ്ട്, സന്യാസിമാരും മതപുരോഹിതന്മാരുമാണ് ഇതിനൊക്കെ നേതൃത്വം നല്കുന്നത് എന്നത് വിരോധാഭാസമായിരിക്കുന്നു. എന്നിട്ടും അങ്ങേയ്ക്ക് അവരോടാണ് കൂടുതൽ സ്നേഹവും ബന്ധങ്ങളും. തികഞ്ഞ രാജ്യസ്നേഹികളായ സ്വസമുദായാംഗങ്ങളോട് ബന്ധപ്പെടാൻ ഭയമാണ്, ആശങ്കയാണ്. ക്രിസ്തീയ മെത്രാന്മാരും അല്മായ നേതാക്കളും വന്നാൽ അങ്ങേയ്ക്കെന്തു വിഷമമാണ്?

10. എഴുപതുകളിൽ വിദ്യാഭ്യാസരംഗത്ത് അങ്ങും അങ്ങയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് പാർട്ടിയും ചെയ്ത ദ്രോഹങ്ങൾക്കു ചരിത്രം മാപ്പു നല്കുകയില്ല. മുണ്ടശ്ശേരി കൊണ്ടുവന്ന വിദ്യാഭ്യാസ നിയമം ഒരു പുരോഗമന നടപടിയായിരുന്നെങ്കിൽ അങ്ങും അങ്ങയുടെ പാർട്ടിയിലെ "യൂത്തും' 'യു'വും ചേർന്ന് കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ കുരുതിക്കളമാക്കി മാറ്റി. കാമ്പസുകളിൽ രാഷ്ട്രീയം കടത്തിവിട്ട് പഠിപ്പുമുടക്കും അസ്വസ്ഥതയും അസമാധാനവും സർവ്വസാധാരണമാക്കി. സ്ഥാപനങ്ങളെ നശിപ്പിച്ചു. ആയിരക്കണക്കിനു യുവജനങ്ങളെ വഴിതെറ്റിച്ചു വഴിയാധാരമാക്കി. പ്രീഡിഗ്രിവരെ സൗജന്യവിദ്യാഭ്യാസവും ഏർപ്പെടുത്തി ഖജനാവ് വെളുപ്പിച്ചു. എന്നിട്ടിപ്പോൾ വിലപിക്കുന്നു കടമാണെന്ന്, നിത്യനിദാന ച്ചെലവുകൾക്കു പണമില്ലെന്ന്, അദ്ധ്യാപകർക്കു ശമ്പളം നല്കില്ലെന്ന്, പുതിയനിയമനം പാടില്ലെന്ന്.... പരമദ്രോഹമാണിത്.

രാമപുരം
23.02.2004

ജോൺകച്ചിറമറ്റം
സെക്രട്ടറി
വിദ്യാഭ്യാസ അവകാശ സംരക്ഷണസമിതി

★

www.malankaralibrary.com

# 27. ന്യൂനപക്ഷാവകാശ പ്രഖ്യാപന കൺവെൻഷൻ

കോട്ടയം: സ്വാശ്രയകോളേജുകളുടെ പ്രവർത്തനം നിശ്ചലമാക ത്തക്കവിധത്തിലും സുപ്രീംകോടതി വിധികളെ ധിക്കരിച്ചുകൊണ്ടും ന്യൂനപക്ഷാവകാശങ്ങൾ ധ്വംസിക്കുന്നവിധത്തിലും കേരളസർക്കാർ നിയമ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയ സ്വാശ്രയകോളേജ് ബില്ലിനെതിരെ ബഹുജനാഭിപ്രായം രൂപീകരിക്കുന്നതിനും ന്യൂനപക്ഷാവകാശങ്ങൾ എന്തുവിലകൊടുത്തും സംരക്ഷിക്കുമെന്ന് പ്രഖ്യാപിക്കുന്നതിനുമായി വിവിധ ക്രൈസ്തവസഭകളിലെ പ്രതിനിധികൾ പങ്കെടുത്ത ന്യൂനപക്ഷാവകാശ പ്രഖ്യാപന കൺവൻഷൻ 2004 ജൂലൈ മാസം 11-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് കോട്ടയത്ത് ബി.സി.എം. കോളേജ് ഓഡിറ്റോ റിയത്തിൽ ചേർന്നു.

വൻകിടമുതലാളിമാർ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സമൂഹത്തിലെ സമ്പന്നരായ വിദ്യാർത്ഥികൾക്കും മാത്രം പ്രയോജനം ചെയ്യുന്ന ബില്ലാണ് സർക്കാർ പാസ്സാക്കിയിരിക്കുന്നത്. കേരളത്തിലെ ന്യൂനപക്ഷ് സമൂഹങ്ങളെ വിദ്യാഭ്യാസപരമായും സാമൂഹികമായും സാമ്പത്തികമായും തകർക്കുകയും ദൂരവ്യാപകമായ ഫലങ്ങൾ ഉളവാ ക്കുകയും ചെയ്യുന്ന നിയമമാണിത്. ന്യൂനപക്ഷസ്ഥാപനങ്ങളുടെ ലക്ഷ്യ ത്തെ തകർക്കുന്ന ഈ നിയമം അഴിമതിയെ പ്രോത്സാഹിപ്പിക്കുന്നതാണ്. ന്യൂനപക്ഷ പീഡനത്തിന്റെ പുതിയ മുഖമാണ് ഈ നിയമത്തിൽ ദർശിക്കുക. ന്യൂനപക്ഷവിഭാഗത്തിലെ കുട്ടികളെ ഞെരുക്കി കൂടുതൽ സാമ്പത്തിക ശേഷിയുള്ളവരെ സഹായിക്കുന്ന ഈ നിയമം നടപ്പിലാക്കുക പ്രതിഷേ ധാർഹമാണ്. ഇതൊരു ക്രൂരവിനോദമാണ്. പ്രതിപക്ഷത്തിരിക്കുമ്പോൾ ന്യൂനപക്ഷാവകാശങ്ങൾക്കുവേണ്ടി വാദിക്കുകയും സമരം ചെയ്യുകയും ചെയ്യുന്നവർ ഭരണത്തിലിരിക്കുമ്പോൾ ന്യൂനപക്ഷ ദ്രോഹത്തിന് കൂട്ടു നിൽക്കുന്നത് ഒരിക്കലും ഭൂഷണമല്ല. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷാവകാശങ്ങളെയും ഇന്ത്യയിലെ പരമോന്നത നീതി പീഠത്തിന്റെ കാലാകാലങ്ങളിലെ വിധിതീർപ്പുകളെയും ബോധപൂർവ്വം അവഗ ണിക്കുകയും ന്യൂനപക്ഷാസമുദായങ്ങളുടെ കലാലയങ്ങളുടെ പ്രവർത്ത നത്തിൽ അനധികൃതമായി കൈകടത്തുകയും ചെയ്യുന്ന സർക്കാരിന്റെ നടപടികളെ എതിർത്ത് തോൽപ്പിക്കേണ്ടത് ആവശ്യമായിരിക്കുന്നു. ഈ

www.malankaralibrary.com

സാഹചര്യത്തിൽ ആണ് ന്യൂനപക്ഷാവകാശപ്രഖ്യാപന കൺവൻഷൻ ചേർന്നത്.

കൺവൻഷൻ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവാ ഉത്ഘാടനം ചെയ്തു. ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ മുഖ്യപ്രഭാഷണവും ബിഷപ്പുമാരായ മാർ കുര്യാക്കോസ് കുന്നശ്ശേരി, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ യൂഹന്നോൻ പീലിക്സിനോസ് (മീനങ്ങാടി), മാർ മാത്യു അറയ്ക്കൽ, ഡോ. പീറ്റർ തുരുത്തിക്കോണം, ഐസക്ക് മാർ ക്ലീമീസ്, ജസ്റ്റിസ് പി.കെ. ഷംസുദ്ദീൻ, അബ്രാഹം ഇട്ടിച്ചെറിയാ, എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ, ഫാദർ ഗ്രിഗറി പരുവപ്പറമ്പിൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ജനറൽസെക്രട്ടറി ജോൺകച്ചിറമറ്റം, ഷെവ. ജോയി ജോസപ് കൊടിയന്തറ, അഡ്വക്കേറ്റ് ജോസ് ഫിലിപ്പ്, ഓർത്തഡോക്സ് സഭ മാനേജിംഗ് കമ്മറ്റി മെമ്പർ പ്രൊ. ഇ.ജെ. ജോൺ, സി.എസ്.ഐ. കേരളാ മഹാ ഇടവക ട്രഷറർ ഫാ. നെൻസൺ ബാബു, എബ്രഹാം കങ്ങഴ തുടങ്ങിയവർ പ്രസംഗിച്ചു.

ന്യൂനപക്ഷ അവകാശപ്രഖ്യാപന കൺവൻഷൻ അംഗീകരിച്ച പ്രമേയം താഴെ ചേർക്കുന്നു. പ്രമേയം അവതരിപ്പിച്ചത് ജനറൽസെക്രട്ടറി ജോൺ കച്ചിറമറ്റമായിരുന്നു.

## പ്രമേയങ്ങൾ

പ്രൊഫഷണൽ കോളേജുകളെ സംബന്ധിച്ച് നിയമസഭ പാസ്സാക്കിയ ബില്ല് സാമൂഹിക നീതിക്ക് നിരക്കാത്തതും സുപ്രീംകോടതിയുടെ വിധിതീർപ്പുകൾക്ക് വിരുദ്ധവും ന്യൂനപക്ഷ അവകാശങ്ങളെ ധ്വംസിക്കുന്നതുമാണെന്ന് ഈ കൺവൻഷൻ അസന്നിദ്ധമായി പ്രഖ്യാപിക്കുന്നു. ഒരു വിഭാഗത്തെ, പ്രത്യേകിച്ച് സാമ്പത്തികവും സാമൂഹ്യവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തെ കൂടുതൽ ഭാരപ്പെടുത്തി, മറ്റുവിഭാഗത്തിന്റെ ഫീസുകൂടികൊടുപ്പിക്കുന്ന, ഭിന്നമായ ഫീസ് നിരക്ക് സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ ബില്ലിലെ വ്യവസ്ഥകൾ അനീതിയായതിനാൽ അംഗീകരിക്കുവാൻ സാദ്ധ്യമല്ലെന്ന് കേരള സർക്കാരിനെ ഈ കൺവെൻഷൻ അറിയിക്കുന്നു.

മാർക്കു കുറവുള്ള കുട്ടികൾ പ്രായേണ ഗ്രാമങ്ങളിൽ നിന്നു പിന്നോക്ക വിഭാഗങ്ങളിൽ നിന്നും ഉള്ളവരാകയാൽ ക്രോസ് സബ്സിഡി പാടില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിട്ടുള്ള വസ്തുതയും കേരള സർക്കാരിനെ അനുസ്മരിപ്പിക്കുന്നു. ബില്ലനുസരിച്ച് ഫീസ് കൂടുതൽ വാങ്ങാൻ പറയുന്നത് മാനേജുമെന്റ് ക്വോട്ടായിൽ വരുന്ന വിദ്യാർത്ഥികളിൽ നിന്നുമാണ്. അതുകൊണ്ട് ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാലയങ്ങളിൽ ന്യൂനപക്ഷക്കാരായ വിദ്യാർത്ഥികളിലാണ് ഈ ഭാരം അടിച്ചേൽപ്പിക്കുന്നത് എന്ന യാഥാർത്ഥ്യം സർക്കാർ ഗ്രഹിക്കണം.

www.malankaralibrary.com

കോളേജ് നടത്താനാവശ്യമായ ഫീസ് ഘടനയാണ് വേണ്ടത്. സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കാനുള്ള ചുമതലയിൽ നിന്നും സർക്കാര് ഒളിച്ചോടാതെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ തയ്യാറാകണം.

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷാവകാശങ്ങളെയും ഇന്ത്യയിലെ പരമോന്നത നീതിപീഠത്തിന്റെ കാലാകാലങ്ങളിലെ വിധിതീർപ്പുകളെയും ബോധപൂർവ്വം അവഗണിക്കുകയും ന്യൂനപക്ഷ സമുദായങ്ങളുടെ കലാലയങ്ങളുടെ പ്രവർത്തനത്തിൽ അനധികൃതമായി കൈകടത്തുകയും ചെയ്യുന്ന സർക്കാരിന്റെ നടപടികളെ എതിർത്തു പരാജയപ്പെടുത്തുമെന്ന് ഈ കൺവെൻഷൻ സർക്കാരിന് മുന്നറിയിപ്പു നല്കുന്നു.

സ്വാശ്രയകോളേജുകളുടെ പ്രവർത്തനം നിശ്ചലമാക്കത്തക്കവിധത്തിലുള്ള സർക്കാരിന്റെ ന്യൂനപക്ഷ സ്വാശ്രയ കോളേജുകളോടുള്ള ഈ സമീപനം അയൽ സംസ്ഥാനങ്ങളിലെ പ്രൊഫഷണൽ കോളേജ് ഉടമകളെ സഹായിക്കുന്നതിനാണോയെന്ന് ഈ യോഗം സംശയിക്കുന്നു. പ്രതിപക്ഷത്തിരിക്കുമ്പോൾ മാത്രം ന്യൂനപക്ഷ അവകാശങ്ങൾക്കുവേണ്ടി വാദിക്കുകയും ഭരണത്തിലിരിക്കുമ്പോൾ ഭരണത്തിന്റെ നേട്ടങ്ങൾ അനുഭവിക്കുവാൻ ന്യൂനപക്ഷദ്രോഹത്തിന് കൂട്ടുനിൽക്കുകയും ചെയ്യുന്നത് രാഷ്ട്രീയ കക്ഷികൾക്ക് ഭൂഷണമല്ലെന്ന് ഗൗരവപൂർവ്വം ഈ കൺവൻഷൻ ഓർമ്മിപ്പിക്കുന്നു.

സ്വാശ്രയകോളേജ് ബില്ലിന് നിയമപരമായ നിലനില്പില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെ നിയമം പാസ്സാക്കാൻ കാണിച്ച വ്യഗ്രത ആത്മാർത്ഥതയോടെയുള്ളതല്ലെന്ന് വ്യക്തമാണ്. ഈ ബില്ലിനെതിരെ മാനേജ്മെന്റ് സ്വീകരിക്കുന്ന നിയമനടപടികൾ അടക്കമുള്ള എല്ലാ നടപടികൾക്കും ഈ യോഗം സർവ്വ പിൻതുണയും വാഗ്ദാനം ചെയ്യുന്നു.

തുടർന്ന് സംസ്ഥാന സർക്കാരിനും കേരളാഗവർണ്ണർക്കും എ.ഐ. സി.സി. പ്രസിഡന്റ് സോണിയാഗാന്ധിക്കും നിവേദനം സമർപ്പിച്ചു.

## പ്രതിപക്ഷ നേതാവിന്റെ ഭീഷണി

സ്വാശ്രയകോളേജുകൾ മാനേജുമെന്റുകൾ അടച്ചിട്ടാൽ അവരെ തെരുവിൽ കണ്ടുകൊള്ളാമെന്ന പ്രതിപക്ഷനേതാവ് വി.എസ്. അച്ചുതാനന്ദൻ ഒരു ഉഗ്രപ്രസ്താവന നടത്തി. കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കാനാണ് പ്രതിപക്ഷ നേതാവ് ശ്രമിച്ചത്. സുപ്രീംകോടതിയെപ്പോലും ധിക്കരിച്ചുകൊണ്ട് സർക്കാർ പാസ്സാക്കിയ സ്വാശ്രയകോളേജ് ബില്ലിനെ യാതൊരു കാരണവശാലും അംഗീകരിക്കുകയില്ലെന്നും വിദ്യാഭ്യാസ അവകാശ സംരക്ഷണ സമതി ഈ സന്ദർഭത്തിൽ പ്രഖ്യാപിച്ചു. അതേസമയം ജനം മുഴുവൻ മാനേജ്മെന്റിനെതിരാണെന്നും അവരുടെ

www.malankaralibrary.com

പ്രക്ഷോഭണത്തെ മാനേജ്മെന്റ് നേരിടേണ്ടിവരുമെന്നുമാണ് മുഖ്യമന്ത്രി പ്രസ്താവിച്ചത്. ഭയപ്പെടുത്തി മാനേജുമെന്റിനെ വരുതിയിൽ ആക്കാമെന്നാണ് മുഖ്യമന്ത്രി പ്രതീക്ഷിച്ചത്. രാജ്യത്ത് മുഴുവൻ കലാപം അഴിച്ചുവിട്ട കമ്യൂണിസ്റ്റ് പാർട്ടികളുടെ നടപടിയെ മൗനംകൊണ്ട് അംഗീകരിക്കുകയാണ് എ.കെ. ആന്റണി ചെയ്തത്. സകല പ്രക്ഷോഭണങ്ങളും മാനേജ്മെന്റിനെതിരെ തിരിച്ചുവിടാനാണ് മുഖ്യമന്ത്രി ശ്രമിച്ചത്. ഈ സന്ദർഭത്തിൽ സർക്കാരിന്റെ ഇരട്ടത്താപ്പും വ്യക്തമാക്കിക്കൊണ്ട് വിദ്യാഭ്യാസ അവകാശ സംരക്ഷണ സമിതി സെക്രട്ടറി ഒരു പ്രസ്താവന പുറപ്പെടുവിച്ചു. ആ പ്രസ്താവന താഴെ ചേർക്കുന്നു.

## നാടു യുദ്ധക്കളമായിരിക്കുമ്പോഴും സർക്കാർ സ്വാശ്രയ കോളേജ് മാനേജുമെന്റിനെതിരെ

കോട്ടയം 2004 ജൂലൈ 26

രജനി എന്ന വിദ്യാർത്ഥിനിയുടെ ആത്മഹത്യ മുതലാക്കി സ്വാശ്രയ സ്ഥാപനങ്ങൾക്കെതിരെ ഇടതുപക്ഷകക്ഷികൾ നടത്തുന്ന സമരം അക്രമത്തിലേക്ക് കടന്നിട്ടും, നാട് യുദ്ധക്കളമായി മാറിയിട്ടും, മുല്ലപ്പള്ളി രാമചന്ദ്രനടക്കമുള്ള കെ.പി.സി.സി. നേതാക്കളും എം.വി. രാഘവനുമടക്കമുള്ള മന്ത്രിമാരും സമരത്തെ നേരിടാൻ തയ്യാറാകാതെ, സ്വാശ്രയ കോളേജ് മാനേജുമെന്റുകൾക്കെതിരെ പ്രകോപനപരമായ പ്രസ്താവനകൾ പുറപ്പെടുവിക്കുന്നത് അധാർമ്മിക്കമാണെന്നും ഈ സമീപനം ദൂരവ്യാപകമായ പ്രത്യാഖ്യാതങ്ങൾക്കിടവരുത്തുമെന്നും ക്രൈസ്തവ വിദ്യാഭ്യാസ അവകാശസംരക്ഷണസമിതി ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം പ്രസ്താവിച്ചിരിക്കുന്നു.

ഇടതുപക്ഷ കക്ഷികളുടെ പിന്താങ്ങോടെ വിദ്യാർത്ഥിയുവജനവിഭാഗങ്ങൾ നടത്തുന്ന സമരം അക്രമത്തിലേക്ക് നീങ്ങിക്കഴിഞ്ഞിരിക്കുന്നു. പോലീസ് സ്റ്റേഷൻ കയ്യേറി ജയിലിൽ അടച്ചവരെ ബലമായി മോചിപ്പിക്കുന്നു. ഉദ്യോഗസ്ഥന്മാരെ ബന്ധികളാക്കുന്നു. മന്ത്രിമാരെ വഴി തടയുന്നു. നൂറുകണക്കിന് വാഹനങ്ങളും പൊതുസ്ഥാപനങ്ങളും തകർക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഈ ബഹളങ്ങളൊക്കെ സ്വാശ്രയ കോളേജുകൾക്കെതിരെ തിരിച്ചുവിടാനാണ് സർക്കാരിന്റെ നീക്കം.

ഈ പ്രക്ഷോഭകാരികളെ നിലയ്ക്കുനിറുത്തണം, പൊതുമുതൽ നശിപ്പിക്കപ്പെട്ടതിന്റെ കണക്കെടുത്ത് നഷ്ടപരിഹാരം അവരിൽനിന്ന് ഈടാക്കണം. അതിനൊന്നും തയ്യാറാകാതെ, ഈ നഷ്ടങ്ങളെല്ലാം സ്വാശ്രയകോളേജ് മാനേജുമെന്റിന്റെ അക്കൗണ്ടിൽ ചേർക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് തോന്നിപ്പോകുന്നു. രാജ്യം മുഴുവൻ കലാപഭൂമിയായി മാറുമ്പോഴും അതിനുള്ള പ്രതിവിധി കണ്ടെത്താതെ സ്വാശ്രയകോളേജു

www.malankaralibrary.com

മാനേജുമെന്റിന്റെമേൽ കുറ്റാരോപണം നടത്തി സമരക്കാരെ പ്രീണിപ്പിക്കാനുള്ള നയം അപകടകരമാണ്- കച്ചിറമറ്റം ഓർമ്മപ്പെടുത്തി.

## കേരള സർവ്വകലാശാല സെനറ്റിന്റെ കുഴലൂത്ത്

ഭരണകക്ഷികളും സ്വാശ്രയനിയമത്തിനെ സംരക്ഷിക്കുവാൻവേണ്ടി അധാർമ്മിക നടപടികൾ സ്വീകരിച്ചപ്പോൾ കേരളത്തിലെ രാഷ്ട്രീയ കക്ഷികളുടെ കുഴലൂത്തുകാരായി കേരളസർവ്വകലാശാലാ സെനറ്റും രംഗത്തുവന്നു. കേരളസർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലും മെറിറ്റ് സീറ്റിൽ സർക്കാർ ഫീസ് ഈടാക്കി വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചില്ലെങ്കിൽ അഫിലിയേഷൻ റദ്ദാക്കുമെന്നുള്ള ഭീഷണിയാണ് കേരളസർവ്വകലാശാല സിൻഡിക്കേറ്റ് പുറപ്പെടുവിച്ചത്. സിൻഡിക്കേറ്റിന്റെ ഭീഷണി വിലപ്പോകില്ലെന്നും കോടതി വിധിയെ ആദരിക്കാനാണ് സിൻഡിക്കേറ്റ് ശ്രമിക്കേണ്ടതെന്നും വിദ്യാഭ്യാസ സംരക്ഷണസമിതി പ്രഖ്യാപിച്ചു. അതുസംബന്ധിച്ച് സംരക്ഷണസമിതി സെക്രട്ടറി ജോൺ കച്ചിറമറ്റം പുറപ്പെടുവിച്ച പ്രസ്താവന താഴെ ചേർക്കുന്നു.

സാമൂഹ്യവും സാമ്പത്തികവും ആയി പിന്നോക്കം നിൽക്കുന്ന വിഭാഗത്തെ കൂടുതൽ പീഡിപ്പിച്ച് മറവിഭാഗത്തിന്റെ ഫീസുകൂടി കൊടുപ്പിക്കുന്ന തരത്തിലുള്ള വ്യവസ്ഥകളെ സിൻഡിക്കേറ്റ് അംഗീകരിക്കുന്നത് സാമൂഹ്യനീതിയുടെ പേരിലല്ലെന്നും രാഷ്ട്രീയ ലക്ഷ്യങ്ങൾ കണ്ടുകൊണ്ടു മാത്രമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കേരളത്തിലെ സ്വാശ്രയകോളേജുകളുടെ പ്രവർത്തനത്തെ ശ്വാസംമുട്ടിച്ച് അവയുടെ അംഗീകാരം റദ്ദാക്കാനുള്ള നീക്കം അന്യസംസ്ഥാനങ്ങളിലെ പ്രൊഫഷണൽ (സ്വാശ്രയ) കോളേജുടമകളുടെ സമ്മർദ്ദഫലമായിട്ടാകാനാണ് സാദ്ധ്യത. ഉന്നതവിദ്യാഭ്യാസ രംഗത്തെ ഒരു ഉന്നതഘടകം ഈ സമ്മർദ്ദത്തിനും രാഷ്ട്രീയലക്ഷ്യങ്ങൾക്കും വഴങ്ങുന്നത് ഒരിക്കലും ഭൂഷണമല്ല.

1972-ലെ കോളേജുസമരകാലത്ത് മാനേജുമെന്റിനെ നിലം പരിശാക്കുന്ന വ്യവസ്ഥകളുമായി ആദ്യം മുന്നോട്ടുവന്നത് കേരള സർവ്വകലാശാല (അന്നത്തെ) വൈസ്ചാൻസലറായിരുന്നു. ഫീസ് ഏകീകരണം, ഡയറക്ട് പേയ്മെന്റ് എന്നീ ആവശ്യങ്ങൾ ഉന്നയിപ്പിച്ച് വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും മാനേജുമെന്റുകൾക്കെതിരെ അണിനിരത്തുവാൻ സർക്കാരിനോടൊപ്പം നിന്നതും കേരളസർവ്വകലാശാലാ വൈസ് ചാൻസിലറും സിൻഡിക്കേറ്റുമായിരുന്നു. അതിന്റെ തിക്തഫലം സർക്കാർ അനുഭവിക്കുകയും ചെയ്തു.

കേരളത്തിലെ രാഷ്ട്രീയ കക്ഷികളുടെ കുഴലൂത്തുകാരായി സിൻഡിക്കേറ്റ് അധപതിക്കുന്നത് നിർഭാഗ്യകരമാണ്. ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം അഭിപ്രായപ്പെട്ടു.

www.malankaralibrary.com

യു.ഡി.എഫ്. സർക്കാരിന് മുൻപ് എൽ.ഡി.എഫ് സർക്കാരായിരുന്നു കേരളം ഭരിച്ചത്. അന്ന് വിദ്യാഭ്യാസ വകുപ്പും പൊതുമരാമത്ത് വകുപ്പും സമർത്ഥമായി കൈകാര്യം ചെയ്ത പി.ജെ. ജോസഫ് രാജിവയ്ക്കണമെന്നായിരുന്നു. യു.ഡി.എഫ്. നേതാക്കളുടെ ആവശ്യം. ഈ സന്ദർഭത്തിൽ ഈ ലേഖകൻ തയ്യാറാക്കിയ ഒരു കത്തിലെ ഒരുഭാഗം താഴെ ചേർക്കുന്നു.

## പി.ജെ. ജോസഫിന്റെ രാജി ചോദിച്ചവരോട് ഒരു ചോദ്യം

ഇക്കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് അന്നത്തെ പ്രതിപക്ഷകക്ഷികളുടെ നേതാക്കന്മാരായ എ.കെ. ആന്റണിയും കെ.എം. മാണിയും ആവർത്തിച്ചാവർത്തിച്ച് ഉരുവിട്ട് കൊണ്ടിരുന്നത് പി.ജെ. ജോസഫ് രാജിവയ്ക്കണമെന്നായിരുന്നു. കാലക്രമേണ അണികളെക്കൊണ്ടും ഇത് പറയിപ്പിക്കുവാൻ അവർക്ക് സാധിച്ചു. പി.ജെ. ജോസഫ് മന്ത്രിസ്ഥാനം രാജി വച്ചാൽ കേരളവും വിശിഷ്യാ വിദ്യാഭ്യാസ വകുപ്പും രക്ഷപെടുമെന്നായിരുന്നു അവരുടെ പ്രസ്താവന കേട്ട ചിലരെങ്കിലും ധരിച്ചത്.

പൊതുമരാമത്ത് വകുപ്പും വിദ്യാഭ്യാസവകുപ്പും സമർത്ഥമായി കൈകാര്യം ചെയ്ത ജോസഫിനെതിരെ എന്തുകൊണ്ട് ഈ നേതാക്കൾ പ്രസ്താവനയിറക്കി, ജോസഫിന്റെ രാജി ആവശ്യപ്പെട്ടു? രാഷ്ട്രീയമോഹം വച്ചുകൊണ്ട് ജോസഫിനെ താഴെയിറക്കാൻ ശ്രമിക്കുകയായിരുന്നു. ഈ രണ്ടു വകുപ്പുകളുടെ ഭരണത്തിലൂടെ ജോസഫ് ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചതിന്റെ അങ്കലാപ്പിലായിരുന്നു ആന്റണിയും മാണിയും.

ജോസഫ് ഇടതുപക്ഷമുന്നണിയിൽ നിന്നുകൊണ്ട് വിദ്യാഭ്യാസരംഗത്ത് വലിയമാറ്റങ്ങൾ വരുത്തുകയാണ് ചെയ്തത്. സ്വാഭാവികമായും മാർക്സിസ്റ്റ് പാർട്ടിക്ക് യോജിക്കാവുന്ന പരിപാടികൾ ആയിരുന്നില്ല ജോസഫ് ആസൂത്രണം ചെയ്തത്. സ്വകാര്യവിദ്യാഭ്യാസ മേഖലയെ തകർക്കാൻ എന്നും ശ്രമിക്കുന്ന മാർക്സിസ്റ്റ് പാർട്ടിക്ക് മുൻതൂക്കമുള്ള സർക്കാരിന്റെ ഭരണകാലത്ത് സ്വകാര്യവിദ്യാഭ്യാസമേഖലയെയും സർക്കാർ വിദ്യാഭ്യാസമേഖലയെയും ഒന്നുപോലെ കണക്കാക്കി ഇരുവിഭാഗത്തോടും ഒരേ രീതിയിൽ പെരുമാറി ജോസഫ് വിദ്യാഭ്യാസ മേഖലയിൽ ഒരു അഴിച്ചുപണിക്ക് ധീരമായ നേതൃത്വം നല്കി. മാർക്സിസ്റ്റ് അണികളെ തെറ്റിദ്ധരിപ്പിച്ച് ജോസഫിനെ മുന്നണിയിൽ നിന്നും പുറംതള്ളാമെന്നും പിന്നീട് എൽ.ഡി.എഫ്. ഗവണ്മെന്റിനെ താഴെയിറക്കാമെന്നുമാണ് അന്നത്തെ പ്രതിപക്ഷ നേതാക്കൾ കണക്കുകൂട്ടിയത്.

എൽ.ഡി.എഫ്.നു ശേഷം അധികാരം ഏറ്റെടുത്ത, പി.ജെ. ജോസഫിന്റെ രാജി ആവശ്യപ്പെട്ട് ബഹളം വച്ച ആന്റണിയും മാണിയും നേതൃത്വം നല്കുന്ന മന്ത്രിസഭ എത്ര നല്ല ഭരണമാണ് ഇപ്പോൾ കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്! അവരുടെ ഭരണത്തെപ്പറ്റി ഇക്കഴിഞ്ഞ പാർലമെന്റ്

www.malankaralibrary.com

തിരഞ്ഞെടുപ്പിൽ ജനം വിധിയെഴുതി. മുഖ്യമന്ത്രിയും ഇത് പരസ്യമായി അംഗീകരിച്ചതാണ്. പി.ജെ.ജോസഫിന്റെ രാജി ആവശ്യപ്പെട്ടവർ ഇന്ന് ഈ രാജ്യം കുട്ടിച്ചോറാക്കിയിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പുൾപ്പെടെ എല്ലാ വകുപ്പുകളിലും അഴിമതി വ്യാപകമായിരിക്കുന്നു. ഇപ്പോൾ ആരും രാജി വയ്ക്കേണ്ടല്ലോ?

ഇന്നത്തെ പ്രത്യേകമായ ഈ സാഹചര്യത്തിൽ പി.ജെ. ജോസഫ് നടത്തിയ 'ദുർ' ഭരണത്തെപ്പറ്റി ഒന്നു ചിന്തിക്കണം. കോളേജുകളിൽ നിന്ന് പ്രീഡിഗ്രി വേർപെടുത്തി, ഹൈസ്കൂളുകളോടനുബന്ധിച്ച് പ്ലസ്ടു ആരംഭിക്കണമെന്ന അഖിലേന്ത്യാപദ്ധതി വർഷങ്ങൾക്കുമുമ്പേ ഇന്ത്യയിൽ ഇതരസംസ്ഥാപനങ്ങൾ നടപ്പാക്കുകയുണ്ടായി. പക്ഷെ കേരളം ഭരിച്ച ഒരു ഗവണ്മെന്റും അതിനു തയ്യാറായില്ല. 1991-ൽ ഭരണം നടത്തിയിരുന്ന എൽ.ഡി.എഫ്. ഗവണ്മെന്റാണ് അതിനുള്ള നിർണ്ണായകമായ തീരുമാനം കൈക്കൊണ്ടത്. ആ ഗവണ്മെന്റിന്റെ ഭരണകാലത്ത് പ്ലസ്ടു അനുവദിക്കലിന്റെ ഒന്നാംഘട്ടം പൂർത്തിയായി. തുടർന്നുവന്ന യു.ഡി.എഫ്. ഗവണ്മെന്റ് ഒറ്റപ്ലസ്ടുപോലും അനുവദിച്ചില്ല. വീണ്ടും അധികാരത്തിലേറിയ എൽ.ഡി.എഫ്. ഗവണ്മെന്റ് പി.ജെ. ജോസഫിന്റെ നേതൃത്വത്തിൽ 1998-ൽ എല്ലാ വെല്ലുവിളികളെയും പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് പ്രീഡിഗ്രി വേർപെടുത്തലും പ്ലസ് ടു അനുവദിക്കലും താഴെ പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പാക്കി.

1. ഗവണ്മെന്റ് സ്കൂളുകൾക്കും സ്വകാര്യസ്കൂളുകൾക്കും തുല്യ പരിഗണന നൽകി. 2. പ്രീഡിഗ്രി വേർപെടുത്തിയ കോളേജുകളുടെ മാനേജ്മെന്റുകൾക്ക് പ്രത്യേക പരിഗണന നല്കി. 3. പ്രസ്തുത കോളേജുകളുടെ ഫീഡിംഗ് ഏരിയായിലുള്ള സ്കൂളുകൾക്ക് മുൻഗണന നല്കി. 4. നല്ല പ്രവർത്തനപാരമ്പര്യമുള്ള മാനേജ്മെന്റുകൾക്കും കോർപ്പറേറ്റ് മാനേജ്മെന്റുകൾക്കും അംഗീകാരം നല്കി. 5. പട്ടണങ്ങൾക്കും ഗ്രാമങ്ങൾക്കും സ്കൂളുകൾ നല്കി. 6. എല്ലാ സമുദായ മാനേജ്മെന്റുകൾക്കും പരിഗണന നല്കി.

ചില സമുദായ മാനേജ്മെന്റുകൾ തങ്ങൾക്ക് അർഹമായ പ്രാതിനിധ്യം കിട്ടിയില്ലെന്ന പരാതിയുമായി രംഗത്തുവന്നു. കോടതിയിൽ വ്യവഹാരം ആരംഭിക്കുകയും ചെയ്തു. ജനസംഖ്യാനുപാതികമായി പ്ലസ്ടു അനുവദിക്കണമെന്നായിരുന്നു അവരുടെ ഡിമാൻഡ്. അടിസ്ഥാനപരമായ ഒരു വസ്തുത അവർ മനപൂർവ്വം മറച്ചുവച്ചു. ഹൈസ്കൂളിന്റെ അപ്ഗ്രഡേഷനായിട്ടാണ് പ്ലസ്ടു അനുവദിക്കുന്നത്. സ്വന്തമായ ഹൈസ്കൂൾ കുറവുള്ള മാനേജ്മെന്റുകൾക്ക് എങ്ങനെ ജനസംഖ്യാനുപാതികമായി കൂടുതൽ പ്ലസ്ടു അനുവദിക്കാൻ കഴിയുമെന്ന് അവർതന്നെ വ്യക്തമാക്കണം. എന്നിട്ടും ഹൈസ്കൂൾ കുറവുള്ള സമുദായ മാനേജ്മെന്റുകൾക്ക് പുതിയതായി ഹൈസ്കൂൾ അനുവദിക്കാനും തുടർന്ന് പ്ലസ്ടു അനുവദിക്കാനും

www.malankaralibrary.com

ഗവണ്മെന്റ് നടപടികൾ കൈക്കൊണ്ടു.

എൽ.ഡി.എഫ്. ഗവണ്മെന്റിൽ വിദ്യാഭ്യാസമന്ത്രിയായിരുന്ന പി.ജെ. ജോസഫിന്റെ നിശ്ചദാർഢ്യത്തിന്റെയും ഭരണപാടവത്തിന്റെയും ഏറ്റം മഹത്തായ ഒരു സംഭാവനയാണ് പ്ലസ്ടു അനുവദിക്കൽ. അദ്ദേഹത്തിന്റെ കരങ്ങൾ സംശുദ്ധമാണ്. മനസ്സാകട്ടെ സർവ്വസമുദായ മൈത്രിയിലും നീതിബോധത്തിലും അധിഷ്ഠിതവും. പക്ഷെ ഇന്നത്തെ മുഖ്യമന്ത്രി ആന്റണിയും റവന്യൂമന്ത്രി മാണിയും അന്ന് പ്രതിപക്ഷത്തിരുന്നുകൊണ്ട് അഴിമതി ആരോപണത്തിന്റെ പുകമറ ഉയർത്തി നീതിമാനായ ആ മനുഷ്യനെ ക്രൂശിക്കുകയായിരുന്നു. വിദ്യാഭ്യാസപുരോഗതിയ്ക്കുവേണ്ടി അദ്ദേഹം ആവിഷ്കരിച്ച വിപ്ലവകരമായ തീരുമാനങ്ങൾക്കും നടപടികൾക്കും അവർ തുരങ്കം വയ്ക്കുകയായിരുന്നു. ജോസഫ് അല്ലാതെ മറ്റാരായിരുന്നാലും പ്രീഡിഗ്രി വേർപിരിക്കലും പ്ലസ്ടു അനുവദിക്കലും ഇത്ര ഭംഗിയായി നടപ്പാക്കുകയില്ലായിരുന്നു. ഇന്നത്തെ ഗവണ്മെന്റിന്റെ വലിയ നേട്ടമായി ചിത്രീകരിക്കപ്പെടുന്ന സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ അനുവദിക്കലിന്റെ ക്രെഡിറ്റ് വാസ്തവത്തിൽ പി.ജെ.ജോസഫിനുള്ളതാണ്. സ്വാശ്രയസ്ഥാപനങ്ങൾ അനുവദിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടായിരുന്നു. നടപടികൾ തികച്ചും സുതാര്യവുമായിരുന്നു.

ആന്റണി സർക്കാരിന്റെ വിദ്യാഭ്യാസ നയം തികച്ചും പിൻതിരിപ്പനും, അഴിമതിയിലും, സ്വജനപക്ഷപാതത്തിലും, വർഗ്ഗീയതിയിലും മുങ്ങിക്കുളിച്ച് നിൽക്കുന്നതുമാണ്. ചോദിക്കുന്നവർക്കൊക്കെ എൻ.ഒ.സി. കൊടുക്കുന്ന നയം ഭരണചരിത്രത്തിൽ കേട്ടുകേൾവിപോലുമില്ലാത്തതാണ്. കോഴ്സുകൾ പഠിച്ചിറങ്ങുന്നവർക്ക് ജോലി കിട്ടാനുള്ള സാദ്ധ്യത കണക്കിലെടുത്ത് 'മാൻപവർ പ്ലാനിംഗ്' നടത്തി മാത്രമേ ഉത്തരവാദിത്വമുള്ള ഗവണ്മെന്റുകൾ പുതിയ കോഴ്സുകളും സ്ഥാപനങ്ങളും അനുവദിക്കുകയുള്ളു. പക്ഷെ ഇപ്പോഴത്തെ സർക്കാരിന് യാതൊരു നയങ്ങളും പരിപാടികളും ഇല്ല. യാതൊരു തത്വദീക്ഷയുമില്ലാതെ സ്ഥാപനങ്ങൾ അനുവദിച്ചു നല്കുന്ന അനീതിപരമായ സമ്പ്രദായമാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

ഈ തിന്മനിറഞ്ഞതും അഴിമതിയുടെ ഗന്ധമുള്ളതുമായ ജാതീയ വർഗ്ഗീയ പ്രീണന നയത്തെ പി.ജെ. ജോസഫിന്റെ സുതാര്യവും തത്വബോധാഷ്ഠിതവുമായ നയങ്ങളോടും പരിപാടികളോടും താരതമ്യപ്പെടുത്താൻ പോലും സാധിക്കുകയില്ല.

വിദ്യാഭ്യാസ രംഗത്ത് മാറ്റത്തിന്റെ കാഹളമൂതിയ പി.ജെ. ജോസഫിന്റെ സേവനങ്ങളെ പലരും മനസ്സുകൊണ്ട് അംഗീകരിച്ചിരുന്നു. മാർക്സിസ്റ്റ് മുന്നണിയിലായതിനാൽ പലരും അത് തുറന്നുപറയുവാൻ വിസ്മരിച്ചുവെന്നു മാത്രം.

യു.ഡി.എഫ്. മുന്നണിയിൽ നിന്നുകൊണ്ട് സ്വാശ്രയ സ്വകാര്യ

www.malankaralibrary.com

കോളേജുകളെ തകർക്കാൻ കൂട്ടുനിൽക്കുന്ന രാഷ്ട്രീയ നേതാക്കളോട് കാര്യങ്ങൾ തുറന്നുപറയുവാൻ നാം നിർബന്ധിതരായിത്തീർന്നിരിക്കുന്നു. പി.ജെ. ജോസഫിന്റെ രാജിക്കുവേണ്ടി മുറവിളികൂട്ടിയവർക്ക് ഇപ്പോൾ എന്തു പറയാനുണ്ട് എന്നതാണ് പ്രസക്തമായ ചോദ്യം.

## എ.കെ. ആന്റണി ഡൽഹിക്ക്

വിദ്യാഭ്യാസ മേഖലയെ താറുമാറാക്കി, മാനേജുമെന്റിനെ ഒറ്റപ്പെടുത്താനുള്ള ശ്രമം നടത്തിയതിനുശേഷം എ.കെ. ആന്റണി മുഖ്യമന്ത്രി സ്ഥാനം രാജിവച്ച് ഡൽഹിയിലേക്ക് യാത്രയായി. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി ചാർജ്ജെടുത്തു. സ്വാശ്രയ കോളേജ് പ്രശ്നം പരിഹരിക്കാനല്ല കൂടുതൽ വഷളാക്കാനാണ് അദ്ദേഹവും ശ്രമിച്ചത്. അഡ്മിഷൻ 50 : 50 എന്ന നിലപാടിൽ അദ്ദേഹവും ഉറച്ചുനിന്നു. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്തി അവരുടെ പല അവകാശങ്ങളും കൈയടക്കാനാണ് ഉമ്മൻചാണ്ടിയും ശ്രമിച്ചത്. ഒരു പക്ഷെ യൂത്ത് കോൺഗ്രസ്സിന്റെ തടവറയിലായിരിക്കാം അന്ന് ഉമ്മൻ ചാണ്ടി.

## ഇടതുപക്ഷ ഗവണ്മെന്റ്

1996-ൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ കേരളത്തിൽ എൽ.ഡി.എഫ്. അധികാരത്തിലേറി. വി.എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായി. വിദ്യാഭ്യാസമന്ത്രിയായി ചാർജ്ജെടുത്തത് എം.എ. ബേബിയുമായിരുന്നു. കൂടുതൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി സ്വാശ്രയകോളേജിന്റെ പ്രവർത്തനം അനിശ്ചിതത്തിലാക്കാനാണ് അച്ചുതാനന്ദൻ സർക്കാർ ശ്രമിച്ചത്. ഇതിനെതിരെ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനെപ്പറ്റി ആലോചിക്കുവാൻ ഒരു കത്തോലിക്കാ നേതൃത്വ സമ്മേളനം 2006 ജൂലായ് 13-ാം തീയതി എറണാകുളത്ത് പി.ഒ.സി.യിൽ കേരള കാത്തലിക് ഫെഡറേഷൻ വിളിച്ചുകൂട്ടി. ഫെഡറേഷൻ പ്രസിഡന്റ് ജോൺ കച്ചിറമറ്റം ആദ്ധ്യക്ഷം വഹിച്ചയോഗം കെ.സി.ബി.സി. ലെയ്റ്റി കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ പോൾ ചിറ്റിലപ്പള്ളി ഉദ്ഘാടനം ചെയ്തു. ആദ്ധ്യാത്മികോപദേഷ്ടാവ് ഫാ. ജോസ് കോട്ടയിൽ ആശംസയർപ്പിച്ചു സംസാരിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. അനന്തരം താഴെ കാണുന്ന പ്രമേയങ്ങൾ നേതൃസമ്മേളനം അംഗീകരിച്ചു.

1. കേരളാ ഗവണ്മെന്റ് പാസ്സാക്കിയിരിക്കുന്ന സ്വാശ്രയനിയമം ഭരണഘടനാവിരുദ്ധവും ന്യൂനപക്ഷാവകാശലംഘനവുമാകയാൽ ഭരണഘടനയുടെ ഒൻപതാം പട്ടികയിൽ ഉൾപ്പെടുത്തരുതെന്ന് ഈ യോഗം കേന്ദ്രഗവണ്മെന്റിനോടഭ്യർത്ഥിക്കുന്നു.

2. സ്വാശ്രയ കോളേജ് പ്രശ്നത്തിൽ അഭിവന്ദ്യ വൈദിക

www.malankaralibrary.com

മേലദ്ധ്യക്ഷന്മാർ സ്വീകരിച്ച നിലപാടിനെ അധിക്ഷേപിച്ചും ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ അപക്വമായി സംസാരിക്കുന്നുവെന്നാരോപിച്ചും മന്ത്രിമാരും രാഷ്ട്രീയ നേതാക്കളും തുടരെത്തുടരെ നടത്തുന്ന പ്രസ്താവനകളെ ഈ യോഗം അത്യന്തം ഉൽകണ്ഠയോടെ വീക്ഷിക്കുന്നു. ജനങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുന്ന ഒരു വാക്കും വൈദിക മേലദ്ധ്യക്ഷന്മാരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന അനുവദിക്കുന്ന അവകാശം സംരംക്ഷിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അതിന് സമുദായാംഗങ്ങൾ ഒറ്റക്കെട്ടായി മുന്നേറണമെന്നും മാത്രമാണ് മെത്രാന്മാർ പ്രസ്താവിച്ചിട്ടുള്ളതെന്നും ആ നടപടി തെറ്റായി വ്യാഖ്യാനിക്കുന്നത് നേതാക്കന്മാർക്ക് ഭൂഷണമല്ലെന്നും ഈ യോഗം അഭിപ്രായപ്പെടുന്നു. മെത്രാന്മാരുടെ പിന്നിൽ ഒറ്റകെട്ടായി സുദായാംഗങ്ങൾ അണിനിരക്കുമെന്നും അസന്നിഗ്ദ്ധമായി ഈ യോഗം പ്രഖ്യാപിക്കുന്നു.

3. ന്യൂനപക്ഷാവകാശം സംബന്ധിച്ച് വേണ്ടത്ര വിശദീകരണം നടത്തുന്നതിനും കേരളത്തിലെ നാലു മേഖലകളിൽ വച്ച് പ്രവർത്തകയോഗങ്ങൾ സംഘടിപ്പിക്കുന്നതിനും യോഗം തീരുമാനിക്കുന്നു.

4. സ്വാശ്രയ നിയമത്തിനെതിരെ സമരം സംഘടിപ്പിക്കുന്നതിനും ആ സമരം സംബന്ധിച്ചുള്ള പ്രഖ്യാപനം ജൂലൈ 23 – ാം തീയതി അങ്കമാലിയിൽ വച്ച് നടത്തുന്നതിനും ജൂലൈ 31 –ാം തീയതി തിരുവനന്തപുരം സെക്രട്ടറിയേറ്റ് നടയിൽ ഒരു ഏകദിന ഉപവാസം നടത്തുന്നതിനും യോഗം തീരുമാനിച്ചു.

ജനറൽ സെക്രട്ടറി വിൻസെന്റ് കല്ലറയ്ക്കൽ സ്വാഗതവും ഷിബു വർഗ്ഗീസ് നന്ദിയും പറഞ്ഞു.

★

www.malankaralibrary.com

# 28. സ്വാശ്രയനിയമം സമരപ്രഖ്യാപനം

## അങ്കമാലിയിൽ ആവേശം അലതല്ലിയ അന്തരീക്ഷ ത്തിൽ കേരള കാത്തലിക് ഫെഡറേഷന്റെ സമര പ്രഖ്യാപനം

ന്യൂനപക്ഷാവകാശം ലംഘിച്ചും കോടതി വിധികളെ ധിക്കരിച്ചും കേരളസർക്കാർ കൊണ്ടുവന്നിരിക്കുന്ന സ്വാശ്രയ നിയമത്തിനെതിരെ കേരള കാത്തലിക് ഫെഡറേഷൻ അങ്കമാലി രക്തസാക്ഷികളുടെ ശവകുടീരത്തിൽ ആയിരക്കണക്കിനാളുകളുടെ സാന്നിധ്യത്തിൽ ആവേശം അലതല്ലിയ അന്തരീക്ഷത്തിൽ സമരപ്രഖ്യാപനം നടത്തി. അങ്കമാലി സെന്റ് ജോർജ്ജ് ഫൊറോന പള്ളിയിൽ ഫെഡറേഷൻ സ്പിരിച്വൽ ഡയറക്ടർ ഫാദർ ജോസ് കോട്ടയിൽ ദിവ്യബലി അർപ്പിക്കുകയും കേരളത്തിലെ ക്രൈസ്തവ സഭാമേലദ്ധ്യക്ഷന്മാരുടെ സംയുക്ത ഇടയലേഖനം വായിച്ച് പ്രാർത്ഥനാ ദിനാചരണം വിജയിപ്പിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്തു.

തുടർന്ന് 1959-ൽ ന്യൂനപക്ഷാവകാശ സമരത്തിൽ പങ്കെടുത്ത് രക്തസാക്ഷിത്വം വരിച്ച ഏഴ്പേരുടെ ശവകുടീരത്തിൽ ബിഷപ്പ് മാർ എ.ഡി. മറ്റം അനുസ്മരണ ശുശ്രൂഷ നടത്തി. തുടർന്ന് നല്കിയ സന്ദേശത്തിൽ 1959-ലെ ഭീകരസംഭവത്തിനു സാക്ഷ്യം വഹിച്ച തിരുമേനി അന്നത്തെ സംഭവങ്ങൾ വിശദീകരിക്കുകയും കേരള കാത്തലിക് ഫെഡറേഷന്റെ ന്യൂനപക്ഷാവകാശ സംരക്ഷണപോരാട്ടം വിജയകരമായി തീരട്ടെ എന്ന് ആശംസിക്കുകയും ചെയ്തു.

തുടർന്ന് കേരള കാത്തലിക് ഫെഡറേഷൻ പ്രസിഡന്റ് ജോൺ കച്ചിറമറ്റം സമരപ്രഖ്യാപനം നടത്തി. 1957-ലെ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിന്റെ വിദ്യാഭ്യാസ ബില്ലിനെതിരെ നടന്ന പോരാട്ടത്തിൽ പങ്കെടുത്ത് വീരചരമം പ്രാപിച്ച രക്തസാക്ഷികൾ അന്തിമവിശ്രമം കൊള്ളുന്ന ഈ പുണ്യ ഭൂമിയിൽവെച്ച് സമരപ്രഖ്യാപനം നടത്തിക്കൊണ്ട് കത്തോലിക്കാസ്ഥാപന ങ്ങളുടെ സംരക്ഷണത്തിന് വേണ്ടിവന്നാൽ സന്നദ്ധസംഘങ്ങൾ രൂപീക രിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. സമരപരിപാടികൾ വിശദീ കരിച്ചുകൊണ്ട് ജനറൽ സെക്രട്ടറി വിൻസെന്റ് കല്ലറയ്ക്കൽ, മേഖലാരൂപതാ തലങ്ങളിൽ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുമെന്നും തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് നടയിൽ സത്യാഗ്രഹസമരം

www.malankaralibrary.com

സംഘടിപ്പിക്കുമെന്നും പ്രഖ്യാപിച്ചു. തുടർന്ന് ഫാദർ പോൾ കരിയാറ്റി ചൊല്ലിക്കൊടുത്ത പ്രതിജ്ഞ ആയിരക്കണക്കിനാളുകൾ ഏറ്റുചൊല്ലി.

രക്തസാക്ഷികളുടെ ശവകുടീരത്തിൽ ആയിരക്കണക്കിനാളുകൾ പുഷ്പചക്രം സമർപ്പിച്ചു.

## അങ്കമാലിയിലെ ഭീകരാന്തരീക്ഷം ബിഷപ്പ് മാർ എ.ഡി. മറ്റം ഓർമ്മിക്കുന്നു.

അങ്കമാലി ജൂലൈ 23

വിമോചന സമരത്തെ തുടർന്ന് അങ്കമാലിയിലും സമീപപ്രദേശങ്ങളിലും നടന്ന വെടിവയ്പും തുടർന്നുണ്ടായ ഭീകരാന്തരീക്ഷവും ഇന്നും തന്റെ ഓർമ്മയിൽ ഉണ്ടെന്നും ഭീകരഭരണത്തിനെതിരായുള്ള പോരാട്ടും കൂടുതൽ ശക്തിപ്പെടുത്തുന്നതിന് മാത്രമേ വെടിവയ്പ്പിന് സാധിച്ചുള്ളുവെന്നും സാറ്റ്നാ രൂപതയുടെ മുൻ അദ്ധ്യക്ഷൻ ബിഷപ്പ് മാർ എ.ഡി.മറ്റം പ്രസ്താവിച്ചു. വെടിവെയ്പ് നടന്ന ദിവസം താൻ അങ്കമാലിയിൽ ഉണ്ടായിരുന്നുവെന്നും അന്നത്തെ സംഭവ വികാസങ്ങൾ ഇന്നും സ്മരണയിൽ നിലനിൽക്കുന്നുവെന്നും തിരുമേനി തുടർന്നു പറഞ്ഞു. നമ്മുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് നാം പടപൊരുതിയത്. ആ സമരത്തിൽ നിരവധിയാളുകൾ ജീവൻ വെടിഞ്ഞു. ആ വീരാത്മാക്കളെ നമുക്കു നന്ദിപൂർവ്വം സ്മരിക്കാം.

വിദ്യാഭ്യാസസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു പോരാട്ടത്തിൽ ആണ് നാം ഏർപ്പെട്ടിരിക്കുന്നത്. കോടതിവിധികളെ പോലും ധിക്കരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടു നീങ്ങുന്നത്. സ്വാശ്രയകോളേജ് നടത്തുന്നവരെ സർക്കാർ ആക്ഷേപിക്കുകയാണ്. സർക്കാർ സ്വകാര്യ സ്വാശ്രയകോളേജുകളോടുള്ള ശത്രുത ഉപേക്ഷിക്കണം. കഴിഞ്ഞ 4 ദശാബ്ദക്കാലമായി സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കേരളം വളരെ പിന്നോക്കം പോവുകയുണ്ടായി. അതിനൊരു പരിഹാരമായിട്ടാണ് സ്വാശ്രയ കോളേജുകൾ ആരംഭിച്ചത്. പക്ഷെ സർക്കാർ ആ സംരംഭത്തെ പ്രോത്സാഹിപ്പിക്കുന്നില്ലെന്നു മാത്രമല്ല, ദ്രോഹിക്കുകയും ചെയ്യുന്നു. ഈ സന്ദർഭത്തിൽ നമ്മുടെ അവകാശ സംരക്ഷണത്തിനായി എല്ലാവരും ഒറ്റക്കെട്ടായി അണിനിരക്കണമെന്നഭ്യർത്ഥിക്കുന്നു.

## കാത്തലിക് ഫെഡറേഷൻ 2006

ആഗസ്റ്റ് 22-ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് നടയിൽ ഉപവാസം നടത്തി സമരത്തിന് ഒരു പുതിയ രൂപം നല്കി. അതിന് പ്രാരംഭമായി ഫെഡറേഷൻ ഭാരവാഹികൾ നടത്തിയ വിശദീകരണക്കുറിപ്പിലെ ഒരുഭാഗം താഴെ ചേർക്കുന്നു.

www.malankaralibrary.com

കേരള നിയമസഭ പാസ്സാക്കിയ സ്വാശ്രയനിയമം ഭരണഘടനാ വിരുദ്ധവും ന്യൂനപക്ഷാവകാശങ്ങൾ ഹനിക്കുന്നതുമാണെന്നും ആ നിയമത്തിനെതിരെയുള്ള കേരള കാത്തലിക് ഫെഡറേഷന്റെ പോരാട്ടം ആഗസ്റ്റ് 22-ാം തീയതി തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് നടയിൽ നടത്തുന്ന ഉപവാസ സമരത്തോടെ പുതിയഘട്ടത്തിലേക്ക് നീങ്ങുമെന്നും ഇന്നിവിടെ കേരളാ കാത്തലിക് ഫെഡറേഷൻ ഭാരവാഹികൾ അറിയിച്ചു. ജനാധിപത്യ വിരുദ്ധവും ഭരണഘടനാ വിരുദ്ധവുമായ സ്വാശ്രയനിയമങ്ങളെക്കുറിച്ച് ഒരു ചർച്ചക്കും തയ്യാറില്ലെന്നും ഭരണഘടനാധിഷ്ഠിതമായി ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള ചർച്ചക്കുമാത്രമേ പ്രസക്തിയുള്ളുവെന്നുമുള്ള ഇൻർ ചർച്ച് കൗൺസിൽ ചെയർമാൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിലിന്റെ അഭിപ്രായത്തെ കേരള കാത്തലിക് ഫെഡറേഷൻ സ്വാഗതം ചെയ്യുന്നുവെന്ന് ഭാരവാഹികൾ അറിയിച്ചു.

ന്യൂനപക്ഷാവകാശം നിഷേധിക്കുന്ന സ്വാശ്രയ നിയമത്തിനെതിരെ നീതിന്യായപീഠത്തെ സമീപിച്ചതിന്റെ പേരിൽ വിദ്യാഭ്യാസ മന്ത്രി രോഷം കൊള്ളേണ്ട ആവശ്യമില്ല. നിയമയുദ്ധം നടത്തുന്നവർ കേരളത്തിലാണ് പ്രവർത്തിക്കേണ്ടതെന്നുള്ള കാര്യം വിസ്മരിക്കരുതെന്നുള്ള മന്ത്രിയുടെ ഭീഷണിയോടുകൂടിയ പ്രസ്താവന കോടതിയോടും നിയമവാഴ്ചയോടുമുള്ള വെല്ലുവിളിയാണ്. ഭീഷണിയുടെ സ്വരത്തിലുള്ള വാക്കുകൾ ജനാധിപത്യ മര്യാദക്കു ചേർന്നതല്ല. പാവങ്ങൾക്കും പിന്നോക്കവിഭാഗങ്ങൾക്കും വിദ്യാഭ്യാസം നിഷേധിച്ചിരുന്ന കാലഘട്ടത്തിൽ അവർക്ക് ഭക്ഷണവും വസ്ത്രവും പഠനോപകരണങ്ങളും നൽകി വിദ്യാഭ്യാസം നൽകുന്നതിന് മുൻനിന്ന് പ്രവർത്തിച്ച ക്രൈസ്തവരെ പാവങ്ങളുടെ കാര്യം പഠിപ്പിക്കുവാൻ ആരും മെനക്കെടേണ്ടതില്ല. ഇന്ന് കൈസ്ത്രവരെ അഴിമതിക്കാരും സാമൂഹ്യ ദ്രോഹികളുമായി ചിത്രീകരിക്കുന്നവരിൽ പലരും ക്രൈസ്തവ വിദ്യാലയങ്ങളിലാണ് പഠിച്ചതെന്നുള്ള സത്യം വിസ്മരിക്കരുത്. മാനേജുമെന്റിനെ തള്ളിപ്പറയുന്ന മന്ത്രിമാരും രാഷ്ട്രീയനേതാക്കളും തങ്ങളുടെ മക്കളെ ന്യൂനപക്ഷസമുദായമായ ക്രൈസ്തവർ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് പഠിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്.

അഴിമതി ആരോപണമാണ് ഇന്ന് സർക്കാർ ന്യൂനപക്ഷ സ്ഥാപനങ്ങളുടെ മേൽ ആരോപിക്കുന്നത്. അഴിമതിരഹിതമായ ഒരു സംശുദ്ധഭരണം നടപ്പിലാക്കാൻ സർക്കാരിന് ബാദ്ധ്യതയുണ്ട്. അഴിമതി നടത്തുന്നവരെ നിർദ്ദയം ശിക്ഷിക്കാൻ നടപടികളെടുക്കാതെ ആരോപണം ഉന്നയിക്കുന്നതിൽ അർത്ഥമില്ല

വിദ്യാർത്ഥി യുവജനപ്രസ്ഥാനങ്ങളെ ഇളക്കിവിട്ട് സ്വാശ്രയ കോളേജ് മാനേജർമാരെ ഭീഷണിപ്പെടുത്തുവാൻ ശ്രമിക്കുന്ന മന്ത്രിമാർ രാജ്യത്തെ ക്രമസമാധാനനില തകർക്കുകയാണ് ചെയ്യുന്നത്. എല്ലാവരെയും പോലെ

www.malankaralibrary.com

അഭിപ്രായം തുറന്നുപറയുവാനുള്ള അവകാശം ന്യൂനപക്ഷങ്ങൾക്കുമുണ്ട് എന്ന കാര്യം സർക്കാർ വിസ്മരിക്കരുത്. അധികാരത്തിൽ ഇരുന്നുകൊണ്ട് ഭീഷണി മുഴക്കുന്നവർ, രാജ്യത്ത് ദിനംതോറും നടക്കുന്ന കസ്റ്റഡി മരണങ്ങൾ കണ്ടില്ലെന്നു നടിക്കരുത്. മന്ത്രിമാരുടെ വികലമായ പ്രസ്താവനകൾ റിമാൻഡിൽ കഴിയുന്നവരുടെ മരണത്തിനിടയാക്കിയിട്ടുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

പാവങ്ങളുടെ പേരുപറഞ്ഞ് അധികാരത്തിലേറിയ ഇടതുപക്ഷ ഗവണ്മെന്റ് ഇക്കഴിഞ്ഞ മാസങ്ങളിൽ ജനക്ഷേമകരമായ പ്രവർത്തനങ്ങളിൽ ഒന്നും ഏർപ്പെട്ടിട്ടില്ല. അവർ ആകെ ചെയ്തത് വിദ്യാർത്ഥികളുടെ പഠനം അനിശ്ചിതത്വത്തിലാക്കിയെന്നതുമാത്രമാണ്. കോടതിവിധികളെ മാനിച്ച് വിദ്യാലയങ്ങൾ പ്രവർത്തിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കണം. ജനാധിപധ്യബോധമുള്ള ഭരണാധികാരികൾ ഭീഷണിയുടെ ഭാഷ ഉപയോഗിക്കരുത്. ആങ്ങള ചത്താലും നാത്തൂന്റെ കണ്ണീരുകാണണമെന്ന മനോഭാവമാണ് സർക്കാരിന്. വിദ്യാഭ്യാസരംഗം തകർന്നാലും ന്യൂനപക്ഷങ്ങളെ തകർക്കണമെന്നു മാത്രമാണ് സർക്കാരിന്റെ ചിന്ത.

സംസ്ഥാനത്തെ ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജുകൾക്കെല്ലാം ന്യൂനപക്ഷപദവി നിഷേധിക്കാൻ കഴിയുന്ന വിധത്തിലാണ് സ്വാശ്രയനിയമം കരുപ്പിടിപ്പിച്ചിരിക്കുന്നത്. ഭരണഘടനാപരമായ ന്യൂനപക്ഷാവകാശങ്ങളെ ലംഘിക്കുക എളുപ്പമല്ലാത്തതിനാൽ, സംസ്ഥാനത്തെ ന്യൂനപക്ഷ സ്ഥാപനങ്ങൾ, ന്യൂനപക്ഷ സ്ഥാപനങ്ങളല്ലെന്ന് വരുത്താൻ വളഞ്ഞ വഴിക്ക് ഈ നിയമത്തിലൂടെ ശ്രമിക്കുകയാണ്. ന്യൂനപക്ഷ പ്രൊഫഷണൽ കോളേജ് എന്ന സ്ഥാനം ലഭിക്കുന്നതിന് ഈ നിയമത്തിന്റെ 8-ാം വകുപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ അസ്വീകാര്യങ്ങളാണ്. ഈ നിയമനത്തിനെതിരെ വിജയംവരെ പോരാടുക തന്നെ ചെയ്യും.

കേരളാ കാത്തലിക് ഫെഡറേഷൻ വിദ്യാഭ്യാസ സമരത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്. വിമോചനസമരം ഞങ്ങളുടെ അജൻഡയിലില്ല. വിദ്യാഭ്യാസ സമരവുമായി ഏറ്റുമുട്ടി മന്ത്രിസഭ വീഴാതെ നോക്കേണ്ടത് സർക്കാരിന്റെ കടമയാണ്. ഫെഡറേഷൻ ഒരിക്കലും വിമോചനസമരത്തിന് ആഹ്വാനം നല്കിയിട്ടില്ല. നല്കേണ്ട ആവശ്യവുമില്ല. വിദ്യാഭ്യാസമേഖല ശാന്തമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം സർക്കാർ സൃഷ്ടിക്കണമെന്നും ഫെഡറേഷൻ പ്രസിഡന്റ് ജോൺ കച്ചിറമറ്റം അറിയിച്ചു.

ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റു നടയിൽ നടന്ന ഉപവാസ സമരത്തിൽ കേരളത്തിലെ 29 രൂപതകളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്തു. തിരുവനന്തപുരം അതിരൂപതാ മെത്രാൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉപവാസം ഉദ്ഘാടനം ചെയ്തു.

www.malankaralibrary.com

## അങ്കമാലിയിൽ ആരംഭിച്ച സമരപ്രഖ്യാപനം വിവാദമാക്കി

അങ്കമാലിയിൽ ഫെഡറേഷൻ നടത്തിയ സമരപ്രഖ്യാപനം വിവാദമാക്കുവാൻ ചില പ്രസിദ്ധീകരണങ്ങളും ചാനലുകളും ശ്രമിച്ചു. വിമോചനസമരത്തിൽ പങ്കെടുത്ത വീരചരമമടഞ്ഞവരുടെ കുടുംബങ്ങളെ സഹായിക്കുവാൻ വിമോചനസമരക്കാർ യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും മരണമടഞ്ഞവരുടെ ബന്ധുക്കൾ അസംപ്തൃപ്തരാണെന്നുമുള്ള പ്രചരണം ശക്തമാക്കി. തെറ്റിദ്ധരിപ്പിച്ച് സമരത്തെ അപഹാസ്യമാക്കുവാനാണ് സത്യദീപം പോലുള്ള സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ ശ്രമിച്ചത്. ഈ സന്ദർഭത്തിൽ കേരളത്തിലെ കത്തോലിക്കാ മെത്രാന്മാർക്ക് ഫെഡറേഷൻ ഒരു നിവേദനം സമർപ്പിച്ചു. ആ നിവേദനത്തിലെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു.

★

www.malankaralibrary.com

# 29. കേരളത്തിലെ കത്തോലിക്കാ മെത്രാന്മാർക്ക് കെ.സി.എഫ്. സമർപ്പിച്ച നിവേദനം

അഭിവന്ദ്യ തിരുമേനി,

കേരള കാത്തലിക് ബിഷപ്സ് കോൺഫറൻസിന്റെ നിർദ്ദേശാനുസരണം കേരളത്തിലെ മൂന്നു റീത്തുകളിലുംപെട്ട അൽമായ സംഘടനകൾ ചേർന്ന് രൂപീകരിച്ച സംഘടനയാണ് കേരള കാത്തലിക് ഫെഡറേഷൻ. ക്രൈസ്തവ സമുദായം നേരിടുന്ന വെല്ലുവിളികളെ പ്രതിരോധിക്കാൻ സംഘടന അതിന്റെ കഴിവിനൊത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസപ്രശ്നം, കാർഷിക പ്രശ്നം, മത്സ്യത്തൊഴിലാളി പ്രശ്നം, കെട്ടിട നിർമ്മാണതൊഴിലാളി പ്രശ്നങ്ങൾ, രാഷ്ട്രീയരംഗത്തെ അവഗണന തുടങ്ങിയ പ്രശ്നങ്ങൾ ഫെഡറേഷൻ കൈകാര്യം ചെയ്തിട്ടുണ്ട്. 1999 ൽ ഫെഡറേഷൻ വിളിച്ചുകൂട്ടിയ വിശാല കത്തോലിക്കാ നേതൃസംഗമം അങ്ങ് ഓർമ്മിക്കുന്നുണ്ടെന്നു വിശ്വസിക്കുന്നു. അതിനുശേഷം നടന്ന ലോകസഭാ തിരഞ്ഞെടുപ്പിൽ നാല് കത്തോലിക്കരെ വിജയിപ്പിക്കാൻ സാധിച്ചു. ആദ്യമായാണ് കേരളത്തിൽ നിന്നും നാല് കത്തോലിക്കർ എം.പി.മാരായി തിരഞ്ഞെടുക്കപ്പെടുന്നത്.

ഇന്ന് സ്വാശ്രയകോളേജ് പ്രശ്നം ഗുരുതരമായിക്കൊണ്ടിരിക്കുകയാണല്ലോ? കാത്തലിക് ഫെഡറേഷൻ ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാട് അങ്ങേക്കറിയാമല്ലോ. മെത്രാന്മാരുടെ സംയുക്ത ഇടയലേഖനം പ്രസിദ്ധീകരിച്ച ജൂലൈ 23 നാണ് അങ്കമാലിയിൽ വച്ച് സമരപ്രഖ്യാപനം നടത്തിയത്. 1999 ലെ വിശാല കത്തോലിക്കാ നേതൃസംഗമം വിവാദമാക്കിയതുപോലെ അങ്കമാലി പരിപാടിയും വിവാദമാക്കുവാൻ ചില തത്പരകക്ഷികൾ-മാധ്യമങ്ങൾ-ശ്രമിക്കുകയുണ്ടായി. അങ്കമാലി സമ്മേളനത്തെപ്പറ്റി വിവാദമായപ്പോൾ ഉത്തരവാദപ്പെട്ടവർപോലും ശങ്കിക്കുന്നതു കാണാനിടയായി.

കേരള കാത്തലിക് ഫെഡറേഷന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയോഗം ചേർന്ന് ഏകകണ്ഠമായിട്ടാണ് അങ്കമാലി പരിപാടി നിശ്ചയിച്ചത്. പ്രസ്തുത സമ്മേളനത്തിൽ ഞങ്ങളുടെ ആധ്യാത്മിക ഉപദേഷ്ടാവ് ഫാ. ജോസ് കോട്ടയിൽ മുഴുവൻ സമയവും സന്നിഹിതനായിരുന്നു. ലെയ്റ്റി കമ്മിറ്റി ചെയർമാൻ മാർ പോൾ ചിറ്റിലപ്പള്ളി ഞങ്ങൾ തീരുമാനമെടുത്ത യോഗത്തിൽ സന്നിഹിതനുമായിരുന്നു. ആ വാർത്ത പത്രത്തിൽ കൊടുക്കുകയും ചെയ്തിരുന്നു.

www.malankaralibrary.com

ബിഷപ്പ് മാർ എ.ഡി.മറ്റം വന്ന് ഞങ്ങളുടെ പരിപാടി ഉദ്ഘാടനം ചെയ്തു. ചില മാധ്യമങ്ങൾ, പ്രത്യേകിച്ചും ചില ചാനലുകൾ ആ പരിപാടി വിവാദമാക്കാൻ ശ്രമിച്ചു. സത്യദീപം ഞങ്ങളുടെ പ്രവർത്തനത്തെ അൽപം പുച്ഛിച്ച് എഴുതുകയും ചെയ്തു. സത്യദീപത്തിൽ ചില വൈദികർ എഴുതിയ ലേഖനങ്ങൾ ഞങ്ങളുടെ സമരത്തിന് തന്നെ എതിരായിരുന്നു എന്ന് മനസ്സിലാക്കാം. സത്യദീപം ഉയർത്തിക്കാട്ടിയാണ് സഭയ്ക്കെതിരെ ശ്രീ. ജോസപ് പുലിക്കുന്നൻ ടി.വി. ചാനലിൽ പ്രത്യക്ഷപ്പെട്ടത്.

സ്വാശ്രയ കോളേജ് പ്രശ്നം കൂടുതൽ രൂക്ഷമാവുകയാണല്ലോ. അൽമായർ ഈ പ്രശ്നത്തിൽ വൈദികമേലധ്യക്ഷന്മാരുടെ പിൻപിലില്ലായെന്ന് വ്യാപകമായ ഒരു പ്രചരണം ഇന്ന് നടക്കുന്നുണ്ട്. ഈ പ്രചരണത്തിന് ഒരു മറുപടിയെന്ന നിലയിൽ ഫെഡറേഷൻ ശക്തമായി മുന്നോട്ട് നീങ്ങണമെന്നാണ് ആഗ്രഹിക്കുന്നത്.

ഇന്നത്തെ പശ്ചാത്തലത്തിൽ സംസ്ഥാന അടിസ്ഥാനത്തിൽ സ്വാശ്രയ നിയമത്തിനെതിരെ ഒരു വിപുലമായ കൺവെൻഷൻ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കണമെന്നുണ്ട്. അൽമായ പങ്കാളിത്തം ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഈ കൺവെൻഷൻ നടത്താൻ ഉദ്ദേശിക്കുന്നത്. കോട്ടയം ആയിരിക്കും സമ്മേളനത്തിന് ഏറ്റവും ഉചിതമായ സ്ഥലം എന്നാണ് ഞങ്ങളുടെ അഭിപ്രായം. പിതാക്കന്മാർ കഴിയുന്നത്ര സമ്മേളനത്തിൽ പങ്കെടുക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

അഭിവന്ദ്യപിതാക്കന്മാരുടെ നിർദ്ദേശങ്ങൾ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്,

ഫാ. ജോസ് കോട്ടയിൽ, ആദ്ധ്യാത്മകോപദേഷ്ടാവ്
ജോൺ കച്ചിറമറ്റം, പ്രസിഡന്റ്
വിൻസന്റ് കല്ലറയ്ക്കൽ, ജനറൽ സെക്രട്ടറി

കൊച്ചി
25-08-2006

## സ്വാശ്രയ നിയമം - ന്യൂനപക്ഷ പദവി

ന്യൂനപക്ഷ പദവി നിശ്ചയിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള നിയമനിർമ്മാണം കൊണ്ടുവരാനാണ് സർക്കാർ തീരുമാനിച്ചത്. ഈ നീക്കത്തിനെതിരെ ശക്തമായ പ്രതിഷേധം ആഞ്ഞടിച്ചു. 1957 ൽ കമ്മ്യൂണിസ്റ്റ് സർക്കാർ കൊണ്ടുവന്ന വിദ്യാഭ്യാസ ബില്ലിനെപ്പറ്റി സുപ്രീംകോടതിയിൽ നടന്ന ചർച്ചയിൽ ബ്രിട്ടീഷുകാരനായ ഡി.എൻ. പ്രിറ്റ് ക്രൈസ്തവരും മുസ്ലീംങ്ങളും ന്യൂനപക്ഷമല്ലെന്ന് വാദിച്ചു. ആ വാദം സുപ്രീംകോടതി തള്ളിക്കളഞ്ഞതാണ്. ആ വാദം കമ്മ്യൂണിസ്റ്റുകാർ

www.malankaralibrary.com

വീണ്ടും വീണ്ടും ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുകയാണ്. ഈ വിധത്തിലുള്ള കാലാകാലങ്ങളിൽ നടത്തിക്കൊണ്ടിരുന്ന നീക്കങ്ങൾ വിദ്യാഭ്യാസ മേഖലയെ കഴിഞ്ഞ 70 വർഷമായി അസ്വസ്ഥമാക്കിയിരിക്കുകയാണ്.

## വിദ്യാഭ്യാസമന്ത്രിയുടെ ഭീഷണി

ന്യായമായ അവകാശങ്ങൾക്കുവേണ്ടി കോടതിയെ ആശ്രയിച്ചതിനെ വിദ്യാഭ്യാസമന്ത്രി എം.എ. ബേബി വിമർശിച്ചു. നിയമം നോക്കുന്നവർ കേരളത്തിലാണ് പ്രവർത്തിക്കേണ്ടതെന്നുള്ള മന്ത്രിയുടെ ഭീഷണിയെ സർവ്വരും എതിർത്തു. ഈ ഭീഷണി ധിക്കാരപരമായിരുന്നു. നിയമവാഴ്ചയോടുള്ള വെല്ലുവിളിയായിരുന്നു. കേരളജനതയുടെ സമാധാനപരമായ ജീവിതം തകർക്കാനുള്ള പദ്ധതിയായി ജനങ്ങൾ വിലയിരുത്തി. നിയമം അനുസരിക്കാൻ ജനങ്ങളെ ഉൽബോധിപ്പിക്കേണ്ട മന്ത്രിയുടെ പ്രഖ്യാപനം കടുത്ത വിമർശന വിഷയമായി.

## വെള്ളാപ്പള്ളിയുടെ പിന്തുണ എം.എ. ബേബിക്ക്

സ്വാശ്രയ നിയമപ്രശ്നം കത്തിക്കയറുമ്പോഴാണ് എയ്ഡഡ് സ്കൂളുകളിലെ നിയമനം പി.എസ്.സി. യെ ഏൽപ്പിക്കണമെന്ന വാദവുമായി സർക്കാരും പി.എസ്.സി.യും രംഗത്തുവന്നത്. ആ നിർദ്ദേശത്തെ ആദ്യം പിന്താങ്ങിയത് എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനാണ്. തങ്ങളുടെ സ്കൂളിലെ നിയമനം പി.എസ്സ്.സി. യെ ഏൽപ്പിക്കാൻ തയ്യാറാണെന്നുകൂടി വെള്ളാപ്പള്ളി പറഞ്ഞു. 1945 ൽ വെള്ളാപ്പള്ളിയുടെ മുൻഗാമികൾ നടത്തിയ ചതിപ്രയോഗത്തിന്റെ പിന്തുടർച്ചയാണ് വെള്ളാപ്പള്ളിയുടെ ഈ അഭിപ്രായ പ്രകടനം.

ഈ ചതിപ്രയോഗം 1945 ൽ നടന്നതാണ്. തിരുവിതാംകൂറിൽ സർ. സി.പി. പ്രൈമറി വിദ്യാലയങ്ങൾ ദേശസാൽക്കരിക്കാൻ ശ്രമിച്ചപ്പോൾ എസ്.എൻ.ഡി.പി. തങ്ങളുടെ പ്രൈമറി വിദ്യാലയങ്ങൾ സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്തു കൊടുത്തു. മറ്റുള്ളവരുടെ വിശിഷ്യ ക്രൈസ്തവരുടെ വിദ്യാലയങ്ങൾ പിടിച്ചെടുക്കുന്നതിന് ശക്തി പകരാനാണ് ഈ നീക്കം നടത്തിയത്. പക്ഷേ ക്രൈസ്തവർ നീണ്ടുനിന്ന സമരത്തിലൂടെ തങ്ങളുടെ വിദ്യാലയങ്ങൾ സംരക്ഷിച്ചു. എസ്.എൻ.ഡി.പി.യുടെ സ്കൂളുകൾ സർക്കാരിന്റെ കൈകളിലുമായി. അതേ അനുഭവമായിരിക്കും ഇനിയും ഉണ്ടാകാൻ പോകുന്നതെന്ന് വെള്ളാപ്പള്ളി നടേശൻ ഓർമ്മിക്കണം.

ഈയടുത്തകാലത്തായി ക്രൈസ്തവരെയും സഭാമേലദ്ധ്യക്ഷന്മാരെയും ആക്ഷേപിക്കുന്നതിൽ വെള്ളാപ്പള്ളി സാമർത്ഥ്യം കാണിക്കുന്നുണ്ട്. ഇതു ശരിയല്ല. കുറേക്കൂടി പക്വതയും വിശാലതാത്പര്യവും നേതാക്കൾക്കുണ്ടാകണം. എസ്.എൻ.ഡി.പി. സ്കൂളിലെ നിയമനം സർക്കാരിന് വിട്ടുകൊടുത്തുകൊണ്ട് ക്രൈസ്തവരുടെ സ്കൂളുകളിലെ നിയമനം പിടിച്ചെടുക്കാ

www.malankaralibrary.com

നുള്ള ശ്രമമാണ് നടക്കുന്നതെങ്കിൽ സി.പി.യുടെ കാലത്തെ അനുഭവം തന്നെ യായിരിക്കും ഉണ്ടാവുക.

## വൻപ്രതിഷേധയോഗങ്ങൾ

അച്ചുതാനന്ദൻ സർക്കാരിന്റെ വിദ്യാഭ്യാസനയത്തിനെതിരായി പതിനായിരങ്ങൾ പങ്കെടുത്ത യോഗമാണ് കേരളത്തിന്റെ നാനാഭാഗങ്ങളിൽ നടന്നത്. കോട്ടയത്ത് പാലായിലും കാഞ്ഞിരപ്പള്ളിയിലും കോതമംഗലത്തും തൃശൂരും ഇരിങ്ങാലക്കുടയും തലശ്ശേരിയിലും താമരശ്ശേരിയിലും മാനന്തവാടിയിലും നടന്ന യോഗങ്ങൾ കേരളത്തെ പ്രകമ്പനം കൊള്ളിക്കുകയുണ്ടായി. ഇതിനിടയിലാണ് കമ്മ്യൂണിസ്റ്റ് സർക്കാർ പാഠപുസ്തകങ്ങളിൽ കമ്മ്യൂണിസ്റ്റാശയങ്ങൾ കുത്തിച്ചെലുത്തുന്നതിന് ശ്രമിച്ചത്. ഈ സംഭവം ജനങ്ങളെ കൂടുതൽ ക്രുദ്ധരാക്കി. കോട്ടയത്ത് നടന്ന മഹായോഗം അലങ്കോലപ്പെടുത്തുവാൻ ചിലർ ശ്രമിക്കുകയും ചെയ്തു.

★

www.malankaralibrary.com

# 30. നിരീശ്വരപാഠങ്ങൾക്കെതിരെ വിശാല കത്തോലിക്കാ നേതൃസമ്മേളനം

കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് എവിടെയെല്ലാം അധികാരത്തിലേറിയോ അവിടെയെല്ലാം പാഠപുസ്തകങ്ങൾ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ കയറ്റിവിടാൻ ശ്രമിക്കുക സാധാരണമാണ്. 1957 ലെ സർക്കാരും ആ രീതിയിലാണല്ലോ പ്രവർത്തിച്ചത്. മുഖ്യമന്ത്രി അച്ചുതാനന്ദനും വിദ്യാഭ്യാസമന്ത്രി എം. എ.ബേബിയും നിരീശ്വരപാഠങ്ങൾ പാഠപുസ്തകത്തിൽ കയറ്റി. ഇതിനെതിരെ നടന്ന പ്രക്ഷോഭണം ശക്തമായിരുന്നു. കേരളാ കാത്തലിക് ഫെഡറേഷൻ 2008 ജൂൺ 13 ന് കോട്ടയത്ത് ബേക്കർ ഹില്ലിലുള്ള സീരി ഓഡിറ്റോറിയത്തിൽ ഒരു വിശാല കത്തോലിക്കാ നേതൃസമ്മേളനം വിളിച്ചുകൂട്ടി. ആ സമ്മേളനത്തിന്റെ വിശദമായ ഒരു റിപ്പോർട്ട് താഴെ ചേർക്കുന്നു.

കേരള സർക്കാർ തയ്യാറാക്കിയ പാഠപുസ്തകങ്ങളിലെ നിരീശ്വരപാഠഭാഗങ്ങൾക്കെതിരെ കേരള കാത്തലിക് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ വിശാല കത്തോലിക്കാ നേതൃസമ്മേളനം 2008 ജൂൺ 13-ാം തീയതി കോട്ടയത്ത് ബേക്കർഹില്ലിലുള്ള സീരി ഓഡിറ്റോറിയത്തിൽ ചേർന്നു. കെ.സി.എഫ്. ആദ്ധ്യാത്മികോപദേഷ്ടാവ് ഫാ. ജോസ് കോട്ടയിൽ ഈശ്വരപ്രാർത്ഥന നടത്തി. തുടർന്ന് ജനറൽ കൺവീനർ അഡ്വ. സി. ജോസ് ഫിലിപ്പ് സ്വാഗതം ആശംസിച്ചു. ഇന്റർചർച്ച് കൗൺസിൽ ചെയർമാൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ യോഗം ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ പ്രസിഡന്റ് ജോൺ കച്ചിറമറ്റം യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്, ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്, മോൺ.ചെറിയാൻ രാംനാലിൽ, ഫാ. ഫിലിപ്പ് നെൽപ്പുരപറമ്പിൽ എന്നിവർ പ്രസംഗിച്ചു. (പ്രസംഗങ്ങൾ അന്യത്ര ചേർത്തിരിക്കുന്നു.)

പ്രൊഫ. മാത്യു ഉലകംതറ, ശ്രീ. ബാബു കല്ലുങ്കൽ, എ.കെ.സി.സി. ജനറൽ സെക്രട്ടറി അഡ്വ. ജോസ് വിതയത്തിൽ, അഡ്വ. വി.സി. സെബാസ്റ്റ്യൻ എന്നിവർ പ്രമേയങ്ങൾ അവതരിപ്പിച്ചു. വികാരി ജനറാൾ മോൺ ഫിലിപ്പ് ഞരളക്കാട്ട്, മോൺ. തോമസ് മലേക്കുടി തുടങ്ങി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട 186 പേർ നേതൃസമ്മേളനത്തിൽ പങ്കെടുത്തു. സമ്മേളനത്തിന് കൺവീനർ അഡ്വ. വി.സി. സെബാസ്റ്റ്യൻ നന്ദി പറഞ്ഞു.

www.malankaralibrary.com

**സമ്മേളനത്തിലെ പ്രസംഗങ്ങളുടെ ചുരുക്കം താഴെച്ചേർക്കുന്നു. വിദ്യാഭ്യാസമേഖലയിൽ പ്രത്യയശാസ്ത്രം അടിച്ചേൽപ്പിക്കാൻ ശ്രമം –**

## ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ

വിദ്യാഭ്യാസ മേഖലയിൽ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം അടിച്ചേൽപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നതെന്ന് നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ പ്രസ്താവിച്ചു. സ്വാശ്രയ പ്രശ്നത്തിൽ തുടങ്ങി ഇപ്പോൾ നടക്കുന്ന പാഠപുസ്തക വിവാദങ്ങൾ വരെ ഒറ്റപ്പെട്ട പ്രശ്നങ്ങളായി കാണരുത് ഇവയെല്ലാം കൂട്ടിവായിക്കേണ്ടതാണ്. സർക്കാരിന്റെ ശ്രമം വിദ്യാഭ്യാസരംഗം കൈയ്യടക്കി ഭാവിതലമുറയെ വരുതിയിലാക്കുക എന്നതാണ്. വിദ്യാഭ്യാസരംഗത്ത് സ്വാതന്ത്ര്യം നഷ്ടപ്പെട്ടാൽ അത് ജനാധിപത്യത്തിന്റെ അടിത്തറ നഷ്ടപ്പെടുന്നതിന് കാരണമാവും.

കുട്ടനാട്ടിൽ പാകമായ നെല്ല് കൊയ്തെടുക്കുവാൻ മാസങ്ങളോളം വൈകിയതിന്റെ കാരണവും പകൽപോലെ വ്യക്തമാണ്. സഹകരണബാങ്കുകളിൽ നടക്കുന്ന തെരഞ്ഞെടുപ്പുകളിൽപോലും പിടിച്ചടക്കൽ നടക്കുന്നു. സമൂഹത്തിൽ ഒരു പ്രത്യേക കാഴ്ചപ്പാട് മാത്രം അടിച്ചേൽപ്പിക്കാനുള്ള ശ്രമമാണ് നടക്കുന്നത് മാർ പൗവ്വത്തിൽ പ്രസ്താവിച്ചു.

## ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്

കമ്മ്യൂണിസ്റ്റ് സർക്കാർ അധികാരമേറ്റെടുക്കുന്നിടത്തെല്ലാം ആദ്യം വിദ്യാഭ്യാസമേഖല കൈയ്യടക്കാനാണ് ശ്രമിക്കുക. കേരളത്തിലും അതുതന്നെയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഏഴാക്ലാസിലെയും മറ്റിതരക്ലാസുകളിലെയും പാഠഭാഗങ്ങൾ ശ്രദ്ധിച്ചുപഠിച്ചാൽ ഈശ്വരനിഷേധമാണ് അവരുടെ ലക്ഷ്യമെന്ന് നമുക്ക് മനസ്സിലാക്കാം. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം കുട്ടികളിൽ കുത്തിവയ്ക്കാനുള്ള ശ്രമമാണ് ഇന്ന് നടക്കുന്നത്. ഇതിനെതിരെ ശക്തമായ നിലപാട് നാം സ്വീകരിക്കണം. തങ്ങളുടെ കുട്ടികളെ എന്തു പഠിപ്പിക്കണമെന്ന് നിശ്ചയിക്കാനുള്ള അവകാശം രക്ഷകർത്താക്കൾക്കുണ്ട്. ആ അവകാശങ്ങളിൽ മേൽ കടന്നുകയറാൻ ആരെയും അനുവദിക്കരുത്. ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് അഭിപ്രായപ്പെട്ടു.

## ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്

കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം നമ്മുടെ കുട്ടികളിൽ വളർത്തുന്നതിന് കരുതിക്കൂട്ടി തയ്യാറാക്കിയ പാഠഭാഗങ്ങളാണ് പാഠപുസ്തകങ്ങളിൽ കാണാൻ സാധിക്കുക. ഏഴാം ക്ലാസിലെ പാഠഭാഗങ്ങൾ ഏഴാം തരം തന്നെ

www.malankaralibrary.com

യാണ്. പാഠപുസ്തകങ്ങളിലെ പല കവിതകളും നിലവാരം പോലുമില്ലാത്തതാണ്. അതെഴുതിയവർപോലും പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുമെന്ന് വിചാരിച്ചുകാണുകയില്ല. മതമില്ലാത്ത ജീവൻ എന്ന പാഠഭാഗം പ്രത്യക്ഷത്തിൽ നിരീശ്വരവാദത്തെ പ്രോത്സാഹിപ്പിക്കുന്നില്ല. എന്നാൽ മതമില്ലാതെ ജീവിക്കുന്നത് നല്ലതാണ് എന്ന് സമർത്ഥിച്ചിരിക്കുന്നു. പാഠപുസ്തക കമ്മറ്റി അതിന് ജവഹർലാലിനെയും കൂട്ടുപിടിച്ചിരിക്കുന്നു. ഈ പാഠപുസ്തകങ്ങൾ പൂർണ്ണമായും പിൻവലിച്ച് ജനങ്ങളുടെ വികാരത്തെ മാനിക്കണം മാർ കല്ലറങ്ങാട്ട് അഭിപ്രായപ്പെട്ടു.

## മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

കേരള സർക്കാർ കൊണ്ടുവന്ന സ്വാശ്രയനിയമം, ഏകജാലകം, പാഠപുസ്തകങ്ങളിലെ വിവാദഭാഗങ്ങൾ എല്ലാം ജനങ്ങളെ അസംതൃപ്തരാക്കിയിരിക്കുകയാണ്. ഈ പ്രശ്നങ്ങൾ പോലെതന്നെ പ്രാധാന്യം കൽപ്പിക്കേണ്ടതാണ് ഹൈറേഞ്ചിലെ കർഷക പ്രശ്നം. സി.എസ്സ്.ആർ. പ്രശ്നം ഏവർക്കും അറിയാമല്ലോ. പട്ടയം ലഭിക്കാത്ത അനേകായിരങ്ങൾ അവിടെയുണ്ട്. അവരുടെ മണ്ണിലുള്ള അവകാശം ഇന്ന് ചോദ്യം ചെയ്യപ്പെടുന്നു. സർക്കാർ നിസ്സംഗതാമനോഭാവത്തിലാണ്. മലയോരത്തെ കർഷകർ നേരിടുന്ന എല്ലാ ബുദ്ധിമുട്ടുകളും മറ്റുള്ളവരെയും പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുകതന്നെ ചെയ്യും. അതിനാൽ കാർഷികപ്രശ്നങ്ങളിലും ശ്രദ്ധ ചെലുത്തുവാൻ നാം തയ്യാറാകണം.

## മോൺ. ചെറിയാൻ രാംനാലിൽ

മാർക്സിസ്റ്റ് പാർട്ടിയും അവയുടെ പോഷകസംഘടനകളും നടത്തുന്ന പ്രവർത്തനങ്ങൾ ജനാധിപത്യരംഗത്ത് ഭൂഷണമല്ല. തങ്ങൾ വിചാരിക്കുന്നതുപോലെ പ്രവർത്തിക്കാത്തവരെ മുഴുവൻ തേജോവധം ചെയ്യാനാണ് അവർ ശ്രമിക്കുന്നത്. സ്വാശ്രയകോളേജുകളുടെ നേർക്ക് അവർ നടത്തുന്ന കയ്യേറ്റങ്ങളെ ചെറുക്കുവാൻ നാം സംഘടിക്കുകതന്നെ വേണം.

## ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ

നിലവിലുള്ള വ്യവസ്ഥകൾ മാറ്റിമറിച്ചാണ് ഇത്തവണ പാഠപുസ്തകങ്ങൾ തയ്യാറാക്കിയത്. കുട്ടികളിൽ നിരീശ്വരചിന്ത വളർത്തിയെടുക്കുക, കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം പ്രചരിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പാഠപുസ്തകങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. ഇതിനെതിരെ നാം സംഘടിച്ചു പ്രവർത്തിക്കേണ്ടതാണ്. പാഠപുസ്തകങ്ങളെപ്പറ്റി വിശദമായ പഠനം നടത്തി അതിന്റെ അപകടവശങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കാനുള്ള കാത്തലിക് ഫെഡറേഷന്റെ നീക്കം സമുചിതമാണ്.

www.malankaralibrary.com

# വിശാലകത്തോലിക്കാ നേതൃസമ്മേളനത്തിൽ പ്രസിഡന്റ് ജോൺ കച്ചിറമറ്റം ചെയ്ത അദ്ധ്യക്ഷപ്രസംഗം

കേരളത്തിലെ ക്രൈസ്തവസമൂഹം ന്യൂനപക്ഷസമുദായങ്ങളും വിദ്യാഭ്യാസരംഗത്ത് ഇന്നഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യുവാൻ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഈ വിശാലക്രൈസ്തവ നേതൃസമ്മേളനത്തിൽ പങ്കെടുക്കുവാൻ എത്തിച്ചേർന്നിരിക്കുന്ന അഭിവന്ദ്യപിതാക്കന്മാരെയും സമുദായനേതാക്കളേയും ഈ സമ്മേളനത്തിലേക്ക് കേരളാ കാത്തലിക് ഫെഡറേഷന്റെ പേരിൽ സ്വാഗതം ചെയ്യുവാൻ അതിയായ സന്തോഷമുണ്ട്.

ജൂൺ 13 ആണ് ഇന്ന്. ഈ ദിനത്തിന് ചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ട്. 1957-ൽ അധികാരമേറ്റെടുത്ത കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ദുർഭരണത്തിനെതിരായി നടന്ന മഹത്തായ സമരത്തിൽ പങ്കെടുത്ത അങ്കമാലിയിലെ 7 സഹോദരങ്ങളെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് വെടിവെച്ചുകൊന്നതിന്റെ 49-ാം വാർഷികമാണിന്ന്. സഭയുടെയും ന്യൂനപക്ഷങ്ങളുടെയും താൽപര്യം സംരക്ഷിക്കുവാൻ തയ്യാറായ ധീരരക്തസാക്ഷികളുടെ പാവന സ്മരണയ്ക്കു ആദരാഞ്ജലികൾ അർപ്പിക്കട്ടെ.

ഇന്ത്യയിലെ ജനസംഖ്യയിൽ ക്രൈസ്തവർ വെറും രണ്ടരശതമാനം മാത്രമാണെങ്കിലും ഈ ന്യൂനപക്ഷം ഇന്ത്യയുടെ പുരോഗതിക്കുവേണ്ടി മറ്റേതൊരു സമൂഹത്തേക്കാളുമേറെ പ്രയത്നിച്ചിട്ടുണ്ടെന്ന് ധൈര്യമായി പറയുവാൻ സാധിക്കും. കേരളത്തിലും സ്ഥിതി ഇതുതന്നെ. വിദ്യാഭ്യാസത്തിൽ കേരളത്തെ മറ്റു സ്റ്റേറ്റുകളുടെ മുൻപന്തിയിൽ എത്തിച്ചത് ഇവിടുത്തെ കത്തോലിക്കരാണ്. ആതുരസേവനരംഗത്തും കേരളത്തിലെ കത്തോലിക്കർ സ്തുത്യർഹമായസേവനം അനുഷ്ഠിച്ചിട്ടുണ്ട്. രോഗികളെ ശുശ്രൂഷിക്കുകയെന്നത് സമൂഹത്തിന്റെ കടമയാണ് എന്നചിന്താഗതിയ്ക്ക രൂപം നൽകിയത് കത്തോലിക്കരാണ്. ഇവിടെ കൃഷി വികസിപ്പിച്ചത്, കച്ചവടം പുരോഗമിപ്പിച്ചത്, വ്യവസായം ആരംഭിച്ചത്, ബാങ്കിംഗ് നടപ്പാക്കിയത് എല്ലാം കത്തോലിക്കരാണ്. അന്ധവിശ്വാസങ്ങളിലും അബദ്ധാചാരങ്ങളിലും മുഴുകി മുഴുകി നശിച്ചുകൊണ്ടിരുന്ന അവർണ്ണരുടെ അവകാശസ്ഥാപനത്തിനുവേണ്ടി പടപൊരുതിയതും, മലയാളി മെമ്മോറിയൽ, നിവർത്തനപ്രക്ഷോഭണം തുടങ്ങിയ പൗരാവകാശലബ്ധിക്കുവേണ്ടിയുള്ള എല്ലാ ജനകീയപ്രക്ഷോഭങ്ങൾക്കും നേതൃത്വം നൽകിയതം കത്തോലിക്കരാണ്. കത്തോലിക്കർ ഈ നാടിന്റെ പുരോഗതിക്കുവേണ്ടി അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങളുടെ നീണ്ടപട്ടിക നിരത്തി വയ്ക്കുവാൻ ആഗ്രഹിക്കുന്നില്ല. കുട്ടനാടൻ കായലുകളെ ഇരുപ്പൂവും ഒരുപ്പൂവും വിളയുന്ന നിലങ്ങളാക്കി മാറ്റിയത്, മലബാറിന്റെ മാറാല പിടിച്ചുകിടന്ന കുഗ്രാമങ്ങളിൽ വഴിയും തോടും പാലവും ഉണ്ടാക്കി കർഷക കേന്ദ്രങ്ങളാക്കി മാറ്റിയത്, രാജ്യത്തെമ്പാടും വിദ്യാഭ്യാസ സ്ഥാപനങ്ങളും,

www.malankaralibrary.com

ആശുപത്രികളും അനാഥമന്ദിരങ്ങളും അച്ചടിശാലകളും പടുത്തുയർത്തിയത് എല്ലാ കത്തോലിക്കരാണ്. ഈവക സ്ഥാപനങ്ങളുടെ നിർമ്മിതിക്കുവേണ്ടി കത്തോലിക്കർ മുടക്കിയിട്ടുള്ള പണത്തിന്റെ കണക്കു നോക്കിയാൽ ആരെയും അമ്പരപ്പിക്കും. ഈ സ്ഥാപനങ്ങൾ കത്തോലിക്കർ നടത്തുന്നത് കത്തോലിക്കർക്കുവേണ്ടി മാത്രമല്ല, എല്ലാ ജനങ്ങൾക്കും വേണ്ടിയാണ്. ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പെടുക്കുകയെന്ന ലക്ഷ്യത്തിലേക്കുള്ള നീക്കത്തിൽ ഏറ്റം വലിയ ഏജൻസിയായി പ്രവർത്തിച്ചിട്ടുള്ളത് കത്തോലിക്കാസമുദായമാണ്.

ഇതിന്റെയെല്ലാം ഭാരംവഹിച്ച ഇവിടുത്തെ കത്തോലിക്കർ ഇന്ന് ആർക്കും വേണ്ടാത്ത, ആരാലും പരിഗണിക്കപ്പെടാത്ത, യാതൊന്നിനും അവകാശമില്ലാത്ത, യാതൊരു മണ്ഡലത്തിലും സ്വാധീനശക്തിയില്ലാത്ത ഒരു സമൂഹമായി മാറിയിരിക്കുകയാണ്. എല്ലാ പുരോഗതിയുടെയും കഴുത്തിന് കത്തിവയ്ക്കുന്ന മൂരാച്ചി, യാഥാസ്ഥിതികർ, പിന്തിരിപ്പൻ, കച്ചവടക്കാരൻ എന്നെല്ലാമുള്ള അപരനാമങ്ങൾക്ക് അർഹനാണ് കത്തോലിക്കൻ എന്ന പ്രചരണം വ്യാപകമായി നടന്നുകൊണ്ടിരിക്കുന്നു.

ഇന്നത്തെ നമ്മുടെ പ്രധാന ചർച്ചാവിഷയം വിദ്യഭ്യാസരംഗമാണ്. വിദ്യാഭ്യാസകാര്യത്തിൽ സർക്കാർ യാതൊരുവിധ താൽപര്യവും പ്രകടിപ്പിക്കാതിരുന്ന കാലഘട്ടത്തിൽ പള്ളികളോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് മുന്നോക്കക്കാരോടൊപ്പം പിന്നോക്കക്കാരനെയും ഇരുത്തി വിദ്യ അഭ്യസിപ്പിച്ചത് ഇവിടുത്തെ ക്രൈസ്തവസമുഹമാണ്. പാവങ്ങൾക്ക് വസ്ത്രവും ഭക്ഷണവും പുസ്തകവും നൽകിയാണ് പള്ളിക്കൂടങ്ങളിലേക്ക് കൊണ്ടുവന്നത്. കേരളത്തിന്റെ വിദ്യഭ്യാസപുരോഗതിയിൽ ക്രൈസ്തവരോളം പങ്കുവഹിച്ച മറ്റൊരു സമുഹവും ഇവിടെയില്ല. പിടിയരിപിരിച്ചും വെള്ളിക്കുരിശും പൊന്നിൻകുരിശും വിറ്റുമാണ് വിദ്യാലയങ്ങൾ സ്ഥാപിക്കാനും വികസിപ്പിക്കുവാനും ക്രൈസ്തവർ പണം സ്വരൂപിച്ചത്. ആദ്യകാലത്ത്, രാജകീയഭരണകാലത്ത് സ്വകാര്യ ഏജൻസികളെ പ്രോത്സാഹിപ്പിക്കുവാൻ ഗ്രാന്റ് നൽകുമായിരുന്നു. എന്നാൽ 1943 മുതൽ പ്രൈവറ്റ് മേഖലയെ വിദ്യാഭ്യാസരംഗത്തുനിന്നും ഉന്മൂലനം ചെയ്യാനുള്ള ശ്രമം നടന്നു. സർ.സി.പി. തിരുവിതാംകൂറിലും ഐ.എൻ. മേനോൻ കൊച്ചിയിലും പനമ്പള്ളി ഗോവിന്ദമേനോൻ തിരുകൊച്ചിയിലും ജോസഫ് മുണ്ടശ്ശേരിയും എ. കെ. ആന്റണിയും കേരളത്തിലും സ്വകാര്യവിദ്യാലയങ്ങളെയും ക്രൈസ്തവ സ്ഥാപനങ്ങളെയും ദ്രോഹിക്കുവാനും അവരുടെ ന്യായമായ അവകാശങ്ങളെ നിഷേധിക്കാനും ശ്രമങ്ങൾ നടത്തി. ആ ശ്രമങ്ങളെയെല്ലാം പരാജയപ്പെടുത്തുവാൻ ഒരു പരിധിവരെ നമുക്കു സാധിച്ചു.

എന്നാൽ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് കേരളം വളരെ പിന്നോക്കം പോയി. സർക്കാരിന് സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ പടുത്തുയർത്തു

www.malankaralibrary.com

വാൻ ശേഷിയില്ലായിരുന്നു. സ്വകാര്യമേഖലയിൽ സ്വാശ്രയകോളേജുകൾ അനുവദിക്കാതിരിക്കാൻ ശ്രമിക്കുകയും ചെയ്തു. അങ്കമാലി ആശുപത്രിയിൽ സ്വകാര്യമേഖലയിൽ നേത്രചികിത്സാരംഗത്ത് ഉന്നതപഠനം നടത്താനുള്ള നീക്കത്തിനെതിരെ എല്ലാ രാഷ്ട്രീയകക്ഷികളും ഒന്നിച്ചണിനിരന്നു.

മൂന്നുദശകങ്ങൾ ഇതേരീതിയിൽ കടന്നുപോയി കേരളത്തിലെ വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിൽ പോയി കോഴകൊടുത്ത് പഠിച്ചു. ഒരു വർഷം ആയിരത്തിലധികം കോടി രൂപ അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകിയെന്നാണ് കണക്ക്. ഈ സാഹചര്യത്തിലാണ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വകാര്യമേഖലയിൽ നടത്താൻ സർക്കാർ സമ്മതിച്ചത്. എങ്കിലും സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് മെഡിക്കൽ കോളേജുകളെ ദ്രോഹിക്കാനുള്ള നടപടികളാണ് സർക്കാർ ചെയ്തത്. എ.കെ. ആന്റണിയുടെ ഗവൺമെന്റും ഇന്നത്തെ സർക്കാരും കോടതിവിധികളെപ്പോലും ധിക്കരിക്കുകയാണ് ചെയ്തത്. സ്വാശ്രയനിയമം കൊണ്ടുവന്നത് ന്യൂനപക്ഷദ്രോഹം തന്നെയായിരുന്നു. ഈ നിയമത്തിനെതിരെ ഉറച്ചുനിൽക്കാൻ രാഷ്ട്രീയപാർട്ടികൾ ഒന്നുപോലും തയ്യാറായില്ലായെന്നത് ദുഃഖകരമാണ്. രാഷ്ട്രീയത്തിനതീതമായി സമുദായ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ സമുദായാംഗങ്ങൾ തയ്യാറാകണമെന്ന വ്യക്തമായ സൂചനയാണ് ഇതിൽ നിന്നെല്ലാം നമുക്കു ലഭിക്കുന്നത്.

ഭരണഘടനാവിരുദ്ധമായ നിയമങ്ങൾ കൊണ്ടുവരികയും ന്യൂനപക്ഷങ്ങളെ കോടതിയിലേക്ക് വലിച്ചിഴക്കേണ്ട സാഹചര്യം ഒരുക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. സർക്കാർ കൊണ്ടുവരുന്ന നിയമങ്ങൾ കോടതിയിൽ നിലനിൽക്കുകയില്ലെന്നത് ഉറപ്പായിട്ടും ന്യൂനപക്ഷങ്ങളെ നിരന്തരം ബുദ്ധിമുട്ടിക്കാൻ തന്നെയാണ് സർക്കാരിന്റെ പുറപ്പാട്. ഏതുകാര്യത്തിനും കോടതിയെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷമാണ് ന്യൂനപക്ഷങ്ങൾക്കുള്ളത്. ജനങ്ങൾ വികസനപ്രവർത്തനങ്ങൾക്കായി സർക്കാരിലേക്കു നൽകുന്ന നികുതിപ്പണമാണ് ന്യൂനപക്ഷങ്ങൾക്കെതിരെ സർക്കാർ കേസുകൾക്കായി ചെലവഴിക്കുന്നത്. അതേസമയം ന്യൂനപക്ഷസമുദായങ്ങൾ ജനങ്ങളിൽ നിന്നും പണംപിരിച്ച് കേസു നടത്തുന്നു. അതേ ജനങ്ങളുടെ പണംകൊണ്ടുതന്നെ സർക്കാർ അവർക്കെതിരെ കേസു നടത്തുകയും ചെയ്യുന്നു. നികുതിപ്പണംഎടുത്ത് കമ്മ്യൂണിസം പ്രചരിപ്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. മൂന്നിൽരണ്ടു ഭൂരിപക്ഷമെന്നത് എന്തും ചെയ്യുവാനുള്ള ലൈസൻസായി കരുതുന്നത് ഭരിക്കുന്ന ഗവൺമെന്റിനോ ജനങ്ങൾക്കോ ഹിതകരമാവില്ലെന്ന് ഗവൺമെന്റ് തിരിച്ചറിയണം. സ്വകാര്യമാനേജ്മെന്റുകളും ന്യൂനപക്ഷങ്ങളും കേസിനുവേണ്ടി മുടക്കേണ്ടിവന്ന മുഴുവൻ തുകയും സർക്കാർ അവർക്കു നൽകേണ്ടതാണ്. അതിനൊന്നും തയ്യാറാവാതെ വീണ്ടും വീണ്ടും ന്യൂനപക്ഷങ്ങളെ പീഢിപ്പി

www.malankaralibrary.com

ക്കുകയാണ് സർക്കാർ ചെയ്യുന്നത്.

1957-ൽ അധികാരമേറ്റെടുത്തപ്പോൾ ആദ്യകമ്മ്യൂണിസ്റ്റ് ഗവൺമെന്റ് പാഠപുസ്തകങ്ങൾ സമ്പൂർണ്ണമായി മാറ്റുകയുണ്ടായി. അവർ തയ്യാറാക്കിയ ഗ്രന്ഥങ്ങൾ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം പ്രചരിപ്പിക്കുന്നതിന് ഉതകുന്ന വിധത്തിലുള്ളതായിരുന്നു. അതിനെപ്പറ്റി വിശദമായ ഒരു പഠനം നടത്തുവാൻ അഖിലകേരള കത്തോലിക്ക കോൺഗ്രസ് അന്ന് ഒരു കമ്മറ്റിയെ നിയോഗിച്ചു. മോൺ. എൽ.ജെ.ചിറ്റൂർ, എം.ഒ. ജോസഫ് നെടുങ്കുന്നം, ജെയിംസ് കെ.സി.മണിമല, ജയിംസ് കണ്ടത്തിൽ, പ്രൊഫ. മാത്യു ഉലകംതറ എന്നിവരായിരുന്നു കമ്മറ്റിയംഗങ്ങൾ. ആ കമ്മറ്റിയുടെ റിപ്പോർട്ട് പാഠപുസ്തകങ്ങളുടെ തനിനിറമെന്ന പേരിൽ കത്തോലിക്കാ കോൺഗ്രസ് പ്രസിദ്ധീകരിച്ചു. ആ പുസ്തകത്തിന്റെ പ്രസാധകകുറിപ്പിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. 'കത്തോലിക്കാ കോൺഗ്രസ് അതിന്റെ പബ്ലിസിറ്റി ബ്യൂറോയെ പുതിയ പാഠപുസ്തകങ്ങളെപ്പറ്റി പഠനം നടത്തുവാൻ നിയോഗിച്ചിരുന്നു. പ്രസ്തുത ബ്യൂറോ സാമൂഹ്യപാഠങ്ങൾ, ഉപപാഠപുസ്തകങ്ങൾ, പദ്യപാഠാവലികൾ, കേരള മലയാളപാഠാവലികൾ, ജനറൽ സയൻസ് എന്നീ വിഭാഗങ്ങൾ പ്രത്യേകം പ്രത്യേകം പരിശോധിച്ച് നിരൂപണങ്ങൾ തയ്യാറാക്കാൻ ഉപസമിതികൾ രൂപീകരിക്കുകയുണ്ടായി. അവഗാഢമായ പഠനത്തിന്റെയും സമഗ്രചർച്ചകളുടെയും ഫലമായി പ്രസ്തുത ഉപസമിതികൾ ബ്യൂറോയ്ക്ക് സമർപ്പിച്ച പുസ്തകവിമർശനങ്ങളുടെ സമാഹരണമാണ് "പാഠപുസ്തകങ്ങളുടെ തനിനിറം" എന്ന പ്രസിദ്ധീകരണം.

ഗവൺമെന്റിന്റെ പുതിയ പാഠ്യപുസ്തക നയം കരുതികൂട്ടിയുള്ള ഒരു അടവാണെന്നും ബാലമനസ്സുകളെ പാർട്ടിയന്ത്രത്തിന് കീഴടക്കാനുള്ള കമ്മ്യൂണിസത്തിന്റെ തന്ത്രപരമായ പ്രവണതകൾ മുഴുവനും അവയിലുടനീളം വ്യാപരിച്ചിട്ടുണ്ടെന്നും വ്യക്തമാണ്. ആ യാഥാർത്ഥ്യങ്ങളുടെ ഉള്ളറകളിലേക്ക് അനുവാചകർക്ക് ആഞ്ഞിറങ്ങുവാൻ ഈ നിരൂപണങ്ങൾ വേണ്ടുവോളം വെളിച്ചം വീശുന്നുണ്ട്.'

പാഠപുസ്തകങ്ങൾ മാറ്റിയെഴുതുന്നതിൽ ആസൂത്രിതമായ വക്രബുദ്ധിയാണ് സർക്കാർ പ്രദർശിപ്പിച്ചിരിക്കുന്നത്. 2007-ൽ പ്രസിദ്ധീകരിച്ച പാഠ്യപദ്ധതി ചട്ടക്കൂട് അനുസരിച്ച് 1, 3, 5, 7 ക്ലാസുകളിലേക്കാണ് പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കിക്കഴിഞ്ഞിരിക്കുന്നത്. സകല കീഴ്‌വഴക്കങ്ങളെയും ലംഘിച്ചുകൊണ്ടാണ് പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചത്. സാധാരണ പാഠപുസ്തകങ്ങളുടെ കരട് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ആരാഞ്ഞതിനു ശേഷമാണ് അവസാനരൂപം നൽകി പ്രസിദ്ധീകരിക്കുക. ഈ സർക്കാർ ആ കീഴ്‌വഴക്കം ലംഘിച്ചു. ഈ പ്രതിസന്ധികളെ നേരിടാൻ സമസ്തശക്തികളേയും ശേഖരിച്ചുകൊണ്ട്, സമസ്തശിരസ്സുകളെയും ക്രോഡീകരിച്ചുകൊണ്ട്, സമാനമനസ്കരായ സമസ്തജനാധിപത്യ

www.malankaralibrary.com

ഹൃദയങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് നമുക്ക് മുന്നോട്ട് നീങ്ങാം. ഈ പോരാട്ടത്തിൽ പങ്കുചേരുവാൻ എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിച്ചു കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ജയ് ഹിന്ദ് ജയ് ക്രൈസ്റ്റ്

## വിശാല കത്തോലിക്കാ നേതൃസമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ

1. കേരളത്തിലെ യുവതലമുറയുടെ ചിന്താധാരകളെ നാസ്തികതയിലേക്ക് നയിക്കാനുള്ള കേരളത്തിലെ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ ഗൂഢനീക്കങ്ങളെ ഈ യോഗം അത്യന്തം ഉൽകണ്ഠയോടെ വീക്ഷിക്കുന്നു. പാഠപുസ്തകങ്ങളെയും പാഠ്യരീതികളെയും പാഠ്യേതര വിഷയങ്ങളെയും കേന്ദ്രീകരിച്ചുകൊണ്ട് പുതിയ തന്ത്രങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. ഈ വർഷം പുതിയതായി പ്രസിദ്ധീകരിച്ച പാഠപുസ്തകങ്ങളുടെ നക്കൽപോലും പുറത്തുവിടാതെയും അവയെപ്പറ്റിയുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും കേൾക്കാതെയുമാണ് പ്രസിദ്ധീകരിച്ചതെന്ന വസ്തുത രക്ഷകർത്താക്കളെയും വിദ്യാഭ്യാസപ്രവർത്തകരെയും ഈശ്വരവിശ്വാസികളെയും അങ്ങേയറ്റം വേദനിപ്പിക്കുന്നു. പുതിയതായി പ്രസിദ്ധീകരിച്ച പാഠപുസ്തകങ്ങളിലെ വിവാദപാഠഭാഗങ്ങളെപ്പറ്റി വിശദമായ പഠനം നടത്താനും ശരിയായ വിശദീകരണം നൽകാനും ഫാ. ഫിലിപ്പ് നെൽപ്പുരപറമ്പിൽ കൺവീനറായും പ്രൊഫ. തോമസ് കണിയംപ്ലാവൻ, പ്രൊഫ. മാത്യു ഉലകംതറ, പ്രൊഫ. സാബു ഡി.മാത്യു എന്നിവർ അംഗങ്ങളായും ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തുന്നു.

അവതാരകൻ : പ്രൊഫ. മാത്യു ഉലകംതറ ,

അനുവാദകൻ : പ്രൊഫ. ജേക്കബ് എം. എബ്രാഹം

2. ഈ അധ്യായനവർഷംമുതൽ ഒന്ന്, മൂന്ന്, അഞ്ച്, ഏഴ് ക്ലാസുകളിലെ എല്ലാ പാഠപുസ്തകങ്ങളും മാറ്റി എഴുതി പരിഷ്കരിച്ചിരിക്കുകയാണ്. എൻ.സി.ഇ.ആർ.ടി.യുടെ ദേശീയപാഠ്യപദ്ധതി പരിഷ്കരണചട്ടക്കൂട് അടിസ്ഥാനപ്പെടുത്തി പാഠപുസ്തകങ്ങളെ പരിഷ്കരിക്കാനായിരുന്നു നിർദ്ദേശം. എന്നാൽ ആ നിർദ്ദേശത്തെ അപ്പാടെ അവഗണിച്ചുകൊണ്ടും പാഠപുസ്തകപരിഷ്കരണത്തിനുമുമ്പ് സിലബസ് പരിഷ്കരിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയുമാണ് ഈ പുസ്തകങ്ങളെല്ലാം മാറ്റിയിരിക്കുന്നത്. എന്നുതന്നെയുമല്ല സാധാരണ പാഠപുസ്തകങ്ങളുടെ കരട് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ആരാഞ്ഞതിനുശേഷം പാഠപുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയെന്ന കീഴ്‌വഴക്കം ലംഘിക്കുകയും ചെയ്തിരിക്കുന്നു. ഇത് ഇടതുപക്ഷ ഗവൺമെന്റിന്റെ ഹിഡൻ അജണ്ടയുടെ ഭാഗം ആണ്. സ്കൂൾ തുറന്നപ്പോഴാണ് പുതിയ

www.malankaralibrary.com

പുസ്തകം കാണാൻ അദ്ധ്യാപകർക്കുപോലും അവസരം ലഭിച്ചത്. പാഠപുസ്തകങ്ങൾ പുറത്തുവന്നപ്പോഴാണ് അതിലെ അപകടകരമായ വസ്തുതകൾ മനസ്സിലാകുന്നത്. പാഠപുസ്തകങ്ങളിലൂടെ മതവിദ്വേഷവും നിരീശ്വരത്വവും പ്രചരിപ്പിക്കുവാനും നമ്മുടെ കുട്ടികളിൽ കാലഹരണപ്പെട്ട കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം കുത്തിവയ്ക്കാനുമുള്ള തന്ത്രപരമായ നീക്കമാണ് ഇതിനുപിന്നിലുള്ളതെന്നും വ്യക്തമാണ്. മതാത്മക മൂല്യങ്ങളെയും പരമ്പരാഗത കീഴ്‌വഴക്കങ്ങളെയുമൊക്കെ തകിടം മറിക്കാനുള്ള ബോധപൂർവ്വമായശ്രമം പാഠപുസ്തകങ്ങളിൽ പ്രകടമാണ്. അതിനാൽ പുതിയപാഠഭാഗങ്ങൾ മുഴുവൻ പിൻവലിക്കണമെന്ന് ഈ വിശാലകത്തോലിക്കാ നേതൃസമ്മേളനം സർക്കാരിനോടാവശ്യപ്പെടുന്നു.

അവതാരകൻ : അഡ്വ. വി.സി. സെബാസ്റ്റ്യൻ

അനുവാദകൻ : ശ്രീ. മാത്യു മടുക്കക്കുഴി

3. സ്വാശ്രയനിയമം, കെ.ഇ.ആർ. പരിഷ്ക്കരണം, ഏകജാലകം തുടങ്ങിയവയിലൂടെ സ്വകാര്യവിദ്യാഭ്യാസ ഏജൻസികളേയും ന്യൂനപക്ഷങ്ങളെയും നിരന്തരമായി സർക്കാർ പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ നീക്കങ്ങൾ ഭരണഘടനാപരമായി നിലനിൽക്കുകയില്ലെന്നറിയാമായിരുന്നിട്ടും ന്യൂനപക്ഷങ്ങളെ ബുദ്ധിമുട്ടിക്കാൻ തന്നെയാണ് ഇടതു സർക്കാരിന്റെ പുറപ്പാട്. ഏതുകാര്യത്തിനും കോടതിയെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷമാണ് ന്യൂനപക്ഷങ്ങൾക്ക് ഇന്നുള്ളത്. സർക്കാരും ന്യൂനപക്ഷങ്ങളും കോടിക്കണക്കിന് രൂപയാണ് കോടതി ചെലവിനായി വിനിയോഗിച്ചിട്ടുള്ളത്. വികസനപ്രവർത്തനങ്ങൾക്കായി കേരളീയർ നൽകുന്ന നികുതിപണം എടുത്താണ് സർക്കാർ കേസുകൾ നടത്തുന്നത്. അങ്ങനെ നടത്തുന്ന കേസുകളിൽ ഒന്നുപോലും ജയിക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല എന്നിട്ടും വീണ്ടും വീണ്ടും കേസിന് സർക്കാർ വഴിയൊരുക്കുകയാണ്.

അതേസമയം ന്യൂനപക്ഷസമുദായങ്ങൾ, സമുദായത്തിൽപ്പെട്ടവരിൽ നിന്നും പണം പിരിച്ചും ആണ് കേസിന്റെ ചിലവ് നടത്തുന്നത്. അവർകൂടി നൽകുന്ന നികുതി പണം ആണ് അവർക്കെതിരെ കേസുപറയാൻ സർക്കാർ ചിലവഴിക്കുന്നത്. സർക്കാരിന്റെ മർക്കടമുഷ്ടിയും ധിക്കാരവുമാണ് ഇതിൽ പ്രകടമായി കാണുന്നത്. ന്യായമായ കാര്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ന്യൂനപക്ഷസമുദായങ്ങൾ ശ്രമിക്കുന്നതിനെതിരെ സർക്കാർ സ്വീകരിക്കുന്ന ധിക്കാരപരമായ മർക്കടമുഷ്ടി ഉപേക്ഷിച്ച് നാളിതുവരെയുള്ള എല്ലാ കോടതിചെലവുകളും ന്യൂനപക്ഷസമുദായത്തിന് നൽകുവാൻ സർക്കാർ തയ്യാറാകണമെന്ന് ഈ യോഗം അഭ്യർത്ഥിക്കുന്നു.

അവതാരകൻ : ബാബു കല്ലുങ്കൽ

www.malankaralibrary.com

അനുവാദകൻ : ശ്രീ. പി.എം. മാത്യു പന്തിരുവേലിൽ

4. ആഗോള കത്തോലിക്ക സഭയുടെ സന്യാസവ്യവസ്ഥകളെക്കുറിച്ചോ കന്യാസ്ത്രീകളുടെ സാമൂഹ്യസേവനപരമായ അർപ്പിതജീവിതത്തെക്കുറിച്ചോ ഒരു പഠനവും നടത്താതെ ക്രൈസ്തവസഭയേയും കന്യാസ്ത്രീകളെയും ഒന്നടങ്കം അധിക്ഷേപിക്കുന്ന വിധത്തിലുള്ള ശുപാർശകൾ സംസ്ഥാനസർക്കാരിന് സമർപ്പിച്ച വനിതാ കമ്മീഷൻ നടപടിയെ ഈ സമ്മേളനം ശക്തിയായി അപലപിക്കുന്നു. സഭയുടെ എതിർപ്പുകൾ ഗൗനിക്കാതെയും സത്യം ഗ്രഹിക്കാൻ ശ്രമിക്കാതെയും റിപ്പോർട്ടിൽ ഉറച്ചുനിൽക്കുന്ന വനിതാ കമ്മീഷന്റെ ഉദ്ദേശശുദ്ധിയെത്തന്നെ സംശയിക്കേണ്ടിയിരിക്കുന്നു. പ്രസ്തുത ശുപാർശകൾ പിൻവലിച്ച് വനിതാകമ്മീഷൻ നിരുപാധികം ക്ഷമപറയണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

അവതാരകൻ : അഡ്വ. ജോസ് വിതയത്തിൽ

അനുവാദകൻ : ശ്രീ. ടോമിച്ചൻ അയ്യരുകുളങ്ങര

## മെത്രാന്മാരുടെ സംയുക്ത ഇടയലേഖനം

വിദ്യാഭ്യാസ മേഖലയിൽ കടന്നുകയറാനുള്ള സർക്കാർ നടത്തുന്ന നീക്കങ്ങളെ എതിർക്കണമെന്ന് കാണിച്ച് വിവിധ രൂപതകളിലെ മെത്രാന്മാർ വിശ്വാസികൾക്കായി എഴുതിയ ഇടയലേഖനത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറി പിണറായി വിജയൻ വിമർശിക്കുകയുണ്ടായി. പിണറായിയുടെ വിമർശനത്തെ സമുദായം തള്ളിക്കളയുകയും ആ ഇടയലേഖനത്തെ പൂർണ്ണമനസ്സോടെ അംഗീകരിക്കുകയും ചെയ്തു.

മാർ കാളാശ്ശേരി തിരുമേനി സി.പി.യുടെ വിദ്യാഭ്യാസ ദേശസാൽക്കരണ പദ്ധതിയെ എതിർത്തുകൊണ്ട് ഒരു ഇടയലേഖനം എഴുതി. ആ ഇടയലേഖനം പിൻവലിച്ച് ക്ഷമപറയണമെന്ന് ചീഫ് സെക്രട്ടറിയെക്കൊണ്ട് സി.പി. ഉത്തരവ് പുറപ്പെടുവിച്ചു. ആ ഉത്തരവിനെ മാർ കാളാശ്ശേരി അവഗണിച്ചു. വിശ്വാസികൾ സി.പി.യുടെ നീക്കത്തെ എതിർത്തു. സർ സി.പി. യുടെ പരാജയത്തിന്റെ കഥയറിയാതെയാണ് പിണറായി ആക്രമണം നടത്തുന്നത്. നമ്മുടെ എയ്ഡഡ് സ്കൂളുകളെ പഞ്ചായത്ത് മുൻസിപ്പൽ അധികാരികളുടെ നേതൃബന്ധമുള്ള സമിതികളുടെ നിയന്ത്രണത്തിലാക്കുവാനും ശ്രമം നടന്നു.

## ബാലൻസ് തെറ്റിയനീക്കം

വിദ്യാഭ്യാസപ്രശ്നത്തിൽ സർക്കാരിന് നേരിടുന്ന പരാജയങ്ങളിൽ മനംനൊന്ത് പല നേതാക്കളും സർക്കാർ പക്ഷത്തു ചേർന്ന് പ്രസ്താവനയിറക്കുകയുണ്ടായിട്ടുണ്ട്. അതിൽ ഒരു പ്രമുഖനാണ് സുകുമാർ അഴീക്കോട്. മാർക്സിസ്റ്റ് പാർട്ടിയെ വെള്ളപൂശിക്കൊണ്ട് എല്ലാം എന്റേത് എന്ന ചിന്താഗതി മാറ്റി മറ്റുള്ളവരെക്കുറിച്ചുകൂടി ചിന്തിക്കാൻ സാധിക്കുന്നത്. കമ്മ്യൂണി

www.malankaralibrary.com

സ്റ്റുകൾക്കാണെന്ന് അഭിപ്രായപ്പെടുകയും വിമർശനസ്വാതന്ത്ര്യം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ മാത്രമാണുള്ളതെന്ന് പറഞ്ഞ് കമ്മ്യൂണിസ്റ്റുകാരുടെ കയ്യടി വാങ്ങാൻ ശ്രമിക്കുകയും ചെയ്തു. സുകുമാർ അഴീക്കോട് ക്രൈസ്തവ പുരോഹിതന്മാരെ ആക്ഷേപിക്കുകയും ചെയ്തു ക്രൈസ്തവ പുരോഹിതന്മാർക്ക് സമൂഹത്തോട് പ്രതിബദ്ധതയില്ലെന്നും അവരെല്ലാം സ്ഥാപിത താൽപര്യക്കാരും സ്വാർത്ഥമതികളുമാണെന്ന് ഉറക്കെ പറഞ്ഞ് കമ്മ്യൂണിസ്റ്റുകളുടെ ഇഷ്ടഭാജനമെന്ന ബഹുമതി നേടിയെടുക്കാൻ ശ്രമിക്കുകയും ചെയ്തു. സ്ഥാനത്തും അസ്ഥാനത്തും കമ്മ്യൂണിസ്റ്റ് പാർട്ടിയെ സ്തുതിച്ച് കാര്യങ്ങൾ കാണാൻ ശ്രമിക്കുന്ന സുകുമാർ അഴീക്കോടിനെപ്പോലുള്ളവരാണ് കമ്മ്യൂണിസ്റ്റ്പാർട്ടിയെ വഴി തെറ്റിക്കാൻ ശ്രമിക്കുന്നത്.

## കോടതി ചിലവ്

വിദ്യാഭ്യാസരംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന സ്വാശ്രയമാനേജ്മെന്റുകളെ ബുദ്ധിമുട്ടിക്കുകയെന്ന ലക്ഷ്യത്തോടെ കേരളസർക്കാർ തുടരെ തുടരെ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കേസ് കൊടുക്കുന്നത് നീതീകരിക്കാവുന്നതല്ല. ഒരു കേസിലും ജയിക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ പ്രശ്നം സംബന്ധിച്ച് നടത്തിയ കേസുകളുടെ ചിലവ് സർക്കാർ വഹിക്കുന്നത് ശരിയല്ല. മാർക്സിസ്റ്റ് പാർട്ടിയാണ് കോടതി ചിലവുകൾ വഹിക്കേണ്ടത് മാനേജ്മെന്റിന് കഴിഞ്ഞ അഞ്ചെട്ടുവർഷത്തിനിടെ കോടിക്കണക്കിന് രൂപാ കോടതി ചിലവിനായി വഹിക്കേണ്ടിവന്നിട്ടുണ്ട്. സർക്കാരിന്റെ പിടിവാശിയാണ് ഇതിനു കാരണം. സർക്കാർ കേസ് നടത്തുന്നത് ജനങ്ങളുടെ പണംകൊണ്ടാണ് ആ നില തുടരാൻ അനുവദിക്കുന്നത് ഒരിക്കലും ശരിയല്ല.

കഴിഞ്ഞ 70 വർഷമായി വിദ്യാഭ്യാസമേഖല അസ്വസ്ഥമാണ്. മാറി മാറി വരുന്ന സർക്കാരുകൾ എല്ലാം സ്വകാര്യ വിദ്യാലയങ്ങളെ തകർക്കാനാണ് ശ്രമിച്ചിട്ടുള്ളത്. കഴിഞ്ഞ 70 വർഷത്തെ സമരചരിത്രം പഠിക്കുമ്പോൾ അത് വ്യക്തമാകും.

## സി.പി. മുതൽ ഉമ്മൻചാണ്ടിവരെ

സർ. സി.പി.പ്രൈമറി വിദ്യാലയദേശസാൽക്കരണം എന്ന ആശയവുമായി മുന്നോട്ടുവന്നപ്പോൾ പലരും അതിനെ പിന്തുണച്ചു. സ്റ്റേറ്റ് കോൺഗ്രസ് നേതാക്കളായ പട്ടംതാണുപിള്ളയും ശ്രീകണ്ഠൻനായരുമെല്ലാം ആ അഭിപ്രായക്കാരായിരുന്നു. ഉത്തരവാദ ഭരണത്തിന് നേതൃത്വം നൽകിയ സ്റ്റേറ്റ് കോൺഗ്രസ്സിനെ ഇത് വിഷമസ്ഥിതിയിലാക്കി. വിദ്യാഭ്യാസ പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയത് കത്തോലിക്കർ ആയിരുന്നു. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ജീവനാഡികളും കത്തോലിക്കരായിരുന്നു. സി.പി.യെ അധികാരത്തിൽ നിന്നും താഴെയിറക്കാൻ കത്തോലിക്കരുടെ സേവനവും സഹ

www.malankaralibrary.com

കരണവും സ്റ്റേറ്റ് കോൺഗ്രസ്സിന് ആവശ്യമായിവന്നു. അതിനാൽ സ്റ്റേറ്റ് കോൺഗ്രസ്സുകാർ വിദ്യാഭ്യാസ പ്രശ്നത്തിൽ സർ. സി.പി.ക്ക് എതിരായ നിലപാടെടുത്തു.

ആറുവർഷത്തിനുശേഷം ജനാധിപത്യസർക്കാർ അധികാരത്തിലേറി. പട്ടംതാണുപിള്ള മുഖ്യമന്ത്രിയായിരുന്നകാലത്ത് വിദ്യാലയ ദേശസാൽക്കരണമെന്ന ചിന്തയുമായി രംഗത്തുവന്നു. സി.പി.യുടെ പ്രൈമറിവിദ്യാലയ ദേശസാൽക്കരണത്തെ എതിർത്ത പല കോൺഗ്രസ്സുകാരും പട്ടത്തെ പിന്താങ്ങി. പക്ഷേ ഫലമുണ്ടായില്ല. പട്ടംകൂട്ടരുടെ മോഹം പുഷ്പിച്ചില്ല.

അതിനുശേഷം തിരുകൊച്ചി വിദ്യാഭ്യാസ മന്ത്രിയായിരുന്ന പനമ്പള്ളി ഗോവിന്ദമേനോൻ ഒരു വിദ്യാഭ്യാസ പദ്ധതിയുമായി രംഗത്തുവന്നു. അദ്ധ്യാപക നിയമനത്തിൽ കൈകടത്തുവാനാണ് ശ്രമിച്ചത്. സി.പി.യുടെ വിദ്യാഭ്യാസ പദ്ധതിയെ എതിർത്ത എല്ലാ കോൺഗ്രസ്സുകാരും പനമ്പള്ളിയുടെ പുറകേപോയി. കോൺഗ്രസ്സിലെ ക്രിസ്ത്യാനികളായ എം.എൽ.എ.മാരിൽ മിക്കവരും പനമ്പള്ളി പദ്ധതിയുടെ സംരക്ഷകരായി മാറി. അദ്ധ്യാപകരെ മുഴുവൻ കൈയിലെടുക്കാനുള്ള നീക്കത്തിൽ പനമ്പള്ളി വിജയിച്ചു. എങ്കിലും നാടുനീളെ പ്രക്ഷോഭണങ്ങൾ നടന്നു. മന്ത്രിസഭ തകർന്നു. പനമ്പള്ളി പദ്ധതിയും അങ്ങനെ തകർന്നു.

1957-ലാണ് കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽവന്നു. മുണ്ടശ്ശേരി ഒരു വിദ്യാഭ്യാസ ബില്ലുമായി രംഗത്തുവന്നു. ആ വിദ്യാഭ്യാസ പദ്ധതിയെ കോൺഗ്രസ്സുകാരെല്ലാം ശക്തമായി എതിർത്തു. എൻ.എസ്സ്.എസ്സും., എസ്.എൻ.ഡി.പി.യും ബില്ലിനെ പിന്താങ്ങി. എൻ.എസ്സ്.എസ്സ്. പാലക്കാട് എൻജിനീയറിംഗ് കിട്ടാതെ വരുകയും കാർഷികബന്ധബില്ല് സർക്കാർ പാസ്സാക്കുകയും ചെയ്തപ്പോൾ സർക്കാരുമായി ഇടഞ്ഞു. ആദ്യം വിദ്യാഭ്യാസ ബില്ലിനെ അനുകൂലിച്ചത് വായിക്കാതെയും പഠിക്കാതെയും ആയിരുന്നുവെന്ന് പറഞ്ഞ് മന്നവും എൻ.എസ്സ്.എസ്സും. വിദ്യാഭ്യാസ ബില്ലിനെ എതിർക്കുകയും സമരത്തിന്റെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു.

1972-ൽ സർവ്വകലാശാല നിയമം അവതരിപ്പിച്ചപ്പോൾ അതിനെ എതിർക്കുവാൻ ആരും - രാഷ്ട്രീയക്കാരാരും തയ്യാറായില്ല. ആദ്യം കത്തോലിക്കാ കോൺഗ്രസ്സും പിന്നീട് കത്തോലിക്കാ കോൺഗ്രസ്സും എൻ.എസ്സ്.എസ്സും ഒന്നിച്ച് സമരം നടത്തി. ജനങ്ങൾ ഉണർന്നെഴുന്നേറ്റപ്പോൾ സമരത്തിന്റെ മുൻനിരയിലേക്കു വരാൻ പ്രതിപക്ഷത്തായിരുന്ന കേരളാ കോൺഗ്രസ്സുകാർ മുന്നോട്ടു വന്നു. അവരെ സമരത്തിന്റെ മുൻപന്തിയിൽ നിർത്തുവാൻ സമരക്കാരും തയ്യാറായി. ന്യൂനപക്ഷാവകാശസംരക്ഷണ പോരാട്ടത്തിലെ വീരജവാന്മാരായി കേരളാ കോൺഗ്രസ്സുകാർ രംഗത്തെത്തി. അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ നേത്രരോഗ ചികിത്സയിൽ ബിരുദാനന്തരബിരുദ കോഴ്സ് ഏർപ്പെടുത്തിയപ്പോൾ അതിനെതിരെ ഡി.വൈ.എ

www.malankaralibrary.com

ഫ്.ഐ., കെ.എസ്സ്.യു. തുടങ്ങിയ സംഘടനകൾ മുന്നോട്ടുവന്നു. രാജ്യമാസകലം കലാപം സൃഷ്ടിക്കുവാൻ അത് ഇടയാക്കി.

അതേസമയം അയൽസംസ്ഥാനങ്ങളിൽ സ്വാശ്രയ കോളേജുകൾ ഇഷ്ടംപോലെ അനുവദിച്ചു. കേരളത്തിൽ നിന്നും ഉള്ള കുട്ടികൾ എൻജിനീയറിംഗിനും മെഡിസിനും പഠിക്കാൻ അന്യസംസ്ഥാനങ്ങളിലേക്കൊഴുകി. ഇത് രാഷ്ട്രീയക്കാർ കണ്ടില്ലെന്ന് നടിച്ചു.

അവസാനം മുഖ്യമന്ത്രി എ.കെ. ആന്റണി അധികാരത്തിലേറിയപ്പോൾ സ്വാശ്രയ കോളേജുകൾ അനുവദിക്കാൻ തയ്യാറായി. ഇന്നലെവരെ തുടർന്നുവന്ന നയംകൊണ്ട് കേരളത്തിനുണ്ടായനഷ്ടം വലുതാണെന്നും തെറ്റായ വിശ്വാസങ്ങളുടെ തടവറയിൽ നിന്നും മോചിതരായിട്ടാണ് സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നതെന്നും എ.കെ.ആന്റണി പ്രഖ്യാപിച്ച് കൈയ്യടിവാങ്ങി. നിരവധി എൻജിനീറിംഗ്, മെഡിസിൻ കോളേജുകൾ സ്ഥാപിതമായി. അതിന്റെ പ്രവർത്തനത്തെ മുക്കിക്കൊല്ലുവാൻ ആണ് ആന്റണി സർക്കാർ തയ്യാറായത്. പ്രവേശനത്തിന് 50 ശതമാനം സീറ്റ് സർക്കാരിന് വേണമെന്ന് വാദിച്ചു. സർക്കാർ തിരഞ്ഞെടുത്ത കുട്ടികളോട് സർക്കാർ കോളേജുകളിലെ ഫീസുമാത്രമേ ഈടാക്കാവൂ എന്നും വ്യവസ്ഥ ചെയ്തു. അതിനെ സർവ്വശക്തിയുമെടുത്ത് മാനേജ്മെന്റ് എതിർത്തു. സർക്കാർ ഇത് സംബന്ധിച്ച് അവതരിപ്പിച്ച സ്വാശ്രയ നിയമത്തെ യു.ഡി.എഫ്. ഭരണസമിതി ഒന്നാകെ പിന്താങ്ങി. 1972-ലെ കോളേജ് സമരത്തിന് നേതൃത്വം നൽകിയ കെ.എം. മാണി, സി.എഫ്. തോമസ്, ടി.എം. ജേക്കബ്, ആർ.ബാലകൃഷ്ണപിള്ള എന്നിവർ അന്ന് മന്ത്രിമാരായിരുന്നു. അവർ പ്രതിപക്ഷത്തല്ലായിരുന്നു. ഭരണത്തിന്റെ സുഖം തുടരാൻതന്നെ ആ നാലു മന്ത്രിമാരും തീരുമാനിച്ചു. സ്വാശ്രയ നിയമത്തിന് അനുകൂലമായി അവർ വോട്ടു ചെയ്തു.

കഴിഞ്ഞ 70 വർഷത്തിനിടയിൽ രാഷ്ട്രീയ പാർട്ടികൾ ന്യൂനപക്ഷാവകാശം സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനങ്ങൾ വിലയിരുത്തുമ്പോൾ നമുക്ക് ഒരു കാര്യം വ്യക്തമായി മനസ്സിലാകും.

ഞങ്ങൾ എന്നൊക്കെ വിദ്യാഭ്യാസ സ്വാതന്ത്ര്യസമരത്തിലും ന്യൂനപക്ഷാവകാശപോരാട്ടത്തിലും പങ്കെടുത്തിട്ടുണ്ടോ അതൊക്കെ പ്രതിപക്ഷത്തായിരുന്നതുകൊണ്ടാണ്. ഞങ്ങൾ ആണ് ഭരണം നടത്തുന്നതെങ്കിൽ ഭരണത്തിന്റെ സുഖം അനുഭവിക്കുന്നതിനായി ഞങ്ങൾ നിലകൊള്ളും

പുല്ലാണേ പുല്ലാണേ ഞങ്ങൾക്ക് ന്യൂനപക്ഷാവകാശം പുല്ലാണേ
അധികാരമാണ് ഞങ്ങൾക്കിഷ്ടം
അധികാരം നിലനിർത്തുവാൻ ആരെയും
കൂട്ടുപിടിക്കാനും ഞങ്ങൾ തയ്യാറാകും

★

www.malankaralibrary.com

# 31. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചരിത്രം

കേരളത്തിൽ ആദ്യമായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിച്ചത് 1939 ലാണ്. സർ. സി.പി.യുടെ നേതൃത്വത്തിലാണ് കേരളത്തിൽ ആദ്യം ഒരു എൻജിനീയറിംഗ് കോളേജിന് തുടക്കം കുറിച്ചത്. തിരുവനന്തപുരത്ത് സ്ഥാപിച്ച ആ കോളേജിന്റെ പേര് കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നായിരുന്നു. തിരുവനന്തപുരത്തായിരുന്നു അതിന്റെ ആസ്ഥാനം. പിന്നീട് തൃശൂർ എൻജിനീയറിംഗ് കോളേജും ആരംഭിച്ചു. കോട്ടയത്ത് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും കൊച്ചിയിൽ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ മോഡൽ എൻജിനീയറിംഗ് കോളേജും സർക്കാർ നേതൃത്വത്തിൽ ആരംഭിച്ചു. പ്രൈവറ്റ് മേഖലയിൽ ആരംഭിച്ച ആദ്യ എൻജിനീയറിംഗ് കോളേജുകൾ തങ്ങൾകുഞ്ഞ് മുസലിയാർ കോളേജ് കൊല്ലത്തും, മാർ അത്തനാഷ്യസ് കോളേജ് കോതമംഗലത്തും എൻ.എസ്.എസ്സ്. കോളേജ് പാലക്കാട്ടും ആയിരുന്നു.

സെന്റ് ജോസഫ് കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജി പാലാ - ദശവത്സര ചിന്തകൾ എന്ന ഒരു ഗ്രന്ഥം മോൺ ഫിലിപ്പ് ഞരളക്കാട്ട് രചിച്ചിട്ടുണ്ട്. അതിലെ ഏതാനും ഭാഗങ്ങൾ താഴെ ചേർക്കുന്നു. "ഇന്ത്യയിലെ സാമ്പത്തികനില വളർന്നു വികസിച്ചതോടെ വിവിധ സാങ്കേതിക രംഗങ്ങളിൽ പ്രവർത്തിക്കുവാനായി ധാരാളം സാങ്കേതിക വിദഗ്ദ്ധരെ ആവശ്യമായിരുന്നു. ഈ വിടവ് നികത്തുവാൻ കേരളത്തിലെ ആർട്സ് ആൻഡ് സയൻസ് ബിരുദധാരികളെ നിയമിക്കുവാൻ സാദ്ധ്യമായിരുന്നില്ല. അവരിൽ അധികംപേരും തൊഴിൽ രഹിതരായി കടന്നുകൂടി. അതേസമയം മെഡിക്കൽ എൻജിനീയറിംഗ്, നേഴ്സിംഗ് രംഗങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ആകർഷകമായ മേഖലകളായി. എന്നാൽ ആവശ്യത്തിനനുസരിച്ചു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുവാൻ കേന്ദ്രഗവൺമെന്റിനാകട്ടെ, സംസ്ഥാന ഗവൺമെന്റുകൾക്കാകട്ടെ സാധിച്ചില്ല. പ്രൈവറ്റ് സ്വാശ്രയ സ്ഥാപനങ്ങൾ തുടങ്ങുന്നത് ഈ സാഹചര്യത്തിലാണ്.

കേരളം ഒഴികെയുള്ള മിക്ക സംസ്ഥാന സർക്കാരുകളും സ്വാശ്രയ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിച്ചു. അതിന്റെ ഫലമായി ആയിരത്തിതൊള്ളായിരത്തി എഴുപതുകൾ മുതൽ തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് തുടങ്ങിയ നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ നൂറുകണക്കിന് മെഡിക്കൽ,

www.malankaralibrary.com

എൻഞ്ചിനീയറിംഗ് നേഴ്സിംഗ്, പാരാമെഡിക്കൽ കോളേജുകൾ ഉയർന്നു വന്നു. കേരളമാകട്ടെ ഈ രംഗത്ത് മുഖം തിരിച്ചു നിന്നു. വലതുപക്ഷ ഇട തുപക്ഷ ഗവൺമെന്റുകൾ മാറിമാറി ഭരിച്ചപ്പോഴും സ്വാശ്രയ സ്ഥാപന ങ്ങൾക്ക് തികച്ചും എതിരായ ഒരു നയമാണ് സ്വീകരിച്ചത്. അന്ന് നിലവിലു ണ്ടായിരുന്ന സ്വാശ്രയസ്ഥാപനങ്ങളുടെ ഉയർന്നഫീസ് നിരക്കുകളും കാപ്പി റ്റേഷൻ സിസ്റ്റവുമെല്ലാം ഒരു പരിധിവരെ ഇതിന് കാരണമായിരുന്നു. അതി നുപരിയായി പ്രൈവറ്റ് മേഖലയോട് കേരളത്തിലെ മുഖ്യ രാഷ്ട്രീയ കക്ഷി കൾക്കുണ്ടായിരുന്ന വിപ്രതിപത്തിയാണ് ഇത്തരത്തിലുള്ള നയം രൂപീകരി ക്കാൻ ഇടയാക്കിയത്. ഇൻഡ്യയിൽ അന്ന് ഏറ്റവും പ്രശസ്തമായ നില യിൽ നടത്തിയിരുന്ന അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ നേത്ര വിഭാഗത്തോടനുബന്ധിച്ച ഒരു ബിരുദാനന്തരകോഴ്സ് തുടങ്ങുവാൻ കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ അനുവാദം കൊടുത്തു. എന്നാൽ ഇടുപക്ഷ രാഷ്ട്രീയ കക്ഷികൾ ഇതിനെതിരെ ഉയർത്തിയ പ്രതി ഷേധവും സമരകോലാഹലങ്ങളുംമൂലം ഈ അനുവാദം കേരള ഗവൺമെന്റ് പിൻവലിക്കുകയുണ്ടായി.

ഈ കാലഘട്ടത്തിൽതന്നെ കേരളത്തിന്റെ അയൽസംസ്ഥാനങ്ങളിൽ ധാരാളം പ്രൊഫഷണൽ കോളേജുകൾ ഉയർന്നുവന്നു. പ്രൊഫഷണൽ കോഴ്സുകളുടെ തൊഴിൽ സാദ്ധ്യത മനസ്സിലാക്കിയ കേരളത്തിലെ വിദ്യാർത്ഥികൾ അവിടേക്ക് ചേക്കേറിക്കൊണ്ടിരുന്നു. ആയിരത്തിതൊള്ളാ യിരത്തി തൊണ്ണൂറു മുതൽ ഈ ഒഴുക്ക് വളരെ ശക്തമായി. ലക്ഷക്കണ ക്കിന് വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങ ളില്ലാത്ത, ചിലപ്പോൾ നിലവാരംപോലുമില്ലാത്ത പ്രൊഫഷണൽ കോളേ ജുകളിൽ ഭീമമായ തുക കാപ്പിറ്റേഷൻ ഫീസായി നൽകി പഠിക്കുന്ന സാഹ ചര്യമുണ്ടായി. കേരളത്തിൽ നിന്ന് അന്യസംസ്ഥാനങ്ങളിലേയ്ക്ക് പണം ഒഴു കി. അവിടെയുള്ള പല കോളേജുകളും വളർന്ന് അഖിലേന്ത്യാ നിലവാരം പുലർത്തുന്ന പ്രൊഫഷണൽ സ്ഥാപനങ്ങളായി.

എന്തുകൊണ്ട് കേരളത്തിലും സ്വാശ്രയ പ്രൊഫഷണൽ കോളേജു കൾ തുടങ്ങിക്കൂടാ എന്ന് ഈ കാലഘട്ടത്തിൽ പലരും ചിന്തിച്ചുതുടങ്ങി. വിദ്യാഭ്യാസ വിദഗ്ദ്ധരും സാംസ്കാരിക നായകന്മാരും സ്വാശ്രയ സ്ഥാപന ങ്ങൾക്ക് അനുകൂലമായ നിലപാടെടുത്തു. കേരളത്തിന്റെ പുറത്തേക്കൊഴു കുന്ന പണം ഇവിടെത്തന്നെ സ്ഥാപനങ്ങൾ വികസിപ്പിക്കുവാൻ ഉപയോഗി ക്കേണ്ടതാണ് എന്ന പ്രായോഗിക നിർദ്ദേശമാണ് അവർക്കുണ്ടായിരുന്നത്. രണ്ടായിരാമാണ്ടിന്റെ തുടക്കത്തോടെ അന്ന് ഭരിച്ചിരുന്ന ഇടതുപക്ഷ ജനാ ധിപത്യമുന്നണിയിൽപ്പോലും ഇവിടെ സ്വാശ്രയസ്ഥാപനങ്ങൾ ഉണ്ടാകുന്ന തിനോട് അനുകൂല മനോഭാവം വളർന്നുവന്നു. വിദ്യാഭ്യാസമേഖലയിൽ തഴ ക്കവും പഴക്കവുമുള്ള വിദ്യാഭ്യാസ ഏജൻസികളും പ്രൊഫഷണൽ കോളേ

www.malankaralibrary.com

ജുകൾ അനുവദിച്ചാൽ തുടങ്ങുവാനുള്ള തയ്യാറെടുപ്പ് നടത്തുകയും ചെയ്തിരുന്നു." (പേജ് 13, 14, 15)

രണ്ടായിരത്തിയൊന്ന് ജനുവരിയിൽ എ.ഐ.സി.റ്റി.യിൽ നിന്ന് എൻജിനീയറിംഗ് കോളേജിന് അപേക്ഷ അയച്ചവരുടെ ഒരു യോഗം കോവളത്ത് വിളിച്ചുകൂട്ടി. ഈ മീറ്റിംഗിൽ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയായിരുന്ന അൽഫോൻസ് കണ്ണന്താനം അപേക്ഷകരെ എല്ലാവരെയും നേരിട്ടുകണ്ട് കോളേജ് ആരംഭത്തെപ്പറ്റി സംസാരിച്ചു. ഒരു വിദ്യാഭ്യാസ ട്രസ്റ്റ് ഉണ്ടാക്കി അതിന്റെ പേരിൽ 25 ഏക്കർസ്ഥലം വാങ്ങിയ 21 പേർക്ക് എൻജിനീയറിംഗ് കോളേജ് തുടങ്ങുവാനുള്ള കേരള സർക്കാരിന്റെ എൻ.ഒ.സി. അദ്ദേഹം നൽകി. സ്വാശ്രയ കോളേജുകൾക്ക് എൻ.ഒ.സി. നൽകുവാനുള്ള തീരുമാനം അന്ന് രാജ്യം ഭരിച്ചിരുന്ന ഇടതുപക്ഷം ഗവൺമെന്റിന്റെ തീരുമാനമനുസരിച്ചായിരുന്നില്ല. ഗവൺമെന്റിന് വിദ്യാഭ്യാസ വകുപ്പിന്റെ ഈ തീരുമാനം ഇരുട്ടടിയായി. അനുവാദം കൊടുത്ത അന്നുതന്നെ ചേർന്ന മന്ത്രിസഭായോഗം ഈ തീരുമാനത്തെ എതിർത്തു. എന്നു മാത്രമല്ല എൻ.ഒ.സി. മുഴുവൻ റദ്ദുചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു. എൻ.ഒ.സി. റദ്ദു ചെയ്യുവാൻ എ.ഐ.സി.റ്റി.ഇ.യെ അറിയിച്ചു. എന്നാൽ ഒരിക്കൽ കൊടുത്ത എൻ.ഒ.സി. റദ്ദുചെയ്യാൻ എൻ.എ.സി.റ്റി.ഇ. തയ്യാറായില്ല. മന്ത്രിസഭാ തീരുമാനം നടപ്പിലാക്കാൻ സാധിച്ചില്ലെങ്കിലും വിദ്യാഭ്യാസവകുപ്പിന്റെ പ്രവർത്തനത്തിൽ അമർഷം രേഖപ്പെടുത്തിക്കൊണ്ട് ഇടതുപക്ഷ ഗവൺമെന്റിന്റെ രാഷ്ട്രീയ സംഘടനകൾ പ്രക്ഷോഭണത്തിലേക്ക് നീങ്ങി. വിദ്യാഭ്യാസമന്ത്രി പി.ജെ. ജോസഫിന്റെ ഉറച്ച തീരുമാനം ഇടതുപക്ഷ മുന്നണിയെ ചിന്താകുഴപ്പത്തിലാക്കി. പി.ജെ.ജോസഫ് യാതൊരു വിട്ടുവീഴ്ചക്കും തയ്യാറായില്ല. എ.ഐ.സി.റ്റി.ഇ.യാകട്ടെ തങ്ങളുടെ തീരുമാനങ്ങൾ അംഗീകരിച്ച നടപ്പിലാക്കിയ എല്ലാ കോളേജുകൾക്കും അംഗീകാരം നൽകി. സ്വാശ്രയ കോളേജ് പ്രശ്നത്തിലെ ഏറ്റം നിർണ്ണായക തീരുമാനം എടുത്ത പി.ജെ. ജോസഫ് മന്ത്രിസ്ഥാനം രാജിവയ്ക്കണമെന്ന് ഇടതുപക്ഷ കക്ഷികളല്ല വലതുപക്ഷ രാഷ്ട്രീയകക്ഷി നേതാക്കൾ ആവശ്യപ്പെടുകയും ചെയ്തു.

## ഫീസ് ഘടന

സ്വാശ്രയ കോളേജ് ആരംഭിക്കുന്ന സാഹചര്യത്തിൽ അതിന്റെ ഫീസ് ഘടന എന്തായിരുന്നുവെന്ന് ദശവത്സര സ്മരണകൾ എന്ന ഗ്രന്ഥത്തിൽ വിശദീകരിച്ചിരിക്കുന്നത് താഴെ ചേർക്കുന്നു. (പേജ് 35, 38) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷൻ ഫീസ് ഘടന എന്നിവയെ സംബന്ധിച്ച് 2001 ൽ നിലവിലിരുന്ന നിയമം 1993 ലെ ഉണ്ണികൃഷ്ണൻ കേസിലെ സുപ്രീം കോടതി വിധി തീർപ്പനുസരിച്ചായിരുന്നു. കേരളത്തിൽ IHRD, CAPE തുടങ്ങിയവരുടെ കീഴിലുള്ള സ്വാശ്രയ കോളേജുകളിൽ അഡ്മി

www.malankaralibrary.com

ഷനും ഫീസും ആ നിയമത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. അതനുസരിച്ച് മുഴുവൻ സീറ്റുകളിലും കുട്ടികളെ അലോട്ട് ചെയ്യുന്നത് സംസ്ഥാന ഗവൺമെന്റ് തന്നെയായിരുന്നു. രണ്ടുതരത്തിലുള്ള ഫീസ് ഘടനയാണ് ഉണ്ണികൃഷ്ണൻ വിധിയുടെ മറ്റൊരു പ്രത്യേകത. പ്രൈവറ്റ്, സ്വാശ്രയ, പ്രൊഫഷണൽ കോളേജുകളിലെ പകുതി സീറ്റുകളിൽ ഗവൺമെന്റ് കോളേജുകളിലെ ഫീസിന് തുല്യമായ ഫീസാണ് ചുമത്തിയിരുന്നത്. ഫ്രീ സീറ്റുകൾ എന്നാണ് ഈ സീറ്റുകൾ അറിയപ്പെട്ടിരുന്നത്. 2001 ൽ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ ഇത് ഏകദേശം ആയിരത്തഞ്ഞൂറ് രൂപയായിരുന്നു. സംസ്ഥാന ഗവൺമെന്റ് നടത്തിയിരുന്ന കോമൺ എൻട്രൻസ് ടെസ്റ്റിലെ റാങ്കടിസ്ഥാനത്തിലാണ് ഈ സീറ്റുകൾ നൽകിയിരുന്നത്. ഏറ്റവും ഉയർന്ന റാങ്കുകാർക്ക് ഫ്രീ സീറ്റുകൾ എടുക്കാമായിരുന്നു. സ്വാശ്രയ കോളേജുകളിലെ മറ്റു സീറ്റുകളിൽ (50%) ഫ്രീ സീറ്റുകളിലെ കുറവുകൂടെ പരിഹരിക്കത്തക്കവിധം വളരെ ഉയർന്ന ഫീസ് ഈടാക്കിയിരുന്നു. ഇത്തരം സീറ്റുകൾ പെയ്മെന്റ് സീറ്റുകൾ എന്നാണ് അറിയപ്പെട്ടിരുന്നത്. 2001 ൽ എൻജിനീയറിംഗ് സീറ്റുകളിൽ അൻപതിനായിരം രൂപാ ഫീസും ഒരുലക്ഷം രൂപായുടെ പലിശ രഹിത ഡിപ്പോസിറ്റുമായിരുന്നു നൽകേണ്ടിയിരുന്നത്. ഈ ഡിപ്പോസിറ്റ് വിദ്യാർത്ഥി പഠനം പൂർത്തിയാക്കി പുറത്തിറങ്ങുമ്പോൾ തിരികെ ലഭിച്ചിരുന്നു. എൻട്രൻസ് ടെസ്റ്റിലെ റാങ്കനുസരിച്ചുതന്നെയാണ് ഈ സീറ്റുകളും നൽകിയിരുന്നത്.

ഉണ്ണികൃഷ്ണൻ കേസിലെ വിധിയനുസരിച്ചുള്ള സീറ്റ് അലോട്ടുമെന്റും, ഫീസ് ഘടനയും ഇൻഡ്യയിലെ ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് ബാധകമായിരുന്നില്ല. 1992ൽ സെന്റ് സ്റ്റീഫൻസ് കോളേജും ഡൽഹി യൂണിവേഴ്സിറ്റിയും തമ്മിൽ നടന്ന കേസിലെ വിധിയനുസരിച്ചായിരുന്നു ന്യൂനപക്ഷ സ്ഥാപനങ്ങളിൽ അഡ്മിഷൻ നടത്തേണ്ടത്. ഈ വിധി തീർപ്പനുസരിച്ച ഒരു ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനത്തിൽ അതു നടത്തുന്ന കമ്മ്യൂണിറ്റിക്കായി പകുതി സീറ്റുകൾ മാറ്റിവയ്ക്കണം. ബാക്കി സീറ്റുകൾ മറ്റു സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കു നൽകുകയും ചെയ്യണം. കുറ്റിപ്പുറത്തുള്ള എം.ഇ.എസ്. കോളേജ് ഓഫ് എൻജിനീയറിംഗ് ഈ അവകാശം കേരള ഗവൺമെന്റ് അനുവദിച്ച് നൽകുകയും ചെയ്തിരുന്നു.

കേരളത്തിൽ 2001 ൽ തുടങ്ങിയ എൻജിനീയറിംഗ് കോളേജുകളിൽ എട്ടു കോളേജുകൾ ന്യൂനപക്ഷ സമുദായങ്ങൾ നടത്തിയിരുന്ന സ്ഥാപനങ്ങളായിരുന്നു. ന്യൂനപക്ഷ കോളേജുകൾക്കുള്ള അവകാശമനുസരിച്ച് പകുതി സീറ്റുകൾ സ്വന്തം സമുദായത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടി എടുക്കുവാൻ അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത കോളേജുകൾ ഗവൺമെന്റിനെ സമീപിച്ചു. ഇതംഗീകരിച്ചു കൊടുക്കുവാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറായില്ല. താമസിയാതെ ഈ ന്യൂനപക്ഷ കോളേജുകൾ

www.malankaralibrary.com

ഹൈക്കോടതിയെ സമീപിച്ചു. എട്ടു കോളേജുകളിൽ മൂന്നെണ്ണം – പ്രഥമ ദൃഷ്ട്യാ ന്യൂനപക്ഷ കോളേജുകളാണ് എന്നു ഹൈക്കോടതി കണ്ടെത്തി. എട്ടുകോളേജുകളുടെയും അവകാശവാദം വിശദമായി പഠിച്ചു. ഗവൺമെന്റ് ഒരു നിശ്ചിത സമയത്തിനുള്ളിൽ തീരുമാനിക്കണമെന്ന് കോടതി നിർദ്ദേശിച്ചു. ഈ തീരുമാനമെടുക്കുന്നതുവരെ പ്രഥമദൃഷ്ട്യാ ന്യൂനപക്ഷ കോളേജുകൾ എന്നു കണ്ടെത്തിയ മൂന്നു കോളേജുകൾക്ക് ഇരുപത്തിയഞ്ചു ശതമാനം സീറ്റുകളിൽ തങ്ങളുടെ കമ്മ്യൂണിറ്റിയിലെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുവാൻ കോടതി അനുവദിച്ചു. ന്യൂനപക്ഷ കോളേജുകളും നിശ്ചിത ശതമാനം സീറ്റുകൾക്കായി അവകാശം ഉന്നയിച്ചു. കേരളത്തിൽ അന്ന് എയ്ഡഡ് മേഖലയിൽ പ്രവർത്തിച്ചിരുന്ന മൂന്ന് എഞ്ചിനീയറിംഗ് കോളേജുകൾക്ക് മാനേജുമെന്റ് ക്വോട്ടാ ആയി പതിനഞ്ചു ശതമാനം സീറ്റുകൾ നൽകിയിരുന്നു. മുഴുവൻ ശമ്പളവും ഗവൺമെന്റുതന്നെ നൽകുന്നു. പ്രസ്തുത കോളേജുകൾക്ക് പതിനഞ്ചുശതമാനം സീറ്റുകൾ കൊടുക്കുന്ന സാഹചര്യത്തിൽ കോളേജിനു വേണ്ടു മുഴുവൻ ചെലവുകളും വഹിക്കുന്ന സ്വാശ്രയ കോളേജുകൾക്ക് അത്രയുമെങ്കിലും സീറ്റുകൾ നൽകണമെന്ന് ന്യൂനപക്ഷേതര കോളേജുകൾ കോടതിയിൽ വാദിച്ചു. കേരള ഹൈക്കോടതി ഈ വാദം അംഗീകരിച്ചു. എല്ലാ കോളേജുകൾക്കും പതിനഞ്ചു ശതമാനം സീറ്റുകൾ മാനേജുമെന്റ് ക്വോട്ടാ ആയി നൽകുവാൻ ഉത്തരവ് നൽകി. അങ്ങനെ ന്യൂനപക്ഷ കോളേജുകൾക്ക് ഇരുപത്തയഞ്ച് ശതമാനം സീറ്റും മറ്റുള്ളവർക്ക് 15 ശതമാനം സീറ്റുകളും ലഭിച്ചു. ഇങ്ങനെയാണ് കുറച്ചു സീറ്റുകളിലെങ്കിലും പ്രവേശനം നൽകുവാൻ മാനേജുമെന്റുകൾക്ക് സാധിച്ചത്. ഈ സീറ്റുകളിൽത്തന്നെ പകുതി സീറ്റുകൾ ഫ്രീ സീറ്റുകളായി കുറഞ്ഞ ഫീസിനും ബാക്കി പെയ്മെന്റ് സീറ്റുകളായി ഉയർന്ന ഫീസിനും നൽകണം എന്ന് കേരള ഗവൺമെന്റ് നിഷ്കർഷിച്ചു. കോളേജുകളുടെ ന്യൂനപക്ഷ പദവി പരിശോധിച്ച് തീരുമാനിക്കണം എന്ന കോടതിയുടെ നിർദ്ദേശം പാലിക്കപ്പെട്ടില്ല.

പുതിയ സ്വാശ്രയ കോളേജുകൾക്കുള്ള എൻ.ഒ.സി. മനസ്സില്ലാമനസ്സോടെയാണ് കേരള ഗവൺമെന്റ് നൽകിയത്. എന്നാൽ ഈ കോളേജുകളുടെ പ്രവർത്തനം എല്ലാവർക്കും സ്വീകാര്യമായി. അതുകൊണ്ട് പുതിയ കോളേജുകൾക്ക് അനുവാദം കൊടുക്കണമെന്ന നിലപാടായിരുന്നു പുതിയതായി രൂപംകൊണ്ട എ.കെ.ആന്റണി മന്ത്രിസഭയ്ക്കുണ്ടായത്. നൂറുകണക്കിന് കോളേജുകൾക്കുള്ള അപേക്ഷയാണ് ലഭിച്ചത്. എല്ലാ കോളേജുകളും അതിനുവേണ്ടി നല്ല തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്തു. കോളേജിന് എൻ.ഒ.സി. ലഭിക്കാൻ വലിയ തുക പല രാഷ്ട്രീയ പാർട്ടി പ്രവർത്തകരും ചോദിച്ചതായി രഹസ്യ വിവരം ഉണ്ടായി. ആ കോഴയിൽ നിന്നും രക്ഷപെടാനായിട്ടാണ് അപേക്ഷിച്ചതും വ്യവസ്ഥകൾ പാലിച്ചതുമായ എല്ലാ

www.malankaralibrary.com

കോളേജുകൾക്കും എൻ.ഒ.സി. കൊടുക്കാൻ തീരുമാനിച്ചത്. എ.ഐ.സി. റ്റി.ഇ.യും കേന്ദ്രസമിതികളും പരിശോധിച്ച് യോഗ്യരായവർക്കെല്ലാം അനുവാദം കൊടുക്കാൻ സർക്കാർ തീരുമാനിച്ചു. പതിവുപോലെ ഈ തീരുമാനത്തെ ഇടതുപക്ഷകക്ഷികൾ രൂക്ഷമായി വിമർശിച്ചു. അതിനെ നേരിടാൻ ശ്രീ. എ.കെ.ആന്റണി കണ്ടുപിടിച്ചത് "രണ്ടു സ്വാശ്രയ കോളേജ് തുടരുമ്പോൾ ഒരു ഗവൺമെന്റ് കോളേജ് എന്ന സിദ്ധാന്തമാണ്. അന്ന് നിലവിലിരുന്ന സുപ്രീംകോടതി വിധിയനുസരിച്ചു എല്ലാ സ്വകാര്യ സ്വാശ്രയ കോളേജുകളിലും രണ്ടുതരത്തിലുള്ള ഫീസുകൾ ഉണ്ടായിരുന്നു. പകുതി സീറ്റുകളിൽ ഗവൺമെന്റ് കോളേജുകളിലെ കുറഞ്ഞഫീസും മറ്റു പകുതി സീറ്റുകളിൽ വളരെ ഉയർന്നഫീസും. അതുകൊണ്ട് രണ്ട് സ്വാശ്രയ കോളേജുകൾ ആരംഭിക്കുമ്പോൾ ഒരു ഗവൺമെന്റ് കോളേജിലെ സീറ്റിന് തുല്യം വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് കോളേജുകളിലെ കുറഞ്ഞ ഫീസിൽ പഠിക്കാൻപറ്റും എന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. പകുതി സീറ്റുകൾ ഗവൺമെന്റിന് കൊടുക്കാം എന്ന് കോളേജുകൾ സമ്മതിച്ചതുകൊണ്ടാണ് ഇങ്ങനെ ശ്രീ. ആന്റണി പറഞ്ഞത് എന്ന് ചിലർ പിന്നീട് വ്യാഖ്യാനിച്ചു. ടി. എം.എ. പൈ കേസിലെ വിധിയുണ്ടാകുന്നതുവരെ മുഴുവൻ സീറ്റുകളും ഗവൺമെന്റിൽ നിക്ഷിപ്തമായിരുന്നു എന്നതാണ് സത്യം.

## സുപ്രീംകോടതിവിധി

ദശവത്സര സ്മരണകൾ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. (പേജ് 127 – 131) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ വളരെ ഉയർന്നഫീസ് നൽകേണ്ട പെയ്മെന്റ് സീറ്റുകളും കുറഞ്ഞഫീസ് നൽകുന്ന ഫ്രീ സീറ്റുകളും ഉണ്ടായിരുന്നു. എൻട്രൻസ് പരീക്ഷ നടത്താനും കുട്ടികളെ അലോട്ടു ചെയ്യുവാനുമുള്ള അവകാശം സംസ്ഥാന ഗവൺമെന്റിനാണുണ്ടായിരുന്നത്. ഉണ്ണികൃഷ്ണൻ കേസിലെ വിധിക്കെതിരെ നിരവധി അപ്പീലുകൾ ഉണ്ടായിരുന്നു. പത്തുവർഷത്തിനുശേഷമാണ് അവക്ക് ഒരു തീരുമാനമുണ്ടായത്.

ടി എം.എ. പൈ കേസിൽ സുപ്രീംകോടതിയുടെ ചരിത്രത്തിലെ ഏറ്റം വലിയ ഭരണഘടനാബഞ്ചിന്റെ വിധി നിലവിലിരുന്ന മുഴുവൻ അഡ്മിഷൻ സമ്പ്രദായത്തെയും തകിടംമറിക്കുന്നവിധത്തിലുള്ളതായിരുന്നു.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ തുടങ്ങാൻ ഗവൺമെന്റിനോ യൂണിവേഴ്സിറ്റിക്കോ സാമ്പത്തിക മുടക്കം ഇല്ലാത്തതുകൊണ്ട് പ്രസ്തുത കോളേജുകളിലെ ഒരു സീറ്റിനുപോലും അവർക്ക് അവകാശമുണ്ടായിരിക്കുകയില്ല എന്ന് വിധിയിലൂടെ കോടതി പ്രഖ്യാപിച്ചു. മുഴുവൻ സീറ്റുകളിലും പ്രവേശനം നടത്താനുള്ള അവകാശം സ്വാശ്രയ സ്ഥാപനങ്ങൾക്കുണ്ടായിരിക്കും എന്നാൽ അഡ്മിഷൻ മുഴുവൻ മെറിറ്റ് അടിസ്ഥാനത്തിലായിരിക്ക

www.malankaralibrary.com

ണമെന്ന് കോടതി നിഷ്കർഷിച്ചു. പകുതി വിദ്യാർത്ഥികളിൽ നിന്ന് കുറഞ്ഞ ഫീസുമാത്രം വാങ്ങി അതിന്റെ ഭാരംകൂടി മറ്റു വിദ്യാർത്ഥികളിൽ ചുമത്തി ഉയർന്ന ഫീസ് വാങ്ങുന്ന ക്രോസ് സബ്സിഡി കോടതി നിരോധിച്ചു. ഓരോ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്കും തങ്ങളുടെ ഫീസ് തീരുമാനിക്കാൻ അവകാശമുണ്ടെന്നും കോടതി പറഞ്ഞു.

ടി.എം.എ. പൈ കേസിന്റെ വിധി തീർപ്പിലെ ചില പരാമർശങ്ങൾ വിവിധ തരത്തിൽ വ്യാഖ്യാനിക്കപ്പെട്ടു. സ്റ്റേറ്റ് ഗവൺമെന്റ് അവയ്ക്കു അനുകൂലമായും സ്ഥാപനങ്ങൾ അവരുടെ താൽപര്യമനുസരിച്ചും പലഭാഗങ്ങളും വ്യാഖ്യാനിച്ചു. ഈ സംശയങ്ങൾ പരിഹരിക്കാനായി സുപ്രീംകോടതിയുടെ ഒരു അഞ്ചംഗബഞ്ചിനെ നിയമിച്ചു. ഇസ്ലാമിക് അക്കാഡമി കേസ് എന്നാണ് ഈ കേസ് അറിയപ്പെട്ടത്.

ടി.എം.എ. കേസിലെ വിധി കേരളത്തിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ ശ്രദ്ധേയമാണ്. പ്രസ്തുത വിധി ഗവൺമെന്റിന് വലിയ ആഘാതമായിരുന്നു. മുഴുവൻ സീറ്റുകളും സ്വതന്ത്രമായി കൈകാര്യം ചെയ്തിരുന്ന സ്ഥാനത്ത് ഒരു സീറ്റുപോലും ഗവൺമെന്റിന് ഇല്ലാതായി. ഗവൺമെന്റ് കോളേജുകളിലെ ഫീസിൽ ഒരു വിദ്യാർത്ഥിക്കുപോലും സ്വാശ്രയ കോളേജുകളിൽ അഡ്മിഷൻ നൽകാൻ പറ്റാത്ത അവസ്ഥയായി. രണ്ടു സ്വാശ്രയ കോളേജുകൾ ഒരു ഗവൺമെന്റ് കോളേജിന് തുല്യമാണ്. അതുകൊണ്ടാണ് ധാരാളം സ്വാശ്രയ കോളേജുകൾ തുടങ്ങാനനുവദിച്ചത് എന്ന മുഖ്യമന്ത്രി എ.കെ.ആന്റണി പ്രഖ്യാപനം എവിടെയായി എന്ന് ചോദിച്ചുകൊണ്ട് പ്രതിപക്ഷം രംഗത്തിറങ്ങി. അവരുടെ വിദ്യാർത്ഥി സംഘടനകളും അതേറ്റുപാടി.

സുപ്രീംകോടതി വിധി മറികടക്കാനുള്ള ശ്രമങ്ങൾ ഇസ്ലാമിക് അക്കാഡമി കേസ് നടന്നുകൊണ്ടിരിക്കെതന്നെ കേരളാ ഗവൺമെന്റ് സ്വാശ്രയ മാനേജുമെന്റുകളുമായി ചർച്ച തുടങ്ങി. പകുതി സീറ്റുകൾ ഗവൺമെന്റിന് വിട്ടുകൊടുക്കുകയെന്നതായിരുന്നു ഗവൺമെന്റ് വച്ച നിർദ്ദേശം. ചർച്ചകൾ നടക്കവേതന്നെ കേരളാ ഗവൺമെന്റ് എല്ലാ സ്വാശ്രയകോളേജുകളിലെയും പകുതി സീറ്റ് ഗവൺമെന്റിന്റേതായിരിക്കുമെന്ന് പ്രഖ്യാപിച്ചു. മെഡിക്കൽ എൻജിനീയറിംഗ് കോളേജിലെ ഫീസും സർക്കാർ പ്രഖ്യാപിച്ചു. എൻജിനീയറിംഗ് കോളേജുകളിൽ നിശ്ചയിച്ച ഫീസ് 36000 രൂപയായിരുന്നു. പകുതി വിദ്യാർത്ഥികളെ ഗവൺമെന്റ് കോളേജുകളിലെ ഫീസിൽ തന്നെ പഠിപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷ വിദ്യാർത്ഥി യുവജന സംഘടനകൾ രംഗത്തിറങ്ങി. അതേ തുടർന്ന് ഗവൺമെന്റ് ഏകപക്ഷീയമായി ഒരു പ്രഖ്യാപനം നടത്തി. 60000 രൂപായിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് 18000 രൂപാ വാർഷിക ഫീസ് നൽകിയാൽ മതിയെന്നായിരുന്നു തീരുമാനം.

ബഹുഭൂരിപക്ഷം മാനേജുമെന്റുകളും ഗവൺമെന്റുമായി ഒരു സംഘ

www.malankaralibrary.com

ട്ടനത്തിന് തയ്യാറായിരുന്നില്ല. പകുതി സീറ്റ് ഗവൺമെന്റിന് നൽകാം എന്നായിരുന്നു പൊതുമനോഭാവം. എന്നാൽ എല്ലാ സീറ്റിലും ഒരു ഫീസ് ആയിരിക്കണം. ഈയവസരത്തിൽ ഇന്റർചർച്ച് കൗൺസിൽ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിലുള്ള കൈകടത്തലാണ് ഗവൺമെന്റിന്റെ നിർദ്ദേശമെന്ന നിലപാട് വ്യക്തമാക്കി. കേരളത്തിലെ എല്ലാ ക്രൈസ്തവസഭകളുംകൂടി ഒരുമിച്ചുചേർന്ന് ന്യൂനപക്ഷങ്ങളുടെ അവകാശസംരക്ഷണത്തിനായും വിദ്യാഭ്യാസ പ്രശ്നങ്ങളിൽ കാര്യക്ഷമമായി ഇടപെടുവാനുമായി രൂപീകരിച്ച സമിതിയാണ് ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ഈ സമിതിയുടെ അദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവത്തിൽ ആയിരുന്നു. ഇന്റർ ചർച്ച് കൗൺസിലിന്റെ ഒന്നുരണ്ടു മീറ്റിംഗുകൾ ചങ്ങനാശ്ശേരി ആർച്ച് ബിഷപ്സ് ഹൗസിൽ കൂടി പുതിയ സാഹചര്യം വിലയിരുത്തി. മുഴുവൻ സീറ്റുകളിലും അഡ്മിഷൻ നടത്താനും എല്ലാവർക്കും ഒരേ ഫീസ് വയ്ക്കുവാനുമുള്ള അവകാശം കോളേജുകൾക്കുണ്ട് എന്ന് ടി.എം.എ. പൈ കേസ് വിധിന്യായം വ്യാഖ്യാനിച്ചുകൊണ്ട് ആ മീറ്റിംഗിൽ സംബന്ധിച്ച അഡ്വക്കേറ്റുമാർ പറഞ്ഞു. 2003 മാർച്ച് 26 ന് കോട്ടയം ബി.സി.എം. കോളേജ് ഓഡിറ്റോറിയത്തിൽവച്ച് ഒരു വിദ്യാഭ്യാസ അവകാശ സംരക്ഷണ സമ്മേളനം ഇന്റർ ചർച്ച് കൗൺസിൽ വിളിച്ചു ചേർത്തു. ആ മീറ്റിംഗിൽ കേരളത്തിലെ എല്ലാ ക്രൈസ്തവ സഭകളുടെയും പ്രതിനിധികളായി ആയിരത്തിൽപ്പരംപേർ പങ്കെടുത്തു. ഇതിനിടെ ഗവൺമെന്റ്, ഓൾ കേരള എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ്സ് അസോസ്സിയേഷൻ ഭാരവാഹികളെ വിളിച്ച് ചർച്ചചെയ്ത് ഏകപക്ഷീയമായി ഗവൺമെന്റ് പ്രഖ്യാപിച്ച ഫീസ് അംഗീകരിപ്പിച്ചു. അസ്സോസ്സിയേഷന്റെ അംഗങ്ങളിൽ നല്ലൊരു ഭാഗത്തിനും ഭാരവാഹികളുടെ ഈ നടപടി ശരിയായില്ല എന്ന അഭിപ്രായമായിരുന്നു. എങ്കിലും ഭാരവാഹികളുടെ അഭ്യർത്ഥന മാനിച്ച് ആ തീരുമാനം അസോസിയേഷൻ അംഗീകരിച്ചു.

ഇതുപോലുള്ള ഗവൺമെന്റ് തീരുമാനങ്ങൾക്കെതിരെ ശക്തമായ നിയമയുദ്ധം നടത്തിയിരുന്ന പുഷ്പഗിരി മെഡിക്കൽ കോളേജിനു നേരെ എസ്.എഫ്.ഐ. എന്ന പ്രതിപക്ഷ വിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ ആക്രമണം നടന്നു. കോളേജിന് വലിയ നാശനഷ്ടങ്ങൾ വരുത്തിയാണ് പ്രതിഷേധക്കാർ പിൻവാങ്ങിയത്. ഇസ്ലാമിക് അക്കാഡമി കേസിന്റെ വിധി 2003 ഓഗസ്റ്റ് പതിനാലാം തീയതി പ്രഖ്യാപിച്ചു. വിവിധ ക്വോട്ടാകൾ തീരുമാനിക്കാൻ ഗവൺമെന്റിന് അവകാശമുണ്ട് എന്ന് കോടതി പറഞ്ഞുവച്ചു. കോളേജുകൾ നിശ്ചയിക്കുന്ന ഫീസ് അന്യായമെന്ന് തെളിഞ്ഞാൽ ഗവൺമെന്റിന് മറ്റൊരു ഫീസ് തീരുമാനിക്കാം എന്നും കോടതി പറഞ്ഞു. ഈ വിധിതീർപ്പ് ഉണ്ണികൃഷ്ണൻ കേസിന്റെ തീരുമാനത്തിലേക്കുള്ള ഒരു തിരിച്ചുപോക്കാണ് എന്ന് പ്രഗത്ഭരായ അഭിഭാഷകർ ചൂണ്ടിക്കാണിച്ചു. ടി.

www.malankaralibrary.com

എം.എ. പൈ കേസിന്റെ ചൈതന്യത്തിനു നിരക്കുന്നതല്ല പുതിയ വിധ എന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. അതേത്തുടർന്ന് സുപ്രീംകോടതി പുതിയൊരു ഏഴംഗബഞ്ച് നിയമിച്ചു. ഇനാംദാർ കേസ് എന്നാണ് ഈ കേസ് അറിയപ്പെടുന്നത്. ആ ഒരു വർഷത്തേക്ക് ഗവൺമെന്റിനും കോളേജുകൾക്കും പകുതി സീറ്റുവീതം അഡ്മിഷന് നടത്താം എന്ന് സുപ്രീംകോടതി നിർദ്ദേശിച്ചു. ഈ സാഹചര്യത്തിൽ 2003-04 ലെ അഡ്മിഷൻ നടന്നു. ഗവൺമെന്റ് കോളേജിലെ ഫീസിനു തുല്യമായി ഫീസ് കുറയ്ക്കണം എന്ന മുദ്രാവാക്യവുമായി എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. (SFI, DYFI) സംഘടനകൾ രംഗത്തുവന്നു. അവർ അഡ്മിഷൻ തടയാനായി കോളേജുകളിലേക്ക് മാർച്ചു നടത്തി. മൊത്തത്തിൽ എല്ലാ സ്വാശ്രയസ്ഥാപനങ്ങളുടെയും പ്രവർത്തനം തടയുക എന്ന നിലപാടിലേക്ക് ഈ സംഘടനകൾ നീങ്ങി. എസ്.എഫ്.ഐ.യുടെ പ്രതിഷേധ കോലാഹലങ്ങൾ സംസ്ഥാനത്ത് മുഴുവൻ അരങ്ങേറി. ഓഗസ്റ്റ് ആരംഭത്തിൽ തിരുവനന്തപുരത്ത് ഈ പ്രതിഷേധ പ്രകടനങ്ങൾ അക്രമാസക്തമായി. പോലീസ് ലാത്തിചാർജ്ജിൽ നിരവധി വിദ്യാർത്ഥികൾക്ക് പരിക്കേറ്റു.

തുടർന്ന് മാർക്സിസ്റ്റ് പാർട്ടിയും ഇന്റർ ചർച്ച് കൗൺസിലുമായി ചില സ്വകാര്യ ചർച്ചകൾ നടന്നു. ന്യൂനപക്ഷാവകാശം സംബന്ധിച്ച് പാർട്ടിയുടെ അഭിപ്രായം ആരാഞ്ഞപ്പോൾ ഈ പ്രത്യേക അവകാശം നിലനിൽക്കണമെന്ന അഭിപ്രായം ആണ് കമ്യൂണിസ്റ്റ് നേതാവ് ശ്രീ. കോടിയേരി പറഞ്ഞു.

എല്ലാവർഷവും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ്, അഡ്മിഷൻ തുടങ്ങിയ കാര്യങ്ങളിൽ തർക്കം ഉണ്ടാവുക സ്ഥിരം പതിവായിരുന്നു. 2004-2005 ലെ അഡ്മിഷൻ നടപടികൾ ഉണ്ടായത് ഇസ്ലാമിക് അക്കാഡമി കേസിന്റെ വിധിയനുസരിച്ചാണ്. ഫീസ് നിർണ്ണയത്തിൽനിന്നും അഡ്മിഷൻ മേൽനോട്ടം വഹിക്കുവാനുമായി റിട്ടയർ ചെയ്ത ഒരു ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിൽ ഒരു കമ്മറ്റിയെ നിയമിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. ഫീസ് തീരുമാനിക്കാനുള്ള അവകാശം ഓരോ കോളേജിനുമുണ്ട്. നിശ്ചയിക്കുന്ന ഫീസ് അധികമെന്ന് തോന്നിയാൽ പുതിയ ഫീസ് നിശ്ചയിക്കുവാൻ ആ കമ്മറ്റിക്ക് അധികാരവും നൽകിയിരുന്നു. മെറിറ്റ് പാലിക്കുന്നിടത്തോളംകാലം ഓരോ കോളേജിനും അഡ്മിഷൻ നടത്താൻ പൂർണ്ണമായ സ്വാതന്ത്ര്യമുണ്ടായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്നവർ ഒരു കേന്ദ്രീകൃത ടെസ്റ്റ് പാസ്സാകണം എന്ന വ്യവസ്ഥയും ഉണ്ടായിരുന്നു. പിന്നോക്കക്കാർക്കുവേണ്ടി സീറ്റുകൾ റിസർവ്വ് ചെയ്യാൻ ഗവൺമെന്റിന് അവകാശമുണ്ടെന്നും കോടതി പറഞ്ഞിരുന്നു. ഇതുകൊണ്ടും പ്രശ്നം പരിഹരിച്ചില്ല. അതുകൊണ്ട് ടി.എം.എ. പൈ കേസിലെ വിധിന്യായം വ്യാഖ്യാനിച്ച് വ്യക്തത വരുത്തുവാനും പ്രായോഗിക നിർദ്ദേശങ്ങൾ നൽകുവാനും സുപ്രീംകോടതി മറ്റൊരു ബഞ്ചിനെ നിയമിച്ചു. ദശവ

www.malankaralibrary.com

ത്സര സ്മരണകൾ എന്ന ഫാ. ഫിലിപ്പ് ഞരളക്കാടിന്റെ പുസ്തകത്തിലെ ഏതാനും ഭാഗം ഉദ്ധരിക്കട്ടെ **(പേജ് 152-155).**

നിയമിച്ചു. ഇതാണ് ഇനാംദാർ കേസ് എന്നറിയപ്പെടുന്നത്. ഈ കേസിലെ വിധി വരുന്നതുവരെ ഇസ്ലാമിക് അക്കാഡമി കേസിന്റെ വിധിയനുസരിച്ചായിരുന്നു സ്വാശ്രയകോളേജുകളുടെ ഭരണം നടന്നത്. കോളേജ് നിർദ്ദേശിക്കുന്ന ഫീസ് അധികമെന്നു തോന്നിയാൽ കമ്മറ്റിക്ക് പുതിയ ഒരു ഫീസ് തീരുമാനിക്കാമെന്നും അഡ്മിഷനു ചില ക്വോട്ടാകൾ വയ്ക്കാമെന്നും ഇസ്ലാമിക് അക്കാഡമി കേസിൽ ഉണ്ടായ തീരുമാനം ഗവൺമെന്റിന് ഒരു പിടിവള്ളിയായി.

## കെ.ടി. തോമസ് കമ്മറ്റി

2004-05 അദ്ധ്യയനവർഷത്തെ അഡ്മിഷൻ സംബന്ധമായ കാര്യങ്ങൾ തീരുമാനിക്കാനായി അഡ്മിഷനുവേണ്ടി ഗവൺമെന്റ് സുപ്രീംകോടതിയിൽനിന്ന് വിരമിച്ച ജസ്റ്റീസ് കെ.ടി. തോമസ് അദ്ധ്യക്ഷനായി രണ്ടു കമ്മിറ്റികൾ രൂപീകരിച്ചു. ഫീസ് നിർണയ കമ്മറ്റിയും അഡ്മിഷൻ സൂപ്പർവൈസറി കമ്മറ്റിയും. ഈ കമ്മറ്റികളിൽ തിരുവന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ അന്നത്തെ പ്രിൻസിപ്പൽ പ്രൊഫ. എസ്.കെ. മോഹൻ, കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ഉണ്ണികൃഷ്ണൻ, ഉന്നതവിദ്യാഭ്യാസ സെക്രട്ടറി ശ്രീ. മോഹൻദാസ്, ശ്രീ.റ്റി.എൻ. ജയചന്ദ്രൻ ഓഡിറ്റർ ശ്രീ. സഖറിയാസ് തുടങ്ങിയവരാണുണ്ടായിരുന്നത്. കോളേജുകൾ വയ്ക്കുന്ന ഫീസ് നിരസിച്ച് പുതിയ ഒരു ഫീസ് തീരുമാനിക്കുക എന്ന തന്ത്രമാണ് ഗവൺമെന്റ് പ്രയോഗിച്ചത്. ആദ്യമായി എല്ലാ കോളേജുകളോടും കഴിഞ്ഞ മൂന്നു വർഷത്തെ വരവ് ചെലവു കണക്കുകൾ നൽകാൻ കമ്മറ്റി ആവശ്യപ്പെട്ടു. അടുത്ത മൂന്നു വർഷത്തേക്കുള്ള ഫീസ് ഓരോ കോളേജും നിർദ്ദേശിക്കാനും പറഞ്ഞു. ഓഡിറ്റർമാരുടെയും കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുടെയും സംയുക്ത മീറ്റിംഗിൽ ഫീസ് ഘടന എങ്ങനെയായിരിക്കണം എന്ന് ഏകദേശരൂപം ഉണ്ടാക്കിയിരുന്നു. കോളേജ് മാനേജുമെന്റുകളെ രണ്ടു പ്രാവശ്യം ഹിയറിംഗിനായി കോട്ടയം കളക്ടറേറ്റിലെ കോൺഫ്രൻസ് ഹാളിലേക്ക് കമ്മറ്റി വിളിപ്പിച്ചു. ഫീസിനെപ്പറ്റിയും അഡ്മിഷൻ രീതിയെപ്പറ്റിയുമെല്ലാം ചർച്ച ചെയ്തു. എല്ലാവർക്കും ഒരേ ഫീസ് വയ്ക്കാനായിരുന്നു കമ്മറ്റിയുടെ ശ്രമം. എല്ലാവരും ഏക ഫീസിന് സമ്മതിക്കുന്നോ എന്നായി ചോദ്യം. രാജഗിരി കോളേജും പാലാ സെന്റ് ജോസഫ്സ് കോളേജും തങ്ങൾക്ക് പ്രത്യേകം ഫീസ് അംഗീകരിക്കണം എന്ന് ആവശ്യപ്പെട്ടു. ഈ രണ്ടു കോളേജുകൾക്കുമായി ഒരു പ്രത്യേക ഹിയറിംഗും നടത്തി. ബാങ്ക് ലോണുകളുടെ പലിശകൂടി ചെലവിനത്തിൽ പരിഗണിക്കണം എന്ന് സെന്റ് ജോസഫ്സിനുവേണ്ടി ഞാൻ ആവശ്യപ്പെട്ടു. ഫീസ് കാര്യത്തിൽ രണ്ട് ഓപ്ഷനുകളാണ് SJCET വച്ചത്: (1) 68000 രൂപാ വാർഷിക

www.malankaralibrary.com

ഫീസും 5000 രൂപാ കോഷൻ ഡിപ്പോസിറ്റും 1000 രൂപാ അഡ്മിഷൻ ഫീസും (2) 48000 രൂപാ വാർഷികഫീസ്, ഒരു ലക്ഷം രൂപാ റീഫണ്ടബിൾ ഡെപ്പോസിറ്റ്, 5000 രൂപാ കോഷൻ ഡെപ്പോസിറ്റ്, 1000 രൂപാ അഡ്മിഷൻ ഫീസ്.

അഡ്മിഷൻ രീതി എങ്ങനെവേണം എന്നും ചർച്ച ചെയ്തു. കമ്മ്യൂണിറ്റിക്കായി ഒരു നിശ്ചിതശതമാനം റിസർവ്വു ചെയ്യുക, പ്രാദേശിക വെയിറ്റേജ് നൽകുക തുടങ്ങിയ നിർദ്ദേശങ്ങൾ കോളേജുകൾ വച്ചു.

ഏപ്രിൽമാസം പകുതിയോടെ കെ.ടി. തോമസ് കമ്മീഷൻ അഡ്മിഷൻ സംബന്ധിച്ച ചില നിബന്ധനകൾ പ്രഖ്യാപിച്ചു. വിദ്യാർത്ഥികളുടെ ഇന്റർവ്യൂവിന്റെ സമയത്ത് കമ്മീഷന്റെ ഒരു പ്രതിനിധികൂടി സന്നിഹതനായിരിക്കണം, പത്രപരസ്യംകൊടുത്ത് വിദ്യാർത്ഥികളെ ക്ഷണിക്കണം, അപേക്ഷ തരുന്നവരുടെ എല്ലാം ലിസ്റ്റ് പ്രസിദ്ധീകരിക്കണം എന്നിങ്ങനെ നിരവധി നിയന്ത്രണങ്ങളാണ് പ്രഖ്യാപിച്ചത്. ഇന്റർവ്യൂ സമയത്ത് കമ്മീഷന്റെ അംഗം വരുന്നത് കോളേജുകളുടെ അഡ്മിഷനുള്ള സ്വാതന്ത്ര്യത്തിന്മേലുള്ള കൈയേറ്റമാണ് എന്ന് അസ്സോസിയേഷൻ കമ്മീഷനെ അറിയിച്ചു. പത്രപരസ്യം അനാവശ്യ ചെലവുമാണ്. പൊതുഫീസ് വയ്ക്കാൻ എല്ലാ കോളേജുകളും കമ്മീഷനെ ചുമതലപ്പെടുത്തി എന്നും റിപ്പോർട്ടിൽ പറഞ്ഞു. SJCETയും രാജഗിരി കോളേജും അതിനു സമ്മതിച്ചില്ല എന്ന കാര്യം സൗകര്യപൂർവ്വം കമ്മീഷൻ മറച്ചുവച്ചു.

2004 മേയ് 21 ന് കെ.ടി. തോമസ് കമ്മീഷൻ എല്ലാ കോളേജുകൾക്കുമായി ഒരു ഫീസ് പ്രഖ്യാപിച്ചു. വാർഷികഫീസ് 38700 രൂപയും 10000 രൂപ കോഷൻ ഡിപ്പോസിറ്റുമാണ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്കായി കമ്മീഷൻ പ്രഖ്യാപിച്ച ഫീസ്. ഈ ഫീസ് തീർത്തും അപര്യാപ്തമാണെന്ന് എഞ്ചിനീയറിംഗ് കോളേജുകളുടെ അസോസിയേഷനും വളരെയധികമാണെന്ന് ഇടതുപക്ഷ വിദ്യാർത്ഥി സംഘടനയായ എസ്.എഫ്.ഐ.യും പ്രഖ്യാപിച്ചു. ഗവ. ക്വോട്ടായിൽ ഗവൺമെന്റ് കോളേജ് ഫീസ് മാത്രമേ പാടുള്ളു എന്ന് എസ്.എഫ്.ഐ. ശഠിച്ചു. സുപ്രീംകോടതിയുടെ തീരുമാനമനുസരിച്ച് ഒരു ഫീസ് മാത്രമേ പാടുള്ളു എങ്കിലും രാഷ്ട്രീയ കാരണങ്ങളാൽ പകുതി സീറ്റ് വിട്ടുകിട്ടണമെന്നും അതിൽ ഗവൺമെന്റ് കോളജുകളിലെ ഫീസായിരിക്കണമെന്നുമായിരുന്നു ഗവൺമെന്റിന്റെയും ആഗ്രഹം. മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി സ്വാശ്രയ മാനേജ്മെന്റ് പ്രതിനിധികളുമായി ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തി. പകുതി വിദ്യാർത്ഥികളിൽ നിന്ന് Rs.4000 ഫീസും ബാക്കിയുള്ളവരിൽ നിന്ന് കൂടുതൽ ഫീസും പിരിക്കാമെന്നായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം. സ്വാശ്രയ, മെഡിക്കൽ, എഞ്ചിനീയറിംഗ് അസ്സോസിയേഷനുകൾക്ക് ഇത് സ്വാകാര്യമായില്ല. ഇതിനിടെ പൗവ്വത്തിൽ പിതാവ് ചങ്ങനാശ്ശേരിയിൽ ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജർമാരുടെ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി. അഡ്വ. റോമിചാക്കോ ടി.എം.എ. പൈ വിധിയുടെ അന്തസ്സത്ത വിശദീകരിച്ചു. ഗവൺമെന്റ് വച്ച

www.malankaralibrary.com

നിർദ്ദേശം പരിശോധിച്ചു. നാലായിരം രൂപയ്ക്ക് പകുതി വിദ്യാർത്ഥികളെ പഠിപ്പിക്കണമെങ്കിൽ മറ്റു വിദ്യാർത്ഥികളോട് ചുരുങ്ങിയത് 75000 രൂപയെങ്കിലും വാങ്ങേണ്ടിവരും. പണം മുടക്കി സമുദായം സ്ഥാപനമാരംഭിച്ചിട്ട് സമുദായത്തിലെ വിദ്യാർത്ഥികളോട് വലിയ ഫീസ് വാങ്ങുന്നത് അനീതിയാണ് എന്ന് സമ്മേളനം ആഭിപ്രായപ്പെട്ടു. ഗവൺമെന്റിന്റെ നിർദ്ദേശം നടപ്പിലാക്കുന്ന വിധത്തിലുള്ള ഓർഡിനൻസോ, നിയമമോ വന്നാൽ അതിനെ കോടതിയിൽ ചോദ്യം ചെയ്യാനും യോഗം തീരുമാനിച്ചു.

## കേരളാ സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജ് ആക്ട് 2004

കേരള ഗവൺമെന്റ് അടുത്ത അധ്യയനവർഷം നടപ്പിലാക്കത്തക്കവിധത്തിൽ ഒരു നിയമം ഉടൻതന്നെ തയ്യാറാക്കി. ഉണ്ണികൃഷ്ണൻ കേസിൽ 1993 ൽ സുപ്രീം കോടതി പ്രഖ്യാപിച്ച അഡ്മിഷൻ രീതി തിരികെ കൊണ്ടുവരുവാനുള്ള ഒരു ബില്ലാണ് ഗവൺമെന്റ് കൊണ്ടുവന്നത്. കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജ് ആക്ട് 2004 എന്ന പേരിൽ ബില്ല് തയ്യാറാക്കി ഗവൺമെന്റ് നിയമസഭയിൽ അവതരിപ്പിച്ചു. അതനുസരിച്ച് ഓരോ കോളേജിലെയും പകുതി സീറ്റുകൾ ഗവൺമെന്റിനുള്ളതായിരിക്കും. ആ സീറ്റുകളിൽ ഗവൺമെന്റ് കോളേജുകളിലും ഫീസും മറ്റു സീറ്റുകളിൽ അതതു കാലങ്ങളിൽ ഗവൺമെന്റ് പ്രഖ്യാപിക്കുന്ന ഉയർന്ന ഫീസും ആയിരിക്കും ഈടാക്കുക. ഈ ബില്ല് പാസ്സാക്കി ഭരണഘടനയുടെ ഒൻപതാം ഷെഡ്യൂളിൽപ്പെടുത്തി നടപ്പിലാക്കാനായിരുന്നു ശ്രമം. ഭരണഘടനയുടെ ഒൻപതാം ഷെഡ്യൂളിൽ പെടുത്തിയാൽ പിന്നെ അത് കോടതിയിൽ ചോദ്യം ചെയ്യാൻ പറ്റുമായിരുന്നില്ല. ഇതിനെ പ്രതിരോധിക്കേണ്ടത് ആവശ്യമായിരുന്നു. കേന്ദ്രഗവൺമെന്റുകൂടെ സഹകരിക്കാതെ നിയമം ഒമ്പതാം ഷെഡ്യൂളിൽപ്പെടുത്താൻ പറ്റുകയില്ല. അതുകൊണ്ട് കേന്ദ്രത്തിൽ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിൽ ഇരിക്കുന്നവർക്ക് കാര്യങ്ങളുടെ നിജസ്ഥിതി വെളിപ്പെടുത്തിക്കൊണ്ടുള്ള ഒരു എഴുത്തയയ്ക്കാൻ ഇന്റർ ചർച്ച് കൗൺസിൽ തീരുമാനിച്ചു. ഈ എഴുത്ത് തയ്യാറാക്കാൻ ഏൽപ്പിച്ചത് അഡ്വ. കുര്യൻ ജോർജ്ജ് കണ്ണന്താനത്തെ (ജോസ് കണ്ണന്താനം) ആയിരുന്നു. സ്വാശ്രയ കോളേജുകളുടെ കേരളാ ഹൈക്കോടതിയിലുള്ള എല്ലാ കേസുകളുംതന്നെ കൈകാര്യം ചെയ്തിരുന്നത് അദ്ദേഹമായിരുന്നു. ന്യൂനപക്ഷാവകാശത്തെ സംബന്ധിച്ചുള്ള കേസുകൾ നടത്തുന്നതിൽ ഒരു വിദഗ്ദ്ധൻ തന്നെയാണ് അഡ്വ. കണ്ണന്താനം. കേരളത്തിലെ സ്വാശ്രയമാനേജ്മെന്റ്സ് അസോസിയേഷനുകളുടെയെല്ലാം നിയമോപദേഷ്ടാവുംകൂടെ ആയിരുന്നു അദ്ദേഹം. അഡ്വ. ജോസ് കണ്ണന്താനം ഒരു എഴുത്ത് തയ്യാറാക്കി. അതിൽ മൂന്നു കാര്യങ്ങൾ ഊന്നിപ്പറഞ്ഞിരുന്നു.

www.malankaralibrary.com

1. ന്യൂനപക്ഷങ്ങൾക്ക് സ്വതന്ത്രമായി കോളേജ് നടത്താൻ പുതിയ നിയമം തടസ്സമുണ്ടാക്കുന്നു.
2. ന്യൂനപക്ഷസമുദായത്തിനായി അനുവദിച്ചിരിക്കുന്ന ക്വോട്ടായിൽ പ്രവേശനം നേടുന്ന ന്യൂനപക്ഷ സമുദായാംഗങ്ങളായ വിദ്യാർത്ഥികളിൽ നിന്ന് വലിയ ഫീസുവാങ്ങി ജനറൽ മെരിറ്റിൽ വരുന്ന മറ്റു പകുതി വിദ്യാർത്ഥികളുടെ പഠനച്ചെലവു വഹിക്കുന്നത് ന്യൂനപക്ഷാവകാശത്തിന്റെ ധ്വംസനമാണ്.
3. ഇങ്ങനെ വലിയ ഫീസു കൊടുത്തുചേരാൻ വിദ്യാർത്ഥികളുണ്ടാവില്ല. അങ്ങനെ ഈ സ്ഥാപനങ്ങളുടെ നിലനിൽപ്പുതന്നെ അപകടത്തിലായേക്കാം.

ഈ കത്ത് അഡ്വ. കണ്ണന്താനവും ഞാനുംകൂടെ അഭിവന്ദ്യ കർദ്ദിനാൾ മാർ വർക്കി വിദയത്തിലിനെ കണ്ട് ഏൽപ്പിച്ചു. അദ്ദേഹം നിർദ്ദേശിച്ച ചെറിയ മാറ്റങ്ങൾ വരുത്തി എഴുത്ത് തയ്യാറാക്കി. അടുത്ത ദിവസം തന്നെ വർക്കി പിതാവ് ഈ എഴുത്ത് ഇൻഡ്യൻ പ്രസിഡന്റ് ഡോ. അബ്ദുൾ കലാമിനും പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനും കോൺഗ്രസ് അദ്ധ്യക്ഷ ശ്രീമതി സോണിയാഗാന്ധിക്കും അയച്ചു. നിയമം കോടതിയിൽ ചോദ്യം ചെയ്യുന്നതിനെ തടയരുത് എന്ന ഒരു അഭ്യർത്ഥനയും എഴുത്തിലുണ്ടായിരുന്നു.

കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജ് ബിൽ കാര്യമായ ചർച്ചയൊന്നുംകൂടാതെ കേരള നിയമസഭ പാസ്സാക്കി. രാത്രി 10 മണിവരെ ചർച്ച നടത്തി, അടിയന്തിര സ്വഭാവത്തോടെയാണ് ബില്ല് പാസ്സാക്കിയത്. ഭരണകക്ഷി മാത്രമല്ല പ്രതിപക്ഷവും ബില്ലിനെ പിന്തുണച്ചു. അങ്ങനെ ബില്ല് നിയമമായി. ക്രൈസ്തവ വിദ്യാഭ്യാസ അവകാശസമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയം ബി.സി.എം. കോളേജ് ഓഡിറ്റോറിയത്തിൽ ഒരു പ്രതിഷേധ സമ്മേളനം നടന്നു. അതിൽ ഓരോ രൂപതയിൽനിന്നും ഭദ്രാസനങ്ങളിൽ നിന്നും കഴിയുന്നത്ര ഡെലിഗേറ്റുകൾ പങ്കെടുത്തു. പാലായിൽ നിന്ന് 200 പേർ ആ മീറ്റിംഗിൽ പങ്കെടുത്തു. വിഷയത്തിന്റെ ഗൗരവം പൊതുജനങ്ങളെ ബോധ്യപ്പെടുത്താൻ മീറ്റിംഗ് ഉപകരിച്ചു. പരിശുദ്ധ കാതോലിക്കാബാവാ ബസേലിയോസ് മാർ തോമ്മാ മാത്യൂസ് ദ്വിതീയൻ ശക്തമായ ഭാഷയിൽ നിയമത്തെ അപലപിച്ചു. അദ്ദേഹം ഗവൺമെന്റിനെ ഒരു പോക്കറ്റടിക്കാരനോടാണ് ഉപമിച്ചത്. പോക്കറ്റടിച്ചതിനുശേഷം അതു പിടികൂടിയ ഉടമസ്ഥനോട് അയാൾ ഒരു നിർദ്ദേശം വച്ചു. തുക നമുക്ക് രണ്ടു കൂട്ടർക്കും കൂടെ 50:50 അനുപാതത്തിൽ വീതിക്കാം എന്നായിരുന്നു മോഷ്ടാവിന്റെ നിർദ്ദേശം. ഇതു തന്നെയാണ് നമ്മുടെ ഗവൺമെന്റ് ഇപ്പോൾ കാണിക്കുന്നതെന്നും ബാവാ തിരുമേനി പറഞ്ഞു.

സ്വാശ്രയപ്രൊഫഷണൽ കോളേജ് മാനേജ്മെന്റ്സ് അസോസിയേ

www.malankaralibrary.com

ഷനും ശക്തമായി രംഗത്തിറങ്ങി. പൊതുജനങ്ങളുടെ അറിവിനായി കേരളത്തിലെ പ്രധാന ദിനപത്രങ്ങളിലെല്ലാം വരത്തക്കവിധമുള്ള ഒരു പ്രസ്താവന പരസ്യത്തിന്റെ രീതിയിൽ അസോസിയേഷൻ പ്രസിദ്ധീകരിച്ചു. ഗവൺമെന്റ് പകുതി വിദ്യാർത്ഥികളെ 4000 രൂപ ഫീസ് എന്നു പറഞ്ഞ് അലോട്ടു ചെയ്താൽ ഒരു കോളേജുപോലും അവരെ അഡ്മിറ്റ് ചെയ്യരുതെന്നും അസോസിയേഷൻ തീരുമാനിച്ചു. അതോടൊപ്പം സുപ്രീംകോടതിയിൽ പുതിയ നിയമത്തെ ചോദ്യംചെയ്ത് കേസ് കൊടുക്കാനും തീരുമാനിച്ചു. ജൂലൈ 15-ന് എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും അടച്ചിട്ട് നിയമത്തിനെതിരെ പ്രതിഷേധിച്ചു. അതേദിവസംതന്നെ കേരള ഗവർണർ നിയമത്തിന് അംഗീകാരം നൽകി. പുതിയ നിയമത്തിനെതിരെ പുഷ്പഗിരി മെഡിക്കൽ കോളേജ്, കേരളാ സെൽഫ് ഫൈനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ്സ് അസോസിയേഷൻ, മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ എന്നിവർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തു. ന്യൂനപക്ഷങ്ങൾക്കായി പ്രധാനമായി വാദിച്ചത് സുപ്രീംകോടതി അഡ്വക്കേറ്റ് ഹരീഷ് സാൽവേയാണ്. ജസ്റ്റീസുമാരായ വൈ.കെ. സബർവാൾ, എ.കെ. മാഥൂർ, ഡി.എം. ധർമ്മാധികാരി എന്നിവരടങ്ങിയ ബഞ്ചാണ് കേസ് കേട്ടത്. കോടതി ഒരു ഇടക്കാല ഉത്തരവിലൂടെ നിയമത്തിലെ ഫീസ് നിരക്ക് വ്യവസ്ഥ സ്റ്റേ ചെയ്തു (2004 ജൂലൈ 29). അടുത്തുവരുന്ന അഡ്മിഷന് കെ.ടി.തോമസ് നിശ്ചയിച്ച ഫീസ് എല്ലാ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാനും സീറ്റുകൾ ആ വർഷത്തേക്ക് 50:50 അനുപാതത്തിൽ ഗവൺമെന്റും കോളേജും തമ്മിൽ പങ്കിടാനുമായിരുന്നു കോടതിയുടെ തീരുമാനം. അടിസ്ഥാനപ്രശ്നങ്ങൾ സുപ്രീംകോടതിയുടെ ഇസ്ലാമിക് അക്കാഡമിക് കേസിലെ ഭരണഘടനാ ബഞ്ചിനു വിട്ടു. 2004-05 വർഷത്തെ അഡ്മിഷൻ ഈ തീരുമാനമനുസരിച്ച് നടന്നു. കഴിയുന്നിടത്തോളം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകാൻ അസോസിയേഷന്റെ തീരുമാനമുണ്ടായിരുന്നു.

മാർക്സിസ്റ്റ് പാർട്ടിയുടെ പോഷകസംഘടനകൾ പ്രതിഷേധവുമായി രംഗത്തിറങ്ങി. സ്ഥാപനങ്ങളിലേക്ക് മാർച്ചുചെയ്യാനുള്ള ആഹ്വാനമുണ്ടായിരുന്നു.

## ഇനാംദാർകേസിന്റെ വിധി

രണ്ടായിരത്തിയഞ്ച് ഓഗസ്റ്റ് 12-ന് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളെ ബാധിക്കുന്ന ഒരു സുപ്രധാനവിധി സുപ്രീംകോടതിയുടെ ഏഴംഗബഞ്ചു നൽകുകയുണ്ടായി. ടി.എം.എ. പൈ കേസിലെ പതിനൊന്നംഗബഞ്ചിന്റെ വിധി മറികടക്കാനല്ല ഇസ്ലാമിക് അക്കാഡമി കേസിലെ അഞ്ചംഗബഞ്ചും അതേ തുടർന്ന് ഇനാംദാർ കേസിലെ ഏഴംഗബഞ്ചും സുപ്രീംകോടതി നിയമിച്ചത്. ഇസ്ലാമിക അക്കാഡമി കേസിലെ വിശദീകരണം പൂർണ്ണ

www.malankaralibrary.com

മായിരുന്നില്ല. ചിലത് തൃപ്തികരവുമായിരുന്നില്ല. എന്നാൽ ഇനാംദാർ കേസിലെ വിധിയോടുകൂടി സുപ്രീം കോടതിക്ക് മുമ്പിലുണ്ടായിരുന്ന എല്ലാ പരാതികൾക്കും തീരുമാനമായി. കോടതിയുടെ നിഗമനം സ്വാശ്രയ കോളേജുകൾക്കു പൊതുവേ സ്വീകാര്യമായിരുന്നു. ന്യൂനപക്ഷ സ്ഥാപനങ്ങൾക്കു മാത്രമല്ല എല്ലാ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്കും മുഴുവൻ സീറ്റിലും അഡ്മിഷൻ നടത്താനുള്ള അവകാശമുണ്ടെന്ന് കോടതി തീരുമാനിച്ചു. ക്വോട്ടാകൾ തീരുമാനിക്കാനോ, റിസർവേഷൻ ഏർപ്പെടുത്താനോ ഗവൺമെന്റുകൾക്ക് അധികാരമില്ലെന്നും കോടതി അഭിപ്രായപ്പെട്ടു.

ഓരോ സ്ഥാപനങ്ങളും പ്രത്യേകം പ്രത്യേകം എൻട്രൻസ് നടത്താതെ ഒരേ തരത്തിലുള്ള സ്ഥാപനങ്ങൾ ഒരുമിച്ച് ചേർന്ന് ഒരു പൊതു പരീക്ഷ വച്ച് അതിൽ ലഭിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്താനും കോളേജുകൾ തമ്മിൽ ധാരണയായി. ഫീസ് പിരിവിനെ സംബന്ധിച്ചും വ്യക്തമായ ധാരണയുണ്ടായി. ഓരോ സ്ഥാപനത്തിനും ഫീസ് നിശ്ചയിക്കാൻ അധികാരമുണ്ട്. ഫീസ് നിർണ്ണയിക്കുമ്പോൾ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ, സ്ഥാപനം നൽകുന്ന ശമ്പളം, ഭാവിവികസനത്തിനുള്ള യുക്തിസഹജമായ ഒരു മിച്ചം എന്നിവ പരിഗണിക്കണം എന്ന ഇസ്ലാമിക അക്കാഡമി കേസിലെ തീരുമാനം കോടതി അംഗീകരിച്ചു. കാപ്പിറ്റേഷനും അമിതലാഭമുണ്ടാക്കലും പാടില്ല.

ഫീ റഗുലേറ്ററി കമ്മറ്റിയും അഡ്മിഷൻ സൂപ്പർവൈസറി കമ്മറ്റിയും രൂപീകരിക്കാൻ ഗവൺമെന്റിന് അധികാരമുണ്ടായിരുന്നു. ഈ സുപ്രധാന വിധിയെ മറികടക്കാനുള്ള നിയമനിർമ്മാണത്തെപ്പറ്റി ഗവൺമെന്റ് ചിന്തിച്ചു തുടങ്ങി. സുപ്രീംകോടതി വിധി സ്വാശ്രയ രംഗത്ത് സമാധാനം കൈവരുത്തി. എന്നാൽ അത് താൽക്കാലികം മാത്രമായിരുന്നു.

## ന്യൂനപക്ഷപദവി

ഭരണഘടന രൂപംകൊണ്ടനാൾ മുതൽ ഇന്ത്യയിലെ മതന്യൂനപക്ഷങ്ങളും ഭാഷാ ന്യൂനപക്ഷങ്ങളും നടത്തിയിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷപദവി അംഗീകരിച്ചിരുന്നു. കാലക്രമത്തിൽ ചില സമുദായങ്ങൾ ന്യൂനപക്ഷങ്ങളാണെന്ന് സ്വയം പ്രഖ്യാപിച്ച് വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുവാൻ ശ്രമമുണ്ടായി. ന്യൂനപക്ഷ പദവി നൽകേണ്ടിയിരുന്നത് സംസ്ഥാനസർക്കാരുകളായിരുന്നു. ന്യൂനപക്ഷ പദവിക്കുള്ള അർഹത പരിശോധിക്കാനോ അംഗീകാരം നൽകുവാനോ, കൃത്യമായ സംവിധാനങ്ങളോ സംസ്ഥാനങ്ങളിൽ ഉണ്ടായിരുന്നില്ല. ചില സമുദായങ്ങളെ ന്യൂനപക്ഷപദവി നൽകാതെ മാറ്റിനിർത്തുന്നതിൽ ചില സർക്കാരുകൾ ശ്രമിച്ചിട്ടുണ്ട്. കേരളത്തിൽ ആദ്യമായി ന്യൂനപക്ഷ പദവി ലഭിച്ച കോളേജ് പാലാ രൂപതവക ചൂണ്ടച്ചേരി കോളേജായിരുന്നു.

എ.കെ. ആന്റണി മുഖ്യമന്ത്രിസ്ഥാനം രാജിവച്ച് കേന്ദ്രത്തിലേക്കുപോ

www.malankaralibrary.com

യി. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി ചാർജെടുത്തു. 2006 ൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. വൻഭൂരിപക്ഷത്തിൽ അധികാരത്തിലേറി. അടിയന്തരസ്വഭാവത്തോടെ കേരളാ പ്രൊഫഷണൽ കോളേജ് ഓർ ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് എന്ന പേരിൽ ഒരു ബില്ല് നിയമസഭയിൽ അവതരിപ്പിച്ചു. ഒന്നു രണ്ട് ദിവസത്തെ ചർച്ചകൾക്കുശേഷം ബിൽ പാസ്സാക്കി. എല്ലാ രാഷ്ട്രീയ പാർട്ടികളും ബില്ലിനെ പിന്താങ്ങി. സുപ്രീംകോടതിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ബഞ്ചിന്റെയും തുടർന്നുവന്ന ബഞ്ചുകളുടെയും തീരുമാനങ്ങളായിരുന്നു സ്വാശ്രയകോളേജുകളെ ബാധിക്കുന്ന നിയമം. എന്നാൽ അവയുടെ കാതലായ എല്ലാ തീരുമാനങ്ങൾക്കും എതിരായി ഒരു നിയമമുണ്ടാക്കാൻ കേരളത്തിലെ എല്ലാ രാഷ്ട്രീയപാർട്ടികളും കൂട്ടുനിന്നു എന്നത് നമ്മുടെ ജനാധിപത്യത്തിലെ ഒരു കറുത്ത അധ്യായമായി അവശേഷിക്കുന്നു. നിയമത്തിലെ മിക്ക വ്യവസ്ഥകളും കോടതിയിൽ നിലനിൽക്കില്ല എന്ന് ഏതാനും അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയും ഭേദഗതികൾ കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്തു എന്ന കാര്യം വിസ്മരിക്കുന്നില്ല.

2004 ൽ യു.ഡി.എഫ്. ഗവൺമെന്റ് പാസ്സാക്കിയ സ്വാശ്രയ കോളേജ് നിയമത്തേക്കാൾ കർക്കശമായ വ്യവസ്ഥകളാണ് പുതിയതായി പാസ്സാക്കിയ നിയമത്തിൽ ഉണ്ടായിരുന്നത്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ എഴുപതു ശതമാനം സീറ്റുകളും ഗവൺമെന്റിന്റെ നിയന്ത്രണത്തിലാക്കി. പകുതി സീറ്റുകളിൽ ഗവൺമെന്റ് കോളേജുകളിലെ ഫീസുതന്നെ ആയിരിക്കുമെന്ന് വ്യവസ്ഥചെയ്തു. ന്യൂനപക്ഷ സമുദായങ്ങൾക്ക് ഈ ആക്ട് ഒരു പുതിയ വ്യാഖ്യാനം കൊടുത്തു. സംസ്ഥാനത്തെ ജനസംഖ്യയുടെ പകുതിയിൽ താഴെ എണ്ണമുള്ള മത, ഭാഷാവിഭാഗങ്ങളെയാണ് ഇൻഡ്യൻ ഭരണഘടന ന്യൂനപക്ഷങ്ങളായി കണക്കാക്കുന്നത്. എന്നാൽ, ഈ മതഭാഷാ വിഭാഗങ്ങൾക്ക് ഭൂരിപക്ഷ സമുദായവുമായി താരതമ്യപ്പെടുത്തുമ്പോൾ ജനസംഖ്യാനുപാതത്തിൽ കൂടുതൽ പ്രൊഫഷണൽ കോളേജുകളോ പ്രൊഫഷണൽ പഠനം നടത്തുന്ന വിദ്യാർത്ഥികളോ ഉണ്ടെങ്കിൽ ആ വിഭാഗത്തിന് ന്യൂനപക്ഷാവകാശം ഇല്ലാതാകും എന്നായിരുന്നു പുതിയ വ്യവസ്ഥ.

കേരളത്തിലെ ക്രിസ്ത്യൻസമൂഹം ഒറ്റക്കെട്ടായി ഈ നിയമത്തെ എതിർത്തു. കേരളത്തിലെ വിവിധ ക്രൈസ്തവസഭകളുടെ പ്രതിനിധികൾ ഡൽഹിയിൽപോയി പ്രധാനമന്ത്രി ശ്രീ. മൻമോഹൻസിംഗ്, കോൺഗ്രസ് അദ്ധ്യക്ഷ ശ്രീമതി സോണിയാ ഗാന്ധി, മാനവവിഭവശേഷി മന്ത്രി ശ്രീ. അർജ്ജുൻ സിംഗ്, ന്യൂനപക്ഷകാര്യാലയ മന്ത്രി ശ്രീ. എ.ആർ. ആന്തുലെ, മന്ത്രി ശ്രീ. ഇ. അഹമ്മദ്, ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ ശ്രീ. എച്ച്. എം. അൻസാരി എന്നിവരെ കണ്ട് നിവേദനം നൽകി. ഇതുപോലൊരു നിയമം എങ്ങനെ പാസ്സാക്കാൻ സാധിച്ചു, എങ്ങനെ ഭരണഘടനാവിരുദ്ധമായ ഈ നിയമത്തിന് ഗവർണർ ഒപ്പുവച്ചു എന്നെല്ലാമായിരുന്നു കേന്ദ്രനേ

www.malankaralibrary.com

താക്കളുടെ പ്രതികരണം. കെ.സി.ബി.സി. എഡ്യൂക്കേഷൻ കമ്മീഷന്റെ ചെയർമാൻ മാർ ആൻഡ്രൂസ് താഴത്താണ് ഈ ഡെലഗേഷന് നേതൃത്വം നൽകിയത്. കെ.സി.ബി.സി. എഡ്യൂക്കേഷൻ കമ്മീഷന്റെ സെക്രട്ടറി എന്ന നിലയിൽ ഈ ഡലഗേഷന്റെ ഭാഗമാകാൻ എനിക്കും അവസരം കിട്ടി. കേരളത്തിലെ പത്രങ്ങളും ദൃശ്യമാധ്യമങ്ങളും ഈ ഡെലഗേഷന് വലിയ പ്രാധാന്യം നൽകി. ഓരോ കേന്ദ്രനേതാക്കളെയും കണ്ടതിനുശേഷം പുറത്തുവരുമ്പോൾ വലിയ ഒരു സംഘം മാദ്ധ്യമപ്രവർത്തകർ സന്നിഹിതരായിരുന്നു. രണ്ടു ദിവസങ്ങളിലായി നടത്തിയ പ്രസ് കോൺഫ്രൻസുകളിലും ചാനൽ ചർച്ചകളിലും പങ്കെടുക്കാൻ ഞങ്ങൾക്ക് അവസരമുണ്ടായി. സ്വാശ്രയ പ്രശ്നത്തിന്റെ യഥാർത്ഥമുഖം പൊതുജനങ്ങളിലും കേന്ദ്രനേതാക്കളിലും എത്തിക്കുവാൻ ഈ ഡെലഗേഷനു കഴിഞ്ഞു. ഭരണഘടനയുടെ ഒൻപതാം ഷെഡ്യൂളിൽപ്പെടുത്തി നിയമത്തെ കോടതിയിൽ ചോദ്യം ചെയ്യാതെ സംരക്ഷിക്കാനുള്ള ശ്രമം ഇതുമൂലം പരാജയപ്പെട്ടു.

2006 ൽ ഇടതുപക്ഷഗവൺമെന്റ് പാസ്സാക്കിയെടുത്ത കേരളാ പ്രൊഫഷണൽ കോളേജ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിന് എന്തു സംഭവിച്ചു എന്നു നോക്കാം. ഈ നിയമത്തിനെതിരെ മാനേജ്മെന്റ്സ് അസോസിയനും ക്രൈസ്തവ ന്യൂനപക്ഷങ്ങളും കോടതിയെ സമീപിച്ചു. പ്രസ്തുത കേസിൽ കേരള ഹൈക്കോടതിയുടെ സിംഗിൾബഞ്ചും തുടർന്ന് ഡിവിഷൻ ബഞ്ചും ഭരണഘടനാവിരുദ്ധമെന്നു മനസ്സിലാക്കി നിയമം ഏതാണ്ട് പൂർണമായി അസാധുവാക്കി. അതോടൊപ്പം മത-ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നിയമം നൽകിയ പുതിയ നിർവചനത്തെ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് പുച്ഛിച്ചുതള്ളി.

ഒരു ഫീ റെഗുലേറ്ററി കമ്മറ്റിയേയും അഡ്മിഷൻ സൂപ്പർവൈസറി കമ്മറ്റിയേയും വയ്ക്കുവാനുള്ള അവകാശം മാത്രമേ ഗവൺമെന്റിന് നിയമപരമായി നിലവിലുള്ളു. ഈ വിധിക്ക് എതിരെ കേരളാ ഗവൺമെന്റ് സുപ്രീം കോടതിയെ സമീപിച്ചു. ഹൈക്കോടതി വിധി സ്റ്റേ ചെയ്യണമെന്ന കേരളാ ഗവൺമെന്റിന്റെ അപേക്ഷ സുപ്രീംകോടതി തള്ളിക്കളയുകയാണുണ്ടായത്. എന്നാൽ കേസ് ഫയലിൽ സ്വീകരിച്ചു. ഇത് പിന്നീട് കേൾക്കുവാനായി മാറ്റിവച്ചിരിക്കുകയാണ്. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിൽ അംഗങ്ങളായിരുന്ന ജസ്റ്റീസ് വി.കെ. ബാലിയേയും ജസ്റ്റീസ് വി.ആർ. രാമനെയും മാർക്സിസ്റ്റ് യുവജനസംഘടനകൾ നിശിതമായി വിമർശിച്ചു. ചീഫ് ജസ്റ്റീസായിരുന്ന വി.കെ. ബാലി റിട്ടയർചെയ്തു പോയപ്പോൾ ഈ സംഘടനകൾ പ്രതീകാത്മകമായി അദ്ദേഹത്തെ നാടുകടത്തുകവരെ ചെയ്തു. നിയമം പരാജയപ്പെട്ട സാഹചര്യത്തിലാണ് അൻപതു ശതമാനം സീറ്റുകൾ വിട്ടുകൊടുക്കണമെന്നും അവയിൽ കുറഞ്ഞ ഫീസായിരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് സ്വാശ്രയകോളേജ് മാനേജ്മെന്റ് അസോസിയേഷനുകളെയും

www.malankaralibrary.com

വിവിധ കോളേജുകളെയും കേരളാ ഗവൺമെന്റ് നിർബന്ധിച്ചു തുടങ്ങിയത്. ഭീഷണിയും പ്രലോഭനങ്ങളുമെല്ലാമുണ്ടായി. മാനേജ്മെന്റ് സീറ്റുകളിൽ ഉയർന്ന ഫീസ് വയ്ക്കാമെന്നും ഗവൺമെന്റ് നിർദ്ദേശിച്ചു. മെഡിക്കൽ, എഞ്ചിനീയറിംഗ് അസോസിയേഷനുകൾ ആദ്യം വഴങ്ങാതെ നിന്നു. എങ്കിലും സാവധാനത്തിൽ അവയെ വരുതിയിൽ കൊണ്ടുവരാൻ ഗവൺമെന്റിനു സാധിച്ചു.

## ഇന്റർ ചർച്ച് കൗൺസിലിന്റെ നിലപാട്

ഗവൺമെന്റിന്റെ നിയമവിരുദ്ധമായ നിബന്ധനകൾക്കു വഴങ്ങാൻ ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിലുള്ള പത്ത് എഞ്ചിനീയറിംഗ് കോളേജുകളും നാല് മെഡിക്കൽ കോളേജുകളും തയ്യാറായില്ല. സെന്റ് ജോസഫ്സ് കോളേജ് ഉൾപ്പെടെ പത്തു കത്തോലിക്കാ എഞ്ചിനീയറിംഗ് കോളേജുകൾ ചേർന്നുള്ള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ്സ് അസോസിയേഷൻ തങ്ങളുടേതായ ഫീസ് ഘടനയും അഡ്മിഷൻ പോളിസിയും പ്രഖ്യാപിച്ചു. അതനുസരിച്ച് മുഹമ്മദ് കമ്മറ്റി എല്ലാ കോളേജുകൾക്കുമായി തീരുമാനിച്ച 38700 രൂപാ ഫീസ് എല്ലാ വിദ്യാർത്ഥികളിൽ നിന്നും ഫീസായി വാങ്ങാനും അതോടൊപ്പം ഒരു ലക്ഷം രൂപയുടെ നാലു വർഷത്തേക്കുള്ള പലിശരഹിത ഡെപ്പോസിറ്റ് സ്വീകരിക്കാനും തീരുമാനിച്ചു. 38000 രൂപാ മാത്രമേ ഫീസായി വാങ്ങാവൂ എന്ന് കമ്മറ്റി അറിയിച്ചുവെങ്കിലും കണക്കുകൾ അവതരിപ്പിച്ച് റീഫണ്ടബിൾ ഡെപ്പോസിറ്റുകളില്ലാതെ കോളേജുകൾ നടത്താൻ സാധിക്കുകയില്ല എന്ന് കമ്മറ്റിയെ ബോദ്ധ്യപ്പെടുത്തിയതിനെത്തുടർന്ന് കമ്മറ്റി പലിശരഹിത ഡെപ്പോസിറ്റിന് മൗനാനുവാദം നൽകുകയായിരുന്നു.

കോളേജുകൾ സംയുക്തമായി പുറപ്പെടുവിച്ച പ്രോസ്പെക്ടസിൽ അഡ്മിഷൻ രീതിയെ സംബന്ധിച്ച് വ്യക്തമായ നിയമങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു. അതനുസരിച്ച് കോളേജ് സ്ഥിതിചെയ്യുന്ന സ്ഥലത്തെ ക്രൈസ്തവ ജനസംഖ്യനോക്കി ഒരു നിശ്ചിതശതമാനം സീറ്റുകൾ ക്രിസ്ത്യൻ കമ്മ്യൂണിറ്റിക്ക് റിസർവ്വു ചെയ്യും. ബാക്കി സീറ്റുകളിൽ പതിനഞ്ചു ശതമാനം എൻ. ആർ.ഐ. സീറ്റുകളായി മാറ്റിവയ്ക്കും. അതുകഴിഞ്ഞുള്ള സീറ്റുകളെല്ലാം എല്ലാ വിഭാഗക്കാർക്കും അപേക്ഷിക്കാവുന്ന ഓപ്പൺ സീറ്റുകളായിരിക്കും. കമ്മ്യൂണിറ്റി സീറ്റുകളിൽ കത്തോലിക്കാ വിദ്യാർത്ഥികൾക്കും കോളേജു നടത്തുന്ന രൂപതയിൽ നിന്നുള്ള വിദ്യാർത്ഥികൾക്കും പ്രത്യേകം വെയിറ്റേജ് കൊടുക്കാവുന്നതാണ്. ജനറൽ ക്വോട്ടായിൽനിന്ന് നിശ്ചതശതമാനം സീറ്റുകൾ എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്കും കമ്മ്യൂണിറ്റി സീറ്റുകളിൽ നിന്ന് 5% സീറ്റുകൾ ദളിത് ക്രിസ്ത്യാനികൾക്കും മറ്റൊരു 4% ലത്തീൻ ക്രിസ്ത്യാനികൾക്കുമായി മാറ്റിവയ്ക്കാനും തീരുമാനിച്ചിരുന്നു. 2007-08 ലെ അഡ്മിഷനിൽ സെന്റ് ജോസഫ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ്

www.malankaralibrary.com

ടെക്നോളജിയിൽ നാൽപതു ശതമാനം സീറ്റുകൾ ജനറൽ മെരിറ്റിലും നാൽപ്പത്തഞ്ചു ശതമാനം കമ്മ്യൂണിറ്റി മെരിറ്റിലും പെടുത്തി. കമ്മ്യൂണിറ്റി മെരിറ്റിൽ വന്ന കത്തോലിക്കാ വിദ്യാർത്ഥികൾക്കും പാലാ രൂപതയിൽ നിന്നു ള്ളവർക്കും നിശ്ചത ശതമാനം (5%) വെയിറ്റേജും നൽകിയിരുന്നു. അഡ്മി ഷൻ പൂർണമായി മെരിറ്റടിസ്ഥാനത്തിൽ മാത്രമാണ് നടത്തിയത്. പ്രൊഫ ഷണൽ കോളേജുകളിലെ അഡ്മിഷൻ സംബന്ധിച്ച് സുപ്രീംകോടതി നൽകിയ നിർദ്ദേശങ്ങൾ (fair, transport and non exploitative) പൂർണമായും പാലിച്ചുകൊണ്ടുള്ള അഡ്മിഷൻ രീതിയാണ് കത്തോലിക്കാ എഞ്ചിനീയ റിംഗ് കോളേജുകളിൽ നടപ്പിലാക്കിയത്. സാമൂഹ്യ നീതിയെ ലക്ഷ്യംവച്ച് എല്ലാ കത്തോലിക്കാ കോളേജുകളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പത്തു വിദ്യാർത്ഥികളെയെങ്കിലും സൗജന്യമായി പഠിപ്പിക്കാനും തുടങ്ങി. സാമ്പ ത്തികമായി പ്രയാസമുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഗണ്യമായ ഒരു തുക സ്കോളർഷിപ്പായി നൽകുവാനും തീരുമാനിച്ചു.

2007-08 അഡ്മിഷനുള്ള കോളേജുകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരി ക്കുകയും അഡ്മിഷനുള്ള ദിവസം നിശ്ചയിക്കുകയും ചെയ്തതോടെ എസ്. എഫ്.ഐ. ഈ കോളേജുകളിലേക്ക് മാർച്ചു ചെയ്യും എന്നു പ്രഖ്യാപിച്ചു.

## ഗവൺമെന്റിന്റെ ചില പ്രതികാരനടപടികൾ

യൂണിവേഴ്സിറ്റികളെ ഉപയോഗിച്ച് പത്തു കാത്തലിക് കോളേജുകളെ ഒരു പാഠം പഠിപ്പിക്കാനുള്ള ശ്രമം ഗവൺമെന്റുഭാഗത്തു നിന്ന് ആരംഭിച്ചു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള നാല് കത്തോലിക്കാ എഞ്ചിനീയറിംഗ് കോളേജുകൾക്ക് യൂണിവേഴ്സിറ്റിയുടെ ഒരു ഷോകോസ് നോട്ടീസ് ലഭിച്ചു. യൂണിവേഴ്സിറ്റിയുടെ നിയമങ്ങളെല്ലാം അനുസരിക്കാ മെന്ന് സമ്മതിച്ചിരിക്കുന്ന ഈ കോളേജുകൾ യൂണിവേഴ്സിറ്റിയുടെ അഡ്മി ഷൻ നിയമങ്ങളനുസരിക്കാതെ മുഴുവൻ സീറ്റുകളിലും അഡ്മിഷൻ നട ത്തിയതുകൊണ്ട് അഫിലിയേഷൻ പിൻവലിക്കാതിരിക്കാൻ കാരണമുണ്ടെ ങ്കിൽ ഏഴു ദിവസത്തിനകം അറിയിക്കണം എന്നായിരുന്നു നോട്ടീസിന്റെ സാരം. യൂണിവേഴ്സിറ്റി ആക്ടിലെ വ്യവസ്ഥകളോ, യൂണിവേഴ്സിറ്റി സ്റ്റാച്യൂട്ടുകളോ ലംഘിച്ചാൽ മാത്രമേ അഫിലിയേഷൻ പിൻവലിക്കാൻ സാധിക്കൂ എന്ന നിയമോപദേശം കോളേജിനു ലഭിച്ചു. അതനുസരിച്ചുള്ള ഒരു മറുപടി യഥാസമയം യൂണിവേഴ്സിറ്റിക്ക് നൽകി. ഏതാണ്ട് ഇതേസമ യത്ത് മറ്റു യൂണിവേഴ്സിറ്റികളും അവയുടെ കീഴിലുള്ള കത്തോലിക്കാ കോളേജുകൾക്ക് നോട്ടീസ് നൽകി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയാകട്ടെ വിദ്യാഭ്യാസമന്ത്രിയോടുള്ള അതിവിധേയത്വം കാണിക്കാനായി കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതിനുപകരം യൂണിവേഴ്സിറ്റിയുടെ കീഴി ലുള്ള തൃശൂർ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, ഇരിങ്ങാലക്കുട സഹൃ ദയ എഞ്ചിനീയറിംഗ് കോളേജ് എന്നിവയുടെ അഫിലിയേഷൻ പിൻവലി

www.malankaralibrary.com

ച്ചുകൊണ്ടുള്ള നോട്ടീസ് നൽകുകയാണ് ചെയ്തത്. കേരള ഹൈക്കോടതി ഒട്ടും താമസിയാതെ യൂണിവേഴ്സിറ്റിയുടെ ഈ നടപടി സ്റ്റേ ചെയ്തു. അതുകൊണ്ടും പ്രശ്നങ്ങൾ തീർന്നില്ല. പരീക്ഷയുടെ ഹാൾടിക്കറ്റ് തടഞ്ഞുവച്ചും പരീക്ഷാഫലം പ്രസിദ്ധീകരിക്കാതെ തടഞ്ഞുവച്ചും മാർക്കുലിസ്റ്റു നൽകാതെയുമെല്ലാം മേൽപ്പറഞ്ഞ രണ്ടു കോളേജുകളെ യൂണിവേഴ്സിറ്റി കഷ്ടപ്പെടുത്തിക്കൊണ്ടിരുന്നു. മറ്റു യൂണിവേഴ്സിറ്റികളുടെ കീഴിലുള്ള കോളേജുകൾക്കും പ്രശ്നങ്ങൾ നേരിടേണ്ടി വന്നു. ഗവൺമെന്റുമായി കരാറുണ്ടാക്കാത്ത കോളേജുകൾക്ക് പുതിയ കോഴ്സുകൾക്കും ബാച്ചുകൾക്കും അഫിലിയേഷൻ നൽകരുത് എന്ന ഗവൺമെന്റ് ഓർഡറാണ് പ്രശ്നമുണ്ടാക്കിയത്. അതുകൊണ്ട് എ.ഐ.സി.റ്റി.ഇ. പുതിയ കോഴ്സുകളും പുതിയ ബാച്ചുകളും അനുവദിച്ചു നൽകുമ്പോഴും യൂണിവേഴ്സിറ്റി അവയ്ക്ക് അഫിലിയേഷൻ നിരസിക്കുകയും അതേത്തുടർന്ന് ഹൈക്കോടതിയെ സമീപിച്ച് ഇതിന് പരിഹാരമുണ്ടാക്കുകയും ചെയ്യേണ്ടിവന്നു. കോഴ്സുകൾ തുടങ്ങാൻ അനാവശ്യമായ കാലതാമസം ഉണ്ടാക്കുവാനും കോളേജുകൾക്ക് സാമ്പത്തികഭാരം വരുത്തിവയ്ക്കാനും ഇത് ഇടയാക്കി.

സ്വാശ്രയപ്രശ്നം കേരളം മുഴുവൻ ചർച്ചാവിഷയമായി. പത്രങ്ങളിലും ദൃശ്യമാദ്ധ്യമങ്ങളിലുമെല്ലാം പലതരത്തിലുള്ള ചർച്ചകളും വ്യാഖ്യാനങ്ങളുമുണ്ടായി. ഈ കാലഘട്ടത്തിൽത്തന്നെ വിദ്യാഭ്യാസ രംഗം സമ്പൂർണ്ണമായി ഗവൺമെന്റിന്റെ കൈയിലൊതുക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ വിദ്യാഭ്യാസത്തെ ബാധിക്കുന്ന കേരളാ എഡ്യൂക്കേഷൻ ആക്ട് ആൻഡ് റൂൾസ് (KEAR) പരിഷ്കരിക്കുവാനുള്ള നടപടികളാരംഭിച്ചു. (KEAR) ൽ വരുത്തുന്ന അടിസ്ഥാനപരമായ വ്യതിയാനങ്ങൾ കരടുനിയമമായി ഗവൺമെന്റ് പ്രസിദ്ധീകരിച്ചു. സ്കൂളുകൾ മുഴുവൻ പഞ്ചായത്തുകളുടെയും പ്രാദേശിക ഭരണകൂടങ്ങളുടെയും അധീനതയിൽ കൊണ്ടുവരുവാനുള്ള വകുപ്പുകളായിരുന്നു നിയമത്തിൽ ചേർത്തിരുന്നത്. എയ്ഡഡ് സ്കൂളുകൾ സർക്കാരിന്റെ ഒരു ഡിപ്പാർട്ടുമെന്റാക്കി മാറ്റാനുള്ള എല്ലാ കാര്യങ്ങളും നിയമത്തിൽ ഉൾച്ചേർത്തിരുന്നു. ഈ നിയമം പാസ്സാക്കുന്നതിനു മുമ്പുതന്നെ പ്രാദേശിക ഭരണകൂടങ്ങൾ അധികാരങ്ങളുപയോഗിച്ചു തുടങ്ങി. നിയമത്തിനെതിരെ എല്ലാ വിഭാഗത്തിൽപ്പെട്ടവരും പ്രതിഷേധം പ്രകടിപ്പിച്ചു തുടങ്ങി. താമസിയാതെ തന്നെ ഗവൺമെന്റ് പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു തുടങ്ങി. പുസ്തകങ്ങളുടെ ഉള്ളടക്കം മെച്ചപ്പെടുത്താനല്ല ചരിത്രം തിരുത്തിക്കുറിക്കുവാനും എല്ലാം മാർക്സിസ്റ്റ് ഫിലോസഫിയുടെ അടിസ്ഥാനത്തിൽ പുനരാഖ്യാനം ചെയ്യുവാനുമുള്ള ഒരു ശ്രമമാണ് നടന്നത്.

"മതമില്ലാത്ത ജീവൻ" എന്ന പാഠഭാഗം പ്രത്യേകമായി എല്ലാ വിഭാഗങ്ങളുടെയും എതിർപ്പ് ക്ഷണിച്ചുവരുത്തി.

വിദ്യാഭ്യാസരംഗത്തുണ്ടായിരിക്കുന്ന പ്രതിസന്ധി എന്തെന്ന് പൊതു

www.malankaralibrary.com

ജനങ്ങളെ അറിയിക്കാൻ പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഒരു സർക്കുലർ തയ്യാറാക്കി. രൂപതയിലെ എല്ലാ പള്ളികളിലും ജൂലൈ 15 ഞായറാഴ്ച ഈ സർക്കുലർ വായിക്കുവാനായി നിർദ്ദേശിച്ചു. അടുത്ത ഞായറാഴ്ച കേരളാ കാത്തലിക് ബിഷപ്പ്സ് കോൺഫ്രൻസ് തയ്യാറാക്കിയ ഇടയലേഖനവും കേരളത്തിലെ മുഴുവൻ പള്ളികളിലും വായിച്ചു. സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംരക്ഷിക്കുവാൻ ജാഗ്രതാസമിതികൾ ഉണ്ടാക്കണമെന്ന് ഇടയലേഖനം പറഞ്ഞിരുന്നു. ഇടയലേഖനം കേരളത്തിൽ വലിയ ചർച്ചാ വിഷയമായി. പ്രത്യേകിച്ച് ജാഗ്രതാസമിതികൾ വിമോചനസമരകാലത്തെ ക്രിസ്റ്റഫർ സംഘടന തന്നെയെന്ന് ചിലരൊക്കെ വ്യാഖ്യാനിച്ചു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറി ശ്രീ. പിണറായി വിജയൻ ഈ ഇടയലേഖനം പിൻവലിക്കണം എന്നാവശ്യപ്പെട്ടു. 1945- ൽ സർവ്വാധിപതി ചമഞ്ഞ സർ സി.പി. രാമസ്വാമി അയ്യരുടെ നിലപാടുതന്നെയാണ് ഇത് എന്ന് ഇന്റർ ചർച്ച് കൗൺസിൽ മറുപടി നൽകി. നിയമസഭയിലും ഇടയലേഖനത്തിന്റെ അലയൊലികളുണ്ടായി. KEAR പരിഷ്കരണം എല്ലാവരെയും സ്പർശിക്കുന്ന പ്രശ്നം എന്ന നിലയിൽ സാർവ്വത്രികമായ പ്രതിഷേധത്തിന് കാരണമായി.

വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ വിശദീകരിക്കുവാനായി പാലാ കത്തീഡ്രൽ പള്ളിയുടെ പാരിഷ്ഹാളിൽ വലിയ ഒരു സമ്മേളനം വിളിച്ചു ചേർത്തു. രൂപതയിലെ മുഴുവൻ വൈദികരും ഓരോ ഇടവകയിൽ നിന്ന് മൂന്നു പ്രതിനിധികളും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും വിവിധ സംഘടനാ ഭാരവാഹികളും ഈ മീറ്റിംഗിൽ സംബന്ധിച്ചു. കല്ലറങ്ങാട്ട് പിതാവ് വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധിയെപ്പറ്റി സംസാരിച്ചു. ന്യൂനപക്ഷസമുദായങ്ങൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രാധാന്യം പിതാവ് എടുത്തു പറഞ്ഞു. സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി ഞാൻ വിശദീകരിച്ചു. പൊതുവിദ്യാഭ്യാസരംഗത്ത് ഗവൺമെന്റ് വരുത്തിവയ്ക്കാൻ പോകുന്ന വലിയ പ്രതിസന്ധിയെപ്പറ്റി മോൺ ഈനാസ് ഒറ്റത്തെങ്ങുങ്കൽ സംസാരിച്ചു. സ്കൂൾ വിദ്യാഭ്യാസം പഞ്ചായത്തിനെ ഏൽപ്പിക്കുന്നതിന്റെ അനന്തരഫലങ്ങളും അദ്ദേഹം വിശദീകരിച്ചു.

ശ്രീ ജോൺ കച്ചിറമറ്റം, ശ്രീമതി ബിൻസി, ശ്രീ. പയസ് കുര്യൻ എന്നിവരും സംസാരിച്ചു. പാലാ രൂപതയുടെ പ്രതിഷേധം ഉചിതമായ ........... കേരളത്തിലെ മിക്ക രൂപതകളിലും ഗവൺമെന്റിന്റെ വികലമായ വിദ്യാഭ്യാസനയത്തിനെതിരെ സമ്മേളനങ്ങൾ നടന്നു. അവയിൽ തൃശൂർ, കോട്ടയം എന്നിവിടങ്ങളിൽ നടന്ന സമ്മേളനങ്ങൾ വലിയ ജനശ്രദ്ധ നേടി. ചങ്ങനാശ്ശേരി, കോട്ടയം, പാലാ, കാഞ്ഞിരപ്പള്ളി, വിജയപുരം രൂപതകളും ഓർത്തഡോക്സ്, മാർത്തോമ്മാ, സി.എസ്.ഐ., ക്നാനായ തുടങ്ങിയ സഭാവിഭാഗങ്ങളും ചേർന്നാണ് കോട്ടയം മഹാസമ്മേളനം നടത്തിയത്. രണ്ടു മണിക്ക് ബസേ

www.malankaralibrary.com

ലിയോസ് കോളേജ് ഗ്രൗണ്ടിൽനിന്നും തിരുനക്കരയിലേക്ക് ഒരു ജാഥാ നടന്നു. കോട്ടയം നഗരത്തിന് ഉൾക്കൊള്ളാൻ കഴിയുന്നതിലും അധികം ജനങ്ങളാണ് 2007 ആഗസ്റ്റ് 12 ന് ഞായറാഴ്ച തിരുനക്കര മൈതാനത്തു നടന്ന ഈ സമ്മേളനത്തിന് എത്തിയത്. വഴികളെല്ലാം ബ്ലോക്കായിപ്പോയതുകൊണ്ട് നാലും അഞ്ചും കിലോമീറ്റർ നടന്ന് പലർക്കും എത്തേണ്ടിവന്നു. ചെങ്ങന്നൂർ ഓർത്തഡോക്സ് ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസിയോസ് അദ്ധ്യക്ഷനായിരുന്നു. ഫിലിപ്പോസ് മാർ ക്രിസോസ്തോം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു. ആർച്ചുബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ മുഖ്യപ്രഭാഷണം നടത്തി.

തുടർന്ന് നിരവധി സമ്മേളനങ്ങൾ സ്വാശ്രയനിയമത്തിനെതിരായി നടന്നു. കേരളത്തിൽ നടന്ന വിദ്യാഭ്യാസ സമരങ്ങളുടെ ഒരു ലഘു ചരിത്രമാണ് ഈ പുസ്തകം. മോൺ. ഫിലിപ്പ് ഞരളക്കാട്ടിന്റെ ദശവത്സര സ്മരണകൾ എന്ന ഗ്രന്ഥത്തിലെ ഏതാനും ഭാഗം ഈ അദ്ധ്യായത്തിൽ ചേർക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട്. സ്വാശ്രയ കോളേജ് സമരത്തിന്റെ ഗതി നേരാംവണ്ണം ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

★

## നരേന്ദ്രമോഡിയുടെ കണ്ടെത്തൽ

ഗുജറാത്ത് മുഖ്യമന്ത്രിയും ബി.ജെ.പി.യുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയുമായ നരേന്ദ്രമോഡി തിരുവനന്തപുരത്ത് ചേർന്ന മഹാസമ്മേളനത്തിൽ വച്ച് മഹാമണ്ടത്തരം പുലമ്പുകയുണ്ടായി. ഇവിടെ പിന്നോക്കക്കാരുടെ അവകാശങ്ങൾക്കുവേണ്ടി പ്രവർത്തിച്ചതും അവർക്ക് വിദ്യാഭ്യാസം നല്കിയതും ശ്രീനാരായണ ഗുരുവും അയ്യങ്കാളിയുമാണ്. അവർ ഈ രംഗത്ത് പ്രവർത്തിക്കുന്നതിന് അനേകവർഷം മുൻപ് ഒരു നൂതന പ്രവർത്തനശൈലി വളർത്തിയെടുത്തത് ചാവറ കുര്യാക്കോസ് ഏലിയാസച്ചനാണ്. അത് സൗകര്യപൂർവ്വം പലരും വിസ്മരിക്കുകയാണ്.

പള്ളികളോടനുബന്ധിച്ച് പള്ളിക്കൂടം എന്ന് പറഞ്ഞ ചാവറയച്ചൻ അധഃസ്ഥിതരെ സവർണ്ണനോടൊപ്പം ഇരുത്തി വിദ്യയഭ്യസിപ്പിച്ചു. അത് വലിയ ഒരു സാമൂഹ്യവിപ്ലവമായിരുന്നു. അതറിയാവുന്നവർ അറിഞ്ഞില്ലെന്ന് നടിക്കുന്നത് ദുഃഖകരമാണ്.

www.malankaralibrary.com

# 32. ഉപസംഹാരം

കേരളത്തിൽ വിദ്യാഭ്യാസ രംഗത്തുണ്ടായ അഭൂതപൂർവ്വമായ വളർച്ചയ്ക്ക് കാരണം ഇവിടെ സ്ഥാപിക്കപ്പെട്ട സ്വകാര്യ വിദ്യാലയങ്ങളാണ്. ചാവറ കുര്യാക്കോസ് ഏലിയാസച്ചനാണ് വിദ്യാഭ്യാസ രംഗത്ത് വിലപ്പെട്ട സംഭാവനകൾ നല്കിയത്. ആ കാര്യം തുറന്നു പറയാൻ പലർക്കും വിഷമമാണ്. സർ സി.പി.യുടെയും പനമ്പള്ളിയുടെയും മുണ്ടശ്ശേരിയുടെയും വിദ്യാഭ്യാസ പദ്ധതികളെ എതിർത്തു തോല്പിക്കാൻ-ക്രൈസ്തവ സമുദായം നൽകേണ്ടി വന്ന വിലയെപ്പറ്റി ഇന്നാരും ഗൗരവമായി ചിന്തിക്കുന്നില്ല. തൃശൂരിൽ നടന്ന ചാമ്പ്യൻസ്കീം എന്ന വിദ്യാഭ്യാസ പദ്ധതിക്കെതിരായി നടന്ന സമരം പ്രാദേശികമായിരുന്നുവെങ്കിലും അതിന്റെ അലയടികൾ കേരളം മുഴുവൻ വ്യാപിച്ചിരുന്നു. മതപഠനം നിഷേധിച്ചു കൊണ്ടുള്ള പദ്ധതിയെ അന്ന് എതിർത്ത് പരാജയപ്പെടുത്തിയതുകൊണ്ടാണ് സർ സി.പി.ക്കും മുട്ടുമടക്കേണ്ടി വന്നത്.

കഴിഞ്ഞ 80 വർഷക്കാലത്തെ വിദ്യാഭ്യാസ അവകാശങ്ങൾക്കു വേണ്ടി നടത്തിയ സമരം കേരളത്തിന്റെ തന്നെ ചരിത്രമായി മാറിയിരിക്കുന്നുന്നു. അത് ഇന്ന് പലരും വിസ്മരിച്ചുകൊണ്ടിരിക്കുന്നു. മാറിമാറി വരുന്ന സർക്കാരുകൾ എല്ലാം വിദ്യാഭ്യാസ അവകാശങ്ങളുടെ മേൽ കൈവെയ്ക്കുവാനാണ് ശ്രമിച്ചിട്ടുള്ളത്. സർ സി.പി.യുടെ പ്രൈമറി വിദ്യാലയ ദേശസാൽക്കരണത്തെ എതിർത്ത സ്റ്റേറ്റ് കോൺഗ്രസ്സുകാരാണ് പനമ്പള്ളിയുടെ വിദ്യാഭ്യാസ പദ്ധതിയെ പൂർണ്ണമായി പിന്താങ്ങിയത്. അദ്ധ്യാപക നിയമനം തട്ടിയെടുക്കാനുള്ള പരിപാടിയായിരുന്നു പനമ്പള്ളി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ആ കോൺഗ്രസ്സുകാരാണ് മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ പദ്ധതിക്കെതിരായി പോരാടിയത്. ആ കോൺഗ്രസ്സുകാരാണ്, 1972-ൽ സർവ്വകലാശാല നിയമം പാസ്സാക്കി മാനേജ്മെന്റിനെ വിദ്യാഭ്യാസ രംഗത്തുനിന്ന് തൂത്തെറിയുവാൻ ശ്രമിച്ചത്. അന്ന് പ്രതിപക്ഷത്തായിരുന്ന കേരളാ കോൺഗ്രസ്സുകാർ സർവ്വകലാശാല നിയമത്തിനെതിരെ പോരാടി. ആ പോരാട്ടത്തിന് നേതൃത്വം നല്കിയ നാലുപേർ - ആർ ബാലകൃഷ്ണപിള്ള, കെ.എം. മാണി, ടി.എം. ജേക്കബ്ബ്, സി.എഫ്. തോമസ് എന്നിവർ മന്ത്രിമാരായിരുന്നപ്പോഴാണ് സ്വാശ്രയ കോളേജ് സമരം നടന്നത്. 1972-ലെ സർവ്വകലാശാല നിയമത്തിനെതിരെ പോരാടിയ കേരള കോൺഗ്രസ്സിലെ നാലു പ്രമുഖർ സംസ്ഥാന മന്ത്രിസഭയിൽ അംഗമായിരുന്നപ്പോഴാണ് സ്വാശ്രയ നിയമം നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയത്.

www.malankaralibrary.com

ഇതിൽ നിന്നും ഒരു കാര്യം നാം മനസ്സിലാക്കണം. രാഷ്ട്രീയക്കാർ പ്രതിപക്ഷത്താണെങ്കിൽ മാത്രമേ അവർ വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുകയുള്ളു. സമുദായത്തോടോ ന്യൂനപക്ഷാവകാശങ്ങളോടോ അവർക്ക് യാതൊരു കൂറുമില്ല. വിദ്യാഭ്യാസ സ്വാതന്ത്ര്യം സംരക്ഷിക്കാനുള്ള ശ്രമത്തിൽ രാഷ്ട്രീയക്കാരെ ഒരിക്കലും കൂട്ടത്തിൽ നിറുത്തുവാൻ സാധിക്കുകയില്ല. പ്രതിപക്ഷത്താണെങ്കിൽ മാത്രമേ അവരുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി സമരത്തിൽ പങ്കെടുക്കുകയുള്ളു. കഴിഞ്ഞ 80 വർഷക്കാലത്ത് നടന്ന വിദ്യാഭ്യാസ സമര ചരിത്രം രാഷ്ട്രീയ ചിന്തകൾക്കതീതമായി വിശകലനം ചെയ്യുമ്പോൾ ഒരിക്കലും ഒരു രാഷ്ട്രീയക്കാരനും ന്യൂനപക്ഷാവകാശ സംരക്ഷണത്തിനുവേണ്ടി നിലകൊള്ളുകയില്ലെന്ന് വ്യക്തമാകും.

സർ സി.പി.യുടെ വിദ്യാഭ്യാസ പദ്ധതിയുടെ മറുരൂപമായിരുന്നു പനമ്പിള്ളി പദ്ധതി. അദ്ധ്യാപക നിയമനം സർക്കാർ നിയന്ത്രണത്തിലാക്കുകയായിരുന്നു ആ പദ്ധതിയുടെ ലക്ഷ്യം. അതിന് അദ്ധ്യാപകരെ മുഴുവൻ ആ കൂട്ടത്തിൽ നിറുത്താർ സർക്കാർ പല അടവുകളും സ്വീകരിച്ചു. അദ്ധ്യാപകർക്ക് നേരിട്ട് ശമ്പളം എന്ന നിലപാട് സ്വീകരിച്ചപ്പോൾ അദ്ധ്യാപകർ ആ പദ്ധതിയെ പിന്താങ്ങി. കോൺഗ്രസ്സുകാരെല്ലാവരും അപ്പോൾ നിയമസഭാംഗമായിരുന്ന ഷെവ. ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മൻ വിപ്പു ലംഘിച്ചുകൊണ്ട് നിയമസഭയിൽ പനമ്പിള്ളി പദ്ധതിയെ എതിർത്തു. അതിന്റെ പേരിൽ കുഞ്ഞിത്തൊമ്മൻ പിൽക്കാലത്ത് കോൺഗ്രസ്സിൽ നിന്നും വളരെയധികം പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നു. എന്നിട്ടും അദ്ദേഹം തന്റെ നിലപാടിൽ ഉറച്ചു നിന്നു. അങ്ങനെയുള്ള കുഞ്ഞിത്തൊമ്മൻമാരെ വളർത്തിയെടുക്കാനാണ് നാം ശ്രമിക്കേണ്ടത്. ഇനിയും വിദ്യാഭ്യാസ രംഗത്ത് പല പ്രതിസന്ധികളെയും നാം നേരിടേണ്ടി വരും. അതിനെയെല്ലാം അതിജീവിക്കാനുള്ള ശക്തി നമുക്കുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

വിമോചനസമരം തെറ്റായിരുന്നുവെന്ന് വാദിക്കുന്നവർ ഇന്നുണ്ട്. ആ സമരത്തിന് നേതൃത്വം നല്കിയവരിൽ പലരും ആ നിലപാട് സ്വീകരിക്കുന്നു. അതുപോലെ കേരളത്തിൽ നടന്ന വിദ്യാഭ്യാസ സമരങ്ങളെ തെറ്റായി വ്യാഖ്യാനിക്കുന്ന ഒരു കാലം വരും. അവരുടെ മുൻപിൽ ഈ ചരിത്ര രേഖകൾ ഒരു ദീപസ്തംഭം പോലെ ഉയർന്നു നിൽക്കട്ടെ.

★

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# വിദ്യാഭ്യാസ സമരം കേരളത്തിൽ



ജോൺ കച്ചിറമറ്റം



കേരളത്തിലെ വിദ്യാഭ്യാസചരിത്രം ഓരോരുത്തരും അവരവരുടെ ഭാവനയ്ക്കനുസരിച്ചും പ്രത്യയശാസ്ത്രങ്ങൾക്കുപകരണമായും മാറ്റിയെടുക്കുവാൻ തീവ്രപരിശ്രമത്തിലാണല്ലോ. സത്യം മറയ്ക്കപ്പെടാതിരിക്കുവാൻ സത്യസന്ധരായ ആളുകൾ അറിയാവുന്നതു കുറിച്ചുവയ്ക്കേണ്ടത് അത്യാവശ്യമാണ്. അത് യഥാർത്ഥ ചരിത്രസംരക്ഷണത്തിന് കൂടിയേ തീരു. ഇന്ന് ദൃശ്യമാദ്ധ്യമങ്ങളുടെ വരവോടെ പുതിയപുതിയ വാർത്തകളുടെ തള്ളലിൽ ഓർമ്മകൾ പെട്ടെന്ന് മാഞ്ഞുപോവുകയാണ്. അതുകൊണ്ട് ചരിത്രസത്യങ്ങൾ തെറ്റുകൂടാതെ രേഖപ്പെടുത്തുവാൻ സത്യത്തോട് പ്രതിബദ്ധതയുള്ളവർ ശ്രദ്ധിച്ചേ മതിയാവൂ. അല്ലെങ്കിൽ ഭാവിയിൽ തല്പരകക്ഷികൾ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ മെനഞ്ഞെടുക്കുന്ന ചരിത്രം മാത്രം നാം വിഴുങ്ങേണ്ടിവരും....

കേളത്തിലെ വിദ്യാഭ്യാസ രംഗത്തെ പോരാട്ടത്തിന്റെ ചരിത്രം സത്യസന്ധതയോടെ രേഖപ്പെടുത്താനാണ് ശ്രീ. കച്ചിറമറ്റം ഈ ഗ്രന്ഥത്തിൽ ശ്രമിക്കുന്നത്. ചരിത്രം നേരെയാക്കാൻ അശ്രാന്തപരിശ്രമം ചെയ്യുന്ന വ്യക്തിയാണ് ജോൺ കച്ചിറമറ്റം. അദ്ദേഹത്തിന്റെ "വിദ്യാഭ്യാസ സമരം കേരളത്തിൽ" എന്ന ഗ്രന്ഥം ചരിത്രത്തിൽ സത്യം കണ്ടെത്താൻ ശ്രമിക്കുന്നവർക്ക് വലിയൊരു മുതൽക്കൂട്ടാകും. ശരിയായ ഓർമ്മകളുടെ അടിസ്ഥാനത്തിൽ ഭാവിയെ നേരിടാൻ ഈ ഗ്രന്ഥം സഹായിക്കുമെന്നതിൽ സംശയമില്ല. ഇത് കഴിയുന്നത്ര ആളുകളുടെ കയ്യിൽ എത്തിക്കേണ്ടതാണ് എന്ന് പറയേണ്ടിരിക്കുന്നു.

ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ

Design : Joseph Francis Pala 9447137342

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ പിഴക് പോസ്റ്റ്, 686 651 കോട്ടയം

www.malankaralibrary.com